നിങ്ങൾ നിങ്ങൾക്കു തന്നെ
ഒരു ഉപകാരം ചെയ്യുക...

# ക്ഷമിക്കുക

ക്ഷമയിലൂടെ നിങ്ങളുടെ
ജീവിതത്തെ നിയന്ത്രിക്കുന്നത്
എങ്ങനെയെന്നു പഠിക്കുക



## ജോയ്സ് മേയർ

# 1 ന്യൂയോർക്ക് ടൈംസിന്റെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന പുസ്തകത്തിന്റെ എഴുത്തുകാരി

നിങ്ങൾ നിങ്ങൾക്കു തന്നെ

# ഒരു ഉപകാരം ചെയ്യുക...
# ക്ഷമിക്കുക

# നിങ്ങൾ നിങ്ങൾക്കു തന്നെ
# **ഒരു ഉപകാരം ചെയ്യുക...**
# **ക്ഷമിക്കുക**

## ക്ഷമയിലൂടെ നിങ്ങളുടെ
## ജീവിതത്തെ നിയന്ത്രിക്കുന്നത്
## എങ്ങനെയെന്നു പഠിക്കുക

# **ജോയ്സ് മേയർ**

JOYCE MEYER
MINISTRIES®

Nanakramguda, Hyderabad - 500 008

Copyright © 2013 by Joyce Meyer Ministries

All rights reserved. In accordance with the US Copyright Act of 1976, the scanning, uploading, and electronic sharing of any part of this book without the permission of the publisher is unlawful piracy and theft of the author's intellectual property. If you would like to use material from the book (other than for review purposes), prior written permission must be obtained by contacting the publisher at permissions@hbgusa.com. Thank you for your support of the author's rights.

Unless otherwise indicated, Scriptures are taken from the Amplified® Bible. Copyright © 1954, 1962, 1965, 1987 by The Lockman Foundation. Used by permission.

Scriptures noted NKJV are taken from the NEW KING JAMES VERSION. Copyright © 1979, 1980, 1982, Thomas Nelson, Inc., Publishers.

All rights reserved. No part of this publication may be reproduced, distributed, or transmitted in any form or by any means, or stored in a database or retrieval system, without the prior written permission of Joyce Meyer Ministries - Asia.

Joyce Meyer Ministries - Asia
Nanakramguda, Hyderabad - 500 008
Phone: +91-40-2300 6777
Website: www.jmmindia.org

Do Yourself a favor...Forgive - *Malayalam*

*Printed at:*

Caxton Offset Pvt. Ltd.

Hyderabad-500 004

# ഉള്ളടക്കം


*മുഖവുര* vii

1. അത്ര നല്ലതല്ല! 1
2. കോപമെന്ന വികാരം 11
3. കോപത്തിന്റെ വേരുകൾ 21
4. അസൂയയുടെ വേരുകൾ 35
5. മറയ്ക്കുന്ന കോപം 49
6. ആരോടാണു നിങ്ങൾ കോപിക്കുന്നത്? 59
7. എന്നെ സഹായിക്കൂ : ഞാൻ കോപിച്ചിരിക്കുകയാണ് 83
8. എന്നെ സഹായിക്കൂ: കോപിക്കുന്ന ഒരാളുമായാണ് എനിക്കു ബന്ധമുള്ളത് 93
9. എന്തിനു ക്ഷമിക്കണം? 105
10. എനിക്കു ക്ഷമിക്കണമെന്നു ണ്ട്, പക്ഷേ എങ്ങനെയെന്ന് അറിഞ്ഞുകൂടാ 121
11. ഒളിഞ്ഞിരിക്കുന്ന ക്ഷമിക്കാത്ത കാര്യം കണ്ടെത്തുക 143
12. ഐക്യത്തിന്റെ അനുഗ്രഹവും ശക്തിയും 153
13. ദൈവമേ, എന്നോടു കരുണയുണ്ടാകണമേ 167
14. നിങ്ങളുടെ ചുമടു ലഘൂകരിക്കുക 181
15. ദൈവത്തിന്റെ പ്രതിഫലം 193

# മുഖവുര

നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നതിനും തന്നിലൂടെ നമ്മെ ദൈവവുമായി അടുപ്പിക്കുന്നതിനുമാണ് യേശു വന്നത്. യേശു സൗജന്യമായി നൽകുന്ന പാപക്ഷമ മനോഹരമാണ്, താരതമ്യം ചെയ്യാനാവവാത്തുമാണ്. ദൈവം നമ്മുടെ സൗജന്യമായി നൽകുന്നതു നാം മറ്റുള്ളവർക്കു സൗജന്യമായി നൽകണമെന്നും ദൈവം ആഗ്രഹിക്കുന്നു. നാം ദൈവത്തിന്റെ പാപക്ഷമ പ്രാപിച്ചതിനാൽ, നമ്മളോടു തെറ്റുചെയ്യുന്നവരോടും നമ്മളെ ഉപദ്രവിക്കുന്നവരോടും നമുക്കു ക്ഷമിക്കുവാൻ കഴിയും.

നമ്മൾ ക്ഷമിക്കുന്നില്ലെങ്കിൽ, നമ്മുടെ കാര്യം കഷ്ടമാണ്. വൈരാഗ്യത്തിന്റെ വിഷംകൊണ്ടു നമ്മുടെ ഉള്ളം മലിനമാകും. എന്നെ ഉപദ്രവിക്കുന്നവരോടു ഞാൻ ക്ഷമിക്കുമ്പോൾ, എനിക്കു തന്നെയാണു ഞാൻ ഉപകാരം ചെയ്യുന്നതെന്ന പാഠം ഞാൻ പഠിച്ചിട്ടുണ്ട്. ഞൊടിയിടയിൽ പരിപൂർണ്ണമായി ക്ഷമിക്കുന്നതിന് ഈ അറിവ് എളുപ്പമാക്കുന്നു. ജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ ഈ പ്രമാണം ഞാൻ ഗ്രഹിക്കുകയുണ്ടായി. അങ്ങനെ, ക്ഷമിക്കാനാവാത്ത നിലയിൽ എന്റെ വിലയേറിയ സമയം പാഴാക്കേണ്ടിവന്നിട്ടില്ല. എനിക്കതിനു കഴിയില്ല. ഈ പുസ്തകത്തിലൂടെ നിങ്ങളോടു പറയാനാഗ്രഹിക്കുന്ന കാര്യങ്ങൾ ഞാൻ മനസ്സിലാക്കുന്നതിന് ദശാബ്ദങ്ങൾ വേണ്ടിവന്നു.

ഒരിക്കലും മുറിവേൽക്കാതെ, ഉപദ്രവം സഹിക്കാതെ, എതിർപ്പില്ലാതെ ഒരു ജീവിതം നയിക്കാൻ നിർഭാഗ്യവശാൽ നമുക്കു കഴിയില്ല. ജീവിതം മുഴുവൻ അനീതിയുള്ളതാണെന്ന് അനുഭവങ്ങൾ നമ്മളോടു പറയുന്നു. എന്നിരുന്നാലും, ഈ മുറിവുകളുടെ വേദനയിൽനിന്നു നമുക്കു മോചനം പ്രാപിക്കാൻ കഴിയുന്നത്, അവയെ വിട്ടുപോകാൻ അനുവദിക്കുന്നതിലൂടെയും നമ്മെ നീതീകരിക്കുന്ന ദൈവത്തിൽ ആശ്രയിക്കുന്നതിലൂടെയുമാണ്.

ക്ഷമിക്കാതിരിക്കുന്നതിന്റെ വേരുകൾ വളരെ അപകടകരമാണ്. ഉപരി തലത്തിൽനിന്ന് ആഴത്തിലേക്കു വേരുകളിറക്കി അതു നമ്മിൽ പിടിമുറുക്കുന്നു. നമ്മളോടു തെറ്റു ചെയ്തതുകൊണ്ട്, അവർ ശിക്ഷിക്കപ്പെട്ടേ തീരൂ. അതുവരെ എനിക്കു സന്തോഷിക്കാൻ കഴിയില്ല. ഇങ്ങനെ നമ്മളെ അതു ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കും. അത്രത്തോളം മാരകമായതാണു ക്ഷമിക്കാതിരിക്കുന്ന സ്ഥിതി. നമ്മൾ സഹിച്ച വേദന അവരും അനുഭവിക്കണമെന്നാണു നമ്മുടെ വാദം. പക്ഷേ ദൈവത്തിനുമാത്രമേ അത് അനുഭവിക്കാൻ കഴിയൂ. നാം ദൈവത്തിലാശ്രയിച്ചാൽ, ദൈവം പറഞ്ഞതുപോലെ നമ്മുടെ ശത്രുക്കളോടു ക്ഷമിച്ചാൽ അവനതു ചെയ്യും.

ഇതു വായിക്കുന്ന പലരുടെയും ഹൃദയത്തിൽ കോപം ജ്വലിക്കുമെന്ന് എനിക്കുറപ്പുണ്ട്. ആരെങ്കിലും അവരെ ഉപദ്രവിക്കുകയോ, അല്ലെങ്കിൽ ജീവിതനൈരാശ്യം ഉണ്ടാകുകയോ ചെയ്തിട്ടുണ്ട്. അവരുടെ ഹൃദയം ദൈവത്തിലേക്കു തുറന്നിട്ട്, എല്ലാ നിലയിലുമുള്ള വൈരാഗ്യം, കോപം, ക്ഷമാരാഹിത്യം എന്നിവയിൽനിന്നു മുക്തരായി ജീവിക്കുന്നതിന്റെ അടിയന്തിരപ്രാധാന്യം അവർ കാണട്ടെ. ഇതാണ് എന്റെ പ്രാർത്ഥന.

മുറിവേറ്റു കോപിക്കാനുള്ള സാദ്ധ്യത ആഴ്ചതോറുമുണ്ട്. എന്നാൽ ദൈവഹിതത്തെക്കുറിച്ചുള്ള യഥാർത്ഥ അറിവ്, കോപത്തെ അതിജീവിക്കുന്നതിനുള്ള ധൈര്യം നമുക്കു നൽകുന്നു, ദൈവദത്തമായ ജീവിതം ആസ്വദിക്കാൻ കഴിയുന്നു. നിങ്ങളെ വേദനിപ്പിച്ചവരോടു ദേഷ്യം വെച്ചുകൊണ്ടിരിക്കുന്നത്, നിങ്ങൾ വിഷം കഴിച്ചിട്ട് നിങ്ങളുടെ ശത്രു മരിക്കുന്നതു നോക്കിയിരിക്കുന്നതുപോലെയാണ്. നാം ക്ഷമിക്കാതിരിക്കുന്നതു മറ്റാരാളെക്കാളുമാധികം നമ്മെയാണു നൊമ്പരപ്പെടുത്തുന്നത്. ആത്യന്തികമായി നമ്മുടെ നന്മയ്ക്ക് ഇതല്ലാതെ മറ്റൊന്നും ചെയ്യാൻ ദൈവം നമ്മോടാവശ്യപ്പെടുന്നില്ല. അതിനാൽ ദൈവത്തിലാശ്രയിച്ചുകൊണ്ടു ക്ഷമിക്കാൻ പഠിക്കുക.

ഈ പുസ്തകം നിങ്ങൾ വായിക്കുമ്പോൾ നിങ്ങൾ ഗ്രഹിക്കുന്ന കാര്യമിതാണ്. ആരോഗ്യകരമായ രീതിയിൽ നിങ്ങൾ കോപിക്കുമ്പോഴും ക്ഷമിക്കുമ്പോഴും നിങ്ങൾ നിങ്ങൾക്കു തന്നെയാണ് ഉപകരാം ചെയ്യുന്നത്.

നിങ്ങൾ നിങ്ങൾക്കു തന്നെ

# ഒരു ഉപകാരം ചെയ്യുക...
# ക്ഷമിക്കുക

## അദ്ധ്യായം
## 1
# *അത്ര നല്ലതല്ല!*

റ്റെക്സസിലെ ഒരു ചെറുപട്ടണത്തിലുള്ള ഒറ്റപ്പെട്ട ഒരു കൃഷിയിടത്തിലാണു സൂസന്ന വളർന്നത്. ഇപ്പോൾ നാല്പത്തെട്ടു വയസ്സുള്ള ഒരു സ്ത്രീയാണവർ. സൂസന്നയുടെ മാതാപിതാക്കൾ പരമദരിദ്രരായിരുന്നു. അല്പവരുമാനക്കാരായ അവർക്ക് ആറു മക്കളായിരുന്നു ഉണ്ടായിരുന്നത്. സൂസന്ന ഏറ്റവും ഇളയതായിരുന്നു. നല്ല പെരുമാറ്റവും സൗന്ദര്യവും അസാധാരണമായ ബുദ്ധിസാമർത്ഥ്യവും ചെറുപ്പംമുതൽക്കേ അവൾക്കുണ്ടായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അവൾ, ജോലി ചെയ്ത ചെറിയ സ്ഥാപനത്തിലെ ഏറ്റവും മികച്ച വില്പനക്കാരിയായി. അതൊരു വസ്ത്രനിർമ്മാണശാലയായിരുന്നു. ക്രമേണ അവർ സ്വന്തമായ ബിസിനസ് ആരംഭിച്ചു. സ്ത്രീകളുടെ വസ്ത്രനിർമ്മാണശാലയായിരുന്നു അത്. സൂസന്നയുടെ ബിസിനസ് അവൾക്കിഷ്ടമായിരുന്നു. വിജയബോധവും മൂല്യബോധവും അവൾക്കു അത് നൽകി. പൂർണ്ണമനസ്സോടെ അവൾ ആ ബിസിനസ്സിൽ ഇഴുകിച്ചേർന്നു. അവളുടെ സ്വപ്നത്തിലെ ഒരാളെ അവൾ വിവാഹം കഴിച്ചു. രണ്ടു മക്കൾ അവർക്കുണ്ടായി. വർഷങ്ങൾ കഴിയുന്തോറും ബിസിനസും വളർന്നു. അപ്പോഴേക്കും അവൾ നാല്പതുകളുടെ തുടക്കത്തിലായിരുന്നു. കോടിക്കണക്കിനു രൂപ വിറ്റുവരവുള്ള ഒരു സ്ഥാപനമായി അതു മാറി.

പണംകൊണ്ടു നേടാവുന്നതെല്ലാം സൂസന്നയും ഭർത്താവും അനുഭവിച്ചുതുടങ്ങി: ഒരു വലിയ വീട്, കാറുകൾ, ബോട്ടുകൾ, വേനൽക്കാലവസതി

മുതലായവ. അവധിക്കാലങ്ങളിൽ അവർ ലോകം ചുറ്റി. അവരുടെ രണ്ടു പെൺമക്കളും ഏറ്റവും മികച്ച സ്കൂളിൽ പഠിക്കുകയും സമൂഹത്തിലെ ഉയർന്ന പദവികൾ ആസ്വദിക്കുകയും ചെയ്തു. മുതിർന്നപ്പോൾ അവർ നല്ല ജോലിക്കാരാകുകയും കുടുംബജീവിതത്തിലേക്കു പ്രവേശിക്കുകയും ചെയ്തു. ഇതിനെക്കാൾ മികച്ച ഒരു ജീവിതം സാദ്ധ്യമല്ല, അല്ലെങ്കിൽ അവർ അങ്ങനെ ചിന്തിച്ചു. ഒരു ജോലിയെന്ന നിലയിൽ, വല്ലപ്പോഴുമൊക്കെ അവർ പള്ളിയിൽ പോയി. ദൈവവുമായി അവർക്കു വ്യക്തിപരമായ ബന്ധമൊന്നുമില്ലായിരുന്നു. തീരുമാനങ്ങളെടുക്കുമ്പോൾ അവർ ദൈവഹിതം അന്വേഷിച്ചതുമില്ല. കുടുംബബന്ധങ്ങൾ ഉപരിതലത്തിലുള്ളതായിരുന്നു. വേണ്ടത്ര ആഴമോ സത്യസന്ധതയോ അടുപ്പമോ അതിലില്ലായിരുന്നു.

ഒരു ദിവസം പെട്ടെന്നു സൂസന്നയ്ക്കൊരു കാര്യം പിടികിട്ടി. അവളുടെ ഭർത്താവിന് ആരുമായോ അടുപ്പമുണ്ട്. അത് ആദ്യത്തേതൊന്നുമല്ല. ഞെട്ടിപ്പോയ സൂസന്നയ്ക്കു കഠിനമായ വേദനയുണ്ടായി. ഭർത്താവ് അവിശ്വസ്തത കാട്ടിയെന്നു മാത്രമല്ല, അവരുടെ കമ്പനിയെ അയാൾ കടത്തിലാകക്കുകയും ചെയ്തു. വമ്പിച്ച ഒരു തുകയ്ക്കു കണക്കില്ലാത്ത നിലയിലുമായി. സൂസന്ന ആരംഭിച്ച സ്ഥാപനത്തിൽനിന്ന് അയാൾ പണം അപഹരിച്ചുകൊണ്ടിരുന്നു. അതുമുഴുവൻ സ്ത്രീകൾക്കുവേണ്ടിയും രഹസ്യജീവിതത്തിനുവേണ്ടിയും അയാൾ ചെലവഴിച്ചു.

പെട്ടെന്നുതന്നെ വിവാഹബന്ധമൊഴിഞ്ഞു. കടത്തിൽ മുങ്ങിയ ഒരു ബിസിനസ്സുമായി സൂസന്ന ഒറ്റപ്പെട്ടു. അതു തകർച്ചയുടെ വക്കിലായിരുന്നു. സാമ്പത്തികത്തകർച്ച നിമിത്തം ചില്ലറവ്യാപാരം ഇടിഞ്ഞു. തത്ഫലമായി, സൂസന്നയുടെ സ്ഥാപനം നിലംപതിച്ചു. എല്ലാറ്റിനും കാരണക്കാരാനെന്ന് അവൾ കുറ്റപ്പെടുത്തിയ മുൻഭർത്താവിനോടുള്ള കോപവും വൈരാഗ്യവും ദിനംപ്രതി ഏറിവന്നു.

ആശ്വാസത്തിനും കാര്യങ്ങൾ മനസ്സിലാക്കുന്നതിനുമായി സൂസന്ന മക്കളിലേക്കു തിരിഞ്ഞു. എന്നാൽ ഇത്രയും നാൾ കഠിനാദ്ധ്വാനം ചെയ്തതിന് അവർ അവളോടു ദേഷ്യപ്പെട്ടു. മക്കളോടൊരുമിച്ചു സമയം ചെലവിടുന്നതിനും കഴിഞ്ഞില്ല. പിതാവ് അവിശ്വസ്തത കാണിച്ചതിന്റെ ഒരു കാരണം, മറ്റെന്തിനെക്കാളധികം ബിസിനസ്സിൽ അമ്മ ശ്രദ്ധ കേന്ദ്രീകരിച്ചതാണെന്നും മക്കൾ കരുതി. അവരുടെ ജീവിതത്തിന്റെ തിരക്കിൽ അമ്മയുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അവർ ഗൗനിച്ചില്ല. അവരുടെ ആവശ്യങ്ങളിൽ അമ്മയെ അവർക്കാവശ്യമായിരുന്നപ്പോൾ അമ്മ അവരെയും ഗൗനിച്ചിരുന്നില്ലെന്നാ

യിരുന്നു അവരുടെ ന്യായം. സൂസന്നയ്ക്കു സഹായമാവശ്യമായിരുന്നു, പക്ഷേ സഹായിക്കാൻ ആരുമില്ലായിരുന്നു.

സൂസന്ന അവളുടെ സഹോദരിയുടെയടുത്തേക്കു പോയി. വിശ്വസിച്ചാലുമില്ലെങ്കിലും, സൂസന്നയുടെ സംഘർഷത്തിൽ സഹോദരി ഒരാശ്വാസം പോലെ തോന്നി. കഴിഞ്ഞ കാലങ്ങളിലെ വിജയവും "ലാഘവമായ ജീവിത"വും തന്നെ സ്വാർത്ഥയും മറ്റുള്ളവരെ പരിഗണിക്കാത്തവളുമാക്കി മാറ്റിയെന്ന് അവൾക്കുതോന്നി. അവർ തമ്മിലുള്ള വിടവ് വളരെ വലുതായിരുന്നു. എട്ടു വർഷം കഴിഞ്ഞിട്ടും അവർ തമ്മിൽ സംസാരിക്കുന്നില്ല.

സൂസന്നയുടെ മാന്യരായ മക്കൾ അവളെ ക്ഷണിക്കുന്നില്ല. ഈ അസന്തുഷ്ടിക്ക് എല്ലാവരെയും സൂസന്ന കുറ്റപ്പെടുത്തി. അവളുടെ വൈരാഗ്യം കൂടിക്കൂടി വന്നു. ചില പ്രശ്നങ്ങൾക്കു കാരണം താനാണെന്ന് അവർ ഒരിക്കൽപ്പോലും പരിഗണിച്ചില്ല. ക്ഷമിക്കുന്നതിനോ ക്ഷമ ചോദിക്കുന്നതിനോ ഒരിക്കലും അവൾ തയ്യാറായതുമില്ല.

മുൻഭർത്താവിനോട് അവൾ കോപിച്ചു. സ്വന്തം കണ്ണിൻമുമ്പിൽവച്ച് ബിസിനസ് തകർന്നുകൊണ്ടിരുന്നിട്ടും, അതു കാണാതെ പോയതിൽ തന്നോടു തന്നെ അവൾക്കു കോപമുണ്ടായി. മക്കൾ യാതൊന്നും ചെയ്തു കൊടുക്കാത്തതിൽ അവരോടും കുപിതയായി. ജീവിതം ഇത്ര നിരാശാപൂർണ്ണമായതിന്, ദൈവത്തോടും അവളുടെ കോപം ജ്വലിച്ചു.

## ആരാണു കോപിക്കരുതാത്തത്?

ഈ സാഹചര്യത്തിൽ മിക്കവരും കോപിക്കും. പക്ഷേ ദൈവസ്നേഹം അറിഞ്ഞവരും ഗ്രഹിച്ചവരും കോപിക്കുകയില്ല. ഇത്തരം കഷ്ടത്തിൽനിന്നൊക്കെ രക്ഷപ്പെടാൻ ദൈവമൊരു വഴി ഒരുക്കിയിട്ടുണ്ട്. കോപിച്ചും ക്ഷമിക്കാതെയുമിരുന്നു നശിച്ചുപോയ ജീവിതങ്ങളുടെയെണ്ണം അമ്പരപ്പിക്കുന്നതാണ്. അവരിൽ ചിലർ നല്ലതൊന്നും അറിയാത്തവരാണ്. എന്നാൽ ചിലർ നല്ലതെന്തെന്ന് അറിയുന്ന ക്രിസ്ത്യാനികളാണ്. പക്ഷേ ശരിയിലേക്കു വരാനുള്ള മനസ്സ് അവർക്കില്ല. തോന്നിയതുപോലെ അവർ ജീവിക്കുന്നു. തോന്നലുകൾക്കപ്പുറമായ നന്മ അവർ ചെയ്യുന്നില്ല. മോശമായ വികാരങ്ങളുടെ തടവറയിൽ കഴിഞ്ഞിട്ട് മുടന്തി നടക്കുകയാണവർ. പൂർണ്ണമായും ഉന്മേഷത്തോടെയും ജീവിക്കുന്നില്ല.

അതേ, മിക്കവരും കോപിക്കുന്നവരാണ്. എന്നാൽ നല്ലൊരു മാർഗ്ഗമുണ്ട്: തങ്ങൾക്കുതന്നെ ഒരു ഉപകാരം ചെയ്യാനും ക്ഷമിക്കാനും അവർക്കു കഴിയും. നിരാശ കുടഞ്ഞുകളഞ്ഞിട്ട്, ദൈവത്തിൽ പുനരർപ്പണം ചെയ്യ ണം. കഴിഞ്ഞതിനു പകരം മുന്നോട്ടു നോക്കണം. തെറ്റുകളിൽനിന്നു പഠി ച്ചിട്ട് അവ ആവർത്തിക്കാതിരിക്കാൻ യത്നിക്കണം.

സൂസന്നയുടെയത്ര മോശമായ സാഹചര്യത്തിലല്ല നമ്മിൽ മിക്കവരു മെങ്കിലും, കോപിക്കാൻ നമുക്ക് ഇഷ്ടംപോലെ കാര്യങ്ങളുണ്ട്. അയൽക്കാ രന്റെ പട്ടി, ഭരണകൂടം, നികുതി, പ്രതീക്ഷിച്ചതുപോലെയുള്ള ശമ്പളവർദ്ധ നയില്ലായ്മ, ട്രാഫിക്, അടിവസ്ത്രങ്ങളും മറ്റും കുളിമുറിയിലെ തറയിലിട്ടു പോകുന്ന ഭർത്താവ്, ചെയ്യുന്ന കാര്യങ്ങൾക്കൊന്നും ഒരു നന്ദിയും കാണി ക്കാത്ത മക്കൾ. ശകാരിച്ചിട്ട് ഒരിക്കലും 'അയ്യോ ക്ഷമിക്കണേ'ന്നു പറയാ ത്തവർ, വാത്സല്യം കാട്ടാത്ത മാതാപിതാക്കൾ, ഉപകാരം ചെയ്ത സഹോ ദരങ്ങൾ, തെറ്റായ ആരോപണങ്ങൾ, അങ്ങനെയങ്ങനെ വെള്ളച്ചാട്ടംപോലെ ഈ പട്ടിക നീണ്ടുപോകുന്നു. കോപിക്കാനോ ക്ഷമിക്കാനോ ഉള്ള അവസ രങ്ങളാണിവ.

സ്വാഭാവികമായ നമ്മുടെ പ്രതികരണം വിഷാദിക്കുകയും എതിർക്കു കയും വൈരാഗ്യം വെച്ചുപുലർത്തുകയും കോപിക്കുകയും ക്ഷമിക്കാതിരി ക്കുന്നതുമാണ്.

എന്നാൽ ഈ മോശമായി കാര്യങ്ങളെ താലോലിച്ചിരിക്കുന്നതുകൊണ്ട് ആർക്കാണു വേദനയുണ്ടാകുന്നത്? തെറ്റു ചെയ്തയാൾക്കാണോ? നാം കോപിച്ച് അവരെ നമ്മുടെ ജീവിതത്തിൽനിന്നു ചവിട്ടിപ്പുറത്താക്കിയാൽ അവർക്കു ചിലപ്പോൾ നൊമ്പരമുണ്ടാകും. എന്നാൽ പലപ്പോഴും നമ്മൾക്കു കോപമുണ്ടെന്ന് അവർ അറിയുകയോ അതു ഗൗനിക്കുകയോ പോലുമില്ല! നമ്മൾ മനം കലങ്ങി ചുറ്റിനടക്കുന്നു, നമ്മോടു ചെയ്ത തെറ്റ് വീണ്ടും വീണ്ടും മനസ്സിലിട്ട് ഉരുട്ടുന്നു. നിങ്ങളോടു തെറ്റു ചെയ്തയാളോടു പറയേ ണ്ടതെന്തെന്നു ചിന്തിച്ച് എത്ര സമയമാണ് നിങ്ങൾ ചെലവഴിച്ചത്? അതെല്ലാം നിങ്ങളെ കൂടുതൽ വിഷമിപ്പിച്ചിട്ടല്ലേയുള്ളൂ? ഇതു ചെയ്യാൻ നാം നമ്മെത്തന്നെ അനുവദിക്കുമ്പോൾ, തെറ്റു ചെയ്തയാളെക്കാൾ വളരെയ ധികം നമ്മെ ഉപദ്രവിക്കുന്നതു നാം തന്നെയാണ്.

അൾസർ മുതൽ മോശമായ സ്വഭാവത്തിനുവരെ കോപം കാരണമാകു ന്നുണ്ടെന്നു വൈദ്യശാസ്ത്രം തെളിയിച്ചിട്ടുണ്ട്. വിലപ്പെട്ട സമയം അതു പാഴാക്കുകയും ചെയ്യുന്നു. കോപത്തിൽ ചെലവഴിക്കുന്ന ഒറ്റ മണിക്കൂറും

നമുക്കൊരിക്കലും തിരിച്ചുകിട്ടുകയില്ല. സൂസന്നയുടെയും കുടുംബത്തിന്റെയും കാര്യത്തിൽ, അവർ വർഷങ്ങളാണു പാഴാക്കിയത്. കോപം നിമിത്തം അവർക്കു നഷ്ടമായ കൂട്ടായ്മകളെ (fellowships) ക്കുറിച്ചു ചിന്തിക്കുക. മുൻകൂട്ടി പ്പറയാനാവാത്തതാണു ജീവിതം. നമ്മുടെ പ്രിയപ്പെട്ടവരോടൊപ്പം എത്രമാത്രം സമയമാണു നാം ചെലവഴിച്ചതെന്നു നമുക്കറിഞ്ഞുകൂടാ. നല്ലയോർമ്മകളും ബന്ധങ്ങളും അനുഭവിക്കുന്നതിൽനിന്നു നമ്മെ തടഞ്ഞതു കോപമാണ്. എന്തൊരു നാണക്കേടാണത്! എന്റെ അന്യായം നിമിത്തം എനിക്കു കോപവും വൈരാഗ്യവുമുണ്ടായി. അങ്ങനെ ഒരുപാടു വർഷങ്ങൾ ഞാനും പാഴാക്കിയിട്ടുണ്ട്. ആ മനോഭാവം വളരെ മോശമായ അനുഭവങ്ങൾ എനിക്കുണ്ടാക്കി. എന്റെ കുടുംബത്തിലേക്കും അതു കവിഞ്ഞൊഴുകി. കോപിക്കുന്നയാളുകൾ ആരോടെങ്കിലുമൊക്കെ അതു പ്രകടിപ്പിക്കും; നമ്മിലുള്ളതാണല്ലോ പുറത്തുവരിക. കോപമൊക്കെ നമുക്കു മറച്ചുവെയ്ക്കാമെന്നു നാം ചിന്തിച്ചേക്കാം. പക്ഷേ അതു ക്രമേണ വെളിപ്പെട്ടുവരും.

ഇക്കാര്യങ്ങൾ അടിക്കടിയുണ്ടാകുന്നത് അത്ര നല്ലതല്ല. എന്നാൽ ദൈവത്തിലാശ്രയിക്കുകയും അനുസരിക്കുകയും ചെയ്താൽ ദൈവം പ്രതിഫലം തരും. പ്രതികാരം ചെയ്യണമെന്നതു സാമാന്യമായ ഒരാഗ്രഹമാണ്. എന്നാൽ നാം മുഴുകേണ്ടത് അതിലല്ല. നമുക്കു നഷ്ടപരിഹാരം വേണമെന്നാണ് ആഗ്രഹിക്കുന്നത്. ദൈവം അതു ചെയ്യുമെന്നതു വാഗ്ദാനവും നൽകുന്നുണ്ട്.

> "പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം വീട്ടും" എന്നും "കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും" എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ.
>
> *എബ്രായർ 10:30*

എന്റെ കോപവും വൈരാഗ്യവും വിട്ടുകളയാനും, ദൈവവഴിയിൽ പകരം വീട്ടുന്നതിനും ദൈവ ത്തിലാശ്രയിക്കാനും ഈ വചനവും ഇതുപോലയുള്ള മറ്റു വചനങ്ങളും സഹായിച്ചിട്ടുണ്ട്. നിങ്ങൾക്കു ദുരനുഭവമുണ്ടാകുമ്പോൾ ഇതേ ചുവടുവെയ്ക്കുന്നതിനു ഞാൻ ശക്തമായി പ്രോത്സാഹിപ്പിക്കുകയാണ്.

നാം ക്ഷമിക്കേണ്ടുന്നവർ ക്ഷമ അർഹിക്കാത്തവരോ അത് ആഗ്രഹിക്കാത്തവർപോലുമോ ആകാം. നമ്മളെ വിഷമിപ്പിച്ചെന്ന് അവർ അറിയണ

മെന്നില്ല. അല്ലെങ്കിൽ അവർ ഗൗനിക്കുന്നില്ലായെന്നൊക്കെയാകാം. എന്നാലും ക്ഷമിക്കണമെന്നു ദൈവം നമ്മളോട് ആവശ്യപ്പെടുന്നു. ദൈവവും അതുതന്നെയാണു നമ്മളോടും ചെയ്യുന്നത്. അതൊഴിവാക്കിനിർത്തിയാൽ, മറ്റുള്ളവരോടു നാം ക്ഷമിക്കണമെന്നും ദൈവം നമ്മോടാവശ്യപ്പെടുന്നതു നമ്മെ നടുക്കുന്ന കാര്യമാണ്. പിന്നെയും പിന്നെയും ദൈവം നമ്മോടു ക്ഷമിക്കുന്നു, നിരുപാധികമായി നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു.

എന്റെ തെറ്റുകൾ ഓർക്കുന്നതിനു ഞാൻ സമയം ചെലവിട്ടാൽ, ദൈവത്തിന്റെ മാത്രമല്ല ആളുകളുടെ ക്ഷമയും കൂടി എനിക്കാവശ്യമായിരുന്നെന്നു കാണാം. അതാണു ക്ഷമിക്കാൻ എന്നെ സഹായിക്കുന്നത്. ബാല്യത്തിലുണ്ടായ പീഡനത്തിന്റെ ആഘാതത്തിൽനിന്നു ഞാൻ സുഖം പ്രാപിച്ചുവരുന്ന കാലയളവിൽ, എന്റെ ഭർത്താവ് എന്നോടു വളരെ കരുണാർദ്രമായി ഇടപെട്ടു. "മുറിവേല്പിക്കുന്നവർ മുറിവേറ്റവരാണ്" എന്നായിരുന്നു എന്റെ വിശ്വാസം. എന്റെ കുടുംബത്തെ ഞാൻ മുറിവേല്പിച്ചുവെന്നും ആരോഗ്യകരമായ ബന്ധം സ്ഥാപിക്കാൻ എനിക്കു കഴിഞ്ഞില്ലെന്നും എനിക്കറിയാം. പക്ഷേ ഞാനതു മന:പൂർവ്വം ചെയ്തതല്ല. എന്റെ വേദനയുടെയും അജ്ഞതയുടെയും ഫലമായിരുന്നു അത്. എന്നെക്കുറിച്ചു ഞാൻ ചിന്തിച്ചത് ഇത്രയേ ഉള്ളൂ- എനിക്ക് വേദനിച്ചതിനാൽ ഞാൻ മറ്റുള്ളവരെ വേദനിപ്പിച്ചു. എന്നെ മനസ്സിലാക്കണമെന്നായിരുന്നു എന്റെ ഏറ്റവും വലിയ ആവശ്യം. തക്ക സമയത്തുള്ള ഏറ്റുമുട്ടൽ, ഒരുപാടു മാപ്പ് (ക്ഷമ) എന്നിവ എനിക്കാവശ്യമായിരുന്നു. എനിക്കതു നൽകുന്നതിനു ദൈവം ഡേവിലൂടെ പ്രവർത്തിച്ചു. എന്നിലൂടെ മറ്റുള്ളവർക്കും അതേ കാര്യം ചെയ്യാൻ ദൈവം ഇപ്പോൾ ആഗ്രഹിക്കുന്നു.

ദൈവത്തിന്റെയും മനുഷ്യരുടെയും ക്ഷമ (മാപ്പ്) നിങ്ങൾക്ക് എപ്പോഴെങ്കിലും ആവശ്യമായി വന്നിട്ടുണ്ടോ? ഒന്ന് ഓർത്തുനോക്കൂ. ആവശ്യമുള്ളപ്പോൾ ക്ഷമിക്കാനുള്ള കഴിവു നിങ്ങൾക്കുണ്ടാവും.

## ദയവായി വാതിൽക്കൽവെച്ചു നിങ്ങളുടെ കോപം പരിശോധിക്കുക

പഴയ ഇംഗ്ലീഷ് സിനിമകൾ നിങ്ങൾ കണ്ടിട്ടുണ്ടോ? കാലി മേയ്ക്കുന്നവർ 'സലൂണിൽ' പ്രവേശിക്കുന്നതിനുമുമ്പ് അവരുടെ ആയുധങ്ങൾ പരിശോധിക്കാൻ ആവശ്യപ്പെടാറുള്ള രംഗങ്ങളുണ്ട്. ഞാനതു കണ്ടിട്ടുണ്ട്. കോപത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അതൊരു നല്ല മാതൃകയാണ്. നമ്മൾ കൂടെ

ക്കൊണ്ടുനടക്കുന്ന ഒരു ആയുധംപോലെയാണു കോപം. അങ്ങനെ, നമ്മെ വേദനിപ്പിക്കാനൊരുമ്പെടുന്നവരെ അതുകൊണ്ടു വെട്ടാം. വാതിൽക്കൽവെച്ചു പരിശോധിക്കാതിരുന്നാൽ, കാലിമേയ്ക്കുന്നവർ കൈത്തോക്കെടുത്തു പ്രതിരോധിക്കുന്നതുപോലെയാണിത്. തുടർച്ചയായി കോപംകൊണ്ടു നാം നമ്മെ പ്രതിരോധിക്കുന്നു. എവിടെയായാലും, പ്രവേശിക്കുന്നതിനുമുമ്പ് വാതിൽക്കൽവെച്ചുതന്നെ നമ്മുടെ കോപം വിട്ടൊഴിയുമെന്നുള്ള ഒരു ശീലം നമുക്കുണ്ടാക്കിയെടുക്കാം. പുറത്തു പോകുമ്പോൾ അതു കൊണ്ടുപോകാതിരിക്കാം. "ഇന്നു ഞാൻ കോപമില്ലാതെയാണു പുറത്തേക്കു പോകുന്നത്. സ്നേഹം, ദയ, ക്ഷമ എന്നിവ ഞാൻ കൂടെക്കൊണ്ടുപോകുന്നുണ്ട്. ആവശ്യമുള്ളപ്പോൾ അവ ഞാൻ ഔദാര്യമായി ഉപയോഗിക്കും," ഇങ്ങനെ ബോധപൂർവ്വമൊന്നു പറഞ്ഞുനോക്കൂ.

എന്നോടുതന്നെ സംസാരിക്കുന്നത് ഒരു വലിയ സഹായമാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. കാര്യങ്ങൾക്കുള്ളിലും അവയ്ക്കു പുറത്തും എനിക്കു തന്നെത്താൻ സംസാരിക്കാം. കോപം വരുന്ന രീതിയിലും അല്ലാത്ത രീതിയിലും എനിക്കു സ്വയം സംസാരിക്കാം. നിങ്ങളുടെ ന്യായമൊന്നു നിരത്തി വെച്ചുനോക്കൂ. "കോപിച്ചിരിക്കുന്നതു സമയം പാഴാക്കലും ദൈവത്തിന് ഇഷ്ടമില്ലാത്തതുമായ കാര്യമാണ്. അതുകൊണ്ടുതന്നെ മന:പൂർവ്വം ഞാനതു വിട്ടുകളയുകയാണ്." ഇങ്ങനെ നിങ്ങളോടുതന്നെ പറയുക. കോപം വിട്ടുകളഞ്ഞു സമാധാനം തിരഞ്ഞെടുക്കുന്നതുമൂലം, ഞാൻ എനിക്കുതന്നെ ഉപകാരം ചെയ്യുകയാണെന്നു തന്നെത്താൻ ഓർമ്മപ്പെടുത്തുന്നു.

നാം ചെയ്യുന്നതു ശരിയാണെന്നു നമുക്കു തോന്നിയെന്നു വരില്ല. എന്നാൽ നമുക്കു ദൈവത്തെയോ നമ്മെത്തന്നെയോ പ്രസാദിപ്പിച്ചുകൊണ്ടു ജീവിക്കാനാവും. ദൈവത്തെ പ്രസാദിപ്പിക്കുന്ന കാര്യമാണു നാം തിരഞ്ഞെടുക്കുന്നതെങ്കിൽ, നാം ചെയ്യാനിഷ്ടപ്പെടുന്നതിന്റെ വിപരീതമായ കാര്യങ്ങളാകും ചെയ്യുക. നമുക്കെല്ലാം വികാരങ്ങളുണ്ട്. എന്നാൽ നാം അതു മാത്രമല്ല. നമുക്ക് ഇച്ഛാസ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട് നമുക്ക് ഏറ്റവും ഗുണം ചെയ്യുന്നവ എന്താണെന്നു തിരഞ്ഞെടുക്കാനാവും.

## കോപം ശക്തവും നാശകാരിയുമാണ്

വെറുപ്പ്, പ്രതികാരം, ക്രോധം എന്നിവയാണുകോപം. ഒരു വികാരമായി അതു തുടങ്ങുകയും, ശ്രദ്ധിച്ചില്ലെങ്കിൽ വാക്കും പ്രവൃത്തിയുമായി പ്രകട

മാകുകയും ചെയ്യും. ഏറ്റവും ശക്തിയേറിയ ഒരു വികാരവും നാശകാരിയു മാണത്. കോപം നിയന്ത്രിക്കണമെന്നു ദൈവത്തിന്റെ വചനം നമ്മെ പഠിപ്പിക്കുന്നു. കാരണം, ദൈവം ആഗ്രഹിക്കുന്ന നീതി അത് ഉളവാക്കുന്നില്ല (യാക്കോബ് 1:20).

സാവധാനം കോപിക്കുകയെന്നാണു ദൈവം നമ്മെ പഠിപ്പിക്കുന്നത്. കോപം നമ്മിൽ തിളച്ചുമറിയാൻ തുടങ്ങുന്നുവെന്നു തോന്നുമ്പോൾ, നാം അതിനുമുകളിലായി ഒരു അടപ്പു വയ്ക്കേണ്ടതുണ്ട്. നമ്മുടെ പ്രശ്നങ്ങളെക്കുറിച്ചു സംസാരിച്ച് അവ വഷളാകത്തക്കനിലയിൽ ചിന്തിച്ച്, അവ ഇളക്കാൻ കഴിയും. എരിതീയിൽ എണ്ണ പകരുന്നതുപോലെയാണത്. അല്ലെങ്കിൽ, നമ്മുടെ വികാരങ്ങൾ ഉയർന്നുപൊങ്ങാൻ തുടങ്ങുമ്പോഴേ നാം എന്തെങ്കിലും ചെയ്യേണ്ടതുണ്ട്. കോപത്തോടു കർക്കശമായ നിലപാടെടുത്തുകൊണ്ടു പറയുക, "എനിക്കു കോപിക്കേണ്ട, എനിക്കു പ്രതികാരമില്ല. ദൈവം എനിക്ക് ആത്മനിയന്ത്രണം തന്നിട്ടുണ്ട്, ഞാനത് ഉപയോഗിക്കും."

സഭയിലേക്ക് ഒരു അതിഥിപ്രസംഗകനെ ക്ഷണിച്ച ഒരു പാസ്റ്റർ പറഞ്ഞ കഥയിതാ. സഭയിലെ മുൻവരിയിലിരുന്നുകൊണ്ട് അദ്ദേഹം അതിഥിയുടെ പ്രസംഗം കേൾക്കുകയായിരുന്നു. ആ സഭയിലെ ചില കാര്യങ്ങൾ പാസ്റ്റർ കൈകാര്യം ചെയ്യുന്ന രീതികളെക്കുറിച്ച് ആ പ്രസംഗകൻ മോശമായിട്ടു പറയാൻ തുടങ്ങി. അതൊരു വിവരമില്ലാത്ത പ്രവൃത്തിയായിപ്പോയി. ആരെയും മുറിപ്പെടുത്താനുദ്ദേശിച്ചുകൊണ്ടല്ല അദ്ദേഹം ആ പൊതുവായ അഭിപ്രായം പറഞ്ഞത്. പക്ഷേ, ആ പ്രസംഗകന്റെ വാക്കുകൾ വിമർശനാത്മകവും വേദനിപ്പിക്കുന്നവയുമായിരുന്നു. പ്രസംഗകൻ പ്രസംഗം തുടർന്നുകൊണ്ടിരുന്നപ്പോൾ പാസ്റ്റർ ഇങ്ങനെ മന്ത്രിച്ചുകൊണ്ടിരുന്നു, "എനിക്കു മന:പ്രയാസമുണ്ടാകില്ല, എനിക്കു മന:പ്രയാസമുണ്ടാകില്ല." പ്രസംഗകനെക്കാൾ അറിവുള്ള, ഒരു പ്രായം ചെന്ന ശുശ്രൂഷകനായിരുന്നു അദ്ദേഹം. അതിഥിപ്രസംഗകന്റെ തീക്ഷ്ണത അദ്ദേഹം അംഗീകരിച്ചു. പക്ഷേ അതേ സമയം, അദ്ദേഹത്തിന് അല്പം പരിജ്ഞാനക്കുറവുണ്ടെന്നും മനസ്സിലായി. പ്രസംഗകന്റെ വാക്കുകൾ തന്നെ വേദനിപ്പിക്കുന്നതിന് ആ പാസ്റ്റർ അനുവദിച്ചില്ല.

ഞാൻ റ്റെലിവിഷൻ സുവിശേഷം പ്രസംഗിക്കുന്നതിനാൽ, ഇത് എന്തുപോലെയാണെന്ന് എനിക്കറിയാം. റ്റെലിവിഷനിൽ പ്രസംഗിക്കാത്ത മറ്റു ശുശ്രൂഷകർ, റ്റെലിവിഷൻ സുവിശേഷകരെപ്പറ്റിപ്പറയുന്ന മോശമായ കാര്യങ്ങൾ ഞാൻ കേൾക്കുന്നതും മറ്റൊരു കാരണമാണ്. ഈ മാദ്ധ്യമത്തിലൂടെ

യുള്ള ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട ഞങ്ങളെ അവർ "റ്റെലിവാഞ്ജലിസ്റ്റുകളെ"ന്നു സ്നേഹമില്ലാതെയാണ് വിളിക്കുന്നത്.

മറ്റുള്ളവർ അനുഭവിച്ചതുപോലെയുള്ള അനുഭവങ്ങൾ നമുക്കുണ്ടായിട്ടില്ലെങ്കിൽ അവരെ കുറ്റം വിധിക്കാൻ വളരെയെളുപ്പമാണ്. യാതൊരു മനസ്സലിവുമില്ലാതെ മറ്റുള്ളവരുടെ കുറ്റം പറയുമ്പോൾ, ഒന്നുമറിയാതെയാണ് അവർ സംസാരിക്കുന്നതെന്നു ഞാനോർത്തുപോവുകയാണ്. "റ്റെലിവാഞ്ജലിസ്റ്റുകൾ ആളുകളുടെ പണം അടിച്ചെടുക്കാനാണ് ശ്രമിക്കുന്നത്. സഭയുടെ പണിക്ക് അവർ യാതൊന്നും ചെയ്യുന്നില്ല. സ്വന്തം കാര്യം സിന്ദാബാദ് എന്നു പറയുന്ന അവർക്കു ദൈവരാജ്യത്തെക്കുറിച്ചു വിചാരമൊന്നുമില്ല." ശരിയാണ്, ദുരുദ്ദേശ്യമുള്ളവർ എല്ലാ രംഗത്തുമുണ്ട്. എന്നാൽ എല്ലാവരെയും ആ പട്ടികയിൽപ്പെടുത്തുന്നതു തികച്ചും തെറ്റും വചനവിരുദ്ധവുമാണ്. ഇത്തരം കാര്യങ്ങൾ ഞാൻ കേൾക്കുമ്പോൾ, അഥവാ ആരെങ്കിലും എന്നോട് ഇതുപറയുമ്പോൾ ദേഷ്യപ്പെടില്ലെന്നു ഞാൻ തീരുമാനിച്ചിട്ടുണ്ട്. കാരണം, അതുകൊണ്ടു യാതൊരു മാറ്റവുമുണ്ടാകില്ല, എനിക്കൊരു നന്മയുമുണ്ടാക്കില്ല.

യേശുക്രിസ്തുവിനെ സ്വീകരിക്കുന്നതിനു റ്റെലിവിഷനിൽ ഞാൻ ആഹ്വാനം ചെയ്യുമ്പോൾ, മികച്ച പ്രതികരണമാണു ഞങ്ങൾക്കു ലഭിക്കുന്നത്. നല്ലൊരു പ്രാദേശികസഭയിൽ ചേരുന്നതിനുള്ള നിർദ്ദേശമടങ്ങിയ ഒരു പുസ്തകം അവർക്കു ഞങ്ങൾ അയച്ചുകൊടുക്കാറുണ്ട്. വിമർശിക്കുന്നവർക്ക് ഒരുപക്ഷേ ഇത് അറിയില്ലായിരിക്കും. ദൈവം എന്നെ എന്തിനുവേണ്ടി വിളിച്ചുവോ, അക്കാര്യം ചെയ്യാൻ ഞാൻ സമർപ്പിതയാണ്. വിമർശകർ പറയുന്നതു ഞാൻ കാര്യമാക്കുന്നില്ല. എന്റെ ജീവിതം അവസാനിക്കുമ്പോൾ അവരോടല്ല ഞാൻ ഉത്തരം പറയേണ്ടത്, മറിച്ച് ദൈവത്തോടു മാത്രമാണ്.

"എല്ലാം ഞങ്ങൾക്കറിയാം" എന്നു കരുതി മറ്റുള്ളവരെ വിധിക്കാൻ എളുപ്പമാണ്. വിധിക്കുന്നവൻ ദൈവമാണെന്നു ചിന്തിക്കുന്നവർ നമ്മിൽ വളരെക്കുറിച്ചുപേരേയുള്ളൂ. നിങ്ങൾക്കു ദൃഷ്ടാന്തങ്ങളുണ്ടെന്ന് എനിക്കുറപ്പുണ്ട്. നിങ്ങളെ വിഷമിപ്പിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക, അതു കാര്യമാക്കാതിരിക്കുക, അവരെക്കുറിച്ചുള്ള ഏറ്റവും നല്ല കാര്യങ്ങൾ വിശ്വസിക്കുക എന്നിവയാണ് നാം ചെയ്യേണ്ടുന്ന ഏറ്റവും നല്ല കാര്യങ്ങൾ. മറ്റുള്ളവരെ വേദനിപ്പിക്കുന്ന വാക്കോ പ്രവൃത്തിയോ നമ്മിൽനിന്നുണ്ടാകാതിരിക്കാൻ നാമെല്ലാവരും തന്നെ പ്രാർത്ഥിക്കണം.

## അദ്ധ്യായം
# 2
# *കോപമെന്ന വികാരം*

ദൈവമില്ലാത്തവരെ സംബന്ധിച്ചിടത്തോളം, കോപിക്കുന്നത് അത്ര വലിയ കാര്യമല്ല. പ്രശ്നപരിഹാരത്തിനുള്ള ഒരു വഴിയായോ, കാര്യം സാധിക്കുന്നതിനുള്ള മാർഗ്ഗമായോ അവർ കോപത്തെ കണക്കാക്കുന്നു. കോപം വിശ്വാസികളെ അലോസരപ്പെടുത്തുകയും ആശയക്കുഴപ്പത്തിലാക്കുകയും ചെയ്യുന്നുണ്ട്. ദൈവമക്കളെന്ന നിലയിൽ, ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു കോപം പാടില്ലെന്നു നാം പലപ്പോഴും ചിന്തിക്കാറുണ്ട്. കോപിക്കുമ്പോൾ നമുക്കു കുറ്റബോധമുണ്ടാകാറുണ്ട്. എന്തിനാണു നാം കോപിക്കുന്നതെന്നു നാം അമ്പരക്കാറുണ്ട്. ഒടുവിൽ നമുക്കു ചെയ്യാൻ അതേയുള്ളൂ.

മുപ്പത്തഞ്ചു വർഷമായി ഞാൻ ദൈവവചനം ഗൗരവപൂർവ്വം പഠിച്ചു കൊണ്ടിരിക്കുകയാണ്. എനിക്കു കോപിക്കാനുള്ള ആഗ്രഹമേയില്ലെന്നു ഞാൻ നിങ്ങൾക്ക് ഉറപ്പുതരാം. കോപത്തെ അതിജീവിക്കാനും നിയന്ത്രിക്കാനും കഴിയുന്നതെങ്ങനെയെന്നു പഠിക്കാൻ, പരിശുദ്ധാത്മാവിനോടൊപ്പം ഞാനും ഇക്കാലമത്രയും പ്രയത്നിച്ചു. ഞാനൊരു സമാധനപ്രേമിയാണ്. എന്റെ ബന്ധങ്ങളിലെല്ലാം ഒത്തൊരുമ വേണമെന്നു ഞാനാഗ്രഹിക്കുന്നു. കലഹിക്കുന്നത് എനിക്കു വെറുപ്പാണ്! എന്നിട്ടും, അടുത്ത സമയത്തു ഞാൻ കോപിച്ചു-കോപിച്ച സന്ദർഭമേതെന്നു മറന്നുപോയി വളരെക്കാലത്തിനുശേഷമായിരുന്നു കോപിച്ചത്.

വികാരങ്ങൾ ഞൊടിയിടയിലാണു ജ്വലിക്കുക. നമുക്കതു പാടില്ലെന്നല്ല, മറിച്ച് അവ നമ്മെ ഭരിക്കരുതെന്നാണ് ഉദ്ദേശിക്കുന്നത്. കോപിക്കുന്നതു

പാപമാണെന്നു ദൈവവചനം പറയുന്നില്ല. എന്നാൽ വേണ്ടവിധത്തിൽ ഗൗനിച്ചില്ലെങ്കിൽ അതു പാപപ്രകൃതമായിത്തീരും. നമ്മൾ അതിൽ തൂങ്ങിക്കിടക്കുമ്പോഴാണ് അങ്ങനെയുണ്ടാകുന്നത്. സൂര്യൻ അസ്തമിക്കുവോളം കോപം വെച്ചുകൊണ്ടിരിക്കരുതെന്ന് അപ്പോസ്തലനായ പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു (എഫെ. 4:26-27). ഇതു ചൂണ്ടിക്കാട്ടുന്നത് ആളുകൾ കോപിക്കുമെന്നാണ്. എന്നാൽ അല്പനേരത്തിനുള്ളിൽ അവർക്കതിൽനിന്നു മുക്തരാകാനും കഴിയും. എന്നെ സംബന്ധിച്ചിടത്തോളം, എനിക്കിതിനു പ്രാർത്ഥന ആവശ്യമാണ്.എന്റെ തോന്നലിനപ്പുറത്തേക്കു പോകുന്ന തീരുമാനവും എനിക്കു വേണം.

കുറെക്കാലം മുമ്പ് എന്റെ ആന്റിയുമായി ഞാൻ ഫോണിൽ സംസാരിക്കുകയായിരുന്നു. വിധവയായ അവരെ, ഞാനും എന്റെ ഭർത്താവും കഴിഞ്ഞ കുറെ വർഷങ്ങളായി സാമ്പത്തികമായി സഹായിച്ചുപോന്നു. വേണ്ടത്ര സാമ്പത്തികശേഷി അവർക്കില്ലായിരുന്നു. അവരുടെ മുക്ത്യാർ എനിക്കായതുകൊണ്ട്, അവർക്കു ചികിത്സ വേണ്ടിയപ്പോഴൊക്കെ അവരെ പരിചരിക്കുന്നതിന് എന്നെ അടിയന്തിരമായി വിളിക്കാറുണ്ട്. എന്റെ ആന്റിയുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നവരുടെ കൂട്ടത്തിൽ എന്റെ മകളുടെ പേരു കൂടി ചേർക്കാൻ ഞാനാവശ്യപ്പെട്ടു. ഏതെങ്കിലും സമയത്തു ഞാൻ ദൂരെയായിരിക്കുമ്പോൾ, ആന്റിയുടെ കാര്യത്തിൽ അവൾക്കു ശ്രദ്ധിക്കാമല്ലോ. അങ്ങനെ, ഒപ്പിടുന്നതിനുള്ള ഒരു കടലാസുമായി എന്റെ മകളെ ഞാൻ ആന്റിയുടെ വീട്ടിലേക്കയച്ചു. പക്ഷേ അവരതു നിരസിച്ചു. എന്റെ മകൾ ഈ വിവരം എന്നോടു പറഞ്ഞപ്പോൾ, പെട്ടെന്ന് ഒന്നുമാലോചിക്കാതെ ഞാൻ കോപിച്ചു. ഞാൻ പൊട്ടിത്തെറിക്കുമോയെന്നു തോന്നിപ്പോയി. എന്നെയങ്ങു വിശ്വസിച്ച്, ഞാൻ പറയുന്നതങ്ങു ചെയ്തേക്കുമെന്നായിരുന്നു ആന്റിയെക്കുറിച്ചു ഞാൻ കരുതിയത്. അക്കാര്യം ഞാൻ അവരെ വിളിച്ചു പറഞ്ഞു. അവർക്കു വേണ്ടി ഞാൻ ചെയ്തതൊക്കെ അവരെ ഞാൻ ഓർമ്മപ്പെടുത്തി. അവരുടെ സ്വാർത്ഥതയെ ഞാൻ അഭിനന്ദിച്ചൊന്നുമില്ല. ഞങ്ങളിരുവരും കോപിച്ച് വായിൽ വന്നതൊക്കെപ്പറഞ്ഞു.

സത്യം പറഞ്ഞാൽ എന്റെ കോപത്തെ ഞാൻ ന്യായീകരിച്ചു-അതായിരുന്നു കുഴപ്പം. ആ ന്യായീകരണം നിമിത്തം മൂന്നു ദിവസം ഞാൻ കാത്തിരുന്നു. ആന്റി എന്നെ വിളിച്ചു ക്ഷമ ചോദിക്കുമെന്നായിരുന്നു ഞാൻ വിചാരിച്ചത്. പക്ഷേ അവരങ്ങനെ ചെയ്തതേയില്ല. ഈ മൂന്നു ദിവസവും ഒരുപാടു കുടുംബാംഗങ്ങളോടും ഒരു സുഹൃത്തിനോടും ഇക്കാര്യമെല്ലാം ഞാൻ

പറഞ്ഞു. ആന്റിയുടെ സ്വാർത്ഥമനോഭാവമെല്ലാം ഞാൻ വിവരിച്ചു പറഞ്ഞു. മറ്റൊരാളുടെ മാന്യതയ്ക്കു കളങ്കം ചാർത്തുന്നതൊന്നും ചെയ്യരുതെന്നു ദൈവവചനം നമ്മെ പഠിപ്പിക്കുന്നതിനാൽ, അങ്ങനെ പറഞ്ഞതും തെറ്റുതന്നെയായിരുന്നു. അപഖ്യാതിയൊന്നും പറയരുതെന്നാണല്ലോ ദൈവവചനം പറയുന്നത്. ഓരോ തവണയും ഇക്കാര്യം ഞാൻ പറഞ്ഞപ്പോൾ, എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെ എന്റെ കോപം ജ്വലിച്ചു. അത്രയധികം കോപം, കഴിഞ്ഞ ദീർഘവർഷങ്ങളായി എനിക്കുണ്ടായിട്ടില്ലെന്നു ഞാനോർക്കുന്നു.

എന്താണു സംഭവിച്ചത്? ഒന്നാമതായി, ഈ സന്ദർഭത്തിൽ ഞാൻ വളരെ ക്ഷീണിതയായിരുന്നു. ഞാൻ വളരെ തിടുക്കത്തിലായിരുന്നു ആന്റിയോട് അക്കാര്യം ആവശ്യപ്പെട്ടത്. ക്ഷീണിതയായിരുന്ന ഞാൻ, കാര്യങ്ങൾ പൂർണ്ണമായി ആന്റിക്കു വിശദീകരിച്ചുകൊടുത്തില്ല. അക്കാരണത്താൽ ആകെ ആശയക്കുഴപ്പമായി. മാത്രമല്ല, എന്റെ ആന്റിയുടെയും അമ്മയുടെയും അടിയന്തിരമായ നിരവധി ആവശ്യങ്ങളുമായി അതിനു മുമ്പുള്ള ദിവസങ്ങൾ ഞാൻ തിരക്കിലായിരുന്നു. ആകെ സമ്മർദ്ദത്തിലായ ഞാൻ, എളുപ്പത്തിൽ കാര്യങ്ങൾ സാധിക്കാനുള്ള വഴി നോക്കി.

ഈ സംഭവം കഴിഞ്ഞു നാലാം ദിവസം രാവിലെ എനിക്കൊരു കാര്യം മനസ്സിലായി. ദൈവവുമായുള്ള എന്റെ അടുപ്പത്തെ ഈ കോപം തടസ്സപ്പെടുത്തി. ശരിയായി ദൈവവചനം പഠിക്കാനും എനിക്കു തടസ്സമുണ്ടായി. ഇതിനെക്കുറിച്ചുതന്നെ ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. എന്റെ മനസ്സിൽനിന്ന് അതുവിട്ടുപോയതേയില്ല. പ്രയാസമേറിയ കാര്യങ്ങൾ നേരിട്ടു പരിഹരിക്കുന്നതുവരെ സാധാരണ ഇതായിരിക്കും എന്റെ സ്ഥിതി. ആന്റിയെ ഞാൻ വിളിച്ചു ക്ഷമ ചോദിക്കണമെന്നാണു ദൈവം ആഗ്രഹിക്കുന്നതെന്ന് എനിക്കു മനസ്സിലായിത്തുടങ്ങി. എനിക്കു പരാതിയൊന്നുമില്ലെന്നു ഞാനങ്ങു സമ്മതിച്ചു.

എത്രത്തോളം എന്റെ ഹൃദയം ഞാൻ ദൈവത്തോടു തുറന്നുവോ, അത്രത്തോളം ആ സാഹചര്യത്തിലെ ആന്റിയുടെ വശം എനിക്കു വ്യക്തമായിക്കാണാനായി. ആന്റിക്ക് എൺപത്തിനാലു വയസ്സായി. പെട്ടെന്നാണ് അവരുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത്. അവരെ സംബന്ധിച്ച് അതു വളരെ പ്രയാസമുള്ളതാണ്. അവരുടെ ഭാഗത്തുനിന്നു നോക്കിയാൽ, കാര്യങ്ങൾ മാറിമറിയുന്നത് അവരെ ആശ്ചര്യപ്പെടുത്തുന്നുണ്ടാകാം. പെട്ടെന്നാണ് അവരുടെ ചികിത്സാസംബന്ധിയായ കടലാസുകൾ ഒപ്പിടുവിക്കുന്നതിനു ഞാൻ

എന്റെ മകളെ അയക്കുന്നത്. ഞാൻ സ്ഥലത്തില്ലെങ്കിൽ മകളുടെ ഉത്തര വാദിത്വത്തിൽ കാര്യങ്ങൾ നടക്കും. ഞാനുദ്ദേശിച്ച കാര്യമൊന്നും വിശദീ കരിക്കാതെയാണ് അങ്ങനെ ചെയ്തത്. കുറെ മണിക്കൂറുകൾ ഞാൻ കാത്തി രുന്നശേഷം ഞാൻ ആന്റിയെ വിളിച്ചു. കാരണം, ഫോൺ ചെയ്യാൻ എനിക്കു പേടിയായിരുന്നു. ആന്റിയോടു കോപിച്ചതിനു ഞാൻ ക്ഷമ ചോദിച്ചു. അത്രു മെന്നു പറയട്ടെ ആന്റി എന്നോടും ക്ഷമ ചോദിച്ചു. കാര്യം പിടികിട്ടാതെ വന്നതിനാലാണ് ആന്റി അങ്ങനെ പെരുമാറിയത്. രണ്ടു മിനിറ്റിനുള്ളിൽ സാഹചര്യം മുഴുവൻ മാറി, എന്റെയും ആന്റിയുടെയും സമാധാനം മടങ്ങിവന്നു.

ഈ സംഭവത്തിനുശേഷം എനിക്കൊരു കാര്യം മനസ്സിലായി. എന്റെ വികാരങ്ങളെക്കാൾ ആന്റിയുടെ വികാരങ്ങൾക്കു പ്രാധാന്യം കൊടുത്തു കൊണ്ട് ആ പ്രശ്നം എനിക്കു കൈകാര്യം ചെയ്യാമായിരുന്നു. അതിന് അത്യ ധികം ജ്ഞാനത്തോടെ ഞാൻ പ്രവർത്തിക്കേണ്ടിയിരുന്നു. ദൈവസന്നിധി യിൽ ഞാൻ യഥാർത്ഥമായി അനുതപിച്ചു. മൂന്നു ദിവസം ഞാൻ കോപ ത്തിൽ തുടർന്നതിനു മാത്രമല്ല, മറ്റുള്ളവരോട് ഇതിനെപ്പറ്റി ആവശ്യമില്ലാ ത്തതെല്ലാം പറഞ്ഞതിനുംകൂടെ ഞാൻ പശ്ചാത്തപിച്ചു.

നൊടിയിടയിൽ കോപിക്കാനാവുമെന്നു തെളിയിക്കുന്നതിനാണ് ഈ സംഭവം ഞാൻ പറഞ്ഞത്. എത്ര വലിയ "വിശ്വാസി"യായാലും ശരി, നമ്മ ളാരും തന്നെ കോപത്തിന്റെ പ്രലോഭനത്തിനതീതരല്ല. മൂന്നു ദിവസം കോപിച്ചിരുന്നതിൽ എനിക്കു ഖേദമുണ്ട്. എന്നാൽ എന്റെ ജീവിതത്തിൽ കയ്പ്പിന്റെ വേരു മുളപ്പിക്കാനും എന്റെ ആത്മാവിനെ നീണ്ട നാളത്തേക്കു വിഷമയമാക്കാനും ഞാനതിനെ അനുവദിച്ചില്ല. അതിലെനിക്കു സന്തോഷമുണ്ട്.

ദൈവം കോപത്തിനു താമസമുള്ളവനാണ്. നമ്മളും അങ്ങനെയായിരിക്കണം. ദൈവം കോപത്തെ അടക്കുന്നു. സ്വയം നിയന്ത്രി ക്കുന്നു. ദൈവം ക്രോധത്തെ മുഴുവനും ജ്വലിപ്പിക്കാതെ, കോപം അടക്കി ക്കളയുന്നു. (സങ്കീ. 78:38). "അടക്കിക്കളയുക" എന്നതിന് "നിയന്ത്രിക്കുക" എന്നാണർത്ഥം. ആത്മ (സ്വയം) നിയന്ത്രണമെന്നത് ആത്മാവിന്റെ ഫല ങ്ങളിലൊന്നാണെന്നു മറക്കരുത്. ദൈവത്തിന്റെ സ്വഭാവത്തിന്റെ ഒരു തല മാണത്. അവൻ നമ്മളുമായി അതു പങ്കുവെച്ചു. മനുഷ്യൻ ദൈവത്തെ പ്രകോപിപ്പിച്ച പല സംഭവങ്ങൾ ദൈവവചനത്തിൽ നമുക്കു കാണാം. എന്നാൽ ദൈവമതു നിയന്ത്രിച്ചു. എന്റെ ആന്റിയുടെ കാര്യത്തിൽ, കോപം

നിയന്ത്രിക്കാൻ എനിക്കു നാലു ദിവസം വേണ്ടിവന്നു. എനിക്കതിൽ അത്ര സന്തോഷമില്ല.

നമ്മുടെ പെരുമാറ്റം എത്രയധികം ദൈവികമാകാമോ അത്രയധികം ആയിത്തീരണം. അതായിരിക്കണം നമ്മുടെയാഗ്രഹം. നമുക്കു പിന്തുടരാൻ കൊള്ളാവുന്ന ഒരു മാതൃകയിതാ:

> ഞങ്ങളുടെ പിതാക്കന്മാർ മിസ്രയീമിൽ വച്ചു നിന്റെ അത്ഭുതങ്ങളെ ഗ്രഹിക്കാതെയും നിന്റെ മഹാദയയെ ഓർക്കാതെയും കടൽക്കരയിൽ,
>
> ചെങ്കടൽക്കരയിൽവച്ചുതന്നെ മത്സരിച്ചു. എന്നിട്ടും അവൻ തന്റെ മഹാശക്തി വെളിപ്പെടുത്തേണ്ടതിനു തന്റെ നാമം നിമിത്തം അവരെ രക്ഷിു.
>
> *സങ്കീ. 106:7–8*

യിസ്രായേൽമക്കൾ അനുസരണം കെട്ടവരും ശിക്ഷാർഹരുമായിരുന്നിട്ടും, ദൈവം അവരോട് ക്ഷമിച്ചു കനിവു കാട്ടി. ദൈവത്തിന്റെ പ്രകൃതം അതായിരുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ദൈവം സ്നേഹമാണ്. അത് ഓൺ ചെയ്യുന്നതോ ഓഫ് ചെയ്യുന്നതോ ആയ ഒന്നല്ല. എപ്പോഴും ദൈവം അങ്ങനെ തന്നെയാണ്. മറ്റുള്ളവരുടെ പെരുമാറ്റംകൊണ്ടു സ്വന്തം സ്വഭാവത്തിനു മാറ്റം വരുത്താൻ ദൈവം ഒരിക്കലും അനുവദിക്കുകയില്ല. എന്റെ ആന്റിയുടെ പെരുമാറ്റം എന്നെ നൊടിയിടയിൽ മാറ്റുന്നതിനു ഞാൻ അനുവദിച്ചു. എന്നാൽ ഞാൻ അങ്ങനെ പ്രതികരിക്കുന്നതിനുമുമ്പ് ചിന്തിക്കാൻ സമയമെടുത്തിരുന്നെങ്കിൽ സാഹചര്യം മുഴുവൻ വ്യത്യസ്തമാകുമായിരുന്നു. വികാരഭരിതയായാണു ഞാൻ പ്രതികരിച്ചത്, ദൈവവചനാനുസൃതമോ ദൈവത്തിന്റെ മാതൃകയോ അല്ലായിരുന്നു. ഒരുപാടു വർഷമായി നിരവധി സന്ദർഭങ്ങളിൽ അതേ കാര്യമാണു ഞാൻ ചെയ്തുപോന്നത്. ദൈവം എനിക്കു മാറ്റം വരുത്തുന്നതിനു ഞാൻ അനുവദിക്കുന്നതുവരെ, കോപം എന്റെ ദിനമ്പ്രതിയുള്ള ജീവിതത്തിന്റെ ഭാഗമായിരുന്നു.

എന്റെ മോശമായ പെരുമാറ്റത്തോട് എന്റെ ഭർത്താവ് എങ്ങനെയാണു പ്രതികരിച്ചതെന്ന് അടുത്ത അദ്ധ്യായത്തിൽ ഞാൻ വിവരിക്കാം. അദ്ദേഹം ഒരിക്കലും എന്നോടു മോശമായിപ്പെരുമാറിയില്ല. ആ സ്വഭാവവിശേഷവും, തുടർന്നും എന്നെ സ്നേഹിക്കാൻ മനസ്സു കാണിച്ചതുമാണ് എന്റെ

മോശമായ പെരുമാറ്റത്തിനു മാറ്റം വരുത്താൻ എന്നെ പ്രേരിപ്പിച്ച കാരണ ങ്ങളിലൊന്ന്. എന്റെ ഭർത്താവും കുപിതനായി ഒച്ച വെക്കുകയും കുറ്റപ്പെ ടുത്തുകയും എന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ട് ഞങ്ങളുടെ ബന്ധം നഷ്ടപ്പെടുത്തിയിരുന്നെങ്കിൽ, എനിക്കൊരിക്കലും മാറ്റമുണ്ടാകില്ലാ യിരുന്നു. സ്നേഹം പ്രവൃത്തിയിലൂടെ കാണേണ്ടുന്ന ഒരു സ്ഥിതിവിശേഷ ത്തിലായിരുന്നു ഞാൻ; അദ്ദേഹം എനിക്കതു കാട്ടിത്തന്നു.

ചിലപ്പോൾ വാക്കുകൾ മതിയാകാതെവരും. സ്നേഹത്തിന്റെ വാക്കുകൾ പറയുന്നതു നമ്മുടെ സമൂഹത്തിൽ സാധാരണമാണ്. എന്നെ ലൈംഗിക മായി അപമാനിച്ച എന്റെ പിതാവ് എന്നോട് പറഞ്ഞത് അദ്ദേഹം എന്നെ സ്നേഹിക്കുന്നുവെന്നാണ്. എന്നെ ഉപേക്ഷിച്ചുകളഞ്ഞ എന്റെയമ്മ എന്നോടു പറഞ്ഞതും അതു തന്നെയാണ്. എന്നോടു നുണ പറഞ്ഞ കൂട്ടു കാർ പറഞ്ഞതും 'സ്നേഹിക്കുന്നു' എന്നായിരുന്നു. അങ്ങനെ, വാക്കുകൾക്ക് എന്നെ സംബന്ധിച്ച് അർത്ഥമൊന്നുമില്ലായിരുന്നു. സ്നേഹിക്കുന്നു എന്നു പറയുക മാത്രമല്ല, നമ്മിലൂടെ മറ്റുള്ളവർക്കു പകർന്നു കൊടുക്കേണ്ടുന്ന ദൈവസ്നേഹം എന്റെ ഭരർത്താവു കാണിച്ചുതരികയും ചെയ്തു. അദ്ദേ ഹത്തിന്റെ സ്വന്തം സ്നേഹം!

## നിയന്ത്രണാതീതമായ കോപം

കോപം നിയന്ത്രണാതീതമായാൽ പൊടുന്നനെ ഉഗ്രമാകാനിടയുണ്ട്. അത് അപകടകരമാണ്. ഈ ഘട്ടത്തിൽ ആളുകൾ പറയുന്നതും പ്രവർത്തിക്കു ന്നതും ജീവിതത്തെന്നെ മാറ്റിമറിക്കാവുന്ന കാര്യങ്ങളാണ. "ദേഷ്യംകൊണ്ട് എനിക്കു കണ്ണു കാണാതായി" എന്ന പറച്ചിൽ എപ്പോഴെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ? എന്റെ ആന്റിയോടു കോപിച്ച ദിവസം അങ്ങനെയായിരുന്നു എനിക്കനുഭവപ്പെട്ടത്. കൈകാര്യം ചെയ്യാവുന്നതിനപ്പുറമായ നിലയിലായി രുന്നു അന്നത്തെ ദേഷ്യമെന്ന് ഇപ്പോൾ എനിക്കറിയാം. നീക്കിക്കളയേണ്ടുന്ന ഒരു നീരസം എന്നിൽ വളരാൻ ഞാനനുവദിച്ചു. ആന്റിയുമായുണ്ടായ പ്രശ്നം ഒട്ടകത്തിന്റെ പുറം പൊട്ടിക്കുന്ന പുല്ലായിരുന്നെന്നു പറയാം.

മറ്റുള്ളവർ നമ്മളോടും കോപിക്കുമ്പോൾ, തത്ക്കാലസാഹചര്യത്തെ ക്കാൾ വളരെയധികം പിന്നീടാണു കോപിക്കുന്നത്. വണ്ടിയോടിച്ചുപോകു മ്പോൾ, ശരിയായ സിഗ്നൽ കാണിക്കാത്തതുകൊണ്ട് ആളുകൾ രോഷാ കുലരാകാറുണ്ട്. തെറ്റിനാനുപാതികമായ കോപമാണ് അവരുടേത്. നമ്മുടെ

ഒരു ചെറിയ തെറ്റു നിമിത്തം നമ്മളെ വേദനിപ്പിക്കാൻ മതിയായ ദേഷ്യമായിരുന്നു അവരുടേത്. കോപം നമ്മുടെ നേർക്കായിരുന്നെങ്കിലും, അതു വാസ്തവത്തിൽ നമ്മുടെ നേർക്കുള്ളതേയല്ല. വർഷങ്ങളായി പരിഹരിക്കാത്ത കാര്യങ്ങളുടെ ആകെത്തുകയാകാം അത്. ഒരു തോക്കുധാരി ഒരു കെട്ടിടത്തിൽ പ്രവേശിച്ച് ഒരുപാടുപേരെ വെടിവയ്ക്കുന്നു, ചിലർ കൊല്ലപ്പെടുന്നു, ചിലർക്കു പരിക്കു പറ്റുന്നു. ഇന്നു നാം കൂടെക്കൂടെ കേൾക്കുന്ന ഒരു സംഭവമാണിത്. രോഷാകുലനായ അയാൾ, അയാൾക്കൊരിക്കലും അറിയാത്തവരെയാണു വെടിവയ്ക്കുന്നത്, എന്തുകൊണ്ട്? അയാളുടെ രോഷം ഉയർന്നുയർന്നു നിയന്ത്രണാതീതമായ ക്രൂരതയായിത്തീരുന്നതുകൊണ്ട്.

രോഷംകൊണ്ടു ചിലരെ കൊന്നിട്ട് ഇന്ന് എത്ര പേരാണു ജയിലുകളിലുള്ളത്? ഉഗ്രകോപത്തിൽ ഭയങ്കരവും മുറിപ്പെടുത്തുന്നതുമായ സംസാരമുണ്ടായതു മൂലം എത്രയോ ബന്ധങ്ങളാണു തകർന്നുപോയത്? കോപം വേണ്ടതുപോലെ നിയന്ത്രിക്കാൻ പഠിച്ചിരുന്നെങ്കിൽ എത്രപേരുടെ ജീവിതം മെച്ചപ്പെടുമായിരുന്നു!

യാതൊരു തെറ്റും ചെയ്യാത്ത, തങ്ങളെ രക്ഷിക്കാൻ വന്ന യേശുവിനെ ക്രൂശിക്കാനൊരുമ്പെട്ട യഹൂദന്മാരുടെ രോഷം അങ്ങേയറ്റം ഞെട്ടിപ്പിക്കുന്നതായിരുന്നു. ഈ അന്യായനടപടി ചരിത്രത്തിലെ ഏറ്റവും നടുക്കുന്ന ഒന്നായിരുന്നു. എന്നിട്ടും ദൈവമതു ക്ഷമിക്കുകയും, നമ്മുടെ വീണ്ടെടുപ്പിനും യഥാസ്ഥാനത്തിനും വേണ്ടിയുള്ള ഒരു പദ്ധതിയുളവാക്കുകയും ചെയ്തു. വിസ്മയിപ്പിക്കുന്ന സ്നേഹം!

രോഷമൊഴിവാക്കാനുള്ള ഏകമാർഗ്ഗം, കോപിക്കുമ്പോൾ 100 വരെ, അല്ലെങ്കിൽ 1000 വരെ എണ്ണുക എന്നുള്ളതാണ്. അല്ലെങ്കിൽ നിങ്ങൾ ശാന്തമാകുന്നതുവരെയുള്ള ഉയർന്ന സംഖ്യ എണ്ണുക. എന്തെങ്കിലും പറയുന്നതിനോ പ്രവർത്തിക്കുന്നതിനതോ മുമ്പ് അതു ചെയ്യുക. ഞാൻ സദാ പറയാറുണ്ട്, “വികാരങ്ങൾ അടങ്ങിയിട്ടു തീരുമാനിക്കട്ടെ.”

## നിങ്ങളുടെ വൈകാരികശേഷി കോപിച്ചു പാഴാക്കരുത്

കോപിക്കുന്നതിന് ഒരു ഊർജ്ജം വേണ്ടിവരുന്നു. കോപിച്ചുകഴിയുമ്പോൾ നിങ്ങൾ എത്രമാത്രം ക്ഷീണിക്കുന്നുവെന്നു ശ്രദ്ധിച്ചിട്ടുണ്ടോ? ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഇനിയെനിക്ക് അതിനു നേരമില്ലെന്ന് എന്റെ പ്രായത്തിൽ ഞാൻ

ഗ്രഹിച്ചിട്ടുണ്ട്. നീതിപൂർവ്വമായ കോപമല്ലെങ്കിൽ, ആർക്കുമൊരു ഗുണവും ചെയ്യാത്ത ഒരു പാഴ്‌വേലയാണു കോപം. വേറൊരു അദ്ധ്യായത്തിലെ വിഷയമാണത്. ഒരിക്കൽ കോപിച്ചാൽപ്പിന്നെ ശാന്തമാകാൻ ഒത്തിരി സമയം എനിക്കു വേണമെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അവസാനം ഞാൻ മനസ്സിലാക്കിയ യാഥാർത്ഥ്യം, കോപിക്കുന്നതിനും ശാന്തമാകുന്നതിനും ഒരു പാട് ഊർജ്ജം ചെലവഴിക്കുന്നതിനെക്കാൾ, അതു നിയന്ത്രിക്കുന്ന രീതിയിൽ കോപിക്കുന്നതാണ് നല്ലതെന്നാണ്. ഇതാ, നല്ലൊരു ഉപദേശം: നിങ്ങൾക്ക് ആരോടെങ്കിലും യോജിക്കാനാവാതെവന്നാൽ, ആ വ്യക്തിയെ ദൈവത്തിനു വിട്ടുകൊടുക്കുക. ആരാണു തെറ്റു ചെയ്തത്, ആരാണു ശരി ചെയ്തതെന്നു വെളിപ്പെടുത്തുന്നതിനു ദൈവത്തോട് അപേക്ഷിക്കുക. നിങ്ങളാണു തെറ്റു ചെയ്തതെങ്കിൽ അതിനെ നേരിടാൻ സന്നദ്ധത കാട്ടുക.

നിസ്സാരകാര്യങ്ങളെച്ചൊല്ലി വർഷങ്ങളോളം ഞാനും ഡേവും തമ്മിൽ വഴക്കടിച്ചുപോന്നു. അങ്ങനെ എന്റെ ഊർജ്ജം ഞാൻ പാഴാക്കി. എന്റെ പക്ഷത്താണു ശരിയെന്നു സ്ഥാപിക്കാൻ ഞാനാഗ്രഹിച്ചതല്ലാതെ വാസ്തവത്തിൽ അതിലൊരു വ്യത്യസ്തതയുമില്ലായിരുന്നു. എന്നാൽ സ്നേഹം അതിന്റെ ആ അവകാശം ഉപേക്ഷിച്ചു (1 കൊരി. 13:5). ശരിയെന്ന വാദം പൊട്ടിത്തെറിയല്ലാതെ മറ്റൊന്നുമായിരിക്കില്ല! അതിനുവേണ്ടി ചെലവിടുന്ന ഊർജ്ജം മിക്കപ്പോഴും പാഴാകുകയാണ്. "നീ പറഞ്ഞതാണു ശരി" എന്ന് എന്റെ ഭർത്താവിനെക്കൊണ്ടു പറയിക്കാൻ ഞാനൊരുപാടു വാദിച്ചപ്പോഴും എനിക്കു വിജയിക്കാനായില്ല.

കാരണം, എന്റെ പെരുമാറ്റംകൊണ്ടു ഞാൻ ദൈവത്തെ നിരാശനാക്കുകയും ചുറ്റുമുള്ളവരോടു തീരെ മാതൃകയില്ലാതെ പെരുമാറുകയും ചെയ്തു.

സമാധാനം നമുക്കു ശക്തി തരുന്നു, എന്നാൽ കോപം നമ്മെ ക്ഷീണിപ്പിക്കുന്നു. ദൈവത്തോടുകൂടെയും നമ്മോടുകൂടെയും മറ്റുള്ളവരോടുകൂടെയുമുള്ള സമാധാനം നമുക്കു പിൻതുടരാം.

ജീവിതത്തെ സ്നേഹിക്കുകയും ശുഭകാലം കാണുവാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ, തന്റെ നാവിനെയും വ്യാജം പറയാതെ തന്റെ അധരത്തെയും കാത്തുകൊള്ളട്ടെ. അവൻ ദോഷം വിട്ടകന്നു ഗുണം ചെയ്യുകയും സമാധാനം അന്വേഷിച്ചു പിന്തുടരുകയും ചെയ്യട്ടെ.

*1 പത്രോസ് 3:10-11*

മുകളിലുള്ള ഈ വചനഭാഗം നിങ്ങൾ വായിച്ചുവെന്നു ഞാൻ കരുതുന്നു. സമാധാനത്തിനായി ഞാൻ പ്രാർത്ഥിച്ചാൽ മാത്രം പോരാ, പൂർണ്ണഹൃദയത്തോടെ അത് അന്വേഷിച്ചു പിന്തുടരണമെന്ന് എനിക്കതു മനസ്സിലാക്കിത്തന്നു. വിട്ടുവീഴ്ചകൾക്കും, മറ്റുള്ളവരെ അംഗീകരിക്കുന്നതിനും എനിക്കു മനസ്സുണ്ടാകണം; എങ്കിലേ സമാധാനമുണ്ടാകൂ. എന്റെ ആന്റിയെ വിളിച്ചു ഞാൻ ക്ഷമ ചോദിച്ചതുപോലെ എന്നെത്തന്നെ എളിമപ്പെടുത്തണം. എങ്കിലേ യഥാർത്ഥ സമാധാനം ലഭിക്കൂ.

നിങ്ങൾക്കു സമാധാനത്തിന്റെ വിലയറിയാമോ? അത് അങ്ങേയറ്റം വിലയുള്ളതാണെന്നു നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ, നിങ്ങൾ അതിനുവേണ്ടി ചെയ്യേണ്ടുന്നത് ഒരിക്കലും ചെയ്യുകയില്ല. കോപം നിയന്ത്രിക്കുന്നതും ഔദാര്യമായി ക്ഷണത്തിൽ ക്ഷമിക്കുന്നതും സമാധാനം നിലനിർത്തുന്നതിന്റെ ഘടകങ്ങളാണ്. എന്നാൽ നമ്മുടെ ആഗ്രഹങ്ങൾ (വിശേഷിച്ചു നമ്മുടെ ഭാഗത്താണ് ശരിയെന്നുള്ള ആഗ്രഹം) ബലി കഴിക്കാനുള്ള സന്നദ്ധതയും വേണം. യേശുക്രിസ്തുവിലൂടെ ദൈവം നൽകിയ സമാധാനം ആസ്വദിക്കുന്നതിന്റെ ദിനംപ്രതിയുള്ള ഘടകമാണത്. എന്നെ ന്യായീകരിക്കാൻ ഞാൻ ശ്രമിക്കുന്നതിനെക്കാൾ ഏറ്റവും നല്ല രീതിയിൽ അതു ചെയ്യുന്നതു ദൈവമാണെന്നു ഞാൻ കണ്ടെത്തി. നിങ്ങളുടെ ജീവിതത്തിൽ ദൈവം ദൈവമായിരിക്കട്ടെ; അങ്ങനെ കൂടുതൽ സമാധാനം നിങ്ങൾ അനുഭവിക്കും.

കോപമെന്ന വികാരം നിങ്ങളെ ഭരിക്കേണ്ടതില്ല. അതിന്റെ വൃത്തികെട്ട തലയുയർത്തുന്നതിന് അതു സദാ തക്കം പാർത്തു നടക്കുകയാണ്. എന്നാൽ പരിശുദ്ധാത്മാവിന്റെ നായകത്വം, പ്രാർത്ഥന, ആത്മനിയന്ത്രണം എന്നിവയിലൂടെ നമുക്കതിനു വഴിപ്പെടാതിരിക്കാം. നമ്മുടെ ശത്രുക്കളുടെയിടയിൽ വാഴുന്നതിനു ദൈവം നമുക്കു ശക്തി നൽകുമെന്നു ദൈവവചനം പ്രസ്താവിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം എന്റെ ജീവിതത്തിലെ ഒരു ശത്രുവായ കോപത്തിനു കീഴടങ്ങാൻ ഞാനൊരുക്കമല്ല. നിങ്ങൾക്കു തന്നെ ഒരുപകാരം ചെയ്യുക... കോപം വിട്ടുകളയുക... കോപത്തെ തള്ളിനീക്കുക, അങ്ങനെ ദൈവത്തിന്റെ സമാധാനം ആസ്വദിക്കുക.

## അദ്ധ്യായം

## 3

# കോപത്തിന്റെ വേരുകൾ

നമ്മളെ കോപിപ്പിക്കുന്ന കാര്യങ്ങളുണ്ട്, അപ്പോൾത്തന്നെ പ്രത്യേകിച്ചു കാരണമൊന്നുമില്ലാതെ കോപിക്കുന്നവരുമുണ്ട്; അവർ വെറുതെയങ്ങു കോപിക്കുകയാണ്. എവിടെനിന്നാണു കോപമുണ്ടാകുന്നതെന്നു ചിലപ്പോൾ നമുക്ക് അറിയുകയില്ല. ഒന്നിലധികം പേർ എന്നോടു പറഞ്ഞിട്ടുണ്ട്, "ഞാൻ ഒരുപാടു കോപിക്കാറുണ്ട്. എന്തിനാണെന്നുപോലും എനിക്കറിയില്ല..... എനിക്കെന്താണു പറ്റിയത്?" അവരുടെ കോപത്തിന്റെ വേര് എവിടെയോ ഉണ്ട്. പ്രാർത്ഥനയോടെ അല്പമൊന്നു കുഴിച്ചുനോക്കിയാൽ, സത്യം ഒരുപാടു വെളിയിൽ വരും. ഞാൻ ദൈവത്തോടു ചോദിക്കുമ്പോൾ എന്റെ പ്രശ്നമെന്തെന്നു ദൈവം കാണിച്ചു തരാറുണ്ട്. ഞാൻ കേൾക്കാനാഗ്രഹിക്കുന്നതല്ല പലപ്പോഴും ദൈവമെനിക്കു കാണിച്ചുതരുന്നത്. പ്രത്യേകിച്ചു ഞാനാണ് പ്രശ്നക്കാരിയെന്നു ദൈവം വെളിപ്പെടുത്തുമ്പോൾ. എന്നാൽ നമ്മുടെ ഉള്ളിന്റെയുള്ളിലെ സത്യം നാം അഭിമുഖീകരിക്കുകയും അതു നമ്മെ സ്വതന്ത്രരാക്കുകയും ചെയ്യണമെന്നാണുദൈവം ആഗ്രഹിക്കുന്നത്.

മദ്ധ്യവയസ്കയാകുന്നതുവരെ, കോപം എനിക്കൊരു പ്രശ്നമായിരുന്നു. ഞാൻ വിചാരിക്കുന്നതുപോലെ കാര്യം നടക്കാതെ വരുമ്പോൾ, എന്റെ കോപം പെട്ടെന്നു ജ്വലിച്ചിരുന്നു. കാരണം, അതേ രീതിയിൽ എന്റെ പിതാവു കോപിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. കോപശീലമുള്ള കുടുംബത്തിൽനിന്നാണു കോപിക്കുന്നയാളുകൾ വരുന്നത്. അതു കണ്ടുപഠിച്ച പെരുമാറ്റമാണ്. ഏറ്റുമുട്ടലുണ്ടാകുന്നതുവരെ അത് അവശേഷിക്കും. ഉദാഹരണമായി,

ഭാര്യമാരെ തല്ലുന്ന ഭർത്താക്കന്മാരുണ്ടല്ലോ. അവരുടെ കുട്ടിക്കാലത്ത്, അവരുടെ അമ്മമാരെ അപ്പന്മാർ തല്ലുന്നതു കണ്ടിട്ടുള്ളവരാണ്. ഇതു കണക്കുകൾ തെളിയിച്ചിട്ടുണ്ട്. അമ്മമാരെ തല്ലുന്നത് അവരെ അന്നു വെറുപ്പിച്ചിട്ടുണ്ടെങ്കിലും, ഇപ്പോൾ അവരും അതേ രീതിയിലാണു കലഹിക്കുന്നത്.

എന്റെ പിതാവ് അമ്മയെ കൂടെക്കൂടെ ആക്രമിക്കുമായിരുന്നു, വിശേഷിച്ചും മദ്യപിക്കുമ്പോൾ. അദ്ദേഹമൊരു മുൻകോപിയായിരുന്നു. ഇതിന്റെ കാരണമെന്താണെന്നു പൂർണ്ണമായും ഞങ്ങൾ ചികഞ്ഞുനോക്കിയിട്ടില്ലെങ്കിലും, പിതാവിന്റെ പിതാവും മുൻകോപിയായിരുന്നെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു. വല്ല്യപ്പച്ചനെ സന്തോഷിപ്പിക്കാൻ വളരെ പ്രയാസമായിരുന്നു. കോപത്തെ ഒരു നിയന്ത്രണോപാധിയായി അദ്ദേഹം ഉപയോഗിച്ചിരുന്നു. പാപപ്രവൃത്തികളും അതിനോടനുബന്ധിച്ചുള്ള പെരുമാറ്റങ്ങളും തലമുറയിൽനിന്നു തലമുറയിലേക്കു കൈമാറുന്നതാണ്. ദൈവത്തെ സ്നേഹിക്കാനും ദൈവികപ്രമാണങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാനും പഠിക്കുന്നില്ലെങ്കിൽ അതിങ്ങനെ തുടർന്നുപോകും. ദൈവവചനം ഇതാണു നമ്മെ പഠിപ്പിക്കുന്നത് (ആവ. 5:8–10).

കോപവും ആക്രമണവുമൊക്കെ എന്റെ കുടുംബത്തിൽ പൊട്ടിത്തകരുന്നതു ഞാൻ കണ്ടിട്ടുണ്ട്. കോപിക്കുന്ന ഏതൊരു വ്യക്തിയുടെയും ജീവിതത്തിൽ ഇതേ കാര്യം നടക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. അല്പം സമയം ചെലവിട്ട്, നിങ്ങൾ വളർന്ന കുടുംബത്തെക്കുറിച്ച് ചിന്തിക്കുക. എന്തായിരുന്നു അവിടുത്തെ അന്തരീക്ഷം? കലഹിച്ചപ്പോൾ മുതിർന്നവർ പരസ്പരം പെരുമാറിയത് എങ്ങനെയായിരുന്നു? ഭവനം സംഘർഷഭരിതമായിരുന്നോ, അതോ കുടുംബാംഗങ്ങൾ തുറന്ന സമീപനത്തോടെ ഇടപെട്ടിരുന്നോ? ഭക്തിയുള്ള കുടുംബാന്തരീക്ഷത്തിലാണു നിങ്ങൾ വളർന്നതെങ്കിൽ, നിങ്ങൾ ദൈവത്തിനു നന്ദി പറയണം. കാരണം നിങ്ങൾക്കു നല്ലൊരു തുടക്കം അതിൽനിന്നു ലഭിച്ചു. എങ്കിലും, ഇങ്ങനെയുള്ള നല്ല മാതൃകയില്ലാത്തവർക്ക്, ദൈവസ്നേഹവും ദൈവവചനത്തിലെ സത്യവും മൂലം ഇതിൽനിന്നു രക്ഷപ്പെടാൻ കഴിയും.

## ദൈവികമായ ഏറ്റുമുട്ടൽ എങ്ങനെ നടപ്പാക്കാം

എന്റെ പിതാവ് ആക്രമണകാരിയായിരുന്നുവെന്നു മാത്രമല്ല, എന്റെ മാതാവ് അദ്ദേഹത്തോട് എതിരിട്ടിട്ടേയില്ല. അമ്മ ഭീരുവായിരുന്നു. പിതാവിന്റെ ചൊല്പടിക്ക് അമ്മ കീഴടങ്ങി. അമ്മ സ്വയം സംരക്ഷിച്ചില്ലെന്നതു പോക

ട്ടെ, അപ്പന്റെ കൈയിൽനിന്ന് എന്നെയും സംരക്ഷിച്ചില്ല. അമ്മയുടെ ബലഹീനത എനിക്കു പുച്ഛമായിരുന്നു. ചെറുപ്പത്തിൽത്തന്നെ ഞാനൊരു കാര്യം തീരുമാനിച്ചു: ഞാനൊരിക്കലും ബലഹീനയാവുകയോ, എന്നോടു മോശമായിപ്പെരുമാറാൻ ആരെയും അനുവദിക്കുകയോ ഇല്ല. എന്നെത്തന്നെ സംരക്ഷിക്കാനുള്ള ശ്രമത്തിൽ ഞാൻ നിയന്ത്രിക്കുന്നവളായിത്തീർന്നു. എല്ലാറ്റിനെയും എല്ലാവരെയും നിയന്ത്രണത്തിലാക്കിയാൽപ്പിന്നെ എനിക്കു നോവുകയില്ലെന്നു ഞാൻ കരുതി. പക്ഷേ, എന്റെ പെരുമാറ്റം വിജയിച്ചില്ല. കാരണം, അതു ദൈവികമല്ലായിരുന്നു. എന്റെ ഭർത്താവ് ദൈവികമായ ഏറ്റുമുട്ടലാണ് ഞങ്ങളുടെ കുടുംബബന്ധത്തിൽ നടത്തിയത്. സമയമെടുത്തെങ്കിലും എന്നിൽ അതു മാറ്റം വരുത്താൻ സഹായിച്ചു.

സമാധാനത്തിലേക്കും സമാധാനം പിൻതുടരാനും നാം വിളിക്കപ്പെട്ടവരാണെങ്കിലും, നമ്മളോടു മോശമായിപ്പെരുമാറുന്നവരോട് ഏറ്റുമുട്ടാൻ നാം ഭയപ്പെടുന്നു. അതു പ്രശ്നം കൈകാര്യം ചെയ്യാനുള്ള മാർഗ്ഗമല്ല. ഞങ്ങളുടെ ജീവിതത്തിൽ ഞങ്ങൾ മനസ്സിലാക്കിയ കാര്യം, തുറന്ന സമീപനവും സത്യവുമാണ് എപ്പോഴും നല്ലത്. ഞങ്ങൾക്കു നാലു മുതിർന്ന മക്കളുണ്ട്. ഞങ്ങളൊരുമിച്ച് ഒരുപാടു സമയം ചെലവിടുന്നു. ഞങ്ങൾ കോപിക്കുന്ന സമയങ്ങളുണ്ട്. തർക്കമുണ്ടാക്കുന്ന കാര്യങ്ങൾ പറയാറുമുണ്ട്. പക്ഷേ, ആരും ദീർഘനേരം കോപിച്ചിരിക്കുകയില്ലെന്നു സസന്തോഷം ഞാൻ പറയട്ടെ. ഞങ്ങളുടെ പ്രശ്നങ്ങൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ, ഞങ്ങൾക്കു യോജിക്കാൻ കഴിയില്ലെങ്കിലും, യോജിക്കാവുന്നതുപോലെ വിയോജിക്കാനാണു ഞങ്ങൾ ശ്രമിക്കുന്നത്. കലഹത്തിന്റെ അപകടം ഞങ്ങൾക്കറിയാം. അതു ഞങ്ങളുടെ കുടുംബത്തിനു പുറത്തു നിർത്താൻ ഞങ്ങൾ സമർപ്പിതരാണ്. ഞാനൊരു കോപശീലമുള്ള കുടുംബത്തിലാണു വളർന്നത്. സ്വാഭാവികമായി അത് എന്റെ കുടുംബത്തിലും വന്നു. എന്നാലും, ആ പാപകിലമായ മാതൃക ദൈവകൃപയാൽ, ദൈവവചനം അനുസരിക്കുന്നതിനാൽ തകർന്നുപോയി.

ദൈവികമായ എതിർപ്പു തുടങ്ങുന്നത് എതിർപ്പിലൂടെയാണ്. അങ്ങനെ ചെയ്യാൻ ദൈവം നമ്മെ നയിക്കുമ്പോഴും അതു വരെ നാം കാത്തിരിക്കുമ്പോഴുമാണ് അത് ആരംഭിക്കുക. അമിതമായ എതിർപ്പ്, കോപിക്കുന്നയാളെ അത്യധികം കോപിപ്പിക്കുകയേ ഉള്ളൂ. ശാന്തമായും സ്നേഹമായും പ്രശ്നം പറയുക. ലളിതമായും ലഘുവായും സംസാരിക്കുക. കോപത്തെ കോപിച്ചുകൊണ്ട് എതിരിട്ടാൽ ഫലമൊന്നുമില്ല. അതുകൊണ്ട് എതിർപ്പു പ്രകടിപ്പിക്കുമ്പോൾ ശാന്തമായിരിക്കുക.

മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു. കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു

*സദൃശവാക്യങ്ങൾ 15:1*

സാന്ത്വനമരുളുന്ന നാവ് ജീവവൃക്ഷമാകുന്നു; തിന്റെ വക്രതയോ ആത്മാവിനെ തകർക്കുന്നു.

*സദൃശവാക്യങ്ങൾ 15:4*

ദീർഘക്ഷമകൊണ്ടു പ്രഭുവിനു സമ്മതം വരുന്നു; മൃദുവായുള്ള നാവ് അസ്ഥിയെ നുറുക്കുന്നു.

*സദൃശവാക്യങ്ങൾ 25:15*

നിങ്ങൾക്ക് എതിർപ്പുള്ളയാളോട്, അയാളുടെ പെരുമാറ്റം നിങ്ങൾക്ക് എങ്ങനെയനുഭവപ്പെടുന്നുവെന്നു പറയുക. അത് അംഗീകരിക്കാനാവില്ലെന്ന് അവരറിയട്ടെ. നിങ്ങളുടെ ശബ്ദം സൗമ്യവും, അപ്പോൾത്തന്നെ ഉറച്ചതുമായിരിക്കട്ടെ. നിങ്ങൾ ആ വ്യക്തിയെ സ്നേഹിക്കുന്നുവെന്നും, തമ്മിലുള്ള ബന്ധം ആരോഗ്യകരമായിത്തുടരണമെന്നും ഉറപ്പിക്കുക. എന്നാൽ ഏതു തരത്തിലുള്ള അപമാനവും സഹിക്കുകയില്ലെന്നും അറിയിക്കണം. നിങ്ങൾ പറയുന്നത് ആദ്യം അയാൾ അംഗീകരിച്ചില്ലെങ്കിലും അതിശയിക്കരുത്. നമ്മുടെ ആശയങ്ങളിൽ കാര്യങ്ങൾ മുങ്ങുന്നതിനു സമയമെടുക്കും. പ്രശ്നക്കാരനെന്നനിലയിൽ നിങ്ങളെ കുറ്റപ്പെടുത്തുകയും നിങ്ങളോടു കോപിക്കുകയും ചെയ്താലും അത്ഭുതപ്പെടേണ്ടതില്ല. നിങ്ങളുടെ തീരുമാനത്തിൽ മുറുകെപ്പിടിക്കുക, ഒരുപാടു പ്രാർത്ഥിക്കുക, ദൈവത്തിനു പ്രവർത്തിക്കാനുള്ള സമയം കൊടുക്കുക. പിന്നീട് ആ വ്യക്തി നിങ്ങളുടെയടുക്കൽ വന്നു ഖേദം പ്രകടിപ്പിക്കും, നിങ്ങളുടെ ഭാഗത്താണു ശരിയെന്ന് അവർ മനസ്സിലാക്കും.

എന്റെ ഭർത്താവ് എന്നോട് ഏറ്റുമുട്ടിയപ്പോൾ എന്നോടു പറഞ്ഞത് എന്നെ സ്നേഹിക്കുന്നുവെന്നാണ്. എന്നാൽ എന്റെ ദൈവികമല്ലാത്ത പെരുമാറ്റം നേരിടുന്നതിനും എനിക്കു മാറ്റം വരുത്താൻ ദൈവത്തെ അനുവദിക്കാനും മനസ്സില്ലാത്തതുകൊണ്ട് എന്നെ അദ്ദേഹത്തിനു ബഹുമാനിക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. എന്റെ മനോഭാവവും പെരുമാറ്റവും അദ്ദേഹത്തെ എത്രമാത്രം ബാധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ

വികാരങ്ങൾക്കുണ്ടായ മുറിവുകൾ കരിയാൻ ഒരുപാടു സമയമെടുക്കുമെന്നും എനിക്കദ്ദേഹം മനസ്സിലാക്കിത്തന്നു. അദ്ദേഹമൊരിക്കലും എന്നോടു മോശമായി ഇടപെട്ടില്ല. ഒന്നും പറയാതെ എന്നെ ജീവിതത്തിനു പുറത്താക്കിയുമില്ല. എന്നാൽ അദ്ദേഹം ഉറപ്പും നിർണ്ണയവുമുള്ളവനായിരുന്നു. ആദ്യം ആത്മരക്ഷാർത്ഥം, അദ്ദേഹത്തിന്റെ കുറ്റങ്ങളെല്ലാം പറയാൻ ഞാന് ശ്രമിച്ചു. എന്നാൽ ക്രമേണ എന്റെ ഉത്തരവാദിത്വം ഞാൻ അംഗീകരിക്കുകയും, മാറ്റമുണ്ടാക്കാൻ പരിശുദ്ധാത്മാവിനോടൊപ്പം പ്രവർത്തിക്കുകയും ചെയ്തു. ശാന്തമായും ഉറപ്പായും എന്റെ ഭർത്താവു കാട്ടിയ സ്ഥിരത വളരെ പ്രധാനപ്പെട്ട ഒരു പ്രക്രിയയായിരുന്നു. ഏറ്റുമുട്ടലിന്റെ സാഹചര്യത്തിലായ ഏതൊരാളെ സംബന്ധിച്ചും അതു പ്രധാനപ്പെട്ടതാണ്.

## ഉപയോഗവും ദുരുപയോഗവും

ദുർവ്വിനിയോഗമെന്നാൽ ദുരുപയോഗം, അഥവാ ശരിയായ രീതിയിൽ ഉപയോഗിക്കാത്തതെന്നാണ് അർത്ഥം. ഒരു പിതാവ് കുഞ്ഞിനെ ലൈംഗികമായി ഉപയോഗിക്കുമ്പോൾ, അതു തെറ്റായ രീതിയാണ്. അമ്മ മക്കളോടു സ്നേഹമില്ലാതെ പെരുമാറുമ്പോൾ, അതും ശരിയായ രീതിയല്ല. ഭാര്യയെ ഭർത്താവു തല്ലുമ്പോൾ, അയാൾ ദുരുപയോഗം ചെയ്യുകയാണ്. ഒരാൾ മറ്റൊരാളെ നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ അതു ദുരുപയോഗമാണ്. സ്നേഹം, അംഗീകാരം, സ്വാതന്ത്ര്യം എന്നിവയാവശ്യമുള്ള നിലയിലാണു ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. ഈ ആവശ്യമെല്ലാം നമ്മുടെ DNA യുടെ ഭാഗമാണ്. ഇവയില്ലാതെ നമുക്കൊരിക്കലും ശരിയായി പ്രവർത്തിക്കാൻ കഴിയില്ല.

ഇന്നത്തെ നമ്മുടെ സമൂഹത്തിലെ ദുരുപയോഗം എന്നെ വികാരഭരിതയാക്കുന്നു. കോപിക്കുന്ന ഒരു ലോകത്തിലാണോ നാം ജീവിക്കുന്നതെന്നു തോന്നിപ്പോകുന്നു. ഏതു നിമിഷത്തിലും പൊട്ടിത്തെറിക്കാവുന്ന റ്റൈം ബോംബുകളെപ്പോലെയാണോ ആളുകളെന്നും തോന്നിപ്പോകാറുണ്ട്. ആളുകൾ വളരെ തന്നിഷ്ടക്കാരും സ്വാർത്ഥരുമായിത്തീർന്നിരിക്കുന്നു. അവർക്കൊപ്പം അവരുടെ കോപവും വളർന്നിരിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം, നാം നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാമുള്ള ഉത്തരം ദൈവം മാത്രമാണ്. ലോകത്തിന്റെ പ്രവൃത്തി നിയന്ത്രിക്കാൻ നമുക്കാവില്ല. എന്നാൽ ലോകപ്രകാരം നടക്കാതിരിക്കാൻ നമുക്കാവും. ദൈവത്തിനും അവന്റെ വഴി

കൾക്കും അനുസൃതമായിരിക്കണം നമ്മുടെ തീരുമാനങ്ങൾ. നമ്മളതു ചെയ്യുമ്പോൾ നമ്മുടെ ജീവിതം പ്രകാശമായിത്തീരും. അതു മറ്റുള്ളവർക്കു ശോഭിക്കുന്ന ഒരു മാതൃകയായിരിക്കും. "ആരെ നിങ്ങൾ ആരാധിക്കുമെന്ന് ഇന്നു തിരഞ്ഞെടുക്കുക... ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും (ആരാധിക്കും)." *(യോശുവ 24:15.)*

ഏതു തരത്തിലുള്ള ദുർവ്വിനിയോഗവും ആളുകളെ കോപിപ്പിക്കും. നിങ്ങളോടു മോശമായി ഇടപെട്ടവരോടു നിങ്ങൾക്കു ഭ്രാന്തമായ കോപമുണ്ടോ? അവരോടു ക്ഷമിക്കുന്നതു നിങ്ങളുടെ ആകെക്കൂടിയുള്ള സൗഖ്യത്തിന്റെയും മാറ്റത്തിന്റെയും തുടക്കമാകാം. യോഹന്നാൻ 20:23 ൽ യേശു പറയുന്നു: "നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ക്ഷമിച്ചാൽ അവരുടേതു ക്ഷമിക്കപ്പെടും; നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ നിലനിർത്തിയാൽ അവ നിലനിർത്തപ്പെടും." നമ്മെ വേദനിപ്പിച്ചവരോടു ക്ഷമിക്കാൻ നമുക്കു മനസ്സില്ലാതിരിക്കുമ്പോൾ, ആ പാപം നമ്മുടെയുള്ളിൽ വെച്ചുകൊണ്ട് ആവർത്തിക്കുകയാണ്. മോശമായ പെരുമാറ്റം അനുഭവിച്ചിട്ടുള്ള പലരും മോശമായി ഇടപെടുന്നവരായിത്തീരുന്നു. അവരെ മുറിവേല്പിച്ചവരോടു പൂർണ്ണമായി ക്ഷമിക്കുന്നതുവരെ, അവർ കോപിക്കുന്നവരും മാറ്റത്തിനു വിധേയരാകാൻ കഴിയാത്തവരുമാകുന്നു. നമ്മെ ഓരോരുത്തരെയും ആരെങ്കിലും വേദനിപ്പിക്കണമെന്ന് സാത്താൻ തീർച്ചയാക്കുന്നുണ്ട്. അങ്ങനെ നമ്മൾ കോപാകുലരായി ജീവിക്കണമെന്നാണ് അവന്റെ പ്രതീക്ഷ. എന്നാൽ സഭാപ്രസംഗി 7:9 ഓർക്കുക, "മൂഢന്മാരുടെ ഹൃദയത്തിലല്ലോ നീരസം (കോപം) വസിക്കുന്നത്." ആരെങ്കിലും നമ്മളെ വേദനിപ്പിക്കുമ്പോൾ അവരോടുള്ള കോപം വെച്ചുകൊണ്ടിരുന്നാൽ നാം മൂഢ ഢന്മാരാവുകയാണ്. നിങ്ങൾ നിങ്ങൾക്കു തന്നെ ഒരു ഉപകാരം ചെയ്യുക, ക്ഷമിക്കുക.

ബിൽ പെൽക് എന്നയാളിന്റെ വല്ല്യമ്മച്ചിയായ രുത്തിനെ, നാലു കൗമാരപ്രായക്കാരികൾ ചേർന്ന് 1985 ൽ കൊലപ്പെടുത്തി. നല്ലയൊരു ക്രിസ്ത്യാനിയായിരുന്ന അവർ, വീട്ടിൽ ബൈബിൾ ക്ലാസ് നടത്തിയിരുന്നു. ഒരു സായാഹ്നത്തിൽ, ഒരു കൂട്ടം പെൺകുട്ടികൾക്ക് വചനപഠനം നടത്താൻ അവർ വാതിൽ തുറന്നു കൊടുത്തു. പക്ഷേ അതിനു പകരം ആ പെൺകുട്ടികൾ വീടിനുള്ളിൽ കയറി അവരെ ക്രൂരമായി കൊല ചെയ്തു.

1986 നവംബറിലെ ഒരു രാത്രിയിൽ, ബിൽ തന്റെ വല്ല്യമ്മച്ചിയെക്കുറിച്ച് ഓർത്തു.

* * *

ബിൽ പെൽക് പറയുകയാണ്, 1986 നവംബർ 2നു രാത്രിയിൽ, എന്റെ വല്ല്യമ്മച്ചിയുടെ ജീവിതത്തെയും മരണത്തെയും ഞാനോർത്തു. അവരുടെ വിശ്വാസത്തെക്കുറിച്ചു ഞാൻ ചിന്തിക്കാൻ തുടങ്ങി. ഭക്തയായ ഒരു ക്രിസ്ത്യാനിയായിരുന്നു അവർ. ഞാനൊരു ക്രിസ്തീയഭവനത്തിലാണു വളർന്നത്. സ്വർഗ്ഗീയപിതാവു നമ്മുടെ കുറ്റങ്ങൾ ക്ഷമിക്കണമെങ്കിൽ, നമ്മോടു തെറ്റു ചെയ്തവരോടു നമ്മളും ക്ഷമിക്കണമെന്ന് യേശു കർത്താവ് പറഞ്ഞതു ഞാനോർത്തു... ക്ഷമിക്കുകയെന്നത് ഒരു ശീലമാക്കണം, ഒരു ജീവിതരീതിയാക്കണം. ക്ഷമിക്കുക, ക്ഷമിക്കുക, ക്ഷമിക്കുക, ക്ഷമിച്ചുകൊണ്ടേയിരിക്കുക ഇതായിരുന്നു യേശു പറഞ്ഞതെന്ന് എനിക്കു മനസ്സിലായി. എന്റെ വല്ല്യമ്മച്ചിയെ കൊന്നവരുടെ നേതാവായ പൗളാ കൂപ്പർ എന്ന പതിനഞ്ചുകാരിയോടു ക്ഷമിക്കാൻ ഞാൻ ശ്രമിക്കണമെന്നാകാം. ഞാനങ്ങനെ കരുതി. ഒരു ദിവസം ഞാനതു ചെയ്യും. കാരണം, ചെയ്യേണ്ടുന്ന ശരിയായ കാര്യം അതാണല്ലോ. എന്റെ വല്ല്യമ്മച്ചിയെക്കുറിച്ചു ഞാൻ കൂടുതലായി ആലോചിക്കുന്തോറും എനിക്കൊരു കാര്യം ബോദ്ധ്യമായി. പൗളായ്ക്കു നൽകിയ വധശിക്ഷ (വിധി) എന്റെ വല്ല്യമ്മച്ചിയെ അലട്ടുന്നുണ്ടാവും. ഞങ്ങളുടെ കുടുംബാംഗങ്ങളിലാരെങ്കിലും പൗളയോടു മനസ്സലിവു കാട്ടണമെന്നു വല്ല്യമ്മച്ചി ആഗ്രഹിക്കുന്നുണ്ടെന്നും എനിക്കുതോന്നി. ക്ഷമയാണു ശരിയായ കാര്യമെന്ന് എനിക്കു മനസ്സിലായിട്ടും, സ്നേഹവും മനസ്സലിവും ചോദ്യത്തിനപ്പുറമായിക്കാണപ്പെട്ടു. കാരണം, വല്ല്യമ്മച്ചി അത്രമാത്രം ക്രൂരമായാണു വധിക്കപ്പെട്ടത്. പക്ഷേ, വല്ല്യമ്മച്ചി ആഗ്രഹിക്കുന്നത് അതുതന്നെയാണെന്ന ബോദ്ധ്യം എനിക്കുണ്ടായി. അതു നേടാൻ മറ്റൊരു വഴിയുമില്ല. പൗളാ കൂപ്പറിനോടും അവളുടെ കുടുംബത്തോടുമുള്ള സ്നേഹവും മനസ്സലിവും എനിക്കു തരാൻ ഞാൻ ദൈവത്തോടു കെഞ്ചി. വല്ല്യമ്മച്ചിക്കുവേണ്ടി ഞാനതു ചെയ്യണമല്ലോ.

അതൊരു ചെറിയ പ്രാർത്ഥന മാത്രമായിരുന്നു. എന്നാൽ പെട്ടെന്നു ഞാൻ ചിന്തിക്കാൻ തുടങ്ങി. വല്ല്യമ്മച്ചി എങ്ങനെയുള്ള വ്യക്തിയായിരുന്നെന്നും, എന്തിനുവേണ്ടിയാണ് അവർ പൗളയെ വീട്ടിൽ പ്രവേശിപ്പിച്ചതെന്നും അവളെ കത്തെഴുതി അറിയിക്കുന്നത് എങ്ങനെയാണെന്ന് ഞാൻ ചിന്തിച്ചു. വല്ല്യമ്മച്ചിയുടെ വിശ്വാസം അവളുമായി പങ്കുവെയ്ക്കാൻ ഞാനാഗ്രഹിച്ചു.

സ്നേഹത്തിനും മനസ്സലിവിനുമായുള്ള പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ചെന്ന് എനിക്കു മനസ്സിലായി. കാരണം, എനിക്കു പൗളയെ സഹായിക്കണമായിരുന്നു. അവളെ വധിക്കുന്നതു തെറ്റാണെന്നും പെട്ടെന്ന് എനിക്കു തോന്നി. എന്റെ ജീവിതത്തിലെ ഏറ്റവും ശക്തമായ പാഠം ആ രാത്രിയിൽ ഞാൻ പഠിച്ചു. ക്ഷമയുടെ സൗഖ്യദായകശക്തിയെപ്പറ്റിയായിരുന്നു ആ പാഠം. എന്റെ ഹൃദയത്തിൽ മനസ്സലിവുണ്ടായപ്പോൾ, ക്ഷമ സ്ഥാനം പിടിച്ചു. ക്ഷമ വന്നപ്പോൾ അപാരമായ സൗഖ്യമുണ്ടായി. വല്ല്യമ്മച്ചി കൊല്ലപ്പെട്ടിട്ട് അന്ന് ഒന്നരവർഷമായിരുന്നു. അവരെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ എങ്ങനെയാണ് അവർ മരിച്ചതെന്ന ചിത്രമാണു മനസ്സിൽ വരുന്നത്. ഓർക്കാനാവാത്തത്ര ക്രൂരമായ മരണമായിരുന്നു അത്. എന്നാൽ എന്റെ ഹൃദയത്തിൽ അലിവും ക്ഷമയുമുണ്ടായപ്പോൾ, ആ നിമിഷം മുതൽ വല്ല്യമ്മച്ചിയെക്കുറിച്ചു ചിന്തിക്കുമ്പോഴൊക്കെ, അവർ മരിച്ച വിധം എന്റെ മനസ്സിൽ വന്നില്ല. മറിച്ച്, അവർ എങ്ങനെ ജീവിച്ചുവെന്നും, എന്തിനുവേണ്ടി നിലകൊണ്ടുവെന്നും എന്തു വിശ്വസിച്ചുവെന്നും എത്ര മനോഹരിയും ശ്രേഷ്ഠയുമായിരുന്നു അവരെന്നും ഞാൻ മനസ്സിൽകണ്ടു.

കൂപ്പർ ചെയ്തതുപോലെ വെറുതെ മാപ്പു കൊടുക്കുന്നതല്ല ക്ഷമ. അവളുടെ ആ പ്രവൃത്തിക്കു പരിണിതഫലവും ഇല്ലായെന്നതുമല്ല. ക്ഷമിക്കുക, മറക്കുക എന്നതുമല്ല അതിന്റെയർത്ഥം, വല്ല്യമ്മച്ചിക്കു സംഭവിച്ചതു ഞാനൊരിക്കലും മറക്കുകയില്ല. എന്നാൽ പൗളായ്ക്കു നല്ലതു വരട്ടെയെന്ന് ആഗ്രഹിക്കാൻ എനിക്കു കഴിയും.

* * *

മുകളിൽ വായിച്ചതുപോലെയുള്ള യഥാർത്ഥ അനുഭവങ്ങൾ വളരെ പ്രചോദിപ്പിക്കുന്നവയാണ്. നമ്മോടു ചെയ്തതിനപ്പുറത്തേക്കു നാം നോക്കിയാൽ, ഉൾപ്പെട്ടിട്ടുള്ളവർക്കെല്ലാം ദീർഘകാലയളവിൽ സംഭവിക്കാൻ പോകുന്ന ഏറ്റവും നല്ല കാര്യം എന്താണെന്നു കാണാം. അപ്പോൾ നമുക്കു വാസ്തവമായി ആരോടും ഏതു കാര്യത്തിനും ക്ഷമിക്കാൻ കഴിയും. എന്നെ വേദനിപ്പിച്ചവർ ചെയ്ത കാര്യത്തിൽ മാത്രം നോക്കാതെ, അവർ അവരോടു തന്നെ ചെയ്തതെന്താണെന്നു നന്നായിക്കാണാനും, അവരോടു ക്ഷമിക്കാനും അവർക്കായി പ്രാർത്ഥിക്കാനും ദൈവം എന്നെ പഠിപ്പിച്ചുകൊണ്ടേയിരുന്നു.

## കോപത്തിന്റെ വേര് സമ്പൂർണ്ണതയിലാണ്

നമ്മെക്കുറിച്ചോ മറ്റുള്ളവരെക്കുറിച്ചോ യാഥാർത്ഥ്യമല്ലാത്ത പ്രതീക്ഷകൾ നമുക്കുണ്ടെങ്കിൽ, അതു നമ്മുടെ ജീവിതത്തിൽ കോപത്തിന്റെ ഒരു വേരായിത്തീരാം. കാര്യങ്ങളെല്ലാം നൂറു ശതമാനം തികഞ്ഞതായിരിക്കണമെന്നു കരുതുന്നയാളെ തൃപ്തിപ്പെടുത്താനാവില്ല. ദൈവത്തെയും കൊള്ളുകയില്ല, ഏറ്റവും മികച്ചതുപോലും കൊള്ളുകയില്ല... കാര്യങ്ങൾ തികഞ്ഞതായിരിക്കണം. ഇങ്ങനെയുള്ള വ്യക്തിയുടെ ജീവിതത്തിൽ സന്തുലനമുണ്ടാക്കാൻ ദൈവത്തെ അയാൾ അനുവദിക്കണം. ഇല്ലെങ്കിൽ, സമ്പൂർണ്ണതയ്ക്കായുള്ള വ്യഗ്രത അസന്തുഷ്ടിയും സംഘർഷവുമായിത്തീരും.

ജീവിതവും അതിൽ ജീവിക്കുന്നവരും തികഞ്ഞതല്ല. എന്നാലും നല്ല രീതിയിലുള്ള കോപമൊക്കെ സഹിക്കാനുള്ള കഴിവു ദൈവം നമുക്കു നൽകിയിട്ടുണ്ട്. അതിനു നമുക്കു മനസ്സുണ്ടെങ്കിൽ മാത്രം.

* * *

ലിസയുടെ അമ്മ ഒരു കടുപ്പക്കാരിയായിരുന്നു. ചെയ്യുന്നതെല്ലാം കുറ്റമറ്റതായിരിക്കണമെന്ന് എപ്പോഴും വാശിപിടിക്കും. ലിസയ്ക്കു സംഗീതവാസനയില്ലാഞ്ഞിട്ടുപോലും, അവളെ പിയാനോ പഠിക്കാനും മണിക്കൂറുകളോളം അതു പരിശീലിക്കാനും നിർബന്ധിച്ചു. ഒരു കാര്യം ചെയ്താലും ഒരു നല്ല വാക്ക് ആ അമ്മ പറഞ്ഞില്ല. അപൂർവ്വം സന്ദർഭങ്ങളിൽ അങ്ങനെ പറഞ്ഞപ്പോഴും, ചെറിയ കുഴപ്പങ്ങളും കുറവുകളും കൂടി അവളെ ഓർമ്മിപ്പിച്ചു. തൽഫലമായി, ലിസയ്ക്കു തന്നോടു തന്നെ കഠിനമായ ദേഷ്യമുണ്ടായി. ചെയ്യുന്നതെല്ലാം പരാജയമാണല്ലോയെന്ന തോന്നലിൽനിന്നാണ് അങ്ങനെയുണ്ടായത്. വളരെ കണിശക്കാരിയായ ലിസ, ഭർത്താവിനെയും രണ്ടു മക്കളെയും സന്തോഷിപ്പിക്കാൻ ഏറെ ബുദ്ധിമുട്ടി. മുപ്പതു വയസ്സിൽ ലിസയ്ക്ക് ഉദരവ്യാധി (ulcer) അസഹ്യമായിത്തീർന്നു. തുടർമാനമായി അവൾ അനുഭവിച്ച മാനസികസംഘർഷമായിരുന്നു ഇതിനു കാരണം.

ലിസയിപ്പോൾ ഒരു ക്രിസ്തീയ കൗൺസലറുടെയടുത്തു തുടർച്ചയായിട്ടു പോകുന്നുണ്ട്. അല്പം പുരോഗതിയുമുണ്ട്. പക്ഷേ ദിവസംതോറുമുള്ള ഒരു പോരാട്ടമാണത്. ദിനംപ്രതി നാം ജീവിക്കുന്നു, ഓരോ ദിവസത്തിന്റെയും അവസാനം തികഞ്ഞതല്ലാത്തത് എന്തെങ്കിലും സംഭവിക്കും. അപ്പോൾ ലിസ ബോധപൂർവ്വം തീരുമാനിക്കും–അവളെ അത് അസ്വസ്ഥ

യാക്കരുത്. തികവിന്റെ ക്രൂരതയിൽനിന്നു സ്വതന്ത്രയാകാൻ അവൾ ആഗ്രഹിക്കുന്നു. പക്ഷേ അവളുടെ മനസ്സ് ഇക്കാര്യത്തിൽ പുതുക്കം പ്രാപിക്കാൻ കുറെ സമയമെടുക്കും. ദൈവവചനമനുസരിച്ചു പ്രവർത്തിക്കാൻ ലിസ പഠിക്കേണ്ടതുണ്ട്. ദൈവവചനം പറയുന്നത് അവൾ വിശ്വസിക്കണം. അമ്മയുടെ പ്രതീക്ഷകളെപ്പറ്റിയുള്ള ഓർമ്മകളുടെ അടിത്തറയിലുള്ള സാഹചര്യങ്ങളോടു വൈകാരികമായി പ്രതികരിക്കുകയുമരുത്.

നിയമം ആവശ്യപ്പെടുന്നതെല്ലാം തികവോടെ ചെയ്തതും ചെയ്യുന്നതുമായ ഏകവ്യക്തി യേശുക്രിസ്തുവാണ്. നമുക്കുവേണ്ടി അവനതു ചെയ്തു, അങ്ങനെ നമുക്കു സ്വാതന്ത്ര്യം പ്രാപിക്കാൻ കഴിഞ്ഞു. ദൈവത്തോട് ഒരു തികഞ്ഞ മനോഭാവവും തികവിനായുള്ള ഒരാഗ്രഹവും നമുക്കുണ്ടെങ്കിലും, മാംസവും രക്തവുമുള്ള ശരീരത്തിൽ ജീവിക്കുന്നിടത്തോളം കാലം, ചില കുറവുകളൊക്കെ നമ്മിൽ പ്രകടമാകും. നമ്മുടെ ശരീരാത്മദേഹികളെ നമുക്കു ചുറ്റുമുള്ളതെല്ലാം സ്വാധീനിക്കും. ദൈവവചനപഠനവും ദൈവത്തോടൊപ്പം സമയം ചെലവിടുന്നതും മൂലം, നാം തികവിലേക്കു വളരുകയാണ്. എന്നാൽ ആ വളർച്ചയിലേക്കുള്ള പാതയിൽ സന്തോഷത്തോടെയിരിക്കാൻ നാം പഠിക്കണം.

ജീവിതമെന്നത് ഒരു യാത്രയാണ്, ലക്ഷ്യസ്ഥാനമല്ല.

നമ്മുടെ ബലഹീനതകളിലാണു ദൈവത്തിന്റെ ശക്തി തികഞ്ഞുവരുന്നത്. നമുക്കു ബലം പ്രാപിക്കാനാവും, പക്ഷേ അത് അവനിൽ മാത്രമാണ്. നമ്മോടുതന്നെ കോപിക്കുന്നതുകൊണ്ടു യാതൊരു ഗുണവുമുണ്ടാകുന്നേയില്ല. കാരണം, നമുക്ക് എപ്പോഴും തികഞ്ഞവരായിരിക്കാൻ കഴിയില്ല. എനിക്കു കഴിയുന്നതു നന്നായിച്ചെയ്യുക, ബാക്കി ദൈവം ചെയ്യട്ടെ!

## സാധിക്കാത്ത ആവശ്യങ്ങൾ

ന്യായമായ ആവശ്യങ്ങൾ നമുക്കെല്ലാമുണ്ട്. നമ്മോടു ബന്ധപ്പെട്ടവർ ആ ആവശ്യങ്ങളിൽ ചിലതു സാധിച്ചുതരുമെന്നു പ്രതീക്ഷിക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നാലും, ആദ്യം നാം ദൈവത്തെ നോക്കി അവനിൽ ആശ്രയിക്കണം. ദൈവം മറ്റുള്ളവരിലൂടെ പ്രവർത്തിക്കുമെന്നതായിരിക്കണം നമ്മുടെ വിശ്വാസം. മിക്കവരും അവർക്ക് എതിരാളികളായവരിലേക്കാണ് ആകർഷിക്കപ്പെടുന്നത്. നമുക്കു പരസ്പരം ആവശ്യമുണ്ട്. അതിനുവേണ്ടി വ്യത്യസ്തമായ പദ്ധതികളാണു നമുക്കെല്ലാവർക്കും വേണ്ടി ദൈവം ക്രമീകരി

ച്ചിരിക്കുന്നത്. എല്ലാം തികഞ്ഞവർ ആരുമില്ല. എന്നാൽ ജീവിതം സന്തുലിതമായി നിലനിർത്താൻ ഓരോരുത്തരിലും ഒരു ഭാഗം വീതമുണ്ട്. ഞാൻ വളരെ ആക്രമണകാരിയും എന്റെ ഭർത്താവ് ഒരല്പം പിന്നാക്കക്കാരനുമാണ്. വളരെ വർഷങ്ങൾ ഇക്കാര്യമായിരുന്നു ഞങ്ങൾ തമ്മിലുള്ള തർക്കത്തിന്റെ ഉറവിടം. എന്നാലിപ്പോൾ ഞാനാണ് അദ്ദേഹത്തെ പറഞ്ഞിളക്കുന്നത്, അദ്ദേഹം എന്നെ ശാന്തമാക്കുന്നതുകൊണ്ട് ഞാൻ പരുഷമായി പ്രവർത്തിക്കുന്നില്ല. ഞങ്ങൾ സന്തുലിതമായി ഇടപെടുന്നവരാണ്. നിങ്ങൾ ഇതേ സാഹചര്യത്തിലായിരിക്കാം. എന്നാൽ അതു നിങ്ങൾ വേണ്ട വിധത്തിൽ കണ്ടില്ലെങ്കിൽ, ആരിൽ നിന്നെങ്കിലും എന്തെങ്കിലും ലഭിക്കാൻവേണ്ടി ജീവിതകാലം മുഴുവൻ നിങ്ങൾ പരിശ്രമിക്കേണ്ടിവരും. അവർക്കു നിങ്ങളുടെ ആവശ്യമെന്തെന്ന് അറിയുകപോലുമില്ല. അതിന് ഒറ്റക്കാരണമേയുള്ളൂ-അവർ നിങ്ങളിൽനിന്നു വ്യത്യസ്തരാണ്.

നമ്മുടെ ന്യായമായ ആവശ്യങ്ങളെല്ലാം ദൈവം നൽകുമെന്നാണ് എന്റെ വിശ്വാസം. എന്നാൽ അത് അവൻ തിരഞ്ഞെടുക്കുന്ന ആരിൽക്കൂടിയും നൽകും. എന്നെ എന്റെ ഭർത്താവു മനസ്സിലാക്കാത്തതിൽ അദ്ദേഹത്തോടു കോപിച്ച് ഒരുപാടു സമയം ഞാൻ കളഞ്ഞിട്ടുണ്ട്. ഞങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചു സംസാരിക്കുന്നതിന് ഒരുപാടുനേരം ചെലവഴിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ പരിപാടി ലളിതമായിരുന്നു: പ്രശ്നം ഉൾക്കൊള്ളുക, ചെയ്യാവുന്നതു ചെയ്യുക, ചിന്താഭാരമെല്ലാം ദൈവത്തിനു വിട്ടുകൊടുക്കുക (1 പ്രതോസ് 5:7). നേരേമറിച്ച്, ഞങ്ങൾ ചെയ്യേണ്ടത് എന്താണെന്ന കണക്കുകൂട്ടലാണ് എനിക്ക്. എന്റെ ഭർത്താവിന്റെ ഭാഗമായിരുന്നു ശരി. എന്നാൽ ഞാൻ അദ്ദേഹത്തിൽനിന്നു വ്യത്യസ്തയായ ഒരു വ്യക്തിയെന്നു മാത്രമല്ല, ദൈവത്തിൽ ആശ്രയിക്കുന്ന കാര്യത്തിൽ അത്രത്തോളം വളർന്നിട്ടുമില്ലായിരുന്നു.

സാധിക്കാത്ത ആവശ്യങ്ങളുടെ ഒരു രേഖ എന്റെ മനസ്സിൽ സൂക്ഷിക്കരുതെന്നു കഴിഞ്ഞ കാലങ്ങളായി ഞാൻ പഠിച്ചു. അതു ക്രമേണ കോപത്തിന്റെ ഒരു വേരായിത്തീരും. എന്റെ ആവശ്യങ്ങൾക്കെല്ലാം ദൈവത്തിൽ ആശ്രയിക്കുകയാണു നല്ലത്. എന്റെ ഭർത്താവ് എന്നെ സ്നേഹിക്കുന്നുവെന്നും, എന്റെയാവശ്യങ്ങൾ സാധിക്കാനാഗ്രഹിക്കുന്നുവെന്നും എനിക്കറിയാം. എന്നാൽ എപ്പോഴും അദ്ദേഹമതു കാണുന്നില്ല, അല്ലെങ്കിൽ എന്തു ചെയ്യണമെന്നറിയുന്നില്ല എന്നതായിരുന്നു സത്യം. കാരണം, ദൈവം അദ്ദേഹത്തെ എങ്ങനെ യോജിപ്പിച്ചു എന്നതിന്റെ ഭാഗമല്ലായിരുന്നു അത്. അദ്ദേഹം

ചെയ്യുന്ന ശ്രേഷ്ഠമായ കാര്യങ്ങൾ കാണാനും, അദ്ദേഹം ചെയ്യാത്ത ഏതാനും കാര്യങ്ങൾ ശ്രദ്ധിക്കാതിരിക്കാനും ഞാൻ പഠിച്ചു.

നന്ദിയും കൃതജ്ഞതയും നിറഞ്ഞ ഒരു ഹൃദയമുണ്ടായിരിക്കുകയെന്നതു കോപത്തെയും വെറുപ്പിനെയും അകറ്റാൻ ഉതകും. നന്ദിയുള്ളവരായിരിക്കുക, നന്ദി പറയുക, കോപത്തെ തീവ്രമായി ചെറുക്കുക. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, മറ്റാരെക്കാളും അതു വേദനിപ്പിക്കുന്നതു നിങ്ങളെത്തന്നെയായിരിക്കും.

## തിരുത്തലിന്റെ ആവശ്യം

ഞങ്ങളുടെ വിവാഹജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ, എനിക്ക് ഇഷ്ടമി ല്ലെങ്കിലും അദ്ദേഹം എന്നെ തിരുത്തേണ്ടത് ആവശ്യമായിരുന്നു. എന്നെ സ്നേഹിച്ചതുകൊണ്ട് അദ്ദേഹം അത് ചെയ്തു. മാത്രമല്ല, ഞങ്ങളുടെ ബന്ധം ആരോഗ്യകരമായി നിലകൊള്ളുന്നതിനും അതു വേണ്ടിയിരുന്നു. 'സ്നേഹിതൻ വരുത്തുന്ന മുറിവുകൾ വിശ്വസ്തതയുടെ ഫല'മാണെന്നും ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. തെറ്റായ പെരുമാറ്റങ്ങൾ പലപ്പോഴും അറിഞ്ഞില്ലെന്നു നടിക്കുന്നതാണു നമ്മെ സംബന്ധിച്ചിടത്തോളം എളുപ്പം. നമ്മൾ തിരുത്തുമ്പോഴുണ്ടാകുന്ന നാടകമൊക്കെ ഒഴിവാക്കാമല്ലോ. എന്നാൽ മറ്റേയാളെക്കുറിച്ചുള്ള ശരിയായ പരിഗണന നമ്മെ അതു ചെയ്യാൻ അനു വദിക്കുകയില്ല.

കുട്ടികൾക്കു സ്നേഹവാത്സല്യങ്ങൾ മാത്രമല്ല, തിരുത്തലുംകൂടി വേണം. ശിക്ഷണമൊന്നുമില്ലാത്ത കുട്ടി, മത്സരിയും താന്തോന്നിയുമായിത്തീരും. ജയി ലുകളിലുള്ളവരിൽ നല്ലൊരു പങ്കും ഇതു ശരിവെയ്ക്കുന്നുണ്ട്. അവരുടെ മാതാപിതാക്കൾ ഒരിക്കലും അവരെ വേണ്ടതുപോലെ തിരുത്തിയിട്ടില്ല. എന്റെ മകൾ സാന്ദ്രയ്ക്കും അവളുടെ ഭർത്താവു സ്റ്റീവിനും രണ്ടു പെൺകു ട്ടികളാണുള്ളത്. ഇരട്ടകളായ അവർക്ക് എട്ടു വയസ്സായി. സ്റ്റീവും സാന്ദ്രയും വളരെ നല്ല മാതാപിതാക്കളാണ്, നന്നായി സ്നേഹിക്കും. എന്നാൽ അവർ നല്ലതുപോലെ തിരുത്തുകയും ചെയ്യും. സ്നേഹവും തിരുത്തലും ഒരു പോലെ കാട്ടുമ്പോൾ കുട്ടികൾ എങ്ങനെയാണ് അതിനോടു പ്രതികരിക്കു ന്നതെന്നു കാണിക്കാൻ മാത്രം. ഒരു കള്ളം പറഞ്ഞതു തിരുത്തിയതിന്, എന്റെ കൊച്ചുമകൾ ഏഞ്ചൽ, അവളുടെ മുറിയിൽ തനിച്ചിരുന്ന് ഒരു വൈകു ന്നേരം അവളുടെ അമ്മയ്ക്ക് ഒരു കുറിപ്പെഴുതി.

*"പ്രിയപ്പെട്ട അമ്മേ, ഞാൻ അമ്മയെ ഒത്തിരി സ്നേഹിക്കുന്നു. അമ്മയെ കരുതുന്നു, ഞാൻ അമ്മയെ വളരെ, വളരെ, വളരെ, വളരെയധികം സ്നേഹിക്കുന്നുണ്ടെന്ന് അമ്മയറിയണമെന്നാണ് എന്റെയാശ."*

ഏഞ്ചലിനെ സംബന്ധിച്ചിടത്തോളം, അവളെ തിരുത്തിയതു ശരിയായ കാര്യമാണെന്ന് അവൾക്കു മനസ്സിലായി. അത് അവളുടെ മാതാപിതാക്കളുടെ സ്നേഹത്തിന്റെ ഒരു പ്രകടനവുമാണ്. അമ്മയ്ക്കെഴുതിയതുപോലെ ഒരു കുറിപ്പ് അവർ അവളുടെ അപ്പനുമെഴുതി.

ദൈവം സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നുവെന്നും (തിരുത്തുന്നു) ദൈവവചനം നമ്മോടു പറയുന്നു (എബ്രാ. 12:6). നമ്മുടെ മക്കളോടും അതുപോലെ നാം പെരുമാറണമെന്നതിന്റെ ഒരു ദൃഷ്ടാന്തമാണത്. മക്കളെ ഒരുപാടു സ്നേഹിക്കുക, അവരോടു ധാരാളമായി ക്ഷമിക്കുക, ശരിയായ സമയത്ത് അവരെ എതിർക്കുകയും തിരുത്തുകയും ചെയ്യുക.

കോപത്തിന്റെ നിരവധി വേരുകൾ നമ്മുടെ ജീവിതത്തിൽ പിടിമുറുക്കുന്നുണ്ട്. നിങ്ങളുടെ കോപത്തിന്റെ വേരുകളെപ്പറ്റി ഇവിടെ പരാമർശിച്ചിട്ടില്ലായിരിക്കാം. എന്തുകൊണ്ടാണു നിങ്ങൾ കോപിക്കുന്നതെന്നു കാട്ടിത്തരാൻ ദൈവത്തോട് അപേക്ഷിക്കുക. നിങ്ങൾ കോപിക്കുമ്പോൾ, കോപത്തെ ഇളക്കിയത് എന്താണെന്നു മാത്രം ചിന്തിക്കരുത്. ഇതേപോലെ കോപിച്ചപ്പോൾ ആരെങ്കിലും നിങ്ങളെ അത് ഓർമ്മപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു നോക്കുക. ഒരു മാതൃകയുണ്ടോ?

ഒരു പ്രശ്നത്തിന്റെ ഉത്ഭവം മനസ്സിലാക്കുന്നതിനാൽ ആ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. കാര്യം ഗ്രഹിക്കുന്നതിന് അതിടയാക്കും. സൗഖ്യത്തിലേക്കുള്ള ഒരു വലിയ ചുവടുവയ്പാണത്.

നമ്മുടെ ജീവിതത്തിൽ ഒരുപാട് ആവശ്യങ്ങളുണ്ട്. അവ സാധിക്കാതെ പോകുമ്പോൾ നാം കോപിക്കാനിടയുണ്ട്. എന്നാൽ സത്യം നമ്മെ സ്വതന്ത്രരാക്കും. എവിടെ നിന്നാണു നമ്മുടെ കോപത്തിന്റെ മുള പൊട്ടുന്നതെന്നു മനസ്സിലാക്കിയാൽ മതി. അവിടെനിന്നു നമ്മുടെ സൗഖ്യപ്രക്രിയയുടെ തുടക്കമാകും. ഇതാണു സത്യം.

## അദ്ധ്യായം
# 4
# അസൂയയുടെ വേരുകൾ

> കോപം ക്രൂരവും ക്രോധം പ്രളയവും ആകുന്നു; ജാരശങ്കയുടെ (അസൂയ) മുമ്പിലോ ആർക്കു നിൽക്കാനാവും?
>
> *സദൃശവാക്യങ്ങൾ 27:4*

അസൂയ ഭയങ്കരമാണ്. “പച്ചക്കണ്ണുകളുള്ള സത്വം” എന്നാണ് അസൂയയെ പലപ്പോഴും പരാമർശിക്കുന്നത്. അത് അങ്ങനെ തന്നെയാണ്. കാരണം, അത് അസൂയയുള്ളയാളിന്റെ ജീവനെ വിഴുങ്ങിക്കളയുന്നു. സദൃശവാക്യങ്ങൾ 27:4 ൽ പറയുന്നതുപോലെ, അസൂയ കോപത്തെക്കാളും ക്രോധത്തെക്കാളും മോശമാണ്. അസൂയ ഒരു വമ്പിച്ച പ്രശ്നമായതിനാൽ, അതിനുവേണ്ടി ഒരദ്ധ്യായം മാറ്റിവയ്ക്കണമെന്ന് എനിക്കു തോന്നുന്നു.

* * *

ജനിഫർ അവളുടെ സഹോദരിയായ ജാകിനോടു തന്നെത്തന്നെ താരതമ്യപ്പെടുത്തി ജീവിതം കഴിച്ചു. ഇരട്ടകളായ അവരെ കാണാൻ ഒരുപോലെയായിരുന്നില്ല. ജാക് ആദ്യം ജനിച്ചവളും തുറന്ന് ഇടപെടുന്നവളുമായിരുന്നു. അതേസമയം ജനിഫർ ലജ്ജാശീലയും ശാന്തയുമായിരുന്നു. അവളുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനു പകരം, ജനിഫറിന് അവളുടെ സഹോദരി ചെയ്യുന്ന പ്രവൃത്തികളിൽ അസൂയയുണ്ടായി. അസൂയ ഒരു തരം മടിയാണ്. ഒന്നും ചെയ്യാതെ കുത്തിയിരുന്നുകൊണ്ട് സ്വയം സഹ

തപിക്കുകയും, നമുക്കു വേണ്ടതു കൈവശമുള്ളവരെ വെറുക്കുകയും ചെയ്യുന്നതാണത്. ജാകിന് പല കഴിവുകളുമുണ്ടായിരുന്നു. അതുപോലെ ജനിഫറിനും കഴിവുകളുണ്ടായിരുന്നു. പക്ഷേ സഹോദരിയോടുള്ള അസൂയ, സ്വന്തം കഴിവുകൾ കാണാൻ അവളെ അനുവദിച്ചില്ല. വർഷങ്ങൾ കഴിഞ്ഞുപോയി. ആകാൻ കഴിയുമായിരുന്നതും ആകേണ്ടതും അവസാനിച്ചു. സഹോദരിമാർ തമ്മിലുള്ള സ്നേഹബന്ധം, ജനിഫറിന്റെ ഭാഗത്ത് ഒരു മത്സരമായി മാറി. ജനിഫറിന്റെ ഹൃദയത്തിലെ അസൂയ, അവളുടെ കൗമാരത്തിൽ കരിനിഴൽ വീഴ്ത്തി. ജാകിനു സദാ സന്തോഷവും ഓജസ്സുമുണ്ടായിരുന്നു. അതുകൊണ്ട് സഹോദരിയുടെ മനോഭാവത്തിലുള്ള വെറുപ്പൊന്നും അവളങ്ങനെ ശ്രദ്ധിച്ചില്ല. അതു ജനിഫറിനെ കൂടുതൽ രോഷാകുലയാക്കി. അവളുടെ അസന്തുഷ്ടി സഹോദരി ശ്രദ്ധിക്കണമെന്നായിരുന്നു ആഗ്രഹം. മാത്രമല്ല, സഹോദരിയും സന്തോഷിക്കരുതെന്നും അവളാഗ്രഹിച്ചു.

വിവാഹിതരായ അവർക്കു മക്കളുണ്ടായി. എന്തോ പ്രശ്നമുണ്ടെന്നു ജാകിനു മനസ്സിലായി. ജനിഫറുമായി അടുക്കാൻ അവൾ എത്രമാത്രം ശ്രമിച്ചിട്ടും ഫലിച്ചില്ല. സാമൂഹ്യമായി അവർ പരസ്പരം മാന്യത പുലർത്തി. എന്നാൽ അവർ തമ്മിലുള്ള വിടവ് എപ്പോഴുമുണ്ടായിരുന്നു. ഈ കോപത്തിന്റെ അടിയൊഴുക്ക് എല്ലാവർക്കും അറിയാമായിരുന്നു. ഒരാളിന്റെ അരക്ഷിതബോധവും അസൂയയും മൂലം കുടുംബം മുഴുവൻ കഷ്ടപ്പെട്ടു.

ഇതുപോലെയുള്ള ഒരനുഭവം ആളുകളുടെ ജീവിതത്തിൽ എങ്ങനെയാണ് ആരംഭിക്കുന്നത്? ആളുകളെ തമ്മിൽ കലഹിപ്പിക്കുന്നതിനു സാത്താൻ തക്കം നോക്കി നടക്കുകയാണ്. പ്രത്യേകിച്ചു കുടുംബാംഗങ്ങളെത്തമ്മിൽ. ജാക് ചെയ്ത ഒരു നല്ല ജോലി നിമിത്തം അവളെ മാതാപിതാക്കൾ പുകഴ്ത്തിക്കാണും. അതേദിവസം തന്നെ ജനിഫറിന്റെ തെറ്റിനു ശിക്ഷിക്കുകയും ചെയ്തിരിക്കാം. ഈ സന്ദർഭം പ്രയോജനപ്പെടുത്തിക്കൊണ്ടു സാത്താൻ വെറുപ്പിന്റെയും സംശയത്തിന്റെയും വിത്ത് അവളിൽ വിതച്ചു. ഇതുപോലെ വ്യത്യസ്തമായ ആയിരം അനുഭവങ്ങളുണ്ടായിരിക്കും. പക്ഷേ, ഫലം എപ്പോഴും ഒന്നുതന്നെയാണ്. അസൂയയിൽ വേരൂന്നിയ കലഹത്തിൽ നാം ജീവിക്കുമ്പോൾ, സമാധാനവും സന്തോഷവും സമൃദ്ധിയായ ജീവനും നമുക്കു നഷ്ടമാകുന്നു. ഇവ നമുക്കുണ്ടായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നതാണ്.

ദൈവം മോശെ മുഖാന്തരം ജനത്തിനു കൊടുത്ത പത്താമത്തെ കല്പന, "അയൽക്കാരന്റെഭവനത്തെയോ ഭാര്യയെയോ ദാസനെയോ ദാസിയെയോ കാളയെയോ കഴുതയെയോ അയൽക്കാനുള്ള യാതൊന്നിനെയോ നീ മോഹിക്കരുത്" എന്നായിരുന്നു (പുറപ്പാട് 20:17). ഇതിന്റെയർത്ഥം, ആർക്കെങ്കിലുമുള്ള എന്തിനെയെങ്കിലുംകുറിച്ചു നാം അസൂയാലുക്കളാകരുതെന്നാണ്. അസൂയ ഹൃദയത്തിലെ പാപമാണ്. അതു കലഹത്തിനും കോപത്തിനും ഭിന്നതയ്ക്കും വഴി തെളിക്കുന്നു. ദൈവം ആഗ്രഹിക്കുന്നതു മറ്റുള്ളവരുടെ അനുഗ്രഹം കണ്ടു നാം സന്തോഷിക്കണമെന്നാണ്. അതു നാം ചെയ്യുന്നതുവരെ നാം ആഗ്രഹിക്കുന്നതു നമുക്കു ലഭിക്കുകയില്ല. നാം ആഗ്രഹിക്കുന്നതു ലഭിക്കുന്നെങ്കിൽ, നമുക്കതിൽ സന്തോഷിക്കാനും സംതൃപ്തിയടയാനും കഴിയുകയില്ല. കാരണം, നമുക്കുള്ളതിനെക്കാൾ അധികമുള്ളവരെ നാം സദാ കാണും. നാം പിന്നെയും അസന്തുഷ്ടരാകും.

ആരുടെയും വെള്ളിയോ പൊന്നോ താൻ മോഹിച്ചിട്ടില്ലെന്നാണ് അപ്പോസ്തലനായ പൗലോസ് പറയുന്നത് (അ.പ്ര. 20:33). ദൈവം എന്തിനു വിളിച്ചോ അതു ചെയ്യുന്നതിനും, ആരായിരിക്കാൻ ദൈവം അദ്ദേഹത്തെ സൃഷ്ടിച്ചോ അതായിരിക്കുന്നതിലും അദ്ദേഹം തൃപ്തനായിരുന്നു. തൃപ്തിയെന്നത് അനുഗൃഹീതമായ ഒരു വാസസ്ഥലമാണ്. എന്നാൽ അതു കണ്ടെത്തുന്നവരും അതിൽ ദീർഘകാലം താമസിക്കുന്നവരും വളരെ ചുരുക്കം പേരാണ്. പൗലോസിനറിയാമായിരുന്ന ഒരു രഹസ്യം, അദ്ദേഹം ദൈവത്തിന്റെ ഹിതത്തിലാണെന്നും തക്കസമയത്ത് തനിക്കു വേണ്ടുന്നതു ദൈവം നൽകുമെന്നതുമായിരുന്നു. ആഗ്രഹങ്ങളില്ലാത്തയാളല്ലായിരുന്നു അദ്ദേഹം. വിശ്വാസവീരനായിരുന്ന അദ്ദേഹത്തിന്, ദൈവത്തിന്റെ നന്മയിലും ജ്ഞാനത്തിലും തികഞ്ഞ ആശ്രയമുണ്ടായിരുന്നു.

അസൂയയില്ലാത്ത വേറൊരാളായിരുന്നു യോഹന്നാൻ സ്നാപകൻ. യോഹന്നാൻ 3:25-27 ൽ ഒരു സംഭവം പരാമർശിക്കുന്നു. യോഹന്നാന്റെ ശിഷ്യന്മാർക്കും യേശുവിന്റെ ശിഷ്യൻമാർക്കും തമ്മിൽ ശുദ്ധീകരണത്തെച്ചൊല്ലി ഒരു വാദപ്രതിവാദമുണ്ടായി. യോഹന്നാൻ ആളുകളെ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നയാളാണ്. ഇപ്പോൾ യേശുവിന്റെ ശിഷ്യന്മാരും ആളുകളെ സ്നാനം കഴിപ്പിച്ചുപോന്നു. ആളുകൾ യേശുവിന്റെ കൂട്ടത്തിലേക്ക് ഇടിച്ചുകയറി. കോപത്തിനും വിരോധത്തിനുമൊക്കെ കാരണമാകുന്ന അസൂയയുടെ പേര് ഇവിടെക്കാണാം. ഈ വാർത്ത യോഹന്നാന്റെ അടുക്കലെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, "മുകളിൽ(സ്വർഗ്ഗത്തിൽ)നിന്നു കൊടുത്തിട്ടല്ലാതെ ആർക്കും ഒന്നും തന്നെ ലഭിക്കുന്നില്ല (ആർക്കും ഒന്നും അവകാശ

പ്പെടാനില്ല. സ്വന്തമായി ഒന്നും എടുക്കാനും കഴിയില്ല. സ്വർഗ്ഗത്തിൽനിന്നു ലഭിച്ച ദാനത്തിൽ തൃപ്തനായിരിക്കണം; സ്വർഗ്ഗമല്ലാതെ മറ്റൊരു ഉറവിടമില്ല)."

മറ്റുള്ളവർക്കുള്ളതുപോലെ എനിക്കില്ലാത്തതിനാൽ കോപവും അസൂയയും എന്റെ ജീവിതത്തിലുണ്ടായിട്ടു ഞാൻ ബുദ്ധിമുട്ടിയപ്പോൾ, ഈ വേദഭാഗങ്ങളാണ് എന്നെ സഹായിച്ചത്. ഞാൻ ദൈവത്തിൽ ആശ്രയിച്ചെങ്കിൽ, എനിക്കു ദൈവം തന്നിട്ടുള്ളതു ശരിയാണെന്നു ഞാൻ വിശ്വസിക്കേണ്ടതായിരുന്നു. മറ്റുള്ളവർക്കു ദൈവം കൊടുത്തതിനെക്കുറിച്ച് അസൂയപ്പെടുന്നതു വളരെയേറെ മോശവും തെറ്റുമാണ്.

നമ്മളെ നാമറിയുന്നതിനെക്കാൾ നന്നായി ദൈവം നമ്മളെ അറിയുന്നുണ്ട്. ദൈവത്തിന്റെനന്മയിൽ നാം ആശ്രയിച്ചാൽ നമുക്കു സംതൃപ്തി ആസ്വദിക്കാനാവും. തക്ക സമയത്തു നമുക്കു ലഭിക്കേണ്ടുന്ന ഒരു നന്മയും ദൈവം മുടക്കുകയില്ല.

കലഹവും (വിയോജിപ്പ്, വഴക്ക്) വാദവും (വഴക്ക്, തമ്മിൽത്തല്ല്) ഉത്ഭവിക്കുന്നതു നമ്മുടെ ആഗ്രഹങ്ങളിൽനിന്നാണെന്നും, അവ എപ്പോഴും നമ്മുടെ അവയവങ്ങളിൽ പോരാടിക്കൊണ്ടിരിക്കുകയാണെന്നും അപ്പോസ്തലനായ യാക്കോബു പറയുന്നു. മറ്റുള്ളവർക്കുള്ളവയെക്കുറിച്ചു നാം അസൂയപ്പെടുകയും അവ മോഹിക്കുകയും ചെയ്യുന്നു; നമ്മുടെ ആഗ്രഹങ്ങൾ നിറവേറാതെ പോകുകയും ചെയ്യുന്നു. പിന്നെ നാം വെറുക്കാൻ തുടങ്ങുന്നു. ഹൃദയത്തെ സംബന്ധിച്ചിടത്തോളം അതു കൊലപാതകമാണ്. അസൂയയും കോപവുംകൊണ്ടു ജ്വലിക്കുന്നവർക്ക്, അവർ ആഗ്രഹിക്കുന്ന സംതൃപ്തിയും സന്തോഷവും കണ്ടെത്താൻ കഴിയില്ലെന്നു യാക്കോബ് പ്രസ്താവിക്കുന്നു യാക്കോബ് പിന്നീട് പറയുന്നത്. എന്റെ ജീവിതത്തിൽ പരമപ്രധാനമായിത്തീർന്ന ഒന്നാണ്.

നിങ്ങൾ അപേക്ഷിക്കാത്തതുകൊണ്ടു നിങ്ങൾക്കു കിട്ടുന്നില്ല.

*യാക്കോബ് 4:2*

ആഗ്രഹിക്കുന്നതു കിട്ടാത്തതിലുള്ള സംഘർഷത്തിൽനിന്നും മറ്റുള്ളവർക്കുള്ളതിനെച്ചൊല്ലിയുള്ള അസൂയയിൽനിന്നും ഈ ചുരുങ്ങിയ വാക്കുകൾ എന്നെ സ്വതന്ത്രയാക്കി. എനിക്ക് എന്തെങ്കിലും വേണമെങ്കിൽ, ഞാനതു ദൈവത്തോടു ചോദിക്കണം. എനിക്കതു വേണ്ടുന്നതാണെങ്കിൽ ഞാൻ ദൈവത്തിൽ വിശ്വസിക്കണം. തക്ക സമയത്ത് ദൈവം എനിക്കതു നൽകും.

ദൈവത്തിന്റെ പക്കൽ എല്ലാം സമൃദ്ധിയായിട്ടുണ്ട്. മറ്റുള്ളവർക്കൊക്കെയുള്ള കാര്യങ്ങളല്ല ദൈവം എപ്പോഴും നമുക്കു നൽകാറുള്ളത്. നാം ദൈവത്തിലും അവന്റെ സമയത്തിലും ആശ്രയിച്ചാൽ, നമ്മുടെ ജീവിതത്തിൽ അവൻ സമൃദ്ധിയായി എല്ലാം നൽകും.

ഞാൻ ചോദിച്ചതു ദൈവം തന്നില്ലെങ്കിൽ, ദൈവം അതു പിടിച്ചുവെച്ചിരിക്കുകയല്ല, മറിച്ച് അതിനെക്കാൾ മികച്ചതൊന്നു ദൈവത്തിന്റെ മനസ്സിലുണ്ട്. അതിനായി കാത്തിരിക്കാനുള്ള മനസ്സ് എനിക്കുണ്ടാകണം. ഇതാണു ഞാൻ തുടർന്നു ഗ്രഹിച്ച കാര്യം. "നിങ്ങൾ ചോദിക്കാത്തതുകൊണ്ട് നിങ്ങൾക്കു കിട്ടുന്നില്ല" എന്നതു ഗ്രഹിക്കുന്നതിനു മുമ്പ്, എന്റെ ഹൃദയം നിറയെ കലഹമായിരുന്നു. ഞാൻ ജഡികപ്രവൃത്തികൾ ചെയ്തും എന്റെ ആശയങ്ങളും പദ്ധതികളും നടപ്പാക്കാൻ ശ്രമിച്ചും പോന്നു. ഞാൻ ആഗ്രഹിച്ചതു ഞാൻ തീരുമാനിച്ചു, ദൈവം എനിക്കതു നൽകാൻ ബാദ്ധ്യസ്ഥനാണെന്നപോലെ പെരുമാറി. വളരെ ബാലിശവും സ്വാർത്ഥവുമായ മനോഭാവമായിരുന്നു എന്റേത്. അസൂയ വാസ്തവത്തിൽ ക്രൂരമാണ്.

## വന്യമായിത്തീർന്ന പക

കോപാകുലനായ ശൗൽ രാജാവ്, ദാവീദിനെ വധിക്കാൻ വീണ്ടും വീണ്ടും ശ്രമിച്ചു. ശൗലിന്റെ കോപം, അസൂയയുടെ ഫലമായിരുന്നു. രാജസ്ഥാനം ദാവീദിനു പൊയ്പ്പോകുമോ എന്ന ഭയമായിരുന്നു അസൂയക്കു കാരണമായത് (1 ശമൂ. 18:6-12). ഒരിക്കൽ, കോപാക്രാന്തനായ ശൗൽ, മകൻ യോനാഥാന്റെ നേർക്കു കുന്തം വലിച്ചെറിഞ്ഞു. കാരണം, യോനാഥാനും ദാവീദും സ്നേഹിതന്മായിരുന്നു (1 ശമൂ. 20:30-34). കോപവും അസൂയയും ക്രോധമായിത്തീർന്നപ്പോൾ, ശൗൽ ഒരു ഭീകരനായ ആക്രമണകാരിയായി മാറി.

ദൈവവചനത്തിൽ പല ദൃഷ്ടാന്തങ്ങളുണ്ട്. പക്ഷേ മറ്റുള്ളവരുടെ കാര്യം വായിച്ചിട്ടു നമ്മുടെ പ്രശ്നം നാം കാണാതെ പോകരുത്. നിങ്ങൾക്ക് ആരോടെങ്കിലും അസൂയയുണ്ടോ? നിങ്ങളെക്കാൾ മികച്ച രീതിയിൽ ആരെങ്കിലും കളിക്കുകയോ ബിസിനസ് ചെയ്യുകയോ, അല്ലെങ്കിൽ മറ്റെന്തെങ്കിലും ചെയ്യുമ്പോൾ നിങ്ങൾക്കു ദേഷ്യം തോന്നാറുണ്ടോ? കായികമത്സരങ്ങളിൽ കോപം തല പൊക്കുന്നതു നാം കൂടെക്കൂടെ കാണാറുണ്ട്. നമുക്കെല്ലാം വിജയിക്കണം. എന്നാൽ വിജയിക്കാനുള്ള നമ്മുടെയാഗ്രഹം തീരെ മോശമാകുമ്പോൾ, നമ്മളെക്കാൾ മികച്ച പ്രകടനം നടത്തുന്നവരോടു നാം കോപിക്കുന്നു. നമുക്കു തെറ്റുപറ്റി. ഒരു സഭയുടെ വോളിബോൾ മത്സരം കണ്ടതോർക്കുന്നു.

മോശമായ രീതിയിലാണ് ആ ക്രിസ്ത്യാനികൾ പെരുമാറിയത് – മത്സരമായതിനാൽ. സൂക്ഷിക്കണം, അസൂയയുടെ പച്ചക്കണ്ണുള്ള സത്യം എല്ലായിടത്തുമുണ്ട്. ഏതെങ്കിലും കാരണത്താൽ ആരോടെങ്കിലും നിങ്ങൾക്ക് അസൂയയുള്ളതായി മനസ്സിലാക്കിയാൽ, നിങ്ങൾക്കും സ്വയം ഒരുപകാരം ചെയ്ത് അതിനെ അതിജീവിക്കാം. കാരണം, അസൂയ കഷ്ടതയല്ലാതെ മറ്റൊന്നും ഉണ്ടാക്കുകയില്ല. നമ്മെ ഓരോരുത്തരെയുംകുറിച്ചു ദൈവത്തിന് അതുല്യവും സവിശേഷവുമായ ഒരു പദ്ധതിയുണ്ട്. നാമെല്ലാവരും വ്യത്യസ്തരാണ്, അപ്പോൾത്തന്നെ ഒരേ മൂല്യമുള്ളവരുമാണ്. നാം ആരാണെന്നതിലും നമുക്കുള്ളതിലും തൃപ്തിപ്പെടുന്നതിന് ഈ അറിവു നമ്മെ സഹായിക്കും.

## വ്യത്യസ്തരാണ്, എന്നാൽ കുറഞ്ഞവരല്ല

സമൂഹത്തിലെ താരതമ്യങ്ങളും മത്സരങ്ങളുമെല്ലാം ദുഃഖപൂർണ്ണമാണ്. കോപത്തിന്റെയും വിഭാഗീയതയുടെയും മൂലകാരണമാണത്. നാം മറ്റുള്ളവരിൽനിന്നു വ്യത്യസ്തരായതുകൊണ്ടുമാത്രം നാം അവരേക്കാൾ കൂടിയവരോ കുറഞ്ഞവരോ അല്ല. ഓരോന്നിനും അതിന്റേതായ നിലയിൽ വിലയുണ്ട്. എന്റെ കൈകൾ കാലുകളിൽ നിന്നു വ്യത്യസ്തമായിട്ടും അവയ്ക്കു തമ്മിൽ അസൂയയില്ല. അവ ഒത്തൊരുമിച്ചു നന്നായി പ്രവർത്തിക്കുന്നു. ദൈവം അവയ്ക്കു നൽകിയിട്ടുള്ള പ്രവൃത്തി അവ ചെയ്യുന്നു. അതേ കാര്യം തന്നെ നമ്മളും ചെയ്യണം. ദൈവം ആഗ്രഹിക്കുന്നതും അതാണ്. നമ്മുടെ വ്യക്തിപരമായ സൗന്ദര്യവും മൂല്യവും നാം കാണണം. ഒരിക്കലും അപകർഷബോധം ഉണ്ടാകരുത്. കാരണം, നാം മറ്റുള്ളവരിൽനിന്നു വ്യത്യസ്തരാണ്. ഒരു ശുശ്രൂഷകൻ ഇങ്ങനെ പറഞ്ഞതു ഞാൻ കേട്ടു: "നമ്മുടെ തൊലിക്കുള്ളിൽ സുഖമായിരിക്കാൻ നാം പഠിക്കണം."

അപകർഷബോധത്തിൽ കോപം പ്രതിഫലിക്കുന്നു. മറ്റുള്ളവരെ നാം തുല്യരായിക്കാണണം. അവരെക്കാൾ മികച്ചവരായോ താഴ്ന്നവരായോ ഒരിക്കലും നമ്മെത്തന്നെ കാണേണ്ടതില്ല. ഏറ്റവും ശ്രേഷ്ഠമായി തുല്യമാക്കുന്നത് യേശുക്രിസ്തുവാണ്! അവനിൽ നാമെല്ലാവരും തുല്യരാണ്. സ്ത്രീയെന്നില്ല, പുരുഷനെന്നില്ല, യഹൂദനെന്നില്ല, യവനനെന്നില്ല, അടിമയോ സ്വതന്ത്രനോ ഇല്ല, എല്ലാവരും ഇനിമേൽ ക്രിസ്തുവിൽ ഒന്നത്രേ (ഗലാ.3:28). നാം ചെയ്യുന്നതിലല്ല നമ്മുടെ മൂല്യം; മറിച്ചു നാം ആരിലാണ്, ആരുടെ വകയാണ് എന്നതിലത്രേ. നാം ദൈവത്തിന്റെ വകയാണ്. നമ്മുടെ പ്രകൃതം, കഴിവുകൾ, മറ്റുശേഷികൾ എല്ലാം ലഭിച്ചതു

ദൈവത്തിൽനിന്നാണ്. ദു:ഖിച്ചിരിക്കുന്നതുകൊണ്ട് ഒരു കുള്ളന് ഉയരം വയ്ക്കുകയില്ല, പൊക്കമുള്ളയാളെ നോക്കി അസൂയപ്പെട്ടാലും ഫലമില്ല. അയാൾക്കു ചെയ്യാൻ കഴിയുന്നത് ഏറ്റവും നന്നായി ചെയ്യുക, മറ്റൊരാളുമായി ഒരിക്കലും തന്നെത്താൻ താരതമ്യപ്പെടുത്താതിരിക്കുക. ഇതാണ് അയാൾക്കു ചെയ്യാവുന്ന കാര്യം.

സക്കായി പൊക്കം കുറഞ്ഞവനായിരുന്നു. യേശു അതുവഴി വരുന്നെന്നു സക്കായി കേട്ടപ്പോൾ, യേശുവിനെ കാണണമെന്നു സക്കായിക്കു തോന്നി. വമ്പിച്ച ജനക്കൂട്ടത്തിൽ യേശുവിനെ തനിക്കു കാണാൻ കഴിയില്ലെന്നു കുള്ളനായ സക്കായിക്കു മനസ്സിലായി. സ്വന്തം പൊക്കമില്ലായ്മയെച്ചൊല്ലി സക്കായിക്കു വിഷമിച്ചിരിക്കാമായിരുന്നു. അതൊരു വൈകല്യമാണെന്നു കരുതി സ്വയം സഹതപിക്കുകയും ചെയ്യാമായിരുന്നു. പക്ഷേ സക്കായി ഇതൊന്നും ചെയ്തില്ല. പകരം അവൻ ആൾക്കൂട്ടത്തിനു മുൻപേ ഓടി ഒരു  മരത്തിൽ കയറി. അങ്ങനെ അവൻ വ്യക്തമായി യേശുവിനെ കണ്ടു. യേശു അതിലേ പോയപ്പോൾ, മരത്തിന്മേൽ സക്കായി ഇരിക്കുന്നതു കണ്ടു. സക്കായിയുടെ വീട്ടിൽ അത്താഴം കഴിക്കാനാഗ്രഹിക്കുന്നതിനാൽ, ഇറങ്ങിവരാൻ അവനോട് ആവശ്യപ്പെട്ടു (ലൂക്കോസ് 19:1–6). ദൈവവചനത്തിൽ എനിക്കിഷ്ടപ്പെട്ട കഥകളിലൊന്നാണിത്. സക്കായിയുടെ നല്ല മനോഭാവം യേശുവിനെ പ്രസാദിപ്പിച്ചു. കുള്ളനായതുകൊണ്ടു കോപിച്ചിരുന്നെങ്കിൽ, സക്കായിക്ക് ആ അവസരം മുഴുവനും നഷ്ടമാകുമായിരുന്നു.

നിങ്ങൾ കാര്യമൊന്നുമില്ലാതെ കോപിക്കുന്നയാളാണെങ്കിലും, അല്ലെങ്കിലും ആയിരുന്നെങ്കിലെന്ന് ആഗ്രഹിക്കുന്നെങ്കിലും, സക്കായിയിൽ നിന്നു നിങ്ങൾക്കൊരു പാഠം പഠിക്കാനുണ്ടെന്നു ഞാൻ ഉറപ്പായിപ്പറയട്ടെ. നിങ്ങൾക്കുള്ളതുകൊണ്ട് ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുക. ദൈവം, നിങ്ങളുടെ ജീവിതത്തിൽ വ്യത്യാസം വരുത്തുകയും നിങ്ങളെ ഉയർത്തുകയും ചെയ്യും. ദൈവം സ്വന്തം കൈകൊണ്ടു നിങ്ങളെ അമ്മയുടെ ഉദരത്തിൽ സൃഷ്ടിച്ചുവെന്നു ഗ്രഹിക്കുക. ദൈവത്തിനു തെറ്റുപറ്റുകയില്ല. ദൈവം ഉണ്ടാക്കിയതെല്ലാം നല്ലതാണ്. അതിൽ നിങ്ങളും ഉൾപ്പെടുന്നു.

നിങ്ങളുടെ ശരീരപ്രകൃതിയിലും കഴിവുകളിലും നിങ്ങൾക്കിഷ്ടമില്ലാത്തതിന്റെ ഒരു പട്ടികയുണ്ടാക്കുക. അങ്ങനെ ചെയ്തതിനുശേഷം, ദൈവം നിങ്ങൾക്കുവേണ്ടി തിരഞ്ഞെടുത്തവ ഇഷ്ടപ്പെടാത്തതിനു ദൈവത്തോടു ക്ഷമ ചോദിക്കുക. എഴുതിയ കടലാസ് കീറിക്കളയുക, നിങ്ങളെ പരിപൂർണ്ണമാക്കുന്നതിനുള്ള സഹായം ദൈവത്തോട് ആവശ്യപ്പെടുക.

ഞാൻ നന്നായി ഗ്രഹിക്കുന്നതുവരെ, എന്റെ ശബ്ദം മൃദുവാകുന്നതിനും കാലുകൾ മെലിയുന്നതിനും മുടി വളരുന്നതിനും ഞാനാഗ്രഹിച്ചിരുന്നു. എന്റെയാഗ്രഹംപോലെ എല്ലാമുള്ള സ്ത്രീകളെ ഞാൻ കാണുമ്പോൾ, അവരെ എന്റെ ജീവിതത്തിൽനിന്നു പുറത്താക്കിക്കളയണമെന്ന് എനിക്കു തോന്നി. മറ്റൊരാളിൽ നാം അസൂയപ്പെടുമ്പോൾ, അവരെ ആസ്വദിക്കുന്നതിൽനിന്ന് അസൂയ നമ്മെ തടയുകയാണ്. ഞാൻ ആഗ്രഹിച്ചതെല്ലാമുള്ള സ്ത്രീകളെ ഞാൻ വെറുത്തു, അവരെക്കാൾ ഞാൻ ചെറുതായിത്തോന്നി. ചിലപ്പോൾ ആ സ്ത്രീകളുടെ ശരീരപ്രകൃതി അവർ ഇഷ്ടപ്പെടുന്നില്ലായിരിക്കാം. അവർക്കില്ലാത്ത ചില സവിശേഷതകൾ എനിക്കുള്ളതുകൊണ്ട് എന്നോട് അവർക്ക് അസൂയയുണ്ടായിരിക്കാം – ഇതാണു സത്യം.

നല്ല ഫലമൊന്നും ഉളവാക്കാത്ത കാര്യങ്ങൾ ചെയ്തുകൊണ്ടു സമയം പാഴാക്കുകയില്ലെന്നു നിങ്ങൾ തീരുമാനിക്കണം. അതിനു നിങ്ങളെ സഹായിക്കുകയെന്നതാണ് ഈ പുസ്തകരചനയുടെ കാരണങ്ങളിലൊന്ന്. മറ്റുള്ളവരിൽ അസൂയപ്പെടാതിരിക്കുകയും ദൈവസ്നേഹത്തിൽ നാം ആഗ്രഹിക്കുകയും ചെയ്യുമ്പോൾ, നാം വാസ്തവത്തിൽ നമുക്കു തന്നെ ഉപകാരം ചെയ്യുകയാണ്.

* * *

ദൈവവചനത്തിൽ, യോസേഫിന്റെ കഥ വിസ്മയിപ്പിക്കുന്ന വിജയത്തിന്റേതാണ്. കുടുംബത്തിൽ പിതാവിന്റെ ഓമനമകനായിരുന്നു യോസേഫ്. യോസേഫിന്റെ സഹോദരന്മാരെക്കാൾ അധികമായി അപ്പൻ അവനെ സ്നേഹിച്ചുവെന്നു ഞാൻ കരുതുന്നില്ല; അല്പം വ്യത്യസ്തമായ നിലയിൽ സ്നേഹിച്ചുവെന്നു മാത്രം. യോസേഫ് ബാലനായിരുന്നതിനാൽ കുറച്ചുകൂടി ശ്രദ്ധ കിട്ടിയെന്നേയുള്ളൂ. എല്ലാ കുടുംബങ്ങളിലും അങ്ങനെയാണല്ലോ. സഹോദരന്മാർ അസൂയാലുക്കളായി. അസൂയ അവരെ കോപാകുലരാക്കി. അങ്ങനെയവർ യോസേഫിനെ അടിമക്കച്ചവടക്കാർക്കു വിറ്റു. യോസേഫിനെ വന്യമൃഗം കൊന്നുവെന്ന് അപ്പനോടു പറയുകയും ചെയ്തു. മോശമായ സാഹചര്യത്തിൽ യോസേഫ് ഒരുപാട് വർഷം കഴിച്ചുകൂട്ടി. ചെയ്യാത്ത കുറ്റത്തിന് അവനെ ജയിലിലടച്ചു. പതിമ്മൂന്നു വർഷം അവൻ അവിടെക്കഴിഞ്ഞു. അവന്റെ നല്ല മനോഭാവം നിമിത്തം, ഏതെല്ലാം ജോലി അവൻ ചെയ്തോ, അവിടെയെല്ലാം അവന് ഉയർച്ചയുണ്ടായി. നാം ദൈവത്തിലാശ്രയിച്ചാൽ അവൻ നമ്മെ ഉയർത്തും. ഭയം, അപകർഷ ബോധം,

കോപം, അസൂയ എന്നീ വികാരങ്ങളൊന്നും നമ്മെ ഭരിക്കാൻ അനുവദിക്കരുത്. സഹോദരന്മാർ കോപിച്ചപ്പോൾ യോസേഫിനും കോപിക്കാമായിരുന്നു. കോപം അവനിൽ വെറുപ്പുളവാക്കിയിട്ട് അവന്റെ ജീവിതം നശിച്ചുപോകാമായിരുന്നു. എന്നാൽ സഹോദരന്മാരുടെ മോശമായ തീരുമാനം അവനെ ഭരിക്കാൻ അവനിടവരുത്തിയില്ല.

മറ്റാരുടെയെങ്കിലും മോശമായ ഒരു തീരുമാനം നിങ്ങളെ കോപിപ്പിക്കാൻ നിങ്ങൾ അനുവദിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ, നിങ്ങളൊരു വിഡ്ഢിയാണ്. നിങ്ങൾക്കു വേറൊരു വഴിയുള്ളതാണു കാരണം. നിങ്ങൾക്കു നിങ്ങളോടുതന്നെ ഒരുപകാരം ചെയ്തുകൊണ്ട് അവർ ചെയ്തതിന്റെ അപ്പുറത്തേക്കു പോകാം. മറ്റുള്ളവരുടെ പ്രവൃത്തി നമുക്കു മാറ്റാനാവില്ല. എന്നാൽ അവരുടെ വഴികൾ നമ്മുടെ പെരുമാറ്റത്തെ നിയന്ത്രിക്കരുത്. നമുക്കെല്ലാം ദൈവം സ്വതന്ത്രമായ തിരഞ്ഞെടുപ്പുകൾ നൽകിയിട്ടുണ്ട്. എല്ലാ സാഹചര്യത്തിലും നമുക്കു ജീവനോ മരണമോ തിരഞ്ഞെടുക്കാം. ഈ സ്വതന്ത്രമായ തിരഞ്ഞെടുപ്പുകളുടെ അർത്ഥം നമുക്ക് ഉത്തരവാദിത്വമുണ്ടെന്നാണ്. അതുകൊണ്ട് യഥാർത്ഥത്തിൽ ഞാൻ സന്തോഷമില്ലാതിരിക്കുന്നെങ്കിൽ, അത് എന്റെ കുഴപ്പംകൊണ്ടു തന്നെയാണ്. കാരണം, അങ്ങനെയല്ലാതിരിക്കാൻ എനിക്കു കഴിയും. എനിക്കു തിരഞ്ഞെടുക്കാം.

യോസേഫിന്റെ ചരിത്രം ആദ്യന്തം നാം വായിച്ചാൽ, അവന്റെ സഹോദരങ്ങൾ മുഴുവൻ ക്രമേണ അവന്റെയടുക്കൽ വന്നു പശ്ചാത്തപിച്ചുവെന്നു കാണാം. ക്ഷാമകാലത്ത് അവൻ അവരെ കരുണാർദ്രമായി സഹായിച്ചു. യോസേഫിനു കോപവും വെറുപ്പും ഉണ്ടായില്ലെന്നു മാത്രമല്ല, അവനോടു ഭയങ്കരമായി ഇടപെട്ട സഹോദരന്മാരോടു ക്ഷണത്തിൽ ക്ഷമിക്കുകയും ചെയ്തു. അസൂയ, കോപം എന്നിവയുള്ളവനെക്കാൾ ക്ഷമിക്കുന്നവനാണ് എപ്പോഴും ശ്രേഷ്ഠൻ. തങ്ങളുടെ ഭാവി നിർണ്ണയിക്കാൻ അസൂയയെയും കോപത്തെയും അനുവദിക്കുന്നവൻ ചെറിയ മനസ്സുള്ളവരാണ്.

## യേശു നമ്മുടെ സൗഖ്യദായകൻ

യേശു സൗഖ്യമാക്കാൻ വന്നുവെന്നു വചനം പഠിപ്പിക്കുന്നു. എന്നാൽ ആ സൗഖ്യം എപ്പോഴും അത്ഭുതങ്ങളിലൂടെയല്ല. ആരോഗ്യകരമായ ജീവിതത്തിന് ഒരു ചികിത്സാവിധിയുണ്ട്. അത് അനുസരിക്കുമ്പോഴാണു സൗഖ്യമുണ്ടാകുന്നത്. മറ്റൊരു നിലയിൽ, നാം ചെയ്യണമെന്ന് യേശു പഠി

പ്പിച്ചതു നാം ചെയ്താൽ, നമുക്കു കൂടുതൽ സന്തോഷം മാത്രമല്ല, ആരോഗ്യവും കൂടുതലുണ്ടാകും.

> ശാന്തമനസ്സു ദേഹത്തിനു ജീവൻ; അസൂയയോ അസ്ഥികൾക്കു ദ്രവത്വം.
>
> *സദൃശവാക്യങ്ങൾ 14:30*

ഇതിനെ വായ് പൊളിപ്പിക്കുന്ന വാക്യമെന്നു ഞാൻ വിളിക്കാറുണ്ട്. സമാധാനം സൗഖ്യം നൽകുമ്പോൾ, കലഹവും അസൂയയും കോപവുമെല്ലാം അനാരോഗ്യത്തിനു കാരണമാകുന്നു. ഡോക്ടർമാർ പറയുന്നത്, എൺപതു ശതമാനം രോഗങ്ങൾക്കും കാരണം സംഘർഷമാണെന്നാണ്. അമിതമായ സംഘർഷം ലഘൂകരിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നില്ലെങ്കിൽ നല്ല ആരോഗ്യം കൈവരിക്കാൻ കഴിയില്ലെന്നും അവൻ പറയുന്നു. കോപം എനിക്കു മാനസികസംഘർഷമുണ്ടാക്കുന്നു, അതു തന്നെയാണു നിങ്ങൾക്കും സംഭവിക്കുന്നതെന്ന് എനിക്കുറപ്പുണ്ട്. നമുക്കില്ലാത്തതു മറ്റൊരാൾക്കുള്ളപ്പോൾ അതിനെക്കുറിച്ച് അസൂയപ്പെടുന്നതു കോപമാണ്. നമ്മുടെ ആരോഗ്യത്തെ അതു മോശമായി ബാധിക്കും.

കോപത്തിന്റെ കാരണം എന്തായാലും സാരമില്ല. അതു സംഘർഷമുണ്ടാക്കുന്നു, സംഘർഷം രോഗവുമുണ്ടാക്കുന്നു. എന്റെ ആന്റിയെക്കുറിച്ചുള്ള കാര്യം ഞാൻ മുൻപു പറഞ്ഞപ്പോൾ, ഞാനോർക്കുന്നു. ആന്റിയോടു ദേഷ്യപ്പെട്ട ആ ദിവസങ്ങളിൽ ദേഷ്യംകൊണ്ടു ഞാൻ ആകപ്പാടെ അങ്ങു പഴകിപ്പോയി. പല തരത്തിലുള്ള വേദനകൾ എനിക്കുണ്ടായി. തലവേദന, ക്ഷീണം എന്നിവ ഞാൻ അനുഭവിച്ചു. കോപിക്കുന്നതു ദൈവഹിതമല്ല. ഒപ്പം നമ്മുടെ ശരീരവും വേണ്ടപോലെ പ്രവർത്തിക്കുകയില്ല.

സഭായോഗത്തിന് എന്റെ കൂടെ വന്ന ഒരു സ്ത്രീ എന്നോടൊരു കാര്യം പറഞ്ഞു. അനേകവർഷ ങ്ങളായി അവർ കാൽമുട്ടുവേദന അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരോടു വലിയ ഒരു അന്യായം ചെയ്ത ഒരു കുടുംബാംഗമുണ്ടായിരുന്നു. ആ വ്യക്തിയോടു ക്ഷമിക്കുന്നതുവരെ ഈ വേദന അവർ അനുഭവിച്ചുകൊണ്ടേയിരുന്നു. അവരതു ക്ഷമിച്ചുകഴിഞ്ഞപ്പോൾ, കുറച്ചു ദിവസങ്ങൾക്കുള്ളിൽ ആ വേദന ക്രമേണ ഇല്ലാതായി. പിന്നെയൊരിക്കലും അതുണ്ടായിട്ടില്ല. നിങ്ങൾക്കു സന്ധിവേദനയുണ്ടെങ്കിൽ ആരോടോ ക്ഷമിക്കാനുണ്ടെന്നല്ല ഞാൻ പറഞ്ഞുവരുന്നത്. തലവേദനയുണ്ടെങ്കിൽ നിങ്ങൾക്ക് അസൂയയുണ്ടെന്നുമല്ല പറയുന്നത്. എന്നാൽ ഞാൻ

പറയട്ടെ, നിങ്ങളുടെ ഹൃദയം പരിശോധിക്കുക. ദൈവത്തോടു സൗഖ്യത്തിനായി അപേക്ഷിക്കുന്നതിനുമുമ്പ്, ഈ ദുഷിച്ച വികാരങ്ങളെ പറഞ്ഞയക്കുക. മോശമായ വികാരങ്ങളാണു മിക്ക രോഗങ്ങളുടെയും മൂലകാരണമെന്നു ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. അവയെ പുറത്താക്കുന്നതു നമ്മുടെ ജീവിതത്തിൽ സൗഖ്യവും ഊർജ്ജവും നിറയ്ക്കാൻ സഹായിക്കും.

യേശു പറഞ്ഞു, “ഞാനാണു വഴി.” അവന്റെ വഴികൾ നാം അനുഗമിക്കുമ്പോൾ, സാദ്ധ്യമായ ഏറ്റവും നല്ല ജീവിതമാണു നമുക്കു ലഭിക്കുന്നത്. അവന്റെ പ്രമാണങ്ങൾ നാം അനുസരിക്കാതിരിക്കുമ്പോൾ, നമ്മുടെ ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രശ്നങ്ങളുണ്ടാകാനിടയുണ്ട്.

## തൃപ്തി

എല്ലാ ദിവസവും രാവിലെ ഞാൻ എഴുതുന്ന ഒരു കുറിമാനമുണ്ട്. കഴിഞ്ഞ ചില വർഷങ്ങളിൽ ഞാനെഴുതിയതു നോക്കുമ്പോൾ, “ഞാൻ തൃപ്തയാണ്” എന്നെഴുതിയ നിരവധി കുറിപ്പുകൾ കണ്ടു. അങ്ങനെ പറയാൻ കഴിയുന്നത് എന്നെ സംബന്ധിച്ചു വളരെയാണ്. കാരണം, ഒരുപാടു വർഷം ഞാൻ തൃപ്തിയടയാതെ പാഴാക്കി. പൂർണ്ണമായും സംതൃപ്തിയടയണമെങ്കിൽ ചിലതുകൂടി വേണമെന്നു ഞാൻ സദാ കരുതിയിരുന്നു. എങ്ങനെ തൃപ്തനായിരിക്കാൻ കഴിയുമെന്നു പഠിച്ചതായി അപ്പോസ്തലനായ പൗലോസ് പ്രസ്താവിച്ചിട്ടുണ്ട് (ഇപ്പോൾ വരെ ഞാൻ തൃപ്തനാണ്, അലോസരമൊന്നുമില്ല. എന്തു സാഹചര്യമായാലും അലോസരമൊന്നുമില്ല. (ഫിലി. 4:11). നാം പഠിക്കേണ്ടുന്ന ഒരു പാഠമാണു തൃപ്തിയെന്നു ഞാൻ വിശ്വസിക്കുന്നു. കാരണം ജനിക്കുന്നവരെല്ലാം അസംതൃപ്തരാണ്. അതു നമ്മുടെ രക്തത്തിലുണ്ട്. അതിനു ചോറു കൊടുക്കുന്നതു നിർത്താതെ ഒരിക്കലുമതു ശാന്തമാകുകയില്ല.

നിങ്ങൾ തൃപ്തരാണോ? ഇല്ലെങ്കിൽ അതു തേടിപ്പിടിക്കുക. കാരണം അതൊരു അത്ഭുതകരമായ ഇരിപ്പിടമാണ്. തൃപ്തരായിരിക്കുക എന്നതിനർത്ഥം നമുക്കു വസ്തുവകകളൊന്നും വേണ്ടെന്നല്ല. മറിച്ച് ഉള്ളതുകൊണ്ടു തൃപ്തിപ്പെടുകയെന്നാണർത്ഥം. നമുക്ക് മറ്റെന്തെങ്കിലുംകൂടെ നൽകണമെന്നു ദൈവത്തിനു തോന്നുന്നതുവരെ അങ്ങനെ ജീവിക്കാൻ കഴിയണം. സ്വന്തം കുഞ്ഞ് അസംതൃപ്തിയിൽ കഴിയുന്നതു മാതാപിതാക്കളെ വേദനിപ്പിക്കും-കുട്ടിക്ക് എന്തെല്ലാമുണ്ടായാലും കാര്യമില്ല. നാം അവർക്കായി എന്താണു ചെയ്യുന്നതെന്നാണു കാണുന്നത്. എന്നാൽ അവർ കാണുന്നത്

അവർക്കില്ലാത്തതും മറ്റുള്ളവർക്കുള്ളതുമായ കാര്യങ്ങളാണ്. ഏറ്റവും നവീനമായ സ്മാർട്ട് ഫോൺ, ആധുനികമായ കംപ്യൂട്ടർ, പ്രശസ്തബ്രാൻഡ് റ്റെന്നീസ് ഷൂ അങ്ങനെയങ്ങനെ ഓരോന്നുമാണ് അവർക്കാവശ്യം. ഉള്ളതിൽ നന്ദിയുള്ളവരായിരിക്കാനാണ് അവരെക്കുറിച്ചു നാം ആഗ്രഹിക്കുന്നത്. എപ്പോഴും സാധനങ്ങൾ വേണമെന്ന് അവർ ചോദിക്കുന്നതു നാം ഗൗനിക്കാറില്ല. എന്നാൽ ഒരിക്കലും തൃപ്തിയടയാത്ത, മോശമായ മനോഭാവത്താൽ നമ്മളെ സമ്മർദ്ദത്തിലാക്കാൻ നാം ആഗ്രഹിക്കുന്നുമില്ല. നമ്മുടെ കുഞ്ഞുങ്ങളെക്കുറിച്ചു നമുക്ക് അങ്ങനെ തോന്നുന്നെങ്കിൽ, നമ്മുടെ അസംതൃപ്തിയിൽ ദൈവത്തിന് എന്തു തോന്നും? നാം ആഗ്രഹിക്കുന്നതു നൽകാൻ ദൈവത്തെ അതു പ്രേരിപ്പിക്കുമെന്നു ഞാൻ കരുതുന്നില്ല. എന്നാൽ ജീവിതത്തിൽ വാസ്തവമായി പ്രാധാന്യമർഹിക്കുന്നത് എന്തെന്നു നാം അറിയുന്നതുവരെ കാത്തിരിക്കാൻ ദൈവം ഇടവരുത്തിയേക്കും.

നമ്മുടെ വികാരങ്ങളെ ഊട്ടിവളർത്തുന്നതു ചിന്തകളാണ്. നിങ്ങൾക്ക് അസംതൃപ്തി തോന്നുന്നെങ്കിൽ, നിങ്ങളുടെ ചിന്തയ്ക്കു മാറ്റം വരണം. നിങ്ങൾക്ക് ഇല്ലാത്തതിനു പകരം, ഉള്ളതിനെക്കുറിച്ചു ചിന്തിക്കുക. ദൈവത്തിന്റെ ജ്ഞാനത്തെക്കുറിച്ചും നന്മയെക്കുറിച്ചും ചിന്തിക്കുക, നിങ്ങളുടെ പ്രാർത്ഥന ദൈവം കേട്ടെന്നും തക്ക സമയത്ത് ഏറ്റവും നന്നായി നിങ്ങൾക്കു വേണ്ടി പ്രവർത്തിക്കുമെന്നും തന്നെത്താൻ ഓർമ്മപ്പെടുത്തുക. ആർക്കെങ്കിലും അനുഗ്രഹമുണ്ടാകുമ്പോൾ, പ്രത്യേകിച്ചു നിങ്ങൾ ആഗ്രഹിച്ചിട്ട് ഇതുവരെ നിങ്ങൾക്കു കിട്ടാത്ത കാര്യം അവർക്കു കിട്ടുമ്പോൾ, അവർക്കതു ലഭിച്ചതിനു ദൈവത്തെ സ്തുതിക്കുക. ദൈവത്തെ അനുസരിച്ച് അതു ചെയ്യുമ്പോൾ നിങ്ങളിൽ ആനന്ദം നിറഞ്ഞുകവിയും.

## അസൂയാലുവായ എന്റെ സുഹൃത്ത്

ദൈവം എനിക്കു തന്നതിലൊക്കെ അസൂയപ്പെടുന്ന ഒരു സുഹൃത്ത് എനിക്കുണ്ടായിരുന്നു. ഉദാഹരണത്തിന്, ആരെങ്കിലും എനിക്കു മനോഹരമായൊരു മോതിരം തന്നാൽ, "എനിക്കാരെങ്കിലും ഒരു മോതിരം തന്നിരുന്നെങ്കിൽ" എന്ന് അവർ പറയുമായിരുന്നു. ഒരു നല്ല സുഹൃത്തായിരിക്കുന്നതിന്റെ ഒരു ഭാഗം, പരസ്പരം സന്തോഷം പങ്കിടുകയെന്നതാണ്. അവളുടെ ആ മനോഭാവം നിമിത്തം, പിന്നീട് എനിക്കെന്തെങ്കിലും നന്മയുണ്ടായാൽ അവളോടു പറയാതിരിക്കുന്നതാണ് നല്ലതെന്നു തോന്നിയിട്ടുണ്ട്. അവളുടെ അസൂയയെയും അരക്ഷിതാവസ്ഥയെയും ഊട്ടിവളർത്താതിരിക്കാൻ,

ഞാൻ പിന്നെ സൂക്ഷിച്ചേ അവളോടു സംസാരിച്ചിരുന്നുള്ളൂ. അവളോടൊപ്പമിരിക്കുന്നത് എന്നെ സംബന്ധിച്ചു വളരെയേറെ ബുദ്ധിമുട്ടായിത്തോന്നി. ദു:ഖമെന്നു പറയട്ടെ, ക്രമേണ അവളെ ഞാൻ ഒഴിവാക്കാൻ തുടങ്ങി.

ഹൃദയം നിറയുന്നതാണു വായ് സംസാരിക്കുന്നത്. മറ്റുള്ളവരുടെ വായിൽനിന്ന് അസൂയ വെളിയിൽ വരുന്നതു നമുക്കു കേൾക്കാനാവാം. ശരിയായി ശ്രദ്ധിച്ചാൽ, നമ്മുടെ വായിലൂടെയും അതു പുറത്തേക്കു വരുന്നതു കേൾക്കാം. എനിക്കുതന്നെ ഉപകാരം ചെയ്യാൻ ഞാൻ തീരുമാനിച്ചു; ആരോടും അസൂയപ്പെടില്ല. ഈ വിശുദ്ധമായ അനുധാവനത്തിൽ നിങ്ങളും എന്നോടൊപ്പം ചേരുമെന്നു ഞാൻ പ്രതീക്ഷിക്കട്ടെ. അത്യാഗ്രഹം, അസൂയ എന്നിവ കോപത്തിനു കാരണമാകുന്നു. ദൈവം, ആഗ്രഹിക്കുന്ന നീതി കോപം ഉളവാക്കുന്നില്ല.

അദ്ധ്യായം

5

# മറയ്ക്കുന്ന കോപം

അസ്വീകാര്യമായ പെരുമാറ്റമായി കോപത്തെ പൊതുവായി വീക്ഷിക്കുന്നു. അതിനാൽ മറ്റുള്ളവരിൽനിന്നും നമ്മിൽനിന്നു തന്നെയും അതു മറച്ചുവെയ്ക്കാൻ നാം വഴികൾ തേടുന്നു. മറ്റു പെരുമാറ്റങ്ങൾ കൊണ്ടു നാം കോപം മറയ്ക്കുന്നു. കാണാൻ കൊള്ളാത്ത എന്തെങ്കിലും മറച്ചുവെയ്ക്കുന്നതിനാണു മറ (മൂടി) ഉപയോഗിക്കുന്നത്. മറയ്ക്കു (മുഖംമൂടി) പിന്നിൽ എന്താണെന്നു കാണാൻ അത് ആളുകളെ അനുവദിക്കുന്നില്ല. ചില പാർട്ടികളിൽ നാം ആരാണെന്ന് അറിയാതിരിക്കാൻ മുഖംമൂടി ധരിക്കാറുണ്ട്. നാം വാസ്തവത്തിൽ ആരാണെന്നോ ആരല്ലെന്നോ ഒക്കെ ആളുകളെ ധരിപ്പിക്കാനുള്ള ഒരു അടവാണത്. കോപം എന്താണെന്നറിയാനും ദൈവഹിതപ്രകാരം അതു കൈകാര്യം ചെയ്യാനുമായി മുഖംമൂടിയഴിച്ചു കോപത്തെ നേരിടാനുള്ള സമയമായി.

കോപിക്കുമ്പോൾ നാം ധരിക്കുന്ന ചില മുഖംമൂടികൾ നമുക്കൊന്നു നോക്കാം.

കോപത്തിന്റെ സർവ്വസാധാരണമായ മുഖംമൂടിയാണ് സൗഹൃദമില്ലായ്മ. കോപമില്ലെന്നു നാം നടിക്കുന്നു. അപ്പോൾത്തന്നെ വികാരമൊന്നുമില്ലാതെ തണുത്ത രീതിയിലാണു നമുക്കു കോപമുള്ള വ്യക്തിയോട് ഇടപെടുന്നത്. കോപമില്ലായെന്നുള്ള ഭാവേനയാണ് ആ പെരുമാറ്റം. എനിക്കറിയാം എന്റെ ജീവിതത്തിൽ ഒരുപാടു പ്രാവശ്യം “ഞാൻ നിന്നോടു ക്ഷമിക്കുന്നു” എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ഞാൻ ക്ഷമിച്ചുവെന്നു ദൈവ

ത്തോടു പറഞ്ഞിട്ട് ആ വ്യക്തിയുമായി അകലം പാലിച്ചും സൗഹൃദം കാട്ടാതെയുമിരിക്കുന്നു. ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ, ഞാൻ കോപത്തിൽ തുടരേണ്ടയാളല്ലെന്ന് എനിക്കറിയാം. അങ്ങനെ ചെയ്യുന്നത് അപകടകരമാണ്. അതിന്റെ കാരണങ്ങൾ പിന്നീട് ഈ പുസ്തകത്തിൽ വിവരിക്കാം. ഞാൻ പ്രാർത്ഥിക്കേണ്ടുന്ന ശരിയായ പ്രാർത്ഥന, "ദൈവമേ, എന്നെ വേദനിപ്പിച്ച ______________________ നോടു ഞാൻ ക്ഷമിക്കുന്നു; എന്റെ വേദന തരണം ചെയ്യാൻ എന്നെ സഹായിക്കണമേ." ഇതാണു ഞാനർത്ഥമാക്കിയത്. എന്നാൽ പ്രാർത്ഥനയുടെകൂടെ അനുസരണവും വേണമെന്ന് അന്നേരം ഞാൻ ഗ്രഹിച്ചിരുന്നില്ല. ഞാൻ അടുത്ത ചുവടു വയ്ക്കണമെന്നും, ഒന്നും സംഭവിക്കാത്തതുപോലെ ആ വ്യക്തിയോട് ഹൃദ്യമായി ഇടപെടണമെന്നും ദൈവം ആഗ്രഹിച്ചു. പക്ഷേ എനിക്കതു ചെയ്യാൻ മനസ്സില്ലായിരുന്നു.

നമുക്ക് ഉറ്റസ്നേഹമുണ്ടായിരിക്കണമെന്നു ദൈവവചനം പറയുന്നു (1 പത്രോസ് 4:8). തണുത്ത സ്നേഹം ദൈവത്തിനു സ്വീകാര്യമല്ല. കാരണം, അതു യഥാർത്ഥമായി ദൈവം ആഗ്രഹിക്കുന്നതിന്റെ നാട്യമാണ്. ആ സ്നേഹം യഥാർത്ഥവും കരുത്തേറിയതും ഊഷ്മളവുമാണ്, തണുത്തതും അകലം പാലിക്കുന്നതുമല്ല. ദേശത്തു ദുഷ്ടതയും അധർമ്മവും പെരുകുന്നതുമൂലം ക്രിസ്ത്യാനികളുടെ സ്നേഹം തണുത്തുപോകുമെന്നു ദൈവവചനം പറയുന്നു മത്തായി (24:12). അന്ത്യകാലമടുക്കുമ്പോൾ, യേശുക്രിസ്തുവിന്റെ മടങ്ങിവരവിനായി നാം കാത്തിരിക്കുമ്പോൾ, മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹം തണുത്തുപോകാതിരിക്കാനും അതു നിർജ്ജീവമാകാതിരിക്കാനും നാം തീവ്രമായി ശ്രമിക്കണം.

ഞാനൊരു ഉത്തരവാദിത്വമുള്ള വ്യക്തിയായതിനാൽ, എനിക്കു ദേഷ്യമുള്ള ആളിനോടുള്ള ഉത്തരവാദിത്വവും ഞാൻ സദാ നിറവേറ്റുന്നു. അപ്പോഴും ഞാനെന്റെ കടമ നിറവേറ്റുന്നുണ്ടെങ്കിലും അത്ര ഉന്മേഷത്തോടെയല്ല ചെയ്യുന്നത്.വേണ്ടതുപോലെയുള്ള വാത്സല്യമോ ദയയോ ഒന്നുമില്ല. ഉദാഹരണത്തിന്, എന്റെ കുടുംബത്തോടു മുഴുവൻ ഞാൻ കോപിച്ചിരുന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. അപ്പോഴും അവർക്കെല്ലാവർക്കും ഞാൻ ആഹാരം വെച്ചു വിളമ്പിയിട്ടുണ്ട്. എന്റെ കർത്തവ്യം ഞാൻ ചെയ്തു. പക്ഷേ യാന്ത്രികമായിട്ടായിരുന്നു അതു ചെയ്തത്. എന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് ആരെങ്കിലും ചോദിച്ചാൽ, "ഹേയ്, ഒന്നുമില്ല, സുഖമായിരിക്കുന്നു" എന്നു പറയും. ഇത്തരം പെരുമാറ്റം നിങ്ങൾക്കു സുപരിചിതമാണെന്ന് എനിക്കുറപ്പുണ്ട്. എല്ലാം നല്ലതായിരിക്കുന്നുവെന്നു നടിക്കാനുള്ള ഒരു മാർഗ്ഗമാണിത്.

എന്നാൽ നാം മുഖംമൂടി അണിഞ്ഞിരിഞ്ഞിക്കുയാണ്. നമ്മൾക്കു കുഴപ്പമൊന്നുമില്ലെന്നു മറ്റുള്ളവരെ കബളിപ്പിക്കുന്നതിനുള്ള ഒരു മുഖംമൂടിയാണിതെന്നു കുരുക്കുകയാണ്. മനസ്സില്ലാതെ ചെയ്യണമല്ലോ എന്നു കരുതി ആര് എനിക്ക് എന്തു ചെയ്താലും എനിക്കു മനസ്സിലാകും. എനിക്കത് ഇഷ്ടമേയല്ല. അവർ അങ്ങനെ ചെയ്തിട്ടേയില്ലെങ്കിലും ആ നാട്യം എനിക്കറിയാം. ഞാൻ അങ്ങനെ പെരുമാറിയാൽ മറ്റുള്ളവർക്കും അറിയാമെന്നു എനിക്കുറപ്പുണഅട്. കാപട്യമില്ലാതെ യഥാർത്ഥമായിരിക്കാൻ ഞാൻ നിർണ്ണയിച്ചു സമർപ്പിച്ചു. ഞാൻ ദേഷ്യപ്പെട്ടിരിക്കുകയാണ്, ഒന്നു ശാന്തമാകാൻ അല്പം സമയം വേണമെന്നു പറയുകയാണ് നല്ലത്. കോപം കൊണ്ടു വീർപ്പുമുട്ടുമ്പോൾ, കുഴപ്പമൊന്നുമില്ലെന്നു നടിക്കുന്നതിനെക്കാൾ നല്ലത് ഇതാണല്ലോ.

## നമ്മുടെ ജീവിതത്തിൽനിന്ന് ആളുകളെ പടിക്കു പുറത്താക്കുക

ഒഴിവാക്കലിന്റെ മുഖംമൂടി—ആളുകളെ നമ്മുടെ ജീവിതത്തിന്റെ പടിക്കു പുറത്താക്കാൻ നമുക്കു പല വഴികളുമുണ്ട്. മിണ്ടാതിരിക്കുന്നതാണ് ഒരു വഴി. കോപിക്കുമ്പോൾ ചിലപ്പോൾ നമ്മൾ പൊട്ടിത്തെറിക്കും, ചിലപ്പോൾ ശാന്തമാകും. ദേഷ്യപ്പെടുന്നില്ലെന്നു നമ്മോടുതന്നെയും മറ്റുള്ളവരോടും നാം പറയും. നമുക്കു ദേഷ്യമുള്ള ആളോടു ദേഷ്യമില്ലെന്നു നടിച്ചുകൊണ്ടു നാം മിണ്ടുകയുമില്ല. സംസാരിക്കേണ്ടിവന്നാൽപ്പോലും കഴിയുന്നത്ര കുറച്ചേ സംസാരിക്കൂ. നാം പിറുപിറുക്കുകയും മുറുമുറുക്കകുയും തലയാട്ടുകയും മറ്റും ചെയ്യും. സംസാരിക്കുന്നതിനേക്കാൾ ഞാൻ കോപിച്ച ചില സന്ദർഭങ്ങളിലൊക്കെ എന്റെ വായ് സിമന്റ് തേച്ച് അടച്ചതുപോലെ എനിക്കു തോന്നിയിട്ടുണ്ട്. ആ വ്യക്തിയോട് എനിക്കു സംസാരിക്കണമെന്നും കുട്ടിക്കളി നിർത്തണമെന്നും എനിക്കു തോന്നിയപ്പോൾപ്പോലും അങ്ങനെയായിരുന്നു. വായ്തുറന്നു സംസാരിക്കണമെന്നുള്ള എന്റെ ആഗ്രഹത്തെത്തന്നെ അതില്ലാതാക്കിക്കളഞ്ഞു.

ആളുകളെ സ്പർശിക്കാതിരുന്ന് അവരെ നമ്മുടെ ജീവിതത്തിൽനിന്ന് ഒഴിവാക്കാം. ഭർത്താവിനോടു കോപിച്ചിട്ട്, അദ്ദേഹത്തെ സ്പർശിക്കാതെ, കിടക്കയുടെ ഓരത്തേക്കു മാറിക്കിടന്നിരുന്നു. മെത്തയുടെ വക്കിലാണു ഞാൻ കിടന്നതെന്നു തോന്നിപ്പോയി. രാത്രി മുഴുവൻ ഞാൻ തണുത്തു വിറച്ചു കിടന്നു; പുതപ്പൊന്നും ഞാൻ ഭർത്താവിനോടു ചോദിച്ചില്ല. എനിക്കതിനു മനസ്സില്ലായിരുന്നു. ഞാൻ കാണിച്ചതു വിഡ്ഢിത്തമായിരുന്നു.

അദ്ദേഹം സുഖമായിട്ടുറങ്ങി, ഞാൻ കഷ്ടപ്പെടുകയും ചെയ്തു! ആ സമയമൊക്കെ ഞാൻ എന്റെയുള്ളിൽ എത്രമാത്രം സംഘർഷമനുഭവിച്ചുവെന്ന് ഇപ്പോൾ ഓർക്കുന്നു. ദൈവം സഹായിച്ച് അത്തരം പെരുമാറ്റങ്ങളൊക്കെ എന്നെ വിട്ടുപോയതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു.

നിങ്ങൾക്കു കോപമുള്ളയാളെ ഒഴിവാക്കി നിങ്ങൾ മുറിയിൽ കഴിച്ചുകൂട്ടിയിട്ടുണ്ടോ? നിങ്ങളിരിക്കുന്ന മുറിയിൽ അവർ വന്നാൽ, എന്തെങ്കിലും കാരണം പറഞ്ഞ് അവിടെനിന്നു നിങ്ങൾ പോകും. അവർക്കു റ്റെലിവിഷൻ കാണണമെങ്കിൽ നിങ്ങൾ ഉറങ്ങാൻ പോകും. അവർക്ക് ഉറങ്ങണമെങ്കിൽ നിങ്ങൾക്കു റ്റെലിവിഷൻ കാണണം. അവർക്ക് ആഹാരം കഴിക്കണമെന്നുള്ളപ്പോൾ നിങ്ങൾക്കു വിശപ്പില്ല. അവർക്കു നടക്കാനോ കാർയാത്രയ്ക്കോ പോകണമെങ്കിൽ, നിങ്ങൾക്കു തലവേദന വരും. ഇവയെല്ലാം നാം അണിയുന്ന മുഖംമൂടികളാണ്. നമ്മുടെ പെരുമാറ്റം യഥാർത്ഥത്തിൽ സത്യം തുറന്നുകാട്ടുമ്പോൾ, എല്ലാക്കാര്യങ്ങളും നന്നായി നടക്കുന്നുവെന്ന രീതിയിലാണു നാം നടിക്കുന്നത്.

ഭർത്താവിനു രാവിലെ കാപ്പി കൊണ്ടുക്കൊടുക്കാനും അദ്ദേഹത്തിന് ഇഷ്ടപ്പെട്ട ഭക്ഷണമുണ്ടാക്കുന്നതിനും ഞാൻ തുനിഞ്ഞില്ല. അപ്പോൾത്തന്നെ അദ്ദേഹം എന്നെ വേദനിപ്പിച്ചതിൽ ഞാൻ ക്ഷമിച്ചുവെന്നാണ് എന്നോടുതന്നെ പറഞ്ഞത്. ഇത്തരം പെരുമാറ്റം നമ്മെ ബന്ധനസ്ഥരാക്കുന്നു. എന്നാൽ ദൈവവചനം അനുസരിക്കുമ്പോഴാണു നാം സ്വതന്ത്രരാകുന്നത്.

ചില ഉപദേശിമാർ, പ്രസംഗപീഠങ്ങളും പ്രസംഗങ്ങളുമൊക്കെയാണു സഭക്കാരോടുള്ള കോപത്തിനു മറയായി ഉപയോഗിക്കുന്നത്. അവരുടെ കോപത്തിനു മുഖംമൂടിയായി പ്രസംഗത്തെ അവർ ഉപയോഗിക്കുന്നു. ആ പ്രസംഗം അവർക്കു ദൈവം നേരിട്ടുനൽകിയെന്ന ഭാവേനയാണു പ്രസംഗിക്കുന്നത്. ശുശ്രൂഷകരായ ഒരു ഭാര്യയെയും ഭർത്താവിനെയും എനിക്കറിയാം. ഭർത്താവിന്റെ അവിശ്വസ്തത മൂലം അവർ വിവാഹമോചനം നടത്തി. ആ സ്ത്രീ തുടർന്നും പ്രസംഗിച്ചു. രണ്ടു വർഷത്തോളം അവർ പ്രസംഗിച്ചത് നമ്മളെ നിയന്ത്രിക്കുന്നതും ഉപയോഗിക്കുന്നതുമായ ആളുകളെക്കുറിച്ചായിരുന്നു. നിങ്ങളെ ഉപയോഗിക്കാൻ ആളുകളെ അനുവദിക്കരുത്, എങ്ങനെയാണു സുരക്ഷിതമായ ബന്ധങ്ങളുണ്ടാക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളായിരുന്നു അവരുടെ പ്രസംഗവിഷയങ്ങൾ. സഭയിൽ അവർ പ്രസംഗിച്ചതെല്ലാം അവരുടെ സ്വന്തം കാര്യങ്ങളായിത്തോന്നി. പരിശുദ്ധാത്മാവിന്റെ നിയന്ത്ര

ണത്തിനെക്കാൾ, അവരുടെ വേദനയിൽനിന്നാണ് അവർ പ്രസംഗിച്ചത്. ഭർത്താവിനോട് അവർ ക്ഷമിച്ചുവെന്നും മുന്നോട്ടു പോവുകയാണെന്നും അവർ ആവർത്തിച്ച് എന്നോടു പറഞ്ഞുകൊണ്ടിരുന്നു. പക്ഷേ ഞാൻ അവരുമായി അപൂർവ്വമായേ സംസാരിച്ചുള്ളൂ. അവരുടെ ഭർത്താവ് അവരോട് എന്താണു ചെയ്തതെന്ന് അവർ പറഞ്ഞില്ല. നമ്മുടെ മുറിവുകളെപ്പറ്റി നാം പറഞ്ഞുകൊണ്ടിരിക്കുന്ന കാലത്തോളം, നമുക്ക് അവയിൽനിന്നു മോചനമില്ല. ഉണ്ടെന്നു നമുക്കു നടിക്കാം. പക്ഷേ യഥാർത്ഥ അനുഭവത്തിൽ അങ്ങനെയല്ല.

ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളത്, അത് (സ്വന്തം ഹൃദയം) ആർക്കാണ് അറിയാനാവുക? (അതു പ്രയാസമുള്ള കാര്യമാണ് - യിരെ. 17:9). സത്യത്തിൽനിന്ന് ഒളിച്ചിരിക്കാനുള്ള ഒരു വഴിയാണ് സ്വയം വഞ്ചിക്കുകയെന്നത്. ഇനി ഞാൻ ദേഷ്യപ്പെടുകയില്ല, ഞാൻ ക്ഷമിച്ചു എന്നൊക്കെ എനിക്കു പറയാം. എന്നാൽ ആ വ്യക്തിയോടുള്ള എന്റെ പെരുമാറ്റം തണുത്തതും അവരോടു സംസാരിക്കാൻ വൈമുഖ്യം കാട്ടുന്നതും അവർ എന്നെ വേദനിപ്പിച്ചതിനെക്കുറിച്ചു തുടർന്നും പറയുന്നതുമെല്ലാം ഞാൻ ക്ഷമിക്കാത്തതിന്റെ ലക്ഷണങ്ങളാണ്. മാത്രമല്ല, മറ്റാരെക്കാളും ഞാൻ തന്നെയാണ് എന്നെ വേദനിപ്പിക്കുന്നത്.

## തിരുവെഴുത്തിന്റെ ദുരുപയോഗം

വചനത്തിന്റെ മുഖംമൂടി—നമ്മുടെ കോപം ആളുകളിലേക്കു ചൊരിയാൻ തിരുവെഴുത്തുപോലും ഉപയോഗിക്കാമെന്നാണു ഞാൻ കരുതുന്നത്. എഫെ. 4:15 ൽ നല്ലൊരു ഉദാഹരണമുണ്ട് - “സ്നേഹത്തിൽ സത്യം സംസാരിക്കുക.” നമ്മുടെ കോപവും നിരാശയുമെല്ലാം പ്രകടിപ്പിക്കാതിരിക്കാനുള്ള ഒരു മറയായി ഈ വാക്യം പലപ്പോഴും ഉപയോഗിക്കാറുണ്ട്. മറ്റുള്ളവർ നമ്മളോടു ചെയ്ത കാര്യം ആളുകളോടു പറയുമ്പോഴാണ് ഇങ്ങനെയുണ്ടാകുന്നത്. അവരുടെ അല്ലെങ്കിൽ നമ്മുടെ ഗുണത്തിനാണോ നാം ഇങ്ങനെ പറയുന്നത്? അവരെക്കുറിച്ചുള്ള യഥാർത്ഥമായ കരുതൽ നിമിത്തമാണോ നാം സത്യം പറയുന്നത്? അതോ ദൈവം അംഗീകരിച്ചതാണെന്നു നാം പുതുതായി കണ്ടെത്തിയ ഒരു രീതി (ആളുകളെ ഇല്ലാതാക്കാൻ) യാണോ ഇത്?

"സ്നേഹത്തിൽ സത്യം സംസാരിക്കുന്ന" കുറച്ചു പേർക്കു ഞാൻ ഇരയായിട്ടുണ്ട്. എന്നാലും, എന്നെ വേദനിപ്പിക്കാൻ വേണ്ടി അവർ പറഞ്ഞത് ഞാൻ ഇടപെടേണ്ടുന്ന ഒരു പ്രശ്നമായിട്ടാണു മാറിയത്. ഒരു സ്ത്രീ പറഞ്ഞതു ഞാനോർക്കുന്നു. "ജോയ്സ്, എനിക്കൊരു സത്യം പറയാനുണ്ട്." അവളുടെ ആ പറച്ചിലിൽനിന്നുതന്നെ, എനിക്കിഷ്ടമില്ലാത്തതാണ് അവർ പറയാൻ തുടങ്ങുന്നതെന്നു മനസ്സിലായി. എന്റെ ഒരു പ്രസംഗം അവൾക്കു മുഷിച്ചിലുണ്ടാക്കിയെന്നും അത് എത്രമാത്രം ഭയങ്കരമായിരുന്നെന്നും അവൾ പറഞ്ഞുകൊണ്ടേയിരുന്നു. എന്നോട് അവൾ ക്ഷമിച്ചുവെന്ന ഉറപ്പും പിന്നീട് അവളെനിക്കു തന്നു. ഇതു തീർച്ചയായും ആക്ഷേപിക്കുന്നതായിരുന്നു. അവൾ സ്വയം വഞ്ചിതയായിപ്പോയി. എന്നോടവൾ വാസ്തവത്തിൽ ക്ഷമിച്ചിരുന്നെങ്കിൽ ഇതു പിന്നീടു പൊക്കിക്കൊണ്ടു വരില്ലായിരുന്നു. അവളുടെ ദേഷ്യം പ്രകടിപ്പിക്കാൻ അവൾ വെറുതെ ഒരു വേദഭാഗം ഉപയോഗിച്ചെന്നേയുള്ളൂ.

ഞാൻ മുൻപു പറഞ്ഞതുപോലെ, മറ്റുള്ളവരുടെ പെരുമാറ്റത്തെ എതിർക്കാനുള്ള സന്ദർഭങ്ങളുണ്ട്. എന്നാൽ അത് അവരുടെയും നമ്മുടെയും നന്മയ്ക്കായിട്ടാണു നാം ചെയ്യുന്നതെന്നു നമ്മൾ ഉറപ്പാക്കേണ്ടതുണ്ട്. പ്രത്യേകിച്ച്, നമ്മുടെ എതിർപ്പു ദൈവനിയോഗമനുസരിച്ചുള്ളതും നമ്മുടെ തീരുമാനമനുസരിച്ചല്ലെന്നും നമുക്കു തീർച്ചയുണ്ടായിരിക്കണം. ചിലർക്ക് ഈ എതിർപ്പ് ഇഷ്ടമല്ല. എന്നാൽ എനിക്ക് ഇതൊരു പ്രശ്നമായി അപൂർവ്വമായേ തോന്നിയിട്ടുള്ളൂ. വാസ്തവത്തിൽ, ഞാൻ എതിർക്കണമെന്നു ദൈവം ആഗ്രഹിക്കാതെ ഞാനതു ചെയ്യാൻ പാടില്ല. ഇതാണു ഞാൻ പഠിക്കേണ്ടിയിരുന്ന പാഠം. ചില കാര്യങ്ങളുമായി നാം ഇടപെടണമെന്നു ദൈവം ആഗ്രഹിക്കുന്ന സന്ദർഭങ്ങളുണ്ട്, അതു മറ്റാരോടും നാം പറയുകയുമരുത്. എന്റെ വികാരങ്ങളെ ആരെങ്കിലും മുറിപ്പെടുത്തിയെങ്കിൽ, അതിന്റെയർത്ഥം നാം അത് അവരോടു പറയണമെന്നല്ല. അവരുടെ അതിക്രമം "മൂടിവെയ്ക്കുക" എന്നതായിരിക്കും ഏറ്റവും ശ്രേഷ്ഠവും ദൈവികവുമായ കാര്യം.

നമ്മുടെ കോപം ഒരു നാടകമായിത്തീരാം. പല രീതിയിൽ നാമതു നടിക്കും. നമ്മൾ കോപിക്കുന്നവരല്ലായെന്നു കാട്ടി നമ്മെത്തന്നെ പലപ്പോഴും വിഡ്ഢികളാക്കുന്ന കാര്യമാണത്. ഏതെങ്കിലും തരത്തിലുള്ള മുഖംമൂടിയണിഞ്ഞു നിങ്ങൾ കോപം മറയ്ക്കുന്നെങ്കിൽ, അതു കാട്ടിത്തരാൻ ദൈവത്തോട് അപേക്ഷിക്കുക. അങ്ങനെ മറയ്ക്കുന്നയാളാണെങ്കിൽ, നിങ്ങളെ അതിൽനിന്നു സൗഖ്യമാക്കാൻ ദൈവത്തെ അനുവദിക്കുക. ഒരിക്കൽക്കൂടി ഞാൻ ഓർമ്മിപ്പിക്കട്ടെ, "സത്യം നിങ്ങളെ സ്വതന്ത്രരാക്കും."

## കോപം എന്റെ ജീവിതത്തെ ആകെ കുഴച്ചുമറിച്ചു

*ഒരു സഞ്ചി നിറയെ ആണികൾ.*

ക്ഷിപ്രകോപിയായ ഒരു കുട്ടിയുണ്ടായിരുന്നു. എപ്പോഴൊക്കെ പൊട്ടിത്തെറിക്കുമോ, അപ്പോഴെല്ലാം ഒരാണി വേലിയിൽ തറയ്ക്കണമെന്നു പറഞ്ഞ് അവന്റെ അപ്പൻ ഒരു സഞ്ചി നിറയെ ആണി അവനു നൽകി. ആദ്യത്തെ ദിവസം അവൻ മുപ്പത്തേഴ് ആണികൾ വേലിയിൽ അടിച്ചുകയറ്റി. എന്നാൽ ക്രമേണ അവയുടെ എണ്ണം കുറഞ്ഞുവന്നു. ആണി വേലിപ്പത്തലിൽ അടിച്ചുകയറ്റുന്നതിനെക്കാൾ കോപം നിയന്ത്രിക്കുന്നതാണ് എളുപ്പമെന്ന് അവനു മനസ്സിലായി. ഒടുവിൽ, അവൻ ഒട്ടും കോപിക്കാത്ത നിലയിലായി. അഭിമാനത്തോടെ അവൻ തന്റെ അപ്പനോട് അതു പറഞ്ഞു. കോപം നിയന്ത്രിക്കാൻ കഴിയുന്ന ഓരോ ദിവസവും ഒരാണി വീതം വേലിയിൽനിന്നു പിഴുതെടുക്കാൻ അപ്പൻ അവനോട് പറഞ്ഞു. ദിവസങ്ങൾ കഴിഞ്ഞുപോയി; ആണികളെല്ലാം തീർന്നുവെന്ന് അവൻ അപ്പനോട് പറഞ്ഞു. അപ്പൻ അവനെ കൈക്കു പിടിച്ചു വേലിയ്ക്കടുത്തേക്കു പോയി. "നീ ചെയ്തതു നല്ല കാര്യമാണു മോനേ, പക്ഷേ വേലിയിലുള്ള ദ്വാരങ്ങൾ നോക്കൂ. ഒരിക്കലും അതു പഴയതുപോലെയാകുകയില്ല. കോപിച്ചുകൊണ്ടു നീ പറയുന്ന കാര്യങ്ങളൊക്കെ ഇതുപോലെയുള്ള പാടുകൾ അവശേഷിപ്പിക്കും. ഒരാളെ കുത്തിയിട്ടു കത്തി വലിച്ചൂരി ക്ഷമ പറയാം. എന്നാൽ മുറിവ് അവിടെക്കാണും."

ദീർഘകാലമായ കോപത്തിന്റെ ഫലമെന്താണ്? ജീവിതത്തിന്റെ സമസ്തമേഖലയ്ക്കും അതിനാൽ ഹാനി വരുന്നു. ദേഹം, ദേഹി, ആത്മാവ് എന്നിവയെയെല്ലാം അതു ദോഷമായി ബാധിക്കുന്നു. വിജയകരമായ ഒരു ഭാവിക്ക് അതു നിമിത്തം തടസ്സമുണ്ടാകുന്നു. കാരണം, കോപം നമ്മുടെ വ്യക്തിത്വത്തെ മാറ്റിമറിക്കുന്നു. കോപിക്കുന്നവർക്ക് ഒരു ജോലിസ്ഥിരതയും ബുദ്ധിമുട്ടാണ്. കോപത്തിൽ നാം തുടർന്നാൽ, ദൈവത്തിന്റെ ഇഷ്ടംപോലെയുള്ള ഒരാളായിത്തീരാൻ ഒരിക്കലും നമുക്കു കഴിയുകയില്ല. സമൂഹത്തെ മുഴുവൻ നമ്മുടെ കോപം ബാധിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ മറ്റാരെക്കാളുമധികം നമ്മെയാണ് അതു ബാധിച്ചിരിക്കുന്നത്. അതുകൊണ്ടാണു ഞാൻ, "നിങ്ങൾക്കുതന്നെ നിങ്ങളൊരു ഉപകാരം ചെയ്യുക, ക്ഷമിക്കുക" എന്നു കൂടെക്കൂടെ പറയുന്നത്. ഓർക്കുക, ന്യായീകരിക്കത്തക്ക ഒരു കോപത്തിന്റെ ഫലമാണ് നിങ്ങളുടെ കോപമെങ്കിൽ, കോപത്തിൽ തുട

രുന്നതുമൂലം നിങ്ങൾ നിങ്ങളെത്തന്നെ സഹായിക്കുകയോ പ്രശ്നം പരിഹരിക്കുകയോ ചെയ്യുന്നില്ല.

ഒരാളുടെ കല്ലറയിലെ ലിഖിതമിതാ:

*വൃത്തികെട്ട ഡാൻ ഇതാ കിടക്കുന്നു.*
*അയാൾ കോപിക്കുന്നവനായിരുന്നു*
*സദാ പരാതിപ്പെടുന്നവനും ലക്കു കെട്ടവനുമായിരുന്നു*
*ചെറുപ്പത്തിലേ ആൾ മരിച്ചു, നമുക്കു സന്തോഷമുണ്ട്.*

കോപിക്കുന്നവൻ തീർന്നുപോയതുകൊണ്ട് എല്ലാവർക്കും സന്തോഷമായി. കാരണം അങ്ങനെയുള്ളവർ നമുക്കെല്ലാവർക്കും ബുദ്ധിമുട്ടാണ്. എന്റെ പിതാവിന്റെ ജീവിതം മിക്കവാറും കോപിച്ചിരുന്നു. ആ സ്വഭാവം മൂലം ജീവിതം വളരെ സംഘർഷഭരിതമായിരുന്നു. അദ്ദേഹം മരിച്ചതിനു ശേഷം, ഫ്ളാറ്റിൽ എത്ര ശാന്തമായാണ് അമ്മ കഴിച്ചുകൂട്ടിയതെന്ന് കൂടെക്കൂടെ അമ്മ പറഞ്ഞിരുന്നു. ഒഴിയാൻ പാടില്ലാത്തതുകൊണ്ടാണ് അമ്മ അപ്പന്റെ കൂടെ ജീവിച്ചത്. എന്നാൽ അമ്മയനുഭവിച്ച സംഘർഷം അമ്മയുടെ ആരോഗ്യത്തെ ഹാനികരമായി ബാധിച്ചു. പിതാവിന്റെ കോപം അദ്ദേഹത്തിന്റെ ആരോഗ്യത്തിനും തകരാറുണ്ടാക്കി.

സംഘർഷം, പ്രത്യേകിച്ചു ദീർഘകാലമായ സംഘർഷം, ശരീരത്തിലെ അവയവങ്ങളെയെല്ലാം തകരാറിലാക്കുന്നു. രക്തസമ്മർദ്ദം, ഹൃദയം, ഉദരം എന്നിവയെയൊക്കെ അതു ബാധിക്കുന്നു. കോപിക്കുന്നവർ ശാന്തശീലരെക്കാൾ തിടുക്കമുള്ളവരാണ്: കഠിനമായ തലവേദന, കുടലിലെ പ്രശ്നം, ഉത്കണ്ഠ, പ്രതിരോധശേഷിയില്ലായ്മ തുടങ്ങി അവസാനമില്ലാത്ത പ്രശ്നങ്ങളുണ്ടാകും. പെട്ടെന്നു ക്ഷമിക്കാൻ കഴിയുന്നവരെക്കാൾ വേഗത്തിലാണ് കോപശീലമുള്ളവർ മരിക്കുന്നത്.

കോപമെന്ന യാഥാർത്ഥ്യത്തെ നേരിടാനും അതിനോടിടപെടാനുമുള്ള സമയമായിയെന്നു ഞാൻ കരുതുന്നു നിങ്ങൾ കോപശീലമുള്ള വ്യക്തിയാണെങ്കിൽ, അതിന്റെ മൂലകാരണം കണ്ടെത്തുമെന്നും പരിശുദ്ധാത്മാവിന്റെ സഹായം മൂലം അതിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കുമെന്നും തീരുമാനിക്കുക. അതു മൂടിവെയ്ക്കുകയോ അവഗണിക്കുകയോ ചെയ്യരുത്. സത്യസന്ധമായി അതിനെ നേരിടുകയും കോപമെന്നു തന്നെ അതിനെ വിളിക്കുകയും ചെയ്യുക. “ഞാൻ കോപിച്ചിരിക്കുന്നു” എന്നു പറയുന്നതു

കേൾക്കാനത്ര നല്ലതല്ല. എന്നാൽ അതിനെ അംഗീകരിക്കുന്നത് അതിനെ അതിജീവിക്കാനുള്ള ഒന്നാമത്തെ പടിയാണ്. നിങ്ങളോടുതന്നെ നിങ്ങൾ നിർബന്ധമായും ചെയ്യേണ്ടതാണിത്. മേലാൽ കോപിക്കാതിരിക്കുന്ന നിങ്ങളിൽനിന്നു മറ്റുള്ളവർക്കു മെച്ചങ്ങളുണ്ടാകും, എന്നാൽ ഏറ്റവുമധികം ഗുണമുണ്ടാകുന്നതു നിങ്ങൾക്കു തന്നെയാണ്; മറ്റാർക്കുമല്ല.

എന്റെ കഴിഞ്ഞകാലയാഥാർത്ഥ്യത്തെ ഞാൻ തുറന്ന് അഭിമുഖീകരിക്കുന്നതിനുമമ്പ് എനിക്കു മുപ്പത്തിരണ്ട് വയസ്സായിരുന്നു. എന്റെ പിതാവ് എന്നെ ലൈംഗികമായി ദുരുപയോഗപ്പെടുത്തി. അപ്പൻ എന്നെ ലൈംഗികമായി ഉപയോഗിക്കുകയാണെന്ന് എനിക്കറിയാവുന്ന സമയം മുതൽ എന്നെ മാനഭംഗപ്പെടുത്തിപ്പോന്നു. അവസാനത്തെ അഞ്ചു വർഷം ഞാൻ വീട്ടിൽ താമസിച്ചു. ഏകദേശം ഇരുന്നൂറു തവണയെങ്കിലും അപ്പൻ എന്നെ ബലാത്സംഗം ചെയ്തു. അതു ഞെട്ടിപ്പിക്കുന്നതാണെന്ന് എനിക്കറിയാം. എന്നാൽ സത്യസന്ധമായി ആ യാഥാർത്ഥ്യം ഞാൻ നേരിട്ടത് അതിൽനിന്നു കരകയറ്റാൻ എന്നെ സഹായിച്ച കാരണങ്ങളിലൊന്നാണ് (എന്റെ വിശദമായ സാക്ഷ്യത്തിന്റെ DVD ഞങ്ങളുടെ ഓഫീസിൽനിന്നു ലഭിക്കും.)

എന്റെ പതിനെട്ടാമത്തെ വയസ്സിൽ ഞാൻ വീട്ടിൽനിന്നു പോയതിനു ശേഷം, പ്രശ്നം തീർന്നുവെന്നു ഞാൻ ഊഹിച്ചു. എന്റെ പിതാവിനോടുള്ള വൈരാഗ്യവും വെറുപ്പും എനിക്കുണ്ടായിരുന്നുവെന്നു തീർച്ചയാണ്. എത്ര മാത്രം എന്നെ അതു വേദനിപ്പിച്ചുവെന്ന് എനിക്കറിഞ്ഞുകൂടാ. യാഥാർത്ഥ്യം നേരിടാനും ക്ഷമിക്കാനുമുള്ള എന്റെ യാത്ര ഞാൻ തുടങ്ങിയപ്പോൾ, ആ നീണ്ട യാത്രയിൽ അത് എത്രത്തോളം എന്നെ സഹായിക്കുമെന്ന് എനിക്കറിയില്ലായിരുന്നു. ദൈവത്തെ അനുസരിക്കാനും ക്ഷമിക്കാനുമുള്ള ആഗ്രഹമേ പ്രാഥമികമായി എനിക്കുണ്ടായിരുന്നുള്ളൂ. കോപിക്കുന്നവർക്കു ശരിയായി സ്നേഹിക്കാനാവില്ല. കാരണം, നമ്മുടെ ഉള്ളിലുള്ളത് എങ്ങനെയെങ്കിലും എപ്പോഴും  പുറത്തുവരും. എന്റെ കോപവും വെറുപ്പും മൂലം എന്റെ ബന്ധങ്ങളെല്ലാം തകരാറിലായി, എന്നാൽ ഞാനത് അറിഞ്ഞില്ല. കോപത്തിന്റെ വേരുകൾ എന്നിൽ ആഴ്ന്നിറങ്ങിയിരുന്നു. എന്റെ ചിന്തയിൽ, വികാരങ്ങളിൽ, വാക്കുക്ളിൽ, പ്രവൃത്തികളിലെല്ലാം അതുണ്ടായിരുന്നു. കാരണം, എന്റെ ഭാഗം തന്നെയായിരുന്നു അത്. എന്തിനാണു കോപിക്കുന്നതെന്നു തിരിച്ചറിയാത്ത നിലയിൽ കോപം എന്നോടൊപ്പം ദീർഘകാലമുണ്ടായിരുന്നു.

ഞാൻ ദൈവവചനം പഠിച്ചപ്പോൾ, പരിശുദ്ധാത്മാവ് എന്റെ പ്രശ്നങ്ങൾ കാണിച്ചുതരാൻ തുടങ്ങി. അതിന് മുമ്പ്, മറ്റുള്ളവർ എന്നോടു ചെയ്തതൊ

ക്കെയായിരുന്നു ഞാൻ ചിന്തിച്ചിരുന്നത്. അവർ ചെയ്തതിനൊക്കെ പകരം ചെയ്യാൻ എനിക്കിടവന്നതേയില്ല. അങ്ങനെയൊന്നു നോക്കേണ്ടുന്ന ആവശ്യം പോലും വേണ്ടിവന്നില്ല. എന്നെ ഉപദ്രവിച്ച അപ്പനെ വെറുക്കുന്നതും പകയ്ക്കുന്നതുമെല്ലാം എനിക്കു ന്യായമായിത്തോന്നി. എന്നെ സഹായിക്കാൻ കഴിയുമായിരുന്നിട്ടും സഹായിക്കാത്തവരെയും ഞാൻ വെറുത്തു. ഇങ്ങനെ പറയാൻ പാടില്ലാത്ത നിലയിൽ ഉപദ്രവിച്ചവരോടു ഞാനും അതുപോലെയുള്ള അനുഭവമുള്ളവരും ക്ഷമിക്കണമെന്നു പറയാൻ ദൈവത്തിന് എങ്ങനെ കഴിയും? അവനതു പറയും. കാരണം അതാണ് നമ്മളെ സംബന്ധിച്ച് ഏറ്റവും നല്ല കാര്യം. നമ്മുടെ സമ്പൂർണ്ണമായ യഥാസ്ഥാപനത്തിനുവേണ്ടി ദൈവത്തിനൊരു പദ്ധതിയുണ്ട്. നാം ചെയ്യണമെന്നു ദൈവം ആവശ്യപ്പെടുന്നതെന്തും അവൻ നമ്മെ സ്നേഹിക്കുന്നതുകൊണ്ടും നമ്മെക്കുറിച്ച് ഏറ്റവും നല്ല താത്പര്യമുള്ളതുകൊണ്ടുമാണ്. അസാദ്ധ്യമെന്നു തോന്നിയാലും, ക്ഷമിക്കാനുള്ള കൃപ അവൻ നമുക്കു നൽകും – അവനെ അനുസരിക്കാൻ നാം മനസ്സു കാണിച്ചാൽ.

കോപത്തെ ജയിക്കുക, ക്ഷമ ഒരു ജീവിതശൈലിയാക്കുക എന്നിവയെപ്പറ്റി ഞാൻ നിങ്ങളോടു പറയുമ്പോൾ, എന്റെ അനുഭവത്തിൽനിന്നാണു ഞാനതു പറയുന്നത്. അത് എത്രമാത്രം ബുദ്ധിമുട്ടാണെന്നു മാത്രമല്ല, ഒരിക്കൽ അതു ചെയ്താൽപ്പിന്നെ അത് എത്രമാത്രം വിലയേറിയതാണെന്നും എനിക്കറിയാം. അതുകൊണ്ട് ഈ പുസ്തകം വെറുതെയങ്ങു വായിക്കരുതെന്നു ഞാൻ ശക്തമായി നിങ്ങളോടു പറയട്ടെ. വെറുതെ വായിച്ചാൽ, "ഇതു ഞാൻ വായിച്ചതാണെ"ന്നു പറഞ്ഞ് അടുക്കിവെയ്ക്കാമെന്നേ ഉള്ളൂ. അങ്ങനെയല്ല, തുറന്ന ഹൃദയത്തോടെ ഇതു വായിക്കുക, വായിച്ചതു സ്വന്തം ജീവിതത്തിൽ പകർത്താൻ മനസ്സു കാണിക്കുക.

ഓരോരുത്തർക്കുമായി അത്ഭുതകരമായ ഒരു ജീവിതം ദൈവം മുൻകൂട്ടി ക്രമീകരിച്ചിട്ടുണ്ട്. അവൻ ആവശ്യപ്പെടുന്നതു ചെയ്യാനുള്ള സഹകരണം നാം കാണിക്കുമെങ്കിൽ, ആ ജീവിതം നമുക്ക് ആസ്വദിക്കാം. ഇല്ലെങ്കിൽ നമുക്കതു നഷ്ടപ്പെടും. ദൈവം നമ്മെ അപ്പോഴും സ്നേഹിക്കും, പക്ഷേ അവന്റെ നല്ല പദ്ധതിയുടെ സന്തോഷം നമുക്കു നഷ്ടമാകും. നിങ്ങൾക്കു തന്നെ ഉപകാരം ചെയ്യുക. നിങ്ങൾക്കുവേണ്ടി ദൈവം ക്രമീകരിച്ച നന്മ നഷ്ടപ്പെടുത്താരിക്കുക.

# അദ്ധ്യായം
# 6
# *ആരോടാണു നിങ്ങൾ കോപിക്കുന്നത്?*

നാം ചിന്തിച്ചതുപോലെ, നമ്മെ വേദനിപ്പിച്ചവരോടും മുറിവേല്പിച്ചവരോടുമാണു നാം പലപ്പോഴും കോപിക്കുന്നത്. വളരെ നാൾ മുമ്പ് നമ്മെ വേദനിപ്പിച്ചവരോടും ദിവസവും നമ്മെ വേദനിപ്പിക്കുന്നവരോടും നമുക്കു കോപമുണ്ടാകാം. അന്യായം മൂലം നമുക്കു കോപം വരാം. ഇതു ശരിയല്ലെന്നു നമ്മുടെയുള്ളിൽ നിലവിളിയുയരാം! എന്നാൽ മറ്റുള്ളവർ സദാ നമ്മുടെ കോപത്തിന്റെ ഉറവിടമായിരിക്കണമെന്നില്ല. ദൈവത്തോടും നമ്മോടും മറ്റുള്ളവരോടും സമാധാനമായിരിക്കാൻ വചനം പറയുന്നു (1 പത്രോസ് 3:10–11).

## എന്നോടു തന്നെ എനിക്കു കോപമാണ്.

നിങ്ങളോടുതന്നെ നിങ്ങൾ കോപിക്കുകയാണോ? അങ്ങനെയുള്ള ഒരുപാടു പേരുണ്ട്. വാസ്തവത്തിൽ തന്നിൽത്തന്നെ സമാധാനമുള്ളവരെക്കാൾ, ഉള്ളിൽ പിളർപ്പുള്ളവരാണു കൂടുതലെന്നു പറയുന്നതാകാം നല്ലത്. എന്തുകൊണ്ട്? നേരത്തെ നാം ചർച്ച ചെയ്തതുപോലെ, അയഥാർത്ഥമായ പ്രതീക്ഷകളാണു നമുക്കുള്ളത്. അങ്ങനെ നാം മറ്റുള്ളവരുമായി നമ്മളെ താരതമ്യം ചെയ്യുന്നു. നമുക്കതുപോലെ പറ്റുന്നില്ലെന്നു പറയുന്നു. നാം ചെയ്തതോ നമ്മോടു ചെയ്തതോ ആയ ഒരു കാര്യത്തെപ്പറ്റിയുള്ള കടുത്ത ലജ്ജ നമുക്കുണ്ടാകാം. നമ്മോടുതന്നെ കോപിക്കുന്നതിൽ നമുക്കു കുറ്റ

ബോധവുമുണ്ട്. മിക്കപ്പോഴും ആളുകൾ അവരവരോടുതന്നെ കോപിക്കുന്നവരാണ്. അവർ തന്നെ അംഗീകരിക്കാത്ത കാര്യങ്ങളാണ് അവർ ചെയ്യുന്നത്. ദൈവത്തിന്റെ ക്ഷമയും അവരുടെ മോശം പെരുമാറ്റത്തെ ജയിക്കാനുള്ള ശക്തിയും എങ്ങനെ പ്രാപിക്കണമെന്ന് അവർക്ക് അറിഞ്ഞുകൂടാ. ഇക്കാരണങ്ങളാലാണ് അവർ സ്വയം കോപിക്കുന്നത്.

വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, നിങ്ങളുടെ പാപത്തെ മുഖവിലയ്ക്കെടുത്ത് അതിന്റെ പേരു തന്നെ വിളിക്കുക. നിങ്ങളുടെയുള്ളിൽ സമാധാനമുണ്ടാകാനുള്ള ആദ്യപടി അതാണ്. അതിനെ അവഗണിക്കുന്നതും മോശം പെരുമാറ്റത്തെക്കുറിച്ച് ഒഴികഴിവു പറയുന്നതും ഒരിക്കലും സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയില്ല. നമ്മുടെ പാപത്തെ അംഗീകരിക്കാതെയും അതിന്റെ ഉത്തരവാദിത്വം ഏല്ക്കാതിരുന്നാലും, അതു നമ്മെ അപ്പോഴും അലട്ടിക്കൊണ്ടിരിക്കും.

## ദൈവത്തിൽനിന്നുള്ള പാപക്ഷമ സ്വീകരിക്കുന്നത്

നാം പാപികളാണെന്ന് ഒരിക്കൽ അംഗീകരിച്ചാൽ, പാപത്തെക്കുറിച്ചു നാം അനുതപിക്കണം. ഹൃദയംഗമമായി ഖേദിക്കുക മാത്രമല്ല, അതിൽനിന്നു മന:പൂർവ്വമായി മാറിപ്പോവുകയും വേണം. പാപത്തിൽ ജീവിക്കുന്നതു ജീവിതത്തിന്റെ താഴത്തെ തട്ടാണ്. എന്നാൽ നാം അനുതപിക്കുമ്പോൾ, ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന ഉന്നതസ്ഥാനത്തേക്കു മടങ്ങുകയാണ്. ഫ്ളാറ്റിന്റെ മുകളിലത്തെ നിലയാണ് ലാണ് ഏറ്റവും ഉയരത്തിലുള്ളത്. നാം പശ്ചാത്തപിക്കുമ്പോൾ, ദൈവം നമുക്കായി ഒരുക്കിയിട്ടുള്ള ഇടത്തേക്കു നാം മടങ്ങുന്നു—ദൈവത്തിന്റെ നീതിയിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സ്ഥാനം.

നമ്മുടെ പാപം പൂർണ്ണമായി അംഗീകരിക്കുന്നതും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതും തുടക്കത്തിൽ ബുദ്ധിമുട്ടാണ്. നമ്മുടെ ജീവിതകാലം മറ്റുള്ളവരെ പഴിചാരുന്നതും ഒഴികഴിവു പറയുന്നതുമായിരുന്നു. അതുകൊണ്ട്, എനിക്കാണു തെറ്റു പറ്റിയത്, ഞാൻ പാപം ചെയ്തു എന്നു വെറുതെ പറയാൻ നമുക്കു ബുദ്ധിമുട്ടുണ്ട്. എന്നാൽ 'എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു.' അതിനാൽ 'നാം പാപം ചെയ്തു' എന്നു പറയുന്നതു മോശമായ കാര്യമൊന്നുമല്ല. ഭൂമിയിലുള്ളവർ എല്ലാവരും ആ നിലയിലാണല്ലോ.

> നമുക്കു പാപമില്ല എന്നു നാം പറയുന്നെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം (സുവിശേഷം നൽകുന്ന) നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു (തുറന്ന്) എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും (അവനു ഹിതമല്ലാത്ത ചിന്തകളും പ്രവൃത്തികളും) പോക്കി നമ്മെ ശുദ്ധീകരിക്കാൻ (തുടർമാനമായി) തക്കവിധം വിശ്വസ്തനും നീതിമാനും (അവന്റെ പ്രകൃതത്തിനും വാഗ്ദാനങ്ങൾക്കും അനുസൃതമായി) ആകുന്നു.
>
> *1 യോഹന്നാൻ 1:8-9*

ഈ വചനം എനിക്കു വളരെ ആശ്വാസദായകമാണ്. അവൻ *തുടർമാനമായി* നമ്മെ ശുദ്ധീകരിക്കുന്നു (പാപത്തിൽനിന്ന്) എന്ന ഭാഗമാണ് എനിക്ക് ഏറെയിഷ്ടം. ദൈവത്തോടു ചേർന്നു നടക്കുന്ന കാലത്തോളം, നാം നമ്മുടെ പാപങ്ങൾ പെട്ടെന്ന് അംഗീകരിക്കുകയും അവയെക്കുറിച്ചു തുടർച്ചയായി അനുതപിക്കുകയും ചെയ്യും. അവൻ നമ്മെ സദാ ശുദ്ധീകരിക്കുന്നു. ഇതാണ് ഈ വാക്യം നമ്മോടു പറയുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട് യേശുക്രിസ്തു നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നുവെന്നു വചനം പറയുന്നു. അതു നമുക്കു തുടർച്ചയായി ആവശ്യമായതുകൊണ്ടാണ് അങ്ങനെ. ഈ വചനവും എനിക്ക് ആശ്വാസം നൽകുന്നു.

സകല അനീതിയിൽനിന്നും ദൈവം നമ്മെ ശുദ്ധീകരിക്കുന്നു. ഇതു നാം വിശ്വസിച്ചാൽ അവന്റെ പാപക്ഷമ നാം പ്രാപിക്കുന്നു. നമ്മോടു തന്നെ കോപിക്കുന്നതിനെയും നമുക്കു ജയിക്കാം. ദൈവത്തിന്റെ സകലത്തിനും അപ്പുറമായി നമുക്കു ചെയ്യാവുന്ന ഒരു പാപവുമില്ല. സകലമെന്നു ദൈവം പറഞ്ഞാൽ അതു സകലമെന്നുതന്നെയാണ്!

എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നതുപോലെ, യേശുക്രിസ്തുവിൽ ലഭ്യമായ വീണ്ടെടുപ്പിലൂടെ എല്ലാവരെയും നീതീകരിക്കുകയും ദൈവവുമായുള്ള ശരിയായ ബന്ധത്തിലാക്കുകയും ചെയ്തു (റോമർ 3:23-24). അതിൽ ഞാനും നിങ്ങളും ഉൾപ്പെടുന്നു!

ദൈവത്തിന്റെ പാപക്ഷമ സൗജന്യമായ ദാനമാണ്. സൗജന്യമായി ലഭിക്കുന്നതു നന്ദിയോടെ സ്വീകരിക്കുന്നതല്ലാതെ നാമൊന്നും ചെയ്യേണ്ടതില്ല. നാം അടിക്കടി പാപക്ഷമയ്ക്കായി അപേക്ഷിക്കുകയും അതു പ്രാപിക്കു

ന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നുവെന്നാണ് എന്റെ വിചാരം. നിങ്ങൾ ചെയ്ത എന്തെങ്കിലും തെറ്റു ക്ഷമിക്കണമെന്നു ദൈവത്തോട് അപേക്ഷിച്ച തിനുശേഷം, ദൈവത്തിന്റെ ദാനം സ്വീകരിച്ചുവെന്ന് അവനോടു പറയുക. ആ ദാനം എത്ര മാത്രം അത്ഭുതകരമാണെന്നു ഗ്രഹിക്കുന്ന നേരത്തോളം ദൈവസന്നിധിയിൽ കാത്തിരിക്കുക.

## പാപത്തെ ഭയപ്പെടരുത്

എന്തിനെയെങ്കിലും നമ്മൾ ഭയപ്പെടുമ്പോൾ, അതിനു നമ്മുടെമേൽ നാം അധികാരം നൽകുകയാണ്. അക്കാരണത്താൽ ഞാൻ പറയട്ടെ, നിങ്ങൾ പാപത്തെ ഭയപ്പെടരുത്. ക്രിസ്തു മരിച്ചപ്പോൾ നാം മരിച്ചു, അവൻ ഉയിർത്ത പ്പോൾ അവനുവേണ്ടി ജീവിക്കാനുള്ള ഒരു ജീവനിലേക്കു നമ്മളും ഉയിർത്തു. ഇതു വിശ്വസിച്ചാൽ പാപത്തിനു നമ്മുടെ മേൽ ഇനി യാതൊരു അധികാരവുമില്ലായെന്ന് അപ്പോസ്തലനായ പൗലോസ് എഴുതുന്നു (റോമർ 6:5-8). പാപത്തിന്റെ പ്രശ്നത്തെ യേശുക്രിസ്തു സമ്പൂർണ്ണമായി കൈകാര്യം ചെയ്തു. അവൻ സമ്പൂർണ്ണമായും തുടർമാനമായും നമ്മോടു ക്ഷമിക്കുക മാത്രമല്ല, ദിനംപ്രതിയുള്ള നമ്മുടെ ജീവിതത്തിൽ നമുക്കു പാപ ബോധം നൽകുന്നതിനും നമ്മെ വീണ്ടും ശക്തീകരിക്കുന്നതിനുംവേണ്ടി അവന്റെ പരിശുദ്ധാത്മാവിനെയും അയച്ചു.

നാം പാപികളാണെന്നും നമുക്കൊരു രക്ഷകനെ ആവശ്യമുണ്ടെന്നും നാം ആദ്യമേ അറിഞ്ഞപ്പോൾ, ആ ആവശ്യം നിറവേറ്റാൻ കഴിയുന്ന ഏകവ്യക്തിയായ യേശുക്രിസ്തുവിനെ നാം സ്വീകരിച്ചു. ഒരു പുതിയ ജീവി തത്തിലേക്കും ജീവിതരീതിയിലേക്കും നാം നീങ്ങി. അതേസമയം ഒരിക്കൽ നാം പാപം ചെയ്തിട്ട് അതു ഗണ്യമാക്കാത്തവരായിരുന്നു. ഇപ്പോൾ ദൈവ ത്തിന്റെ ആത്മാവിനെ നമ്മുടെ ഹൃദയത്തിൽ സ്വീകരിച്ചതിനുശേഷം, പാപത്തെക്കുറിച്ചു നാം നല്ല ബോധമുള്ളവരായി മാറി. അതിനെ ചെറുത്തും ഒഴിവാക്കിയുംകൊണ്ടു നാം ജീവിച്ചുപോരുന്നു. ദൈവത്തെ സേവിക്കുന്ന തുപോലെ അതു സസന്തോഷം നാം ചെയ്യുകയാണ്. നമ്മെ സഹായിക്കു ന്നതിനായി നാം പരിശുദ്ധാത്മാവിൽ പൂർണ്ണമായി ആശ്രയിക്കുന്നു. പ്രലോ ഭനം എല്ലാവർക്കുമുണ്ടാകും. എന്നാൽ മനുഷ്യർക്കെല്ലാം സാധാരണ മല്ലാത്ത പ്രലോഭനം നമ്മെ പിടികൂടാൻ ദൈവം ഒരിക്കലും അനുവദിക്കുക യില്ല (1 കൊരി.10:13). മറ്റൊരുവിധത്തിൽ, മറ്റുള്ളവർക്കുണ്ടാകുന്നതിനെക്കാൾ മോശമായ പരീക്ഷകൾ നമുക്കുണ്ടാകുന്നില്ല. നമുക്കു ചെറുക്കാൻ കഴിയു

ന്നതിനെക്കാൾ അപ്പുറമായതല്ല അതെന്നു നാം വിശ്വസിക്കണം. നമുക്കു സഹിക്കാവുന്നതിന് അപ്പുറമായതൊന്നും ദൈവം ഒരിക്കലും അനുവദിക്കുകയില്ല. ഓരോ പ്രലോഭനത്തോടുമൊപ്പം അതിൽനിന്നു രക്ഷപ്പെടാനുള്ള വഴിയും ദൈവം നൽകുന്നു. അതൊരു നല്ല വാർത്തയാണ്! പ്രലോഭനത്തെ നമുക്കു ഭയപ്പെടേണ്ടതില്ല. അതിനെക്കാൾ വലിയവൻ തമ്മിൽ വസിക്കുന്നു, പ്രലോഭനത്തെ ചെറുക്കാനുള്ള ദിവ്യശക്തി നമുക്കു നൽകുന്നു; നാം അവരിൽ ആശ്രയിച്ചുകൊണ്ടു സഹായിക്കാൻ അപേക്ഷിച്ചാൽ മാത്രം മതി.

സ്വയമായി ചെറുക്കാൻ ശ്രമിക്കുമ്പോഴാണ് ആളുകൾ പ്രലോഭനത്തിനു വഴങ്ങുന്നത്. അല്ലെങ്കിൽ തങ്ങളെക്കൊണ്ടു ചെറുക്കാൻ കഴിയില്ലെന്നു തെറ്റായി വിശ്വസിക്കുമ്പോൾ, "ചോക്ലെറ്റ് തിന്നാൻ തുടങ്ങിയാൽ പായ്ക്കറ്റിലുള്ളതു മുഴുവനും തിന്നാതിരിക്കാൻ എനിക്കാവില്ല." എന്നു പരിഹാസപൂർവ്വം പറയുന്നവരുണ്ട്. "പ്രമേഹമുണ്ട് എന്നാലും ദിവസവും ചോക്ലെറ്റ് തിന്നും, അല്ലാതെ പറ്റില്ല." എന്നിങ്ങനെ പറയുന്നവരുമുണ്ട്. ഇവയെല്ലാം വിഡ്ഢിത്തങ്ങളാണ്. കാരണം, മുഴുവൻ കള്ളമാണ്. നാം ബലഹീനരായതിനാൽ തീരെച്ചെറിയ പ്രലോഭനം പോലും ചെറുത്തുനിൽക്കാനാവില്ലെന്നു സാത്താൻ നമ്മളോടു പറയുന്നു. എന്നാൽ നാം ശക്തരാണെന്നും നമുക്കു ചെറുക്കാൻ കഴിയുന്നതിനപ്പുറമായ ഒന്നുമില്ലെന്നും ദൈവം നമ്മളോടു പറയുന്നു. നാം വിശ്വസിക്കുന്നതാണ് പാപത്തിൽ വീഴുമോ അതിനെ ചെറുക്കുമോയെന്നു നിർണ്ണയിക്കുന്ന ഘടകം ദൈവവചനവുമായി പൊരുത്തപ്പെടാത്ത കാര്യങ്ങൾ നിങ്ങൾ വിശ്വസിക്കുന്നുണ്ടയെന്ന്, അല്പനേരം ചെലവിട്ടു നിങ്ങളോടു തന്നെ ചോദിക്കുക. ഇന്ദ്രിയജയമെന്ന (ആത്മനിയന്ത്രണം) ഫലം ഉപയോഗിച്ചുകൊണ്ട്, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നിങ്ങൾക്കു പ്രലോഭനത്തെ ചെറുക്കാൻ കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അല്ലെങ്കിൽ, നിങ്ങൾക്കു ചെറുക്കാൻ കഴിയാത്ത ചില പ്രലോഭനങ്ങളുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നാം വിശ്വസിക്കുന്നതാണു യാഥാർത്ഥ്യമായിത്തീരുന്നത്. തന്മൂലം, നാം വിശ്വസിക്കുന്നതു സത്യമാണെന്നും പിശാചിന്റെ ചതിയല്ലെന്നും നാമെല്ലാവരും അറിഞ്ഞിരിക്കേണ്ടതു പരമപ്രധാനമാണ്.

യേശുക്രിസ്തുവിലൂടെ ലഭ്യമായ ശക്തി, സഭ അറിയണമെന്നും വിശ്വസിക്കണമെന്നും അപ്പോസ്തലനായ പൗലോസ് പ്രാർത്ഥിച്ചു. നിങ്ങളൊരു ക്രിസ്തുവിശ്വാസിയാണെങ്കിൽ, നിങ്ങൾക്ക് ആ ശക്തിയുണ്ട്. നിങ്ങൾക്കു പ്രലോഭനത്തെ ചെറുക്കാൻ കഴിയും!

പരിപൂർണ്ണമായി പുതുക്കപ്പെടാത്ത, മാംസവും അസ്ഥിയുമുള്ള ശരീരത്തിൽ ജീവിക്കുന്നിടത്തോളം നമ്മളെല്ലാവരും പാപം ചെയ്യുന്നുണ്ട്. നമുക്കു പാപക്ഷമ ആവശ്യമാണ്. എന്നാൽ പാപത്തെ നാം ഭയപ്പെടേണ്ടതില്ല. ഈ വേദഭാഗം ശ്രദ്ധാപൂർവ്വം വായിക്കുക:

> എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിക്കാൻ ഞാൻ ഇതു നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ (നമുക്കുവേണ്ടി അപേക്ഷിക്കുന്നവൻ) നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട് (എല്ലാ നിലയിലും - ലക്ഷ്യം, ചിന്ത, പ്രവൃത്തി - പിതാവിന്റെ ഹിതത്തിന് അനുരൂപനായവൻ). അവൻ (അതേ യേശു) നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം (പാപപരിഹാരയാഗം) ആകുന്നു; നമ്മുടേതിനു മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിനും തന്നെ.
>
> *1 യോഹന്നാൻ 2:1-2*

എത്ര അത്ഭുതകരമായ ഒരു വചനമാണിത്! എല്ലാം ശരിയായ രീതിയിൽ ചെയ്യാൻ ഞാൻ ബുദ്ധിമുട്ടി ശ്രമിച്ച ഒരു കാലയളവ്. ഞാനൊരു നല്ലയാളാണെന്നും ദൈവം എന്നോടു കോപിക്കുന്നില്ലെന്നും എനിക്കു തന്നെ തോന്നിയിരുന്നു. അപ്പോഴാണ് ഈ വാക്യങ്ങളെക്കുറിച്ചു ഞാൻ ബോധവതിയായത്. എന്റെ ചിന്താഗതി തികച്ചും തെറ്റായിരുന്നു, പക്ഷേ അതു യാഥാർത്ഥ്യമായിരുന്നു എന്നാണു ഞാൻ കരുതിയത്. ദിവസവും രാവിലെ എഴുന്നേറ്റ് ഏറ്റവും നല്ല നിലയിൽ എല്ലാം ചെയ്യുക, എനിക്കു സംഭവിക്കുന്ന അബദ്ധങ്ങളെല്ലാം ദൈവം നോക്കിക്കൊള്ളും. അതു മതിയെന്നായിരുന്നു അപ്പോൾ ഞാൻ ചിന്തിച്ചിരുന്നത്. എന്റെ ചുമലിൽനിന്നു വലിയൊരു ഭാരം ഒഴിഞ്ഞതുപോലെ എനിക്ക് അനുഭവപ്പെട്ടു.

യേശു നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നുവെന്ന് ഈ വചനം പറയുന്നു. ഇതിന്റെ അർത്ഥമെന്താണ്? പാപത്തോടുള്ള ദൈവത്തിന്റെ കോപത്തെ യേശു ശമിപ്പിക്കുന്നവനാണ്.

ദൈവം പാപത്തെ വെറുക്കുന്നു, എന്നാൽ പാപികളെ വെറുക്കുന്നില്ല. ഭാര്യയെ മാനിക്കാത്ത ഭർത്താവിനോട് അവൾ കോപിക്കുമ്പോൾ, അയാൾ ക്ഷമാപണത്തോടെ എന്തെങ്കിലും സമ്മാനം അവൾക്കു കൊടുത്തയക്കുന്നു. ആ സമ്മാനം അവളുടെ കോപത്തെ ശമിപ്പിക്കുന്നു. അവൾ അയാളോടു ക്ഷമിക്കുകയും കാര്യങ്ങളെല്ലാം വീണ്ടും ഭംഗിയായിത്തീരുകയുമാണ്. നമ്മുടെ

പാപം നിമിത്തം ദൈവം നമ്മോടു കോപിക്കുമ്പോൾ, ദൈവത്തിനു നാം കൊടുക്കുന്ന സമ്മാനംപോലെയാണ് യേശു. അവനാണ് നമ്മുടെ പ്രായ ശ്ചിത്തം, ക്രിസ്തു നിമിത്തം ദൈവം നമ്മോടു ക്ഷമിക്കുന്നു. മറ്റൊന്നും തന്നെ അതു ശമിപ്പിക്കാൻ പര്യാപ്തമല്ല, നമ്മുടെ പാപത്തിനുവേണ്ടി മറ്റൊരു യാഗവുമില്ല. എന്നാൽ യേശു സമ്പൂർണ്ണയാഗവും നമുക്കു പകര ക്കാരനുമാണ്. അവൻ നമ്മുടെ സ്ഥാനത്ത് ദൈവസന്നിധിയിൽ നിൽക്കുന്ന അഭിഭാഷകനാണ്. അവനിലുള്ള വിശ്വാസത്താൽ നമുക്കു പാപക്ഷമ ലഭി ക്കുന്നു.

ഈ സത്യങ്ങൾ വിശ്വസിക്കുന്നതാണു പാപത്തിൽനിന്നും, പാപം നിമിത്തം നിങ്ങളോടുതന്നെയുള്ള കോപത്തിൽനിന്നുമുള്ള സ്വാതന്ത്ര്യത്തി ലേക്കുള്ള ആദ്യ ചുവടുവയ്പ്. ഞാൻ പാപം ചെയ്യുമ്പോൾ എനിക്കു നിരാ ശതയുണ്ടാകുന്നു, ഇനി ഞാൻ നല്ലതു ചെയ്യുമെന്നു പ്രാർത്ഥിക്കുന്നു. എന്നാൽ പിന്നീടു ഞാൻ എന്നോടു തന്നെ ദേഷ്യപ്പെടുന്നില്ല. കാരണം, അതു ദൈവഹിതമല്ലെന്നും അങ്ങനെ കോപിക്കുന്നതുകൊണ്ടു യാതൊരു ഗുണവുമില്ലെന്നും എനിക്കറിയാം.

## പാപത്തോടു കർക്കശമായി ഇടപെടുക

നാം പാപം ചെയ്യുമ്പോൾ, നൊടിയിടയിൽ സമ്പൂർണ്ണമായി ദൈവ ത്തിൽനിന്നു പാപക്ഷമ പ്രാപിക്കുന്നത് എങ്ങനെയെന്ന് അറിയുക മാത്രമല്ല, പാപത്തോടു തീവ്രമായി ചെറുത്തുനിൽക്കുന്നതും കർക്കശമായി അതിനോ ടിടപെടുന്നതും എങ്ങനെയെന്നും നാം അറിയണം. ദൈവം നമ്മുടെ പാപം ക്ഷമിക്കാൻ സന്നദ്ധനായിരിക്കുന്നതുകൊണ്ട്, ഇഷ്ടംപോലെ പാപം ചെയ്യാ മെന്നും പ്രശ്നമില്ലെന്നും കരുതരുത്. ദൈവത്തിനു നമ്മുടെ ഹൃദയം അറി യാം. പാപത്തെ വെറുക്കാത്ത, പാപത്തെ അകറ്റിനിർത്താൻ കഴിയുന്ന തെല്ലാം ചെയ്യാത്ത ഒരു വ്യക്തിയുടെ ഹൃദയം നേരുന്നതല്ല.

"ദൈവത്തിന്റെ കൃപ (നന്മയും പാപക്ഷമയും) പെരുകേണ്ടതിനു ഞങ്ങൾ പാപം ചെയ്തുകൊണ്ടിരിക്കട്ടേ" എന്നു റോമാക്കാർ പൗലോസി നോടു ചോദിച്ചു. "പാപത്തിനു മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്ന തെങ്ങനെ" എന്നു ചോദിച്ചുകൊണ്ടാണു പൗലോസ് അതിനു മറുപടി നൽകു ന്നത് (റോമർ 6:1-2). അവർ ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ, പാപത്തോട് ഇനിമേൽ സജീവമായ ബന്ധമില്ലെന്നാണ് അവർ തീരുമാനിച്ചത്. പാപം ഒരിക്കലും മരിക്കുന്നില്ല; അതു സദാ സജീവമായി ഭൂമിയിലുണ്ട്. എന്നാൽ

നാം പാപത്തിനു മരിക്കുന്നു. ദൈവം നമുക്കു പുതിയ ഹൃദയവും പുതിയ ആത്മാവും നൽകുന്നു. അതിനർത്ഥം നമുക്കു പുതിയ ഒരു "ഇച്ഛ" ഉണ്ടെന്നാണ്. പാപത്തെ ചെറുത്തുകൊണ്ടുള്ള ഒരു ജീവിതമാണു നമ്മുടേത്. മേലാൽ പാപം ചെയ്യാൻ നമുക്ക് ആഗ്രഹമില്ലെന്ന ലളിതമായ കാരണമാണതിനു പിന്നിൽ. അതു നമ്മുടെ മനോഭാവമായിരിക്കെ, നമുക്കു തെറ്റുകൾ പറ്റുമ്പോൾ ദൈവം നമ്മോടു ക്ഷമിക്കാൻ തയ്യാറാകുന്നു.

നിങ്ങളൊരു യഥാർത്ഥ ക്രിസ്ത്യാനിയാണെങ്കിൽ, പാപം ചെയ്യാനും പിന്നെ അതിൽനിന്നു രക്ഷപ്പെടാനുമുള്ള വഴി നോക്കി ദിവസവും രാവിലെ ഉണർന്നെഴുന്നേൽക്കുകയില്ല. ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതം നയിക്കാനായി നിങ്ങൾ കഴിയുന്നതെല്ലാം ചെയ്യും.

ധീരവും തീവ്രവുമായ ഒരു നിലപാടു പാപത്തോടു നാം പുലർത്തുന്നില്ലെങ്കിൽ, നമ്മുടെ ഹൃദയം തന്നെ നമ്മെ കുറ്റം ചുമത്തും. അങ്ങനെ ഒടുവിൽ നമ്മളോടുതന്നെ നമ്മൾ കോപിച്ചുകൊണ്ടിരിക്കും. കർക്കശമായും വന്യമായിപ്പോലും പാപത്തോട് ഇടപെടണമെന്നു ദൈവവചനം പഠിപ്പിക്കുന്നു. മത്തായി 18:8–9 ൽ, നമ്മുടെ കണ്ണ് നമുക്ക് ഇടർച്ചയുണ്ടാക്കിയാൽ അതിനെ ചൂഴ്ന്നെടുക്കണമെന്നും കൈ ഇടർച്ച വരുത്തിയാൽ അതു വെട്ടിക്കളയണമെന്നും നിർദ്ദേശിക്കുന്നു.

ആക്ഷരികമായി ഇങ്ങനെ ചെയ്യാനല്ല പറഞ്ഞിരിക്കുന്നത്. പാപത്തോട് അത്രത്തോളം തീവ്രമായ ഒരു മനോഭാവം നമുക്കു വേണമെന്നാണു ദൈവം പറയുന്നത് – നമ്മുടെ ജീവിതത്തിൽ എവിടെ പാപമുണ്ടായാലും അതിനെ ഛേദിച്ചുകളയണം. അല്പവസ്ത്രധാരികളായ സ്ത്രീകളുടെ ചിത്രങ്ങളുള്ള ഒരു മാസിക നിങ്ങളുടെ വീട്ടിൽ വന്നാൽ (അതു പലപ്പോഴും സംഭവിക്കാവുന്നതാണ്) നിങ്ങൾ അതുകണ്ട് ആസ്വദിക്കാൻ തുടങ്ങും. പെട്ടെന്നു തന്നെ അതു കീറി കുപ്പത്തൊട്ടിയിലിടുക. നൊടിയിടയിൽ അങ്ങനെ ചെയ്യണം. പാപത്തോടു കളിക്കരുത്. ഒരുപാട് ഉദാഹരണങ്ങൾ എനിക്കിതിനു നിരത്താനാവും. രണ്ടെണ്ണം മാത്രം ഞാൻ പറയാം. നിങ്ങൾ വിവാഹം കഴിച്ച ഒരു സ്ത്രീയാണ്. ഒപ്പം ജോലി ചെയ്യുന്ന ഒരാൾ നിങ്ങളോടു സൗഹൃദം കാട്ടുന്നു. ജോലിക്കാര്യം പറയുന്നതിനായി മാത്രം നിങ്ങളെ കാപ്പി കുടിക്കാൻ ക്ഷണിക്കുന്നു. ഇതത്ര ശരിയല്ല എന്നൊരു ബോദ്ധ്യം നിങ്ങളുടെ ഹൃദയത്തിലുണ്ടാകുന്നു. അപ്പോൾ, അതൊരു യഥാർത്ഥപ്രശ്നമായിത്തീരുംമുമ്പ് ആ സംഭാഷണം നിങ്ങൾ അവസാനിപ്പിക്കണം. നിങ്ങളുടെ കുടുംബാംഗങ്ങളിലൊരാളുമായി നിങ്ങൾക്കൊരു തർക്കമുണ്ടായി. സമാധാനമു

ണ്ടാക്കാൻ ദൈവം നിങ്ങളെ നിർബന്ധിക്കുകയാണ്. നിങ്ങളോടുതന്നെ നിങ്ങൾ അതിനെക്കുറിച്ചു സംസാരിക്കുന്നതിനുമുമ്പ് എത്രയും വേഗം അതു ചെയ്യുക. കോപിച്ചു പാപം ചെയ്യുന്നതിൽനിന്ന് അതു നിങ്ങളെ തടയും. റോമർ 13:14 ൽ, 'ജഡത്തിനായി – മാംസത്തിനായി – ചിന്തിക്കരുതെ'ന്നു വചനം പഠിപ്പിക്കുന്നു. ഇതിന്റെയർത്ഥം ഒഴികഴിവു പറയാതിരിക്കുക, അവസരം കൊടുക്കാതിരിക്കുക എന്നൊക്കെയാണ്. ദൈവത്തിൽനിന്നു ബോദ്ധ്യം ലഭിച്ചതിനുശേഷം, സഹപ്രവർത്തകനുമൊത്തു കാപ്പി കുടിക്കാൻ പോയ വിവാഹിത, പാപത്തിന് അവസരമുണ്ടാക്കുകയാണ്.

ഒരു മലമ്പാതയിലൂടെ തണുപ്പത്തു നടന്ന ചെറിയ പെൺകുട്ടിയുടെ കഥ ഞാൻ വായിച്ചിട്ടുണ്ട്. വഴിയിൽ ഒരു പാമ്പ് അവളോടു ചോദിച്ചു, കോട്ടിനകത്ത് അതിനെയുംകൂടെ ഒന്ന് എടുത്തുവയ്ക്കാമോയെന്ന്. കുറച്ചുനേരം അവൾ *പറ്റില്ലെന്നു* പറഞ്ഞു. എന്നാൽ പാമ്പു പിന്നെയും അപേക്ഷിച്ചുകൊണ്ടിരുന്നു; ക്രമേണ അവൾ വഴങ്ങി. അല്പം കഴിഞ്ഞപ്പോൾ അത് അവളെ കടിച്ചു, അവർ നിലവിളിച്ചു. 'ഇത്ര നന്നായി ഞാൻ പെരുമാറിയിട്ടും നീ എന്താണിങ്ങനെ ചെയ്തത്?' പാമ്പിന്റെ മറുപടി, 'നീ എന്നെ എടുത്തപ്പോഴേ ഞാൻ കടിക്കുന്നവനാണെന്നു നിനക്ക് അറിയാമായിരുന്നല്ലോ.' ഈ ചെറുകഥ നമുക്കെല്ലാവർക്കും ബാധകമാണെന്നു തോന്നുന്നു. ഒരു കാര്യം ചെയ്യരുതെന്ന ആഴമായ അറിവു നമുക്കെല്ലാം ഉണ്ടായിട്ടുള്ള സന്ദർഭങ്ങളുണ്ട്. എന്നാൽ പ്രലോഭനമുണ്ടായപ്പോൾ നാമതിനു വശംവദരായിപ്പോയി. തത്ഫലമായി മോശം സാഹചര്യങ്ങളുണ്ടായി. നമുക്കെല്ലാം തെറ്റുപറ്റാറുണ്ട്. പക്ഷേ അതു തുടർച്ചയായി നാം ചെയ്യാറില്ല. തെറ്റുകളിൽനിന്നു പഠിക്കുന്നതാണു നമുക്കു ചെയ്യാവുന്ന ഏറ്റവും ബുദ്ധിപരമായ കാര്യം.

സകലഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ടൊഴിയാൻ ദൈവം നമുക്കു നിർദ്ദേശം നൽകുന്നു (എബ്രായർ 12:1). പാപത്തോടു കർക്കശമായും നൊടിയിടയിലും ഇടപെടണമെന്ന തോന്നലാണ് ഇതു നൽകുന്നത്. ഇതു നാം ചെയ്താൽ ശരിയായി ജീവിച്ചതിന്റെ ഫലം നാം കൊയ്യും. നാം ചെയ്തതു ശരിയെന്ന് അറിയുന്നതിനാൽ, ദൈവത്തിന്റെ സമാധാനവും നമ്മുടെ ഹൃദയത്തിലുണ്ടാകും.

പാപക്ഷമ ലഭിച്ചതിന് എനിക്ക് അതീവ നന്ദിയുണ്ട്. പക്ഷേ ഞാൻ ചുറ്റിത്തിരിയുമ്പോഴൊക്കെ എനിക്കത് ആവശ്യമില്ല. തിരഞ്ഞെടുക്കുന്നതിന് എനിക്ക് എന്നെത്തന്നെ ശിക്ഷിക്കാനുള്ള ആഗ്രഹമുണ്ട്. അങ്ങനെ ദൈവത്തെ പ്രസാദിപ്പിച്ചുവെന്നു വിശ്വസിച്ചുകൊണ്ടു സന്തോഷിക്കാം.

## മറഞ്ഞ പാപം

പാപം ചെയ്തിട്ട് ഒഴികഴിവു പറയുകയോ അതു മറച്ചുവയ്ക്കുകയോ ചെയ്താൽ, അതിനോടു കർക്കശമായും ഫലപ്രദമായും നമുക്ക് ഇടപെടാനാവില്ല. നമ്മളെല്ലാവരും നമ്മുടെ ഹൃദയം പരിശോധിക്കണം. നമ്മുടെ ജീവിതത്തിൽ പാപം നിറഞ്ഞ എന്തെങ്കിലും പെരുമാറ്റമുണ്ടോയെന്നു സത്യസന്ധമായി നമ്മോടു തന്നെ പറയണം. അപ്പോസ്തലനായ പൗലോസ് പറഞ്ഞത്, ദൈവത്തോടും മനുഷ്യനോടും കുറ്റമറ്റ മന:സാക്ഷി പുലർത്താൻ കഠിനമായി പ്രവർത്തിച്ചുവെന്നാണ് (അ.പ്ര. 24:16). എത്ര അത്ഭുതം! പാപത്തെ ജീവിതത്തിനു പുറത്താക്കി നിലനിർത്താൻ പൗലോസ് പ്രയത്നിച്ചു. ദൈവമുമ്പാകെ ശുദ്ധമായ മന:സാക്ഷിയുടെ ശക്തി പൗലോസ് അറിഞ്ഞു. പാപം ചെയ്യാതിരിക്കാൻ നാം എല്ലാ ശ്രമവും നടത്തണം. പാപം ചെയ്താൽ ഒഴികഴിവും പറയരുത്, മറച്ചുവെയ്ക്കുകയുമരുത്. നമ്മുടെ രഹസ്യങ്ങൾ നമ്മെ കഷ്ടത്തിലാക്കികളയും. എന്നാൽ സത്യം നമ്മെ സ്വതന്ത്രരാക്കും.

വിശ്വാസത്തിന്റേത് അല്ലാത്തതെല്ലാം പാപമാണ് (റോമർ 14:23). വിശ്വാസത്തിൽ ചെയ്യേണ്ടതു ചെയ്യാൻ നമുക്കു കഴിയുന്നില്ലെങ്കിൽ, അതു നാം ചെയ്യരുത്. ഒരു കാര്യം പാപമാണെങ്കിൽ അതിനെ പാപമെന്നു തന്നെ വിളിക്കുക. നിങ്ങളുടെ പ്രശ്നമെന്നോ ശീലമെന്നോ ആസക്തിയെന്നോ അതിനെ വിളിക്കരുത്. പാപം വൃത്തികെട്ടതാണ്, പഞ്ചാരവാക്കുകൾകൊണ്ട് അതിനെ മൂടിയാൽ, അതു തുടർന്നും നമ്മൾ ചെയ്യാനിടയുണ്ട്.

ദൈവവചനത്തിന്റെ വെളിച്ചത്തിൽ വേണം നമ്മുടെ ജീവിതം നാം പരിശോധിക്കേണ്ടത്. അതിനോടു യോജിക്കാത്തതൊക്കെ ആ നിലയിൽ വേണം കാണേണ്ടത്. ദൈവദത്തമായ സകലകഴിവുകൊണ്ടും അതിനെ ചെറുക്കണം. ദൈവത്തോട് അപേക്ഷിച്ചാൽ അവൻ നമ്മെ സദാ സഹായിക്കും. ദൈവത്തോടൊപ്പം പങ്കാളികളാണു നാം. അവന്റെ സഹായം കൂടാതെ നാം എന്തെങ്കിലും ചെയ്യണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഒരു പ്രാവശ്യംകൂടി പറയട്ടെ; പാപത്തെ മറയ്ക്കരുത്, അതിനെ തുറന്നുകാട്ടുക, അതിന്റെ പേരു തന്നെ അതിനെ വിളിക്കുക, പാപം ചെയ്തിട്ട് ഒഴികഴിവു പറയുകയോ നിങ്ങളുടെ തെറ്റിനു മറ്റുള്ളവരെ പഴിക്കുകയോ ചെയ്യാതിരിക്കുക. കഴിഞ്ഞ കാലങ്ങളിൽ ചെയ്ത പാപങ്ങൾക്കു ദൈവത്തിൽനിന്നുള്ള സമ്പൂർണ്ണമായ ക്ഷമ പ്രാപിക്കുക. ഭാവിയിലുണ്ടാകാവുന്ന എല്ലാ പ്രലോഭ

നങ്ങളെയും തീവ്രമായി ചെറുക്കേണ്ടതിനു പരിശുദ്ധാത്മാവിനോടു ചേർന്നു പ്രവർത്തിക്കുക.

ഇപ്പോൾ, നിങ്ങൾക്കുതന്നെ ഒരു ഉപകാരം ചെയ്യുക. നിങ്ങളോടുതന്നെ നിശ്ശേഷമായും സമ്പൂർണ്ണമായും ക്ഷമിക്കുക. നിങ്ങളുടെ ഭാഗത്തുനിന്നുള്ള ഏതു പരാജയത്തിനുംവേണ്ടി നിങ്ങളോടുള്ള കോപം ഉപേക്ഷിക്കുക. ദൈവം നിങ്ങൾക്കുവേണ്ടി മുൻകൂട്ടി ക്രമീകരിച്ചിട്ടുള്ള, സുസജ്ജമായ നല്ല ജീവിതം നയിക്കാൻ തുടങ്ങുക (എഫെ. 2:10).

## ദൈവത്തോടു നിങ്ങൾക്കു കോപമുണ്ടോ?

ദൈവത്തെക്കുറിച്ച് എന്തെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടെങ്കിൽ, അവൻ നല്ലവനാണെന്നും നമ്മളെ സ്നേഹിക്കുന്നുവെന്നും കേട്ടിട്ടുണ്ട്. തന്മൂലം ലോകത്തിൽ ഇത്രമാത്രം വേദനയും ദുരന്തങ്ങളും എന്തുകൊണ്ടാണുണ്ടാകുന്നതെന്നു നമ്മൾ അത്ഭുതപ്പെടുന്നു. ദൈവം സർവ്വശക്തനും, ആഗ്രഹിക്കുന്നതെന്തും ചെയ്യാൻ കഴിവുള്ളവനുമാണെങ്കിൽ, അവൻ എന്തുകൊണ്ടാണ് കഷ്ടപ്പാടുകൾ തടയാത്തത്? ഈ ചോദ്യങ്ങളും ഇതുപോലെയുള്ള മറ്റു ചോദ്യങ്ങളും മാനവരാശിയെ കാലങ്ങളായി കുഴക്കിയിട്ടുണ്ട്.

കുഞ്ഞുങ്ങളെ പീഡിപ്പിക്കുന്നു, യുദ്ധങ്ങളെയും നശീകരണങ്ങളെയും കുറിച്ചു നിരന്തരമായി നാം കേൾക്കുന്നു, കോടിക്കണക്കിനാളുകൾ പട്ടിണികിടക്കുന്നു. നല്ല മനുഷ്യർ ചെറുപ്പത്തിൽ മരിക്കുന്നു. യാതൊരു പ്രയോജനവുമില്ലാത്ത ദുഷ്ടന്മാർ ദീർഘായുസ്സോടെ കഴിയുന്നു. ഭൂമിയിലെങ്ങും രോഗങ്ങൾ പടരുന്നു, അതു നല്ലവരെയും ദുഷ്ടന്മാരെയും ബാധിക്കുന്നു. “അതു നല്ലതല്ല” - നമ്മുടെ നിലവിളി ഉയരുന്നു! എവിടെയാണു ന്യായം? എവിടെയാണു ദൈവം?

ഒഴികഴിവു നോക്കുന്ന വ്യക്തി ദൈവത്തിൽ വിശ്വസിക്കുന്നയാളല്ല. ഉത്തരം കിട്ടാത്ത ഈ ചോദ്യങ്ങൾ താണ്ടി അവർ മുന്നോട്ടു പോകുന്നില്ല. “ദൈവമുണ്ടായിരുന്നെങ്കിൽ, ഈ കഷ്ടപ്പാടൊക്കെ അവൻ തടഞ്ഞേനെ, ദൈവമുണ്ടെന്നു വിശ്വസിക്കാൻ എനിക്കു കഴിയില്ല” - അവർ വെറുതെയങ്ങു പറയുകയാണ്. എന്നാൽ ഈ കുഴഞ്ഞുമറിഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചില്ലെങ്കിലും, ദൈവത്തിൽ വിശ്വസിക്കുന്ന കോടിക്കണക്കിനാളുകളുണ്ട്.

വേണമെങ്കിൽ ഇക്കാര്യങ്ങളെക്കുറിച്ചു നല്ലൊരു മറുപടി ഞാൻ നൽകാം. ഇപ്പോൾ എനിക്കു മറുപടിയൊന്നുമില്ലായെന്നും ഞാൻ പറയട്ടെ. മതിയായ നിലയിൽ എനിക്ക് അവ വിശദീകരിക്കാനോ, മറ്റാർക്കെങ്കിലും അതു ചെയ്യാൻ കഴിയുമെന്നോ ഞാൻ കരുതുന്നില്ല. ഞാൻ ദൈവത്തിൽ വിശ്വസിച്ചു – അത്രമാത്രം. സത്യസന്ധയായിരിക്കണം, അവനെക്കൂടാതെ ജീവിക്കാൻ എനിക്കാഗ്രഹമില്ല. ഞാൻ വിശ്വസിച്ചത് ഇവ നിമിത്തമാണ്. അവനെന്റെ ജീവനാണ്. അവനെക്കൂടാതെ പരിശ്രമിക്കുന്നതിനെക്കാൾ, അവനുമായി ബന്ധമുണ്ടായിരിക്കുന്നതും അവനെക്കുറിച്ചുള്ള എല്ലാക്കാര്യങ്ങളും ഗ്രഹിക്കാതിരിക്കുന്നതുമാണു നല്ലത്.

കഷ്ടതയില്ലാത്ത ഒരു ജീവിതം ദൈവം ഒരിക്കലും വാഗ്ദത്തം ചെയ്തിട്ടില്ല. എന്നാൽ അവൻ നമ്മെ ആശ്വസിപ്പിക്കുമെന്നും, മുമ്പോട്ടു പോകാനുള്ള ബലം നൽകുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. നാം ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ, ദൈവഹിതം നമ്മുടെ ജീവിതത്തിൽ നടക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, സംഭവിക്കുന്നതെല്ലാം നമ്മുടെ നന്മയ്ക്കായിരിക്കുമെന്നുള്ള വാഗ്ദത്തവും ദൈവം നൽകിയിരിക്കുന്നു (റോമർ 8:28). കഷ്ടപ്പെടുത്തുന്ന പ്രശ്നങ്ങൾ എനിക്കുള്ളപ്പോൾ ഞാൻ സന്തോഷിക്കാറില്ല. എന്നാൽ അവയിലൂടെ എന്നെ സഹായിക്കുന്ന ദൈവം എനിക്കുള്ളതുകൊണ്ട് എനിക്കു സന്തോഷമുണ്ട്. പ്രത്യാശയില്ലാതെ കഷ്ടപ്പെടുന്നവർ, അവരുടെ വേദനകൾക്ക് അപ്പുറത്തേക്ക് കാണാൻ കഴിയാത്തതു നിമിത്തം അവരുടെ മനസ്സും ഹൃദയവും വെറുപ്പുകൊണ്ടു നിറഞ്ഞിരിക്കുകയാണ്. അങ്ങനെയുള്ളവരെപ്പറ്റി എനിക്കു സഹതാപമുണ്ട്.

ദൈവം നല്ലവനാണെന്നു നമുക്കറിയാം, എന്നാൽ തിന്മയും ലോകത്തിലുണ്ട്. നമുക്കു മുമ്പിൽ നന്മയും തിന്മയും അനുഗ്രഹവും ശാപവും ദൈവം വെച്ചിരിക്കുന്നു. ഇവയിലേതെങ്കിലും തിരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്വവും ദൈവം നമുക്കു നൽകിയിട്ടുണ്ട് (ആവ. 30:19). മിക്കവരും പാപവും തിന്മയും തിരഞ്ഞെടുക്കുന്നതിനാൽ, പാപത്തിന്റെ പ്രത്യാഘാതങ്ങൾ ലോകത്തിലുണ്ടാകുന്നു. ഒരു നല്ല വ്യക്തിപോലും ലോകത്തിലെ പാപഭാരത്തിന്റെ കീഴിലാണു വസിക്കുന്നത്. തിന്മയുടെ സമ്മർദ്ദം നമുക്കനുഭവപ്പെടുന്നു; എപ്പോൾ അതു വിട്ടുപോകുമെന്ന് കാത്തിരിക്കുന്നു. സൃഷ്ടികൾപോലും ദ്രവത്വത്തിന്റെ (അഴുകലിന്റെ) അടിമത്തത്തിനു കീഴിൽ ഞരങ്ങുന്നു, മനുഷ്യവർഗ്ഗത്തെപ്പോലെ ഇതരസൃഷ്ടികളും സ്വാതന്ത്ര്യത്തിനായി കാത്തിരിക്കുന്നു (റോമർ 8:18–23).

അദൃശ്യനായ ദൈവത്തെയാണു നാം സേവിക്കുന്നത്. അവനൊരു മർമ്മമാണ് (രഹസ്യം). ചിലരീതികളിൽ അവനെ നമുക്കറിയാം. എന്നാൽ ചില വശങ്ങൾ നമുക്കു ഗ്രഹിക്കാവുന്നതിനും അപ്പുറമാണ്.

> ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും (പരിശോധിക്കാനാവാത്തത്, അന്വേഷിക്കാൻ കഴിയാത്തത്) അവന്റെ വഴികൾ എത്ര അഗോചരവും (ദുരൂഹം, കണ്ടുപിടിക്കാൻ കഴിയാത്തത്) ആകുന്നു.
>
> *റോമർ 11:33*

ദൈവത്തിന്റെ സ്വഭാവവിശേഷത നമുക്കറിയാം. അവൻ എപ്പോഴും നമ്മുടെകൂടെയുണ്ടെന്നുള്ള അവന്റെ വിശ്വസ്തതയിൽ നമുക്ക് ആശ്രയിക്കാം. എന്നാൽ ദൈവം ചെയ്യുന്നതെല്ലാം (ചെയ്യാത്തതും) നമുക്കു മനസ്സിലാക്കാനാവില്ല. നമുക്കു കാണാനാവാത്തതും പലപ്പോഴും മനസ്സിലാക്കാനാവാത്തതുമായ കാര്യങ്ങളിൽ വിശ്വസിക്കുന്നതാണു വിശ്വാസം. ഈ രഹസ്യങ്ങളുടെ മറ നീങ്ങുന്നതിനായി നാം കാത്തിരിക്കുമ്പോൾ നമുക്കു വിശ്വാസമുണ്ട്. സത്യസന്ധമായിപ്പറഞ്ഞാൽ, ഇവയിൽ ചിലതിന്റെ ഉത്തരങ്ങൾ ഈ ഭൂമിയിലായിരിക്കുന്ന കാലത്തോളം നമുക്കു ലഭിക്കുകയില്ലെന്നു നമുക്കറിയാം. ദൈവത്തിൽ വിശ്വസിക്കാനാണു ദൈവം നമ്മോടാവശ്യപ്പെടുന്നത്. ഉത്തരം കിട്ടാത്ത ചോദ്യങ്ങളൊന്നുമില്ലെങ്കിൽ വിശ്വസിക്കേണ്ടതിന്റെ ആവശ്യവുമില്ല. ജീവിതത്തിൽ തൃപ്തിയടയാൻ കഴിയുന്നതിനുമുമ്പ്, "അറിവില്ലായ്മയിൽ" നാം ആശ്വസിക്കണം.

## കഷ്ടത കൂടുതലായി അടുപ്പിക്കുന്നു

ദൈവവചനത്തിലെ ഏറ്റവും മാർമ്മികവും (mysterious) വെല്ലുവിളി നിറഞ്ഞതുമായ ഒരു പ്രഖ്യാപനമാണ് എബ്രായർ 5:8-9. "പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ (അവന്റെ തികഞ്ഞ അനുഭവം) അനുസരണം പഠിച്ചു തികഞ്ഞവനായി (സജ്ജനായി), തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു." യേശുവിന്റെ കഷ്ടതകളെല്ലാം അവന്റെ തികവിന്റെ (പക്വതയുടെ) മാർഗ്ഗങ്ങളായിരുന്നു, അല്ലാ

യിരുന്നെങ്കിൽ അവന്റെ ശിഷന്മാർക്കും അങ്ങനെയാകുവാൻ കഴിയുമായിരുന്നില്ല.

പരീക്ഷ കൂടാതെ വിശ്വാസം പക്വതയാർജ്ജിക്കുകയില്ല. ദൈവം നമുക്കു ദാനമായി നൽകുന്നതാണു വിശ്വാസം. എന്നാൽ നാം ഉപയോഗിക്കുമ്പോൾ മാത്രമാണു വിശ്വാസം വളർന്നു പെരുകുന്നത്.

പന്ത്രണ്ട് അപ്പോസ്തലന്മാർ യേശുവിനോടൊപ്പം നടന്നവരാണ്. അപ്പോൾ അവർ കേട്ട പല കാര്യങ്ങളും അവർക്കു മനസ്സിലായില്ല. യേശു അവരോടു പറഞ്ഞു, "ഞാൻ ചെയ്യുന്നത് ഇപ്പോൾ നിങ്ങളറിയുന്നില്ല, പിന്നീട് അറിയും" (യോഹ. 13:7). രഹസ്യങ്ങളുടെയും വിശദീകരിക്കാനാവാത്ത സംഭവങ്ങളുടെയും ഒരു ലോകത്തിലാണു നാം ജീവിക്കുന്നത്. നാം ദൈവത്തിൽ വിശ്വസിക്കണമെന്നു ദൈവംപ്രതീക്ഷിക്കുകയാണ്.

*ദൈവത്തോടുള്ള അടുപ്പം ആസ്വദിക്കുക* (Enjoying Intimacy with God) എന്ന പുസ്തകത്തിൽ, ഓസ്വാൾഡ് ജെ. സാൻഡേഴ്സ് പറയുന്നു, "ഈ ഇളകിമറിഞ്ഞ ലോകത്തിൽ നമുക്കു ശാന്തത അനുഭവിക്കണമെങ്കിൽ, ദൈവത്തിന്റെ പരമാധികാരത്തിൽ മുറുകെപ്പിടിക്കുകയും അവന്റെ ഉദ്ദേശ്യം അറിയാൻ കഴിയാത്തപ്പോഴും അവന്റെ സ്നേഹത്തിൽ വിശ്വസിക്കുകയും വേണം."

കഷ്ടത്തിൽ നമുക്കു പഠിക്കാവുന്ന കാര്യങ്ങളുണ്ട്. അതു മറ്റെങ്ങും നമുക്കു പഠിക്കാൻ കഴിയില്ല. യെശ. 45:3 ൽ കർത്താവു പറയുന്നു. "ഞാൻ നിനക്ക് ഇരുട്ടിലെ നിക്ഷേപങ്ങളും ഉറവിടങ്ങളിലെ ഗുപ്തനിധികളും തരും. ഇരുട്ടിൽ മാത്രം കണ്ടെത്താവുന്ന നിക്ഷേപങ്ങളുണ്ട്. അതിലൊന്നു ദൈവവുമായുള്ള അടുപ്പമാണ്."

## യുക്തിവാദം (ന്യായവാദം)

എല്ലാം അറിയണമെന്നാണു മനുഷ്യന്റെ ആഗ്രഹം. നമുക്കു നിയന്ത്രണം വേണം, ആശ്ചര്യപ്പെടലുകളൊന്നും നമുക്കിഷ്ടമല്ല. നമ്മൾ വിചാരിക്കുന്ന സമയത്തു കാര്യങ്ങളെല്ലാം നടന്നാൽ നമുക്കു സന്തോഷമായി. പക്ഷേ അങ്ങനെ സംഭവിക്കാറില്ല. നാം ദൈവത്തിൽ വിശ്വസിക്കുമ്പോൾ, നമുക്കു വേണ്ടതെല്ലാം നാം ദൈവത്തോടു ചോദിക്കും. പക്ഷേ അവനത് എപ്പോഴും നൽകുകയില്ല. ഒടുവിൽ, ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമായി നമ്മൾ കഴിയും. നമ്മുടെ പ്രകൃതം അതിനെതിരെ പോരാടുകയും ചെയ്യും.

ഒരിക്കലും ഉത്തരം കിട്ടാത്തവയുടെ കുരുക്കഴിക്കാൻ ശ്രമിക്കുന്നതു വളരെ നിരാശയും ആശയക്കുഴപ്പവും ഉളവാക്കുന്ന ഒന്നാണ്. നല്ലയാളുകൾക്കു മോശം കാര്യങ്ങൾ സംഭവിക്കുന്നത് എന്തുകൊണ്ടാണ്, പത്തുവർഷത്തിലേറെ എന്റെ പിതാവ് എന്നെ മാനഭംഗപ്പെടുത്താൻ (അതു സഹിക്കാൻ) ഇടയായത് എന്തുകൊണ്ടാണ് എന്നീ കാര്യങ്ങൾ വർഷങ്ങളോളം ചിന്തിച്ചു മാനസികമായും വൈകാരികമായും ഞാൻ കഷ്ടപ്പെട്ടു. അതിനുശേഷം ദൈവത്തോടൊപ്പമുള്ള എന്റെ നടപ്പിൽ, ഞാനൊരു നിർണ്ണയത്തിലെത്തി. എല്ലാറ്റിനും ഉത്തരം കിട്ടിയില്ലെങ്കിലും ചോദ്യം ചെയ്യാതെ ദൈവത്തിൽ ആശ്രയിക്കുകയെന്ന തീരുമാനമെടുക്കണമെന്ന അറിവായിരുന്നു അത്. അല്ലെങ്കിൽ എനിക്കു സമാധാനമുണ്ടാകില്ല. ഓരോരുത്തരും നിർബ്ബന്ധമായും എടുക്കേണ്ടുന്ന ഒരു തീരുമാനമാണിത്. നിങ്ങൾ കാത്തിരിക്കുന്നെങ്കിൽ, നിങ്ങളുടെ കാത്തിരിപ്പിന് അവസാനമുണ്ടാകില്ല. നമുക്കു ഗ്രഹിക്കാവുന്നതിനും അതീതമാണു ദൈവം. എന്നാൽ അവൻ മനോഹരനും വിസ്മയിപ്പിക്കുന്നവനുമാണ്. ഒടുവിൽ അവൻ നമുക്കു ന്യായം പാലിച്ചുതരും. വിശദീകരിക്കപ്പെടാത്തവയോടൊപ്പംതന്നെ ദൈവം നമ്മെ വിശ്വസിക്കുന്നു!

നല്ലവർക്കു മോശമായ കാര്യങ്ങൾ സംഭവിക്കുന്നു, ദൈവത്തിൽ ആശ്രയിക്കുകയെന്നതാണ് അവരുടെ പദവി.

> നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്കു കേട്ടനുസരിക്കുകയും ചെയ്യുന്നവൻ ആര്? തനിക്കു പ്രകാശമില്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ചു തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ.
>
> *യെശയ്യാവ് 50:10*

പക്വതയോടെ നേരിടുമ്പോഴാണു ജീവിതത്തിൽ നമുക്കുണ്ടാകുന്ന പരീക്ഷകൾ ചുരുങ്ങുന്നത്. മുമ്പിലെത്തേക്കാൾ നാം ദൈവത്തെ ആഴമായി അറിയുകയും ചെയ്യും. നമ്മുടെ ആത്മീയവളർച്ചയുടെ ഭൂരിഭാഗവും നാം നേടിയതു നല്ല സമയത്തല്ല, മറിച്ചു കഷ്ടത്തിന്റെ സമയത്താണ്. നമ്മിൽ മിക്കവരും ഇതുതന്നെ പറയുമെന്നാണു ഞാൻ കരുതുന്നത്.

ആകെ കുഴഞ്ഞുമറിഞ്ഞ സാഹചര്യത്തിൽ, ഞാൻ അടിക്കടി ആശ്വാസം പ്രാപിക്കുന്നതു 37-ാം സങ്കീർത്തനത്തിൽനിന്നാണ്. *ദുഷ്പ്രവൃത്തിക്കാരുടെ നിമിത്തം നാം മുഷിയരുതെന്ന്* ആദ്യത്തെ പതിനൊന്നു വാക്യങ്ങളിൽ

നമ്മോടു പറയുന്നു. കാരണം, അവർ നൊടിയിടയിൽ വെട്ടിവീഴ്ത്തപ്പെടും. നാം ദൈവത്തിലാശ്രയിച്ചു നന്മ ചെയ്യുക, അവൻ നമ്മളെ പോഷിപ്പിക്കും. അതിനർത്ഥം നമ്മുടെ ജീവിതാവശ്യങ്ങൾ അവൻ നിറവേറ്റുമെന്നാണ്. നാം ആഗ്രഹിക്കുന്നതെല്ലാമല്ല, മറിച്ചു നമ്മുടെ ആവശ്യങ്ങളെല്ലാം അവൻ നൽകും.

ദുഷ്ടപ്രവൃത്തിയിലേക്കു നയിക്കുന്നതിനാൽ, *കോപം കളഞ്ഞു ക്രോധം ഉപേക്ഷിക്കുക*യെന്നു ദൈവവചനം പറയുന്നു. മറ്റുള്ളവരുടെ ദുഷ്ടത (തിന്മ) നമ്മെ കോപിപ്പിക്കാൻ നാം അനുവദിച്ചുകൊണ്ടിരുന്നാൽ, നാം നമുക്കുതന്നെ ദോഷം ചെയ്യുന്നതിലായിരിക്കും അവസാനിക്കുക. അത്ഭുതകരമായ ഒരു വാഗ്ദത്തവും നമുക്കുണ്ട്... "എന്നാൽ സൗമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും (ഒടുവിൽ), സമാധാനസമൃദ്ധിയിൽ അവർ ആനന്ദിക്കും" (സങ്കീ. 37:11). തന്നെത്താൻ വിനയപ്പെടുത്തുന്നവരാണ് സൗമ്യതയുള്ളവർ, ജീവിതത്തിലെ ഏതു സാഹചര്യത്തിലും അവർ ദൈവത്തിൽ ആശ്രയിക്കും.

ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാതിരിക്കാൻ പൗലോസ് അപ്പോസ്തലൻ നിർണ്ണയിച്ചു (1 കൊരി. 2:2). എല്ലാറ്റിന്റെയും വിശദീകരണം തേടി കുഴഞ്ഞതു കൊണ്ടാകാം, ക്രിസ്തു വിനെ മാത്രം അറിഞ്ഞാൽ മതിയെന്നു പൗലോസ് തീരുമാനിച്ചതെന്നു തോന്നുന്നു.

നാം പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കർത്താവിൽ ആശ്രയിക്കണം, നമ്മുടെ വിവേകത്തിൽ നാം ചാരരുത്. (സദൃ. 3:7). *എന്റെ ജീവിതം ഞാൻ നോക്കിക്കൊള്ളാം, അതിനുള്ള മിടുക്ക് എനിക്കുണ്ട്. അഥവാ, എന്തിനാണ്, എന്തിനുവേണ്ടിയാണ് ദൈവം ഓരോന്നു ചെയ്യുന്നതെന്ന് അറിയാനുള്ള കഴിവ് എനിക്കുണ്ട്* – ഇങ്ങനെയൊന്നും ഞാൻ ചിന്തിക്കാൻ പാടില്ലായെന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം ഇതിനർത്ഥം. ദൈവത്തെ മനസ്സിലാക്കാൻ എപ്പോഴെങ്കിലും എനിക്കു കഴിഞ്ഞാൽ, അവൻ പിന്നെ എന്റെ ദൈവമല്ല. എല്ലാ നിലയിലും ദൈവം നമ്മെക്കാൾ ഉന്നതനായിരിക്കണം. അല്ലെങ്കിൽ അവൻ ദൈവമേ അല്ല. ദൈവം ആദ്യന്തമില്ലാത്തവനാണ്. ഈ പ്രാഥമികപ്രസ്താവന നമുക്കു ഗ്രഹിക്കാൻ കഴിയുന്നില്ല. പിന്നെ ബാക്കിയുള്ളവയൊക്കെ എങ്ങനെ മനസ്സിലാക്കാനാവും?

ചില കാര്യങ്ങൾ ദൈവം നമുക്കു വെളിപ്പെടുത്തുന്നു, പല കാര്യങ്ങൾക്കും അവൻ നമുക്ക് ഉത്തരം നൽകുന്നുമുണ്ട്. എന്നാൽ എല്ലാക്കാര്യങ്ങൾക്കും അവൻ ഉത്തരം നൽകുന്നില്ല. ദൈവവചനം പറയുന്നതുപോലെ

*നാം അംശമായി അറിയുന്നു.* എന്നാൽ നാം അറിയേണ്ടതുപോലെ എല്ലാമറിയുന്ന സമയം വരും.

> ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി (അവ്യക്തമായി) കാണുന്നു; അപ്പോൾ സമ്പൂർണ്ണത വരുമ്പോൾ) മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി (ഭാഗികമായി) അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും (ദൈവത്താൽ).
>
> *1 കൊരിന്ത്യർ 13:12*

## ദൈവം ഇടപെടാത്തത് എന്തുകൊണ്ടാണ്?

നമ്മുടെ കഷ്ടതയിൽ ദൈവം ഇടപെടാത്തത് എന്തുകൊണ്ടാണ്? ഗ്രഹിക്കാൻ ബുദ്ധിമുട്ടുള്ള കാര്യമാണിത്. നാം പൂർണ്ണമായി അറിയുമ്പോൾ അവനത് എളുപ്പത്തിൽ ചെയ്യും. യാക്കോബിനെ കാരാഗൃഹത്തിലടച്ചപ്പോൾ അവനെ ശിരച്ഛേദം ചെയ്തു, പത്രോസിനെ തടവറയിലാക്കിയപ്പോൾ, ദൂതൻ വന്ന് അവനെ മോചിപ്പിച്ചിട്ട് ഒരു പ്രാർത്ഥനക്കൂട്ടത്തിലേക്ക് അവനെ നയിച്ചു. എന്തുകൊണ്ട്? "ഇപ്പോൾ ഞാൻ ചെയ്യുന്നത് എന്താണെന്നു നീ അറിയുന്നില്ല, പിന്നീടു നീ അറിയും" – ഇതാണ് അതിന്റെ ഏക ഉത്തരം.

ഒരുപക്ഷേനാം ആഗ്രഹിക്കുന്ന അറിവു കൈകാര്യം ചെയ്യാനുള്ള കഴിവു നമുക്കുണ്ടാകില്ല. ദൈവം കരുണ ചെയ്തു നമ്മിൽനിന്ന് ആ അറിവു മാറ്റുന്നതായിരിക്കാം. *ക്രമേണ എന്റെ നന്മയ്ക്കായിട്ടുള്ള കാര്യമേ സംഭവിക്കൂ. അതല്ലാതെ ദൈവം എന്റെ ജീവിതത്തിൽ യാതൊന്നും ചെയ്യില്ല. എന്തെങ്കിലും ചെയ്യാൻ എന്നോടാവശ്യപ്പെടുകയില്ല.* ഇക്കാര്യം വിശ്വസിക്കാൻ ഞാൻ തീരുമാനിച്ചു. ഈ തീരുമാനം എനിക്ക് ഒരുപാടു സമാധാനം തന്നു.

മുമ്പു ഞാൻ ഈ  പുസ്തകത്തിൽ സൂചിപ്പിച്ചതു നിങ്ങൾ ഓർക്കുന്നുണ്ടാകാം. നമുക്കു സമാധാനം വേണമെങ്കിൽ, നാം പൂർണ്ണഹൃദയത്തോടെ അതിനെ പിന്തുടരണം. സമാധാനത്തിനായുള്ള എന്റെ വ്യക്തിപരമായ അനുധാവനത്തിൽ, വിശ്വാസം മൂലം സമാധാനവും സന്തോഷവും ലഭിക്കുമെന്നു ഞാൻ കണ്ടെത്തി (റോമർ 15:13). അതുകൊണ്ടാണു ഞാൻ അങ്ങനെ ചെയ്യാൻ തീരുമാനിച്ചത്. ഞാനതു പരിപൂർണ്ണമായി ചെയ്യുന്നില്ല; എന്നാൽ, "കർത്താവേ, ഞാൻ നിന്നിൽ ആശ്രയിക്കുന്നു" എന്നു പറയുന്നതിനോടൊപ്പം

എനിക്കറിയാത്ത കാര്യങ്ങളോടു പ്രതികരിക്കാൻ പഠിക്കുന്നതിനു ദൈവം എന്നെ സഹായിക്കുന്നു. "കർത്താവേ, എനിക്കൊന്നുമറിയില്ല, എനിക്കു കാര്യങ്ങളുടെ കിടപ്പു മനസ്സിലാക്കേണ്ടതുണ്ട്" എന്നു പറയുന്നതിനെക്കാൾ നല്ലത് ആദ്യം പറഞ്ഞതാണ്, സംശയിക്കുന്നതിനു പകരം, വിശ്വാസത്തോടെ പ്രതികരിക്കാമെന്ന ഈ തീരുമാനം നമുക്കെല്ലാവർക്കും എടുക്കാൻ കഴിയും. നേരത്തെ നിങ്ങൾ ഇങ്ങനെ തീരുമാനിച്ചിട്ടില്ലെങ്കിൽ, ഇപ്പോൾത്തന്നെ അങ്ങനെ ചെയ്യാൻ പരിശുദ്ധാത്മാവു നിങ്ങളെ നിർബ്ബന്ധിക്കുന്നു.

പൊതുവായ ഒരു വിശ്വാസത്തെക്കുറിച്ചല്ല, എല്ലാ സാഹചര്യത്തിലും ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നതിനെക്കുറിച്ചാണു ഞാൻ പറയുന്നത്. കാര്യങ്ങൾക്കു "വേണ്ടി" ദൈവത്തെ വിശ്വസിക്കുന്നത് എളുപ്പമാണ്, എന്നാൽ കാര്യങ്ങ "ളിലും" കാര്യങ്ങളി "ലൂടെ" യും നാം ദൈവത്തെ വിശ്വസിക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്.

## ഇയ്യോബ്

വിശദീകരിക്കാനാവാത്ത കഷ്ടതയെക്കുറിച്ച് ഒരദ്ധ്യായം ഞാനെഴുതുകയാണെങ്കിൽ അത് ഇയ്യോബിനെക്കുറിച്ചായിരിക്കണം. ഞാൻ കേട്ടിട്ടുള്ളതിലും അധികമായ കഷ്ടത സഹിച്ച നീതിമാനായിരുന്നു അദ്ദേഹം. ദീർഘനാളുകൾ അവൻ തന്റെ വിശ്വാസം മുറുകെപ്പിടിച്ചു. എന്നാൽ ക്രമേണ അവൻ ദൈവത്തിൽനിന്ന് ഉത്തരങ്ങൾ ആവശ്യപ്പെടാൻ തുടങ്ങി. ഇയ്യോബിന് ഉത്തരം നൽകാൻ നാല് അദ്ധ്യായങ്ങൾ മുഴുവനും ദൈവം ഉപയോഗിച്ചു. ഒടുവിൽ അവയുടെയെല്ലാം സംഗ്രഹമായി ദൈവം പറഞ്ഞത്, "ഇയ്യോബേ, നീ അത്രയ്ക്കു മിടുക്കനാണെങ്കിൽ കുറച്ചു നേരത്തേക്കു ദൈവമായിട്ടൊന്ന് ഇരുന്നുകൂടേ? ലോകത്തെ ഒന്നു നടത്തിനോക്ക്, എങ്ങനെയിരിക്കുന്നെന്നു കാണാം." ഒടുവിൽ, ഇയ്യോബ് തന്നെത്താൻ വിനയപ്പെട്ടു, താൻ പറഞ്ഞതെല്ലാം വിഡ്ഢിത്തമായിരുന്നെന്ന് അവനു മനസ്സിലായി. പിന്നെ ഇയ്യോബ് വിസ്മയിപ്പിക്കുന്ന ഒരു കാര്യമാണ് പറഞ്ഞത്. ഭയങ്കര കഷ്ടത സഹിച്ചതിനുശേഷം നമുക്കു മിക്കവർക്കും പറയാൻ കഴിയുന്ന ഒരു കാര്യം:

> ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ; ഇപ്പോഴോ, എന്റെ (ആത്മീയ) കണ്ണാൽ നിന്നെ കാണുന്നു.
>
> *ഇയ്യോബ് 42:5*

ഇയ്യോബിന്റെ പരീക്ഷയിൽ, മുമ്പൊരിക്കലും അറിയാത്ത നിലയിലാണ് അവൻ ദൈവത്തെ അറിഞ്ഞത്. കഷ്ടതയ്ക്കുമുമ്പ് അവൻ ദൈവത്തെക്കുറിച്ച് അറിഞ്ഞിരുന്നു, അവനെക്കുറിച്ചു കേട്ടിരുന്നു, എന്നാലിപ്പോൾ അവൻ ദൈവത്തെ അറിഞ്ഞു! ക്യാൻസർ ബാധിച്ചു മരിച്ച ഒരു ചെറുപ്പക്കാരനെ എനിക്കറിയാം. അവന്റെ കഷ്ടപ്പാടു ഭയങ്കരമായിരുന്നെങ്കിലും, അവൻ പറഞ്ഞത്, "ഈ അനുഭവം ഞാൻ ഒന്നിനുവേണ്ടിയും വിൽക്കുകയില്ല; കാരണം, അതിലൂടെ ഞാൻ ദൈവത്തെ അടുത്തറിഞ്ഞു." നമ്മൾ ദൈവത്തെ അറിയാൻ വേണ്ടി ഇത്തരം കഷ്ടത ദൈവം ക്രമീകരിക്കുന്നു എന്നതാണോ ഇതിനർത്ഥം? ഇല്ല, ഞാനങ്ങനെ കരുതുന്നില്ല. മറിച്ച് നമ്മുടെ ആത്മീയപ്രയോജനത്തിനായി അവനത് ഉപയോഗിക്കുന്നു.

## യേശു

അന്യായമായ കഷ്ടതയെക്കുറിച്ചു ചർച്ച ചെയ്യണമെങ്കിൽ യേശുവിനെക്കുറിച്ചുവേണം സംസാരിക്കാൻ. ക്രൂശീകരണത്തിന്റെ ഭീകരതകൾ ദൈവപുത്രനെക്കൊണ്ട് അനുഭവിപ്പിച്ച്, മനുഷ്യന്റെ വീണ്ടെടുപ്പുപദ്ധതി നടപ്പിലാക്കാതെ, മനുഷ്യന്റെ പാപമെല്ലാം യേശുവിന്റെ പാപരഹിതമായ ശരീരത്തിൽ (self) ചുമത്താതെ, മറ്റേതെങ്കിലും പരിപാടി ദൈവത്തിന് ആവിഷ്കരിക്കാൻ വയ്യായിരുന്നോ? മറ്റ് ഏതൊരു നല്ല പിതാവിനെപ്പോലെയും, "ഞാൻ പോയിട്ടില്ലാത്ത വഴിയിലൂടെയൊന്നും പോകാൻ ഞാൻ നിന്നോട് ആവശ്യപ്പെടുകയില്ല" എന്ന് അവൻ പറയുന്നുണ്ടാകാം. ഞാൻ മുമ്പു പറഞ്ഞതുപോലെ, ഇവയ്ക്കെല്ലാമുള്ള ഉത്തരം എന്റെ പക്കലില്ല. പക്ഷേ ദൈവത്തിൽ വിശ്വസിക്കാൻവേണ്ടി അവ നമുക്കാവശ്യമുണ്ടോ? ഇല്ലെന്നാണ് എന്റെ വിചാരം! ഗ്രഹിക്കുന്നതിന് അതീതമാണ് വിശ്വാസം, വാസ്തവത്തിൽ അതു ബുദ്ധിയെ (ഗ്രാഹ്യശേഷിയെ) പലപ്പോഴും മാറ്റി മറിക്കുന്നു.

ഈ അദ്ധ്യായം ഞാൻ ആരംഭിച്ചപ്പോൾ, ജീവിതത്തിലെ കഷ്ടത, നിരാശത എന്നിവ മൂലം ദൈവത്തോടു കോപിച്ചിരിക്കുന്നവർക്ക് എന്ത് ഉത്തരമാണു ഞാൻ നൽകേണ്ടതെന്നാണു ദൈവം ആഗ്രഹിക്കുന്നതെന്നറിയാൻ എന്റെ ഹൃദയം ഞാൻ പരിശോധിച്ചു. ഞാൻ ഒരുത്തരവും നൽകാൻ അവൻ ആഗ്രഹിക്കുന്നില്ലെന്നു കുറച്ചു നിമിഷങ്ങൾക്കുള്ളിൽ എനിക്കു മനസ്സിലായി. കാരണം, അവയിലൊന്നുംതന്നെ നമുക്കു മനസ്സിലാവില്ല. ദൈവത്തെ വിശദീകരിക്കാൻ ശ്രമിക്കുന്ന ധാരാളം പുസ്തകങ്ങളുണ്ട്. ചിലതു വളരെ നല്ലതാണ്. എന്നാൽ ഞാൻ അതല്ല ചെയ്യാൻ പോകുന്നത്. ലളിതമായി

ഞാൻ പറയട്ടെ, നിങ്ങൾക്കു കോപിക്കാതിരിക്കാം. അങ്ങനെ ചെയ്താൽ, അതൊരു ഉപകാരമായിരിക്കും. കാരണം, ദൈവത്തോടു കോപിച്ചിരിക്കുന്നത് അങ്ങേയറ്റം വിഡ്ഢിത്തമാണ്. ദൈവത്തിനുമാത്രമേ നമ്മെ സഹായിക്കാൻ കഴിയൂ. പിന്നെയെന്തിനാണു നമ്മുടെ സഹായത്തിന്റെ ഒരേയൊരു ഉറവിടം അടച്ചുകളയുന്നത്?

നിങ്ങൾക്കു കഠിനമായി മുറിവേറ്റാൽ, "ജോയ്സ്, അതത്ര നല്ലതല്ല" എന്നു നിങ്ങളിൽ ഒരു ഭാഗം നിലവിളിക്കുമായിരിക്കും. ഞാൻ മനസ്സിലാക്കുന്നത്, "അവൻ കൊന്നാലും ഞാൻ അവനിൽതന്നെ ആശ്രയിക്കും" (ഇയ്യോബ് 13:15) എന്ന് ഇയ്യോബിനോടു ചേർന്നു പറയത്തക്കനിലയിൽ നിങ്ങൾ ആയിത്തീരട്ടെയെന്നു പ്രാർത്ഥിക്കാൻ മാത്രമേ എനിക്കു കഴിയൂ.

## ദൈവത്തോടു കോപിക്കുന്നുവോ?

ദൈവത്തോടു കോപിച്ചു ദീർഘനാളുകൾ കഴിഞ്ഞ ഒരു സ്ത്രീയെ എനിക്കറിയാം. നമുക്കവളെ ജാനിയെന്നു വിളിക്കാം. ബാല്യം മുതൽക്കേ ക്രിസ്ത്യാനിയായ അവൾ, ഒരു നല്ല ക്രിസ്ത്യാനിയെ വിവാഹം കഴിച്ചു കുടുംബജീവിതം നയിക്കണമെന്ന് ആഗ്രഹിച്ചുപോന്നു. കോളജ് വിദ്യാഭ്യാസത്തിനുശേഷം അദ്ധ്യാപികയാകാനാഗ്രഹിച്ച് അവൾ ന്യൂയോർക്കിലേക്കു പോയി. നല്ലയൊരു സഭ കണ്ടെത്തിയ അവൾ, പെട്ടെന്നുതന്നെ അവിടുത്ത സജീവാംഗമായി, എല്ലാറ്റിലും പങ്കാളിയായി. അവൾക്കവിടെ നല്ല സുഹൃത്തുക്കളെ ലഭിച്ചു. അവരിലധികവും അവിവാഹിതരായിരുന്നു. ചില വർഷങ്ങൾക്കുശേഷം, അവളുടെ സുഹൃത്തുക്കളിൽ മിക്കവരും വിവാഹിതരായി കുടുംബജീവിതം നയിക്കാൻ തുടങ്ങി.

ജാനിയുടെ ഇരുപതുകൾ മുപ്പതുകൾക്കു വഴിമാറി. ഒരു ഭർത്താവിനെ നൽകി കുടുംബജീവിതം നയിക്കാൻ അവൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവം അവളുടെ ജോലി അനുഗ്രഹിച്ചു, അവൾ പഠിപ്പിച്ച സ്കൂളിലെ അസിസ്റ്റന്റ് പ്രിൻസിപ്പലായി അവൾ മാറി. അവൾ അത്യധികമായി ശ്രദ്ധിച്ച ഒരു കാര്യമൊഴികെ ബാക്കിയെല്ലാറ്റിലും ദൈവം അവളെ അനുഗ്രഹിച്ചതായിത്തോന്നി. അവളുടെ കൂട്ടുകാരികൾക്കു കുഞ്ഞുങ്ങളുണ്ടായി. അവരിൽ പലരും നല്ല രീതിയിൽ കുഞ്ഞുങ്ങളെ വളർത്തേണ്ടതിനു ന്യൂയോർക്കിൽനിന്നു പോയി.

ജാനി തുടർന്നും കഠിനാദ്ധ്വാനം ചെയ്തു, സഭയിൽ സജീവമായി മുന്നോട്ടു പോയി. പക്ഷേ അവളുടെ ഹൃദയത്തിലെ ഒരേയൊരു ആഗ്രഹമായ ഭർത്താവും കുടുംബവും ദൈവം അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് അവൾക്കു മനസ്സിലായില്ല. അവൾ ദൈവത്തോടു കോപിക്കാൻ തുടങ്ങി. എന്തുകൊണ്ടാണു ദൈവം ഇത്ര നിശ്ശബ്ദനായത്? എല്ലാറ്റിനുമൊടുവിൽ, നല്ലതും സ്വാഭാവികവുമായ ഒരു കാര്യം ജാനി ആഗ്രഹിച്ചു; മനുഷ്യൻ ഏകനായിരിക്കുന്നതു നല്ലതല്ലെന്ന് *ഉല്പത്തി*യിൽ ദൈവം പറയുന്നു. സമാധാനത്തിനുവേണ്ടി അവൾ പ്രാർത്ഥിച്ചു. ഒരു ഭർത്താവിനുവേണ്ടിയുള്ള അവളുടെ പ്രാർത്ഥനയ്ക്ക് 'ഇല്ലാ'യെന്നാണോ പറയുന്നതെന്ന് അവൾ ന്യായവാദം തുടങ്ങി. പിന്നെ, ദൈവം അവൾക്കു നൽകി അനുഗ്രഹിച്ച നല്ല കാര്യങ്ങളിൽ സംതൃപ്തിയടയാനെങ്കിലും അവൾ ആഗ്രഹിച്ചു.

വർഷങ്ങൾ കഴിഞ്ഞു, ജാനി ഏകയായിത്തന്നെ തുടർന്നു. ജീവിതത്തിൽ ഒരുപാടു കാര്യങ്ങൾ അവൾ ആസ്വദിക്കുമ്പോഴും അവളുടെ ഏകാന്തത കൂടിക്കൂടിവന്നു. അവളുടെ ജീവിതത്തിൽ മുള്ളുപോലെയായി. പ്രാർത്ഥനയെ മാനിച്ച്, സ്വാഭാവികവും അത്ഭുതകരവുമായ ഒരു സ്നേഹിക്കുന്നയാളെ ദൈവം എന്തുകൊണ്ടു നൽകിയില്ല? അത്തരം ലളിതമായ ഒരു പ്രാർത്ഥനക്ക് "ഇല്ല" എന്നു ദൈവം പറയുന്നത് എന്തുകൊണ്ടാണെന്ന് അവൾക്കു ഗ്രഹിക്കാനായില്ല. അവൾ പ്രാർത്ഥിച്ച സമാധാനം അവൾക്കു ലഭിച്ചില്ല. എന്തുകൊണ്ടു ദൈവം ഇത്രമാത്രം നിശ്ശബ് ദനാകുന്നു?

ഒരു ദിവസം അവൾക്കൊരു വെളിപ്പാടുണ്ടായി. അവളുടെ വികാരങ്ങൾക്ക് ഒരു പ്രതിശാന്തിയുണ്ടാകാൻ അവൾ പ്രാർത്ഥനയിൽ യാചിച്ചു. അപ്പോൾ ഗത്സമെനത്തോട്ടത്തിലെ യേശുവിന്റെ ദർശനം അവൾക്കുണ്ടായി. ക്രൂശീകരണം പ്രതീക്ഷിച്ചിരിക്കുന്ന സമയത്ത്, മരണത്തിന്റെ പാനപാത്രം എടുത്തുമാറ്റാൻ ദൈവത്തോട് അപേക്ഷിക്കുന്നു. കർത്താവിന്റെ പ്രാർത്ഥനയുടെ അവസാനം, ഇങ്ങനെ പറഞ്ഞു, "എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ." ദൈവം അന്ന് "ഇല്ല" എന്ന് യേശുവിനോട് പറഞ്ഞില്ല. മനുഷ്യരാശിയെ രക്ഷിക്കുന്നതിനുവേണ്ടി ക്രൂശിന്റെ പീഡനം യേശു സഹിക്കേണ്ടത് അത്യാവശ്യമായിരുന്നു.

ദൈവം പുത്രനോട് *ഇല്ലാ*യെന്നു പറഞ്ഞെങ്കിൽ, യേശുവിന് *ഇല്ലാ*യെന്ന മറുപടി സ്വീകരിക്കാൻ കഴിഞ്ഞെങ്കിൽ, ജാനിക്കും അതേ മറുപടി സ്വീകരിക്കാൻ കഴിയുമെന്ന യാഥാർത്ഥ്യം അവർ ഗ്രഹിച്ചു. ഒന്നും മാറിയില്ല, എന്നാൽ ജാനിക്ക് എല്ലാറ്റിനും മാറ്റമുണ്ടായി. ഒരു ദശാബ്ദത്തിൽ

ആദ്യമായി, എല്ലാറ്റിനും ഉത്തരമറിയേണ്ടതിന്റെ ആവശ്യം തനിക്കില്ലെന്നു ജാനി ഗ്രഹിച്ചു—അതായത് ദൈവം ദൈവമാണ് – ജീവിതത്തിൽ ഇനിയുള്ള കാലം ഒറ്റയ്ക്കു കഴിയണമെന്നാണെങ്കിൽ, ഒരിക്കലും അതിന്റെ കാരണം അറിഞ്ഞില്ലെങ്കിലും അവൾ അങ്ങനെതന്നെ തുടരും.

ചില വർഷങ്ങൾക്കുശേഷം, ജാനിയുടെ 43–ാം വയസ്സിൽ, നല്ലൊരു ക്രിസ്ത്യാനിയെ ജാനി കണ്ടുമുട്ടി, രണ്ടുവർഷത്തിനുശേഷം അവർ വിവാഹിതരായി. ജാനി എന്നോടു പറഞ്ഞത് ഇനിയും ഇങ്ങനെയൊരനുഭവം ഉണ്ടായാൽ, ദൈവം അതു കണ്ടിട്ടു മിണ്ടാതിരുന്നാൽ, ദൈവത്തോടു കോപിച്ചു സമയം പാഴാക്കുകയില്ലെന്നായിരുന്നു. അവൾക്കു ലഭിച്ച അനുഗ്രഹങ്ങൾ ആസ്വദിച്ചു, അക്കാര്യത്തിൽ ദൈവത്തിന്റെ തീരുമാനം അംഗീകരിക്കാൻ ഉറ്റുശ്രമിച്ചു.

നാം ആഗ്രഹിക്കുന്ന ചില നല്ല കാര്യങ്ങളോടു ദൈവം ചിലപ്പോൾ "ഇല്ല" എന്നുപറയും. ചിലപ്പോൾ "ഇപ്പോൾ ഇല്ല" എന്നു പറയും. അത് എന്തുകൊണ്ടാണെന്ന് ഈ ജീവിതത്തിലൊരിക്കലും നാം അറിയുകയില്ല. ദൈവദത്തമായ ജീവിതം ആ നിലയിൽ ചെലവഴിക്കാം. അല്ലെങ്കിൽ, ആശയക്കുഴപ്പത്തിൽ വിചാരപ്പെട്ടു കഷ്ടപ്പെടാം. എങ്ങനെ സമയം ചെലവഴിക്കുന്നതാണു നല്ലത്? എന്നെ സംബന്ധിച്ചിടത്തോളം, പ്രയോജനപ്രദമായി (productive) സമയം ചെലവിടാനാണു താത്പര്യം—എല്ലാ ഉത്തരങ്ങളും എനിക്ക് അറിയില്ലെങ്കിലും.

## പ്രാർത്ഥിക്കുകയും തുടർന്നു കഷ്ടപ്പെടുകയും ചെയ്യുന്ന കുട്ടി

ലൈംഗികമായി, മാനസികമായി, വൈകാരികമായി, വാചികമായി എന്നെ ബാലികയായ എന്റെ പിതാവ് അപമാനിച്ചു. എന്നെ ഈ സാഹചര്യത്തിൽനിന്ന് ഒഴിവാക്കാൻ ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു; പക്ഷേ അതു നടന്നില്ല. എന്റെ അമ്മ എന്റെ പിതാവിനെ വിട്ട് എന്നെ സംരക്ഷിക്കുന്നതിനു ഞാൻ പ്രാർത്ഥിച്ചു; പക്ഷേ അതു സംഭവിച്ചില്ല. എന്റെ പിതാവ് മരിക്കാൻപോലും ഞാൻ ബാലിശമായി പ്രാർത്ഥിച്ചു. എന്നാൽ പിതാവു തുടർന്നും ജീവിച്ചിരുന്ന് എന്നെ മാനഭംഗപ്പെടുത്തി.

എന്തുകൊണ്ട്? നിരവധി വർഷങ്ങൾ എന്റെയുള്ളിൽ ആ ചോദ്യം വലുതായി നിലകൊണ്ടു. ദൈവത്തോടു നിലവിളിച്ച ഒരു കൊച്ചു കുഞ്ഞിനെ

എന്തുകൊണ്ട് ദൈവം വിടുവിച്ചില്ല? ഞാൻ ശുശ്രൂഷയിൽ മുതിർന്ന ഒരു സ്ത്രീയായിക്കഴിഞ്ഞിട്ടും ആ "എന്തുകൊണ്ട്"ണ്ടെന്ന ചോദ്യമുണ്ടായിരുന്നു. അതില്ലാത്തത് ആർക്കാണ്? നിരപരാധികൾ ദുഷ്ടന്മാരുടെ പാതയിൽ കഷ്ടപ്പെടുന്ന സമയമുണ്ടെന്നു ദൈവം എനിക്കു കാട്ടിത്തന്നു. എന്റെ പിതാവിന്, പിതാവെന്ന നിലയിൽ എന്റെ മേൽ അധികാരമുണ്ടയിരുന്നു. അദ്ദേഹം തിന്മ തിരഞ്ഞെടുത്തതുകൊണ്ട് എന്നെ ആ തിരഞ്ഞെടുപ്പു ബാധിച്ചു. അതുകൊണ്ടു പോലും ഞാൻ മനസ്സിലാക്കിയത് ദൈവത്തിന് ആ സാഹചര്യം അവസാനിപ്പിക്കാമായിരുന്നു, എന്നാൽ മറ്റൊന്നു ചെയ്യാനാണ് അവനതു തിരഞ്ഞെടുത്തതെന്നാണ്. അതിലൂടെ പോകുന്നതിനും അതിനെ അതിജീവിക്കുന്നതിനുമുള്ള ധൈര്യവും ബലവും ദൈവം എനിക്കു തന്നു. മറ്റുള്ളവരെ സഹായിക്കാൻ എന്റെ വേദന ഉപയോഗിക്കുന്നതിന് അവൻ അനുവദിച്ചു. അങ്ങനെ ചെയ്യുന്നത് എന്റെ നന്മയക്കായിത്തീർന്നു. ഞാൻ അനുകമ്പ കാട്ടി സഹായിച്ചവർക്കും അതു നന്മയ്ക്കായിത്തീർന്നു. "ഞാൻ മാനഭംഗപ്പെട്ടില്ലായിരുന്നെങ്കിൽ, എന്റെ ജീവിതം നന്നായേനെ" യെന്നു വർഷങ്ങളോളം പറഞ്ഞിരുന്നല്ലോ. ഇന്നു ഞാൻ നന്നായി ഗ്രഹിക്കുന്ന ഒരു കാര്യം, അക്കാരണത്താൽ എന്റെ ജീവിതം കൂടുതൽ ശക്തിയുള്ളതും ഫലപ്രദവുമായിത്തീർന്നു എന്നുള്ളതാണ്. ഭയാനകമായ ദുരന്തങ്ങൾ അതിജീവിക്കാനും, പിന്നീടു നല്ല മനോഭാവത്തോടും അനുഭവത്തോടുംകൂടെ ആരെയെങ്കിലുമൊക്കെ സഹായിക്കുന്നതിനുമായി ദൈവം സാധാരണ മനുഷ്യരെ സഹായിക്കുന്നു. അതിനായി ദൈവത്തിന്റെ വിസ്മയകരമായ ശക്തി പ്രകടിപ്പിക്കുന്നു. അത്തരത്തിലുള്ള ഒരാളാകാനുള്ള പദവി എനിക്കു ലഭിച്ചതിൽ എനിക്കു കൃതജ്ഞതയുണ്ട്. എന്റെ പ്രാർത്ഥനയ്ക്ക് ഏറ്റവും നല്ല മറുപടി തന്നതിന്, ഞാനാഗ്രഹിച്ചതിനല്ല, കർത്താവേ, നന്ദി" – ഇതാണു ഞാൻ പറയേണ്ടത്.

ദൈവത്തോടു കോപിക്കുന്നതിനെക്കുറിച്ചു ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ, വായനക്കാരിൽ ചിലർക്കു പ്രയോജനപ്രദമായിത്തീരണമെന്നു മാത്രമാണ് എന്റെ പ്രാർത്ഥന. ഉത്തരമില്ലാത്ത ചില ചോദ്യങ്ങളുണ്ട്. ഉത്തരം നൽകാൻ ഞാൻ ശ്രമിച്ചിട്ടില്ല, മറിച്ച് ഈ വിഷയത്തിൽ സത്യസന്ധമായി എന്റെ ഹൃദയം പകരാൻ ഞാൻ ഉദ്യമിച്ചിട്ടുണ്ട്. നിങ്ങൾക്കോ നിങ്ങൾക്ക് അറിയാവുന്ന ആർക്കെങ്കിലുമോ എന്തെങ്കിലും സംഭവിച്ചാൽ വിഷയമില്ല. ദയവായി ദൈവത്തിൽ ആശ്രയിക്കുക. ലോകത്തിൽ എന്തെങ്കിലും സംഭവിച്ചാലും സാരമില്ല, ദൈവം നല്ലവനാണ്, അവൻ നിങ്ങളെ സ്നേഹിക്കുന്നു! "എന്തുകൊണ്ട്, ദൈവമേ, എന്തുകൊണ്ട്?" ഈ ചോദ്യം നിങ്ങളെ

പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, "കർത്താവേ എന്തു വിഷയമാണെങ്കിലും ഞാൻ നിന്നിൽ ആശ്രയിക്കുന്നു" എന്നു പറഞ്ഞുകൊണ്ട്, നിങ്ങളുടെ ആകുലചിന്ത മുഴുവൻ ദൈവത്തിൽ ഇട്ടുകളയുന്നതിനു തീരുമാനിക്കുക. അതിനായി ഞാൻ നിങ്ങളെ നിർബന്ധിക്കുകയാണ്.

## അദ്ധ്യായം

## 7

# എന്നെ സഹായിക്കൂ: ഞാൻ കോപിച്ചിരിക്കുകയാണ്

ഈ പുസ്തകം വായിക്കുന്ന നിങ്ങൾ കോപിക്കുന്ന വ്യക്തിയാണെങ്കിൽ, നിങ്ങൾക്കു സഹായം ആവശ്യമായ മേഖല ഒന്നു പഠിക്കാൻ നിങ്ങൾ മനസ്സു വെയ്ക്കണം. സമനില തെറ്റൽ, പാപം ചെയ്യുന്ന കോപം എന്നിവയെ അതിജീവിക്കാൻ നിങ്ങൾക്കു കഴിയുമെന്ന് എനിക്കുറപ്പുണ്ട്. പാപമുള്ള കോപവും പാപമില്ലാത്ത കോപവുമുണ്ട്. അതിനാൽ, നിങ്ങൾക്കു വ്യക്തമായി ബോദ്ധ്യമാകുന്നതിന് അവ രണ്ടും നമുക്കു ചർച്ച ചെയ്യാം.

## പാപമല്ലാത്ത കോപം

നമ്മളോ മറ്റുള്ളവരോ അന്യായം സഹിക്കുമ്പോൾ, അത് അറിയുന്നതിനാണ് കോപമെന്ന വികാരം ദൈവം നമുക്കു നൽകിയിരിക്കുന്നത്. ഇതിനെ *നീതിയുള്ള കോപം* എന്നു വിളിക്കാം. തെറ്റു തിരുത്താനുള്ള ദൈവികമായ നടപടിയെടുക്കാൻ ഇതു നമ്മെ ഉത്തേജിപ്പിക്കുന്നു.

ഞങ്ങളുടെ ഒരു മകൾക്ക് ഏഴു വയസ്സായപ്പോൾ, അവൾ ചേർന്ന പുതിയ സ്കൂളിൽ, കൂട്ടുകാരെ ലഭിക്കാൻ അവൾക്കു ബുദ്ധിമുട്ടുണ്ടായി. ആ സ്കൂളിനടുത്തായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. ഒരു ദിവസം ഞാൻ അതുവഴി കാറോടിച്ചുപോയി. എന്റെ മകൾ സ്കൂൾ വളപ്പിൽ തനിച്ചിരിക്കുന്നതു

ഞാൻ ശ്രദ്ധിച്ചു. മറ്റുള്ള കുട്ടികൾ കളിക്കുകയായിരുന്നു. അവളോടുള്ള ആ പെരുമാറ്റം എന്നെ കോപിപ്പിച്ചു, അതു പാപമല്ല. അവൾക്കു കൂട്ടുകാരെ നൽകണമേയെന്നു ദൈവത്തോടു പ്രാർത്ഥിച്ചാണു ഞാൻ ആ കോപത്തോടു പ്രതികരിച്ചത്. ഞാൻ ആ സ്കൂൾ വളപ്പിലേക്കു ചെന്ന്, മറ്റു കുട്ടികളെ നോക്കി ആക്രോശിച്ചിരുന്നെങ്കിൽ, അതു തെറ്റായിരുന്നേനെ.

നാം കോപിക്കുമ്പോഴൊക്കെ അതിനർത്ഥം നാം പാപം ചെയ്യുന്നുവെന്നല്ല. നാം മനസ്സിലാക്കേണ്ടുന്ന പ്രധാനപ്പെട്ട കാര്യമാണിത്. നമ്മുടെ കോപം ഇളക്കുന്ന ഒരുപാടു കാര്യങ്ങളുണ്ട്. കോപമെന്ന വികാരത്തെ നാം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

നീതിയുള്ള കോപം പോലെ ഒരു കാര്യമുണ്ട്. വിഗ്രഹാരാധികളോടുള്ള ദൈവത്തിന്റെ കോപത്തെ അങ്ങനെയാണു പറയുന്നത് (സങ്കീ. 78). എല്ലാറ്റിനെയും സൃഷ്ടിച്ച, ജീവനുള്ള ദൈവത്തെ നമുക്ക് ആരാധിക്കാൻ കഴിയുമ്പോൾ, ഒരു ശിലാവിഗ്രഹത്തെ വണങ്ങുന്നത് എത്രയോ അപമാനകരമാണ്! ഇത്തരം അനീതിയെ ദൈവം അവന്റെ നീതിയിൽ ശിക്ഷിച്ചു. ആളുകൾ അനുതപിച്ചു ദൈവത്തിലേക്കു തിരിയുമെന്നു പ്രതീക്ഷിച്ചാണു ദൈവമതു ചെയ്തത്. അവർക്കു ദോഷം ചെയ്യാനല്ല, മറിച്ച്, അവരെ സഹായിക്കുകയെന്ന മനോഭാവമായിരുന്നു ദൈവത്തിന്റേത്. നീതിയുള്ള കോപം എപ്പോഴും സഹായിക്കുന്ന മനോഭാവത്തോടെയാണു പ്രവർത്തിക്കുന്നത്.

നമ്മുടെ മക്കൾ ദോഷകരമായ പ്രവൃത്തികൾ ചെയ്യുമ്പോഴുള്ള നമ്മുടെ കോപവും ഇതേപോലെയുള്ളതാണ്. നമ്മുടെ കോപം പ്രകടിപ്പിച്ച് അവരെ സഹായിക്കുന്നതിനായി നാം അവരെ തിരുത്തുന്നു.

ഞാൻ കംബോഡിയ സന്ദർശിച്ചപ്പോൾ, നഗരത്തിലെ കുപ്പക്കുന്നിൽ ജീവിക്കുന്ന കുട്ടികളെ കണ്ടു. അതിൽനിന്ന് ആഹാരം തേടുന്ന, കുപ്പിച്ചില്ലുകളും പ്ലാസ്റ്റിക്കും പെറുക്കി വിൽക്കുന്ന കുട്ടികൾ. എനിക്കു ഹൃദയവേദനയുണ്ടായി, അത്തരം അനീതിയോടു ഞാൻ നീതിയോടെ കോപിച്ചു. ഞാൻ കോപത്തിൽ തുടർന്നില്ല; ആ അന്യായത്തിനെതിരെ എന്തെങ്കിലും ചെയ്യണമെന്നും ഞാൻ തീരുമാനിച്ചു.

ഞങ്ങൾ ബസ്സുകൾ വാങ്ങിയിട്ട്, അവയിൽ ക്ലാസ് മുറികളും ഭക്ഷണശാലയും സജ്ജമാക്കി. ദിവസവും ആ കുഞ്ഞുങ്ങൾക്ക് ആഹാരം കൊടുക്കാനും അവരെ പഠിപ്പിക്കാനും അങ്ങനെ ഞങ്ങൾക്കു കഴിഞ്ഞു. ഈ ബസുകളിൽ കുളിമുറികളുണ്ട്. അതുകൊണ്ട് കുട്ടികൾക്കു കുളിച്ചു

വൃത്തിയായി, വേണമെങ്കിൽ പുതിയ വസ്ത്രങ്ങളും ധരിക്കാം. എന്റെ കോപത്തോടുള്ള ഒരു നല്ല പ്രതികരണമായിരുന്നു ഇത്. നന്മയാൽ തിന്മയെ ജയിക്കുകയെന്നതാണ് ഒരേയൊരു വഴിയെന്നു ദൈവവചനം പറയുന്നു *(റോമർ 12:21).*

ഇത്തരം കോപം പാപമല്ല. വേണ്ടുന്നതു ചെയ്യാൻ ഇതു നമ്മെ നയിക്കുന്നതുകൊണ്ട് ഇതു വാസ്തവത്തിൽ നല്ലതാണ്.

അന്യായം കണ്ട് ഒരുപാടു പേർ ഇന്നു കോപിക്കുന്നുണ്ട്. നിഷേധരൂപത്തിലുള്ള സംസാരവും മനോഭാവവും മൂലം അവർ മറ്റുള്ളവരെ കോപ്പിച്ചു സമയം കളയുന്നു. തിരുത്തലിനുവേണ്ടി യാതൊരു നല്ല കാര്യവും അവർ ചെയ്യുന്നില്ല. ആശയ്ക്കു വഴിയില്ലാത്ത ഒരു മനോഭാവമാണ് അവർക്കുള്ളത്. നല്ല കാര്യമൊന്നും ചെയ്യുകയില്ലെന്നാണ് അവരുടെ തീരുമാനം, അതുകൊണ്ട് അവരൊന്നും ചെയ്യാൻ ശ്രമിക്കാറില്ല. എളുപ്പം പാപം ചെയ്യാവുന്ന തരത്തിലുള്ള കോപമാണിത്.

മദ്യപിച്ചു വാഹനമോടിച്ചിട്ട് ഒരു പതിമ്മൂന്നുകാരിയെ ഒരാൾ കൊന്നു. കോടതി അയാൾക്കു ചെറിയ ഒരു ശിക്ഷയാണു നൽകിയത്. ആ പെൺകുട്ടിയുടെ അമ്മയ്ക്കു വളരെയേറെ കോപമുണ്ടായി. പക്ഷേ ആ കോപം അവർ നല്ല വഴിയിലേക്കു തിരിച്ചുവിട്ടു. അവരൊരു സംഘടനയ്ക്കു രൂപം നൽകി - MADD (Mothers Against Drunk Driving) - (മദ്യപിച്ചു വാഹനമോടിക്കുന്നതിനെതിരെ അമ്മമാർ.) മദ്യപിച്ചു വാഹനമോടിക്കുന്നവർക്കെതിരെ കർക്കശമായ നിയമനടപടികളെടുക്കാൻ ഈ സംഘടന മുഖാന്തരമായി. ആയുസ്സു മുഴുവൻ കോപിച്ചും വെറുത്തും കഴിയുന്നതിനു പകരം, ആ സ്ത്രീ *നന്മയാൽ തിന്മയെ ജയിച്ചു*. എന്റെ പിതാവ് എന്നെ മാനഭംഗപ്പെടുത്തിയതിൽ എനിക്ക് അദ്ദേഹത്തോട് അത്യധികമായ കോപമുണ്ടായിരുന്നു.

കോപത്താൽ നിറഞ്ഞ ഞാൻ, വർഷങ്ങളോളം അദ്ദേഹത്തെ വെറുത്തു. എന്നാൽ എന്നോടു ചെയ്ത തിന്മയെ ജയിക്കണമെങ്കിൽ, മറ്റുള്ളവരെ സഹായിക്കാൻ എന്തെങ്കിലും നന്മ ചെയ്തെങ്കിലേ മതിയാകൂ എന്ന് ഒടുവിൽ എനിക്കു മനസ്സിലായി. കഴിഞ്ഞ മുപ്പത്തഞ്ചു വർഷമായി ദൈവവചനം പഠിപ്പിക്കുന്നതും വേദനിക്കുന്നവരെ സഹായിക്കുന്നതും ഇക്കാരണത്താലാണ്.

ഇംഗ്ലണ്ടിലെ അടിമത്തത്തിനെതിരെ അത്യധികം കോപിച്ചയാളായിരുന്നു വില്യം വിൽബർഫോഴ്സ്. ജീവിതത്തിന്റെ സിംഹഭാഗവും അതിനെതിരെ

അദ്ദേഹം പോരാടുകയും, അടിമത്തം നിയമവിരുദ്ധമാക്കാൻ പ്രയത്നിക്കുകയും ചെയ്തു. അനീതിക്കെതിരെ കോപിച്ച, നല്ല മാറ്റം വരുത്താൻ പോരാടിയവരെക്കൊണ്ടു ചരിത്രം നിറഞ്ഞിരിക്കുകയാണ്. ദു:ഖമെന്നു പറയട്ടെ, കോപം കൊണ്ടു നിറഞ്ഞ, അവസാനം വെറുപ്പിലും വിദ്വേഷത്തിലും മുങ്ങിയവരെക്കൊണ്ടും ചരിത്രം നിറഞ്ഞിരിക്കുകയാണ്. ജനസമൂഹത്തിനു ദോഷം ചെയ്യുന്ന നടപടികളാണ് അങ്ങനെയുള്ളവർ പലപ്പോഴും കൈക്കൊള്ളുന്നത്.

ഓരോ കാലഘട്ടവും എന്തെങ്കിലും അനീതിക്കു സാക്ഷ്യം വഹിക്കുന്നുണ്ട്. നമ്മുടേതും വ്യത്യസ്തമല്ല. ക്രമേണ വെറുപ്പിലേക്കും വിദ്വേഷത്തിലേക്കും മാറുന്ന കോപം ഇതിനുത്തരമല്ല. വിദ്വേഷം ശക്തമായ ഒരു വികാരമാണ്. വെറുക്കപ്പെട്ടയാളിന്റെ പ്രതികാരമാണ് ഇത് ആവശ്യപ്പെടുന്നത്. വെറുപ്പു തുടങ്ങുന്നതു കോപത്തിലാണ്, ജീവിക്കുന്നതിനുള്ള സകല ഊർജ്ജവും അത് ഉപയോഗിക്കുന്നു. വളരുന്ന ഒരു രോഗമെന്നപോലെ അതു നിങ്ങളെ തിന്നുകളയുന്നു, നിങ്ങളുടെ ചിന്തകളെയും സംസാരത്തെയും അതു നിറയ്ക്കുന്നു. നിങ്ങളിൽ വെറുപ്പും വിദ്വേഷവും അതുളവാക്കുന്നു. ദൈവത്തിനു നിങ്ങളെ ഉപയോഗിക്കാൻ കൊള്ളാത്തതാക്കി മാറ്റുന്നു.

നിങ്ങൾ ഇപ്പോൾത്തന്നെ അന്യായം അനുഭവിച്ചും വേദനിച്ചുമാണു കഴിയുന്നതെങ്കിൽ, വെറുപ്പുകൊണ്ടു ജീവിതം പാഴാക്കരുത്.

കോപത്തിന്റെ ഏക ഉത്തരം ക്ഷമിക്കുക എന്നതാണ്. ക്ഷമിക്കുന്നത് ഒരു പ്രക്രിയയാണ്. ദൈവത്തെ അനുസരിക്കുക എന്ന തീരുമാനത്തിൽ തുടങ്ങുക മാത്രമല്ല, നമ്മോടുതന്നെ ചെയ്യുന്ന ഒരു ഉപകാരം കൂടിയാണത്. എന്നാലും, നമ്മുടെ ഓർമ്മകളും വികാരങ്ങളും സൗഖ്യമാകാൻ കുറെ സമയമെടുക്കും. ഈ പുസ്തകത്തിന്റെ രണ്ടാം പകുതി ക്ഷമയുടെ പ്രാധാന്യം, "എങ്ങനെ" ക്ഷമിക്കാം എന്നിവയെക്കുറിച്ചാണ്.

## നിങ്ങളുടെ കോപം ന്യായമോ അന്യായമോ?

നമ്മുടെ കോപം ശരിയായി കൈകാര്യം ചെയ്യുന്നതിനു മുമ്പ്, അതു ന്യായമാണോ അന്യായമാണോയെന്നു നാം നമ്മോടു തന്നെ സത്യസന്ധമായി ചോദിക്കണം. നമ്മെ കോപിപ്പിക്കുന്ന കാര്യങ്ങൾ ആളുകൾ ചെയ്യുന്നത്, അവരുടെ കുഴപ്പമായിരിക്കുകയില്ല; ചിലപ്പോൾ നമ്മുടെ കുഴപ്പം നിമിത്തമാകും. നാം കോപിക്കുന്നതുകൊണ്ടുമാത്രം ന്യായം

നമ്മുടെ ഭാഗത്താകണമെന്നില്ല. ക്ഷിപ്രകോപികളിൽ ഭൂരിഭാഗവും കോപിക്കുന്നത് അവരുടെ ഉള്ളിൽ ഒരിക്കലും കരിയാത്ത മുറിവുള്ളതുകൊണ്ടാകാം. നാം കോപിക്കാതെ രാപ്പകൽ ചെയ്യുന്ന കാര്യങ്ങൾ, ക്ഷിപ്രകോപികൾ കോപിച്ചുകൊണ്ടാണു ചെയ്യുന്നത്.

ഒരിക്കൽ എന്നെ കോപിപ്പിച്ച കാര്യങ്ങൾ എന്റെ ഭർത്താവു ചെയ്തു. എന്നാൽ ഇപ്പോൾ ആ കാര്യങ്ങൾ എന്നെ അസഹ്യപ്പെടുത്തുന്നതേയില്ല. ഇപ്പോഴും അദ്ദേഹം അതേ കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ എനിക്കു മാറ്റമുണ്ടായി. എന്റെ അരക്ഷിതാവസ്ഥയിൽ നിന്നുണ്ടായതായിരുന്നു എന്റെ കോപം. ഒരാൾ അരക്ഷിതാവസ്ഥയിലാകണമെങ്കിൽ, അവർ ചിന്തിക്കുന്ന, അവർക്കു തോന്നുന്ന, അവർ പറയുന്ന കാര്യങ്ങളോടെല്ലാം വിയോജിക്കുന്നവരോട് അവർക്ക് കോപമുണ്ടാകും. എല്ലാ വിയോജിപ്പുകളും തിരസ്കാരമയിട്ടാണ് അവർ കാണുന്നത്. പ്രശ്നം അവരുടേതു തന്നെയാണ്, അവർക്കു കോപമുള്ള ആളുകളല്ല. അരക്ഷിതാവസ്ഥയിലുള്ള ആളുകൾക്ക്, അവരെക്കുറിച്ചുതന്നെ നല്ലതായിത്തോന്നണമെങ്കിൽ, ഒരുപാടു നല്ല പ്രതികരണങ്ങൾ വേണം. അവർക്കതു ലഭിക്കാത്തപ്പോഴാണ് അവർ കോപിക്കുന്നത്.

ചിലപ്പോൾ നാം കോപിക്കുന്നതിന്റെ കാരണം, നമുക്കു വേണ്ടുന്ന കാര്യം വേണ്ടുന്ന സമയത്തു വേണ്ടുന്ന രീതിയിൽ ലഭിക്കാത്തതാണ്. ഞാൻ നിങ്ങളോടു പറയാൻ പോകുന്ന കഥ എന്നെ ആഴമായി സ്പർശിച്ചതാണ്. കോപത്തിനും അക്ഷമയ്ക്കും വലിയ വില കൊടുക്കേണ്ടി വന്ന ഒരാളിന്റെ കഥ- എല്ലാറ്റിനും കാരണം കോപമായിരുന്നു.

## ഒരു പിതാവിന്റെ സമ്മാനം—അജ്ഞാതകർത്തൃത്വം

കോളജിൽനിന്നു ബിരുദം നേടാനൊരുങ്ങുകയായിരുന്നു ഈ യുവാവ്. ഷോറൂമിൽക്കണ്ട മനോഹരമായ ഒരു സ്പോർട്സ് കാർ, മാസങ്ങളായി ഈ യുവാവിനെ ഭ്രമിപ്പിച്ചുപോന്നു. പിതാവിന് അതു വാങ്ങിത്തരാൻ കഴിയുമെന്ന് അവനു നന്നായറിയാം. ബിരുദം നേടുമ്പോൾ അതല്ലാതെ വേറൊന്നും വേണ്ടായെന്ന് അവൻ അപ്പനോടു പറഞ്ഞു. ബിരുദം നേടുന്ന ദിവസം വന്നു. അപ്പൻ ആ കാർ വാങ്ങുമെന്ന പ്രതീക്ഷയിലാണ് അവൻ കാത്തിരുന്നത്.

ഒടുവിൽ, അവന്റെ ബിരുദദാനച്ചടങ്ങിന്റെ ദിവസം രാവിലെ, അപ്പൻ അവനെ അപ്പന്റെ പഠനമുറിയിലേക്കു വിളിച്ചു. ഇങ്ങനെയൊരു മകനെ ലഭിച്ചതിലുള്ള അഭിമാനം പ്രകടിപ്പിച്ച പിതാവ്, എത്രമാത്രം താൻ അവനെ സ്നേഹിക്കുന്നുണ്ടെന്നും അവനോടു പറഞ്ഞു. മനോഹരമായി പൊതിഞ്ഞ ഒരു സമ്മാനപ്പെട്ടി അദ്ദേഹം അവനു കൈമാറി.

ജിജ്ഞാസയോടെ, അപ്പോൾത്തന്നെ അല്പം നിരാശതയോടെ, ആ യുവാവ് പെട്ടി തുറന്നു. ഭംഗിയുള്ള, തുകൽ പുറംചട്ടയുള്ള ഒരു ബൈബിളായിരുന്നു അത്. അതിന്മേൽ, അവന്റെ പേരു സ്വർണ്ണവർണ്ണത്തിൽ എഴുതിയിരുന്നു. കോപത്തോടെ, ഉച്ചത്തിൽ അവൻ അപ്പനോടു പറഞ്ഞു, “ഇത്രയും കാശു കൊടുത്തിട്ട് ഈ ബൈബിളാണോ കിട്ടിയത്?” ആ ബൈബിൾ അവിടെ വെച്ചിട്ട്, അവൻ കൊടുങ്കാറ്റു പോലെ ആ വീട്ടിൽനിന്ന് ഇറങ്ങിപ്പോയി.

വർഷങ്ങൾ കഴിഞ്ഞു. ഈ യുവാവ്, മിടുക്കനായ ഒരു ബിസിനസുകാരനായി. മനോഹരമായ വീടും നല്ല കുടുംബവും അവനു ലഭിച്ചു. അവന്റെ അപ്പൻ വളരെ പ്രായം ചെന്നുവെന്നും, പോയി അദ്ദേഹത്തെ കാണേണ്ടതുണ്ടെന്നും അവനു ബോദ്ധ്യമായി. ബിരുദം നേടിയ ദിവസത്തിനുശേഷം അവൻ അദ്ദേഹത്തെ കണ്ടിരുന്നില്ല.

അപ്പനെ കാണാനൊരുങ്ങുന്നതിനുമുമ്പ് അവനൊരു ഫോൺ സന്ദേശം ലഭിച്ചു. അപ്പൻ മരിച്ചുപോയെന്നും, സകല സമ്പത്തും മകന്റെ പേർക്ക് എഴുതിവെച്ചിട്ടുണ്ടെന്നുമായിരുന്നു അത്. പെട്ടെന്നു വീട്ടിലേക്കു വന്നു കാര്യങ്ങൾ ഏറ്റെടുക്കണമെന്നും അവന് അറിയിപ്പുകിട്ടി. അപ്പന്റെ വീട്ടിലെത്തിയ അവനു ദു:ഖവും കുറ്റബോധവുമുണ്ടായി. പിതാവിന്റെ സുപ്രധാനരേഖകൾ അവൻ തിരയാൻ തുടങ്ങി. അപ്പോഴും പുതുമ നഷ്ടപ്പെട്ടിട്ടില്ലാത്ത, അവൻ ഉപേക്ഷിച്ചിട്ടുപോയ ആ ബൈബിൾ അവൻ കണ്ടു. കണ്ണുനീരോടെ അവൻ ആ ബൈബിളിന്റെ താളുകൾ മറിക്കാൻ തുടങ്ങി. പിതാവു ശ്രദ്ധാപൂർവ്വം അടിവരയിട്ട ഒരു വാക്യം അവൻ ശ്രദ്ധിച്ചു. മത്തായി 7:11.

“അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ കൊടുക്കാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്രയധികം കൊടുക്കും?”

ഈ വാക്യം അവൻ വായിച്ചുകൊണ്ടിരുന്നപ്പോൾ, ആ ബൈബിളിന്റെ പുറംചട്ടയ്ക്കിടയിൽനിന്ന് ഒരു കാറിന്റെ താക്കോൽ താഴെ വീണു. അതിന്റെ ചെയിനിൽ ഡീലറുടെ പേരുണ്ടായിരുന്നു. അവൻ ആഗ്രഹിച്ച സ്പോർട്ട്സ് കാർ വിറ്റിരുന്ന അതേ ഡീലറുടെ പേര്. ആ റ്റാഗിന്മേൽ അവന്റെ ബിരുദദാനച്ചടങ്ങിന്റെ തീയതിയും PAID IN FULL (മുഴുവൻ പണവും കൊടുത്തു) എന്നും എഴുതിയിരുന്നു.

ഈ കഥ വായിച്ചു ഞാൻ ഏറെ ദു:ഖിച്ചു. നമ്മിൽ മിക്കവരും സഞ്ചരിക്കുന്ന ഒരു പാതയുടെ ശക്തമായ ഒരു ദൃഷ്ടാന്തമാണിത്. കൃതജ്ഞതയോടെ ദൈവത്തിന്റെ ദാനം സ്വീകരിക്കുന്നതിനു പകരം (നാം അത് ആവശ്യപ്പെടാത്തതാണല്ലോയെന്നു ചിന്തിച്ചാൽപ്പോലും), നാം കോപിച്ച് ദൈവവുമായുള്ള ബന്ധം വിച്ഛേദിക്കുന്നു. ദയവായി അങ്ങനെ ചെയ്യരുതേ! നിങ്ങൾക്കു സങ്കല്പിക്കാൻ കഴിയാത്തതിൽ അധികമായി നിങ്ങളുടെ പിതാവു നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളുടെ പ്രതീക്ഷയ്ക്കു വിപരീതമായി അവൻ ആ ദാനം പൊതിഞ്ഞുകെട്ടിയാലും, നിങ്ങളുടെ നന്മ മാത്രമേ അവൻ ആഗ്രഹിക്കുന്നുള്ളൂ.

വല്ലാത്ത കോപമുളവാക്കുന്ന പ്രശ്നം നമുക്കുണ്ടാകുമ്പോൾ, ആ പ്രശ്നം നമ്മുടെ വകയാണെന്നതാണു പ്രധാനം. അതു നമ്മുടെ പ്രശ്നമായിട്ടുതന്നെ നാം എടുക്കണം, പ്രശ്നക്കാരേയല്ലാത്ത മറ്റുള്ളവരെ ആക്രമിക്കുന്നതു നിർത്തണം. ഇത്തരം പ്രശ്നങ്ങൾ നിമിത്തമാണു പല ബന്ധങ്ങളും തകർന്നുപോകുന്നത്. എന്റെ ഭർത്താവിനെ അവിശ്വസിച്ചും അദ്ദേഹത്തെ നിയന്ത്രിക്കാൻ ശ്രമിച്ചുംകൊണ്ട്, എന്റെ പിതാവ് എന്നോടു ചെയ്തതിനു പകരം വീട്ടാൻ ദീർഘനാളുകൾ ഞാൻ ശ്രമിച്ചു. ഭർത്താവ് എന്നെ ഒരിക്കലും വേദനിപ്പിക്കില്ലെന്നായിരുന്നു എന്റെ ചിന്ത. ഒരു പുരുഷൻ എന്നെ വേദനിപ്പിച്ചതു നിമിത്തം, പുരുഷന്മാരോടെല്ലാം എനിക്കൊരുതരം വെറുപ്പായിരുന്നു. എനിക്കെന്തോ വേണ്ടിയിരിക്കുന്നു, എന്റെ ജീവിതത്തിലെ ആരിൽനിന്നും ഞാൻ അത് എടുക്കാൻ ശ്രമിക്കുകയായിരുന്നു. ഞാൻ ചെയ്യുന്നത് എന്താണെന്നു കാണാൻ ഒടുവിലെനിക്കു കഴിഞ്ഞു. ഞാനനുഭവിച്ച അന്യായത്തിനു പകരം നൽകാൻ ദൈവത്തോടു ഞാൻ അപേക്ഷിച്ചു, ദൈവത്തിനു മഹത്വം – അവനതു ചെയ്തു.

നിങ്ങൾ കോപിക്കുന്നയാളാണെങ്കിൽ ഞാൻ ചില ചോദ്യങ്ങൾ ചോദിക്കട്ടെ. നിങ്ങൾ കോപിക്കുന്നതുകൊണ്ടു നിങ്ങൾക്കോ മറ്റാർക്കെങ്കിലുമോ

എന്തെങ്കിലും ഗുണമുണ്ടാകുന്നുണ്ടോ? അതുകൊണ്ടു പ്രശ്നത്തിനു പരിഹാരമുണ്ടാകുന്നുണ്ടോ? നിങ്ങൾക്കു കോപമുള്ളയാളിന് അതുകൊണ്ടു മാറ്റമുണ്ടാകുന്നുണ്ടോ? നിങ്ങൾക്ക് അതുകൊണ്ടു സമാധാനവും സന്തോഷവും വർദ്ധിക്കുന്നുണ്ടോ?

നിങ്ങൾക്കു ന്യായമായ ബുദ്ധിവൈഭവമുണ്ടെന്നാണോ നിങ്ങൾ കരുതുന്നത്? അങ്ങനെയാണെങ്കിൽ ഇങ്ങനെ സമയം പാഴാക്കുന്ന കാര്യം ചെയ്തുകൊണ്ടേയിരിക്കുന്നത് എന്തിനാണ്? എന്തുകൊണ്ടു നിങ്ങൾക്കു തന്നെ ഒരു ഉപകാരം ചെയ്ത് അതിനെ പറഞ്ഞയച്ചുകൂടാ? സാഹചര്യം മുഴുവനുമായി പ്രാർത്ഥനയിൽ ദൈവത്തിനു കൊടുക്കുക. നിങ്ങളുടെ ആകുലചിന്ത ദൈവത്തിന്മേൽ ഇട്ടുകളയുക, ദൈവം നിങ്ങളുടെ കാര്യങ്ങൾ നോക്കട്ടെ. നിങ്ങളുടെ ജീവിതത്തിലെ അന്യായങ്ങൾ ദൈവം കൈകാര്യം ചെയ്യട്ടെ. യെശയ്യാവ് 61 ൽ, നമ്മുടെ പ്രശ്നങ്ങൾക്ക് ഇരട്ടി പ്രതിഫലം ദൈവം നൽകുമെന്ന വാഗ്ദത്തമാണുള്ളത്. അത്തരം കൂലി എനിക്കിഷ്ടമാണ്, നിങ്ങൾക്കോ?

നിങ്ങളിങ്ങനെ ചിന്തിച്ചേക്കാം, “ജോയ്സ്, എനിക്കു കോപിക്കാതിരിക്കാൻ കഴിയുന്നില്ല.” സമ്മതിച്ചു. പക്ഷേ നിങ്ങൾക്കു കോപമുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചുതുടങ്ങാൻ നിങ്ങൾക്കു കഴിയും. അതു ദൈവത്തോടുള്ള അനുസരണത്തിലാണ്, അതു നിങ്ങളെ സഹായിക്കും. അടുത്ത പടിയായി, കോപത്തെക്കുറിച്ചു ദൈവവചനം എന്തു പറയുന്നുവെന്നറിയാൻ തീവ്രമായി പഠിക്കുക. ദൈവവചനത്തിൽ യഥാർത്ഥമായ ശക്തിയുണ്ട്. ശരിയായ കാര്യം ചെയ്യാൻ അതു നിങ്ങളെ സഹായിക്കും, നിങ്ങളുടെ ഉള്ളത്തിനു സൗഖ്യം നൽകും. മുറിവേറ്റ ആത്മാവിനുള്ള ദൈവത്തിന്റെ ഔഷധമാണത്. ദൈവവചനത്തിൽ ആശ്രയിക്കുക. പ്രതീക്ഷയോടെ, വിശ്വാസത്തോടെ അതിനെ സമീപിക്കുക. തലവേദനയുള്ളപ്പോൾ, നിങ്ങൾ അതിന്റെ മരുന്നിനെ സമീപിക്കുന്നതുപോലെ, നിങ്ങളുടെ വേദനയ്ക്ക് ആശ്വാസം ലഭിക്കുമെന്ന പ്രതീക്ഷയോടെ ദൈവവചനത്തെ സമീപിക്കുക. നിങ്ങളുടെ മുറിവേറ്റ വികാരങ്ങൾക്കുള്ള മരുന്നെന്നപോലെ ദൈവവചനം ഉപയോഗിക്കുക.

കോപിച്ചുകൊണ്ടുള്ള ഒരു ജീവിതം നിങ്ങൾ നയിക്കുകയില്ലെന്നുള്ള തീരുമാനമാണ് ഏറ്റവും പ്രധാനപ്പെട്ടത്. നിങ്ങളുടെ തീരുമാനം ഉറച്ചതാണെങ്കിൽ, നിങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരമാകും. നിങ്ങൾക്കു പറ്റിയ നിലയിൽ ദൈവം പ്രത്യേകമായി നിങ്ങളെ നയിക്കും. നമ്മുടെ കുഴപ്പങ്ങൾ 'ശടേ'ന്നു പരിഹരിക്കാനാണു നമ്മുടെ താത്പര്യം. എന്നാൽ ദൈവത്തിൽ

ആശ്രയിക്കുകയും വ്യക്തിപരമായി നമ്മെ നയിക്കുന്നതിനു ദൈവത്തെ അനുവദിക്കുകയും ചെയ്യുകയെന്നതാണു സത്യം. കോപം ഒഴിവാക്കാൻ നമ്മെ സഹായിക്കുന്ന ജ്ഞാനം കൊണ്ടു നിറഞ്ഞതാണു ബൈബിൾ. കോപത്തെ അന്വേഷിച്ചു ചെറുക്കുന്നതാണ് ഏറ്റവും നല്ല പരിപാടി. നിങ്ങളുടെ ആത്മാവിൽ വേരുറപ്പിക്കാൻ കോപത്തെ അനുവദിക്കരുത്. അങ്ങനെ, കൈകാര്യം ചെയ്യാൻ വിഷമമുള്ള പ്രശ്നമുണ്ടാക്കരുത്.

നിങ്ങൾ കോപിക്കുന്നയാളാണെങ്കിൽ, അത് അംഗീകരിക്കുകയും സഹായം സ്വീകരിക്കാൻ ഒരുങ്ങുകയും ചെയ്യുന്ന വ്യക്തിയാണെങ്കിൽ നിങ്ങൾക്കു സന്തോഷിക്കാം. കാരണം, ദീർഘനാൾ നിങ്ങൾക്കു കോപത്തിൽ തുടരേണ്ടിവരില്ല. സമൃദ്ധിയായ സമാധാനം, സന്തോഷത്തിന്റെ പുതിയ തലം എന്നിവയിലേക്കുള്ള പ്രയാണത്തിലാണു നിങ്ങൾ. ദൈവികമായ വഴിയിൽ ആളുകളെ സ്നേഹിക്കാൻ നിങ്ങൾക്കു കഴിയും, അതു നിങ്ങളുടെ ജീവിതത്തിനു ശക്തി പകരും.

> മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു, കഠിനവാക്കോ കോപത്തെ ഇളക്കുന്നു.
>
> *സദൃശവാക്യങ്ങൾ 15:1*

> "കോപിച്ചാൽ പാപം ചെയ്യാതിരിക്കുവിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം (നിങ്ങളുടെ അസഹ്യത, നിങ്ങളുടെ രോഷം, നിങ്ങളുടെ അനിഷ്ടം) വെച്ചുകൊണ്ടിരിക്കരുത്. പിശാചിന് ഇടം (അവസരം) കൊടുക്കരുത്."
>
> *എഫെസ്യർ 4:26–27*

> "പ്രിയ സഹോദരന്മാരേ, നിങ്ങൾ അത് അറിയുന്നുവല്ലോ. എന്നാൽ ഏതു മനുഷ്യനും കേൾക്കാൻ വേഗതയും (ശ്രദ്ധിക്കാൻ തയ്യാറായി) പറയാൻ താമസവും കോപത്തിനു താമസവുമുള്ളവൻ ആയിരിക്കട്ടെ. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ (ആഗ്രഹങ്ങളും ആവശ്യങ്ങളും) പ്രവർത്തിക്കുന്നില്ല."
>
> *യാക്കോബ് 1:19–20*

അദ്ധ്യായം

# 8

# എന്നെ സഹായിക്കൂ: കോപിക്കുന്ന ഒരാളുമായാണ് എനിക്കു ബന്ധമുള്ളത്

നമ്മുടെ കോപം നിയന്ത്രിക്കാൻ നമുക്കു പഠിക്കാനാവും. പക്ഷേ മറ്റുള്ളവരുടെ കോപം നിയന്ത്രിക്കാൻ നമുക്കു കഴിയില്ല. നമ്മുടെ ജീവിതത്തിൽ കോപിക്കുന്നവരെ എങ്ങനെ കൈകാര്യം ചെയ്യണമെന്നു നാം പഠിക്കണം. അതു നമ്മെ സംരക്ഷിക്കുന്നതും അവരെ സഹായിക്കുന്നതുമായ രീതിയിലായിരിക്കണം.

ആദ്യമായി, ഉഗ്രമായിത്തീരുന്ന കോപത്തെക്കുറിച്ചു നമുക്കു സംസാരിക്കാം. കോപിക്കുന്നവരുടെ ഇരകളായിട്ടല്ല ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. എന്റെ അമ്മയെ അപമാനിക്കാൻ അപ്പനെ അമ്മ അനുവദിച്ചു. തുടർന്ന്, എന്നെയും സഹോദരനെയും സംരക്ഷിക്കാത്ത നിലയിലേക്കാണ് അത് അവസാനിച്ചത്. അമ്മയോടുള്ള പിതാവിന്റെ മോശമായ ഭാഷ, ഭീഷണി, വൃത്തികെട്ട ശാപവാക്കുകൾ എന്നിവ വീട്ടിൽ സാധാരണമായിരുന്നു. ആ സമയത്തൊക്കെ അമ്മയെ അപ്പൻ മുഖത്തും മറ്റും അടിക്കുമായിരുന്നു. തുടർച്ചയായി അപ്പൻ അമ്മയോട് അവിശ്വസ്തത കാട്ടിപ്പോന്നു, അമ്മ അപ്പോഴും അതിനോടു കഷ്ടിച്ചു പരിചയിച്ചു പോന്നു. അമ്മയുടെ ദാമ്പത്യബന്ധത്തിൽ അമ്മ സമർപ്പിതയായിരിക്കണമെന്ന്

അമ്മയ്ക്കു തോന്നി. എന്നാൽ, അപ്പൻ അമ്മയോട് അങ്ങനെ പെരുമാറാൻ അനുവദിക്കുന്നതിലൂടെ അമ്മയ്ക്ക് അമ്മയോടു തന്നെ മതിപ്പില്ലായിരുന്നെന്നു പല നിലകളിൽ എനിക്കു തോന്നിയിരുന്നു. അമ്മ ഭയന്നിരുന്നുവെന്ന് എനിക്കറിയാം. പക്ഷേ അമ്മയ്ക്കുവേണ്ടിയും, എനിക്കും സഹോദരനും വേണ്ടിയും അമ്മയ്ക്ക് അപ്പനെ എതിർക്കാമായിരുന്നു, അല്ലെങ്കിൽ ഉപേക്ഷിക്കാമായിരുന്നുവെന്ന പൂർണ്ണബോദ്ധ്യം എനിക്കുണ്ടായിരുന്നു.

അമ്മയുടെ കാലത്തെ സ്ത്രീകൾ അപൂർവ്വമായേ വിവാഹമോചനം നേടിയിട്ടുള്ളൂ. എന്തെല്ലാം പ്രശ്നങ്ങളുണ്ടായാലും അതൊക്കെ അവർ സഹിച്ചുപോന്നു. നമ്മുടെ കാലത്തെ ആളുകൾ ധാരാളം വിവാഹമോചനങ്ങൾ നടത്തുന്നു. പ്രശ്നങ്ങൾ നേരിടാൻ ശ്രമിക്കുന്നതിൽ അവർ അടിക്കടി പരാജയപ്പെടുന്നു. മേല്പറഞ്ഞവ രണ്ടും തെറ്റാണ്.

പീഡിതരായ സ്ത്രീകളുടെ കണക്കു നടുക്കുന്നതാണ്. അമേരിക്കയിലെ സ്ഥിതിവിവരക്കണക്കനുസരിച്ച്, പതിനെട്ടു വയസ്സിനു മുകളിലുള്ള 5.3 ദശലക്ഷം സ്ത്രീകൾ ശാരീരികമായും വാചികമായും ലൈംഗികമായും വർഷംതോറും അപമാനിതരാകുന്നുണ്ട്. ഭവനത്തിലെ അതിക്രമം മൂലം ദിവസംതോറും നാലു സ്ത്രീകൾ ഈ രാജ്യത്തു മരിക്കുന്നുണ്ട്. ഞാൻ പറഞ്ഞതുപോലെ, അപമാനിക്കപ്പെടാൻ മറ്റൊരാളെ അനുവദിക്കുന്നതിൽ എനിക്കു വിശ്വാസമില്ല. നാം ഭയപ്പെട്ടു ജീവിക്കുന്നതു ദൈവഹിതമല്ല. ആക്രമണകാരികൾ ഭീഷണിപ്പെടുത്തുന്നതു പതിവാണ്. ഭയപ്പെടുത്തുന്ന തന്ത്രങ്ങൾകൊണ്ടാണ് അവർ നിയന്ത്രിക്കുന്നത്. മറ്റുള്ളവരെ വേദനിപ്പിക്കുന്ന അവർ ജീവിതത്തിൽ ഭീരുക്കളാണ്. അവരുടെ നന്മയ്ക്കുവേണ്ടി അവരെ എതിർക്കേണ്ടത് ആവശ്യമാണ്. കുട്ടിക്കാലത്ത് എന്റെ ഗൃഹാന്തരീക്ഷത്തിൽ പടർന്ന ഭയം ഞാനോർക്കുന്നു. മദ്യപനായ എന്റെ അപ്പന്റെ അടിയിൽനിന്നു രക്ഷപ്പെടാൻ, അപ്പൻ ഇറങ്ങിപ്പോകുന്നതും കാത്ത് അമ്മയോടൊപ്പം പുറത്തെ തണുപ്പിൽ നിൽക്കുന്നത് എനിക്കോർമ്മയുണ്ട്. നിലവിളിയും അലർച്ചയും ശാപവും ഭീഷണിയും ഉന്തലും തള്ളലും അടിയും ഇടിയുമെല്ലാം ഞാനോർക്കുന്നു. വർദ്ധിച്ച കോപത്തോടെ, ഇടിക്കാൻ വേണ്ടി എന്റെ മുഖത്തിനു നേരെ ഉയർത്തിയ അപ്പന്റെ മുഷ്ടി ഞാനോർക്കുന്നു. ഞാൻ ജീവിച്ച ഭയം എന്റെ ഉള്ളിൽ വേരിറക്കി. ഒരുപാടു വർഷം ദൈവവുമായി പ്രവർത്തിച്ചതിനുശേഷം മാത്രമാണ് അതിൽനിന്നു ഞാൻ സ്വതന്ത്രയായത്.

ഈ പുസ്തകം വായിക്കുന്ന നിങ്ങൾ അപമാനിക്കപ്പെടുന്ന സാഹചര്യത്തിലാണെങ്കിൽ, നിങ്ങളുടെ നന്മയ്ക്കുവേണ്ടിയും നിങ്ങളുടെ

മക്കളുടെ നന്മയ്ക്കുവേണ്ടിയും ഞാൻ അഭ്യർത്ഥിക്കട്ടെ, ദയവായി സഹായം തേടുക. എന്തു ചെയ്യണമെന്ന് അറിയില്ലെങ്കിൽ, ഒരു കൗൺസലിങ്ങിനു വിധേയയാവുക. പീഡിതരായ സ്ത്രീകളെ സഹായിക്കുന്നവരെ വിളിക്കുക, അല്ലെങ്കിൽ ഒരു അഭയകേന്ദ്രത്തിൽ പോവുക. വെറുതെ നിൽക്കരുത്. കോപിക്കുന്നയാൾ അടുത്ത തവണ നിങ്ങളോട് അവരുടെ കോപം മുഴുവൻ പ്രകടിപ്പിക്കുന്നതുവരെ കാത്തുനിൽക്കരുത്. മറ്റുള്ളവരെ അപമാനിക്കുന്നവർക്കും സഹായം ആവശ്യമാണ്. തങ്ങളുടെ കോപവും സംഘർഷങ്ങളുമെല്ലാം എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാത്ത രോഗികളാണവർ. അവർ തങ്ങളെത്തന്നെ വേദനിപ്പിക്കുന്നവരും അതിൽനിന്നു പ്രതികരിക്കുന്നവരുമാണ്. അവർക്കു പ്രാർത്ഥന തീർച്ചയായും വേണം. എന്നാൽ പ്രാർത്ഥിക്കുമ്പോൾത്തന്നെ നാം ഗ്രഹിക്കേണ്ടുന്ന കാര്യമുണ്ട് – എന്തു നടപടിയെടുക്കാനാണോ ദൈവം നമ്മെ നയിക്കുന്നത്, അതിനു നാം തയ്യാറായിരിക്കണം

പിതാവ് എന്നെ മാനഭംഗപ്പെടുത്തിയ വർഷങ്ങൾ സംബന്ധിച്ച് അദ്ദേഹത്തോട് എതിരിടാനുള്ള സമയം എന്റെ ജീവിതത്തിൽ വന്നു. എനിക്കന്ന് ഏറെക്കുറെ നാല്പത്തഞ്ചു വയസ്സായിരുന്നു. അപ്പോഴും അദ്ദേഹം എന്നോടു ചെയ്തതിന്റെ കഷ്ടപ്പാടു ഞാൻ അനുഭവിക്കുകയായിരുന്നു. എന്റെ ജീവിതത്തിലെ ഭയത്തിന്റെ ചങ്ങല പൊട്ടിക്കുന്നതിനുള്ള ഏകമാർഗ്ഗം, പിതാവിനെ നേരിടുന്നതാണെന്നു ദൈവം എനിക്കു കാട്ടിത്തന്നു. എന്നെ സംബന്ധിച്ച് അത് അങ്ങേയറ്റം കഠിനമായിരുന്നു. വീണ്ടും പിതാവിന്റെ കോപം അനുഭവിക്കേണ്ടിവരുമോ എന്ന് എനിക്കറിയാമായിരുന്നു. ഞാനതു ചെയ്തു. ദൈവം എന്നെ നയിച്ച കാര്യവും ഞാൻ ചെയ്തുതീർത്തു. ഞാൻ സ്വതന്ത്രയാകാൻ എന്നെ അതു സഹായിച്ചു. ദൈവം നമ്മെ നയിക്കുന്ന കാര്യം നാം എപ്പോഴും ചെയ്തേ തീരു. മറ്റുള്ളവർ എങ്ങനെയാണ് അതിനോടു പ്രതികരിക്കുന്നതെന്നതു വിഷയമല്ല.

ഞാൻ പറയുന്ന തരത്തിൽ കോപിക്കുന്ന ആളുകളോടു വായനക്കാരിൽ മിക്കവരും ഇടപെടാറില്ലായിരിക്കും. എന്നാൽ കോപിക്കുന്നവരോടു നിങ്ങൾ ഏറ്റമുട്ടാറുണ്ട്, അങ്ങനെയുള്ളവരുമായി നിങ്ങളിൽ ചിലർക്കു ബന്ധവുമുണ്ട്.

വളരെ വർഷങ്ങളോളം ഒരു കോപശീലൻ എന്റെ ജീവിതത്തിൽ ആധിപത്യം പുലർത്തി. അതിനാൽ എനിക്കും കോപമുണ്ടായി. അതു ഞാൻ

വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടമാക്കുകയും ചെയ്തു. ഞാനാഗ്രഹിച്ചതുപോലെ കാര്യങ്ങൾ നടക്കാഞ്ഞപ്പോൾ എന്റെ കോപം കൂടെക്കൂടെ പ്രകടമായി. എനിക്കു തെറ്റുപറ്റി. ഞാൻ ഈ പുസ്തകത്തിൽ മുമ്പു സൂചിപ്പിച്ചതുപോലെ എനിക്കു ദൈവികമായ എതിരിടൽ ആയിരുന്നു എനിക്കു ആവശ്യമായിരുന്നത്. എന്റെ കോപം എന്റെ ഭർത്താവിനെ അസന്തുഷ്ടനാക്കിയില്ല. അദ്ദേഹം എനിക്കുവേണ്ടി ചെയ്ത ഏറ്റവും നല്ലൊരു കാര്യമായിരുന്നു അത്. കോപിക്കുന്നയാൾക്കുവേണ്ടി നിങ്ങൾക്കു ചെയ്യാവുന്ന ഏറ്റവും നല്ലൊരു കാര്യം, ജീവിക്കാനും പെരുമാറാനുമുള്ള ഏറ്റവും മികച്ചയൊരു മാർഗ്ഗമുണ്ടെന്നു കാട്ടിക്കൊടുക്കുകയെന്നതാണ്.

## ഒരു മാതൃകയാകുക

സ്ഥിരതയുള്ള ഒരു സാഹചര്യത്തിൽ ഒരിക്കലും ഞാൻ ജീവിച്ചിട്ടില്ലായിരുന്നു. അക്കാരണത്താൽ അത് എങ്ങനെയായിരിക്കുമെന്നു ഞാൻ അറിഞ്ഞില്ല. എന്റെ ഭർത്താവ് സ്ഥിരതയ്ക്കു ദൃഷ്ടാന്തമായിരുന്നു. അത് അങ്ങേയറ്റം പ്രധാനപ്പെട്ടതായിരുന്നു. കോപിക്കുന്നതു നിർത്താൻ അദ്ദേഹം എന്നോടു പറഞ്ഞിരുന്നെങ്കിൽ, എന്റെ കോപത്തെ കോപം കൊണ്ട് നേരിട്ടിരുന്നെങ്കിൽ, എനിക്കു മാറ്റമുണ്ടാകുകയേ ഇല്ലായിരുന്നു. ആളുകൾ പറയുന്നതുപോലെ "രണ്ടു തെറ്റുകൾ ഒരു ശരി ഉണ്ടാക്കുകയില്ല." കോപത്തെ കോപം കൊണ്ടോ തിന്മയെ തിന്മ കൊണ്ടോ അപമാനത്തെ അപമാനംകൊണ്ടോ നാം നേരിടരുതെന്നാണു ദൈവവചനം പറയുന്നത്.

> ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ, നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിനു വിളിക്കപ്പെട്ടതു കൊണ്ട് (ദൈവം വിളിച്ചു – അവകാശികളെന്ന നിലയിൽ അനുഗ്രഹം പ്രാപിക്കാൻ ക്ഷേമവും സന്തോഷവും സംരക്ഷണവും കൊണ്ടുവരുന്ന അനുഗ്രഹിക്കുന്നവർ (അവരുടെ ക്ഷേമത്തിനുവേണ്ടി, സംരക്ഷണത്തിനുവേണ്ടി, സന്തോഷത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന) ആയിരിക്കുവിൻ.
>
> *1 പത്രോസ് 3:9*

ഇതു വായിക്കാൻ എളുപ്പമാണെന്നും ചെയ്യാൻ പ്രയാസമേറിയതാണെന്നും എനിക്കു നല്ല ബോദ്ധ്യമുണ്ട്. പക്ഷേ ദൈവം നമ്മോട് എന്തെ

ങ്കിലും ചെയ്യാൻ ആവശ്യപ്പെട്ടാൽ, അത് അനുസരിക്കാൻ നമുക്കു മനസ്സുണ്ടെങ്കിൽ, അതിനുള്ള ബലം ദൈവം നമുക്കു തരും. നിങ്ങളുടെ ഏതു പ്രശ്നത്തിനും ദൈവത്തിനു പരിഹാരമുണ്ട്. നാം ദൈവത്തോടു സഹകരിച്ചാൽ അവന്റെ വഴികൾ സദാ ഫലവത്തായിത്തീരും.

എന്റെ ഭർത്താവിന്റെ മാതൃകയാണ് എനിക്കു മാറ്റമുണ്ടാക്കിയതെന്ന പൂർണ്ണബോദ്ധ്യം എനിക്കുണ്ട്. അദ്ദേഹം എന്നോടൊപ്പം ഉറച്ചുനിന്നു; അദ്ദേഹത്തിന്റെ സന്തോഷം അപഹരിക്കാൻ ഒരിക്കലും എന്നെ അനുവദിച്ചുമില്ല. എനിക്കു സന്തോഷം വേണ്ടെങ്കിൽ അത് എന്റെ കാര്യമെന്ന് അദ്ദേഹം എനിക്കു മനസ്സിലാക്കിത്തന്നു. എനിക്കു സന്തോഷമുണ്ടായാലും ഇല്ലെങ്കിലും അദ്ദേഹം സന്തോഷിക്കുമെന്ന് എന്നെ അദ്ദേഹം അറിയിച്ചു. ദീർഘകാലം അദ്ദേഹം യോജിച്ചുപോന്നു. അവസാനം, എന്റെ ജീവിതത്തിൽ ഒരു പാടു നഷ്ടം വന്നെന്നും എനിക്കു മാറ്റം ആവശ്യമാണെന്നും എനിക്കു മനസ്സിലായി. മാറ്റം ആഗ്രഹിച്ചെങ്കിലേ മാറ്റമുണ്ടാകൂ. അതിനാൽ, നിങ്ങളുമായി ബന്ധമുള്ളവരെ നിങ്ങൾ മാറ്റാൻ ശ്രമിച്ചാൽ നിരാശപ്പെടുകയേ ഉള്ളു. ദൈവം മാത്രമാണ് ആളുകൾക്ക് ആന്തരികമാറ്റമുണ്ടാകുന്നത്. നാം ആഗ്രഹിക്കുമ്പോഴാണ് ദൈവം അതു ചെയ്യുന്നത്. അതിനാൽ, കോപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക. ദൈവം അവരുടെ ജീവിതത്തിൽ പ്രവർത്തിക്കട്ടെ, അങ്ങനെയുള്ളവർക്ക് ഒരു മാതൃകയാകുക!

## നിങ്ങളുടെ സന്തോഷം കെടുത്താൻ, സന്തോഷമില്ലാത്ത വ്യക്തിയെ നിങ്ങൾ അനുവദിക്കുന്നുണ്ടോ?

നമ്മുടെ സന്തോഷത്തിന്റെ നിലവാരം നിർണ്ണയിക്കാൻ മറ്റുള്ളവരുടെ മനോഭാവത്തെ നാം അനുവദിക്കരുത്. ഇത് എന്റെ സമ്മേളനങ്ങളിൽ ഞാൻ പറയുമ്പോൾ, വിസ്മയിപ്പിക്കുന്ന രീതിയിലാണ് ആളുകൾ പ്രതികരിക്കുന്നത്. സദസ്യരുടെ മുഖഭാവം കാണുമ്പോൾ, മറ്റൊരു കാര്യം ചെയ്യാൻ അവസരമുണ്ടായിരുന്നു എന്നു ചിന്തിക്കാതെ അവർ അതു ചെയ്തുവെന്നാണ് എനിക്കു മനസ്സിലാകുന്നത്. വാസ്തവത്തിൽ, മറ്റുള്ളവരുടെ മോശമായ വികാരങ്ങളാണ് എളുപ്പത്തിൽ നമ്മെ നിയന്ത്രിക്കുന്നത്. ആ വിഷയത്തിൽ നമുക്ക് ഒരു വാക്കു പറയാനുണ്ടെന്നു ഗ്രഹിക്കുന്നതുവരെ അതു തുടരും.

* * *

വെനീസിൽനിന്നു പാരീസിലേക്കുള്ള *ഓറിയന്റ് എക്സ്പ്രസ്* ട്രെയിനിൽ, അത്ഭുതകരമായ ഒരു യാത്ര ചെയ്യാനുള്ള അവസരം മേരിക്കു ലഭിച്ചു. മേരി, അവളുടെ സഹോദരിയായ ജീനിനെയുംകൂടി ആ യാത്രയ്ക്കു ക്ഷണിക്കാൻ തീരുമാനിച്ചു – അൻപതാം ജന്മദിനസമ്മാനമെന്ന നിലയിൽ. യാത്രയുടെ ചെലവെല്ലാം കൊടുത്തു. ജീൻ, ആ ക്ഷണം സ്വീകരിച്ചു. ജീവിതത്തിലെ അത്യപൂർവ്വമായ ആ യാത്ര അവർ ആരംഭിച്ചു. വെനീസിൽ ചില ദിവസങ്ങൾ ചെലവഴിച്ചശേഷം, ഭർത്താവും മക്കളും ഒപ്പമില്ലാത്തതിനാൽ ജീനിനു സന്തോഷമില്ലാതായി. അപ്പോഴേക്കും മേരിയും ജീനും പാരീസിലേക്കുള്ള ട്രെയിനിൽ കയറിക്കഴിഞ്ഞു. ദേഷ്യം വന്ന ജീൻ, വീട്ടിലേക്കു പോകാൻ ആഗ്രഹിച്ചു!

ഭാഷയറിയാത്ത രാജ്യത്ത് അവർക്കു ബുദ്ധിമുട്ട് അനുഭവപ്പെട്ടു, അതു നിമിത്തം ഒരു കപ്പ് കാപ്പിക്കുപോലും ഏറെ പ്രയാസപ്പെടേണ്ടിവന്നു.

ഏറെത്താമസിയാതെ സഹോദരിയോടും ജീൻ കോപിച്ചു. പരമദരിദ്രയായ സഹോദരിക്കുവേണ്ടി, ഈ ആർഭാടയാത്രയ്ക്കു പണം ചെലവഴിക്കാൻ തനിക്കു കഴിവുണ്ടെന്നു മേരി കാണിക്കുകയാണെന്നായിരുന്നു അവളുടെ ചിന്ത. ഓരോ ദിവസവും മേരിക്കു വെറുപ്പു കൂടിക്കൂടി വന്നു, അവളുടെ പെരുമാറ്റം അങ്ങേയറ്റം മോശമായിത്തീർന്നു.

ജീനിനു തന്നോടു ദേഷ്യമാണെന്നു മേരിക്കു പെട്ടെന്നു മനസ്സിലായി. ഒരുപക്ഷേ അവൾക്ക് ഒരുപാടു യാത്ര ചെയ്ത മേരിയോട് അസൂയയാകാം. പുതിയ സാഹചര്യങ്ങളൊന്നും അവർക്ക് ബുദ്ധിമുട്ടല്ലല്ലോ. എന്തു കാരണമായാലും ശരി, രണ്ടു കാര്യങ്ങളാണു നടക്കാൻ പോകുന്നതെന്നു മേരി തീരുമാനിച്ചു: ജീനിനു കോപിക്കാം, അല്ലെങ്കിൽ ജീനിനും മേരിക്കും കോപിക്കാം! എന്തുകാര്യമായാലും സഹോദരിയോടു ദയ കാണിക്കാൻ മേരി തീരുമാനിച്ചു. യാത്രയിൽ പല പ്രാവശ്യം അവൾ നാക്കു കടിച്ചു. ജീൻ ആസ്വദിച്ചാലുമില്ലെങ്കിലും സാരമില്ല, ഈ അസുലഭയാത്ര ആസ്വദിക്കുക തന്നെയെന്നു മേരി തീരുമാനമെടുത്തു.

ജീൻ എത്ര കോപിച്ചിട്ടും മേരി പ്രതികരിക്കാത്തതിൽ ജീൻ വളരെ നിരാശപ്പെട്ടു. മേരിയാകട്ടെ സഹോദരി ഇത്രമാത്രം കോപിച്ചിട്ടും യാത്രയുടെ ഓരോ ഘട്ടവും ആസ്വദിക്കുകയായിരുന്നു. ജീനിനു നല്ലൊരു ഒഴിവുകാലം കിട്ടിക്കോട്ടെയെന്ന് അവൾ ആഗ്രഹിച്ചുവെങ്കിലും, ഒരാളെങ്കിലും അത് ആസ്വദിച്ചുവെന്ന് അവൾക്കു മനസ്സിലായി.

* * *

നമ്മുടെ സന്തോഷത്തിന്റെ നിലവാരം നിശ്ചയിക്കുന്നതിനു നമ്മൾ മറ്റുള്ളവരെ അനുവദിച്ചാൽ, നമ്മുടെ ജീവിതം ദു:ഖപൂർണ്ണമാകും. ചിലർ സന്തോഷിക്കുകയേ ഇല്ലെന്നങ്ങു തീരുമാനിച്ചവരാണ്. നമ്മൾ എന്തുചെയ്താലും അവരുടെ മനോഭാവത്തിനു മാറ്റമുണ്ടാവുകയില്ല. അടുത്തിടെ ഞാനൊരു പ്രസ്താവന കേട്ടു, ഒരു അമ്മ ഒരിക്കലും അവളുടെ സന്തോഷമില്ലാത്ത കുഞ്ഞിനെക്കാൾ സന്തോഷിക്കുകയേ ഇല്ല. ഇതു സത്യമാണ്. പക്ഷേ അത് അങ്ങനെയാകരുത്. മറ്റുള്ളവരോടൊപ്പം മോശമായ മനോഭാവത്തോടെയിരിക്കുന്നത് അവരെ സഹായിക്കുകയില്ലെന്നു നാം ഗ്രഹിക്കണം. മറ്റുള്ളവർ എന്തു ചെയ്താലും, നമുക്കു നമ്മളോടു ചെയ്യാവുന്ന ഉപകാരം സന്തോഷിക്കുകയെന്നതാണ്. കർത്താവിലുള്ള സന്തോഷം നമ്മുടെ ബലമാണ്. ജീവിതത്തിലെ സാഹചര്യങ്ങൾ സഹിച്ചുകൊണ്ടുപോകുവാൻ അതു നമ്മെ സഹായിക്കുന്നു. ദു:ഖം നമ്മെ ബലഹീനരാക്കുമ്പോൾ, സന്തോഷം ശക്തീകരിക്കുന്നു.

നമുക്കു ചുറ്റുമുള്ള മറ്റുള്ളവർ കോപിക്കുമ്പോഴും സന്തോഷമില്ലാതിരിക്കുമ്പോഴും, നമുക്ക് യതാർത്ഥമായി ആനന്ദിക്കാനാവുമോ? കഴിയും. നമ്മുടെ മനസ്സിനെ ആ നിലയിൽ ക്രമീകരിച്ചാൽ മതി. ഞാൻ വീണ്ടും ഊന്നിപ്പറയട്ടെ, കോപിക്കുന്നയാൾക്കുവേണ്ടി നമുക്കു ചെയ്യാവുന്ന ഏറ്റവും നല്ല കാര്യമാണിത്. അവരുടെ സാന്നിദ്ധ്യത്തിൽ ശാന്തമായ സന്തോഷം പുലർത്തുക. അവരെ നിങ്ങൾ സ്നേഹിക്കുന്നുവെന്നും അവർ സന്തോഷിക്കണമെന്നാണു നിങ്ങളുടെ ആഗ്രഹമെന്നുമുള്ള ഉറപ്പ് അവർക്കു കൊടുക്കുക. എന്നാൽ അവരുടെ തീരുമാനങ്ങൾ നിങ്ങളുടെ ജീവിതനിലവാരം നിശ്ചയിക്കുന്നതിനു നിങ്ങൾ അനുവദിക്കരുത്. ചിലരുടെയൊക്കെ പെരുമാറ്റത്തിന്റെ സഹ ആശ്രയക്കാരാകരുത്.

എങ്ങനെയാണ് ഇതു പ്രാവർത്തികമാകുന്നതെന്ന് എനിക്കറിയാം. കാരണം, എന്റെ പിതാവിന്റെ കോപം വീട്ടിലുള്ളവരെയെല്ലാം നിയന്ത്രിച്ചുവെന്നു മാത്രമല്ല, എന്റെ ജീവിതത്തിലെ മറ്റു സാഹചര്യങ്ങളെ ഞാൻ നേരിട്ടതും ഇതുപോലെയാണ്. എനിക്കൊരു മേലധികാരിയുണ്ടായിരുന്നു. കൂടെക്കൂടെ കോപിച്ചിരുന്ന അദ്ദേഹത്തെ സന്തോഷിപ്പിക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. അദ്ദേഹം സന്തോഷിച്ചപ്പോൾ ഞാൻ സന്തോഷിച്ചു, അദ്ദേഹം വിഷമിച്ചപ്പോൾ ഞാനും വിഷമിച്ചു. ആ രീതി എന്റെ കുട്ടിക്കാലത്തു തന്നെ എന്നിൽ സ്ഥാനം പിടിച്ചതാണ്. കോപിക്കുന്നവരെ ഭയപ്പെട്ടും കീഴടങ്ങിയുമാണു

ഞാൻ പ്രതികരിച്ചത്. ദൈവം എനിക്കു സ്വാതന്ത്ര്യം തന്നതിനായി സ്തോത്രം! നിങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ നിങ്ങൾക്കും ദൈവം ഇതു ചെയ്തുതരും.

ക്ഷിപ്രകോപിയായ ഒരു അയൽക്കാരി എനിക്കുണ്ടായിരുന്നു. പ്രത്യേകിച്ച്, അവൾ ആഗ്രഹിക്കുന്ന കാര്യം ഞാൻ ചെയ്തില്ലെങ്കിൽ അവൾ കോപിച്ചിരുന്നു. എന്റെ അപ്പനും മേലധികാരിയും പ്രതികരിച്ചതുപോലെയാണു ഞാൻ അവളോടു പ്രതികരിച്ചത്. കോപിക്കുന്നവർക്കു നമ്മുടെ മേൽ നിയന്ത്രണം ചെലുത്താൻ നാം അനുവദിച്ചാൽ, അങ്ങനെയുള്ളവരെ പിശാചു നമുക്കു തന്നുകൊണ്ടിരിക്കും. അതുകൊണ്ട്, കോപിക്കുന്നവരോടു പ്രതികരിക്കേണ്ടത് എങ്ങനെയെന്നു നാം മുൻകൂട്ടി അറിഞ്ഞിരിക്കണം.

ആകെ വിഷമിച്ചിരിക്കുന്നവരെ നാം നേരിട്ടാൽ, അവരെ സഹായിക്കാനാണ് നാം സ്വാഭാവികമായി ശ്രമിക്കുന്നത്. എന്നാൽ അവർ ആ സഹായം നിരസിച്ചാൽ, നമ്മുടെ സമയവും കഴിവും പാഴാക്കുന്നതിൽ യാതൊരു യുക്തിയുമില്ല. മറ്റുള്ളവരുടെ തെറ്റായ പെരുമാറ്റത്തിൽ കുടുങ്ങിപ്പോകുന്നതു ബുദ്ധിയല്ല. നിങ്ങൾക്കു ചെയ്യാവുന്നതു ചെയ്യുക. എന്നാൽ മാറ്റത്തിനു വഴങ്ങാൻ മനസ്സില്ലാത്തവരെ നന്നാക്കാൻ ശ്രമിച്ചു ജീവിതം പാഴാക്കരുത്.

കോപിക്കുന്നവരുമായി ബന്ധപ്പെടാതിരിക്കാവുന്ന ഏറ്റവും നല്ല സന്ദർഭങ്ങളുണ്ട്. തീർച്ചയായും, ഒരു കുടുംബത്തിന്റെ കാര്യത്തിൽ ഇത് എപ്പോഴും സാദ്ധ്യമല്ല. പക്ഷേ മുൻകോപികളായ സുഹൃത്തുക്കളെ തീർച്ചയായും ഒഴിവാക്കണം. കോപിക്കുന്നവരോടു ബന്ധം പുലർത്തരുതെന്നു ദൈവവചനം നമ്മെ പഠിപ്പിക്കുന്നു.

> കോപശീലനോടു സഖിത്വമരുത്; ക്രോധമുള്ള മനുഷ്യനോടുകൂടെ നടക്കുകയുമരുത്.
>
> *സദൃശവാക്യങ്ങൾ 22:24*

## നിങ്ങളെത്തന്നെ കുറ്റപ്പെടുത്തരുത്

നിങ്ങൾ എന്തു ചെയ്താലും, കോപിക്കുന്നയാൾ നിങ്ങളുടെ മേൽ ചുമത്താൻ ശ്രമിക്കുന്ന ആരോപണങ്ങളൊന്നും സ്വീകരിക്കരുത്. ആകെ താറുമാറായ ആളുകൾക്ക് എപ്പോഴുമുള്ള വലിയ പ്രശ്നം, അവരുടെ കുഴപ്പം മുഴുവൻ ആരുടെ മേലെങ്കിലും, അഥവാ എന്തിന്റെ മേലെങ്കിലും ചുമത്തു

കയെന്നതാണ്. ഇങ്ങനെയുള്ള കുറ്റാരോപണം, അവരെ മാറ്റുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്നു വിടുവിക്കുന്നു. ആരോപണം ഏറ്റെടുക്കരുത്! നമ്മുടെ പെരുമാറ്റത്തിന്റെയെല്ലാം ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. നിങ്ങൾക്കു തെറ്റു പറ്റിയാൽ, അതു മറ്റൊരാൾക്കു മോശമായി പെരുമാറുന്നതിന് അവകാശം നൽകുന്നില്ല. നിങ്ങളെന്തെങ്കിലും തെറ്റു ചെയ്താൽ ക്ഷമാപണം നടത്തുക. പക്ഷേ കുറ്റബോധത്തിൽ നീറി ദിവസങ്ങൾ പാഴാക്കരുത്.

നമുക്കു കുറ്റബോധമുണ്ടാക്കാനും നാം തള്ളപ്പെട്ടെന്നു തോന്നിക്കാനും സാദ്ധ്യമായതെല്ലാം പിശാചു ചെയ്യും. അതു നമ്മെ ബലഹീനരാക്കി അടിച്ചു താഴ്ത്തുന്നുവെന്ന് അവനറിയാം. നമ്മുടെ പാപം ക്ഷമിക്കുന്നതിനും കുറ്റബോധം നീക്കുന്നതിനുമാണ് യേശു വന്നത്. നമ്മെ ബലപ്പെടുത്തി ഉയർത്താൻ അവൻ വന്നു. കുറ്റബോധത്തിലൂടെ നിങ്ങളുടെ സന്തോഷവും ബലവും അപഹരിക്കാൻ നിങ്ങൾ പിശാചിനെ അനുവദിക്കുകയാണോ? അങ്ങനെയാണെങ്കിൽ, മറ്റുള്ളവരുടെ പ്രശ്നങ്ങൾക്കു നിങ്ങളെ സ്വയം കുറ്റപ്പെടുത്താതിരിക്കാൻ ഇന്നു തീരുമാനിക്കുക. മറ്റുള്ളവരോടുള്ള ഇടപാടുകളിൽ നിങ്ങൾക്കു തെറ്റു പറ്റിയാൽ, അതിലുൾപ്പെട്ട എല്ലാവരെയും, (അവർ മനസ്സു വെച്ചാൽ), സൗഖ്യമാക്കാൻ ദൈവത്തിനു കഴിയും. ആ സൗഖ്യത്തിന്റെ ആദ്യചുവട് ക്ഷമയും ഭൂതകാലത്തെ പറഞ്ഞയക്കുന്നതുമാണ്.

## പ്രാർത്ഥിക്കുക—പ്രാർത്ഥിക്കുക—പ്രാർത്ഥിക്കുക

കോപിക്കുന്നവരെ എഴുതിത്തള്ളരുത്. അവർ സത്യം കണ്ട്, വെളിച്ചത്തിൽ നടക്കാൻ തുടങ്ങുന്നതുവരെ പ്രാർത്ഥന തുടരുക. തീർച്ചയായും അവർ ബന്ധനത്തിലാണ്. വേദനയിലാണ്, കഴിഞ്ഞ കാലത്തിലുണ്ടായ എന്തോ തെറ്റു നിമിത്തം കോപിക്കുകയാണ്. അവരെ സഹായിക്കാൻ നിങ്ങൾക്കു മനസ്സുണ്ടെന്ന് അവരറിയട്ടെ. അതേസമയം, അവർക്കു കൊട്ടാനുള്ള ചെണ്ടയല്ല നിങ്ങളെന്നും അവരറിയണം. പ്രാർത്ഥനയുടെ ശക്തി എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. ഏതു സാഹചര്യത്തിലും പ്രതിരോധിക്കാനുള്ള ആദ്യത്തെ ചുവടു പ്രാർത്ഥനയെന്ന നിലയിൽ, ജീവിക്കുന്ന കാലത്തോളം ഞാൻ അധികമായി പ്രാർത്ഥിക്കാൻ സമർപ്പിച്ചു. "അറിയുന്നതെല്ലാം ഞാൻ ചെയ്തു, പ്രാർത്ഥനയല്ലാതെ ഇനി വേറൊന്നും ചെയ്യാനില്ല." ഇങ്ങനെയുള്ള ഭോഷത്വമേറിയ പ്രസ്താവനകൾ ചെയ്തതൊക്കെ എനിക്കോർമ്മയുണ്ട്. ഞാൻ *ആദ്യം* ചെയ്യേണ്ടിയിരുന്നതു പ്രാർത്ഥനയായിരുന്നു.

സൂസന്നയെ ഓർക്കുന്നുണ്ടോ? കുടുംബാംഗങ്ങളും കൂട്ടുകാരും ഒറ്റപ്പെടുത്തിയ അവൾ, ഭയങ്കരമായ കഷ്ടതയിലൂടെ ജീവിച്ചു. കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, ഒരിക്കലും കൈവിടുകയോ ഉപേക്ഷിക്കുകയോ ചെയ്യാത്തവനിൽ ആശ്രയിക്കാൻ അവൾ പഠിച്ചു. പ്രശ്നങ്ങൾക്കുമുമ്പ് ആയിരുന്നതിനെക്കാൾ വ്യത്യസ്തയായ വ്യക്തിയായി അവൾ മാറിയെന്ന് അവൾ നിങ്ങളോടു പറയും. അവളെ വേദനിപ്പിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാൻ അവൾ പഠിച്ചു. ആദ്യമൊക്കെ പാതിമനസ്സോടെയായിരുന്നു അവളുടെ പ്രാർത്ഥന. അവളുടെ മുൻ ഭർത്താവിനോടും സഹോദരിയോടും മക്കളോടും അവൾക്കു കോപമുണ്ടായിരുന്നു. സ്വന്തം സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ, അവർ അവരുടെ സൗഖ്യത്തിനുവേണ്ടിയും പ്രാർത്ഥിക്കാൻ തുടങ്ങി. പലപ്പോഴും സംഭവിക്കാറുള്ളതുപോലെ, അവരുടെ സ്ഥാനത്ത് അവൾ അവളെതത്തന്നെ പ്രതിഷ്ഠിച്ചു. ചില കുഴപ്പങ്ങളിൽ അവൾക്കും പങ്കുണ്ടെന്ന് അവൾക്കു ബോദ്ധ്യമായി. അവളുടെ സമ്പത്തും അധികാരവുമെല്ലാം അവൾക്കു ചുറ്റുമുള്ളവരെ നിയന്ത്രിക്കുന്നതിന് അവൾ ഉപയോഗിച്ചിരുന്നു. ഇപ്പോൾ അവൾ പ്രാർത്ഥനയോടെ ചെയ്യുന്നത്, മറ്റുള്ളവരെ "അവർതന്നെ ആയിരിക്കാനാ"ണ്. അവളുടെ വഴിയിൽ അവരെ വരുത്തുന്നതിന് എപ്പോഴും ശ്രമിക്കാറില്ല. ലളിതമായ ജീവിതം നയിക്കുമ്പോഴും അവൾക്കു പല വെല്ലുവിളികളുമുണ്ട്. പുതിയ, ആഴമേറിയ നിലയിൽ ദൈവത്തിൽ ആശ്രയിക്കുന്നുവെന്നാണ് അവൾ പറയുന്നത്. വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, കഴിയുമെങ്കിൽപ്പോലും സൂസന്ന പഴയ ജീവിതത്തിലേക്കു മടങ്ങിപ്പോകുകയില്ല. തീയിലൂടെ പോകുന്നതിനു ദൈവം അവളെ അനുവദിച്ചു ഏറെ വേദനയനുഭവിക്കുമ്പോഴും, അവൾ ഏറെ അനുകമ്പയുള്ളവളുമായിരുന്നു. ഇപ്പോഴും അവൾ കഷ്ടപ്പെടുന്നുണ്ടോ? ഉണ്ട്. എന്നാൽ പണം, ആളുകൾ എന്നിവയിലെ ആശ്രയത്തിനുപകരം അവൾ ഇപ്പോൾ ദൈവത്തിലാണ് ആശ്രയിക്കുന്നതെന്ന് ആദ്യമേ പറയട്ടെ. അവളുടെ കോപമെല്ലാം അലിഞ്ഞുപോയി.

പ്രാർത്ഥനയുടെ ശക്തിയാൽ ആളുകൾക്കു വിസ്മയിപ്പിക്കുന്ന വ്യത്യാസമുണ്ടാകുന്നതു ഞാൻ കണ്ടിട്ടുണ്ട്. നമ്മുടെ പ്രാർത്ഥനകൊണ്ടു മറ്റുള്ളവരെ വരുതിയിലാക്കാൻ നമുക്കാവില്ല. എന്നാൽ പ്രാർത്ഥനയിലൂടെ ദൈവത്തിന് അവരുടെ ജീവിതത്തിൽ പ്രവർത്തിക്കാനിടവരുത്താൻ നമുക്കു കഴിയും. ദൈവം തന്റേതായ വഴിയിൽ അവരിൽ സ്നേഹത്തിന്റെ സമ്മർദ്ദം ചെലുത്തും. ചിലപ്പോൾ പെട്ടെന്നു നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി കിട്ടുന്നത് എന്തുകൊണ്ടാണെന്ന് എനിക്കറിഞ്ഞുകൂടാ. വർഷങ്ങളോളം പ്രാർത്ഥി

ച്ചിട്ടും മറുപടി കിട്ടാത്തതിന്റെ കാരണവും എനിക്കറിയില്ല. എന്നാൽ തുടർന്നും പ്രാർത്ഥിക്കാനുള്ള സമർപ്പണവും എന്റെ പ്രാർത്ഥനയ്ക്കു മറുപടിയായി ആളുകളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നതിൽ ദൈവത്തോടുള്ള നന്ദിയും എനിക്കുണ്ട്. പ്രാർത്ഥനയുടെ ഫലം ഇതുവരെ ഞാൻ കണ്ടില്ലെങ്കിൽക്കൂടി ഞാനതു തുടരുന്നു. നാം പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രവർത്തിക്കുന്നുവെന്നാണ് എന്റെ വിശ്വാസം!

> ചോദിക്കുവിൻ (അപേക്ഷിക്കുവിൻ) എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിക്കുവിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ (ആദരവോടെ) എന്നാൽ നിങ്ങൾക്കു തുറക്കും.
>
> *മത്തായി 7:7*

> നീതിമാന്റെ ശ്രദ്ധയോടുകൂടിയ (ഹൃദയംഗമമായ, തുടർച്ചയായ) പ്രാർത്ഥന വളരെ ഫലിക്കുന്നു (ശക്തിയായി പ്രവർത്തിക്കുന്നു).
>
> *യാക്കോബ് 5:16*

ദൈവത്തിന് എത്തിപ്പിടിക്കാൻ കഴിയാത്ത ദൂരത്തിൽ ആരുമില്ല, ഒരു വ്യക്തിക്കു മാറ്റമുണ്ടാകാൻ ഏറെ വൈകിപ്പോയിട്ടുമില്ല. വേദനിക്കുന്ന ഒരു വ്യക്തി, ദൈവത്തിന്റെയടുക്കൽ പോകുന്നത് എങ്ങനെയെന്ന് അറിയുന്നില്ലെങ്കിൽ, അഥവാ താത്പര്യപ്പെടുന്നില്ലെങ്കിൽ അവർക്കൊരു മദ്ധ്യസ്ഥനെ ആവശ്യമുണ്ട്. അവർക്കും ദൈവത്തിനും മദ്ധ്യത്തിലുള്ള പിളർപ്പിൽ നിൽക്കാനും പ്രാർത്ഥിക്കാനും ആരെങ്കിലും വേണം. യേശു നമുക്കുവേണ്ടി ഇക്കാര്യം ചെയ്യുന്നു, നമ്മളും ഇതേ കാര്യം മറ്റുള്ളവർക്കുവേണ്ടി ചെയ്യണം. ഒരിക്കലും പ്രാർത്ഥന നിർത്തരുത്!

# അദ്ധ്യായം
# 9
# *എന്തിനു ക്ഷമിക്കണം?*

ബ്രൂക്ക്സ് ഡഗ്ലസിന്റെ, പതിനാറു വർഷത്തെ പഴക്കമുള്ള കുടുംബം, 1979 ഒക്ടോബർ 15 ലെ അത്താഴസമയം വരെ അത്രയേറെ സാധാരണമായ നിലവാരത്തിലല്ലായിരുന്നു. അവന്റെ അമ്മ അത്താഴം തയ്യാറാക്കികൊണ്ടിരുന്നപ്പോൾ, സഭാശുശ്രൂഷകനായ അപ്പൻ, അടുത്ത ഞായറാഴ്ചത്തേക്കുള്ള പ്രസംഗം (ഒക്‌ലഹോമയിലെ ഒകാർച്ചെയിലുള്ള പുത്നാം സിറ്റി ബാപ്റ്റിസ്റ്റ സഭയിലെ) തയ്യാറാക്കുകയായിരുന്നു. ബ്രൂക്ക്സിന്റെ ഇളയ സഹോദരി ലെസ്ലി മേശ ഒരുക്കുന്നുണ്ടായിരുന്നു. സുന്ദരിയായ ആ പന്ത്രണ്ടുകാരി, മിസ് ഒക്‌ലഹോമാപ്പട്ടം നേടിയിരുന്നു. ഈ ചെറുപ്പക്കാരുടെ ജീവിതം നല്ലതായിരുന്നു.

പട്ടി കുരയ്ക്കാൻ തുടങ്ങിയപ്പോൾ, ലെസ്ലി പുറത്തേക്കു ചെന്നു. അവിടെക്കണ്ട മനുഷ്യൻ പറഞ്ഞത്, അയാളൊരു അയൽക്കാരനെത്തേടി വന്നതാണെന്നായിരുന്നു. ഡഗ്ലസ് കുടുംബം അങ്ങനെയൊരു വ്യക്തിയെക്കുറിച്ചു കേട്ടിട്ടുപോലുമില്ലായിരുന്നു. ഒന്നു ഫോൺ ചെയ്തോട്ടെയെന്ന് ആ അപരിചിതൻ ആവശ്യപ്പെട്ടപ്പോൾ, ബ്രൂക്ക്സ് അയാളെ വീട്ടിലേക്കു ക്ഷണിച്ചു.

മിനിറ്റുകൾക്കുള്ളിൽ, വേറൊരാൾ ഇരട്ടക്കുഴൽ തോക്കുമായി വീടിനുള്ളിലേക്ക് ഇരച്ചുകയറി. ലെസ്ലിയൊഴിച്ചുള്ള കുടുംബാംഗങ്ങളെ മുഴുവൻ ഈ രണ്ടുപേരും ചേർന്ന് ലിവിങ് റൂമിലേക്കു കൊണ്ടുവന്നു തള്ളിയശേഷം കെട്ടിയിട്ടു. ലെസ്ലിയെ അവർ അടുത്ത മുറിയിലേക്ക് എടുത്തുകൊണ്ടുപോയി. രണ്ടുപേരും ചേർന്ന് അവളെ മൂന്നു മണിക്കൂറിലധികം ബലാത്സംഗം

ചെയ്തു. അവളുടെ ദയനീയമായ കരച്ചിൽ കേട്ടു കിടക്കാനല്ലാതെ മറ്റൊന്നും ചെയ്യാൻ ആ കുടുംബത്തിനു കഴിഞ്ഞില്ല.

ബലാത്സംഗത്തിനുശേഷം ആ രണ്ടുപേരും അടുക്കളയിലേക്കു ചെന്നു. സ്റ്റൗവിന്മേലുണ്ടായിരുന്ന ആഹാരം മുഴുവൻ കഴിച്ചു. അടുത്ത രണ്ടു മണിക്കൂർ നേരംകൂടി അവർ ആ കുടുംബാഗങ്ങളെ എന്താണു ചെയ്യാൻ പോകുന്നതെന്നു പറഞ്ഞു ഭീഷണിപ്പെടുത്തി. നാല്പത്തിമൂന്നുകാരനായ ഡഗ്ലസിനെയും മുപ്പത്തൊൻപതുകാരിയായ ഭാര്യയെയും അവർ വെടിവെച്ചുകൊന്നു. നാല്പത്തിമൂന്നു ഡോളറും ഈ ദമ്പതികളുടെ വിവാഹമോതിരങ്ങളുമായി കൊലയാളികൾ പോയി.

ഗുരുതരമായ മുറിവുകളേറ്റ ഈ കുട്ടികൾ, മൂന്ന് ആഴ്ച പോലീസ് കാവലിൽ ആശുപത്രിയിൽ കഴിഞ്ഞു. പക്ഷേ വൈകാരികമായ മുറിവുകൾ സൗഖ്യമാകാൻ ദീർഘകാലം വേണ്ടിവരും. ബ്രൂക്സിനെ സംബന്ധിച്ച്, വെടിവയ്പിനെത്തുടർന്നുള്ള മൂന്നു വർഷം അധോഗതിയായിരുന്നു. ഒക്‌ലഹോമാ ബാപ്റ്റിസ്റ്റ് യൂണിവേഴ്സിറ്റിയിൽ അവൻ ചേർന്നെങ്കിലും, പെട്ടെന്നു പുറത്തായി. അല്ലറചില്ലറ ജോലികൾ ചെയ്ത് സംസ്ഥാനങ്ങൾതോറും അവൻ അലഞ്ഞുനടന്നു. മദ്യത്തിൽ മുങ്ങിത്താണ അവൻ കഠിനമായ മാനസികസംഘർഷത്തിലായി.

പിന്നീട്, ഒരു ദൈവവേലക്കാരനാകണമെന്ന ചിന്തയിൽ അവൻ ബേയ്‌ലർ സർവ്വകലാശാലയിൽ ചേർന്നു. എന്നാൽ മുഴുക്കുടിയനായിത്തീർന്ന അവനെ, താഴ്ന്ന മാർക്കുകൾ മൂലവും മോശമായ പെരുമാറ്റം നിമിത്തവും സസ്പെൻഡ് ചെയ്തു. അവസാനം, കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അവൻ സ്ഥലവും വീടും വില്പന നടത്തുന്നയാളായി. വിവാഹിതനായ അവന്റെ ദാമ്പത്യബന്ധം പരാജയപ്പെട്ടു.

തുടർന്നുള്ള വർഷങ്ങളിൽ, ഡഗ്ലസ് പതുക്കെ അവന്റെ ജീവിതം പുനർനിർമ്മിച്ചു. മാതാപിതാക്കളെ കൊന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്നതായിരുന്നു അതിനു പിന്നിൽ. ഒടുവിലായി നിയമബിരുദവും നേടിയ അവൻ, ഒക്‌ലഹോമാ സ്റ്റേറ്റ് സെനറ്റിൽ ഒരു സീറ്റും നേടി.

ഓക്‌ലഹോമാ സംസ്ഥാനത്തെ ജയിൽ സന്ദർശിച്ചപ്പോൾ, 1995 ഫെബ്രുവരിയിൽ, ഡഗ്ലസിന്റെ മാതാപിതാക്കളുടെ കൊലയാളികളിലൊരാളായ ഗ്ലെൻ ഏകിനെ (Glen Ake) മുഖാമുഖമായി ഡഗ്ലസ് കണ്ടു. ആ തടവുകാരനോടു തനിക്കു സംസാരിക്കാമോയെന്നു ഡഗ്ലസ് ചോദിച്ചു. അയാളെ വധശിക്ഷയ്ക്കു വിധിച്ചിരിക്കുകയായിരുന്നു. ഡഗ്ലസിന് ഒരു ചോദ്യമേ ഉണ്ടായിരു

ന്നുള്ളൂ: *എന്തിനാണു നീ അതു ചെയ്തത്?* ഒരു മണിക്കൂറിലധികം അവർ തമ്മിൽ സംസാരിച്ചു. അങ്ങേയറ്റം പശ്ചാത്താപത്തോടെ ആ സംഭാഷണത്തിലുടനീളം ഏക് കരഞ്ഞു. പോകാനായി എഴുന്നേറ്റപ്പോൾ ഡഗ്ളസ് ഏക്കിനോടു പറഞ്ഞു: "ഞാൻ നിന്നോടു ക്ഷമിക്കുന്നു." ഈ വാക്കുകൾ അവൻ പറഞ്ഞപ്പോൾ, "പെട്ടെന്ന് എന്റെ പാദങ്ങളിൽനിന്നു വിഷം പുറത്തേക്കു വമിക്കുന്നതായി എനിക്കു തോന്നി. അന്നുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു ശാരീരികമായ അനുഭൂതി എനിക്കുണ്ടായി. ആരോ എന്റെ നെഞ്ചിന്റെ പൂട്ടിളക്കിയതുപോലെ. പതിനഞ്ചു വർഷത്തിനുള്ളിൽ ആദ്യമായി വീണ്ടും ശ്വസിക്കാൻ എനിക്കു കഴിഞ്ഞതുപോലെ അനുഭവപ്പെട്ടു."

"സ്വർഗ്ഗത്തിന്റെ മഴ" എന്ന പേരിൽ ഒരു സിനിമ നിർമ്മിക്കാൻ ഡഗ്ലസ് ഒരുമ്പെട്ടു. ആ ദുരനുഭവവും, കോപത്തിൽനിന്നും ശൂന്യതയിൽനിന്നും ക്ഷമയിലേക്കുള്ള യാത്രയുമായിരുന്നു അതിലെ പ്രതിപാദ്യവിഷയം. മാതാപിതാക്കൾ വളരെ കരുതലോടെ അവന്റെയുള്ളിൽ നട്ടുവളർത്തിയ വിശ്വാസം അവനെ സമാധാനത്തിലേക്കു നയിക്കാൻ സഹായിച്ചതായി അവൻ പറയുന്നു.

ക്ഷമിച്ചില്ലായിരുന്നെങ്കിൽ, കോപത്തിലും വേദനയിലും പകയിലും ബ്രൂക്സ് ഡഗ്ലസിന്റെ ജീവിതം പാഴായിപ്പോകുന്നത് അവനു കാണാമായിരുന്നു.

വെറുപ്പിന്റെയും പകയുടെയും ക്ഷമിക്കാത്തതിന്റെയും അപകടം നാം മനസ്സിലാക്കിയാൽ, അത് ഒഴിവാക്കാൻ കഴിയുന്നതെല്ലാം നാം ചെയ്യാൻ ശ്രമിക്കും. പെട്ടെന്നു ക്ഷമിക്കാൻ അതു നമ്മെ സഹായിക്കും. നശിപ്പിക്കുന്ന ഈ വികാരങ്ങളെ നാം എതിരിട്ടു തള്ളിനീക്കണം.

കോപമെന്ന വികാരം വളരെ ശക്തമാണ്. അതിനു നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കാനാവും. അതുകൊണ്ട്, നാം എന്തിനു ക്ഷമിക്കണമെന്നു കൂടുതലായി ഗ്രഹിക്കുന്തോറും നാം അതുതന്നെ ചെയ്യാനാണു സാദ്ധ്യത. നാം കോപത്തിൽ തുടരാതെ പെട്ടെന്നു ക്ഷമിക്കേണ്ടത് എന്തുകൊണ്ടാണെന്നതിന്റെ വളരെ നല്ല കാരണങ്ങൾ വർഷങ്ങളായി ഞാൻ ഗ്രഹിച്ചിട്ടുണ്ട്. അതു ഞാൻ നിങ്ങളുമായി പങ്കുവെയ്ക്കാം.

## ദൈവത്തെ അനുസരിക്കുക

ക്ഷമിക്കാൻ എന്നെ പ്രേരിപ്പിക്കുന്ന ഒന്നാമത്തെ കാര്യമെന്നത്, ദൈവം അങ്ങനെ പറയുന്നതുകൊണ്ടാണ്. ദൈവം നമ്മളോട് എന്തെങ്കിലും ചെയ്യാൻ

ആവശ്യപ്പെടുന്നത് എന്തുകൊണ്ടാണെന്ന് എപ്പോഴും നമുക്കു മനസ്സിലാകണമെന്നില്ല. ദൈവത്തിൽ ആശ്രയിച്ച് അതങ്ങു ചെയ്താൽ മതി. ദൈവഹിതത്തിൽ നാം ജീവിക്കുമ്പോൾ, നമ്മുടെ ഹിതമനുസരിച്ച് ജീവിക്കുന്നതിനെക്കാൾ വളരെയേറെ നല്ല ജീവിതമായിരിക്കും. "അതങ്ങു ചെയ്തേക്കുക" (Just Do it) എന്നെഴുതിയിട്ടുള്ള റ്റീ ഷർട്ടുകൾ നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. ദൈവഹിതത്തോടു നാം പ്രതികരിക്കേണ്ടത് അങ്ങനെയാണ്.

നാം അനുവർത്തിക്കേണ്ടുന്ന ഏറ്റവും നല്ല കാര്യം ദൈവത്തെ അനുസരിക്കുകയെന്നതാണ്. കാരണം അതു സദാ സന്തോഷവും സമാധാനവും ശക്തിയും നമ്മുടെ ജീവിതത്തിനു നൽകുന്നു. ദൈവത്തെ അനുസരിക്കുന്നില്ലെങ്കിൽ നമുക്കു മന:സാക്ഷിയിൽ കുറ്റബോധമുണ്ടാകും. അതു നമ്മെ എപ്പോഴും ബലഹീനരാക്കും, സന്തോഷവും സമാധാനവും തടസ്സപ്പെടും. നാം ദൈവത്തെ അനുസരിക്കുന്നില്ലെന്നുള്ള വസ്തുത അറിഞ്ഞില്ലെന്നു നടിച്ചേക്കാം, അതിനു നമ്മൾ ഒഴികഴിവും പറഞ്ഞേക്കാം. പക്ഷേ അതിന്റെ പ്രത്യാഘാതങ്ങൾ നമ്മെ അലട്ടിക്കൊണ്ടിരിക്കും. ശുദ്ധമന:സാക്ഷിയെക്കാൾ നല്ലൊരു അനുഭവമില്ല.

ഇപ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും ഉഗ്രകോപമുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട് ദൈവത്തെ അനുസരിച്ച് ആ വ്യക്തിയോടങ്ങു ക്ഷമിച്ചുകൂടാ? അങ്ങനെ സന്തോഷവും സമാധാനവും ശക്തിയുമുള്ള ജീവിതം നയിക്കാമല്ലോ. മറ്റെന്തിനെക്കാളുമധികം ആളുകൾക്കെതിരെ സാത്താൻ ഉപയോഗിക്കുന്നതു ക്ഷമയില്ലായ്മയാണെന്നു പറയാറുണ്ട്. അകറ്റാനും ഭിന്നിപ്പിക്കാനും, ബലഹീനമാക്കാനും നശിപ്പിക്കാനും ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയ്ക്കു ഭംഗം വരുത്താനും അവനത് ഉപയോഗിക്കുന്നു. ക്ഷമിക്കാത്തതിന്റെ നാശകരമായ ചില പരിണിതഫലങ്ങൾ മാത്രമാണിവ.

ക്ഷമിക്കാത്തതുമൂലം നിങ്ങളുടെ ജീവിതത്തിന് എത്രമാത്രം ഹാനിയാണു സംഭവിച്ചിരിക്കുന്നതെന്നു നിങ്ങൾ കണ്ടുകഴിഞ്ഞാൽ, അതിൽനിന്നു മോചനം പ്രാപിക്കുന്നതിനു കഴിയുന്നതെല്ലാം നിങ്ങൾ ചെയ്യും. കോപിച്ചും വെറുത്തുംകൊണ്ട് ഒരുപാടു വർഷങ്ങൾ ഞാൻ പാഴാക്കി. ഇപ്പോൾ എന്റെ മനോഭാവം: "ഞാനതു ചെയ്തു, ഇനിയതു ചെയ്യാൻ എനിക്കു താത്പര്യമില്ല." ആരോടും കോപിച്ചു സമയം പാഴാക്കാൻ ഞാനില്ലെന്ന് ഇന്നലെ ഞാനൊരാളോടു പറഞ്ഞതേയുള്ളൂ.

* * *

ഈവാ കോർ, ഇൻഡ്യാനയിലെ റ്റെറെ ഹൗട്ടെയിൽ ഒരു വസ്തു ഇടപാടു കാരിയായിരുന്നു. എഴുപത്താറാമത്തെ വയസ്സിലും ഊർജ്ജസ്വലയും ആകർഷത്വവുമുള്ളവളായിരുന്നു അവർ. ഓഷ്വിറ്റ്സിലെ കോൺസൻട്രേഷൻ ക്യാംപിൽ വെച്ച്, ഡോ. ജോസഫ് മെൻഗെലെയുടെ കൈകൾകൊണ്ട്, ചിന്തിക്കാനാവാത്ത വിധത്തിലുള്ള പീഡനമാണ് അവർ ബാല്യത്തിൽ അനുഭവിച്ചത്. 1995 ൽ, ആ ക്യാംപിലേക്ക് അവർ ഒരു മടക്കയാത്ര നടത്തി. യൂറോപ്പിലെമ്പാടും അതൊരു പ്രധാനവാർത്തയായിരുന്നു. തന്റെ നിഷ്കളങ്കത്വും കുടുംബവും നഷ്ടമായ അതേ സ്ഥലത്തുവെച്ച് അവർ താഴെപ്പറയുന്ന പ്രസ്താവന നടത്തി. "ഈവാ മോസസ് കോർ എന്ന ഞാൻ, അൻപതു വർഷം മുമ്പ് ഓഷ്വിറ്റ്സിൽവെച്ച് ജോസഫ് മെൻഗലെയുടെ പരീക്ഷണങ്ങളിൽനിന്നു രക്ഷപ്പെട്ട ഇരട്ടകളിലൊരാളാണ്. എന്റെ കുടുംബത്തിന്റെയും ദശലക്ഷക്കണക്കിനു മറ്റുള്ളവരുടെയും കൊലപാതകങ്ങളിൽ നേരിട്ടോ അല്ലാതെയോ പങ്കെടുത്ത എല്ലാ നാസികൾക്കും ഇതിനാൽ ഞാൻ മാപ്പു നൽകുന്നു."

അന്നു മുതൽ മിസിസ് കോർ ലോകമെമ്പാടും യാത്ര ചെയ്ത് ഓഷ്വിറ്റ്സിലെ അവരുടെ അനുഭവത്തെക്കുറിച്ചു പറഞ്ഞു. ക്ഷമിക്കുമ്പോഴുള്ള സൗഖ്യദായകശക്തിയായിരുന്നു അവരുടെ സന്ദേശത്തിന്റെ കേന്ദ്രം. "ക്ഷമിക്കുകയെന്നതു സ്വയം സൗഖ്യമാക്കുകയെന്ന പ്രക്രിയയെക്കാൾ കൂടുതലോ കുറവോ അല്ല—അതൊരു സ്വയശാക്തീകരണമാണ്. ഒരു ചുമടു വേദന എന്റെ മുതുകിൽനിന്ന് എടുത്തുമാറ്റിയതായി പെട്ടെന്ന് എനിക്കനുഭവപ്പെട്ടു—ഇനിമേൽ ഞാൻ ഓഷ്വിറ്റ്സിന്റെ ഇരയല്ല. ഇനിമേൽ എന്റെ ദുരനുഭവത്തിന്റെ തടവുകാരിയല്ല, ഞാൻ അന്തിമമായ സ്വാതന്ത്ര്യം പ്രാപിച്ചു"—അവർ പറഞ്ഞു. "ക്ഷമയെ ഞാൻ വിളിക്കുന്നത് ആധുനികമായ അത്ഭുതമരുന്നെന്നാണ്. നിങ്ങൾക്കിനി HMO യുമായി ബന്ധപ്പെടേണ്ടതില്ല. മറ്റാരുടെയും സഹായമില്ലാതെതന്നെ എല്ലാവർക്കും വില കൊടുത്തു വാങ്ങാവുന്നതാണത്. അതിനു പാർശ്വഫലങ്ങളില്ല. കഴിഞ്ഞ കാലത്തിന്റെ വേദനയില്ലാത്ത രീതി നിങ്ങൾക്കിഷ്ടമില്ലെങ്കിൽ, എപ്പോൾ വേണമെങ്കിലും ആ വേദന തിരിച്ചെടുക്കാം." ഈവാ കോർ, അവരുടെ സമയവും ആരോഗ്യവും പാഴാക്കുന്നില്ല. അവരുടെ അത്ഭുതമരുന്ന് ദൈവത്തിന്റെ കുറിപ്പടിതന്നെയാണ്.

## മുഖ്യകാര്യം മുഖ്യകാര്യമായിരിക്കട്ടെ

ദൈവവചനത്തിലെ മുഖ്യവിഷയമാണ് അനുസരണം. നമ്മുടെ ജീവിതത്തിലും അത് അങ്ങനെതന്നെയായിരിക്കണം. "നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ"യെന്നു ഹൃദയംഗമമായി നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ ചിന്തയിൽ വേണം അനുസരണം ആരംഭിക്കേണ്ടത്. കാരണം, ആ ചിന്തകളാണു നമ്മുടെ പ്രവൃത്തികളായിത്തീരുന്നത്.

> അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ്, എതു വിചാരത്തെയും ക്രിസ്തുവിനോടുള്ള (മശീഹ, അഭിഷിക്തൻ) അനുസരണത്തിനായിട്ടു പിടിച്ചടക്കി.
>
> *2 കൊരിന്ത്യർ 10:5*

നമ്മുടെ ചിന്തകളെ പിടിച്ചുകെട്ടാനാണ് അപ്പോസ്തലനായ പൗലോസ് നമ്മെ നിർബന്ധിക്കുന്നത്. ആളുകളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചുമുള്ള നമ്മുടെ ചിന്തയിലാണ് ക്ഷമയില്ലായ്മ ജനിക്കുന്നത്. ഒരു സാഹചര്യത്തിൽ ആ വ്യക്തിയെക്കുറിച്ച് ഏറ്റവും നല്ലതു വിശ്വസിക്കുകയെന്നതാണ് എന്റെ നയം. ഇങ്ങനെയെനിക്കു വേദനയും കോപവും വെറുപ്പും ഒഴിവാക്കാൻ കഴിയുന്നു. അല്ലെങ്കിൽ ചിലപ്പോൾ തെറ്റിനെക്കുറിച്ചേ ചിന്തിക്കാതിരിക്കാം. ഒരു കാര്യം തീർച്ചയാണ്, ആരെങ്കിലും നമ്മോടു ചെയ്ത തെറ്റിനെക്കുറിച്ചു കൂടുതൽ നാം ചിന്തിക്കുന്തോറും, കൂടുതൽ കോപവും വെറുപ്പും നമുക്കുണ്ടാകുന്നു. അതുകൊണ്ട്, നമ്മുടെ ചിന്തയിൽനിന്നുതന്നെ ദൈവത്തോടുള്ള അനുസരണം തുടങ്ങുമെന്നു നമുക്കുതീരുമാനിക്കാം.

ബൈബിളിന്റെ ആംപ്ലിഫൈഡ് ഭാഷാന്തരത്തിൽ, ക്ഷമിക്കുക എന്നതിന് താഴെയിടുക "വിട്ടുകളയുക" എന്നൊക്കെയാണ് അർത്ഥം നൽകിയിരിക്കുന്നത്. അതിനെക്കുറിച്ചു ചിന്തിക്കാതെയും പറയാതെയുമിരിക്കുക; അതാണതിന്റെ വഴി. അനിഷ്ടം മനസ്സിൽനിന്നും വായിൽനിന്നും നീക്കിക്കളയുക; നിങ്ങളുടെ മുറിവേറ്റ വികാരങ്ങൾക്കു ശാന്തതയുണ്ടാകും.

## അവർ വിട്ടുകളഞ്ഞു

ജീവിതത്തിലൂടെ ദൈവശക്തി വെളിപ്പെടുത്തിയ (ബൈബിളിലെ) സ്ത്രീപുരുഷന്മാർ എപ്പോഴും ക്ഷമിക്കാൻ സന്നദ്ധരായിരുന്നു. അതിന്റെ ഏറ്റവും

നല്ല ദൃഷ്ടാന്തം യോസേഫ് ആണ്. മറ്റൊരാൾ അപ്പോസ്തലനായ പൗലോസാണ്. നേരത്തെ ഞാൻ യോസേഫിനെ പരാമർശിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജീവിതം വിസ്മയിപ്പിക്കുന്നതും ശക്തിയേറിയതുമാണ്. അതുകൊണ്ടാണ് അതു വീണ്ടും നോക്കാനിടയാകുന്നത്. അതിൽനിന്നു കൂടുതൽ ശക്തമായ ദൃഷ്ടാന്തങ്ങൾ നമുക്കു ലഭിക്കും.

യോസേഫിന്റെ സഹോദരന്മാർ അവനെ വെറുത്ത് അവനോടു ക്രൂരമായി പെരുമാറിയെങ്കിൽപ്പോലും, ക്ഷമിക്കേണ്ടുന്ന ഘട്ടം വന്നപ്പോൾ യോസേഫ് ദൈവത്തെ അനുസരിച്ചു. പ്രതികാരം തന്റേതല്ല, മറിച്ചു ദൈവത്തിന്റേതാണെന്ന് അവനറിയാമായിരുന്നു. മോശമായ ചുറ്റുപാടിലും നല്ല കാര്യം ചെയ്യുന്നതിന് അവൻ ദൈവത്തെ ആശ്രയിച്ചു. അതുതന്നെ സംഭവിക്കുകയും ചെയ്തു. നിർഭാഗ്യകരവും കൊള്ളരുതാത്തതുമായ പല സാഹചര്യങ്ങളിൽ യോസേഫ് അകപ്പെട്ടെങ്കിലും, ദൈവത്തിന്റെ അനുഗ്രഹം അവൻ അനുഭവിച്ചു. ദൈവത്തിന്റെ പ്രീതി അവന്റെ മേലുണ്ടായിരുന്നു. ദൈവത്തെ അനുസരിക്കുന്നതാണു ജീവിതത്തിലെ പ്രധാനകാര്യമെന്നു കരുതുന്ന ഏതൊരാളുടെ മേലും ദൈവത്തിന്റെ പ്രീതിയുണ്ട്. മറ്റുള്ളവരുടെ സേവകനായി പല വർഷങ്ങൾ ചെലവഴിച്ചു. ചെയ്യാത്ത കുറ്റത്തിനു പതിമ്മൂന്നു വർഷം ജയിലിൽക്കിടന്നു. എന്നിട്ടും അവനു വൈരാഗ്യമുണ്ടായില്ല. ക്രമേണ ദൈവം അവനെ രാജ്യത്തെ ഒരു അധികാരിയാക്കി. ക്ഷാമകാലത്ത്, പട്ടിണികിടന്ന അവന്റെ സഹോദരന്മാർ സഹായം തേടിവന്നപ്പോൾ അവൻ അവരോടു പറഞ്ഞത് ഇതാണ്:

> ആകയാൽ നിങ്ങൾ ഭയപ്പെടേണ്ടാ; ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും പോറ്റി രക്ഷിക്കും എന്നു പറഞ്ഞ് അവൻ അവരെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി.
>
> *ഉല്പത്തി 50:21*

ഒരു നിമിഷം ഇതിനെക്കുറിച്ചു നാം ചിന്തിച്ചാൽ, യോസേഫിന്റെ മനോഭാവത്തിൽ നാം വിസ്മയിച്ചുപോകും. ആളുകൾ കൊള്ളരുതാത്തവരെന്നു നാം മനസ്സിലാക്കുമ്പോൾ, ജീവിതം മോശമാകുമ്പോൾ, യോസേഫിനെപ്പോലെ പെരുമാറാൻ നമുക്കെല്ലാവർക്കും ശ്രമിക്കാനാവും. നമ്മളോടു മോശമായി പെരുമാറിയവരോടു നാം എന്തിനാണു ക്ഷമിക്കുന്നത്, എന്തിനാണ് അവർക്കു നന്മ ചെയ്യുന്നത്? ദൈവം അതു ചെയ്യാൻ പറഞ്ഞിരിക്കുന്നതുകൊണ്ട്! നമുക്ക് ആ ഒരു കാരണം മതി.

യോസേഫിനു സമാധാനം, സന്തോഷം, ശക്തി എന്നിവയുണ്ടായിരുന്നപ്പോൾ, അവന്റെ സഹോദരന്മാർ ഭയപ്പെട്ടും വേദനിച്ചുമാണ് കഴിഞ്ഞത്. ഞാൻ ചോദിക്കട്ടെ, ആരായിരുന്നു ഇര? ആരായിരുന്നു വിജയി? യോസേഫായിരുന്നു ഇരയെന്ന് ഒറ്റനോട്ടത്തിൽ തോന്നാം; അവരുടെ സഹോദരന്മാർ അവനെ അടിമക്കച്ചവടക്കാർക്കു വിറ്റിരുന്നല്ലോ. എന്നാൽ വാസ്തവത്തിൽ അവൻ അത്ഭുതകരമായ വിജയമാണു നേടിയത്. ആ വേദനയേറിയ സാഹചര്യത്തിലൂടെ അവനു പോകാൻ കഴിഞ്ഞപ്പോഴും മുമ്പിലത്തേതിനേക്കാൾ മികച്ചയാളായി പുറത്തു വന്നപ്പോഴുമായിരുന്നു അത്. ഒടുവിൽ, സഹോദരന്മാരുടെ വെറുപ്പിന്റെയും അസൂയയുടെയും ഇരകൾ അവർ തന്നെയായിരുന്നു. യോസേഫ് ക്ഷമിക്കാൻ തീരുമാനിച്ചപ്പോൾ, ശേഷിക്കുന്ന ജീവിതകാലം മുഴുവൻ അവനു പ്രയോജനമുളവാക്കുന്ന ഒരു ഉപകാരമാണ് അവൻ അവനോടുതന്നെ ചെയ്തത്.

സുവിശേഷം പ്രസംഗിച്ച് ആളുകളെ സഹായിക്കാൻ ശ്രമിച്ചപ്പോൾ, അപ്പോസ്തലനായ പൗലോസിനും ഒരുപാട് ഉപദ്രവങ്ങളനുഭവപ്പെട്ടു. ചെയ്യാത്ത കുറ്റത്തിനു തടവും വിചാരണയുമൊക്കെ അദ്ദേഹത്തിനുണ്ടായി. ഒന്നാമത്തെ വിചാരണയിൽ എല്ലാവരും അദ്ദേഹത്തെ കൈവിട്ടുവെന്നു ദൈവവചനം പറയുന്നു. ആരും ഒപ്പം നിന്നില്ല, ഭയങ്കരമായ ഒരു ഒറ്റപ്പെടലിന്റെ അനുഭവമായിരുന്നിരിക്കണം അത്. ആർക്കും പെട്ടെന്നു തന്നെ വെറുപ്പുണ്ടാകാവുന്ന സാഹചര്യം. തന്നെ കൈവിട്ട ആളുകളെ സഹായിച്ചതിനുംകൂടിയാണ് ആ വിചാരണ!

> എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ (എന്റെ വക്കീലായി) നിന്നില്ല; എല്ലാവരും എന്നെ കൈവിട്ടു; അത് അവർക്കു കണക്കിടാതിരിക്കട്ടെ. കർത്താവോ എനിക്കു തുണ നിന്നു പ്രസംഗം (സുവിശേഷം) എന്നെക്കൊണ്ടു നിർവ്വഹിക്കാനും സകലജാതികളും കേൾക്കാനും എന്നെ ശക്തീകരിച്ചു; അങ്ങനെ ഞാൻ സിംഹത്തിന്റെ വായിൽനിന്നു രക്ഷ പ്രാപിച്ചു.
>
> *2 തിമോഥെയോസ് 4:16 –17*

ഈ രണ്ടു വാക്യങ്ങൾ വിശകലനം ചെയ്തു ചില കാര്യങ്ങൾകൂടെ ഞാൻ പങ്കുവെയ്ക്കട്ടെ. ദൈവം പൗലോസിനോടൊപ്പം നിന്ന് അദ്ദേഹത്തെ ശക്തീകരിച്ചു. എന്നാൽ പൗലോസ് ക്ഷമിക്കാതെ വെറുപ്പും വെച്ചുകൊണ്ടിരുന്നെങ്കിൽ കാര്യം വേറെയാകുമായിരുന്നു. ക്ഷമിക്കാത്ത ആത്മാവു നമ്മെ

ദൈവത്തിൽനിന്ന് അകറ്റുന്നു. അവൻ നമ്മെ ഒരിക്കലും കൈവിടുകയില്ലെന്നതു വേറെ കാര്യം. എന്നാൽ വെളിച്ചത്തിന് ഇരുട്ടുമായി കൂട്ടായ്മയില്ല. അങ്ങനെ നമ്മുടെ ജീവിതത്തിലെ ദൈവസാന്നിദ്ധ്യമനുഭവിക്കാൻ നാം തടസ്സമുണ്ടാക്കുന്നു. എന്തായിരുന്നാലും, പൗലോസ് അനുസരണമുള്ളവനായിരുന്നു. അതിനാൽ അവൻ ദൈവസാന്നിദ്ധ്യം അനുഭവിച്ചു. സിംഹത്തിന്റെ വായിൽനിന്നു രക്ഷപ്പെട്ടതിനെക്കുറിച്ചും പൗലോസ് പ്രസ്താവിക്കുന്നുണ്ട്. കുറ്റപ്പെടുത്തുകയും അവനെ അപായപ്പെടുത്താൻ തക്കം നോക്കുകയും ചെയ്ത ദുഷ്ടന്മാരിലൂടെ സാത്താൻ പ്രവർത്തിച്ച കാര്യമാണത്.

ആരോടും എന്തിനോടും പെട്ടെന്നു ക്ഷമിക്കുമെന്നുള്ള അനുസരണം, നമുക്കു സാത്താന്റെ മേൽ അധികാരവും ശക്തിയും നൽകുന്നതാണ്. സാത്താൻ മുതലെടുക്കാതെ അവനെ അകറ്റിനിർത്തുന്നതിന്, ക്ഷമിക്കണമെന്നു പൗലോസ് ഒരു ലേഖനത്തിൽ പറഞ്ഞത് ഓർക്കുക (2 കൊരി. 2:10–11). സാത്താൻ നിങ്ങളുടെ മേലോ, നിങ്ങൾക്കറിയാവുന്ന ആരുടെയെങ്കിലും മേലോ ക്ഷമിക്കാത്തതിന്റെ പേരിൽ മുതലെടുപ്പു നടത്തുന്നുണ്ടോ? ഉണ്ടെങ്കിൽ, ദൈവത്തെ അനുസരിക്കുന്നതിലൂടെയും നിങ്ങളുടെ എതിരാളികളോടു ക്ഷമിക്കുന്നതിലൂടെയും ഉടനടി അതു തിരുത്താനാകും. നിങ്ങൾ പക വെച്ചുകൊണ്ടിരിക്കുകയാണോ, അതോ പക നിങ്ങളെ വെച്ചുകൊണ്ടിരിക്കുകയാണോ?

ഒരുമിച്ചു സഞ്ചരിച്ച പന്ത്രണ്ടു ശിഷ്യന്മാരും കൂടെക്കൂടെ പരസ്പരം ക്ഷമിക്കേണ്ടിയിരുന്നു. ചിലപ്പോൾ യഥാർത്ഥത്തിൽ തെറ്റു ചെയ്തതാകാം. മറ്റു ചിലപ്പോൾ ആ തെറ്റു സാങ്കല്പികമാകാം. ഒരേ വ്യക്തികളുമൊത്ത് ഒരുപാടു സമയം നാം ചെലവിടുമ്പോൾ, അവർ നമ്മെ അസഹ്യപ്പെടുത്താനിടയുണ്ട്. അവരതു ബോധപൂർവ്വം ചെയ്യുന്നതാണെന്നു നമുക്കു തോന്നാം. വാസ്തവത്തിൽ അവർ സ്വാഭാവികമായി പെരുമാറുന്നെന്നേയുള്ളൂ. അവ അത്രയധികമാകുന്നതുകൊണ്ടു നമുക്കങ്ങനെ തോന്നുന്നുവെന്നു മാത്രം. മൂന്നു വർഷം ഒരുമിച്ചു കഴിഞ്ഞ ആ പന്ത്രണ്ടു ശിഷ്യന്മാരെ സംബന്ധിച്ച് അത് എത്രമാത്രം പ്രയാസമായിരുന്നുവെന്നതു സങ്കല്പിക്കാൻ കഴിയുമല്ലോ. നാം ആളുകളുമായി ഇടപഴകുന്നതുപോലെതന്നെ, വിരുദ്ധമായ വ്യക്തിത്വങ്ങളുമായി അവരും പരിചയിക്കേണ്ടിയിരുന്നു.

ഒരേ തെറ്റുതന്നെ ആവർത്തിക്കുന്ന വ്യക്തിയോട് എത്ര പ്രാവശ്യം ക്ഷമിക്കണമെന്നു പത്രോസ് യേശുവിനോടു ചോദിക്കുകയും ചെയ്തു

(മത്തായി 18:21). സ്നേഹമുള്ള മാതാപിതാക്കൾ അവരുടെ കുഞ്ഞിനെ, അവന്റെ സഹോദരങ്ങളോട് ഇടപഴകേണ്ടതെങ്ങനെയെന്നു പഠിപ്പിക്കുന്ന തുപോലെയാകാം പത്രോസ് പെരുമാറിയത്. ഭാവനയിൽ അതൊന്നു കണ്ടു നോക്കിയാൽ എത്ര രസകരമാണതെന്നു കാണാം. കോപംകൊണ്ടു ചുവന്ന മുഖമുള്ള പത്രോസിനെ എനിക്കു കാണാം. അനിഷ്ടഭാവത്തോടെ അവൻ പറയുന്നത്, "എത്ര പ്രാവശ്യം ഞാൻ ക്ഷമിക്കണമെന്നാണു നീ കരുതു ന്നത്? ഞാനങ്ങോട്ടു ക്ഷമിച്ചതേയുള്ളല്ലോ!"

യേശുവിന്റെ ഒരു ശിഷ്യൻ അങ്ങനെ ചിന്തിക്കാനും പറയാനും പാടുണ്ടോ? ഈ പന്ത്രണ്ടു പേർ നമ്മിൽനിന്ന് ഒട്ടും വിഭിന്നരല്ല. ദൈവത്തെ അനുസരിക്കാൻ പഠിക്കുന്ന സാധാരണക്കാരായിരുന്നു അവർ. ദൈവഹിത ത്തോടു നമുക്കുള്ള അതേ മാനസിക, വൈകാരിക പ്രതികരണങ്ങൾ തന്നെ യായിരുന്നു അവർക്കുമുണ്ടായിരുന്നത്. മത്സരം, ശാഠ്യം, മറ്റുള്ള ഏതു വ്യക്തികൾക്കുമുള്ളതുപോലെയുള്ള ജഡികമായ എതിർപ്പുകൾ എന്നിവ അവരും അനുഭവിച്ചു. അവയെ അതിജീവിക്കുന്നതിന് യേശുവി നോടൊപ്പം അവരും പ്രവർത്തിക്കേണ്ടിയിരുന്നു. മറ്റുള്ളവരോടു ക്ഷമിക്കാ നുള്ള ബുദ്ധിമുട്ടു നിങ്ങൾക്കുണ്ടെങ്കിൽ നിരാശപ്പെടരുത്. ആർക്കും അതത്ര എളുപ്പമല്ല, എന്നാൽ ദൈവത്തിന്റെ സഹായത്താൽ നമുക്കതു ചെയ്യാനാവും.

## ആളുകളെ സ്നേഹിക്കാനുള്ള കഴിവ്

കോപിച്ചും ക്ഷമിക്കാതെയുമിരുന്നാൽ, ആളുകളെ സ്നേഹിക്കാനുള്ള കഴിവു തടസ്സപ്പെടും. ആളുകളെ സ്നേഹിക്കുന്നതിനെക്കുറിച്ചും രണ്ടു പുസ്തകങ്ങൾ തന്നെ ഞാനെഴുതിയിട്ടുണ്ട്. നാം വാസ്തവത്തിൽ ശ്രദ്ധ ചെലുത്തേണ്ടുന്ന ഒന്നാണു സ്നേഹമെന്നാണ് എന്റെ ചിന്ത. ലോക ത്തിലെ അതിശ്രേഷ്ഠമായതു സ്നേഹമാണ്. അതില്ലെങ്കിൽ നമ്മുടെ ജീവിതത്തിനു രുചിയില്ല. അതു മന്ദതയുള്ളതും ഉയർച്ചയില്ലാത്തതും രുചിയില്ലാത്തതുമായിരിക്കും. നാം സ്വാർത്ഥതയുടെ തടവുകാരുമായി ത്തീരും. നമുക്ക് ഇത് അറിയാവുന്നതിനുമുമ്പ്, ദൈവത്തിനു തീർച്ച യായും ഇത് അറിയാമല്ലോ. അത്തരം ജീവിതത്തിന്റെ ഭീകരതക ളിൽനിന്നു പുറത്തുകടക്കാൻ ദൈവം ഒരു വഴി തുറന്നിട്ടുണ്ട് – യേശു വാണ് ആ വഴി.

ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ച് ഉയിർത്തവനായിട്ടുതന്നെ ജീവിക്കേണ്ടതിന്, അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു.

*2 കൊരിന്ത്യർ 5:15*

എനിക്കിതു മനോഹരമായ ഒരു വേദഭാഗമാണ്. യേശു മരിച്ചതുകൊണ്ടു സ്വയത്തിന്റെ തടവറയിൽനിന്നു നമുക്കു മോചിതരാകാം. ക്ഷമയില്ലായ്മ നമ്മിൽ നിറയുമ്പോൾ സ്വയവും നിറയുന്നു. നമ്മളോടു ചെയ്തതിനെക്കുറിച്ചും, നമുക്കു ചെയ്യേണ്ടതു ചെയ്തുതരാത്തതിനെക്കുറിച്ചുമാണു നാം ചിന്തിക്കുന്നത്. എന്നാൽ നമ്മെ വേദനിപ്പിച്ചയാൾ തന്നോടുതന്നെ ചെയ്യുന്നതിനെക്കുറിച്ചും, അഥവാ ദൈവത്തോട് അനുസരണക്കേടു കാട്ടുന്നതിലൂടെയും നമ്മളോടു മോശമായി ഇടപെടുന്നതിനെക്കുറിച്ചും അധികമായി നാം ചിന്തിക്കുമ്പോൾ എന്താണു സംഭവിക്കുന്നത്? മറ്റുള്ളവരെക്കുറിച്ചു ചിന്തിക്കുമ്പോൾ ഒരുപാടു നേട്ടം തരുന്നതും നമ്മെ സ്വാർത്ഥതയിൽനിന്നു സ്വതന്ത്രമാക്കുന്നതുമാണ്. യേശു മരിച്ചതിനാൽ കോപത്തിലും വെറുപ്പിലും നാം ജീവിക്കേണ്ടതില്ല. അതാണു സദ്വാർത്ത! ഇത് അംഗീകരിക്കാൻ ബുദ്ധിമുട്ടായിരിക്കാം. പക്ഷേ ക്ഷമിക്കാത്ത മനോഭാവം അടിസ്ഥാനപരമായ സ്വാർത്ഥതയാണ്. കാരണം, അതു മുഴുവൻ *എന്നോടു* ചെയ്തതും അതിനെക്കുറിച്ചുള്ള *എന്റെ* തോന്നലുമാണ്. നമുക്കു വേദനയുണ്ട്, നമ്മോടു ചെയ്തതു തികച്ചും അന്യായമാണ്. എന്നാൽ നമ്മിലേക്കു തന്നെ തിരിഞ്ഞു നമ്മെക്കുറിച്ചുതന്നെ ചിന്തിക്കുന്നതു നമ്മുടെ വേദനയില്ലാതാക്കുകയില്ല. ശത്രുക്കളോടു പെട്ടെന്നു ക്ഷമിക്കാനും കരുണ കാട്ടാനും ദൈവം നമ്മോടു പറയുമ്പോൾ, അതു ലോകത്തിലെ ഏറ്റവും മോശമായ കാര്യമായാണു നമുക്കു തോന്നു ന്നത്. പക്ഷേ വേദന മറക്കാനും നമുക്കുവേണ്ടി കാത്തിരിക്കുന്ന പുതിയ ജീവിതത്തിലേക്കു പ്രവേശിക്കാനും അതു മാത്രമേയുള്ളൂ മാർഗ്ഗമെന്നും ദൈവത്തിനറിയാം.

ഒരേ സമയം സ്വാർത്ഥയും സന്തോഷവതിയുമായിരിക്കാൻ എനിക്കു കഴിയില്ലെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എനിക്കിഷ്ടം സന്തോഷമാണ്. അതുകൊണ്ട് എന്നെക്കുറിച്ചുള്ളതൊക്കെ മറന്നിട്ടു മറ്റുള്ളവരെ സമീപിക്കുന്നതു ഞാൻ തുടരണം.

“സ്നേഹം ധരിക്കുവിൻ” (കൊലോ, 3:14) എന്നു ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. “എല്ലാറ്റിനും മേലായി, സ്നേഹം ധരിക്കുവിൻ” എന്നാണ് അതു വാസ്തവത്തിൽ പറയുന്നത്. ഇതിന്റെയർത്ഥം, അതിനുവേണ്ടി നാം

ഒരുങ്ങണം, മന:പൂർവ്വമായി അതു ചെയ്യണം എന്നൊക്കെയാണ്. നിങ്ങളെ വേദനിപ്പിക്കുന്നവരോടെല്ലാം ദിനംതോറും ക്ഷമിക്കുന്നതിനു ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അതു നടക്കുന്നതുവരെ കാത്തിരുന്നിട്ട്, വികാരങ്ങളുമായി ഗുസ്തി പിടിക്കരുത്. അതിനുപകരം മനസ്സുറപ്പിച്ച്, സ്നേഹത്തിന്റെ ഒരു ജീവിതം നയിച്ചുതുടങ്ങുക.

* * *

മാഗിയുടെ പത്തൊൻപതാമത്തെ വയസ്സിൽ അവൾ ജയിംസിനെ വിവാഹം കഴിച്ചു. വിവാഹിതയായി കുടുംബജീവിതം നയിക്കുകയായിരുന്നു അവളുടെ ലക്ഷ്യം. വീട്ടമ്മയാകാൻ വേണ്ടി ജനിച്ച അവൾക്ക് അതിനു കാത്തിരിക്കാനേ ക്ഷമയില്ലായിരുന്നു. വീട്ടിൽനിന്നു ധാരാളം ലഭിച്ചാണ് അവൾ വളർന്നത്. എന്നാൽ ജയിംസിന് അങ്ങനെയൊന്നും ലഭിച്ചില്ല. ദു:ഖമെന്നു പറയട്ടെ അവനു സ്നേഹിക്കുന്നത് എങ്ങനെയെന്നും അറിഞ്ഞുകൂടായിരുന്നു. മാഗിക്കു സ്നേഹം ലഭിച്ചില്ല, ബാഹ്യമായ സ്നേഹപ്രകടനം അവൾക്ക് ആവശ്യമായിരുന്നു. ജയിംസ് മാഗിയെ വാസ്തവമായി സ്നേഹിച്ചിരുന്നുവെങ്കിലും, ലൈംഗികബന്ധം പുലർത്തുമ്പോഴല്ലാതെ അയാൾ അവളെ ആലിംഗനം ചെയ്യുകയോ ഉമ്മവെയ്ക്കുകയോ ചെയ്തിരുന്നില്ല. വീട്ടുകാര്യങ്ങളിൽ അയാൾ യാതൊരു സഹായവും ചെയ്തില്ല, കുട്ടികളുടെ കാര്യത്തിലും അങ്ങനെയൊക്കെത്തന്നെയായിരുന്നു. കാരണം ജയിംസിന്റെ അപ്പൻ അങ്ങനെ ചെയ്യുന്നതൊന്നും അയാൾ കണ്ടിട്ടേയില്ലായിരുന്നു. കസേരയിലിരിക്കുന്ന ജയിംസിന്റെ പിതാവിനെ ജയിംസിന്റെ അമ്മ പരിചരിച്ചിരുന്നു. അതുകൊണ്ട്, ജയിംസും അക്കാര്യംതന്നെ മാഗിയിൽനിന്നു പ്രതീക്ഷിച്ചു.

നല്ലൊരു ഭാര്യയായിരിക്കുന്നതിൽ മാഗിക്ക് അത്യധികം സന്തോഷമായതിനാൽ, ജയിംസിനുവേണ്ടി അവൾ എല്ലാം ചെയ്തു. അതു ജയിംസിന്റെ പ്രതീക്ഷകൾക്കു വളം വെച്ചുകൊടുത്തതേയുള്ളൂ. ഇരുപത്തിനാലു വർഷത്തെ ദാമ്പത്യജീവിതത്തിൽ, നാലു മക്കളുണ്ടായതിനുശേഷം മാഗിക്കു തോന്നി താൻ കൊടുക്കുന്നതുപോലെയുള്ള സ്നേഹവും പരിഗണനയുമൊന്നും തിരിച്ചു കിട്ടുന്നില്ലെന്ന്. ജയിംസ് അവളെ അപൂർവ്വമായേ പ്രോത്സാഹിപ്പിച്ചിരുന്നുള്ളൂ, അഭിനന്ദിച്ചിരുന്നുള്ളൂ. ഒരുപാടു തവണ അവൾ ജയിംസിനോട് ഇക്കാര്യം പറഞ്ഞുവെങ്കിലും, അയാൾക്ക് അതിനു കഴിവില്ലാത്ത

തായോ മനസ്സില്ലാത്തതായോ തോന്നി. മാഗി വികാരഭരിതയാണെന്നാണു ജയിംസിനു തോന്നിയത്. അത് അയാൾ അവളോടു പറയുകയും ചെയ്തു!

ഓരോ വർഷവും മാഗിക്കു കോപം കൂടിക്കൂടി വന്നു. വെറുപ്പു നിറഞ്ഞ അവൾക്കും ജയിംസിനും മദ്ധ്യേ വേർപാടിന്റെ ഒരു നടുവരായുണ്ടായി. വെറുപ്പ്, വൈരാഗ്യം, ക്ഷമിക്കാതിരിക്കുന്ന സ്ഥിതി എന്നിവ അവളിൽ നിറഞ്ഞുനിന്നു. കാലം കഴിയുന്തോറും അവൾക്കു സന്തോഷമില്ലാതായി. അവസാനം, ജയിംസിന്റെ കാര്യം ദൈവസന്നിധിയിൽ വെയ്ക്കുക, അഥവാ ഈ കഷ്ടത സഹിക്കുക എന്നൊരു നിർണ്ണായകഘട്ടത്തിലെത്തി. തന്നെ മുതലെടുക്കുന്നതിനു ജയിംസിനെ അനുവദിച്ചുവെന്നു മാത്രമല്ല, അതേ കാര്യം താൻ മക്കളോടു ചെയ്തുവെന്നുംകൂടി അവൾ മനസ്സിലാക്കിത്തുടങ്ങി. അവൾ അവർക്കുവേണ്ടി ഒരുപാടു ജോലി ചെയ്തു. താനൊരു നല്ല മാതാവാണെന്നായിരുന്നു അവളുടെ ചിന്ത. വാസ്തവത്തിൽ അവളുടെ ആ പ്രവൃത്തികളൊക്കെ അവരെ മടിയരും നന്ദിയില്ലാത്തവരും ആക്കിത്തീർക്കുകയായിരുന്നു.

കാര്യങ്ങൾ മാറണമെന്ന് അവൾ വിചാരിച്ചു. സ്വയം സഹതപിക്കുന്നതിനു പകരം, സ്വന്തം കാര്യം നോക്കാൻ അവൻ തീരുമാനിച്ചു. കുടുംബത്തെ നന്നായി കരുതുന്നത് അവൾ തുടർന്നു, എന്നാൽ കുടുംബാംഗങ്ങൾക്കു ചെയ്യാൻ കഴിയുന്നതും കുടുംബാംഗങ്ങൾ ചെയ്യേണ്ടതുമായ കാര്യം അവൾ ചെയ്തില്ല. മക്കളോടൊപ്പമിരുന്ന് അവൾ കാര്യങ്ങൾ വിശദീകരിച്ചു. അവൾ പഴയതുപോലെയല്ല, കാര്യങ്ങൾ മാറുകയാണെന്നായിരുന്നു അത്. മക്കൾ ചെയ്യേണ്ടത് അവർ ചെയ്യണമെന്നാണ് അവൾ പ്രതീക്ഷിക്കുന്നതെന്നും, അങ്ങനെ ചെയ്തില്ലെങ്കിലുണ്ടാകുന്ന പരിണിതഫലം എന്തായിരിക്കുമെന്നും അവൾ അവരോടു പറഞ്ഞു. മാഗിക്ക് ഇഷ്ടമുള്ള ചില കാര്യങ്ങൾ അവൾ ചെയ്യാൻ തുടങ്ങി. ജയിംസോ മറ്റുള്ളവരോ പരാതിപ്പെട്ടപ്പോൾ, അവൾ ശാന്തമായും സ്നേഹത്തോടെയും പറഞ്ഞത്, 'എന്റെ ജീവിതം ആസ്വദിക്കാനുള്ള അവകാശം എനിക്കുണ്ടല്ലോ' എന്നായിരുന്നു. ദൈവം അനുവദിച്ചതേ ഞാൻ ചെയ്യുന്നുള്ളൂ എന്നായിരുന്നു അവളുടെ വിചാരം. അവളുടെ വെറുപ്പിനെ അതിജീവിക്കുന്നതിന് ഈ ചുവടുവയ്പുകൾ അവളെ സഹായിച്ചു. ജയിംസ് കൂടുതൽ വാത്സല്യം കാട്ടുമെന്ന് അപ്പോഴും അവൾ പ്രതീക്ഷിച്ചു. പക്ഷേ ആ കാര്യം ദൈവത്തിനു മാത്രമേ അയാളിൽ പ്രാവർത്തികമാക്കാൻ കഴിയൂ എന്ന് അവൾ മനസ്സിലാക്കി. ജയിംസ് നന്നായി കുടുംബം നോക്കുന്നയാളായിരുന്നു, പല നിലകളിൽ അദ്ദേഹം നല്ല ഭർത്താവുമായിരുന്നു. അതുകൊണ്ട്

അയാളില്ലാത്ത കാര്യങ്ങൾക്കു പകരം, അയാളിലുള്ള നല്ല കാര്യങ്ങൾ മാഗി ശ്രദ്ധിക്കാൻ തുടങ്ങി.

വീട്ടിൽ എന്തെങ്കിലും ചെയ്യണമെങ്കിലോ, കുട്ടികളോടൊപ്പം എന്തെങ്കിലും പ്രവർത്തിക്കണമെങ്കിലോ, അതു ചെയ്യാൻ ജയിംസിനോടു മാഗി കോപിക്കാതെ ആവശ്യപ്പെട്ടു. ആവശ്യപ്പെടാതെ ജയിംസ് ഒന്നും ചെയ്യുകയില്ല. പുരുഷന്മാർ കാര്യങ്ങൾ നോക്കിക്കണ്ടു ചെയ്യണമെന്നാണു സ്ത്രീകളുടെ ആഗ്രഹം. പക്ഷേ പുരുഷന്മാർ പറയുന്നത്, തങ്ങൾക്കു മനസ്സു വായിക്കാനൊന്നും കഴിവില്ല, 'എന്തെങ്കിലും ചെയ്യണമെങ്കിൽ പറഞ്ഞുകൂടായോ' എന്നാണ്.

ഈ മാറ്റങ്ങൾ മാഗിയെ കാര്യമായി സഹായിച്ചു. ജയിംസ് അവൾക്കു വേണ്ടി ചെയ്യാത്ത കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനു പകരം, അവൾ അയാൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അയാളിൽ നല്ലൊരു മാതൃകയുളവായിരുന്നില്ലെന്നു ചിന്തിക്കാനും ശ്രമിച്ചു. ഇപ്പോഴും അവളുടെ കഥ പുരോഗമിക്കുകയാണ്. പക്ഷേ അവൾ അതീവ സന്തോഷവതിയാണിപ്പോൾ. കഴിഞ്ഞ ചില മാസങ്ങളായി ജയിംസ് അവളെ കുറച്ചു തവണ പ്രശംസിച്ചിട്ടുണ്ട്. അവർ പുരോഗമിക്കുന്നതായാണു കാണുന്നത്.. ദൈവത്തിന്റെ വഴികളേ ഫലിക്കുകയുള്ളൂ എന്നതിന്റെ തെളിവാണത്.

## വിശ്വാസത്തെ തടുക്കുന്നു

ജയിംസിനുവേണ്ടി ശരിയായി പ്രാർത്ഥിക്കുന്നതിനുമുമ്പ്, ക്ഷമിക്കാതിരിക്കുന്ന മനോഭാവത്തെ ഹൃദയത്തിൽനിന്നു മാഗി പുറത്താക്കേണ്ടിയിരുന്നു. ക്ഷമിക്കാത്ത ഹൃദയവുമായി നമ്മുടെ വിശ്വാസം പ്രാവർത്തികമാകുകയില്ല. കോടിക്കണക്കിനാളുകളാണു മറ്റുള്ളവരുടെ മാറ്റത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത്. എന്നാൽ അവരുടെ പ്രാർത്ഥനയ്ക്കു മറുപടി കിട്ടുന്നില്ല. കാരണം, മനസ്സിൽ ദേഷ്യം വച്ചുകൊണ്ടാണ് അവർ പ്രാർത്ഥിക്കുന്നത്.

> നിങ്ങൾ പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന്, നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിക്കുവിൻ (വിട്ടുകളയുവിൻ, അതു പോകട്ടെ). നിങ്ങൾ ക്ഷമിക്കാഞ്ഞാലോ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കുകയില്ല.
>
> *മർക്കോസ് 11:25,26*

വിശ്വാസം പ്രവർത്തിക്കുന്നു, സ്നേഹം അതിന് ഊർജ്ജം നൽകുന്നു (ഗലാ. 5:6). വിശ്വാസത്തിന് അതിലൂടെ ഒഴുകുന്ന ഊർജ്ജമൊന്നുമില്ല. സ്നേഹമില്ലാത്തിടത്ത് അതിന് യാതൊരു ശക്തിയുമില്ല. വെറുപ്പിനു പകരം കരുണയും ക്ഷമയും വിശ്വാസികൾ കാട്ടിയാൽ മാത്രമേ അതു സാദ്ധ്യമാകൂ. ആളുകൾ തെറ്റു ചെയ്യുമ്പോൾ, അവർ നമ്മെ വേദനിപ്പിക്കുന്നതിനെക്കാളധികം അവരെത്തന്നെയാണ് വേദനിപ്പിക്കുന്നതെന്നു നമുക്കു വാസ്തവമായി ഗ്രഹിക്കാം. ആളുകളോടുള്ള ദയ, ദീർഘക്ഷമ എന്നിവയോടൊപ്പം ആ സത്യം നമ്മുടെ ഹൃദയങ്ങളിൽ നിറയട്ടെ.

ക്ഷമിക്കാതിരിക്കുന്നതിന്റെ ദോഷകരമായ ചില ഫലങ്ങൾ ഒന്നുകൂടി ശ്രദ്ധിക്കൂ:

ക്ഷമിക്കാൻ മനസ്സു കാട്ടാതിരിക്കുമ്പോൾ ദൈവവചനത്തെ നാം അനുസരിക്കുന്നില്ല.

നമ്മുടെ ജീവിതത്തിൽ എല്ലാത്തരത്തിലുമുള്ള പ്രശ്നങ്ങളുണ്ടാക്കുന്നതിനു നാം പിശാചിനു വാതിൽ തുറന്നുകൊടുക്കുന്നു.

മറ്റുള്ളവരിലേക്കു സ്നേഹം ഒഴുകുന്നതിനു നാം തടസ്സം നിൽക്കുന്നു.

നമ്മുടെ വിശ്വാസത്തിനും പ്രാർത്ഥനയ്ക്കും തടസ്സവും ഇടർച്ചയുമുണ്ടാകുന്നു.

നാം കഷ്ടത്തിലാകുന്നു, നമ്മുടെ സന്തോഷം നഷ്ടമാകുന്നു.

നമ്മുടെ മനോഭാവങ്ങൾ വിഷമയമാകുന്നു, കാണുന്ന എല്ലാവരിലും ആ വിഷം നാം കുത്തിവെയ്ക്കുന്നു.

നമ്മുടെ വെറുപ്പിൽ തൂങ്ങിക്കിടക്കുന്നതിനു നാം കൊടുക്കുന്ന വില തീർച്ചയായും അതിനു തക്കതായതല്ല. ക്ഷമിക്കാതിരിക്കുന്ന മനോഭാവത്തിനു നാശകരമായ ഫലങ്ങളാണുള്ളത്. അതുകൊണ്ടു നിങ്ങൾക്കുതന്നെ നിങ്ങളൊരു ഉപകാരം ചെയ്യുക... ക്ഷമിക്കുക!

## അദ്ധ്യായം

# 10

# *എനിക്കു ക്ഷമിക്കണമെന്നു ണ്ട്, പക്ഷേ എങ്ങനെയെന്ന് അറിഞ്ഞുകൂടാ*

വേദനിപ്പിച്ചവരോടു ക്ഷമിക്കണമെന്നു പറയാൻ എളുപ്പമാണ്. എന്നാൽ അത് എങ്ങനെ വേണമെന്ന് അവർക്കറിയില്ലെങ്കിൽ എന്തു ചെയ്യും? ശത്രുക്കളോടു ക്ഷമിക്കാൻ കഴിയേണ്ടതിനു പ്രാർത്ഥിക്കണമെന്നു പറഞ്ഞ് ആളുകൾ വീണ്ടും വീണ്ടും എന്റെയടുക്കൽ വരാറുണ്ട്. അവർ നിഷ്കളങ്കരാണ്, പക്ഷേ വിജയിക്കാൻ കഴിയുന്നില്ല. നമ്മെ വേദനിപ്പിച്ചവരോടു ക്ഷമിക്കുന്നതിൽ വിജയം വരിക്കാൻ നാമൊരു പ്രക്രിയയിലൂടെ പോകണമെന്നു ഞാൻ വിശ്വസിക്കുന്നു.

ഏറ്റവും പ്രധാനപ്പെട്ടതു പ്രാർത്ഥനയാണ്. പക്ഷേ *പ്രാർത്ഥനയെക്കാളധികം നാം പ്രവർത്തിക്കേതുണ്ട്.* നാം പ്രാർത്ഥിക്കുമ്പോൾ, ദൈവം ചെയ്യേണ്ടതെല്ലാം ചെയ്യുന്നുണ്ട്. എന്നാൽ കൂടെക്കൂടെ നമ്മുടെ കടമ നിർവഹിക്കുന്നതിൽ നാം പരാജയപ്പെടുന്നു. പിന്നീട്, നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന ആശയക്കുഴപ്പം നമുക്കുണ്ടാകുന്നു. ഉദാഹരണത്തിന്, ജോലി ആവശ്യമുള്ളയൊരാൾ അതിനുവേണ്ടി

പ്രാർത്ഥിക്കും. അപ്പോൾത്തന്നെ അയാൾ വിവിധ സ്ഥാപനങ്ങളിൽ പോയി ജോലിക്കുള്ള അപേക്ഷയും കൊടുക്കും; എങ്കിലേ ജോലി കിട്ടൂ. ക്ഷമിക്കുന്നതിലും ഇതേ രീതി തന്നെ അനുവർത്തിക്കണം.

## ആഗ്രഹം

ഒന്നാമത്തെ പടി, ശത്രുക്കളോടു ക്ഷമിക്കണമെന്നുള്ള തീവ്രമായ ആഗ്രഹമാണ്. ലക്ഷ്യപ്രാപ്തിക്കായി പോകേണ്ടുന്ന വിഴിയിലൂടെയെല്ലാം പോകാനുള്ള ഉത്തേജനം നമുക്കു നൽകുന്നത് ആഗ്രഹമാണ്. ഇരുപത്തഞ്ചു കിലോ തൂക്കം കുറയ്ക്കണമെന്ന് ആഗ്രഹിക്കുന്നയാൾക്ക് അതു സാധിക്കണമെങ്കിൽ അത്രയേറെ തീവ്രമായ ആഗ്രഹമുണ്ടായിരിക്കണം. എന്തുകൊണ്ട്? വിശക്കുമ്പോഴും അതേ ആഗ്രഹം അയാൾ പുലർത്തണം. മറ്റുള്ളവർ ഭക്ഷണം കഴിക്കുന്നതു കാണുമ്പോഴും, 'വേണ്ടാ'യെന്നു പറയാനുള്ള മനോഭാവം തുടർച്ചയായി ഉണ്ടായിരിക്കണം. അടുത്ത സമയത്തു മുപ്പതു കിലോ തൂക്കം കുറച്ച ഒരു സുഹൃത്ത് എനിക്കുണ്ട്. ഒരു വർഷത്തെ തുടർച്ചയായ ചിട്ട ഇതിനു വേണ്ടിവന്നു. ഇപ്പോഴും പഴയ ദുശീലത്തിലേക്കു മടങ്ങാതിരിക്കാൻ അവളതു പാലിക്കുന്നു. എന്താണ് അവളെ അതിനു പ്രേരിപ്പിക്കുന്നത്? ദിവസവും അവൾ കഴിക്കുന്നതിലധികം കഴിക്കാൻ അവൾക്കു മിക്ക ദിവസങ്ങളിലും ആഗ്രഹമുണ്ട്. എന്നാൽ ആരോഗ്യകരമായ ഒരു തൂക്കം നിലനിർത്താനുള്ള അവളുടെ ആഗ്രഹം, ആഹാരം കഴിക്കാനുള്ള ആഗ്രഹത്തെക്കാൾ ശക്തമാണ്.

ഇത് അഭിമുഖീകരിക്കാൻ നമുക്കിഷ്ടമല്ലെന്ന് എനിക്കറിയാം. എന്നാൽ നമ്മുടെ ആഗ്രഹം വേണ്ടത്ര ശക്തമാണെങ്കിൽ വേണ്ടതു നാം ചെയ്യുമെന്നതാണു സത്യം. "എനിക്കു വയ്യ" എന്ന പറച്ചിലിന്റെ സാമാന്യമായ അർത്ഥം "എനിക്കിഷ്ടമല്ല" എന്നാണ്. നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങളുടെ ഉത്തരവാദിത്വം നമ്മളാരും തന്നെ ഏറ്റെടുക്കുകയില്ല. ഒഴികഴിവും കുറ്റപ്പെടുത്തലുമാണു നമുക്കു താത്പര്യം. പക്ഷേ അവയൊന്നും നമ്മെ സ്വതന്ത്രരാക്കുകയില്ല.

ആളുകൾ ജോലിയിൽനിന്നു വിരമിക്കുമ്പോൾ, ജോലി ചെയ്ത കാലയളവിൽ സമ്പാദിച്ച തുക അവർക്കു സാമ്പത്തികസുരക്ഷിതത്വം നൽകുന്നു. സാമ്പത്തിക അച്ചടക്കം പുലർത്താനുള്ള ശക്തമായ ആഗ്രഹം നിമിത്തമാണ് അവർക്കതിനു കഴിഞ്ഞത്. ഭാവിക്കുവേണ്ടി കരുതിവെയ്ക്കുന്നതിന്, ചില കാര്യങ്ങളോട് അവർ 'വേണ്ടാ' എന്നു പറഞ്ഞിരുന്നു.

തീവ്രമായ ആഗ്രഹം നമ്മുടെ ജീവിതത്തിലെ സമസ്തമേഖലയിലും ഫലങ്ങളുളവാക്കും. വെറുപ്പ്, വൈരാഗ്യം, ക്ഷമിക്കാതിരിക്കൽ എന്നിവയിൽനിന്നെല്ലാം സ്വാതന്ത്ര്യം പ്രാപിക്കാൻ കഴിയും. നിങ്ങൾക്ക് ആഗ്രഹമില്ലെങ്കിൽ അതിനുവേണ്ടി ദൈവത്തോട് അപേക്ഷിക്കുക. കാരണം, ആഗ്രഹമാണ് എല്ലാ വിജയത്തിന്റെയും അടിത്തറ.

ദൈവവചനം ഞാൻ പഠിക്കാൻ തുടങ്ങുന്നതുവരെ, എന്നെ മാനഭംഗപ്പെടുത്തിയ എന്റെ പിതാവിനോടു ക്ഷമിക്കാൻ എനിക്ക് ആഗ്രഹമേ ഇല്ലായിരുന്നു. ഒരിക്കൽ അതു പഠിക്കാൻ തുടങ്ങി. ക്ഷമിക്കുന്നതിന്റെ പ്രാധാന്യം ഞാൻ കണ്ടു. ഞാൻ ക്ഷമിക്കണമെന്നതു ദൈവഹിതമായിരുന്നു. ദൈവം എത്രത്തോളം എന്നോടു ക്ഷമിച്ചുവെന്നു ഞാൻ മനസ്സിലാക്കി. അവൻ എനിക്കു ചെയ്തതിൽനിന്ന് ഒട്ടും വ്യത്യസ്തമായ കാര്യമല്ല എന്നോട് അവൻ ആവശ്യപ്പെട്ടതെന്നും ഞാനറിഞ്ഞു. ഇക്കാര്യത്തിൽ അനുസരണം കാട്ടാനുള്ള ഒരാഗ്രഹം, ദൈവവചനത്തിലുള്ള ശക്തി എന്നിലുളവാക്കി. നിങ്ങൾക്കും അതേ കാര്യം നടക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ശത്രുക്കളോടു ക്ഷമിക്കാനുള്ള ആഗ്രഹം നിങ്ങൾക്കില്ലെങ്കിൽ, അതിനെക്കുറിച്ചു ദൈവവചനം പറയുന്നതെല്ലാം നിങ്ങൾ പഠിക്കുക. നിങ്ങളുടെ ഹൃദയത്തിനു മാറ്റമുണ്ടാകുമെന്ന് എനിക്കു വിശ്വാസമുണ്ട്. നിങ്ങൾക്കു ക്ഷമിക്കാനുള്ള ആഗ്രഹവുമുണ്ടാകും, ഒരിക്കൽ അതുണ്ടായാൽ, ആ പ്രക്രിയ ആരംഭിക്കാനാവും.

## തീരുമാനിക്കുക

ക്ഷമിക്കാനുള്ള ആഗ്രഹമുണ്ടായിക്കഴിഞ്ഞാൽ, അതിനുള്ള തീരുമാനമെടുക്കണം. അതു വൈകാരികമാകരുത്, മറിച്ച് സാധാരണ പറയാറുള്ളതുപോലെ "നല്ലൊരു തീരുമാനം" ആയിരിക്കണം. വികാരങ്ങൾക്കനുസരിച്ച് ഇത്തരം തീരുമാനങ്ങൾ മാറുകയില്ല. ക്ഷമിക്കുന്നത് ഒരു ജീവിതരീതിയാക്കാൻ നിശ്ചയിക്കുന്ന ഉറച്ചൊരു തീരുമാനമാണത്. നിങ്ങൾക്കു തോന്നുന്ന രീതിയിൽ ഈ തീരുമാനം മാറുകയില്ല, ആളുകളോടു ക്ഷമിക്കുകയെന്ന ആശയം നിങ്ങളെ ഒരിക്കലും ബുദ്ധിമുട്ടിക്കുകയില്ല. ഒരേ കാര്യത്തിനു കൂടെക്കൂടെ ക്ഷമിക്കേണ്ടിവരും. അതത്ര എളുപ്പമുള്ള കാര്യമൊന്നുമല്ലെന്നു തീർച്ചയാണ്. നമുക്കെന്തു തോന്നുന്നുവെന്നു കണക്കിലെടുക്കാതെ മന:പൂർവ്വമായി ചെയ്യേണ്ടുന്ന ഒന്നാണത്.

എന്റെ പിതാവു വളരെ കർക്കശക്കാരനായിരുന്നു. ദു:ഖമെന്നു പറയട്ടെ, ഞാനും മിക്കവാറും അതുപോലെയായിത്തീർന്നു. അദ്ദേഹത്തെപ്പോലെയാകാൻ എനിക്കു തീരെ താത്പര്യമില്ലായിരുന്നു. പക്ഷെ, എന്തോ ഞാനങ്ങനെയായിരുന്നു. എന്റെ ഭാവവും ശബ്ദവുമെല്ലാം പലപ്പോഴും കർക്കശമായിരുന്നു. വർഷങ്ങളോളം എന്റെ ഭർത്താവ് എന്നോടു വീണ്ടും വീണ്ടും ക്ഷമിച്ചു. അക്കാലങ്ങളിലെല്ലാം ദൈവം എന്നിൽ പ്രവർത്തിക്കുകയും കഠിനവും തകർന്നതുമായ എന്റെ ഹൃദയത്തെ മൃദുവാക്കുകയുമായിരുന്നു. ഞാൻ സൗഖ്യമാകുന്നതിനു സമയമെടുത്തു. എന്റെ ഭർത്താവ് സഹിഷ്ണുത കാട്ടി. നന്ദിയോടെ പറയട്ടെ, അദ്ദേഹത്തിന്റെ സ്വന്തം കഴിവുകൊണ്ടല്ല അതു ചെയ്തത്. എന്റെ ബലഹീനത സഹിക്കാൻ ദൈവം അദ്ദേഹത്തിനു കൃപ നൽകി. നിങ്ങളുടെ ജീവിതത്തിലും ആളുകളോട് ഇടപെടുന്നതിനുള്ള കൃപ ദൈവം നിങ്ങൾക്കു നൽകും.

ഒരിക്കൽ ഞാൻ പെരുമാറിയതുപോലെ പെരുമാറുന്നവരോട് എനിക്ക് ഇടപഴകേണ്ടിവരാറുണ്ട്. എന്റെ ഭർത്താവ് അന്ന് എന്നോടു ചെയ്തതുപോലെ അവരോടു ചെയ്യാൻ ഞാൻ എന്നെത്തന്നെ ഓർമ്മപ്പെടുത്തേണ്ടിവരും. അത് എളുപ്പമുള്ള കാര്യമല്ല, പലപ്പോഴും എനിക്ക് ഇഷ്ടമായിത്തോന്നുകയുമില്ല. എന്നാൽ ദൈവത്തെ അനുസരിക്കുമെന്നൊരു നല്ല തീരുമാനം ഞാനെടുത്തിട്ടുണ്ട്. കോപിച്ചും വെറുത്തും ഞാൻ ജീവിക്കുകയില്ല. ദൈവം നൽകുന്ന ഏറ്റവും മനോഹരമായ ഒരു ദാനമാണു ക്ഷമ. മറ്റുള്ളവർക്ക് നാമതു കൊടുക്കാൻ മനസ്സു വയ്ക്കുമ്പോൾ, നമ്മുടെ ജീവിതത്തിൽ അതു സൗന്ദര്യം, സമാധാനം, സന്തോഷം, ശക്തി എന്നിവ കൂട്ടിച്ചേർക്കുന്നു.

ശരിയായി ജീവിക്കാനുള്ള മാർഗ്ഗം ദൈവവചനത്തിലൂടെ ദൈവം നമുക്കു നൽകുന്നു. എന്നാൽ ദൈവം അതു ചെയ്യാൻ ഒരിക്കലും നമ്മിൽ സമ്മർദ്ദം ചെലുത്തുകയില്ല. വേണമോ വേണ്ടയോ എന്നത് അവൻ നമുക്കു വിട്ടുതരുന്നു. ഞാൻ സ്നേഹിക്കുന്ന ആളുകളെക്കൊണ്ടു ശരിയായ കാര്യം ചെയ്യിക്കാൻ കഴിയുമെന്നു ഞാൻ ആഗ്രഹിച്ചിട്ടുള്ള സന്ദർഭങ്ങളുണ്ട്. അപ്പോൾ എനിക്കോർമ്മ വന്ന കാര്യം, ദൈവം നമുക്കെല്ലാവർക്കും ഇച്ഛാസ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്നുള്ളതാണ്. നാം ശരിയായ കാര്യം തിരഞ്ഞെടുക്കാനാണ് അവൻ കാത്തിരിക്കുന്നത്. അങ്ങനെ യേശു മരിച്ചതു നിമിത്തമുള്ള ജീവൻ നമുക്ക് ആസ്വദിക്കാൻ കഴിയും.

നാം ദൈവത്തെ അനുസരിക്കുമ്പോഴൊക്കെ, നമുക്കു തന്നെ നാം ഉപകാരം ചെയ്യുകയാണ്. കാരണം, നാം ചെയ്യണമെന്നു ദൈവം പറയുന്ന

തൊക്കെ നമ്മുടെ പ്രയോജനത്തിനുവേണ്ടിയാണ്. കഠിനമായ കാര്യങ്ങൾ ചെയ്യാൻ ദൈവം എന്നോട് ആവശ്യപ്പെടുമ്പോഴൊക്കെ, ഇക്കാര്യം ഞാൻ എന്നെത്തന്നെ ഓർമ്മപ്പെടുത്താറുണ്ട്. നാം ഓരോരുത്തരും നമ്മുടേതായ തിരഞ്ഞെടുപ്പുകൾ നടത്തണം. മറ്റാർക്കും അതു നമുക്കുവേണ്ടി ചെയ്യാൻ കഴിയില്ല. ക്ഷമിക്കുമെന്നുള്ള നല്ല തീരുമാനമെടുക്കാൻ നിങ്ങളെടുക്കാൻ ഞാൻ ശക്തമായി നിങ്ങളെ നിർബന്ധിക്കുന്നു. ഒരിക്കൽ നിങ്ങളതു ചെയ്തു കഴിഞ്ഞാൽ, ക്ഷമയുടെ അടുത്ത പടിയിലേക്കു നീങ്ങാൻ നിങ്ങൾ തയ്യാറായിരിക്കും.

## ആശ്രയിക്കുക

മറ്റുള്ളവരോടു ക്ഷമിക്കുകയെന്ന ഈ പ്രക്രിയയിലെ അടുത്ത പടി, നിങ്ങളെടുത്ത തീരുമാനം നടപ്പാക്കാനുള്ള സഹായത്തിനു പരിശുദ്ധാത്മാവിൽ ആശ്രയിക്കുകയെന്നതാണ്. തീരുമാനമെടുത്താൽ മാത്രം പോരാ. അതു പ്രാവർത്തികമാകുകയില്ല. ദൈവാത്മാവിന്റെ ദിവ്യശക്തി നമുക്കു വേണം. നമ്മിൽ വസിക്കുന്ന ദൈവാത്മാവ് ദൈവഹിതം ചെയ്യുന്നതിന് എപ്പോഴും നമ്മെ സഹായിക്കും.

ദൈവരാജ്യത്തിൽ, ആശ്രയിക്കാതിരിക്കുക എന്നത് ആകർഷകമായ ഒരു ഗുണമല്ല; അതു പ്രാവർത്തികവുമല്ല. വളർന്ന് ആരെയും ആശ്രയിക്കാതിരിക്കാൻ നാം നമ്മുടെ മക്കളെ പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ ദൈവത്തിൽ നാം എത്രമാത്രം വളരുന്നുവോ, അഥവാ എത്രമാത്രം ആത്മീയമായ പക്വതയാർജ്ജിക്കുന്നുവോ, അത്രത്തോളം നാം ദൈവത്തിൽ ആശ്രയിക്കണം. ദൈവത്തോടൊപ്പമുള്ള നമ്മുടെ യാത്രയിൽ ഈ കാര്യം നാം വിട്ടുകളഞ്ഞാൽ, നാം സദാ നിരാശാഭരിതരായിരിക്കും. ജഡത്തിന്റെ (ശരീരത്തിന്റെ) പ്രവൃത്തികളെന്നു ദൈവവചനം പറയുന്ന, ദൈവത്തെക്കൂടാതെയുള്ള മനുഷ്യന്റെ പ്രവൃത്തികളെ ദൈവം അനുഗ്രഹിക്കുകയില്ല. ദൈവഹിതം ചെയ്യാൻ നാം കഠിനമായി അദ്ധ്വാനിച്ചാലും, അതു വിജയിക്കണമെങ്കിൽ നാം ദൈവത്തിൽ ആശ്രയിച്ചേ തീരൂ. നമ്മുടെ എല്ലാ വഴികളിലും ദൈവത്തെ അംഗീകരിക്കുന്നതിനു ദൈവവചനം നമ്മെ പ്രോത്സാഹിപ്പിക്കുന്നു (സദൃ.3:6). നമ്മുടെ സകല പ്രവൃത്തികളിലും അവനെ ക്ഷണിക്കുകയും, അവനെക്കൂടാതെ നമുക്കു വിജയിക്കാനാവില്ലെന്ന് അവനോടു പറയുകയും ചെയ്യണമെന്നാണ് അതിനർത്ഥം.

സ്വാതന്ത്ര്യമായി സ്വന്തം കാര്യം ചെയ്യണമെന്നുള്ള ഒരു പ്രവണത നമു ക്കെല്ലാം ഉണ്ടായിരിക്കെ, ഈ ആശ്രയമനോഭാവം അത്രയെളുപ്പം വരുകയില്ല.

സെഖര്യാഖ് 4:6 ൽ പറയുന്നത്, സൈന്യത്താലോ ശക്തിയാലോ അല്ല, ദൈവത്തിന്റെ ആത്മാവിനാലാണ് നമ്മൾ യുദ്ധം ജയിക്കുന്നതെന്നാണ്. ദൈവം നമുക്കു നൽകുന്ന കൃപ അവന്റെ ശക്തിയാണ്. അതാണു ചെയ്യേ ണ്ടുന്ന കാര്യം ചെയ്യിക്കുന്നത്.

> ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ (സമൃദ്ധിയായി) ഫലം കായ്ക്കും; എന്നെ പിരിഞ്ഞു (ഞാനുമായുള്ള ഐക്യത്തിൽനിന്നു വേർപെട്ട്) നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയു കയില്ല.
>
> *യോഹന്നാൻ 15:5*

യോഹന്നാൻ 15:5 ദൈവവചനത്തിലെ ഒരു അതിപ്രധാനവാക്യമായി ഞാൻ വിശ്വസിക്കുന്നു. ഈ ഒറ്റവാക്യം നാം ഗ്രഹിക്കുന്നതിനെ ആശ്രയി ച്ചാണു മറ്റു നിരവധി കാര്യങ്ങൾ ഗ്രഹിക്കുന്നത്. ചില കാര്യങ്ങൾ ചെയ്യാൻ ദൈവം എന്നെ വിളിച്ചാൽ, അഥവാ എന്നോടു കല്പിച്ചാൽ, ഞാൻ അവ നിൽ ആശ്രയിക്കാതെ അപ്പോഴും എനിക്കതു ചെയ്യാനാവില്ല. നല്ല ഫലം കായ്ക്കാനും നല്ല കാര്യം ചെയ്യാനും അവൻ നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. എന്നാൽ നാം സമ്പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കു ന്നില്ലെങ്കിൽ അതു സാദ്ധ്യമല്ല. നമ്മെ വേദനിപ്പിക്കുന്നവരോടു പെട്ടെന്നു ക്ഷമിക്കുന്നത് ഒരു നല്ല ഫലമാണ്, ദൈവത്തെ പ്രസാദിപ്പിക്കുന്നതുമാണ്. പക്ഷേ ദൈവത്തിന്റെ സഹായവും ശക്തിയും വേണമെന്നു നാം അപേ ക്ഷിക്കുന്നില്ലെങ്കിൽ അതു ചെയ്യാൻ നമുക്കു കഴിയില്ല.

നിങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടും നടക്കാത്ത കാര്യങ്ങളെക്കുറിച്ചു നിരാശ പ്പെടുന്നുണ്ടോ? അവ ദൈവികകാര്യങ്ങളാണെന്നും നിങ്ങൾ അവ ചെയ്യേ ണ്ടതാണെന്നും നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഒരുപക്ഷേ നിങ്ങളുടെ പ്രശ്നം സ്വയത്തിൽ ആശ്രയിക്കുന്ന, സ്വതന്ത്രമനോഭാവമാകാം. യാതൊരു സഹായവുമില്ലാതെ സ്വന്തമായി കാര്യങ്ങൾ ചെയ്യാൻ നാം എന്തുകൊ ണ്ടാണ് ഇഷ്ടപ്പെടുന്നത്? പേരെടുക്കാനും നമ്മുടെ നേട്ടങ്ങളിൽ അഭിമാനി ക്കാനും മാത്രം, അത്ര തന്നെ. എന്നാൽ നമ്മുടെ വിജയങ്ങൾക്കെല്ലാം നാം

ദൈവത്തെ സ്തുതിക്കണമെന്നും ദൈവത്തിനു നന്ദിയർപ്പിക്കണമെന്നും അവൻ ആഗ്രഹിക്കുന്നു. ഒരു പാത്രമായി നാം പ്രയോജനപ്പെടുന്നതിന് അവൻ അനുവദിച്ചതാണ്.

ശരിയായ കാര്യം ചെയ്യാൻ നമുക്ക് ആഗ്രഹിക്കാൻ കഴിയും. അപ്പോഴും നാം വീണ്ടും വീണ്ടും പരാജയപ്പെടാം. ആത്മാവ് ഒരുക്കമുള്ളത്, ശരീരമോ ബലഹീനമെന്നു ദൈവവചനം പറയുന്നു (മത്തായി 26:41). നാം പഠിക്കേണ്ടുന്ന ഒരു പ്രധാനപാഠമാണത്. ഓരോ കാര്യം തുടങ്ങുമ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു തുടങ്ങുന്നതും ദൈവത്തോടു സഹായം അപേക്ഷിക്കുന്നതും നമ്മെ സഹായിക്കും. പാഴ്വേലയും നിരാശപ്പെടുത്തുന്ന പരാജയങ്ങളും ഒഴിവാക്കാൻ അതു സഹായകമാണ്. ആയിരക്കണക്കിനു റ്റെലിവിഷൻ പരിപാടികൾ ഞങ്ങളുടെ ഓഫീസിൽ റെക്കോർഡ് ചെയ്തിട്ടുണ്ട്. പക്ഷേ അവയിൽ ഒരെണ്ണംപോലും ദൈവത്തിന്റെ സഹായം അപേക്ഷിക്കാതെ തുടങ്ങിയിട്ടില്ല. ജഡത്തിന്റെ (ശരീരത്തിന്റെ) പ്രവൃത്തികൾ ഫലിക്കുകയില്ലായെന്നതും, ദൈവത്തിൽ ആശ്രയിച്ചുകൊണ്ടുള്ളതേ നടക്കൂ എന്നതും ഗ്രഹിക്കാൻ വർഷങ്ങൾ എനിക്കു വേണ്ടിവന്നു.

ഞാൻ സഭായോഗത്തിൽ സംബന്ധിച്ചപ്പോൾ ശക്തമായ ഒരു പ്രസംഗം കേട്ടതും, എനിക്ക് ഒരു മാറ്റമുണ്ടാകേണ്ടത് അത്യാവശ്യമാണെന്ന ബോധം ആത്മാവിലുണ്ടായതും ഞാൻ നന്നായി ഓർക്കുന്നു. വീട്ടിലെത്തിയ ഞാൻ മാറാൻ ശ്രമിച്ച ഓരോ സന്ദർഭത്തിലും പരാജയപ്പെട്ടു. എന്റെ പദ്ധതിയിൽനിന്നു ഞാൻ ദൈവത്തെ ഒഴിവാക്കുകയായിരുന്നു എന്നു ഗ്രഹിക്കുന്നതുവരെ ഇത് എന്നെ ആശയക്കുഴപ്പത്തിലാക്കി. ഞാൻ ചെയ്യാൻ ശ്രമിക്കുന്നത് അവന്റെ ഹിതമായിരുന്നെന്നും ഞാൻ വിജയിക്കുമെന്നുമായിരുന്നു എന്റെ ചിന്ത. എന്നാൽ എന്റെ പ്രയത്നം പ്രാവർത്തികമാകാനും പ്രാവർത്തികമാകുമ്പോൾ ദൈവത്തിനു മഹത്വം കൊടുക്കാനും ഞാൻ ദൈവത്തിൽ ആശ്രയിക്കണം. ഇല്ലെങ്കിൽ യാതൊന്നും നടക്കുകയില്ല. ഇതായിരുന്നു ഞാൻ പഠിക്കേണ്ടിയിരുന്നത്.

ദൈവത്തെ വാസ്തവമായി സ്നേഹിക്കുന്ന മിക്കവരും "നല്ല ക്രിസ്ത്യാനി"യാകാൻ ഒരുപാടു ശ്രമിച്ചു നിരാശപ്പെടുന്നവരാണെന്നു ഞാൻ വിശ്വസിക്കുന്നു. കാരണം ഈ സത്യം അവർക്കു മനസ്സിലാകുന്നില്ല. നല്ലവളാകാൻ "ശ്രമിച്ചു" ഞാൻ വർഷങ്ങൾ പാഴാക്കി. പക്ഷേ ആ ശ്രമത്തിൽ ദൈവത്തിൽ ആശ്രയിക്കണമെന്ന കാര്യത്തിൽ ഞാൻ തികച്ചും പരാജയപ്പെട്ടു. ദൈവത്തിൽ ആശ്രയിക്കുന്നതിനെക്കുറിച്ചും അങ്ങനെ ചെയ്യാതെ

പരാജയപ്പെട്ടവരെക്കുറിച്ചും അതു ചെയ്തു വിജയിച്ചവരെക്കുറിച്ചുമുള്ള വിവരങ്ങൾ കൊണ്ടു ദൈവവചനം നിറഞ്ഞിരിക്കുകയാണ്.

ബലഹീനനായ, മരിക്കുന്ന, അല്പനേരത്തേക്കു മാത്രം മൂക്കിൽ ശ്വാസമുള്ള മനുഷ്യനിൽ ആശ്രയിക്കുന്നതു നിർത്താൻ യെശയ്യാവു ജനത്തോടു പറഞ്ഞു (യെശ.2:22). ജനം ദൈവത്തിൽ ആശ്രയിക്കണമെന്നും അതിലൂടെ ദൈവം അവർക്കു വിജയം നൽകണമെന്നുമാണു ദൈവം ആഗ്രഹിക്കുന്നത്. യെശയ്യാവിലൂടെ അവൻ ചൂണ്ടിക്കാട്ടുന്ന കാര്യം ലളിതമാണ്. ആശ്രയിക്കാൻ ദൈവമുള്ളപ്പോൾ, ബലഹീനതകൾ നിറഞ്ഞ മനുഷ്യനിൽ ആശ്രയിക്കുന്നത് എന്തിനാണ്?

സമാനമായ സന്ദേശമാണ് യിരെമ്യാപ്രവാചകനും ജനത്തിനു നൽകിയത്. കർത്താവിനെ വിട്ടുമാറി, വീണുപോകുന്ന മനുഷ്യനിൽ ആശ്രയിക്കുന്നവർ ശപിക്കപ്പെട്ടവരെന്നാണ് അവൻ പറഞ്ഞത്. എന്നാൽ ദൈവത്തിൽ വിശ്വസിക്കുന്ന, ദൈവത്തിൽ ചാരുന്ന, ആശ്രയിക്കുന്ന, പ്രത്യാശിക്കുന്ന, ധൈര്യപ്പെടുന്ന നാം ഏറ്റവും അനുഗൃഹീതരാണ് (യിരെ. 17:5,7).

പരിശുദ്ധാത്മാവിനോടൊപ്പം ആത്മീയജീവിതം ആരംഭിച്ചുവെന്നു കരുതിയശേഷം, ശരീരത്തിൽ (flesh) ആശ്രയിക്കുന്നതിലൂടെ സമ്പൂർണ്ണത കൈവരിക്കാൻ കഴിയുമെന്നാണോ വിചാരിക്കുന്നതെന്നു ഗലാത്യരോടു പൗലോസ് ചോദിക്കുന്നുണ്ട് (ഗലാ.3:3). അവർക്കതിനു കഴിയില്ലെന്നാണ് ഉത്തരം. പരിശുദ്ധാത്മാവിനെ ആശ്രയിക്കുന്നതു തുടരുന്നില്ലെങ്കിൽ, ആത്മീയപക്വത പ്രാപിച്ച സ്ഥിതിയിലെത്തിയാലും അവർ പരാജയപ്പെടുമെന്നു പൗലോസിന് അറിയാമായിരുന്നു. ദൈവത്തിന്റെ ശക്തിക്കുവേണ്ടി നാം ദൈവത്തിൽ ആശ്രയിക്കുന്നില്ലെങ്കിൽ, നമ്മുടെ ശത്രുക്കളെ സ്നേഹിക്കുന്നതുൾപ്പെടെ നാം ചെയ്യാൻ ശ്രമിക്കുന്ന കാര്യങ്ങളിലെല്ലാം നമ്മൾ പരാജയപ്പെടും.

ക്ഷമിക്കുന്നതിന്റെ ആദ്യത്തെ മൂന്നു പടികൾ ആഗ്രഹം, തീരുമാനം, ആശ്രയം എന്നിവയാണെന്നു നാം കണ്ടു. ഇവ മൂന്നും നിങ്ങൾ ചെയ്തുകഴിഞ്ഞാൽ, അടുത്തതിലേക്കു നിങ്ങൾക്കു നീങ്ങാം.

## നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക

നമ്മുടെ ശത്രുക്കൾക്കു പ്രാർത്ഥിക്കണമെന്നു മാത്രമല്ല, അവരെ ശപിക്കാതെ അനുഗ്രഹിക്കണമെന്നും ദൈവം നമ്മളോടു പറയുന്നു. ഹോ! അതു

മോശമായിപ്പോയി, അല്ലേ? ശത്രുക്കൾ അനുഗൃഹീതരാകണമെന്ന് ആഗ്രഹിക്കുന്നവർ ആരാണ്? ദൈവവചനത്തിനുപകരം നമ്മുടെ വികാരങ്ങളെ നാം അനുസരിച്ചാൽ നമ്മളാരുംതന്നെ അങ്ങനെ ചെയ്യുകയില്ല.

> ഞാനോ നിങ്ങളോടു പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായിത്തീരേണ്ടതിനു തന്നെ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടേമേലും (ഒരുപോലെ) തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ.
>
> *മത്തായി 5:44–45*

ഇതിന്റെയർത്ഥം, നമ്മളോടു മോശമായിപ്പെരുമാറുന്നവരെ ഒരിക്കലും നാം എതിർക്കാതെ അവരുടെ ചവിട്ടുമെത്തയാകണമെന്നല്ല. നമ്മുടെ ശത്രുക്കളോടു ക്ഷമിക്കുന്നത് അവരോടുള്ള മനോഭാവത്തെയും അവരെ നാം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെയും ആശ്രയിച്ചിരിക്കും. യേശുവിനോടു മോശമായി ഇടപെട്ടതിന്റെ പേരിൽ അവിടുന്ന് അവരിലാരോടും മോശമായി ഇടപെട്ടില്ല. സൗമ്യതയുടെ ആത്മാവിൽ അവൻ അവരെ എതിർക്കുകയും അവർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുകയും അവരെ സ്നേഹിക്കുകയും ചെയ്തു. തിന്മയ്ക്കു പകരം തിന്മയും ശകാരത്തിനു പകരം ശകാരവും നമുക്കു പാടില്ല (1 പത്രോസ് 3:9) (അയ്യോ.) മറിച്ച് അവരുടെ ക്ഷേമം, സന്തോഷം, സുരക്ഷിതത്വം എന്നിവയ്ക്കുവേണ്ടി നാം പ്രാർത്ഥിക്കുകയും അവരോട് അനുകമ്പയും സ്നേഹവും കാട്ടുകയും വേണം. നമ്മുടെ ശത്രുക്കൾ നമ്മളോടു ചെയ്യുന്ന ദോഷപ്രവൃത്തികൾ നമ്മളെക്കാൾ ബാധിക്കുന്നത് അവരെയാണെന്നു നാം അധികമായി ചിന്തിക്കേണ്ടതുണ്ട്. ഈ വാക്യം അത് ഒരിക്കൽക്കൂടി നമുക്കു കാട്ടിത്തരുന്നു. നാം ദൈവത്തെ അനുസരിക്കുകയും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്താൽ ആർക്കും നമ്മളെ ഉപദ്രവിക്കാനാവില്ല. അവർക്കു നമ്മുടെ വികാരങ്ങളെ വ്രണപ്പെടുത്താം, പക്ഷേ നമ്മളെ സൗഖ്യമാക്കാൻ ദൈവം സദാസന്നദ്ധനാണ്.

ആളുകൾക്ക് അവരുടെ പെരുമാറ്റത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വെളിപ്പാടു ലഭിക്കേണ്ടതിനു പ്രാർത്ഥിക്കുക. കാരണം, അവർ വഞ്ചിക്കപ്പെട്ടിരിക്കാം, അവർ ചെയ്യുന്നതിനെക്കുറിച്ചു പൂർണ്ണമായ അവബോധം അവർക്കില്ലാത്താകാം. ശത്രുക്കളെക്കുറിച്ചു നല്ല കാര്യങ്ങൾ പറഞ്ഞുകൊണ്ട് അവരെ

അനുഗ്രഹിക്കുക, അവരുടെ പാപം മൂടിവയ്ക്കുക, അത് ആവർത്തിക്കു കയോ അവരെക്കുറിച്ച് അപവാദം പറയുകയോ ചെയ്യാതിരിക്കുക.

നമ്മുടെ ശത്രുക്കളോടു ക്ഷമിക്കുന്നതിൽ പരാജയപ്പെടുന്നതിന്റെ ഒരു സുപ്രധാനകാരണം, അവർക്കുവേണ്ടി നാം പ്രാർത്ഥിക്കാത്തതാണെന്നു തോന്നുന്നു. ക്ഷമിക്കാനുള്ള മനോഭാവത്തോടെ നാം ആരംഭിക്കുന്നു. എന്നാൽ പ്രധാനപ്പെട്ട ഈ ദൈവകല്പനയിൽനിന്നു നാം തെറ്റിപ്പോകുന്നു; നമുക്കു വിജയിക്കാനാവുന്നില്ല. നിങ്ങളിൽ മിക്കവരെയുംപോലെ, സുഹൃ ത്തുക്കളെന്നു നാം കരുതിയിരുന്നവരിൽനിന്നു വളരെ മോശമായ അനുഭ വങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. അവരെ അനുഗ്രഹിക്കണമേയെന്നു ഞാൻ പലപ്പോഴും പ്രാർത്ഥിച്ചതു പല്ലു കടിച്ചുകൊണ്ടായിരുന്നെന്നു സമ്മ തിക്കുന്നു. പക്ഷേ അതായിരുന്നു ഞാൻ ചെയ്യേണ്ടിയിരുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. ക്ഷമിക്കുന്നവർ ആരായാലും അവർക്കു ദൈവത്തോടൊ പ്പമുള്ള ശക്തിയുണ്ട്, അവർ ദൈവത്തിന്റെ നല്ല പ്രതിനിധികളാണ്.

ഇന്നുതന്നെ നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിച്ചു തുട ങ്ങുമോ? അന്യായത്തോടുള്ള നിങ്ങളുടെ പ്രഥമവും സ്വാഭാവികവുമായ പ്രതി കരണമായി ഇതു തീരുന്നതുവരെ ഈ പ്രമാണം നിങ്ങൾ പ്രായോഗികമാ ക്കുമോ? അങ്ങനെയെങ്കിൽ അതു ദൈവത്തെയും നിങ്ങളെയും ഒരുപോലെ പുഞ്ചിരിപ്പിക്കും. നാം ദൈവത്തെ അനുസരിക്കുമ്പോഴൊക്കെ, നാം നമു ക്കുതന്നെ ഒരു ഉപകാരം ചെയ്യുകയാണ്!

ക്ഷമിക്കുന്നതിന്റെ അവസാനത്തെ പടിയെന്നത്, മറ്റുള്ളവരോടു ക്ഷമി ക്കുകയെന്ന ആശയത്തോടു നിങ്ങളുടെ വികാരങ്ങൾ എങ്ങനെ പ്രതികരി ക്കുന്നു എന്നതാണ്. ലളിതമായിപ്പറഞ്ഞാൽ, അവ ഉഗ്രമാകുകയാണ്. വികാ രങ്ങൾക്ക് അവയുടേതായ ഒരു മനസ്സുണ്ടെന്നതു തീർച്ചയാണ്. അവയെ നാം നിയന്ത്രിച്ചില്ലെങ്കിൽ അവ നമ്മെ നിയന്ത്രിക്കും. *നിങ്ങളുടെ വികാരങ്ങ ൾക്ക് അപ്പുറമായി ജീവിക്കുക* (Living Beyond Your Feelings) എന്നൊരു പുസ്തകം ഞാൻ എഴുതിയിട്ടുണ്ട്. നിങ്ങളുടെ വികാരങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചയ്ക്കായി അു വായിക്കുന്നതിനു ഞാൻ ശുപാർശ ചെയ്യുന്നു.

നമ്മുടെ വികാരങ്ങൾ ഒരിക്കലും ഇല്ലാതാക്കാൻ പോകുന്നില്ല. പക്ഷേ, അവയെ നിയന്ത്രിക്കാൻ നാം പഠിക്കണം. ഇഷ്ടമില്ലാത്തപ്പോൾപ്പോലും ശരിയായ കാര്യം ചെയ്യാൻ നാം പഠിക്കേണ്ടതുണ്ട്. എന്റെ ഭർത്താവിനോടു ദേഷ്യപ്പെട്ടിരിക്കുമ്പോൾപ്പോലും, അദ്ദേഹത്തോടു സംസാരിക്കാനും അദ്ദേ ഹത്തെ നന്നായി പരിചരിക്കാനും എനിക്കു കഴിയും. എന്റെ അനുഭവ

ത്തിൽനിന്നാണു ഞാൻ അതു പഠിച്ചത്. അദ്ദേഹത്തോടു ക്ഷമിക്കാനുള്ള പ്രക്രിയയിൽ ദൈവത്തോടുകൂടെ ഞാൻ പ്രവർത്തിക്കുമ്പോഴാണ് അതു സാധിക്കുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ആ കണ്ടുപിടിത്തം മഹത്തായിരുന്നു. കാരണം, ദിവസങ്ങളോളം കോപിച്ച്, എന്റെ *വികാരങ്ങൾ* എന്നെ വേദനിപ്പിക്കാതാകുന്നതുവരെ അദ്ദേഹത്തെ എന്റെ ജീവിതത്തിൽനിന്നു ഞാൻ പുറത്താക്കിയിരുന്നു. അങ്ങനെ ഞാൻ വർഷങ്ങൾ പാഴാക്കിയിട്ടുണ്ട്. അതിന് എത്ര സമയം വേണ്ടിവരുമെന്ന് ഞാനൊരിക്കലും അറിഞ്ഞിരുന്നില്ല. അദ്ദേഹം പെട്ടെന്നു ക്ഷമ പറഞ്ഞാൽ നൊടിയിടയിൽ അതു സാധിച്ചിരുന്നു. എന്നാൽ അദ്ദേഹം ചിന്തിക്കാതെ, അല്ലെങ്കിൽ എന്തെങ്കിലും തെറ്റു ചെയ്തെന്ന് അദ്ദേഹത്തിനു മനസ്സിലാകാതെയിരിക്കുമ്പോൾ അദ്ദേഹം ക്ഷമ ചോദിക്കുകയില്ല. അങ്ങനെ വരുമ്പോൾ ദിവസങ്ങളും ആഴ്ചകളും വേണ്ടിവരും. ഒടുവിൽ, എനിക്കെന്റെ ക്ഷമാപണം ലഭിക്കുമ്പോൾ, ഞാൻ അദ്ദേഹത്തെ നന്നായി പരിചരിക്കും. എനിക്കു പകരമായി എന്റെ വികാരങ്ങൾ എന്നെ നിയന്ത്രിക്കുന്നതുകൊണ്ടാണത്. നമ്മെക്കുറിച്ചുള്ള ദൈവഹിതം അതല്ല.

പങ്കാളി എന്തെങ്കിലുമൊരു ചെറിയ തെറ്റു ചെയ്യുമ്പോഴാണ് നാം കോപിക്കുന്നത്. എന്നാൽ *വലിയ* തെറ്റുകൾ ചെയ്യുമ്പോഴോ? ക്ഷമിക്കാൻ വേണ്ടിയുള്ളവ ഏറെ മോശമായ കാര്യങ്ങളാണെങ്കിലോ? രണ്ടു സംഭവങ്ങൾ ഞാൻ പറയട്ടെ, പിന്നെ നിങ്ങൾ തീരുമാനിക്കുക. ഇവ വായിച്ചിട്ട്, സമാനമായ സാഹചര്യങ്ങളിൽ നിങ്ങൾ എങ്ങനെ പ്രതികരിക്കുമെന്നു ചിന്തിക്കുക.

കുറെ വർഷങ്ങൾക്കുമുമ്പ്, ജോയ്സ് മേയർ പ്രവർത്തനങ്ങളുടെ മുഖ്യ മാദ്ധ്യമ ഉദ്യോഗസ്ഥയായ ജിൻജർ സ്റ്റാഷെയുടെ ദാമ്പത്യജീവിതത്തിൽ വളരെ പ്രയാസമുണ്ടായി. അവളും ഭർത്താവായ റ്റിമ്മും അവരുടെ കഥ ഈ പുസ്തകത്തിലെഴുതാൻ സമ്മതിച്ചു. വേദനിക്കുന്നവരെ വാസ്തവമായി സഹായിക്കണമെന്ന് അവർ ആഗ്രഹിച്ചതാണ് ഇതിനു കാരണം. ദാമ്പത്യബന്ധത്തിൽ ആഴമായ മുറിവേറ്റ സ്ത്രീകളോടു ജിൻജറിനു സവിശേഷമായ ആർദ്രതയുണ്ട്. ജിൻജറിന്റെ കഥ ഇതാ, അവളുടെ സ്വന്തം വാക്കുകളിൽ:

* * *

കോളജിൽ വച്ചു തന്നെ പ്രേമബന്ധത്തിലായ ഞങ്ങൾ വിവാഹിതരായിട്ട് പതിനഞ്ചു വർഷമായി, സുന്ദരികളായ രണ്ടു പെൺമക്കളും

ഞങ്ങൾക്കുണ്ട്. എന്റെ ഭർത്താവ് എനിക്ക് ഉത്തമസുഹൃത്തായിരുന്നു, ജീവിതവും നല്ലതായിരുന്നു. എന്നാൽ എന്റെ ഭർത്താവ് അശ്ലീലസാഹിത്യത്തിന് അടിപ്പെട്ടയാളാണെന്നു ഞാൻ കണ്ടപ്പോൾ, അദ്ദേഹം ആരാണെന്നുള്ളതിനെപ്പറ്റി ഞാൻ ചില ഭാവനകൾ കണ്ടു. അങ്ങനെ ഞങ്ങളുടെ ബന്ധം ഉലഞ്ഞു.

ഞാൻ കരുതിയതുപോലെ, ഞങ്ങൾ സന്തുഷ്ടദമ്പതികളല്ലായിരുന്നു. സഭയിൽ ഞങ്ങൾ സജീവമായിരുന്നു. സുവിശേഷസംഘടനയിൽ ഞാൻ പ്രവർത്തിച്ചിരുന്നു. പക്ഷേ അവയെല്ലാം പുറംപൂച്ചുകൾ മാത്രമായിരുന്നു. ഞാനാകെ നിരാശയായി, ഒറ്റിക്കൊടുക്കപ്പെട്ടവളായി.

എന്റെ വികാരങ്ങൾ തീവ്രമായിരുന്നു. ഞെട്ടൽ വെറുപ്പായും, വെറുപ്പു ദു:ഖമായും തീർന്നു. ഞാൻ ജീവിതം പങ്കുവെച്ച, ലോകത്തിലെ ഏറ്റവും നല്ലയാളാണെന്നു ഞാൻ കരുതിയ ആൾക്ക് ഇതു ചെയ്യാൻ എങ്ങനെ കഴിഞ്ഞു? ഇത്രയധികം ഞാൻ വഞ്ചിക്കപ്പെട്ടത് എങ്ങനെയാണ്? കള്ളം പിന്നെ എന്താണ്? വികാരങ്ങളുടെ പ്രളയത്തിൽ കോപം ആഴത്തിൽ വേരിറക്കി.

ഈ അറപ്പുളവാക്കുന്ന വസ്തു ഞങ്ങളുടെ വീട്ടിലേക്കും ദാമ്പത്യജീവിതത്തിലേക്കും കൊണ്ടുവരുന്നതു കൊണ്ടു ഞാൻ രോഷാകുലയായി. അദ്ദേഹം അവിശ്വസ്തനാണെന്നുള്ളതിനോടു ചിലർ വിയോജിച്ചേക്കാം. അതേസമയം എന്നെ സംബന്ധിച്ചിടത്തോളം അതൊരു ചോദ്യമേ അല്ലായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയവും മോഹങ്ങളുമെല്ലാം എന്റേതാണെന്നായിരുന്നു ഞാൻ ചിന്തിച്ചത്. അവ മറ്റെവിടെയോ ആയിരുന്നു. മറ്റു സ്ത്രീകളുടെ ചിത്രങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. യഥാർത്ഥത്തിലില്ലാത്ത, ഊതിവീർപ്പിച്ച ആ സമ്പൂർണ്ണത യഥാർത്ഥത്തിൽ നിലവിലില്ലാത്തതായിരുന്നു. എങ്ങനെയാണ് എനിക്കു മത്സരിക്കാനാവുക? എങ്ങനെയാണ് അദ്ദേഹത്തോട് എനിക്കു ക്ഷമിക്കാനാവുക? എന്തിനു ഞാനതിനു ശ്രമിക്കണം?

അദ്ദേഹവും ആശയക്കുഴപ്പത്തിലായിരുന്നു. അദ്ദേഹം ദീർഘകാലമായി ഒളിച്ചുവച്ചിരുന്ന കറുത്ത വസ്തു വെളിച്ചത്തുവന്നു. അദ്ദേഹം ലജ്ജിച്ചു, നടുങ്ങി, എങ്ങനെയോ അതിൽനിന്നു മോചനം നേടി. എന്തു വേണമെങ്കിലും ചെയ്യാമെന്ന് അദ്ദേഹം വാക്കുതന്നു. പക്ഷേ ഞാനതൊന്നും ശ്രദ്ധിച്ചില്ല. ഇനി അദ്ദേഹത്തെ എങ്ങനെയാണു ഞാൻ വിശ്വസിക്കുക? രണ്ടു പ്രാവശ്യം

എന്നെ കബളിപ്പിക്കാനൊക്കുകയില്ല. എനിക്കു നല്ല കരുത്തുണ്ടായിരുന്നു. ക്ഷമിക്കാതിരിക്കുന്നതിന് എന്റെ കോപമാണ് ഏറ്റവും നല്ല സുരക്ഷിതസ്ഥാനമെന്നു ഞാൻ കണ്ടെത്തി. വീണ്ടും വേദനയനുഭവിക്കാതിരിക്കാൻ അതെനിക്ക് അഭയം നൽകും.

എന്റെ കോപം ന്യായമായിരുന്നു. അശ്ലീലസാഹിത്യസംബന്ധിയായി രണ്ടു ചിന്തകളുണ്ടെന്നു കാണാം. കുഴപ്പമില്ല, ആരുമതിന് ഇരയാകുന്നില്ല, അതിനെക്കുറിച്ച് അത്ര ബേജാറാകാനൊന്നുമില്ല എന്നൊക്കെയാണു ചിലർ ചിന്തിക്കുന്നത്. അതു വിലകുറഞ്ഞതും വൈകൃതമുള്ളവർക്ക് മാത്രം പ്രശ്നമാകുന്നതും ക്രിസ്ത്യാനികളുടെയിടയിൽ പേരു പറയാൻ കൊള്ളാത്തത്ര ഹീനവുമാണെന്നു മറ്റുള്ളവർ കരുതുന്നു.

ഈ വൃത്തികെട്ട വസ്തു എന്റെ ജീവിതത്തിലേക്ക് ഇരച്ചുകയറിയപ്പോൾ, ഈ രണ്ടു ചിന്താഗതികളും തെറ്റാണെന്ന് എനിക്കു മനസ്സിലായി. ഞാനതിന്റെ ഇരയായിരുന്നു. എന്നെപ്പോലെയുള്ള മറ്റു പലരുമുണ്ടെന്നും ഞാൻ കണ്ടെത്തി. അവരിൽ പല ക്രിസ്ത്യാനികളും, തങ്ങളൊരിക്കലും അക്കാര്യത്തിൽ ഇടപെടുകയില്ലെന്നു ചിന്തിച്ചുകൊണ്ടു നിശ്ശബ്ദമായി സഹിക്കുകയായിരുന്നു. ഞാനങ്ങനെ ശാന്തമായിരിക്കാൻ ഉദ്ദേശിച്ചില്ല.

എനിക്കു തീരുമാനിക്കേണ്ടിയിരുന്നു. ഞങ്ങളുടെ ദാമ്പത്യജീവിതം ഇതിനെ അതിജീവിക്കുമോ? അതാണോ ഞാൻ ആഗ്രഹിച്ചത്? ഞങ്ങളുടെ മക്കളെ എങ്ങനെയാണ് ഇതു ബാധിക്കുക? അവരെക്കുറിച്ചാണ് എന്റെ വിചാരം മുഴുവൻ. യാഥാർത്ഥ്യം നിങ്ങൾ ഗ്രഹിച്ചാലുമില്ലെങ്കിലും ശരി, കോപത്തിന്റെ വിഷം നിങ്ങളുടെ ജീവിതത്തിന്റ ശിഷ്ടത്തെ മലിനമാക്കാതെ അത് ഒരാളിലേക്കു തന്നെ കേന്ദ്രീകരിക്കാൻ നിങ്ങൾക്കാവില്ല. എന്റെ പെൺമക്കൾക്ക് ഒരു നല്ല അമ്മയായിരിക്കാനുള്ള കഴിവിനെ ബാധിക്കാതെ, അഥവാ എന്റെ ജീവിതത്തിലെ ദൈവവിളിയിൽനിന്ന് എന്നെ അകറ്റാതെ എന്റെ വേദനയെ തടുക്കാൻ എനിക്കായില്ല.

ക്രിസ്തു സദാ എന്റെ സങ്കേതമായിരുന്നു. അവൻ എനിക്ക് അതായിരിക്കേണ്ടതിന് എന്റെ കോപത്തിൽ ശാന്തയായിരിക്കേണ്ടിയിരുന്നു. എന്റെ വേദനയിൽ അവനെ ഞാൻ തേടി. അവന്റെ നടത്തിപ്പു വ്യക്തമായിരുന്നു. അവൻ എന്നോട് ആവശ്യപ്പെട്ടത് എന്റെ കോപത്തെക്കാൾ (അഭിമാനത്തെക്കാൾ) പ്രാധാന്യമുള്ളതായിരുന്നു. അതു മാത്രമായിരുന്നു മറുപടി. ക്ഷമിക്കാൻ എന്നോടു കർത്താവ് ആവശ്യപ്പെടുകയായിരുന്നു.

എനിക്കതിനുള്ള കഴിവില്ലെന്നു ഞാനറിഞ്ഞു. പക്ഷേ റ്റിമ്മിനോടു ക്ഷമിക്കുന്നതാണു സൗഖ്യമാകാനുള്ള മാർഗ്ഗം. അതൊരു തീരുമാനമായിരുന്നു, ഒരു വികാരമല്ലായിരുന്നു. അതിലൂടെ എന്നോടൊപ്പം നടക്കാമെന്നുള്ള വാഗ്ദത്തം കർത്താവു നൽകി. എന്റെ ഭർത്താവിനെ വിശ്വസിക്കണമെന്നു കർത്താവ് ആവശ്യപ്പെട്ടില്ല; കർത്താവിനെ വിശ്വസിക്കാനാണ് അവൻ ആവശ്യപ്പെട്ടത്. എന്നോടു വളരെയധികം ക്ഷമിച്ച കർത്താവിനെ എങ്ങനെയാണ് ഞാൻ അനുസരിക്കാതിരിക്കുക?

ദിവസവും അനുസരിക്കേണ്ടുന്ന, വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമായിരുന്നു അത്. എന്നാൽ നമ്മൾ അവിശ്വസ്തരായിരിക്കുമ്പോൾപ്പോലും ദൈവം അത്യധികം വിശ്വസ്തനായിരിക്കുന്നു. ഒരു ക്രിസ്തീയ കൗൺസലിങ് വിദഗ്ദ്ധന്റെയടുത്തേക്ക് അവൻ ഞങ്ങളെ നയിച്ചു. ഞാൻ പാകിയ ക്ഷമയുടെ വിത്തു പതുക്കെ വളർന്ന്, പൂർണ്ണസൗഖ്യമായിത്തീർന്നു.

ഇപ്പോൾ പത്തു വർഷമായിരിക്കുന്നു, ഞങ്ങൾ കോളജിൽ വെച്ചു സ്നേഹിക്കുന്നവരാണ്. ദൈവത്തെ സ്നേഹിക്കുന്ന രണ്ടു പെൺമക്കളുള്ളവരും വിവാഹിതരായിട്ട് ഇരുപത്തഞ്ചുവർഷം കഴിഞ്ഞവരുമാണ്. എന്റെ ഭർത്താവ് എന്റെ ഉത്തമസുഹൃത്താണ്. ഞങ്ങൾ നന്നായി ജീവിക്കുന്നു. മുമ്പത്തേക്കാളേറെയായി, തികഞ്ഞതിനെക്കാളുപരി കരുത്തുറ്റ സ്നേഹമാണു ഞങ്ങളുടേത്. ആശയവിനിമയത്തിനും ദൈവത്തിൽ ആശ്രയിക്കുന്നതിനും ദിവസംതോറും ക്ഷമിക്കുന്നതിനും ഞങ്ങൾ കഠിനാദ്ധ്വാനം ചെയ്യുന്നു.

* * *

മിക്ക അമിഷ് കുട്ടികളെയുംപോലെ ജോനാസ് ബെയ്‌ലറും വളർന്നു. ദൈവത്തെയും കുടുംബത്തെയും സ്നേഹിച്ച അവൻ ജോലിയിൽ നല്ല ധാർമ്മികബോധമുള്ളവനായിരുന്നു. അമിഷ് സമൂഹത്തിന്റെ മുഖമുദ്രയായി അതിനെയാണല്ലോ അധികംപേരും ഇന്നു കരുതുന്നത്. ക്ഷമയുടെ ശക്തിയെ അവർ വിസ്മയകരമായി മുറുകെപ്പിടിക്കുന്നു.

ഒരു മെക്കാനിക്ക് കട സ്വന്തമാക്കുകയെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ജോനാസ് അമിഷ് സമൂഹത്തെ വിട്ടുപോയി. "കുതിരശക്തിയെക്കാൾ എനിക്കു കുതിരയെയാണ് ഇഷ്ടം"– ഇതു ജോനാസ് കൂടെക്കൂടെ പറഞ്ഞിരുന്നു. സുന്ദരിയായ ആനിനെ അവൻ വിവാഹം കഴിച്ചു. ഇപ്പോൾ

നിങ്ങൾക്ക് "ആനിയാന്റി" യെന്ന, ലോകപ്രസിദ്ധനായ മനസ്സലിവുള്ള വ്യക്തിയെ അറിയാമായിരിക്കും.

ആനിന്റെ കുടുംബത്തിന്റെ കൃഷിയിടത്തിൽ ജോനാസും ആനും ലളിതജീവിതം നയിച്ചു. അവർ സന്തുഷ്ടദമ്പതികളായിരുന്നു. ജോനാസ് ഒരു മെക്കാനിക്ക് ആയിരുന്നു. ആൻ രണ്ടു പെൺമക്കളായ ലാവോണയെയും ആൻജിയെയും വളർത്തുന്ന തിരക്കിലുമായിരുന്നു. ഉണർവ്വുള്ള ഒരു സഭയുടെ സ്ഥാപകാംഗങ്ങളെന്ന നിലയിൽ, ഒഴിവുസമയങ്ങൾ മിക്കവാറും അവർ പാസ്റ്ററോടൊപ്പം തോളോടു തോൾ ചേർന്നു പ്രവർത്തിച്ചു. അദ്ദേഹം ജോനാസിന്റെ ഉത്തമസ്നേഹിതനായിരുന്നു. യുവശുശ്രൂഷകരെന്ന നിലയിൽ ജോനാസ് ദമ്പതികളെ വളരെയേറെ ഈ പാസ്റ്റർ ആശ്രയിച്ചു. പക്ഷേ അക്കാലത്ത് അവർ അനുഭവിച്ച സംതൃപ്തി അത്യഗാധമായ ഇരുട്ടിലേക്കു മറയുന്ന നിലയിലായി. അതു ഭയങ്കരമായിരുന്നു. അവരുടെ ജീവനെത്തന്നെ അവകാശപ്പെടുന്നത്ര നിലയിലായിയെന്നാണ് അവർ പറയുന്നത്.

ആനും ജോനാസും അകന്നകന്നു പോയി. ഒരു അപകടത്തിന്റെ ദുരന്തത്തിൽ വിലപിച്ച അവരിരുവരും കഷ്ടപ്പെട്ടു. പത്തൊൻപതു മാസം പ്രായമുള്ള മകൾ ആൻജിയെ അവർക്കു നഷ്ടമായി. ആൻ തീർത്തും നിരാശയായി. ആൻജിയുടെ മരണം മൂലം ആനിനുണ്ടായ സംഘർഷത്തിനുവേണ്ടി, ഒരു ഞായറാഴ്ച അവരുടെ പാസ്റ്റർ പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്കുശേഷം ജോനാസിനെ വിളിക്കാൻ ആനിനെ പാസ്റ്റർ ക്ഷണിച്ചു. സംഭവിച്ചതു ജോനാസിനോട് ആൻ പറഞ്ഞു. ആനിന്റെകൂടെ പാസ്റ്ററെ കാണാൻ പോകുന്നത് ഒരു നല്ല കാര്യമായി ജോനാസിനു തോന്നി. അദ്ദേഹം പെട്ടെന്ന് അതിനു സമ്മതിച്ചു. എല്ലാറ്റിലുമുപരി, ആനിനെ സഹായിക്കാൻ തനിക്കു കഴിയില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു, ഒരുപക്ഷേ പാസ്റ്റർക്കു കഴിഞ്ഞേക്കാം.

പാസ്റ്ററുമായുള്ള കൂടിക്കാഴ്ചയിൽ എന്തോ കുഴപ്പമുണ്ടെന്നു തുടക്കത്തിൽതന്നെ ആനിനു തോന്നി. വിശ്വാസത്തിന്റെ കുരുക്ക് എന്ന അവളുടെ പുസ്തകത്തിൽ ഒരു കൂടിക്കാഴ്ചയുടെ വിവരണം നൽകുന്നത് ഇങ്ങനെയാണ്: "ആൻജിയെക്കുറിച്ചു സംസാരിക്കുമ്പോൾ എനിക്കെത്ര സന്തോഷമായിരുന്നെന്നു വിശ്വസിക്കാനാവുന്നില്ല, അവൾ മരിച്ച ദിവസം എങ്ങനെയാണ് എനിക്കനുഭവപ്പെട്ടത്..... ഞാൻ വിട്ടുപോകേണ്ടുന്ന ദിവസം വന്നപ്പോൾ..... പാസ്റ്റർ എന്നെ ദീർഘനേരം കെട്ടിപ്പിടിച്ചു... എന്നാൽ ഈ സമയം ഞാൻ അദ്ദേഹത്തെ നോക്കിയപ്പോൾ... അദ്ദേഹം എന്നെ ചുംബിച്ചു... ഒടു

വിൽ എന്നെ വിട്ടിട്ട് അദ്ദേഹം പറഞ്ഞു, 'ആൻ എനിക്കൊരു കാര്യം മനസ്സിലായി, ജോനാസിനു തരാൻ കഴിയാത്ത ആവശ്യങ്ങൾ നിനക്കുണ്ട്. എനിക്ക് അവ നിറവേറ്റാൻ കഴിയും.' എന്റെ കാറിനടുത്തേക്ക് ഞാൻ ഓടിയപ്പോൾ എനിക്കൊരു കാര്യം തീർച്ചയായിരുന്നു: ഒരിക്കലും ഇതു ജോനാസിനോടു പറയരുത്...അദ്ദേഹം എന്നെ വിശ്വസിക്കുകയേയില്ല."

ആ രഹസ്യം സൂക്ഷിക്കുന്നത് ഒരു ഭീമാബദ്ധമാണ്. അതും മറ്റാരുടെയുമല്ല, ആനിന്റെ ജീവിതത്തോടു സംസാരിക്കുന്ന പാസ്റ്റർ തന്നെയാണ്. അയാളുടെ ഇംഗിതത്തിന് അവൾക്ക് എളുപ്പത്തിൽ ഇരയാകാമായിരുന്നു. ആറു വർഷത്തെ ബന്ധത്തിലുടനീളം തന്റെ ഉത്തമസ്നേഹിതന്റെ വിശ്വസ്തത ഒരിക്കൽപ്പോലും ജോനാസ് ചോദ്യം ചെയ്തില്ല. തന്റെ ഭാര്യയെ അയാൾ സ്വന്തമാക്കിയെന്നും കരുതിയില്ല.

ആ ബന്ധത്തിൽനിന്ന് ആൻ സ്വതന്ത്രയായപ്പോൾ, സംഭവിച്ചതു ജോനാസിനോടു പറയണമെന്ന് അവൾ തീരുമാനിച്ചു. ജോനാസ് പറയുകയാണ്. "അവൾ പോയിക്കഴിഞ്ഞപ്പോൾ ഞാൻ ഭിത്തിയിലേക്കു തുറിച്ചുനോക്കി... എന്റെ മനസ്സ് ഏതോ ഇരുട്ടിലേക്കു പോകുന്നതുപോലെ തോന്നി... "ദൈവമേ, ഇനിയൊരു പ്രഭാതം എന്നെ കാണിക്കരുതേ" എന്നായിരുന്നു എന്റെ പ്രാർത്ഥന."

പിറ്റേന്ന് ജോനാസ് തന്റെ സഭയിൽ സംസാരിക്കുന്ന കൗൺസലിങ് വിദഗ്ദ്ധനെ വിളിച്ചു സംഭവിച്ചതെല്ലാം പറഞ്ഞു. ആ ഫോൺ സംഭാഷണം ജോനാസിനെ ക്ഷമാപണത്തിന്റെ പാതയിലേക്കു നടത്തി. ജോനാസിനു മാത്രമല്ല, കുടുംബത്തിനു മുഴുവൻ സൗഖ്യം നൽകുന്നതായിരുന്നു അത്. കൗൺസലർ ജോനാസിനോടു പറഞ്ഞത്, അദ്ദേഹത്തിന്റെ ജീവിതത്തെ എന്നേക്കുമായി എന്തോ മാറ്റിയെന്നായിരുന്നു. അദ്ദേഹം ജോനാസിനോടു പറഞ്ഞു, "നിങ്ങളുടെ ദാമ്പത്യബന്ധം രക്ഷപ്പെടണമെങ്കിൽ, ക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങളുടെ ഭാര്യയെ സ്നേഹിച്ചെങ്കിലേ കഴിയൂ."

ചിലരെ സംബന്ധിച്ചിടത്തോളം, ഒറ്റിക്കൊടുക്കൽ മൂലമുണ്ടാകുന്ന കോപം ശമിപ്പിക്കാൻ ഈ വാക്കുകൾ മതിയാകുന്നതല്ല. പക്ഷേ ജോനാസിന് അതു മതിയായിരുന്നു. ക്ഷമാപണപ്രക്രിയ ആരംഭിക്കാനുള്ള തന്റെ കഴിവിനെ അദ്ദേഹം പ്രകടമാക്കിയത് ഇങ്ങനെയായിരുന്നു: "എങ്ങനെയാണെന്നറിയില്ല, എന്റെ വിശ്വാസവും ഞാൻ വളർന്ന സമ്പന്നമായ വിശ്വാസപാരമ്പര്യവും നിമിത്തം, മുമ്പൊരിക്കലുമില്ലാത്ത നിലയിൽ ആത്മാവിന്റെ

ആഴത്തിലേക്കു ഞാൻ എത്തിച്ചേർന്നു. ഒരിക്കലും സാധിക്കില്ലെന്നു ഞാൻ കരുതിയവ ചെയ്യാനുള്ള കൃപ ദൈവം എനിക്കു നൽകുന്നതായിരുകണ്ടു... അതായിരുന്നു എന്റെ ഏക പ്രത്യാശ: ക്രിസ്തു എന്നെ സ്നേഹിച്ചത് എങ്ങനെയെന്നു ഞാൻ കണ്ടെത്തിയപ്പോൾ, അതേ രീതിയിൽ, എന്റെ ഭാര്യയെ സ്നേഹിക്കാൻ എനിക്കു കഴിയുമെന്നും മനസ്സിലായി."

ദൈവത്തിന്റെ സ്നേഹം ഗ്രഹിക്കത്തക്കനിലയിലേക്കു ജോനാസിനെ ദൈവം കൊണ്ടുവന്നു. അതിനു പ്രതിഫലമായി ആനിന് ആ സ്നേഹം തിരിച്ചുകൊടുക്കാനും അവളോടു ക്ഷമിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ക്രിസ്തുവിന്റെ ക്ഷമയായിരുന്നു അത്. ആ ക്ഷമ നമുക്കു നൽകുന്നതിനുവേണ്ടിയായിരുന്നു ക്രിസ്തു മരിച്ചത്. എന്നിരുന്നാലും, ജോനാസ് നിങ്ങളോടു പറയുന്നതുപോലെ, ഒറ്റരാത്രി കൊണ്ട് അവരുടെ ദാമ്പത്യബന്ധം പുന:സ്ഥാപിതമായില്ല. അദ്ദേഹം പറയുകയാണ്, ആ വേദനയിലും ആശയക്കുഴപ്പത്തിലും നിരുത്സാഹത്തിലും എവിടെയോവെച്ച് ഞാനൊരു തീരുമാനമെടുത്തു...എനിക്ക് എന്തു തോന്നിയാലും വിഷയമല്ല, ചെയ്യാവുന്നതിൽ ഏറ്റവും നല്ല കാര്യം ഞാൻ തുടർന്നും ചെയ്യും...ഇന്നെനിക്കറിയാം അതു ശ്രേഷ്ഠമായ കാര്യമായിരുന്നു, കാരണം അതിനു സന്തോഷപ്രദമായ ഒരു അവസാനമുണ്ടായി. പക്ഷേ...അരക്ഷിതത്വം ഇപ്പോഴുമുണ്ട്. വേദനയില്ലാത്ത ഒരു വിവാഹജീവിതം ലഭിക്കുമെന്ന് ഇതിനർത്ഥമില്ല. എന്നാൽ യഥാസ്ഥാപനം സാദ്ധ്യമാണ്. എപ്പോഴൊക്കെ എന്റെ ഭാര്യയെ പരിചയപ്പെടുത്തേണ്ടിവരുമോ, അപ്പോഴെല്ലാം എന്റെ ഉത്തമസുഹൃത്തും ഭാര്യയും മക്കളുടെയെല്ലാം അമ്മയും കൊച്ചുമക്കളുടെ വല്ല്യമ്മച്ചിയുമായിട്ടാണു ഞാൻ പരിചയപ്പെടുത്താറുള്ളത്. ആ ഇരുണ്ട കാലയളവുകളിലൂടെ ഞങ്ങൾ പോയിക്കൊണ്ടിരുന്നപ്പോൾ എനിക്ക് ഇങ്ങനെ പറയാൻ കഴിഞ്ഞിരുന്നെങ്കിലെന്നു ഞാൻ സ്വപ്നം കണ്ടിരുന്നു:

"ക്രിസ്തുവിന്റെ സ്നേഹം നിമിത്തം എന്റെ സ്വപ്നം യാഥാർത്ഥ്യമായി."

* * *

ന്യായമായ ഹൃദയവേദനയ്ക്കു തിരി കൊളുത്തിയ ഭയങ്കരമായ സാഹചര്യങ്ങളാണു മുകളിൽപ്പറഞ്ഞ സംഭവങ്ങളിലെ വ്യക്തികൾ അഭിമുഖീകരിച്ചത്. അവർക്കു വിവാഹമോചനം നടത്തിയങ്ങു പോകാമായിരുന്നു. എന്നാൽ നന്ദിയോടെ പറയട്ടെ, ദൈവത്തിന്റെ ദയ, കൃപ എന്നിവ മൂലം അവർക്കു

ക്ഷമിക്കാൻ കഴിഞ്ഞു. അതേ, അതു വിസ്മയിപ്പിക്കുന്നതാണ്. മാത്രമല്ല, നാം സേവിക്കുന്ന ദൈവം അത്ഭുതവാനാണ്! നാം ഇപ്പോൾ വായിച്ച തരത്തിലുള്ള വേദനയോടു വൈകാരികമായി പ്രതികരിക്കാനുള്ള ഉപകരണങ്ങൾ ദൈവം നമുക്കു നൽകിയിട്ടുണ്ട്. അതിനു ദൈവത്തിനു നന്ദിയർപ്പിക്കാം. ദൈവത്തിനു കഴിയാത്ത ഒരു കാര്യവുമില്ലെന്നതു സത്യമാണ്.

നമ്മുടെ വികാരങ്ങളാണു നമ്മളെ നിയന്ത്രിക്കുന്നതെങ്കിൽ, നാം സാത്താന്റെ നിയന്ത്രണത്തിലാണ്. നമുക്കു മോശമായ വികാരങ്ങൾ നൽകിയിട്ട് അതിനനുസരിച്ചു നാം പെരുമാറാനാണ് അവന്റെയാഗ്രഹം. ഇതൊരിക്കലും നടക്കുകയില്ലെന്നു നിങ്ങൾക്കു തീർച്ചയായും കാണാം. നമ്മുടെ വികാരങ്ങൾക്കതീതമായി ജീവിക്കാൻ നാം പഠിക്കണം. നമുക്കു മനസ്സുണ്ടെങ്കിൽ, നമ്മളെ വേദനിപ്പിച്ചവരോടു നമുക്കു ക്ഷമിക്കാനാവും. ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും ശത്രുക്കൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാൻ കഴിയും. ആളുകളോടു സംസാരിക്കുന്നതിനും, അഥവാ അവരെക്കുറിച്ചു ദയാരഹിതമായി സംസാരിക്കാതിരിക്കാനും നമുക്കു കഴിയും. നമുക്ക് എങ്ങനെ തോന്നിയാലും ശരി, ദൈവഹിതം നമുക്കു ചെയ്യാനാവും.

നമ്മുടെ ആത്മാവിന്റെ ഭാഗമാണു വികാരങ്ങൾ. നല്ല വികാരങ്ങൾക്കു നല്ല ഫലങ്ങളുളവാക്കാൻ കഴിയും. അപ്പോൾത്തന്നെ അവയ്ക്കു വിപരീതമായ ഫലങ്ങളുമുണ്ടാക്കാനാവും. അവയ്ക്കു സാത്താനെയോ ദൈവത്തെയോ സേവിക്കാം. ഏതു വേണമെന്നു തിരഞ്ഞെടുക്കേണ്ടതു നമ്മളാണ്. ആരെങ്കിലും എന്റെ വികാരങ്ങളെ വേദനിപ്പിക്കുമ്പോൾ, മുറിവേറ്റ ഈ വികാരങ്ങൾ എന്നെ നിയന്ത്രിക്കാൻ ഞാൻ അനുവദിക്കുന്നു. അങ്ങനെ ഞാൻ സാത്താന്റെ കളിപ്പാവയാകുന്നു. നേരേമറിച്ച്, എനിക്കെന്തു തോന്നിയാലും ശരി, ദൈവം കല്പിച്ചതു ഞാൻ ചെയ്യുമ്പോൾ, എന്റെ വികാരങ്ങളുടെ മേൽ മാത്രമല്ല, സാത്താന്റെ മേലും ഞാൻ അധികാരം പ്രയോഗിക്കുകയാണ്. നൊടിയിടയിൽ ക്ഷമിക്കാനും എന്നെ വേദനിപ്പിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാനുമുള്ള വലിയ ശക്തിയും സംതൃപ്തിയും ഞാൻ കണ്ടെത്തിയിട്ടുണ്ട്. എനിക്ക് എന്തു തോന്നിയാലും ശരി, അതാണു ഞാൻ ചെയ്യേണ്ടുന്ന ശരിയായ കാര്യമെന്ന് എനിക്കറിയാം. എപ്പോഴും ശരിയായ കാര്യം ചെയ്യുന്നത് ആഴമേറിയ ആത്മീയസംതൃപ്തിയും നമുക്കു നൽകുന്നു.

നിങ്ങളുടെ തോന്നലല്ല യഥാർത്ഥത്തിലുള്ള നിങ്ങൾ. നിങ്ങളുടെ തീരുമാനങ്ങളുടെ “മേലധികാരി” ദൈവഹിതമാണ്. അതു നിങ്ങൾക്ക് ഊർജ്ജം പകരും. വികാരങ്ങൾക്കു മാറ്റം മറിച്ചിലുകളുണ്ടാകുമ്പോഴും അതുതന്നെ

സംഭവിക്കും. അവ മുങ്ങിത്താഴുമ്പോൾ, നമുക്ക് ഉറച്ചുനിൽക്കാം. നമുക്ക് എന്തുതന്നെ തോന്നിയാലും സാരമില്ല, ശരിയായ കാര്യം ചെയ്യാൻ നാം തീരുമാനിച്ചാൽ, നമ്മുടെ തീരുമാനത്തോടു വികാരങ്ങൾ ക്രമേണ പൊരുത്തപ്പെടും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ശരിയായ കാര്യമാണോ ചെയ്യുന്നതെന്നു തോന്നാൻവേണ്ടി നാം കാത്തിരിക്കേണ്ടതില്ല; നാം ശരി ചെയ്യുന്നു, പിന്നെയാണു തോന്നലുണ്ടാകുന്നത്. അവ അപ്പോഴും മാറിമറിഞ്ഞേക്കാം. പക്ഷേ ദൈവഹിതത്തോട് അനുസരണം കാട്ടാനുള്ള സ്ഥിരത നാം പുലർത്തുമ്പോൾ വികാരങ്ങൾക്കു പുരോഗതിയുണ്ടാകും. ദൈവം നിങ്ങളോട് ആവശ്യപ്പെടുന്നതു നാം ചെയ്യുമ്പോൾ, നിങ്ങളുടെ മുറിവേറ്റ വികാരങ്ങളെ ദൈവം സൗഖ്യമാക്കുമെന്ന് അവനിൽവിശ്വസിക്കാൻ കഴിയും. നിങ്ങളൊരു തീരുമാനമെടുക്കുമ്പോൾ നിങ്ങളുടെ വികാരങ്ങളുമായി കൂടിയാലോചന നടത്തരുത്. ഇതൊരു നല്ല കാര്യമാണ്. ദൈവത്തിന്റെ ആത്മാവും ജ്ഞാനവും നിങ്ങളെ നയിക്കട്ടെ. ഒരിക്കലും നിങ്ങളുടെ തോന്നലായിരിക്കരുത്.

മറ്റുള്ളവരുടെ പ്രവൃത്തിയെയും അവർക്കു നമ്മളോടുള്ള പെരുമാറ്റത്തെയും നമുക്കു നിയന്ത്രിക്കാനാവില്ല. എന്നാൽ അവരോടുള്ള നമ്മുടെ ഉത്തരവാദിത്വത്തെ നമുക്കു നിയന്ത്രിക്കാം. മറ്റുള്ളവരുടെ പെരുമാറ്റം നിങ്ങളെ നിയന്ത്രിക്കാൻ നിങ്ങളനുവദിക്കരുത്. നിങ്ങളുടെ സന്തോഷം അവൾ അപഹരിക്കരുത്. ഓർക്കുക, നിങ്ങളുടെ കോപത്തിന് അവരെ മാറ്റാനാവില്ല, എന്നാൽ പ്രാർത്ഥനയ്ക്കു കഴിയും.

## നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് എങ്ങനെയാണ്?

നിങ്ങളെ വേദനിപ്പിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു പ്രയാസമുള്ള കാര്യമാണെന്നതു നിഷേധിക്കുന്നില്ല. അതു സുഹൃത്തായാലും പരിചയമില്ലാത്തയാളാണെങ്കിലും സ്നേഹിക്കുന്നയാളാണെങ്കിലും ശരി. പക്ഷേ അതു ചെയ്യാനാവും. അതു മാത്രമല്ല, മിക്ക കാര്യങ്ങളെയും പോലെ, അതു നിരന്തരം ചെയ്യുമ്പോൾ എളുപ്പമാകുന്നു.

* * *

സാമ്പത്തികരംഗത്തു ദശാബ്ദങ്ങൾ ചെലവഴിച്ച ഒരു കഠിനാദ്ധ്വാനിയുണ്ടായിരുന്നു. അവരുടെ നാല്പതുകളുടെ തുടക്കത്തിൽ, ആ വ്യവസായത്തിലെ

ഏറ്റവും മികച്ച സ്ഥാപനം അവർക്ക് ഉന്നതമായ ഒരു ഉദ്യോഗം നൽകി. വമ്പിച്ച ശമ്പളവും മികച്ച ആനുകൂല്യങ്ങളും അവൾക്കു ലഭിച്ചു. ഇരുപതു വർഷമായി അവർ ആ കമ്പനിയിൽ ജോലി ചെയ്തു. സഹപ്രവർത്തകരും മറ്റു ജോലിക്കാരും അവരെ അത്യധികം ബഹുമാനിച്ചു. സാമ്പത്തികരംഗം ആടിയുലയുന്ന സാഹചര്യത്തിൽപ്പോലും, അവരുടെ ജോലി അങ്ങേയറ്റം സുരക്ഷിതമാണെന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നു. ഒരു പുതിയ ജോലിസ്ഥലത്തെ "പുതിയ കുട്ടി" യായിയിരിക്കുമെന്നതുകൊണ്ട് അവളതിന് ആഗ്രഹിച്ചിരുന്നോ?

ഒരു കമ്പനിയുടെ മേധാവി അവൾക്കൊരു പുതിയ ജോലി വാഗ്ദാനം ചെയ്തു. വർഷങ്ങൾക്കുമുമ്പ് ആ മനുഷ്യനുവേണ്ടി അവൾ ജോലി ചെയ്തിട്ടുണ്ട്. സ്റ്റീവ് എന്നായിരുന്നു അയാളുടെ പേര്. നല്ലൊരു മേലധികാരിയും കൊള്ളാവുന്നവനുമായിരുന്നു അയാൾ. നല്ല പെരുമാറ്റമൊക്കെ അയാൾ അവൾക്ക് ഉറപ്പു കൊടുത്തു. ഏറെ പ്രാർത്ഥിച്ചും ചിന്തിച്ചും കഴിഞ്ഞ്, തെരീസയും ഭർത്താവും ആ വാഗ്ദാനം സ്വീകരിക്കാൻ തീരുമാനിച്ചു.

പുതിയ ജോലി ഉഗ്രനായിരുന്നു. അവളുടെ കഴിവുകൾക്കനുസരിച്ച ഉത്തരവാദിത്വങ്ങളായിരുന്നു അവൾക്കു ലഭിച്ചത്. പുതിയ കമ്പനിയിൽ അവളങ്ങു വളർന്നു. ഒരു സഹപ്രവർത്തകയ്ക്ക് അവളോടത്ര കോളില്ലായിരുന്നു. ജാക്കിയെന്ന ആ സ്ത്രീ എല്ലാവരോടും അങ്ങനെയായിരുന്നു. സഹപ്രവർത്തകരുടെയും കീഴ്ജീവനക്കാരുടെയും പരാതികൾകൊണ്ട് അവളുടെ വ്യക്തിപരമായ ഫയൽ നിറഞ്ഞിരുന്നു. അവരോടെല്ലാം അവൾ മോശമായാണു പെരുമാറിയിരുന്നത്. മേലധികാരിയുൾപ്പെടെ എല്ലാവർക്കും അവളൊരു പ്രശ്നമായിരുന്നു. എല്ലാവർക്കും അതറിയാമായിരുന്നു. ജാക്കിയുമായി പൊരുത്തപ്പെട്ടുപോകാൻ തെരീസ കഴിയുന്നത്ര പ്രയത്നിച്ചു. അവൾക്കത്ര വിഷമമൊന്നുമുണ്ടായില്ല.

സമയം കടന്നുപോയപ്പോൾ, തെരീസയോടുള്ള ജാക്കിയുടെ പെരുമാറ്റം ദയാരഹിതവും ആക്ഷേപിക്കുന്നതുമായിത്തീർന്നു. തെരീസയെ ആ കമ്പനിയിൽ വേണ്ടായെന്നു ജാക്കി ആഗ്രഹിക്കുന്നുണ്ടെന്ന് അവൾ സംശയിച്ചു തുടങ്ങി. ഒരു ദിവസം കമ്പനിയുടെ ഒരു മീറ്റിങ്ങിൽവെച്ച്, മുറി നിറയെ വൈസ് പ്രസിഡന്റുമാർ ഇരിക്കുമ്പോൾ, അവരുടെ മുമ്പിൽവെച്ച് തെരീസയെ ജാക്കി താഴ്ത്തിക്കെട്ടി. ഒരു വലിയ അക്കൗണ്ട് നഷ്ടപ്പെട്ടുവെന്ന കള്ളവും ജാക്കി പറഞ്ഞു. അതിന്റെ മുഴുവൻ കാരണക്കാരിയും തെരീസയാണെന്നു കുറ്റപ്പെടുത്തുകയും ചെയ്തു.

രണ്ടു ദിവസം കഴിഞ്ഞ്, തെരീസയുടെ മേലധികാരി അവളെ അദ്ദേഹത്തിന്റെ ഓഫീസിലേക്കു വിളിച്ചു കഠിനമായി വഴക്കു പറഞ്ഞു. ജാക്കി അതേ കള്ളം അദ്ദേഹത്തോടും പറഞ്ഞു. തെരീസയ്ക്ക് ഒരു വാക്കു പോലും ന്യായം പറയാനനുവദിക്കാതെ, ജാക്കി പറഞ്ഞതെല്ലാം അയാൾ അംഗീകരിച്ചു. ജാക്കിയോടാണോ അതോ സ്റ്റീവിനോടാണോ ദേഷ്യപ്പെടേണ്ടതെന്നു തെരീസയ്ക്ക് അറിയില്ലായിരുന്നു. തെരീസയുടെ അൻപത്തൊന്നാമത്തെ വയസ്സിൽ, അവളുടെ ജോലി പോയി, അവളെ ആരും ജോലി ക്കെടുത്തില്ല.

ആകെ നിരാശയായ തെരീസ വീട്ടിലേക്കു മടങ്ങി. ഉറങ്ങുന്ന നേരമായപ്പോൾ, അവളുടെ ഭർത്താവ് ഉച്ചത്തിൽ പ്രാർത്ഥിച്ചു. പിന്നെ അവൾ പ്രാർത്ഥിക്കുന്നതും കാത്തിരുന്നു. എല്ലാ രാത്രിയിലും അവരുടെ പതിവായിരുന്നു അത്. അവൾ പ്രാർത്ഥിച്ചപ്പോൾ, ജാക്കിക്കും സ്റ്റീവിനും വേണ്ടി പ്രാർത്ഥിക്കുന്നതും കാത്തിരുന്നു. എല്ലാ രാത്രിയിലും അവരുടെ പതിവായിരുന്നു അത്. അവൾ പ്രാർത്ഥിച്ചപ്പോൾ, ജാക്കിക്കും സ്റ്റീവിനും വേണ്ടി പ്രാർത്ഥിക്കണമെന്ന് അവൾക്കു മനസ്സിലായി. ആ നിമിഷം അവൾ അവരെ വെറുത്തുവെന്ന് അവൾക്കറിയാമായിരുന്നു. അവളെ സംബന്ധിച്ചിടത്തോളം, രണ്ടുപേരും അവളെ ഒറ്റിക്കൊടുത്തവരാണ്. ഇപ്പോൾ അവൾക്കു ജോലിയില്ല. സ്റ്റീവിന്റെയും ജാക്കിയുടെയും ജീവിതം സാധാരണരീതിയിൽത്തന്നെയാണ്. *അവർക്കു*വേണ്ടി അവൾ പ്രാർത്ഥിക്കണമെന്നാണോ?

അവൾ പ്രാർത്ഥിച്ചു, "കർത്താവേ, എന്റെ ശത്രുക്കൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കണമെന്ന് എനിക്കറിയാം. യാതൊരു കാരണവുമില്ലാതെയാണ് അവർ – ജാക്കിയും സ്റ്റീവും – ഞങ്ങളുടെ ഭാവി അപകടത്തിലാക്കിയത്." എനിക്കവരോട് അതിയായ ദേഷ്യമുണ്ട്, അവർക്കു വേണ്ടി പ്രാർത്ഥിക്കാൻ എനിക്കിഷ്ടമില്ലെന്നു ഞാൻ സമ്മതിക്കുന്നു കർത്താവേ. എന്നാലും ഞാനതു ചെയ്യും. എന്നോടു ചെയ്തത് അവരെ ബോദ്ധ്യപ്പെടുത്തണമേ. യേശുക്രിസ്തുവിൻ നാമത്തിൽ, ആമേൻ.

ചില മാസങ്ങൾ, ഓരോ രാത്രിയിലും ജാക്കിക്കും സ്റ്റീവിനുംവേണ്ടി അവൾ പ്രാർത്ഥിച്ചു. അവളുടെ പ്രാർത്ഥനയ്ക്കു മാറ്റം വന്നുതുടങ്ങി. ഏറെത്താമസിയാതെ, ജാക്കിയുടെ കഠിനമായ ആത്സ്മ സൗഖ്യമാകുന്നതിനു വേണ്ടിയും തെരീസ പ്രാർത്ഥിക്കാൻ തുടങ്ങി. സഹപ്രവർത്തകരോടും കീഴ്ജീവനക്കാരോടുമുള്ള ജാക്കിയുടെ മനോഭാവം മൃദുവാകുന്നതിനും അവൾ ദയയുള്ളവളാകുന്നതിനും വേണ്ടി തെരീസ പ്രാർത്ഥിച്ചു. സ്റ്റീവ്, തെരീസയ്ക്കു പകരമായി നല്ലൊരു ജോലിക്കാരിയെ കണ്ടെത്തേണ്ടതിനും

അങ്ങനെ തെരീസയ്ക്കുവേണ്ടി ജോലി ചെയ്തവർക്കു നല്ലൊരു മേലധികാരിയെ ലഭിക്കുന്നതിനുവേണ്ടിയും പ്രാർത്ഥിച്ചു. എല്ലാവർക്കും അറിയാവുന്ന, സ്റ്റീവിന്റെ വ്യക്തിപരമായ ചില പ്രശ്നങ്ങൾക്കുവേണ്ടിയും തെരീസ പ്രാർത്ഥിച്ചു.

ജാക്കിയോടും സ്റ്റീവിനോടും തെരീസയ്ക്കുള്ള മനോഭാവത്തിന് അല്പാല്പമായി മാറ്റം വന്നു തുടങ്ങി. അവൾ തെരീസയ്ക്കുണ്ടാക്കിയ വേദന ഇപ്പോഴും അവശേഷിക്കുന്നുവെങ്കിലും, കാലക്രമേണ അതിനു കുറവു വന്നിട്ടുണ്ടെന്ന് അവൾ എന്നോടു പറഞ്ഞു. ദൈവം അവരെ അർത്ഥവത്തായി അനുഗ്രഹിക്കട്ടെയെന്ന് അവൾ പ്രാർത്ഥിച്ചു! ചില വർഷങ്ങൾക്കുശേഷം ജാക്കിയെ ജോലിയിൽനിന്നു പിരിച്ചു വിട്ടപ്പോൾ, തെരീസയ്ക്കു ദു:ഖം തോന്നി. അവൾ ജാക്കിയെ സന്ദർശിച്ചു. തെരീസ കാട്ടിയ ദയ ഏറ്റവും കൂടുതൽ അത്ഭുതപ്പെടുത്തിയത് അവളെത്തന്നെയായിരുന്നു. ദൈവം അവളിൽ മെല്ലെ പ്രവർത്തിക്കുകയായിരുന്നു.

അങ്ങനെ, നിങ്ങൾ എങ്ങനെയാണ് ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത്? അങ്ങു പ്രാർത്ഥിച്ചേക്കുക. ആദ്യമൊക്കെ അതു വേണമെന്നൊന്നും നിങ്ങൾക്കു തോന്നുകയില്ല. എന്നാൽ തെരീസയെപ്പോലെ, നിങ്ങളുടെ വികാരങ്ങളെക്കാൾ ദൈവത്തെ അനുസരിക്കുമെങ്കിൽ നിങ്ങൾക്കുതന്നെ ഉള്ളിൽ സൗഖ്യമനുഭവിക്കാൻ കഴിയും.

അദ്ധ്യായം

# 11

# ഒളിഞ്ഞിരിക്കുന്ന ക്ഷമിക്കാത്ത കാര്യം കണ്ടെത്തുക

ഇരുപത്തഞ്ചുവർഷം മുമ്പ് ഒരു ചൊവ്വാഴ്ച വൈകുന്നേരം ഞാൻ സഭയിൽ പോയതോർക്കുന്നു. അന്നു പാസ്റ്റർ പറഞ്ഞു, 'നമ്മളെ വേദനിപ്പിച്ചവരോടു ക്ഷമിക്കേണ്ടുന്നതിന്റെ ആവശ്യകതയെപ്പറ്റി ഇന്നു പ്രസംഗിക്കാം.' ആത്മ സംതൃപ്തിയോടെ ഞാൻ കരുതി, 'എനിക്ക് ആരോടും ക്ഷമിക്കാത്തതായി ഇല്ലേയില്ല.' എനിക്കാവശ്യമില്ലാത്ത ഒരു പ്രസംഗമാണ് അതെന്ന രീതിയിൽ ഞാനിരുന്നു. എന്നാൽ സമയം കഴിയുന്തോറും എനിക്കൊരു കാര്യം മന സ്സിലായി, എന്റെ ഹൃദയത്തിൽ ക്ഷമിക്കാതിരിക്കുന്ന അനുഭവമുണ്ട്, പക്ഷേ അത് ഒളിഞ്ഞിരിക്കുകയായിരുന്നു. ഞാൻ അതിൽനിന്ന് ഒളിഞ്ഞിരിക്കുക യായിരുന്നു എന്നു പറയുന്നതായിരിക്കും ഏറെ ശരി. നമ്മുടെ പാപത്തെ അഭിമുഖീകരിക്കുന്നതും അതിനെ പാപമെന്നു നാം വിളിക്കുന്നതും അപൂർവ്വമാണ്. നമ്മെ ഹാനികരമായി ബാധിക്കാത്തവയാണെങ്കിലും അവയെ നമ്മുടെ ഉള്ളിന്റെയുള്ളിൽ ആഴ്ത്തിവയ്ക്കാം. അവയുണ്ടെന്നു പോലും നമ്മൾ മനസ്സിലാക്കുകയില്ല. നമ്മെക്കുറിച്ചു നാം ചിന്തിക്കേണ്ട തിലും ഉയർന്ന നിലയിലാണു പലപ്പോഴും നാം ചിന്തിക്കുന്നത്. മറ്റുള്ളവ രുടെ കുറവുകൾ കണ്ടുപിടിച്ചു വിധിക്കുന്ന നമുക്ക്, നമ്മുടെ പാപം കാണാൻ കഴിയുന്നില്ല.

എന്റെ ജീവിതത്തിലെ രണ്ടു പ്രത്യേകസന്ദർഭങ്ങൾ അന്നു രാത്രിയിൽ ദൈവം എനിക്കു വെളി പ്പെടുത്തി. ക്ഷമിക്കാത്ത മനോഭാവം എനിക്കു ണ്ടെന്നു വ്യക്തമായി കാണിച്ചുതന്നു.

നഷ്ടപ്പെട്ട രണ്ടു സഹോദരന്മാരെക്കുറിച്ച് ദൈവവചനം നമ്മളോടു പറയുന്നുണ്ട്. ഒരാൾ പാപത്തിൽ നഷ്ടപ്പെട്ടു, മറ്റേയാൾ മതത്തിൽ നഷ്ടപ്പെട്ടു. വ്യത്യസ്തനിലകളിൽ അവർ രണ്ടുപേരും ദൈവത്തിൽനിന്ന് അകന്നുപോയവരാണ്. മുടിയൻ പുത്രന്റെ കഥയായിട്ടാണു നാം സാധാര ണമായി ഇതിനെ വിളിക്കുന്നത്. ഇളയമകൻ അവന്റെ വീതം സ്വത്തു വാങ്ങി വീടു വിട്ടുപോയി. പാപപങ്കിലമായ ജീവിതം നയിച്ച് അപ്പന്റെ പണം മുഴു വൻ പാഴാക്കിക്കളഞ്ഞു. മിക്ക പാപികളെയും പോലെ, അവന്റെ ജീവിതവും ഒരു വമ്പൻ നഷ്ടക്കച്ചവടത്തിലാണ് അവസാനിച്ചത്. പണമെല്ലാം തീർന്ന അവൻ ഒരു പന്നിവളർത്തൽകാരന്റെ വേലക്കാരനായി, പന്നിയുടെ ഭക്ഷണം അവന്റെയും ഭക്ഷണമായി. അവന്റെ ദയനീയാവസ്ഥ ഒന്നു പഠിച്ചാൽ, പിതാ വിന്റെ അടുക്കലേക്കു മടങ്ങാനും മാപ്പ് അപേക്ഷിക്കാനും, വീട്ടിലെ വേല ക്കാരനായെങ്കിലും പരിഗണിക്കാനും അഭ്യർത്ഥിക്കാൻ അവൻ തീരുമാനിച്ചു (ലൂക്കോസ് 15:11–21).

ഈ കഥയിലെ പിതാവ്, ദൈവത്തിന്റെ പ്രതീകമാണ്. മകന്റെ മടങ്ങിവ രവിൽ അദ്ദേഹം ആഹ്ലാദിച്ച്, അവന്റെ ബഹുമാനാർത്ഥം വലിയ വിരുന്നൊ രുക്കി. എന്നാലും മൂത്തപുത്രന് അത് അനിഷ്ടമായി. വിരുന്നിൽ പങ്കെടു ക്കേണ്ടതില്ലെന്ന് അവൻ തീരുമാനിച്ചു. ധാർമ്മികമായി ഉയർന്ന നിലയിലുള്ള ഒരു ജീവിതമാണ് താൻ നയിച്ചതെന്നായിരുന്നു അവന്റെ വിചാരം. അവൻ ചെയ്ത നല്ല കാര്യങ്ങളെല്ലാം അവൻ അപ്പനോടു പറഞ്ഞു. എന്നിട്ടും അപ്പൻ അവനൊരു വിരുന്നു കൊടുക്കാഞ്ഞത് എന്തുകൊണ്ടാണെന്നും അവൻ ചോദിച്ചു. ഇളയ സഹോദരൻ തിരിച്ചുവന്നത്, മതഭക്തനായ മൂത്ത മകന് ഇഷ്ടപ്പെട്ടില്ലെന്നാണ് നമുക്കു വ്യക്തമാകുന്നത്. അവനു കോപവും വൈരാഗ്യവുമുണ്ടായി. അവന്റെ സ്വയനീതിയിൽ അവൻ നഷ്ടപ്പെട്ടുപോയി. അവന്റെ നല്ല പ്രവൃത്തികളെക്കുറിച്ച് അവൻ അഭിമാനിച്ചിരുന്നു. ഈ മികച്ച സ്വീകരണത്തിനൊന്നും അനുജൻ അർഹനല്ലെന്നായിരുന്നു അവൻ കരുതിയിരുന്നത്. അനുജന്റെ ചീത്തയായ പെരുമാറ്റത്തെക്കാൾ ഹീനമായ താണു സ്വന്തം മനോഭാവമെന്ന് ഗ്രഹിക്കാൻ ജ്യേഷ്ഠനു കഴിഞ്ഞില്ല.

ആരെങ്കിലും അവന്റെയടുക്കൽച്ചെന്ന്, “നീ ഹൃദയപൂർവ്വം ക്ഷമിക്കു ന്നില്ല്” എന്നു പറഞ്ഞാൽ അവനതു വിശ്വസിക്കുകയില്ല. അവന്റെ ധാർമ്മി

കമായ നീതിപ്രവൃത്തികളെക്കുറിച്ചുള്ള ചിന്ത, അവന്റെ കണ്ണിനെ അന്ധമാക്കിയതിനാൽ അവന്റെ പാപം കാണാൻ അവനു കഴിഞ്ഞില്ല. വാസ്തവത്തിൽ അവൻ നല്ലവനായിരുന്നു, പ്രമാണങ്ങളെല്ലാം അനുസരിച്ചുപോന്നു. എന്നാൽ അവന്റെ ഹൃദയം ശരിയല്ലാഞ്ഞതിനാൽ ദൈവം അവനിൽ പ്രസാദിച്ചില്ല. സമയമെടുത്ത് സ്വന്തം മനോഭാവം അവൻ പരിശോധിച്ചിരുന്നെങ്കിൽ, തനിക്കും പാപക്ഷമ ആവശ്യമാണെന്ന് അവനു മനസ്സിലായേനെ.

## ക്ഷമിക്കാതിരിക്കൽ വെളിപ്പെടുത്തുന്ന ആറു മനോഭാവങ്ങൾ

*ക്ഷമിക്കാതിരിക്കൽ സദാ കണക്കു സൂക്ഷിക്കുന്നു*

നീതിപ്രവൃത്തികളുടെ ഒരു പട്ടിക ഉരുവിട്ടുകൊണ്ടു മൂത്ത സഹോദരൻ പിതാവിനോടു പറഞ്ഞു, "ഇത്രയും കാലം ഞാൻ അവനെ സേവിച്ചു." അവന്റെ സൽപ്രവൃത്തികൾ അവൻ എണ്ണി. എത്ര വർഷം അവൻ നല്ല രീതിയിൽ പെരുമാറിയെന്നും അവൻ കണക്കാക്കി. അവൻ കണക്കു സൂക്ഷിച്ചതുപോലെ നമ്മളും സൂക്ഷിക്കുന്നുണ്ട്. നമ്മുടെ നല്ല പ്രവൃത്തികളുടെയും മറ്റുള്ളവരുടെ പാപങ്ങളുടെയും രേഖ നമ്മുടെ കൈവശമുണ്ട്. നാം താരതമ്യപ്പെടുത്തുന്നു. നമ്മുടെ ചിന്തയിൽ, മറ്റുള്ളവർക്കു മുകളിലാണ് നമ്മുടെ സ്ഥാനം. ഈ തരംതിരിക്കൽ തകർക്കാനാണ് യേശു വന്നത്. നാം പാപം ചെയ്താൽ അവൻ മാത്രമാണു നമ്മുടെ സഹായം. നാം നന്മ ചെയ്താൽ, അതിന് അവൻ നമുക്കു കഴിവു നൽകിയതു നിമിത്തമാണ്. നാം ഏതു നല്ല കാര്യം ചെയ്താലും അതിന്റെ മഹത്വം കർത്താവിനാണ്. അവനെക്കൂടാതെ നമ്മൾ ഒന്നുമല്ല, നാം എന്തുതന്നെയായാലും അത് അവനിലാണ്. അതിനാൽ സകല തരംതിരിവുകളും ഇല്ലാതായി, നാമെല്ലാം ക്രിസ്തുവിൽ ഒന്നാണ്.

മൂത്ത സഹോദരൻ അവന്റെ സൽപ്രവൃത്തികളും അനുജന്റെ പാപങ്ങളും എണ്ണിത്തിട്ടപ്പെടുത്തി. ക്ഷമിക്കാതിരിക്കുന്ന മനോഭാവം നമുക്കുണ്ടെന്നുള്ളതിന്റെ ഒരു അടയാളമാണിത്. സഹോദരനോട് എത്ര തവണ ക്ഷമിക്കണമെന്നു പത്രോസ് ചോദിച്ചു (മത്തായി 18:21-22). തെറ്റുകളുടെ ഒരു രേഖ പത്രോസിന്റെ പക്കലുണ്ടായിരുന്നെന്നു വ്യക്തമാണ്. സ്നേഹം തെറ്റുകളുടെ രേഖ സൂക്ഷിക്കുന്നില്ല (1 കൊരി. 15:5). യേശുവിനെ അനുസരിച്ച്, അവൻ കാണിച്ചുതന്ന സ്നേഹത്തിൽ നാം നടന്നാൽ, തെറ്റുകളുടെ രേഖ

നാം സൂക്ഷിക്കുകയേ ഇല്ല. ക്ഷമിക്കുമ്പോൾ നാം പൂർണ്ണമായി ക്ഷമിക്കുന്നു. അതിനർത്ഥം നാം അതു വിട്ടുകളഞ്ഞിട്ട് പിന്നെ ഓർക്കാതിരിക്കുന്നുവെന്നാണ്. ശ്രമിച്ചാൽ നമുക്ക് ഓർക്കാനാവും, പക്ഷേ അതിന്റെയാവശ്യമില്ല. ക്ഷമിച്ചിട്ട്, അതു വിട്ടുകളയാം പിന്നെ അതിനെക്കുറിച്ചു ചിന്തിക്കുകയോ പറയുകയോ ചെയ്യാതിരിക്കാം.

എന്നെ കോപിപ്പിക്കാൻ എന്റെ ഭർത്താവ് ചെയ്തതെല്ലാം എണ്ണിപ്പെറുക്കുന്ന ഒരു കാലമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പോരായ്മകളെല്ലാം എനിക്കറിയാമായിരുന്നു. വിശ്വസിച്ചാലുമില്ലെങ്കിലും ശരി, അദ്ദേഹത്തിനൊരു മാറ്റമുണ്ടാകാൻ ഞാൻ തുടർച്ചയായി പ്രാർത്ഥിക്കുന്നുവെന്ന നിഗളം എനിക്കുണ്ടായിരുന്നു. അതേ, അദ്ദേഹത്തിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചിട്ട്, എന്റെ മോശമായ മനോഭാവം കാണാതെ കണ്ണടയ്ക്കുകയും ചെയ്തുപോന്നു! അദ്ദേഹം ഒടുവിലായി എന്നെ ദേഷ്യം പിടിപ്പിച്ച, അലോസരപ്പെടുത്തിയ സന്ദർഭം എപ്പോഴാണെന്ന് ഇപ്പോൾ എനിക്കു നിങ്ങളോടു പറയാൻ കഴിയില്ല. അദ്ദേഹത്തിന്റെ കുറവുകൾ രേഖപ്പെടുത്തുന്ന പരിപാടി ഞാൻ നിർത്തി. അത് എനിക്ക് ഉപകാരമാവുകയും ചെയ്തു. ഇപ്പോൾ എനിക്കു സന്തോഷമുണ്ട്. എന്റെ ജീവിതത്തിലുണ്ടായിരുന്ന ഒരു ബലവത്തായ പിടി സാത്താനു നഷ്ടമായതുകൊണ്ട് അവനു സന്തോഷമില്ല.

മറ്റുള്ളവർ നിങ്ങളോടു ചെയ്യുന്നതിന്റെയും നിങ്ങൾ മറ്റുള്ളവരോടു ചെയ്യുന്നതിന്റെയും രേഖ നിങ്ങൾ സൂക്ഷിക്കുന്നുണ്ടോയെന്നു നിങ്ങളോടുതന്നെ ചോദിക്കുക. ഉണ്ടെങ്കിൽ, ബന്ധങ്ങളിൽ പ്രശ്നമുണ്ടാക്കുന്നതിലേക്കാണു നിങ്ങളുടെ പോക്ക്. നിങ്ങളുടെ ഹൃദയത്തിലെ ക്ഷമാരാഹിത്യത്തെക്കുറിച്ച് നിങ്ങൾ മാനസാന്തരപ്പെടണം.

### *ക്ഷമിക്കാതിരിക്കൽ അതിന്റെ നല്ല പെരുമാറ്റത്തെക്കുറിച്ചു പ്രശംസിക്കുന്നു.*

പിതാവിന്റെ ആജ്ഞകൾ ഒരിക്കലും അനുസരിക്കാതിരുന്നിട്ടില്ലെന്നാണു ജ്യേഷ്ഠൻ പറഞ്ഞത്. അനുജന്റെ പാപങ്ങൾ വിശദീകരിക്കുന്നതിനോടൊപ്പം സ്വന്തം പെരുമാറ്റത്തെക്കുറിച്ചു പ്രശംസിക്കുകയുമാണ് അവൻ ചെയ്തത്. “നീ മോശമാണ്, ഞാൻ നല്ലവനാണ്” – ഇതാണു വിധിയുടെ മുഖമുദ്ര. മറ്റുള്ളവരെ കുറ്റം ചുമത്തുന്നതിന്റെ അപകടങ്ങളെക്കുറിച്ചുള്ള പാഠങ്ങൾ തിരുവെഴുത്തിലെമ്പാടുമുണ്ട്. വിതയ്ക്കുന്നതുതന്നെ നാം കൊയ്യും. നാം വിധിക്കുന്ന രീതിയിൽത്തന്നെ വിധിക്കപ്പെടും. നാം കരുണ വിതച്ചാൽ

കരുണ കൊയ്യും. കുറ്റം വിധിക്കലാണ് വിതയ്ക്കുന്നതെങ്കിൽ അതു തന്നെ കൊയ്യും (മത്തായി 5:7, 7:1–2).

ജ്യേഷ്ഠസഹോദരൻ കരുണയില്ലാത്തവനായിരുന്നു. സ്വയ നീതിക്കാർ എപ്പോഴും അങ്ങനെയാണ്. മതഭക്തരായ പരീശന്മാരെക്കുറിച്ചു ഞെട്ടിക്കുന്ന ചില കാര്യങ്ങൾ യേശു സത്യസന്ധമായിപ്പറഞ്ഞു. അവർ പ്രസംഗിക്കുന്ന കാര്യങ്ങൾ ചെയ്യുന്നില്ലെന്നാണു കർത്താവു പറഞ്ഞത്. ആളുകൾ കാണുന്നതിനുവേണ്ടിയായിരുന്നു അവരുടെ പ്രവൃത്തികളെല്ലാം. കപടഭക്തരായ നാട്യക്കാരായിരുന്നു അവർ. പ്രമാണമെല്ലാം പിൻതുടർന്ന അവർക്ക്, ആരെയും സഹായിക്കാൻ ഒട്ടും മനസ്സില്ലായിരുന്നു. പാത്രത്തിന്റെ പുറം ഭാഗം അവർ വൃത്തിയാക്കിവെച്ചു, അപ്പോൾത്തന്നെ അതിന്റെ ഉൾവശം വൃത്തികേടായിത്തന്നെയിരുന്നു. മറ്റൊരു വാക്കിൽപ്പറഞ്ഞാൽ, അവരുടെ പെരുമാറ്റമൊക്കെ നല്ലതായിരുന്നിരിക്കാം, പക്ഷേ അവരുടെ ഹൃദയം മുഴുവൻ ദുഷ്ടത നിറഞ്ഞിരുന്നു (മത്തായി 23). മതപരമായി സ്വയനീതിക്കാരായ ആളുകൾ ലോകത്തിലെ തീരെച്ചെറിയ മനുഷ്യരാകാനാണു സാദ്ധ്യത. നമുക്കൊരു മതമുണ്ടാക്കിത്തരാനല്ല കർത്താവു മരിച്ചത്; മറിച്ച് അവനിലൂടെ ദൈവവുമായി ഒരു ഉറ്റബന്ധം സ്ഥാപിക്കുന്നതിനാണ്. ദൈവവുമായുള്ള യഥാർത്ഥ ബന്ധം നമ്മുടെ ഹൃദയത്തെ മൃദുവാക്കുകയും, മറ്റുള്ളവരോട് ആർദ്രതയോടും ദയയോടും പെരുമാറുന്നതിനു നമ്മെ യോഗ്യരാക്കുകയും ചെയ്യുന്നു.

അന്നു രാത്രിയിൽ, ആ സഭാമന്ദിരത്തിലിരുന്നു ഞാൻ ചിന്തിച്ചു. എന്റെ ഹൃദയത്തിൽ ഒട്ടും ക്ഷമിക്കാതിരിക്കുന്ന മനോഭാവമില്ല. ഓരോ ആഴ്ചയിലും എത്ര മണിക്കൂറുകളാണു ഞാൻ പ്രാർത്ഥിച്ചതെന്നും ദൈവവചനം എത്ര അദ്ധ്യായം വായിച്ചുവെന്നും എനിക്കു നിങ്ങളോടു പറയാമായിരുന്നു. ദൈവം അംഗീകരിക്കാത്ത ഹൃദയത്തിലെ മനോഭാവത്തെക്കുറിച്ച് എനിക്കത്ര കരുതലില്ലായിരുന്നു. ജ്യേഷ്ഠസഹോദരനെപ്പോലെ തന്നെയായിരുന്നു ഞാൻ. ദൈവം എനിക്കു മാറ്റം വരുത്തിയെന്നു നല്ല കാര്യങ്ങളുടെയെല്ലാം പേരു ഞാനെടുക്കുന്നുണ്ടോയെന്ന്, കൂടെക്കൂടെ ഞാൻ ആത്മപരിശോധ നടത്താറുണ്ട്. നാം നല്ല കാര്യം ചെയ്യുമ്പോൾ, വലതു കൈ ചെയ്യുന്നത് ഇടതുകൈയെ അറിയിക്കരുത്. അതിനർത്ഥം അതിനെക്കുറിച്ചു നാം ചിന്തിക്കേണ്ടതില്ലെന്നാണ്. ദൈവം നമ്മളെ അവന്റെ മഹത്വത്തിനായി ഉപയോഗിക്കാൻ നാം അനുവദിക്കുന്നു, ഇനി എന്താണ് അവൻ നമുക്കുവേണ്ടി വെച്ചിരിക്കുന്നുതെന്നു നോക്കി നാം മുന്നോട്ടു പോകുന്നു.

നിങ്ങൾ എത്ര നല്ലയാളാണെന്നും മറ്റുള്ളവർ എത്ര മോശക്കാരാണെന്നും താരതമ്യം ചെയ്യാറുണ്ടോ? 'അവർ അതു ചെയ്തെന്ന് എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല, ഞാനൊരിക്കലും അങ്ങനെ ചെയ്യുകയില്ല' എന്നതു പോലെയുള്ള പ്രസ്താവനകൾ നിങ്ങൾ നടത്താറുണ്ടോ? ഉണ്ടെങ്കിൽ, നിങ്ങളുടെ പോക്ക് അപടകത്തിലേക്കാണ്. എത്രത്തോളം നിങ്ങളെക്കുറിച്ച് ഉയർന്നു ചിന്തിക്കുമോ, അത്രത്തോളം താഴ്ത്തിയേ മറ്റുള്ളവരെക്കുറിച്ചു നിങ്ങൾ ചിന്തിക്കുകയുള്ളൂ. യഥാർത്ഥത്തിലുള്ള താഴ്മ അതിനെക്കുറിച്ചു ചിന്തിക്കുകയേയില്ല... അതു സ്വയകേന്ദ്രീകൃതവുമല്ല.

മറ്റുള്ളവരെക്കാൾ നാം നല്ലവരാണെന്നു കരുതുന്നുണ്ടെങ്കിൽ, അവരോടു ക്ഷമിക്കുന്നതു നമുക്ക് എപ്പോഴും ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ടു ദൈവത്തിന്റെ മുമ്പിൽ നമ്മെത്തന്നെ താഴ്ത്താം, നമ്മുടെ മനസ്സിലുള്ള സ്വന്തം സൽപ്രവൃത്തികളുടെ രേഖകളെല്ലാം നമുക്കു മായ്ച്ചുകളയാം.

*ക്ഷമിക്കാതിരിക്കൽ പരാതിപ്പെടുന്നു.*

മൂത്ത സഹോദരൻ അവന്റെ അപ്പനോടു പറഞ്ഞു, "എന്നാൽ എന്റെ ചങ്ങാതികളുമായി ആനന്ദിക്കേണ്ടതിന് നീ ഒരിക്കലും എനിക്കൊരു ആട്ടിൻകുട്ടിയെ തന്നിട്ടില്ല" (ലൂക്കോസ് 15:29).

അവനൊരു രക്തസാക്ഷിയുടെ മാനസികനിലയാണ് – "എല്ലാവരും കളിച്ചുരസിച്ചപ്പോൾ ഞാൻ ജോലിയെല്ലാം ചെയ്തു." ഒരു പക്ഷേ അവനൊരു ജോലിബ്ഭ്രാന്തനായിരുന്നിരിക്കാം. ജീവിതം ആസ്വദിക്കാനോ സന്തോഷിക്കാനോ അറിയില്ലായിരിക്കാം; അതുകൊണ്ട് സന്തോഷിക്കുന്നവരോടൊക്കെ അവന് അസൂയയുണ്ടായിരുന്നിരിക്കാം. അവനോടു പെരുമാറിയ രീതിയെക്കുറിച്ച് അവൻ പരാതിപ്പെട്ടുകൊണ്ടേയിരുന്നു.

ക്ഷമിക്കാതിരിക്കുന്നതിനെക്കുറിച്ചുള്ള അന്നു രാത്രിയിലെ പ്രസംഗം ആ സഭാമന്ദിരത്തിലിരുന്നു ഞാൻ ശ്രദ്ധിച്ചു. എന്റെ മൂത്ത മകനോട് ഞാൻ ക്ഷമിക്കുന്നില്ലെന്നു ദൈവം എനിക്കു വെളിപ്പെടുത്തി. അവനു ഞാൻ പ്രതീക്ഷിക്കുന്നതുപോലെയുള്ള ആത്മീയനിലവാരമില്ലാത്തതായിരുന്നു അതിനു കാരണം.

ഒരു വ്യക്തിയെക്കുറിച്ചു നിങ്ങൾ തുടർച്ചയായി പരാതിപ്പെട്ടുകൊണ്ടിരുന്നാൽ, ആ വ്യക്തിയോടു നിങ്ങളുടെ ഹൃദയത്തിൽ എന്തോ ക്ഷമയില്ലായ്മയ്ക്കു സാദ്ധ്യതയുണ്ട്. ഈ വ്യക്തി നിങ്ങളോടെന്തിങ്കിലും ചെയ്തിട്ടു

ണ്ടാകും, അല്ലെങ്കിൽ അയാളുടെ വ്യക്തിത്വം നിങ്ങളെ അലോസരപ്പെടുത്തുന്നുണ്ടാകും. എന്റെ മകന്റെ കാര്യത്തിൽ, അവന്റെ പ്രായത്തിൽ ഞാൻ നടത്തിയ ചില തിരഞ്ഞെടുപ്പുകൾ അവന്റേതിനേക്കാൾ മോശമായിരുന്നു ഞാനതു മറന്നുപോയി.

നിങ്ങൾക്കു ദേഷ്യമുള്ളവരോടു ക്ഷമിക്കുക. ധ്യാനിക്കാനും സംസാരിക്കാനും കൊള്ളാവുന്ന ചില നല്ല കാര്യങ്ങൾ കണ്ടെത്തുക, പ്രാർത്ഥിക്കുക. ദൈവം നിങ്ങളിലും നിങ്ങൾ സ്നേഹിക്കുന്നവരിലും പ്രവർത്തിക്കുന്നതു കാണുക.

*ക്ഷമിക്കാതിരിക്കൽ അകറ്റുന്നു, ഭിന്നിപ്പിക്കുന്നു, വേർപെടുത്തുന്നു*

"ഈ നിന്റെ മകൻ" എന്നാണു ജ്യേഷ്ഠൻ അനുജനെക്കുറിച്ചു പറയുന്നത്. "എന്റെ സഹോദരൻ" എന്ന് അവൻ അനുജനെ വിളിക്കുന്നില്ല. കാരണം, സഹോദരനെ വേർപെടുത്തുന്ന ഒരു മതിൽ അവന്റെ ഹൃദയത്തിൽ അവൻ കെട്ടിയുയർത്തി. മറ്റുള്ളവരോടൊപ്പം വിരുന്ന് ആഘോഷിക്കാൻ അവനു മനസ്സായില്ല. അവന്റെ സഹോദരനിൽ നിന്നു മാത്രമല്ല, സഹോദരനോടൊപ്പം സന്തോഷിക്കുന്ന ആരിൽനിന്നും അവൻ അകന്നു.

ആരോടെങ്കിലും നിങ്ങൾക്കു കോപമുണ്ടായിട്ടുണ്ടോ? അവരോടു കോപിക്കാത്ത ആരോടെങ്കിലുമൊക്കെ നിങ്ങൾ കോപിച്ചിട്ടുണ്ടോ? എന്നോടു ദയാരഹിതമായി ഇടപെട്ടിട്ടുള്ളവരെക്കുറിച്ചു ഞാൻ എന്റെ ഭർത്താവിനോടു പരാതിപ്പെട്ടിട്ടുണ്ട്. അപ്പോൾ അവരെ ന്യായീകരിക്കുന്നതിനാണ് അദ്ദേഹം തുടങ്ങുക. അവരുടെ ദിവസം മോശമായിരിക്കാമെന്നാണ് അദ്ദേഹം ഓർമ്മപ്പെടുത്തുക. പിന്നെ അവരുടെ നല്ല വശങ്ങളെക്കുറിച്ച് അദ്ദേഹം പറയും.

സാഹചര്യത്തിന്റെ ഒന്നിലധികം വശങ്ങൾ കാണാൻ എന്നെ സഹായിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. എനിക്കു ദേഷ്യമുള്ളയാളിന്റെ സൈഡു പറയുന്നതുകൊണ്ട് എനിക്ക് അദ്ദേഹത്തോടു ദേഷ്യമുണ്ടാകും. എനിക്കു ദേഷ്യമുള്ള വ്യക്തിയിൽനിന്നു മാത്രമല്ല എന്നെ എന്റെ ദേഷ്യം അകറ്റുന്നത്, അവരെ ഇഷ്ടപ്പെടുന്ന ആരിൽനിന്നും എന്നെ അത് ഭിന്നിപ്പിക്കുന്നു. അനിഷ്ടവും വെറുപ്പും നിറഞ്ഞവർ ഏകാന്തജീവിതം നയിക്കുന്നവരാണെന്നു ഞാൻ കരുതുന്നു. മിക്കവരും അകന്നു കഴിയുന്നവരാണ്. മറ്റൊന്നിനും സമയമില്ലാത്തതുപോലെ, അവർ അവരുടെ രോഷവുമായുള്ള തിരക്കിലാണ്.

മൂത്ത സഹോദരൻ വിരുന്നിൽ വരാൻ ഉദ്ദേശിക്കുന്നില്ല; വന്നാലും, അവൻ ഒറ്റയ്ക്കേ സന്തോഷിക്കുകയുള്ളൂ. പരാതിപ്പെട്ടു നിരാശനായിരിക്കാനേ അവനു മനസ്സുള്ളൂ. അനൈക്യത്തിന്റെ ദുരന്തമാണ് ഈ വിഷയം മുഴുവൻ. അതു വളരെ പ്രധാനപ്പെട്ടതാണ്. ഇനിയത്തെ അദ്ധ്യായത്തിൽ ഞാനതു കൂടുതലായി ഉൾപ്പെടുത്താം.

*ക്ഷമിക്കാതിരിക്കൽ വേദനയെ തുടർന്നും വളർത്തുന്നു*

നാം ക്ഷമിക്കാതിരിക്കുമ്പോൾ, ആളുകൾ നമ്മളോടു ചെയ്തതിനെക്കുറിച്ചു പറയുന്നതിനു നാം ഒഴികഴിവു കണ്ടെത്തിക്കൊണ്ടിരിക്കും. കഴിയുമ്പോഴൊക്കെ നമ്മുടെ സംസാരത്തിൽ അതു നാം പൊക്കിക്കൊണ്ടുവരും. കേൾക്കുന്ന ആരോടും നമ്മൾ അതു പറയും. നാം ദൈവത്തെ അനുസരിക്കുന്നില്ല എന്നതിന്റെയും, ആ വേദന വിട്ടുപോകുന്നതിനു ദൈവസഹായം ഉടനടി നാം തേടേണ്ടതുണ്ടെന്നതിന്റെയും അടയാളമാണത്. ഹൃദയത്തിലുള്ളതാണല്ലോ വായിലൂടെ പുറത്തുവരുന്നത്. നമ്മെത്തന്നെ ശ്രദ്ധിക്കുന്നതിലൂടെ നമ്മുടെ യഥാർത്ഥ ചിത്രം നമുക്കു മനസ്സിലാകും.

അപ്പൻ അർഹിക്കാഞ്ഞിട്ടും നല്ല മകനായി പ്രവർത്തിച്ചുവെന്നു മൂത്ത സഹോദരൻ അപ്പനെ ഓർമ്മപ്പെടുത്തുകയും, അപ്പന്റെ പാപത്തെക്കുറിച്ചെല്ലാം പറയുകയും ചെയ്തു (ലൂക്കോസ് 25:30). അവൻ കോപിച്ചിരിക്കുകയായിരുന്നെന്ന് അവന്റെ സംഭാഷണം തെളിയിക്കുന്നു. കർത്താവു പറഞ്ഞത്, നാം കോപിച്ചിരിക്കുമ്പോൾ അതിനെ പറഞ്ഞയക്കണമെന്നാണ്. അതിനർത്ഥം അതിനെ ഊട്ടിവളർത്തുന്നത അവസാനിപ്പിക്കണമെന്നാണ്. ആരെങ്കിലും ചെയ്ത കുറ്റം ക്ഷമിച്ചിട്ട്, അടുത്ത തവണ അവരെന്തെങ്കിലും അനിഷ്ടകരമായ കാര്യം ചെയ്താൽ പെട്ടെന്നു പഴയ കാര്യം നിങ്ങൾ എടുത്തു കാട്ടാറില്ലേ? അതിനെക്കുറിച്ചു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നമ്മളെല്ലാവരും അതു ചെയ്തിട്ടുണ്ട്. നാം പൂർണ്ണമായി ക്ഷമിച്ചിട്ടില്ലെന്നും, ദൈവത്തോടു സഹായം അപേക്ഷിക്കേണ്ടതുണ്ടെന്നുമാണ് അതിനർത്ഥം.

*വേദനിപ്പിച്ചയാൾ ആസ്വദിക്കുന്ന*
*അനുഗ്രഹങ്ങളെ ക്ഷമിക്കാതിരിക്കൽ ഇഷ്ടപ്പെടുന്നില്ല*

മൂത്ത സഹോദരൻ അസൂയാലുവും കോപിക്കുന്നവനുമായിരുന്നു, ഇളയ സഹോദരനെ അനുഗ്രഹിച്ചതിന് അപ്പനെ അവൻ വെറുത്തു. മുടിയ

നായ സഹോദരനു വിരുന്നൊരുക്കിയതും കൊഴുത്തുതടിച്ച കാളക്കുട്ടിയും പുതിയ വസ്ത്രവും ചെരിപ്പും മോതിരവുമൊന്നും അവന് ഇഷ്ടമായില്ല. അവനതിനെ അങ്ങേയറ്റം വെറുത്തു.

മറ്റുള്ളവരുടെ അനുഗ്രഹങ്ങളിലുള്ള ഇഷ്ടമില്ലായ്മ നമ്മുടെ സ്വഭാവത്തെ ഒരുപാടു വെളിപ്പെടുത്തുന്നതാണ്. സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കുക, കരയുന്നവരോടൊപ്പം കരയുക എന്നതാണു ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ഓരോ വ്യക്തിക്കും വേണ്ടുന്നത് അവൻ ചെയ്യേണ്ടതിന് അവനിൽ നാം ആശ്രയിക്കണമെന്നാണ് അവന്റെയാഗ്രഹം. നമ്മുടെ കഥയിലെ ഇളയ സഹോദരൻ ചെയ്തതു തെറ്റാണ്. എന്നാലിപ്പോൾ അവനു പാപക്ഷമ, അംഗീകാരം, സൗഖ്യം എന്നിവയായിരുന്നു ആവശ്യമായിരുന്നത്. അവന്റെ മോശമായ പെരുമാറ്റത്തെക്കുറിച്ച് അവനുമായി പിന്നീടു സംസാരിക്കാൻ അപ്പൻ തീരുമാനിച്ചു കാണും. പക്ഷേ ഇപ്പോൾ അവനാവശ്യമായിരുന്നതു സ്നേഹമാണ്. ഒരു അപ്പന്റെ നന്മയും കരുണയും പ്രകടമാകുന്നത് അവൻ കാണേണ്ടതാവശ്യമായിരുന്നു. എല്ലാവർക്കും അനുയോജ്യമായതാണു ദൈവം എപ്പോഴും ചെയ്യുന്നത്. എന്തു ചെയ്യുന്നു, എന്തിനു ചെയ്യുന്നു എന്നതിനെല്ലാം ദൈവത്തിന് അവന്റേതായ കാരണങ്ങളുണ്ട്. ആ നിലയിലാണ് അവനതു ചെയ്യുന്നത്. അതു നല്ലതാണെന്നോ വ്യത്യാസമുള്ളതാണെന്നോ നാം ചിന്തിക്കാത്തതുകൊണ്ടല്ല നമ്മുടെ മനോഭാവം വെറുപ്പു നിറഞ്ഞതാണെങ്കിൽ അതു സഹിക്കുന്നതും നമ്മൾ തന്നെയായിരിക്കും.

ഇളയ സഹോദരനു നൽകിയ വിരുന്നിൽ എല്ലാവരും പങ്കെടുത്തു; വെറുപ്പുള്ള മൂത്തസഹോദരനൊഴികെ. അവന്റെ മോശമായ മനോഭാവം ആ വിരുന്ന് ആസ്വദിക്കാൻ അവനെ അനുവദിച്ചില്ല. അവൻ തനിക്കു തന്നെ ഒരു ഉപകാരം ചെയ്യേണ്ടതും ക്ഷമിക്കേണ്ടതും ആവശ്യമായിരുന്നു.

ക്ഷമിക്കാത്തതായി മറഞ്ഞിരിക്കുന്ന എന്തെങ്കിലും നിങ്ങളിലുണ്ടോയെന്നു കാണാൻ, ഞാൻ മുമ്പു സൂചിപ്പിച്ച കാര്യങ്ങളുടെ പട്ടികയൊന്നു നോക്കുക. തുറന്ന ഹൃദയത്തോടെ അതു ചെയ്യുക. എന്തെങ്കിലും വെറുപ്പോ വൈരാഗ്യമോ ക്ഷമിക്കാത്തതോ വേദനയോ ഉണ്ടോയെന്നു വെളിപ്പെടുത്താൻ ദൈവത്തോട് അപേക്ഷിക്കുക. ക്ഷമാരാഹിത്യത്തിന്റെ ലക്ഷണങ്ങളുണ്ടോയെന്നു പരിശോധിക്കുക. എന്തെങ്കിലുമുണ്ടെങ്കിൽ, ഡോക്ടർ യേശുവിന്റെയടുക്കലേക്കു സൗഖ്യത്തിനായി ഓടുക.

അദ്ധ്യായം

# 12

# ഐക്യത്തിന്റെ അനുഗ്രഹവും ശക്തിയും

ഐക്യം, യോജിപ്പ്, സ്വരച്ചേർച്ച എന്നിവയെ ദൈവവചനത്തിലുടനീളം പ്രോത്സാഹിപ്പിക്കുകയും, അവ വേണമെന്നു കല്പിക്കുകയും ചെയ്തിട്ടുണ്ട്. അവ പാലിക്കാനുള്ള ഒരേയൊരു വഴി നാം ക്ഷണത്തിൽ ക്ഷമിക്കുന്നവരും ഉദാരമായി കരുണ കാട്ടുന്നവരുമായിരിക്കുകയെന്നാണ്. ഇന്നത്തെ ലോകം നിറയെ വിയോജിപ്പാണ്. യുദ്ധങ്ങൾ, പക, ഭരണകൂടങ്ങളുടെയും സഭകളുടെയും ബിസിനസ്സ് സംഘങ്ങളുടെയും തകർച്ച എന്നിവയെപ്പെറ്റിയെല്ലാം നാം കൂടെക്കൂടെ കേൾക്കാറുണ്ട്. എന്നാലും ഇവയുടെയൊക്കെ മദ്ധ്യത്തിൽ ദൈവം നമുക്കു സമാധാനം വാഗ്ദാനം ചെയ്യുന്നു. ഏതു രീതിയിൽ ജീവിക്കണമെന്നതു നമുക്കു തിരഞ്ഞെടുക്കാൻ കഴിയും.

> ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും മനോഹരവും ആകുന്നു!
>
> *സങ്കീർത്തനം 133:1*

ഒത്തൊരുമ (ഐക്യം) ഉള്ളിടത്ത് കർത്താവ് അനുഗ്രഹവും ജീവനും കല്പിക്കുന്നുവെന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. ഒത്തൊരുമയോടെ ജീവിക്കാൻ യത്നിക്കുന്നവരെ ദൈവം മാനിക്കുന്നു. സമാധാനമു

ണ്ടാക്കുന്നവരും അതു നിലനിർത്തുന്നവരും ദൈവത്തിന്റെ പുത്രന്മാരാണെന്നും കർത്താവു പറയുന്നു. അവർ ആത്മീയപക്വതയുള്ളവരെന്നാണ് അതിനർത്ഥം. അവർ തങ്ങളുടെ വികാരങ്ങൾക്കതീതരായി ജീവിക്കുന്നവരും, ദൈവത്തിന്റെ ശക്തിയുള്ള കൈക്കീഴിൽ എളിമയോടിരിക്കാൻ മനസ്സുള്ളവരും ദൈവത്തെ അനുസരിക്കുന്നവരുമാണ്. ഐക്യം നിലനിർത്താൻ അവർ മുൻകൈയെടുക്കുന്നവരും അതിൽ തീക്ഷ്ണയുള്ളവരുമാണ്.

നിങ്ങൾ ജീവിക്കുന്നതും ജോലി ചെയ്യുന്നതുമായ അന്തരീക്ഷത്തെക്കുറിച്ചു ചിന്തിക്കുക. അതു സമാധാനം നിറഞ്ഞതാണോ? ആളുകൾ ചേർന്നു പോകുന്നുണ്ടോ? ഇല്ലെങ്കിൽ, അതിനുവേണ്ടി നിങ്ങൾ എന്താണു ചെയ്യുന്നത്? നിങ്ങൾക്കു പ്രാർത്ഥിക്കാം; ഒത്തൊരുമയോടെ പോകുന്നതിനു മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാം. ചേർച്ചയില്ലായ്മയ്ക്കു കാരണം നിങ്ങളുടെ കുഴപ്പമാണെങ്കിൽ, നിങ്ങൾക്കു മാറ്റമുണ്ടാക്കാം. തക്കതായ കാരണമല്ലാത്തവയെച്ചൊല്ലിയുള്ള തർക്കം നിങ്ങൾക്കു നിർത്താം. മറ്റുള്ളവരോടു നിങ്ങൾക്കു യോജിക്കാനാവാതെ വരുമ്പോൾ ഒന്നാമതായി നിങ്ങൾക്കു ക്ഷമ ചോദിക്കാം. ജ്ഞാനത്തിന്റെ ഒന്നാമത്തെ നല്ല ഫലങ്ങളിലൊന്നു സമാധാനമാണ്. ജ്ഞാനത്തിൽ നടക്കുക, നിങ്ങളുടെ ജീവിതം അനുഗൃഹീതമാകും.

> ഉയരത്തിൽനിന്നുള്ള ജ്ഞാനമോ, ഒന്നാമതു നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും (ഉപദ്രവിക്കാത്ത, സൗമ്യമായ) കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതു മാകുന്നു.
>
> *യാക്കോബ് 3:17*

## ഒത്തൊരുമ (ഐക്യം) തിരഞ്ഞെടുക്കൽ

ഞാൻ സൂചിപ്പിച്ചതുപോലെ, എവിടെത്തിരിഞ്ഞാലും ആകെ പ്രശ്നമാണ്. അതിനാൽ ഒത്തൊരുമയും അതുളവാക്കുന്ന സമാധാനവും നമുക്കു വേണമെങ്കിൽ, നാം മന:പൂർവ്വമായി അതു തിരഞ്ഞെടുക്കണം. ദൈവവഴികൾ നാം പഠിക്കുകയും, സമാധാനമുളവാക്കുന്നതിനുവേണ്ടി പരിശുദ്ധാത്മാവിനോടു ചേർന്നു പ്രവർത്തിക്കുകയും വേണം.

വിവാഹിതരായവർക്കെല്ലാം അറിയാവുന്ന കാര്യമാണ്, നമുക്കു യോജിക്കാനാവാത്ത ഒരുപാടു കാര്യങ്ങളുണ്ടെന്നത്. നമ്മുടെ വ്യക്തിത്വത്തിനു വിപരീതമായ ഒരാളെയാണ് നാം സാധാരണമായി വിവാഹം ചെയ്യുന്നത്. അതി

നർത്ഥം നാം ഒരേപോലെ ചിന്തിക്കുകയില്ലെന്നാണ്. നമുക്കു വിയോജിപ്പുണ്ടാകാം, പക്ഷേ അതു ബഹുമാനത്തോടും യോജിപ്പോടും കൂടിയാകണം.

ഞാനും എന്റെ ഭർത്താവും വളരെ വ്യത്യസ്തരാണ്. കലഹത്തിന്റെ അപകടവും ഒത്തൊരുമയുടെ ശക്തിയും ഞങ്ങൾ ഗ്രഹിക്കുന്നതുവരെ ഞങ്ങൾ ഒരുപാടു വർഷങ്ങൾ തർക്കിച്ചു പാഴാക്കി. ഞങ്ങളുടെ ബന്ധത്തിൽ, ഭവനത്തിൽ, ശുശ്രൂഷയിൽ സമാധാനമുണ്ടാകാൻ ഞങ്ങൾ സമർപ്പിച്ചു. ഞങ്ങൾ ഭിന്നിച്ചിരിക്കുന്ന കാലത്തോളം, ദൈവം ആഗ്രഹിക്കുന്നതുപോലെ ഞങ്ങളെ അനുഗ്രഹിക്കാൻ അവനു കഴിയില്ലെന്നു ഞങ്ങൾ ഉറച്ചു വിശ്വസിച്ചു. "ഒന്നിച്ചാൽ നാം നിൽക്കും, ഭിന്നിച്ചാലോ വീഴും" എന്നൊരു ചൊല്ലു നിങ്ങൾ കേട്ടിട്ടുണ്ടാകും. ഒരുവൻ ആയിരത്തെയും ഇരുവർ പതിനായിരത്തെയും ഓടിക്കുമെന്നു ദൈവവചനം പറയുന്നു. യോജിപ്പോടെ ജീവിക്കാൻ നാം തീരുമാനിക്കുമ്പോൾ ശക്തി പെരുകുന്നതെങ്ങനെയാണെന്ന് ഈ വേദഭാഗത്തിൽനിന്നു നാം കാണുന്നു.

ഞങ്ങളുടെ മിക്ക തർക്കങ്ങളുടെയും ഉറവിടം ഞാനായിരുന്നു. എന്റെ ഭർത്താവ് എപ്പോഴും സമാധാനമുള്ളയാളായിരുന്നു. ഞങ്ങൾ തർക്കിച്ചിട്ടു ദേഷ്യപ്പെട്ടിരിക്കുമ്പോഴുണ്ടാകുന്ന സംഘർഷത്തെ അദ്ദേഹം നിസ്സാരമാക്കിയിരുന്നു. ഒത്തൊരുമയില്ലാത്ത ഒരു വീട്ടിലായിരുന്നു ഞാൻ വളർന്നത്. സമാധാനം എന്താണെന്നു ഞാൻ പഠിക്കേണ്ടിയിരുന്നു. ഞാൻ ദൈവവചനം പഠിച്ചു, സമാധാനം ലഭിക്കേണ്ടതിന് എന്തു മാറ്റമാണ് എനിക്കാവശ്യമായിരിക്കുന്നതെന്നു പഠിക്കാനൊരുങ്ങി. താഴ്മയില്ലാതെ സമാധാനമില്ലെന്നു ഞാൻ കണ്ടെത്തി. നാം അന്വേഷിക്കേണ്ടുന്ന പ്രധാന ഗുണം താഴ്മയാണ്, ഒരു പക്ഷേ കൈവരിക്കാനും നിലനിർത്താനും ഏറ്റവും പ്രയാസമേറിയതും അതായിരിക്കും.

യഥാർത്ഥമായി താഴ്മയുള്ളയാൾ സകലവ്യർത്ഥസംഭാഷണവും (വെറും വാക്ക്, പ്രയോജനമില്ലാത്ത സംസാരം) ഒഴിവാക്കും. അതു കൂടുതൽ അഭക്തിയിലേക്കു നമ്മെ നയിക്കുകയേ ഉള്ളൂ. അറിയാത്ത ചോദ്യങ്ങളുടെ നേരെയുള്ള പരിഹാസതർക്കങ്ങൾക്കെതിരെ അവർ മനസ്സു കൊട്ടിയടയ്ക്കും. അതു കലഹം ഊട്ടിവളർത്തുകയേ ഉള്ളൂ എന്ന് അവർക്കറിയാം.

അവസാനമായി തർക്കിച്ച സമയം നിങ്ങളോർക്കുന്നുണ്ടോ? ആരുമായി എന്തു വിഷയത്തിന്റെ പേരിലായിരുന്നു അങ്ങേയറ്റം പരിഹാസ്യമായ ആ തർക്കം? നിങ്ങൾക്ക് അന്ന് അത്ര നല്ല ദിവസമല്ലായിരുന്നിരിക്കാം, പറയരുതാത്തതെന്തോ പറഞ്ഞതാകാം – അതൊരു തർക്കത്തിനു നിമിത്തമായി.

പെട്ടെന്നു തന്നെ നിങ്ങൾക്കു ക്ഷമ ചോദിക്കാമായിരുന്നു. പക്ഷേ നിങ്ങളുടെ അഭിമാനം ആ നിസ്സാരസംഭാഷണം തുടരാനിടയാക്കി. നിങ്ങൾ പറഞ്ഞതാണ് ശരിയെന്നു തെളിയിക്കാനായിരുന്നു ആ ശ്രമം. നിങ്ങളുടെ ദിവസം പാഴായി, സംഘർഷവും തലവേദനയും നിങ്ങൾക്കുണ്ടായി. വയറ്റിലും എന്തോ പ്രശ്നമുണ്ടായി, പ്രാർത്ഥിക്കാനും നിങ്ങൾക്കാഗ്രഹമില്ലാതായി. നിങ്ങളുടെയുള്ളിൽ നിങ്ങൾക്കറിയാം നിങ്ങളുടെ പെരുമാറ്റം മോശമായിരുന്നെന്ന്. "എനിക്കു വാസ്തവമായി ഖേദമുണ്ട്; ഇത് എന്റെ കുഴപ്പമായിരുന്നു, എന്നോടു ക്ഷമിക്കണമേ" എന്നു പറയാൻ നിങ്ങൾക്കു ഭാഗികമായ ആഗ്രഹമുണ്ട്. പക്ഷേ മറ്റൊരു ഭാഗം, നിങ്ങളുടെ ശരീരം (flesh) അങ്ങനെ പറയാനുള്ള മനസ്സു നിങ്ങൾക്കു നൽകുന്നില്ല.

പല തവണ അതുപോലെ ഞാൻ ചെയ്തിട്ടുണ്ടെന്ന് ഓർക്കുന്നു. പക്ഷേ ഇനി ഞാനങ്ങനെ ജീവിക്കുകയില്ലെന്നു നന്ദിയോടെ പറയട്ടെ. കലഹം, ഭിന്നത, ഒത്തൊരുമയില്ലായ്മ, വിയോജിപ്പ് എന്നിവ ഞാൻ വെറുക്കുന്നു. ശരിയായിരിക്കുന്നതെല്ലാം പ്രത്യക്ഷപ്പെടുന്നതല്ല. ഒരു വിയോജിപ്പിൽ നമ്മുടെ ഭാഗം ശരിയെന്നു തെളിയിക്കാനാണു നാം മറ്റുള്ളവരുമായി പലപ്പോഴും കലഹിക്കുന്നത്. പക്ഷേ അങ്ങനെ തെളിയിച്ചാലും ഒരു ദുരഭിമാനത്തിന്റെ തോന്നലല്ലാതെ മറ്റെന്തു നേട്ടമാണ് അതിൽനിന്നു നമുക്കു ലഭിക്കുന്നത്? നാം നമ്മെത്തന്നെ താഴ്ത്തി, ദൈവം നമ്മളെ നീതീകരിക്കട്ടെയെന്നു തീരുമാനിച്ചാൽ നാം കൂടുതൽ മികച്ചവരാകും. ദൈവത്തിന്റെ പദ്ധതിയാണു മികച്ചതെങ്കിൽ, നമ്മുടെ ഭാഗമാണ് ആ സാഹചര്യത്തിൽ ശരിയെന്നു തെളിയിക്കാൻ അവനു കഴിയും. സ്നേഹം അതിന്റെ സ്വന്തമായ അവകാശങ്ങളെ മുറുകെപ്പിടിക്കുന്നില്ലെന്നാണു വചനം പറയുന്നത് (1 കൊരി. 13:5). അതിന്റെ ശരി ശരിയാണെന്നു പോലും സ്ഥാപിക്കുന്നില്ല! നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽപ്പോലും, ഒരു തർക്കത്തിന് ഇടം കൊടുക്കാതെ മറ്റുള്ളവരുടെ ഭാഗമാണു ശരിയെന്നു വിട്ടുകൊടുക്കാൻ നിങ്ങൾക്കു മനസ്സുണ്ടോ? അങ്ങനെയെങ്കിൽ, സമാധാനമുണ്ടാക്കുന്നയാളെന്ന നിലയിലും ഒത്തൊരുമ പുലർത്തുന്ന വ്യക്തിയെന്ന നിലയിലും ഒരു ചുവടുകൂടി നിങ്ങൾ മുന്നോട്ടുപോയിട്ടുണ്ട്.

അടുത്തിടെ എന്റെ കുടുംബാംഗങ്ങളിൽ പതിനൊന്നുപേരുമായി ഞാനൊരു യാത്ര പോയി. എന്റെ ഭർത്താവ്, മക്കളിൽ രണ്ടുപേർ, അവരുടെ പങ്കാളികൾ, കൊച്ചുമക്കൾ (അവരിൽ ചിലർ കൗമാരക്കാരായിരുന്നു) എന്നിവർ ഉൾപ്പെട്ടതായിരുന്നു ആ സംഘം. ഞങ്ങളെല്ലാവരും താമസിച്ചത്

ഒരേ വീട്ടിലായിരുന്നു. അനൈക്യവും നൊമ്പരവുമൊക്കെ അനുഭവിക്കാനുള്ള സാഹചര്യമുണ്ടായി. ആർക്കും ഒരേ കാര്യം ചെയ്യണമെന്നില്ലായിരുന്നു, അല്ലെങ്കിൽ ഒരേ റ്റെലിവിഷൻ പരിപാടി കാണണമെന്നില്ലായിരുന്നു, ഒരേ കളി കളിക്കേണ്ടതില്ലായിരുന്നു, ഒരേ സ്ഥലത്തിരുന്നു ഭക്ഷണം കഴിക്കണമെന്നുമില്ലായിരുന്നു. കൗമാരക്കാരുടെ മനോഭാവം അസഹ്യമായിരുന്നു. അപ്പോൾ നമ്മൾ ഓർക്കേണ്ടുന്ന കാര്യം, നമ്മളുടെ കൗമാരത്തിൽ, അവരെക്കാൾ നമ്മൾ മികച്ചവരൊന്നുമല്ലായിരുന്നു.

ആ യാത്ര ചെയ്ത ഞങ്ങളെല്ലാവരും ദൈവത്തെ അനുസരിക്കാനും സമാധാനപൂർവ്വം ജീവിക്കാനും ശ്രമിക്കുന്ന ക്രിസ്ത്യാനികളായിരുന്നിട്ടുപോലും, ഒത്തൊരുമയ്ക്കായി ഞങ്ങൾ പ്രവർത്തിക്കേണ്ടിവന്നു - നിങ്ങൾ ഒത്തൊരുമ ആഗ്രഹിക്കുന്നവരാണെങ്കിൽ നിങ്ങളെപ്പോലെ തന്നെ എല്ലാവരും തങ്ങളെത്തന്നെ വിനയപ്പെടുത്തുന്നതിനും ഔദാര്യമായി ക്ഷമിക്കാനും കരുണ കാണിക്കാനും സന്നദ്ധത കാട്ടുന്നില്ലെങ്കിൽ, ഞാൻ വിചാരിച്ചതുപോലെയുള്ള സമാധാനപൂർണ്ണമായ അന്തരീക്ഷം നിലനിർത്താൻ കഴിയില്ല. പെട്ടെന്നു ക്ഷമിക്കണമെന്നു ദൈവം തന്റെ വചനത്തിൽ നമ്മോടു നിർദ്ദേശിക്കുമ്പോൾ, എന്താണു താൻ ചെയ്യുന്നതെന്നു ദൈവത്തിനു നന്നായിട്ടറിയാം. സാത്താൻ സദാ ചുറ്റിത്തിരിഞ്ഞു പ്രശ്നമുണ്ടാക്കുകയാണ്. എന്നാൽ അവനെ കീഴടക്കാനുള്ള വഴികൾ ദൈവം നമുക്കു നൽകിയിട്ടുണ്ട്. ഔദാര്യമായി ദയ കാട്ടുക, ദീർഘമായി ക്ഷമിക്കുക, സഹിക്കുക, കാര്യങ്ങൾ ഗ്രഹിക്കുക, നിങ്ങളുടെ പാപങ്ങൾ അംഗീകരിക്കുക; മറ്റുള്ളവരെ പെട്ടെന്നു വിധിക്കാതിരിക്കാനും അവരോടു പൊടുന്നനെയും സമ്പൂർണ്ണമായും ക്ഷമിക്കാനും ഇതു നിങ്ങളെ സഹായിക്കും. അങ്ങനെ സാത്താന്റെ കലഹക്കെണിയിൽ നിങ്ങൾ വീഴാതിരിക്കും.

ബന്ധങ്ങൾ നമുക്കെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. മോശമായവ ദണ്ഡിപ്പിക്കുന്നതാണ്. എന്നാൽ നല്ല ബന്ധങ്ങൾ ലോകത്തിൽ ഏറ്റവും പ്രയോജനപ്രദവും അനുഗൃഹീതവുമായവയാണ്. ഒത്തൊരുമയുടെ ശക്തിയറിയാവുന്ന സാത്താൻ, ബന്ധങ്ങൾ തകർക്കുന്നതിനു തക്കം പാർക്കുകയാണ്. നമ്മുടെ വ്യക്തിത്വങ്ങളിലെ വ്യത്യസ്തത അവൻ നമുക്കെതിരായി ഉപയോഗിക്കുന്നു. നമ്മളോടു പറഞ്ഞ കാര്യങ്ങൾ സന്ദർഭങ്ങളിൽനിന്ന് അടർത്തിമാറ്റാൻ അവനിടയാക്കുന്നു. വേദന, കോപം, ക്ഷമിക്കാതിരിക്കുന്ന മത്സരമനോഭാവം എന്നിവയൊക്കെ അവൻ പ്രോത്സാഹിപ്പിക്കുന്നു. പക്ഷേ നമുക്കു സാത്താന്റെ മേൽ അധികാരമുണ്ട്. കുടുംബം, ജോലിസ്ഥലം, സ്കൂൾ, സഭ തുടങ്ങി എവിടെയെല്ലാം നമ്മളായിരുന്നാലും അവിടങ്ങളിലെ ബന്ധങ്ങളിൽ

ഭിന്നതയുളവാക്കുന്ന അവന്റെ തന്ത്രങ്ങളെയും അവനെയും നമുക്കു ചെറുക്കാം.

കലക്കമുണ്ടായാൽ എന്താണു ഗുണമെന്നു സ്വയം ചോദിക്കുക. സാഹചര്യത്തെ അതു നല്ലതാക്കിമാറ്റുന്നുണ്ടോ? മിക്കപ്പോഴും കലഹം നമ്മളെ കഷ്ടപ്പെടുത്തുന്നതല്ലാതെ ഒരു ഗുണവുമുണ്ടാക്കുന്നില്ല. സമാധാനത്തിനായി/സമാധാനമുണ്ടാക്കാനായി പ്രവർത്തിക്കുമെന്നു നമുക്കു തീരുമാനമെടുക്കാം. ലോകത്തിലുള്ള കലഹമെല്ലാം പരിഹരിക്കാൻ ആരെക്കൊണ്ടും സാദ്ധ്യമല്ല. പക്ഷേ നമ്മുടെയും ബന്ധുക്കളുടെയും ജീവിതത്തിനുവേണ്ടി നമുക്കോരോരുത്തർക്കും ഉത്തരവാദിത്വമെടുക്കാൻ കഴിയും. നിങ്ങളുടെ ജീവിതത്തിൽ കൂടുതലായി സമാധാനമുണ്ടാകാൻ നിങ്ങൾ എന്തു മാറ്റമാണു വരുത്തേണ്ടതെന്നു ദൈവത്തോടു ചോദിക്കുക.

## ഇഴുകിച്ചേരുന്നവരാകുക

കാര്യങ്ങളിൽ നമ്മുടെ രീതിയാണുനമ്മിൽ മിക്കവരും ആഗ്രഹിക്കുന്നത്. എന്നാൽ ഐക്യമുണ്ടാകേണ്ടതിന്, പൊരുത്തപ്പെടാനും ഇഴുകിച്ചേരാനും നാം പഠിച്ചേ തീരൂ. ഈ തിരുവെഴുത്തുകൾ നോക്കുക:

> തമ്മിൽ ഐകമത്യമുള്ളവരായി വലിപ്പം (ഉന്നതഭാവം) ഭാവിക്കാതെ എളിയവരോടു ചേർന്നുകൊള്ളുവിൻ; നിങ്ങളെത്തന്നെ ബുദ്ധിമാന്മാരെന്നു വിചാരിക്കരുത്. ആർക്കും തിന്മയ്ക്കു പകരം തിന്മ ചെയ്യാതെ, സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി, കഴിയുമെങ്കിൽ നിങ്ങൾ ആവോളം സകലമനുഷ്യരോടും സമാധാനമായിരിക്കുവിൻ.
>
> *റോമർ 12:16-18*

നമ്മുടെ മനോഭാവം ശരിയല്ലെങ്കിൽ മറ്റൊരാളുമായി നമുക്കു ചേർന്നുപോകാൻ കഴിയില്ലെന്നാണ് ഈ വചനം ശരിക്കു പഠിച്ചാൽ കാണാവുന്നത്. നമുക്കൊരു എളിയ മനോഭാവം വേണം. മറ്റുള്ളവരോടും സാഹചര്യങ്ങളോടും പൊരുത്തപ്പെടാനുമുള്ള മനസ്സാണത്. നമ്മുടെ വിശ്വാസമാണു ശരിയെന്നു നാം എഴുന്നേറ്റു നിന്നുകൊണ്ടു പറയണം. അപ്പോൾത്തന്നെ ചെറിയ കാര്യങ്ങളിലും മറ്റുള്ളവരോട് ഇഴുകിച്ചേരാവുന്നിടങ്ങളിലും അങ്ങനെ ചെയ്യാൻ നാം യത്നിക്കണം.

സ്വന്തം രീതിയിലേ പോകൂ എന്നു ശഠിക്കുന്നത് ആർക്കും നല്ലതല്ല. സ്നേഹത്തിലും എളിമയിലും അന്യോന്യം നാം കീഴടങ്ങേണ്ടതുണ്ട്. മറ്റുള്ളവർക്കു വഴങ്ങാനും അവരുടെ ആഗ്രഹങ്ങളെ മാനിക്കാനുമുള്ള സന്ദർഭങ്ങളുണ്ട്. അതു നല്ല മനോഭാവത്തോടെ നാം ചെയ്യേണ്ടതുമുണ്ട്.

ഞങ്ങളുടെ ദാമ്പത്യജീവിതത്തിൽ, പുറത്തുനിന്നു ഭക്ഷണം കഴിക്കുമ്പോഴൊക്കെ, അത് എവിടെയായിരിക്കണമെന്നു തീരുമാനിക്കാൻ എന്റെ ഭർത്താവ് എന്നെ അനുവദിച്ചിരുന്നു.

ലാഘവമായിപ്പോകുന്ന ഒരാളെ സംബന്ധിച്ച് ഇതത്ര വലിയ കാര്യമല്ല. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം അതു വലിയ കാര്യമായിരുന്നു. ഇപ്പോഴും വലിയ കാര്യമാണ്. കഴിഞ്ഞ ചില വർഷങ്ങളായി, എവിടെവെച്ച് എന്തു കഴിക്കണമെന്ന ചിന്ത അദ്ദേഹത്തിന് ഏറെയുണ്ട്. എനിക്കിഷ്ടമുള്ള സ്ഥലത്തുനിന്ന് കഴിക്കാൻ അദ്ദേഹത്തിനു താത്പര്യമില്ലാത്തതായി എനിക്കു തോന്നി. വെളുത്തുള്ളി വേണ്ടായെന്ന് അദ്ദേഹമങ്ങു തീരുമാനിച്ചു. എനിക്കാണെങ്കിൽ ഇറ്റാലിയൻ ഭക്ഷണം ഇഷ്ടമാണ്. പ്രശ്നമുണ്ടാകുന്നതു നിങ്ങൾക്കു കാണാമല്ലോ, എനിക്കു ചൈനീസ് ഭക്ഷണവും ഇഷ്ടമാണ്. ചിലപ്പോഴൊക്കെ അദ്ദേഹത്തിനത് ഇഷ്ടമാണെങ്കിലും, അതങ്ങനെ വഴുവഴുപ്പുള്ളതോ തൃപ്തികരമോ ആകണമെന്നില്ല. ഭിത്തിമേലുള്ള എഴുത്ത് എനിക്കു കാണാം. അങ്ങനെ പറയാം. ഞാനത് ഉൾക്കൊള്ളേണ്ടതാവശ്യമാണ്. എവിടെ നിന്നു ഭക്ഷണം കഴിക്കണമെന്ന് എനിക്കു ചിട്ടയുണ്ട്. വേണമെങ്കിൽ അദ്ദേഹത്തിനും അതാകാമെന്നാണു ഞാൻ കരുതുന്നത്.

എനിക്ക് ഇതല്പം ബുദ്ധിമുട്ടായിരുന്നുവെന്നു ഞാൻ സമ്മതിക്കും. എന്തെങ്കിലും നമ്മുടെ രീതിയിൽ വരുന്നതു ദീർഘകാലം കൊണ്ടാണ്. പെട്ടെന്നു കാര്യങ്ങൾ മാറിമറിയുമ്പോൾ അതു ബുദ്ധിമുട്ടാണ്. എന്നാൽ എവിടെ നിന്നു ഭക്ഷണം കഴിക്കണമെന്നു തീരുമാനിക്കാൻ നാല്പത്തിനാലു വർഷമായി അദ്ദേഹം എന്നെ അനുവദിച്ചുപോന്നു. വാസ്തവത്തിൽ അത് അദ്ദേഹത്തിന്റെ ഊഴമാണ്. വൈകാരികമായി നാം പ്രതികരിക്കാതെയും നമ്മുടെ ന്യായം പറയാതെയുമിരുന്നാൽ, കാര്യങ്ങൾ ഉൾക്കൊള്ളുന്നത് എളുപ്പമായിരിക്കും.

നമ്മെക്കുറിച്ച് അതിരു കടന്ന വിലയിരുത്തൽ വേണ്ടായെന്നാണു മുകളിലെ വേദഭാഗം പറയുന്നത്. മറ്റുള്ളവരുടെ ആവശ്യങ്ങളെക്കാൾ നമ്മുടെ ആവശ്യങ്ങൾക്കാണു പ്രാധാന്യമെന്ന് ഒരിക്കലും നാം കരുതരുത്.

നമുക്കെല്ലാവർക്കും തുല്യമായ വിലയും അവകാശങ്ങളുമാണുള്ളത്. ഇതു മനസ്സിൽ വെച്ചാൽ മറ്റുള്ളവരുടെ ആഗ്രഹങ്ങൾ ഉൾക്കൊള്ളാൻ കഴിയും.

## നിങ്ങളുടെ പ്രാർത്ഥനാശക്തി വർദ്ധിപ്പിക്കുക

നമുക്കുള്ള ഏറ്റവും വലിയ പദവിയെന്നതു പ്രാർത്ഥനയാണ്. നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ അപാരമായ ശക്തിക്കും അനുഗ്രഹത്തിനുമുള്ള വാതിൽ തുറക്കുന്നതു പ്രാർത്ഥനയാണ്. ദൈവം നമ്മുടെ പ്രാർത്ഥന കേട്ടു മറുപടി തരുന്നു. എന്നാൽ ദൈവം പറയുന്നതു നാം കോപിക്കാതെ, യോജിപ്പോടെ പ്രാർത്ഥിക്കണമെന്നാണ്.

> ആകയാൽ പുരുഷന്മാർ എല്ലായിടത്തും കോപവും വാഗ്വാദവും വിടുകെന്നു വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കണം. മെന്നു ഞാൻ ആഗ്രഹിക്കുന്നു.
>
> *1 തിമോ. 2:8*

കോപമില്ലാതെ പ്രാർത്ഥിക്കണമെന്നാണ് ഈ വചനം വ്യക്തമാക്കുന്നത്. മർക്കോസ് 11 ൽ പറയുന്നത്, നാം പ്രാർത്ഥിക്കുമ്പോൾ, നമുക്ക് ആരോടെങ്കിലും വല്ലതുമുണ്ടെങ്കിൽ അവരോടു ക്ഷമിക്കണമെന്നാണ്, ഹൃദയം നിറയെ കോപവും കലഹവും വെച്ചുകൊണ്ടു പ്രാർത്ഥിച്ചിട്ട് അതിനു മറുപടി ലഭിക്കുമെന്നു പ്രതീക്ഷിക്കരുതെന്നു പറയുന്ന വേറൊരു വാക്യവുമുണ്ട്.

കോപിക്കുന്ന ഒത്തിരിയൊത്തിരി ആളുകൾ ലോകത്തിലുണ്ട് അവരിലൊരു നല്ല പങ്കു ക്രിസ്ത്യാനികളാണ്. അവർക്കു നല്ല അറിവുമുണ്ട്. തങ്ങളുടെ കോപമൊന്നും വിഷയമല്ലായെന്നു തെറ്റിദ്ധരിച്ചുകൊണ്ടാണ് അവർ പ്രാർത്ഥിക്കുന്നത്. അവരുടെ കോപം ന്യായമായതെന്നാകാം അവർക്കു തോന്നുന്നത്. എന്നാൽ ദൈവം അതിനെ കുറ്റപ്പെടുത്തുന്നു. പ്രാർത്ഥിക്കുന്നതിനു മുമ്പ് അതു നാം വിട്ടുകളയണമെന്നു പറയുകയും ചെയ്യുന്നു. നിങ്ങളുടെ പാപങ്ങളെക്കുറിച്ചെല്ലാം അനുതപിക്കുകയും നിങ്ങൾക്കാരോടും ക്ഷമിക്കാനില്ലെന്ന് ഉറപ്പാക്കുകയുമാണു പ്രാർത്ഥനയിലൂടെ ദൈവത്തോടടുക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം. മറ്റുള്ളവരോടു നാം ക്ഷമിക്കുന്നില്ലെങ്കിൽ, നമ്മളോടു ദൈവം ക്ഷമിക്കണമെന്ന് എങ്ങനെയാണു നമുക്കു പ്രതീക്ഷിക്കാൻ കഴിയുക?

മറ്റുള്ളവർക്കെതിരായ നമ്മുടെ ദോഷപ്രവൃത്തികളെക്കാൾ വളരെയേറെ ഗുരുതരമായതാണു ദൈവത്തിനെതിരായ നമ്മുടെ പ്രവൃത്തികൾ.

ഒരു ഭർത്താവും ഭാര്യയും, അല്ലെങ്കിൽ ഒരു കുടുംബം യോജിപ്പോടെ ജീവിക്കാൻ തീരുമാനിച്ചാൽ, അവരുടെ പ്രാർത്ഥനയ്ക്ക് അപാരമായ ശക്തിയുണ്ട്.

> ഭൂമിയിൽ വെച്ചു നിങ്ങളിൽ രണ്ടുപേർ (സ്വരച്ചേർച്ചയോടെ, ഒത്തൊരുമയോടെ) അപേക്ഷിക്കുന്ന ഏതു കാര്യത്തിലും (എന്തു കാര്യത്തിലും/ എല്ലാക്കാര്യത്തിലും) ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽനിന്ന് അവർക്കു ലഭിക്കും.
>
> *മത്തായി 18:19*

ഈ വേദഭാഗം വിസ്മയിപ്പിക്കുന്നതാണ്. അതെന്താണു പറയുന്നതെന്നു നമ്മിലാരു വിശ്വസിച്ചാലും, ഒത്തൊരുമയിലും യോജിപ്പിലും ജീവിക്കുമെന്നൊരു തീരുമാനം തീർച്ചയായും നമ്മളെടുക്കണം. പ്രാർത്ഥനയിലെ ശക്തി ചോർത്തിക്കളയത്തക്ക വില നമ്മുടെ വിഡ്ഢിത്തമായ അഹങ്കാരത്തിനില്ല.

ഒരിക്കൽ ഞാനിങ്ങനെ വിഡ്ഢിത്തമായി ചിന്തിച്ചു, എനിക്കു തോന്നുമ്പോഴൊക്കെ ഭർത്താവുമായി തർക്കിക്കാം, പിന്നെ ജീവിതത്തിനു മാറ്റം വേണ്ടുന്ന സമയത്ത് ഒരുമിച്ചു കൂടി "നിരപ്പിന്റെ പ്രാർത്ഥന" പ്രാർത്ഥിക്കാം. എന്നാൽ മത്തായി 18:19 ൽ നാം കാണുന്നതുപോലെ, അത്തരം പ്രാർത്ഥന ഫലിക്കുകയില്ല. സമാധാനം ഉണ്ടാക്കാനും അതു നിലനിർത്താനും അങ്ങേയറ്റം പരിശ്രമിക്കുന്നവർക്കു മാത്രമേ അത്തരം ദൈവശക്തി ലഭിക്കുകയുള്ളൂ. ആരെങ്കിലും അതു ചെയ്താൽ ദൈവത്തിന് അതു വളരെ പ്രസാദകരമാണ്. അങ്ങനെ പ്രാർത്ഥിക്കുന്നവരെ കർത്താവു പ്രത്യേകരീതിയിൽ മാനിക്കും. സഹോദരനോട് എത്ര തവണ ക്ഷമിക്കണമെന്ന് ഈ വാക്യത്തിനു ശേഷം പത്രോസ് ചോദിക്കുന്നതു ശരിയാണ്. പ്രാർത്ഥനയിൽ ഇത്തരം ശക്തി പത്രോസിന് ആവശ്യമായിരുന്നു. മറ്റേതോ ശിഷ്യനുമായി / ശിഷ്യന്മാരുമായി പത്രോസിനുള്ള പ്രശ്നം അദ്ദേഹം തിരിച്ചറിയുകയായിരുന്നു. സമാധാനം പുലർത്തിക്കൊണ്ടു മുന്നോട്ടു പോകുന്നതിനു കർത്താവ് എത്രത്തോളം പത്രോസിൽ നിന്നു പ്രതീക്ഷിക്കുന്നുവെന്നാണു പത്രോസ് ചോദിച്ചത്. യേശു അതിനു നൽകിയ മറുപടി, ഐക്യതയിൽ നിലനിൽക്കാൻ എത്ര തവണ ക്ഷമിക്കണമോ അത്രത്തോളം ക്ഷമിക്കേണ്ടത് ആവശ്യമാണെന്നായിരുന്നു.

അപ്പോൾ പത്രോസ് അവന്റെയടുക്കൽ വന്നു:

കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കണം? ഏഴു വട്ടം മതിയോ എന്നു ചോദിച്ചു.

*മത്തായി 18:21*

പത്രോസ് കരുതിയത് അദ്ദേഹം വളരെ ഉദാരമതിയെന്നായിരുന്നു. യേശുവിന്റെ മറുപടി പത്രോസിനെ ഞെട്ടിച്ചു കളഞ്ഞു.

യേശു അവനോട്: ഏഴു വട്ടമല്ല, ഏഴ് എഴുപതു വട്ടം എന്നു ഞാൻ നിന്നോടുപറയുന്നു എന്നു പറഞ്ഞു!

*മത്തായി 18:22*

നാനൂറ്റിത്തൊണ്ണൂറു പ്രാവശ്യമാണത്, കർത്താവിന്റെ പറച്ചിലിന്റെ ലളിതമായ രീതിയാണത്. അതിനർത്ഥം, "എത്രയും ക്ഷമിക്കാമോ അത്രയും ക്ഷമിക്കണം, അതിനു പരിധി വയ്ക്കരുത്."

പ്രാർത്ഥന വിലയേറിയ ഒരു ദാനവും ശക്തിയേറിയ ഒരു പദവിയുമാണ്. യോജിപ്പില്ലാതെ ഇവ നമുക്കു നശിപ്പിച്ചുകളയാം. പ്രാർത്ഥിക്കുന്നതിനു മുമ്പ് നിങ്ങളുടെ ഹൃദയമൊന്നു പരിശോധിക്കുക. ആരോടെങ്കിലും കാര്യങ്ങൾ പറഞ്ഞു ശരിയാക്കാനുണ്ടെങ്കിൽ സമാധാനമുണ്ടാക്കാൻ നിങ്ങൾ തീവ്രമായി മുൻകൈയെടുക്കുക.

ദൈവവചനം നമ്മോടു പറയുന്നത് നാം യാഗവസ്തുവുമായി യാഗപീഠത്തിനു മുമ്പിൽ വരുമ്പോൾ, സഹോദരനു നമ്മളോട് എന്തെങ്കിലും പ്രശ്നമുണ്ടെന്നു നമുക്ക് ഓർമ്മ വന്നാൽ, ആ യാഗവസ്തു അവിടെ വെച്ചിട്ടു പോയി സഹോദരനുമായി സമാധാനത്തിലാകണം (മത്തായി 5:24). സമാധാനമുണ്ടാക്കാൻ നാം തീവ്രമായി ശ്രമിക്കണമെന്നാണ് ഇതു നമ്മെ പഠിപ്പിക്കുന്നത്.

## സേവനത്തിലെ ശക്തി

ദൈവത്തെ സേവിക്കുന്നതിനു നാം നമ്മുടെ ജീവിതം കൊടുക്കുമ്പോൾ, നമുക്കു വലിയ ശക്തി ലഭ്യമാണ്. കർത്താവു ശിഷ്യന്മാരെ ഈരണ്ടായി അയച്ചിട്ട് സുവിശേഷം പ്രസംഗിക്കാനും രോഗികളെ സൗഖ്യമാക്കാനും അവരോടു പറഞ്ഞു. സമാധാനത്തോടെ അവർക്കു താമസിക്കാനുള്ള വീടു

കണ്ടുപിടിക്കാനും കർത്താവു പറഞ്ഞു (ലൂക്കോസ് 10:1–9). ഒരേ സമയത്ത് അവരുടെ അന്തരംഗത്തിൽ കലഹവും ദൈവശക്തിയും അവർക്കുണ്ടാകാൻ കഴിയില്ലെന്നു കർത്താവിനറിയാമായിരുന്നു. കർത്താവ് അവർക്കു നൽകിയ വാഗ്ദത്തം, സ്വരച്ചേർച്ചയിൽ തുടരുന്നതിന് അവർ നടത്തുന്ന ഏതു യത്നത്തിനും തക്കതായിരുന്നു.

> പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകലബലത്തെയും ചവിട്ടുവാൻ (ശാരീരിക, മാനസികശക്തിയും കഴിവും) ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയുമില്ല.
>
> *ലൂക്കോസ് 10:19*

എന്റെ ജീവിതത്തിൽ ഈ വാഗ്ദത്തം യാഥാർത്ഥ്യമാകണമെന്നാണ് എന്റെയാഗ്രഹം. നിങ്ങൾക്കും അങ്ങനെ തന്നെയാകുമെന്നാണു ഞാനുറച്ചു വിശ്വസിക്കുന്നത്. അതുകൊണ്ട് ഒത്തൊരുമ, ഐക്യം, യോജിപ്പ് എന്നിവയിൽ ജീവിക്കാമെന്നു നമുക്കു സമർപ്പിക്കാം. മറ്റുള്ളവരെപ്പോലെ എപ്പോഴും ചിന്തിക്കണമെന്നോ അവരുടെ ഇഷ്ടങ്ങൾക്കെല്ലാം വഴങ്ങണമെന്നോ അല്ല, അവയെച്ചൊല്ലി നാം വഴക്കുണ്ടാക്കകയില്ലെന്നാണ്. നമ്മുടെ കാര്യം മാത്രം നോക്കിയാൽ, ഒരു നല്ല പങ്കു കലഹവും നമുക്ക് ഒഴിവാക്കാവുന്നതേയുള്ളൂ. നമുക്കൊരു കാര്യത്തിൽ ഉത്തരവാദിത്വമില്ലെങ്കിൽ, അതിൽ നാം അഭിപ്രായം പറയേണ്ടതില്ല. ഇതു നമ്മൾ ഓർത്തിരിക്കുന്നതു നല്ലതാണ്.

ആരും ചോദിക്കാത്തപ്പോഴും ആർക്കും വേണ്ടാത്തപ്പോഴുമാണു നാം പലപ്പോഴും നമ്മുടെ അഭിപ്രായം പറയുന്നത്. അങ്ങനെയതു തർക്കത്തിന്റെയും എതിർപ്പിന്റെയുമൊക്കെ ഉറവിടമായിത്തീരുന്നു. ഞാൻ അത്തരത്തിലുള്ള ആളാണ്. എന്റെ അഭിപ്രായങ്ങൾ വളരെ തുറന്നു പറയുന്ന സ്വഭാവമാണുണ്ടായിരുന്നത്. എന്നാൽ എന്നെ സഹായിക്കാൻ ഞാൻ പരിശുദ്ധാത്മാവിനോട് അപേക്ഷിച്ചു. ആവശ്യമെങ്കിൽ അഭിപ്രായം പറയാതിരിക്കാനുള്ള ജ്ഞാനത്തിനു വേണ്ടിയായിരുന്നു അപേക്ഷ. ഈ കാര്യത്തിൽ ഞാൻ ഇനിയും പൂർണ്ണതയിലെത്തിയിട്ടില്ല. എന്നാൽ അത് എത്രമാത്രം പ്രധാനപ്പെട്ടതാണെന്നു ഞാൻ തുടർന്നും പഠിച്ചുകൊണ്ടിരിക്കുകയാണ്.

അപ്പോസ്തലനായ പൗലോസ് ഫിലിപ്പ്യയിലെ സഭയ്ക്കു ലേഖനമെഴുതിയപ്പോൾ ഒത്തുചേർന്നു പോകുന്നതിന് യുവോദ്യ, സുന്തുക എന്നീ രണ്ടു

സ്ത്രീകളെ പ്രോത്സാഹിപ്പിച്ചു. സുവിശേഷം പ്രചരിപ്പിക്കുന്നതിൽ ഈ സ്ത്രീകൾ കഷ്ടപ്പെട്ടതുകൊണ്ട്, ഇവർ തുടർന്നും ഒത്തൊരുമിച്ചു പോകാനും സഹകരിക്കാനും മറ്റുള്ളവർ സഹായിക്കണമെന്നുകൂടെ അദ്ദേഹം പ്രബോധനം നൽകി. (ഫിലി.4:2-3). അവരുടെ തർക്കവിഷയം എന്തായിരുന്നുവെന്നു നമുക്കറിയില്ല. മറ്റേയാളിന്റെ കാര്യത്തിൽ അമിതമായ കൈകടത്തലായിരിക്കാം പ്രശ്നത്തിന്റെ ഒരു ഭാഗം. ഈ രണ്ടു സ്ത്രീകൾക്ക് ഒത്തൊരുമിച്ചു പോകാൻ പ്രയാസമുണ്ടെന്നു പൗലോസ് കേട്ടിരിക്കാം.അത് അവരുടെ ശുശ്രൂഷയ്ക്കു ക്ഷീണമുണ്ടാക്കുമെന്നും പൗലോസിനറിയാമായിരുന്നു. ഈ ലേഖനത്തിൽ, ഈ സ്ത്രീകൾക്കു പ്രത്യേകമായ നിർദ്ദേശം നൽകുന്നതിനും പൗലോസ് സമയം കണ്ടെത്തി. ഈ രണ്ടു സ്ത്രീകൾക്കു പൗലോസ് എഴുതിയതു നമുക്കും ബാധകമാണ്. ദൈവികശുശ്രൂഷയിൽ നമുക്കു ശക്തി വേണമെങ്കിൽ നാം മറ്റുള്ളവരുമായി ചേർന്നു പോകണം. നമുക്ക് ഐക്യത വേണം!

> ഫിലിപ്പ്യലേഖനത്തിൽ അപ്പോസ്തലനായ പൗലോസ് പറയുന്നു: നിങ്ങൾ ഏകമനസ്സുള്ളവരായി ഏക സ്നേഹം പൂണ്ട് ഐകമത്യപ്പെട്ട് ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ.
>
> *ഫിലിപ്പിയർ 2:2*

ദൈവവചനത്തിൽ നാം വായിക്കുന്ന ശ്രേഷ്ഠരായ സ്ത്രീപുരുഷന്മാരെല്ലാം ഒത്തൊരുമയ്ക്കു സമർപ്പിതരായിരുന്നു. ഒത്തൊരുമയില്ലാതെ അവർ ചെയ്യുന്ന ദൈവവേല ശക്തിഹീനമായിരിക്കുമെന്ന് അവർക്കറിയാമായിരുന്നു. ഞങ്ങളുടെ പ്രവർത്തനത്തിന്റെ പ്രാരംഭനാളുകളിൽ, കലഹത്തിന്റെ അപകടത്തെക്കുറിച്ചുള്ള ഒരു ദൈവികവെളിപ്പാട് എനിക്കും ഭർത്താവിനും ലഭിച്ചു. കലഹമൊരു ചെറിയ പ്രശ്നമേ അല്ലാത്തത് അപകടകാരിയാണ്. അതു നിർത്തിയില്ലെങ്കിൽ. പകർച്ചവ്യാധിപോലെ പടരും. കലഹത്തെയും അത് ആളുകളുടെ ജീവിതത്തിലുണ്ടാക്കുന്ന കുഴപ്പത്തെയും ഞാൻ വെറുക്കുന്നു. എന്റെ ജീവിതത്തിൽ നിന്ന് അതിനെ പുറത്തു നിർത്താൻ ഞാൻ തീവ്രമായി ശ്രമിക്കുന്നു.

> എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിക്കാൻ ഉത്സാഹിക്കുവിൻ. ശുദ്ധീകരണം കൂടാതെ ആരും (ഒരിക്കലും) കർത്താവിനെ കാണുകയില്ല. ആരും ദൈവകൃപ (ദൈവത്തിന്റെ

അനർഹമായ കരുണയും ആത്മീയമായ അനുഗ്രഹവും) വിട്ടു പിന്മാറുകയും വല്ല കയ്പുള്ള വേരും മുളച്ചു (വിദ്വേഷം, വൈരം, വെറുപ്പ്) കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും...

*എബ്രായർ. 12:14-15*

നമ്മുടെ ജീവിതത്തിൽനിന്നു കലഹം ഒഴിവാക്കാൻ നാം ഉത്സാഹിക്കണ(തീവ്രമായി പ്രവർത്തിക്കണം)മെന്നു വചനം നമ്മെ പഠിപ്പിക്കുന്നു. ഞാൻ പറഞ്ഞതുപോലെ, സമാധാനമുണ്ടാക്കുന്ന ഒരാളാകാൻ ഒരുപാടു താഴ്മയും മനസ്സൊരുക്കവും ആവശ്യമാണ്. ശരിയാണെന്നു സ്ഥാപിക്കാനുള്ള നമ്മുടെ അവകാശം നാം ഉപേക്ഷിക്കണം. നമ്മുടെ കാര്യം നോക്കണം. കുഴപ്പം മാത്രമുണ്ടാക്കുന്ന കാര്യങ്ങൾ പറയാതിരിക്കണം എന്നൊക്കെയാണ് അതിനർത്ഥം.

ആളുകൾക്കിടയിൽ ഒത്തൊരുമയുണ്ടാക്കുന്നതിനുള്ള ഈ വിഷയം പോലെ തന്നെ മറ്റു വിഷയങ്ങളും പഠിപ്പിക്കാൻ ഞാൻ നല്ലൊരു പങ്കു സമയം ചെലവഴിച്ചിട്ടുണ്ട്. സമാധാനമില്ലാത്ത ജീവിതം കഷ്ടമാണ്. സമാധാനമില്ലെങ്കിൽ നമുക്കു ശക്തിയുമില്ലെന്നതാണു സത്യം.

കലഹമൊഴിഞ്ഞിരിക്കാൻ നാം അന്യോന്യം സഹായിക്കണം. വളരെയേറെ അത്ഭുതകരമായ കൃപാവരങ്ങളുള്ള ഒരു പാസ്റ്റർ ഞങ്ങളുടെ കൂട്ടത്തിലുണ്ട്. അവയിലൊന്നു “കലഹപരിഹാരം” ആണ്. അതിലദ്ദേഹം നിപുണനുമാണ്. ഞങ്ങളുടെ ഏതെങ്കിലും വകുപ്പിൽ അല്ലെങ്കിൽ രണ്ടു ജോലിക്കാർ തമ്മിൽ തർക്കമുണ്ടായാൽ, അതിനു പരിഹാരം വരുത്തി രമ്യപ്പെടുത്താൻ അദ്ദേഹം യത്നിക്കും. നമുക്ക് ഒത്തൊരുമയില്ലെങ്കിൽ, കർത്താവിനു വേണ്ടി നാം ചെയ്യുന്ന സേവനം ക്ഷയോന്മുഖമാകുമെന്നു നമുക്കറിയാം.

വേണ്ടത്ര ആശയവിനിമയമില്ലാത്തിടത്തുനിന്നാണു കലഹമുണ്ടാകുന്നതെന്നു നമുക്കു കാണാം. ഇക്കാരണത്താൽ ഒരുപാടു ബന്ധങ്ങൾ തകർന്നു പോയിട്ടുണ്ട്. അതു ദുഃഖകരമാണ്. വാസ്തവമായി നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നമുക്കു നല്ല ആശയവിനിമയചാതുര്യം പഠിക്കാനാവും. ഞങ്ങളുടെ പാസ്റ്റർ, കലഹിക്കുന്ന സംഭാഷണങ്ങളിൽ ആളുകളെ സഹായിക്കുന്നു. മിക്കപ്പോഴും പ്രശ്നപരിഹാരവും നിർവ്വഹിക്കുന്നു. അതു പ്രശ്നം പരിഹരിക്കുന്നില്ലെങ്കിൽ, കലഹം തുടർന്നു കൊണ്ടുപോകാനാണ് ആ കക്ഷികളുടെ ഭാവമെങ്കിൽ, അവർക്കു പറ്റിയ സ്ഥലം *ജോയ്സ് മേയർ പ്രവർത്തന*മല്ലെന്നു ഞങ്ങൾക്കറിയാം. ദൈവത്തിനു വേണ്ടി ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നതിനു നമുക്ക് ഐക്യമുണ്ടായേ തീരൂ.

അബ്രാഹാമിനെയും ലോത്തിനെയും കുറിച്ചു നാം വചനത്തിൽ വായിക്കുന്നു. രണ്ടുപേരുടെയും ഇടയന്മാർക്കു തമ്മിൽ, മേച്ചിൽപുറത്തിന്റെ അവകാശത്തെപ്പറ്റി കലഹമുണ്ടായി. ബുദ്ധിമാനായ അബ്രഹാം, പെട്ടെന്നു തന്നെ ലോത്തിന്റെയടുക്കലെത്തിയിട്ടു പറഞ്ഞു. "നമ്മൾ തമ്മിൽ കലഹിക്കരുത്" പിന്നെ അബ്രഹാം ലോത്തിനോടു പറഞ്ഞത്, 'നിനക്ക് ഇഷ്ടമുള്ള സ്ഥലത്തേക്കു നീ പോകുക, ബാക്കിയുള്ള സ്ഥലം എനിക്കു മതി' എന്നായിരുന്നു. ഈ സന്ദർഭത്തിൽ അബ്രഹാം വിനയപ്പെടുകയും ഭാവിയിൽ കലഹിക്കുന്നതിനുള്ള വാതിൽ അടയ്ക്കുകയുമാണു ചെയ്യുന്നത്. ലോത്ത് ഏറ്റവും മികച്ച സ്ഥലം തിരഞ്ഞെടുത്തു. എന്നാൽ സമാധാനമുണ്ടാക്കാൻ അബ്രഹാം മനസ്സു വെച്ചതുകൊണ്ട് ദൈവം അബ്രഹാമിനെ അതിലുമധികമായി അനുഗ്രഹിച്ചു (ഉല്പത്തി 13).

എന്റെ ജീവിതത്തിൽനിന്നു കലഹം ഒഴിവാക്കാൻ ഈ സംഭവം ഞാൻ ഉപയോഗിച്ചിട്ടുണ്ട്. വചനം പഠിപ്പിക്കുമ്പോൾ ഇതു കൂടെക്കൂടെ ഉപയോഗിക്കാറുമുണ്ട്. നിങ്ങളെത്തന്നെ താഴ്ത്തി, ജീവിതത്തിൽ നിന്ന് കലഹം ഒഴിച്ചു നിർത്തിയാൽ, ദൈവം നിങ്ങളെ അത്ഭുതകരമായി അനുഗ്രഹിക്കും. പ്രാർത്ഥനയിലും ശുശ്രൂഷയിലും നിങ്ങൾക്കു ശക്തി ലഭിക്കും, സമാധാനം നിങ്ങൾ അനുഭവിക്കുകയും ചെയ്യും.

ഔദാര്യമായി ദയ കാട്ടുകയും ക്ഷമിക്കുകയും ചെയ്തെങ്കിൽ മാത്രമേ നമുക്ക് ഒത്തൊരുമയോടെ ജീവിക്കാൻ കഴിയൂ എന്ന് അവസാനമായി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ അദ്ധ്യായം ഞാൻ അവസാനിപ്പിക്കട്ടെ. നമ്മളെ ഉപദ്രവിച്ചവരോടു ക്ഷമിക്കുന്നതിനുള്ള ഒരു താക്കോൽ, ഈ പഠനത്തിലൂടെ ദൈവം നമുക്കു നൽകിയിട്ടുണ്ട്. നമ്മുടെ ജീവിതത്തിൽ വേണ്ടുമ്പോഴൊക്കെ നീതീകരണവും ന്യായീകരണവും നൽകുന്നതിനു നമുക്കു ദൈവത്തിലാശ്രയിക്കാം. ക്ഷമിക്കുന്നതാണു നമ്മുടെ ഭാഗം, ന്യായം വരുത്തുന്നതാണു ദൈവത്തിന്റെ ഭാഗം. നിങ്ങൾ നിങ്ങളുടെ ഭാഗം ചെയ്യുക, ദൈവത്തിന്റെ ഭാഗം ദൈവം ചെയ്യട്ടെ.

ആത്മാവിന്റെ (ആത്മാവ് ഉളവാക്കുന്ന) ഐക്യത സമാധാനബന്ധത്തിൽ കാക്കുവാൻ ശ്രമിക്കുകയും ചെയ്യുവിൻ.

*എഫെസ്യർ 4:3*

## അദ്ധ്യായം

# 13

# ദൈവമേ, എന്നോടു കരുണയുണ്ടാകണമേ

നമ്മുടെ പാപങ്ങളെക്കുറിച്ചും പോരായ്മകളെക്കുറിച്ചും നാം വേണ്ടും പോലെ ബോധമുള്ളവരാകുമ്പോൾ, മറ്റുള്ളവരോടും അവരുടെ തെറ്റുകളും ക്ഷമിക്കാൻ വളരെയെളുപ്പമാണ്. ദൈവം ആദ്യമേ നമുക്കു വേണ്ടി ചെയ്യാത്ത കാര്യം മറ്റൊരാൾക്കു വേണ്ടി ചെയ്യാൻ നമ്മളോട് ദൈവം ആവശ്യപ്പെടുന്ന തേയില്ല. മറ്റുള്ളവരോടു നാം ക്ഷമിക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കു റിച്ചു നമ്മളെ പഠിപ്പിക്കുന്നതിനു മുമ്പ്, ദൈവം നമുക്കു പാപക്ഷമ കാണിച്ചു തരുന്നു. ദൈവത്തിനു നമ്മളോടു ബന്ധം പുലർത്തണം, നമ്മളുമായി ഒത്തൊരുമയും സ്വരച്ചേർച്ചയും വേണം, അതുകൊണ്ട് അവൻ നമ്മളോടു ക്ഷമിക്കുന്നു.

ദൈവത്തിന്റെ മഹാകരുണയും കൃപയും പാപക്ഷമയ്ക്കു മുമ്പേ വരുന്നു. ദൈവത്തിന്റെ ഏറ്റവും മനോഹരമായ ഗുണവിശേഷങ്ങളിലൊ ന്നാണു കരുണ. നമ്മെ ആശ്ചര്യപ്പെടുത്തേണ്ടുന്ന ഒന്നാണു കരുണ. ഭൂമി യിൽ അതു കൂടുതലായോ കുറവായോ നാം പ്രതീക്ഷിക്കുന്നു. എന്നാൽ സ്വർഗ്ഗദൂതന്മാർ ദൈവകരുണയിൽ ഭയഭക്തി കാട്ടുന്നുവെന്നാണു ഞാൻ കരു തുന്നത്. ആൻഡ്രൂ മുറേ എന്ന ദൈവദാസൻ പറഞ്ഞത്: “ദൈവത്തിന്റെ സർവ്വജ്ഞാനമൊരു അത്ഭുതമാണ്, ദൈവത്തിന്റെ സർവ്വശക്തിയൊരു അത്ഭുതമാണ്, ദൈവത്തിന്റെ കളങ്കമില്ലാത്ത വിശുദ്ധിയൊരു

അത്ഭുതമാണ്, എന്നാൽ ഇവയെല്ലാറ്റിനെക്കാളും ഏറ്റവും വലിയ അത്ഭുതം ദൈവത്തിന്റെ കരുണയാണ്."

അങ്ങേയറ്റം നികൃഷ്ടരായ പാപികളോടു ദൈവം പരിപൂർണ്ണമായി ക്ഷമിക്കുകയും ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് അവരെ യഥാസ്ഥാനപ്പെടുത്തുകയും ചെയ്യുന്നു. അത് ഒട്ടും തന്നെ അർഹിക്കാത്തവർക്ക് അവൻ നല്ലവനാണ്. ഒരു ദിവസം നാം ചിന്തിച്ചതും പറഞ്ഞതും പ്രവർത്തിച്ചതുമായ എത്രയോ കാര്യങ്ങളാണു ദൈവം ക്ഷമിക്കുന്നതെന്നു നാം ഗ്രഹിച്ചാൽ, നമ്മോടു തെറ്റു ചെയ്തവരോടു ക്ഷമിക്കുന്നത് അത്ര പ്രയാസമുള്ള ജോലിയായി നമുക്കു തോന്നുകയില്ല. "ദൈവമേ, എന്നോടു കരുണയുണ്ടാകണമേ, മറ്റുള്ളവരോടു കരുണ തോന്നാൻ എന്നെ സഹായിക്കണമേ" എന്ന് നമുക്കു ദൈവത്തോടു പല തവണ നിലവിളിക്കാം.

ഒരു കാര്യം ചെയ്യാൻ നമ്മെ ഒരുക്കാതെ അക്കാര്യം ചെയ്യാൻ ദൈവം നമ്മളോട് ആവശ്യപ്പെടുകയേ ഇല്ല. ആദ്യമേ ദൈവം നമുക്കു നൽകാത്ത ഒരു കാര്യം മറ്റുള്ളവർക്കു ചെയ്യാനും അവനൊരിക്കലും ആവശ്യപ്പെടില്ല. നിരുപാധികമായ സ്നേഹമാണ് അവൻ നമുക്കു നൽകുന്നത്. മറ്റുള്ളവരെയും നിരുപാധികമായി സ്നേഹിക്കാൻ അവൻ നമ്മളോട് ആവശ്യപ്പെടുന്നു. അവൻ നമുക്കു കരുണ നൽകുന്നു. കരുണയുള്ളവരായിരിക്കാൻ നമ്മളോടും ആവശ്യപ്പെടുന്നു. അവൻ നമ്മളോടു ക്ഷമിക്കുന്നു. മറ്റുള്ളവരോടു ക്ഷമിക്കാൻ ആവശ്യപ്പെടുന്നു. അത്രയേറെ ആവശ്യപ്പെടണോയെന്നാണോ ചോദ്യം? ഞാനങ്ങനെ കരുതുന്നില്ല.

ഏറെ നൽകിയവനോട് ഏറെ ആവശ്യപ്പെടുമെന്നാണു വചനം നമ്മെ പഠിപ്പിക്കുന്നത് (ലൂക്കോസ് 12:48). ദൈവം ഏറെ നൽകുന്നതുകൊണ്ട്, നമ്മളിൽനിന്ന് അതുപോലെ പ്രതീക്ഷിക്കാൻ അവകാശമുണ്ട്. അല്പം സമയമെടുത്ത് ഓർത്തു നോക്കുക, ദൈവം എത്രമാത്രം നിങ്ങളോടു ക്ഷമിക്കാൻ മനസ്സു കാട്ടുന്നുവെന്ന്. ഒരേ പാപം തന്നെ പല തവണ ചെയ്യുന്നതിന്റെ കുറ്റബോധം നിങ്ങൾക്കുണ്ടോ? ദൈവം അവന്റെ കരുണയിൽ നിങ്ങളോടൊപ്പം പ്രവർത്തിച്ചിട്ടുണ്ടോ, നിങ്ങൾ ശരിയായ കാര്യം ചെയ്യാൻ പഠിക്കുന്നതു വരെ തുടർച്ചയായി നിങ്ങളോടു ക്ഷമിച്ചിട്ടുണ്ടോ? തീർച്ചയായും അതിന്റെ ഉത്തരം അതേ എന്നാണ് നമുക്കെല്ലാവർക്കും അത് അതേ എന്നാണ്.

# ദൈവം നമുക്കുവേണ്ടി ക്രിസ്തുവിൽ എന്താണു ചെയ്തത്?

യേശുക്രിസ്തുവിന്റെ യാഗത്തിലൂടെ ദൈവം നമ്മെ അവനിലേക്ക് അടുപ്പിച്ചു - ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്ക്. നമ്മുടെ പാപത്തിലും കഷ്ടത്തിലും അവൻ നമ്മെ കണ്ടെത്തിയിട്ട്, തികച്ചും പുതിയ ഒരു ജീവിതം നമുക്കു വാഗ്ദാനം ചെയ്യുന്നു. നാം “അതേ” എന്നൊന്നു പറഞ്ഞാൽ, അവൻ സമ്പൂർണ്ണമായി നമ്മുടെ പാപങ്ങളെല്ലാം ക്ഷമിക്കുകയും, അവന്റെ കൃപയാലും കരുണയാലും നമ്മെ നേരെയാക്കി അവനോടൊപ്പം നിർത്തുകയും ചെയ്യും. അവൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കുക മാത്രമല്ല, കിഴക്കും പടിഞ്ഞാറും പോലെ അവയെ അകറ്റിക്കളയുകയും ചെയ്യുന്നു. പിന്നെ അവ ഓർക്കുന്നുമില്ല (എബ്രായർ 10:17; സങ്കീ 103:12). നിരാശയുടെ കുഴിയിൽനിന്ന് അവൻ നമ്മെ ഉയർത്തി, നമ്മുടെ ജീവിതത്തിനു പ്രാധാന്യം നൽകുന്നു (യാക്കോബ് 4:10). നാം അത് അർഹിക്കുന്നില്ല എന്നതാണ് അതിന്റെ വിസ്മയിപ്പിക്കുന്ന സൗന്ദര്യം. ദൈവകൃപയ്ക്കു തക്കതായി നാം ഒന്നും തന്നെ ചെയ്തിട്ടില്ല, എന്തെങ്കിലും ചെയ്യാൻ നമുക്കു കഴിയുകയുമില്ല. ക്ഷമിക്കുന്നതു നിശ്ചയമായും ഒരു ദാനമാണ്. അതു നാം സ്വീകരിക്കുന്നതും കൊടുക്കാൻ മനസ്സു കാണിക്കേണ്ടതുമായ ഒന്നാണ്. മറ്റുള്ളവർക്കു നാം കൊടുക്കുന്ന ഒരു ദാനം മാത്രമാണത്. എന്നാൽ വാസ്തവത്തിൽ അതു നാം നമുക്കു തന്നെ നൽകുന്ന ഒരു ദാനമാണ്. നാം മറ്റൊരാളോടു ക്ഷമിക്കുമ്പോൾ, നാം നമുക്കു തന്നെ മനഃസ്സമാധാനമുണ്ടാക്കുകയാണ്, പുതിയ ഊർജ്ജം നൽകുകയാണ്. മുഷിച്ചിലിനും പഴയ കാര്യങ്ങൾ അയവിറക്കുന്നതിനും പകരം സൃഷ്ടിപരമായ കാര്യങ്ങൾ ചെയ്യാൻ സമയം കണ്ടെത്തുകയാണ്. വളരെക്കുറച്ചു കാര്യങ്ങൾ മാത്രമാണിവ.

ന്യായത്തിനപ്പുറമായ ദയയാണു കരുണ. മറ്റൊരു വിധത്തിൽ, ദൈവത്തിന്റെ ദയക്കു തക്കതായ ഒരു കാരണം (ന്യായമായ കാരണം) കണ്ടെത്താൻ കഴിയില്ല. ദൈവം ദയയുള്ളവനാണ്, അവന്റെ കരുണ ലഭിക്കുന്ന ഭാഗ്യശാലികളാണു നാം.

ക്രിസ്തുവിലൂടെ ദൈവം നമ്മെ വീണ്ടെടുത്തു. നീതീകരിച്ചു, വിശുദ്ധീകരിച്ചു, ഇതാണു നമ്മെ യഥാസ്ഥാനപ്പെടുത്തുന്ന എന്നേക്കുമുള്ള പ്രക്രിയ. ദൈവത്തിന്റെ കരുണയ്ക്കായി നമുക്ക് എന്നേക്കും നന്ദിയുള്ളവരായിരിക്കാം. എനിക്ക് ഇന്നും എന്നും കരുണ വേണം. ദൈവത്തിന്റെ മഹാകരുണയാൽ ഞാൻ ആശ്ചര്യഭരിതയാകുന്നു. ദൈവം എനിക്കു വേണ്ടി ചെയ്തതിനെ

ക്കുറിച്ച് ഞാൻ വാസ്തവമായി സമയമെടുത്തു ചിന്തിക്കുമ്പോൾ ആ ആശ്ചര്യം പിന്നെയും വികസിക്കുന്നു.

നിങ്ങളെ വേദനിപ്പിച്ചതോ നിങ്ങളോടു തെറ്റു ചെയ്തതോ ആയ ഏതെങ്കിലും വ്യക്തിയോടു ക്ഷമിക്കുന്ന കാര്യത്തിൽ നിങ്ങൾക്കു ബുദ്ധിമുട്ടുണ്ടോ? ഉണ്ടെങ്കിൽ, ദൈവം നിങ്ങളോട് എത്രമാത്രം ക്ഷമിച്ചുവെന്ന് ഒരു പതിനഞ്ചു മിനിറ്റ് ഗൗരവമായി ചിന്തിച്ചാട്ടെ, അതു നിങ്ങളെ വിനയപ്പെടുത്തും, നിങ്ങളോടു തെറ്റുചെയ്തവരോടു ക്ഷമിക്കാൻ പിന്നീടു നിങ്ങൾക്ക് എളുപ്പമായിരിക്കും.

എന്റെ പ്രിയ സുഹൃത്തേ, ദയവായി ക്ഷമിക്കുക! സംഭവിച്ച, ഇപ്പോൾ പരിഹരിക്കാത്ത ഏതെങ്കിലും കാര്യത്തെക്കുറിച്ചുള്ള കയ്പും കോപവും വെച്ചുകൊണ്ട് ഇനിയൊരു ദിവസം ചെലവിടരുത്. വിരോധം വെച്ചുകൊണ്ട് ജീവിക്കരുത്. നിങ്ങളെ നന്നാക്കാൻ (മോശമാക്കാനല്ല) ദൈവത്തോട് അപേക്ഷിക്കുക. നിങ്ങൾക്കു സംഭവിച്ചത് ഏത് അന്യായമായ കാര്യവുമാകട്ടെ, അതിൽ നിന്നു നല്ല കാര്യങ്ങളുളവാകാൻ ദൈവത്തിലാശ്രയിക്കുക. ഓർക്കുക, നിങ്ങൾ ചെയ്യേണ്ടതു ദൈവത്തെ അനുസരിക്കുക എന്നതും ക്ഷമിക്കുന്നതുമാണ്. ദൈവം ചെയ്യേണ്ടത് യഥാസ്ഥാനപ്പെടുത്തുകയെന്നതും നീതീകരിക്കുകയെന്നതുമാണ്. ക്ഷമിക്കാത്ത ആത്മാവോടെ, നിങ്ങളുടെ ജീവിതത്തിലെ വിലപ്പെട്ട ഒരു ദിവസം കൂടെ പാഴാക്കരുത്. ദൈവത്തിന്റേതുപോലെയുള്ള അതേ മനോഭാവം... കരുണ നിറഞ്ഞതും ക്ഷമിക്കുന്നതുമായ മനോഭാവം നിങ്ങളിലുളവാകുവാൻ ദൈവത്തോട് അപേക്ഷിക്കുക.

യേശു കർക്കശക്കാരനും കഠിനനുമല്ല. അവൻ കരുണ നിറഞ്ഞവനാണ്. കോപത്തിനു താമസമുള്ളവനും ക്ഷമിക്കാനും സഹായിക്കാനും സന്നദ്ധനുമാണ് (മത്തായി 11:28–30). യാഗമല്ല കരുണയാണ് യേശു ആഗ്രഹിക്കുന്നതെന്നു നമ്മെ പഠിപ്പിക്കുന്നു(മത്തായി 12:7). രണ്ടു തരത്തിൽ ഈ വചനത്തെ നമുക്കു കാണാം. ഒന്നാമതായി, ദൈവം നമുക്കു കരുണ നൽകാൻ ആഗ്രഹിക്കുന്നുവെന്നും യാഗങ്ങളിൽ അവനു താത്പര്യമില്ലെന്നും കാണാം. എന്നേക്കും ആവശ്യമുള്ള ഒരേയൊരു യാഗം യേശു തന്നെയാണ്. പുതിയ നിയമത്തിൻ കീഴിൽ നമ്മുടെ യാഗങ്ങൾ നിഷ്പ്രയോജനമാണ്. നാം പാപം ചെയ്യുമ്പോൾ, യേശുവിലേക്കു തിരിഞ്ഞു കരുണയ്ക്കായി അപേക്ഷിക്കാനേ നമുക്കു കഴിയൂ. അതു നൽകാൻ അവൻ സദാ സന്നദ്ധനുമാണ്. ദൈവം ക്ഷമിക്കാൻ സന്നദ്ധനാണെന്ന ചിന്ത എനിക്കിഷ്ടമാണ്. അവൻ സന്നദ്ധ

നാകുന്നതുവരെ നാം കാത്തിരിക്കേണ്ടുന്ന ആവശ്യമില്ല. അവനെ നാം പറഞ്ഞു ബോദ്ധ്യപ്പെടുത്തേണ്ടതില്ല... അവൻ ക്ഷമിക്കാൻ തയ്യാറാണ്. എപ്പോഴും കരുണ കാട്ടുന്നതിനും ക്ഷമിക്കുന്നതിനും അവൻ നേരത്തേ തീരുമാനിച്ചു കഴിഞ്ഞു. അതേ കാര്യം തന്നെ നമുക്കും ചെയ്യാം. അതിനായി നാം മനസ്സൊരുക്കം കാട്ടിയാൽ, എതിർപ്പുകൾ വരുന്ന വഴിക്കു തന്നെ നമുക്കു ക്ഷമിക്കാൻ കഴിയും.

രണ്ടാമതായി, മറ്റുള്ളവരോടു നാം കരുണ കാട്ടണമെന്നും അവരിൽനിന്നു യാഗങ്ങളൊന്നും ആവശ്യപ്പെടരുതെന്നും ദൈവം ആഗ്രഹിക്കുന്നുവെന്നാണ്. തെറ്റു ക്ഷമിക്കുന്നതു മനുഷ്യനു മഹത്വമാണ് (സദൃ 19:11). മറ്റുള്ളവർ നമ്മെ വേദനിപ്പിക്കാൻ ചെയ്ത കാര്യങ്ങൾ ക്ഷമിക്കുന്നതു നമ്മുടെ പദവിയാണ്. അതു ചെയ്യാൻ ദൈവം നമ്മെ ഒരുക്കിയിട്ടുണ്ട്. എതിർപ്പു നമുക്കു വരും, എന്നാൽ അതു നാം എടുക്കരുത്.

ആരെങ്കിലും നമ്മെ വേദനിപ്പിക്കുമ്പോൾ, അവർക്കതു മോശമായിത്തോന്നിപ്പിക്കാനോ തുടർച്ചയായി അവർക്കെതിരെ അമ്പെയ്യാനോ നമുക്കു കഴിയും. നമ്മുടെ ജീവിതത്തിൽനിന്ന് അവരെ അടിച്ചു പുറത്താക്കി അവരോടു സംസാരിക്കാതിരിക്കാം. നമുക്കെതിരായി പാപം ചെയ്തവരിൽനിന്നു യാഗം ആവശ്യപ്പെടുന്ന മാനുഷികരീതിയാണിത്. എന്നാൽ നമുക്കു വേറൊരു വഴിയുണ്ട്. നമുക്കു കരുണ കാണിക്കാൻ കഴിയും.

## ദൈവം എന്താണു നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്?

നാം ചെയ്യുന്ന ഓരോ പാപവും നാം ചെയ്യുന്നതിനു മുമ്പുതന്നെ ദൈവം അറിയുന്നു. നമ്മുടെ പ്രകൃതം നമ്മൾ വെറും പൊടിയാണെന്ന് അവനറിയാം. ഒരിക്കലും നമുക്കു തെറ്റുപറ്റുകയില്ലെന്ന പ്രതീക്ഷയൊന്നും അവനില്ല. “ജോയ്സ്, നീ എനിക്കൊരു അത്ഭുതമേയല്ല” എന്ന് ദൈവം എന്റെ ഹൃദയത്തോടു സംസാരിക്കുമ്പോൾ എനിക്കു വലിയ ആശ്വാസമായിരുന്നു. നമ്മുടെ പരീക്ഷകൾ ദൈവത്തെ അത്ഭുതപ്പെടുത്തുന്നതേയല്ല. പക്ഷേ, നമുക്കു കുഴപ്പമുണ്ടാകുന്നതിനുമുമ്പുതന്നെ നമ്മുടെ വിടുതലിന്റെ പദ്ധതി അവൻ തയ്യാറാക്കിട്ടുണ്ട്. നമ്മുടെ തെറ്റുകളും ജഡികരീതികളുമൊന്നും ദൈവത്തെ ഒരിക്കലും അത്ഭുതപ്പെടുത്തുന്നില്ല. കരുണ കാട്ടാൻ അവൻ നേരത്തെ തന്നെ തീരുമാനിച്ചുകഴിഞ്ഞു. ദൈവത്തെ സ്നേഹിക്കുക,

ദൈവഹിതം ആഗ്രഹിക്കുക എന്നിവയാണ് അവൻ നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്. നാം പെട്ടെന്ന് ക്ഷമിക്കുന്നവരും ആത്മീയപക്വതയ്ക്കായി പരിശുദ്ധാത്മാവിനോടൊപ്പം പ്രവർത്തിക്കുന്നവരുമാകണമെന്ന് അവൻ ആഗ്രഹിക്കുന്നു. പക്വതയിൽ എത്തിയില്ലെന്നുവെച്ച് അവൻ കോപിക്കുകയില്ല. എന്നാൽ അതിനായി മുന്നോട്ട് ആയുന്നവരായി നാം കാണപ്പെടണമെന്നാണ് അവൻ പ്രതീക്ഷിക്കുന്നത്.

പിന്നിലുള്ളതു വിട്ടുകളഞ്ഞ്, മുന്നിലുള്ള പൂർണതയുടെ ലക്ഷ്യത്തിലേക്ക് ആഞ്ഞുകൊണ്ട് ഓടുകയെന്നതാണു തന്റെ ലക്ഷ്യമെന്ന് അപ്പോസ്തലനായ പൗലോസ് പറഞ്ഞിരിക്കുന്നു (ഫിലി. 3:13). പുതിയ നിയമത്തിന്റെ മുന്നിൽ രണ്ടു ഭാഗമെഴുതിയ പൗലോസ് ഇപ്പോഴും മുന്നോട്ട് ആയുന്നത് ഒന്നു സങ്കല്പിച്ചു നോക്കുക. ഈ മാതൃക ദൈവവചനത്തിൽ ദൈവം ഉൾപ്പെടുത്തിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്നെ ദൈവം നന്നായി അറിയുന്നുവെന്ന് അറിയാൻ ഇതു പ്രോത്സാഹിപ്പിക്കുന്നു. ഞാൻ വീണ്ടും ജനിച്ചവളാണെന്നും ഹൃദയം പുതുക്കപ്പെട്ടതാണെന്നും, എന്റെ ആത്മാവിൽ ദൈവം ചെയ്ത വലിയ പ്രവൃത്തിക്കൊപ്പം എത്താൻ വേണ്ടി എന്റെ ദേഹവും ദേഹിയും ഇപ്പോഴും പ്രവർത്തിക്കുകയാണെന്നും ഞാൻ മനസ്സിലാക്കുന്നു.

നാം തെറ്റു ചെയ്യുകയില്ലെന്നു ദൈവം പ്രതീക്ഷിക്കുന്നില്ലായെന്നതാണു സത്യം. പാപമില്ലാതെ ജീവിക്കാൻ നമുക്കു കഴിഞ്ഞാൽ, നമുക്ക് യേശുവിനെ ആവശ്യമാകുകയില്ല. എന്നാൽ ഓരോ ദിവസവും ഓരോ നിമിഷവും യേശുവിനെ നമുക്ക് ആവശ്യമുണ്ട്. ഇപ്പോൾ അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയാണ് (റോമർ 8:34).നമ്മുടെ പാപങ്ങൾ സമ്മതിച്ച് അനുതപിക്കുന്നെങ്കിൽ അവൻ തുടർന്നും അവ ക്ഷമിക്കുന്നു (1 യോഹ.1:9). നമ്മുടെ വീഴ്ചകൾക്കു പ്രതിവിധി തീർച്ചയായും ദൈവം തന്നിട്ടുണ്ട്. നമ്മുടെ പെരുമാറ്റത്തിൽ നാം ഇപ്പോഴും തികഞ്ഞവരായിട്ടില്ലെങ്കിൽക്കൂടി അവനുമായുള്ള കൂട്ടായ്മയിലും ബന്ധത്തിലും നമുക്കു തുടരാൻ കഴിയുന്നത് അവന്റെ മഹാകൃപയാലാണ്.

## ആളുകളിൽനിന്നു നിങ്ങൾ എന്താണു പ്രതീക്ഷിക്കുന്നത്?

മറ്റുള്ളവരോടു നാം കരുണ കാട്ടണം. അവൻ തികഞ്ഞവരല്ല, അവർക്കു തെറ്റുകൾ സംഭവിക്കാം. അവൻ നമ്മെ വേദനിപ്പിക്കും, നിരാശപ്പെടുത്തും,

പക്ഷേ, നമ്മളും, അതേകാര്യം തന്നെ അവരോടു ചെയ്യുമെന്നാണ് സത്യം. നാം ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവരെ വേദനിപ്പിക്കുന്നതിനെക്കുറിച്ചും നമുക്കു ബോധമില്ല, മറിച്ച് അവർ ചെയ്യുന്നതു നമ്മളെ വേദനിപ്പിക്കുന്നു എന്നതിനെക്കുറിച്ചു നമുക്കു ബോധമുണ്ട്.

ഞാൻ തികഞ്ഞയാളല്ല, പിന്നെ ഞാനെന്തിനാണ് എന്റെ ബന്ധങ്ങളിൽനിന്നു തികവു പ്രതീക്ഷിക്കുന്നത്? നമ്മുടെ തികവില്ലായ്മകൊണ്ടാണു ദൈവം നമ്മോടു പെട്ടന്നു ക്ഷമിക്കാൻ പറഞ്ഞിരിക്കുന്നതെന്നാണു ഞാൻ വിശ്വസിക്കുന്നത്. നമ്മുടെ സകല തെറ്റുകളും ക്ഷമിക്കുന്ന ദൈവം, നമുക്കു മനസ്സുണ്ടെന്നങ്കിൽ മറ്റുള്ളവരോട് ക്ഷമിക്കാനുള്ള കഴിവും നമുക്കു നൽകിയിട്ടുണ്ട്. ഈ പുസ്തകം ഞാനെഴുതുമ്പോൾ, ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ടു നാല്പത്തിനാലു വർഷമായി. ഈ കഴിഞ്ഞ വർഷങ്ങളിൽ, ആയിരിക്കണക്കിനു പ്രാവശ്യം ഞങ്ങൾ അന്യോന്യം ക്ഷമിച്ചിട്ടുണ്ട്. ഇനി ശേഷിക്കുന്ന കാലവും ഞങ്ങൾ വീണ്ടും വീണ്ടും ക്ഷമിക്കേണ്ടതുണ്ട്.

പലപ്പോഴും മറ്റേയാൾ നമ്മളോടു ചെയ്ത അസഹ്യമായ പ്രവൃത്തി സൂചിപ്പിക്കുകപോലും ചെയ്യാതെ അന്യോന്യം കരുണ കാട്ടാൻ നാം പഠിച്ചു. അന്യോന്യം കുറവുകൾ നോക്കി അവയ്ക്ക് അംഗീകാരം നൽകാനാവും. ഇതൊരു നല്ല ചിന്തയാണെന്നു ഞാൻ കരുതുന്നു. "നമുക്ക് അന്യോന്യം തെറ്റുകൾവരുത്താൻ അനുവദിക്കാൻ കഴിയും."

> പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർക്ഷമയോടുംകൂടെ നടക്കുകയും സ്നേഹത്താൽ അന്യോന്യം പൊറുക്കുകയും...
>
> *എഫെസ്യർ 4:2*

വർഷങ്ങൾക്കുമുമ്പ്, കുറ്റങ്ങളില്ലാത്തവരായിരിക്കുന്നതിന് അന്യോന്യം സമ്മർദ്ദം ചെലുത്തുന്നതു ഞാനും എന്റെ ഭർത്താവും നിർത്തി. ദൈവം എത്രത്തോളം കരുണയാണു ഞങ്ങളോടു കാട്ടിയതെന്നും ഞങ്ങൾ ആഗ്രഹിച്ചു അതേ കാര്യം തന്നെ പരസ്പരം ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ ചെയ്തയിലൂടെ, നിലനിൽക്കുന്ന നല്ല ദാമ്പത്യജീവിതത്തിന് അതു സഹായകമായി. ഹൃദയം പരിശോധിക്കുക, നിങ്ങളുടെ ഭർത്താവിനെ/ഭാര്യയെ, കുടുംബത്തെ, സുഹൃത്തുക്കളെ തികഞ്ഞവരാക്കാൻ (നിങ്ങളോടു തികഞ്ഞ രീതിയിൽ പെരുമാറാൻ) നിങ്ങൾ സമ്മർദ്ദത്തിലാക്കാറുണ്ടോ? നിങ്ങൾക്കു കാർക്കശ്യവും കാഠിന്യവും ഒരുപാട് ആവശ്യവുമുണ്ടോ? ആളുകളുടെ ബലഹീനതകൾ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?

നിങ്ങൾ ഔദാര്യമായി കരുണ കാട്ടാറുണ്ടോ? ഇടയ്ക്കിടെ നമ്മോടുതന്നെ ചോദിക്കാൻ കൊള്ളാവുന്ന ചോദ്യങ്ങളാണിവ. സത്യസന്ധമായി ഇവയ്ക്കു മറുപടി നൽകുക, നിങ്ങളുടെ മനോഭാവം യേശുവിന്റേതുപോലെയല്ലെങ്കിൽ അതു മാറ്റാനായി നിങ്ങളെ സഹായിക്കാൻ അവനോട് അപേക്ഷിക്കുക.

നമ്മുടെ മനസ്സും മനോഭാവവും നാം ദിവസവും പുതുക്കണം. സ്വഭാവികമായി നമുക്കൊരു നല്ല മനോഭാവം എപ്പോഴും ഉണ്ടാവുകയില്ല. ചിലപ്പോൾ കാര്യങ്ങൾ തെന്നിപ്പോകാൻ നാം ഇടവരുത്തുന്നു. അതുകൊണ്ട് ദൈവവഴിയിൽ കാര്യങ്ങൾ ചെയ്യുന്നതിനു നമ്മുടെ സമർപ്പണം പുതുക്കേണ്ടതുണ്ട്. ഇപ്പോൾ നിങ്ങൾ അങ്ങനെയുള്ള ഒരു നിലയിലാണെങ്കിൽ, അതിനെക്കുറിച്ചു നാണിക്കാനൊന്നുമില്ല. സന്തോഷിക്കുക, ദൈവത്തിന്റെ സഹായത്താൽ നിങ്ങൾ സത്യം കാണും, അതു നിങ്ങളെ സ്വതന്ത്രരാക്കും.

## ശിഷ്യന്മാരിൽനിന്ന് യേശു പ്രതീക്ഷിച്ചതെന്തായിരുന്നു?

സഹപ്രവർത്തകരായി യേശു തിരഞ്ഞെടുത്തതു ബലഹീനരും വിഡ്ഢികളുമായവരെയായിരുന്നു. അതുകൊണ്ട് സദാ ദൈവത്തിനു മാത്രമുള്ള പ്രമാണമൊന്നും അവർക്ക് എടുക്കാൻ കഴിഞ്ഞില്ല. പത്രോസ് ഒരുപാടു സംസാരിച്ചു, ഒത്തിരി അഹങ്കാരമുണ്ടായിരുന്നു. സമ്മർദ്ദത്തിലായപ്പോൾ, യേശുവിനെ അറിയില്ലെന്നുവരെ അവൻ മൂന്നു തവണ തള്ളിപ്പറഞ്ഞു. പക്ഷേ യേശു അവനോടു കരുണയും ദയയും കാട്ടി. അവൻ പത്രോസിനോടു ക്ഷമിച്ചു. പത്രോസ് ശ്രേഷ്ഠനായ ഒരു അപ്പോസ്തലനായിത്തീർന്നു.

യേശു പറഞ്ഞതിനെയൊക്കെ തോമസ് സംശയിച്ചു. പക്ഷേ യേശു തോമസിനോടു കരുണ കാണിക്കുകയും, തുടർന്നും അവനോടൊപ്പം പ്രവർത്തിക്കുകയും ചെയ്തു. തോമസ് സംശയിച്ചപ്പോഴും അവിശ്വസിച്ചപ്പോഴും, യേശു തോമസിനു പ്രത്യക്ഷപ്പെട്ട് തന്റെ ആണിപ്പാടുള്ള കൈകൾ (ഉയിർത്തെഴുന്നേറ്റ ശേഷം) തോമസിനെ കാണിച്ചു. കാണാതെ വിശ്വസിക്കുകയില്ലെന്നു തോമസ് പറഞ്ഞപ്പോൾ, അവന്റെ സംശയമനോഭാവം മൂലം യേശു അവനെ തള്ളിക്കളഞ്ഞില്ല.

യേശുവിന്റെ കൂടെ സഞ്ചരിച്ച ഈ ശിഷ്യന്മാരുടെ പെരുമാറ്റം പലപ്പോഴും പരിഹാസപൂർണ്ണമായിരുന്നു, അവരിലാരാണു വലിയവനെന്ന വാദം അവർക്കുണ്ടായി. യേശുവിന് അവരെ ആവശ്യമായിരുന്നപ്പോൾ അവർ

ഉറങ്ങി. ഒരു മണിക്കൂർ ഒപ്പം ചേർന്നു പ്രാർത്ഥിക്കാൻ യേശു ആവശ്യപ്പെട്ടിരുന്നു.

അവർ അപൂർണ്ണരായിരുന്നു. പക്ഷേ അവരെ തിരഞ്ഞെടുത്തപ്പോഴേ യേശുവിന് അത് അറിയാമായിരുന്നു. ആ പന്ത്രണ്ടു പേരെ തിരഞ്ഞെടുക്കുന്നതിനുമുമ്പുള്ള രാത്രി മുഴുവനും യേശു പ്രാർത്ഥിച്ചു. അവരായിരുന്നു സുവിശേഷം വഹിച്ചുകൊണ്ട് അന്നത്തെ അറിയപ്പെട്ട സ്ഥലങ്ങളിലേക്കു പോകേണ്ടിയിരുന്നത്. ഒന്നു സങ്കല്പിച്ചുനോക്കുക; വിവരമില്ലാത്ത, സംശയിക്കുന്ന, അഹംഭാവികളായ, പരസ്പരം വാദിക്കുന്ന, എത്ര പ്രാവശ്യം അന്യോന്യം ക്ഷമിക്കണമെന്ന് അറിയാനാഗ്രഹിക്കുന്ന അപൂർണ്ണരായ പന്ത്രണ്ടുപേർ മിക്കവാറും നമ്മളെപ്പോലെതന്നെയെന്നാണ് എനിക്കു തോന്നുന്നത്.

## കരുണ പ്രാപിക്കാൻ പഠിക്കുക

എന്നെപ്പോലെ തന്നെ നിങ്ങൾ തികഞ്ഞവരെല്ലെന്നും ഒരുപാടു കരുണ നിങ്ങൾക്ക് ആവശ്യമാണെന്നും നിങ്ങൾക്കറിയാം. ദൈവം കരുണ നൽകാൻ തയ്യാറാണ്, പക്ഷേ എങ്ങനെയതു പ്രാപിക്കണമെന്നു നിങ്ങൾക്കറിയാമോ? ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേയെന്നു നമ്മൾ ദൈവത്തോട് അപേക്ഷിച്ചേക്കാം. പക്ഷേ നമ്മളോടുതന്നെ ക്ഷമിക്കുന്നതിലൂടെ നാം ദൈവത്തിന്റെ പാപക്ഷമ പ്രാപിക്കുന്നുണ്ടോ? ഒരുപാടു കഴിഞ്ഞ കാലപാപങ്ങൾ നിങ്ങൾക്കെതിരായി നിങ്ങൾ പിടിച്ചുവെച്ചിരിക്കുകയാണോ? വർഷങ്ങളായി ഞാനതു ചെയ്തിട്ടുണ്ട്. അക്കാരണത്താൽ മറ്റുള്ളവരോടു കരുണ കാട്ടാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഞാൻ കൂടെക്കൂടെ പറയുന്നതുപോലെ, "നമുക്കില്ലാത്തതു നൽകാൻ നമുക്കു കഴിയില്ല."

നിങ്ങൾക്കു കരുണ ലഭിച്ചിട്ടുണ്ടോ? ഈ പുസ്തകം നിങ്ങൾ വായിക്കുമ്പോൾ, നിങ്ങൾ ആത്മാർത്ഥമായി ഏറ്റുപറഞ്ഞിട്ടും നിങ്ങൾക്കു കുറ്റബോധമുളവാക്കുന്ന കാര്യങ്ങൾ ഇപ്പോഴുമുണ്ടോ? ദൈവത്തോടു കരുണയ്ക്കായി അപേക്ഷിക്കാൻ നിങ്ങൾ സമയമെടുത്തിട്ടുണ്ടോ? അതുപോലെതന്നെ പ്രാധാന്യമുള്ളതാണ് ദൈവത്തിൽനിന്നു കരുണ പ്രാപിക്കാൻ നിങ്ങൾ സമയമെടുത്തിട്ടുണ്ടോയെന്ന ചോദ്യം. കരുണയൊരു ദാനമാണ്. എന്നാൽ നാം സ്വീകരിക്കില്ലെങ്കിൽ ദാനത്തിന് ഒരു വിലയുമില്ല. യേശു പറഞ്ഞു, "അപേക്ഷിക്കുവിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും" (യോഹ.16:24). ഒരുപാട് അപേക്ഷിച്ചിട്ടും

വളരെക്കുറച്ചു മാത്രമാണോ നിങ്ങൾക്കു ലഭിക്കുന്നത്? എങ്കിൽ, മാറ്റത്തിനുള്ള സമയമായി. ചെയ്യേണ്ടതെല്ലാം ദൈവം ക്രിസ്തുവിൽ നമുക്കുവേണ്ടി ചെയ്തു. ഇപ്പോൾ അതു വിശ്വാസത്താൽ പ്രാപിക്കേണ്ടതു നമ്മുടെ ചുമതലയാണ്. നമ്മുടെ കഴിവുകൊണ്ടല്ല, വിശ്വാസത്താൽ.

ദൈവത്തിന്റെ തീവ്രമായ കൃപ പ്രാപിക്കുന്നതിനെക്കുറിച്ചു നാം പഠിക്കുമ്പോൾ, അതു മറ്റുള്ളവർക്കു കൊടുക്കാനും നമുക്കു കഴിയും.

## കരുണയുള്ള മനോഭാവത്തിന്റെ സവിശേഷതകൾ

*കരുണ മനസ്സിലാക്കുന്നു.*

നമ്മുടെ ബലഹീനതകളും പോരായ്മകളും മനസ്സിലാക്കുന്ന, കരുണ നിറഞ്ഞ മഹാപുരോഹിതനാണ് യേശു. കാരണം നമ്മളെപ്പോലെതന്നെ എല്ലാ നിലയിലും അവൻ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ടും അവൻ പാപം ചെയ്തിട്ടേയില്ല (എബ്രായർ 4:15). എന്നെ യേശു മനസ്സിലാക്കുന്നുവെന്ന കാര്യം എനിക്കിഷ്ടമാണ്. നമുക്കോരോരുത്തർക്കും നമ്മുടേതായ ന്യൂനതകളുള്ളതിനാൽ, മറ്റുള്ളവർ തെറ്റുകൾ ചെയ്യുമ്പോൾ അതു മനസ്സിലാക്കാനും നമുക്ക് കഴിയണം. അവരോടു കരുണ കാട്ടുകയും ക്ഷമിക്കുകയും വേണം. മനസ്സിലാക്കുന്ന ഒരു ഹൃദയമുള്ളതു കരുണയുടെ മനോഹരമായ ഒരു സവിശേഷതയാണ്. അടുത്ത തവണ നിങ്ങളോട് ആരെങ്കിലും മോശമായി ഇടപെടുമ്പോൾ, മനസ്സിലാക്കാൻ ശ്രമിക്കുന്ന, തെറ്റായ പെരുമാറ്റം തീർച്ചയായും നല്ലതല്ല. എന്നാൽ ഓർക്കുക, 'മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു.' കോപത്തെ വഴിതിരിച്ചുവിടുന്നതിനു ദയക്കു ശക്തിയുണ്ട്. കാരണം, നന്മ എപ്പോഴും തിന്മയെ ജയിക്കുന്നു (റോമർ 12:21).

എന്റെ ബാല്യത്തിലനുഭവിച്ച ലൈംഗികപീഡനത്തിന്റെ ദോഷഫലങ്ങളിൽനിന്നു ഞാൻ മുക്തയായിക്കൊണ്ടിരുന്ന വർഷങ്ങളിൽ എന്റെ ഭർത്താവ് എന്നെ നന്നായി മനസ്സിലാക്കി ഇടപെട്ടിരുന്നു. അദ്ദേഹം എന്നോടു കരുണ കാണിച്ചിരുന്നില്ലെങ്കിൽ, ഒരു പക്ഷേ ഞങ്ങൾ ഇന്ന് ഒരുമിച്ചു ജീവിക്കുകയില്ലായിരുന്നു. ഞങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ശ്രേഷ്ഠമായ പദ്ധതി ഇല്ലാതാകുമായിരുന്നു. നിങ്ങൾക്കു മനസ്സിലാക്കാൻ അല്പം ബുദ്ധിമുട്ടുള്ള ആരെങ്കിലും ഇപ്പോൾ നിങ്ങളുടെ ജീവിതത്തിലുണ്ടോ? അവരുടെ പ്രശ്നം പറയാൻ ആവശ്യപ്പെടുക. സ്വഭാവികമല്ലാത്ത രീതിയിൽ ആളുകൾ പതിവായി ഇടപെടുമ്പോൾ, അവരുടെ ജീവിതത്തിൽ എന്തെങ്കിലും

വേദനിപ്പിക്കുന്ന അനുഭവം കാണും, അതിൽനിന്ന് അവർ മോചിതരായിട്ടുണ്ടാകില്ല.

ആളുകളുടെ പശ്ചാത്തലം നാം കൂടുതലായി അറിയുന്തോറും, അവരുടെ ഏത് അനഭിലക്ഷണീയമായ പ്രവൃത്തിയും മനസ്സിലാക്കാൻ എളുപ്പമാണ്.

*കരുണ ആളുകളുടെ കുറവുകൾ തുറന്നു കാട്ടുന്നില്ല*

പരിശുദ്ധാത്മാവു നിയന്ത്രിക്കാത്ത ഒരു വ്യക്തിക്കാണു സാധാരണമായി, മോശമായ വാർത്ത പരത്താൻ, പ്രത്യേകിച്ചു മറ്റുള്ളവരുടെ തെറ്റുകൾ പറയാനുള്ള വന്യമായ താത്പര്യമുള്ളത്. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നുവെന്നു ദൈവവചനം പ്രസ്താവിക്കുന്നു (1 പത്രോസ് 4:8).

> പക വഴക്കുകൾക്കു കാരണമാകുന്നു; സ്നേഹമോ, സകല ലംഘനങ്ങളെയും മൂടുന്നു.
>
> *സദൃശവാക്യങ്ങൾ 10:12*

ദൈവവചനത്തിലെ ഓരോ സദൃശവാക്യവും ജ്ഞാനത്തിന്റെ ഒരു കുറിപ്പാണ്. അതു നാം ശ്രദ്ധിച്ചാൽ നമ്മുടെ ജീവിതം അതു നന്നാക്കും. പാപം തുറന്നു കാട്ടുന്നതിനു പകരം അതു മറയ്ക്കുന്നതിനെക്കുറിച്ചു പുതിയ നിയമത്തിൽ പത്രോസ് പറഞ്ഞതിനെ ഈ സദൃശവാക്യം ഉറപ്പിക്കുന്നു.

യോസേഫിന്റെ സഹോദരന്മാർ അവനോടു ചെയ്ത ക്രൂരകൃത്യത്തെക്കുറിച്ച് അവരോടു പറയാൻ അവസരം വന്നപ്പോൾ, അവനതു സ്വകാര്യമായിട്ടാണു പറഞ്ഞത് (ഉല്പത്തി 45:1). സഹോദരന്മാർ വന്നുചേർന്നപ്പോൾ അവൻ മറ്റുള്ളവരെയെല്ലാം മുറിയിൽനിന്നു പുറത്താക്കി. കാരണം സഹോദരന്മാർ യോസേഫിനോടു ചെയ്തതു മറ്റാരും അറിയാൻ അവൻ ആഗ്രഹിച്ചില്ല. അവരോടു പരിപൂർണ്ണമായി ക്ഷമിക്കുക മാത്രമല്ല, മറ്റുള്ളവർ അവരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടതിന് അവരുടെ പാപം അവൻ രഹസ്യമാക്കി വെയ്ക്കുകയും ചെയ്തു. അവരെ നാണം കെടുത്താൻ അവന് ആഗ്രഹമില്ലായിരുന്നു. യോസേഫിനുണ്ടായിരുന്ന ഈ വിസ്മയിപ്പിക്കുന്ന സ്വഭാവഗുണങ്ങൾ മൂലമാണ് അവനെ ഇത്ര ശക്തമായി ദൈവത്തിന് ഉപയോഗിക്കാൻ കഴിഞ്ഞതെന്നു നമുക്കു വെളിപ്പെടുന്നു. ദൈവം

നമ്മെ ശരിയായി ഉപയോഗിക്കണമെങ്കിൽ, നമുക്കൊരു കരുണയുള്ള മനോഭാവം കൂടിയേ തീരൂ.

നമ്മെ വേദനിപ്പിച്ച ആരോടെങ്കിലും എന്തെങ്കിലും നമുക്കുള്ളപ്പോൾ, അതിനെക്കുറിച്ച് ആ വ്യക്തിയുമായി നാം സ്വകാര്യമായി വേണം ചർച്ച ചെയ്യേണ്ടത് (മത്തായി 18:15). അവരതു ശ്രദ്ധിക്കാൻ വിസമ്മതിച്ചാൽ, മറ്റു ചിലരെക്കൂടി കൂട്ടിക്കൊണ്ട് അവരോടു സംസാരിക്കാൻ പോകാം. അവരെ കാണുമ്പോൾ അങ്ങനെയുള്ളവരുടെ മനോഭാവത്തിനു മാറ്റമുണ്ടായേക്കും.

മറ്റുള്ളവർ നിങ്ങൾക്കു ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതു നിങ്ങൾ അവർക്കു ചെയ്യുവിൻ. നിങ്ങൾ എന്തെങ്കിലും തെറ്റു ചെയ്താൽ, മറ്റുള്ളവർ അതു പരസ്യമാക്കണമെന്നാണോ അതോ രഹസ്യമായി സൂക്ഷിക്കണമെന്നാണോ നിങ്ങളുടെയാഗ്രഹം? എനിക്ക് അതിന്റെ ഉത്തരം നേരത്തെ അറിയാം. കാരണം എന്റെയാഗ്രഹം എനിക്കറിയാമല്ലോ. എന്റെ പാപങ്ങൾ മറഞ്ഞിരിക്കണമെന്നാണു ഞാൻ ആഗ്രഹിക്കുന്നത്, നിങ്ങളും അതു തന്നെയാണ് ആഗ്രഹിക്കുന്നതെന്ന് എനിക്കുറപ്പുണ്ട്.

*കരുണ ന്യായം വിധിക്കുന്നില്ല*

തെറ്റു ചെയ്യുന്നവരെ വിധിക്കാനും വിമർശിക്കാനും എളുപ്പമാണ്, പക്ഷേ അതു ജ്ഞാനമല്ല, ആളുകളെ സഹായിക്കാനാണ്, വിധിക്കാനല്ല ദൈവം നമ്മളെ വിളിച്ചിരിക്കുന്നത്. ഞാൻ ഈ പുസ്തകത്തിൽ മുമ്പു സൂചിപ്പിച്ചതു പോലെ, പാപത്തെ ആ നിലയിൽ നമുക്കു വിധിക്കാം, എന്നാൽ വ്യക്തികളെ വിധിക്കരുത്. കാരണം അവരുടെ ഹൃദയമോ അവർ ഏതു നിലയിൽ ജീവിച്ചുവെന്നോ നമുക്കറിഞ്ഞുകൂടാ. വിധിക്കുന്നതിനെക്കാൾ ശ്രേഷ്ഠം കരുണയാണ്!

> കരുണ കാണിക്കാത്തവനു കരുണയില്ലാത്ത ന്യായവിധിയുണ്ടാകും;
> കരുണ ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു.
>
> *യാക്കോബ് 2:13*

വിധിക്കുന്നതു മനുഷ്യസഹജമാണ്, എന്നാൽ കരുണ കാട്ടുന്നതു ദൈവികമാണ്. കരുണയുള്ള ഒരു മനോഭാവം വളർത്തിയെടുക്കാൻ നിങ്ങളെ സഹായിക്കേണ്ടതിനു ദൈവത്തോട് അപേക്ഷിക്കുക. നിങ്ങളുടെ ജീവിതത്തിൽ കരുണയുടെ സ്വഭാവവിശേഷതകൾക്കായി നോക്കിക്കാത്തിരിക്കുക. വിധിക്കുകയെന്നാൽ ഒരാൾ തന്നെത്താൻ ദൈവമാകുന്നുവെന്നാണ്. ആളുകളെ

വിധിക്കാനുള്ള അവകാശം ദൈവത്തിനു മാത്രമേയുള്ളൂ. കാരണം, ദൈവം മാത്രമാണ് എല്ലാ വസ്തുതകളും അറിയുന്നവൻ. മറ്റൊരാളിന്റെ ജീവിതത്തിൽ ദൈവമാകാൻ ശ്രമിക്കുന്നതിന്റെ കുറ്റബോധം എനിക്കു വേണ്ട. അതുകൊണ്ട്, മറ്റുള്ളവരെ വിധിക്കാതിരിക്കുക ഞാൻ കഠിനമായി ശ്രമിക്കുന്നു. തീർച്ചയായും എപ്പോഴും ഞാൻ അതുപോലെയല്ല. ദീർഘകാലം ഞാൻ വളരെ കുറ്റം വിധിച്ചിരുന്നയാളാണ്. പക്ഷേ ദൈവത്തിന്റെ കൃപകൊണ്ട് അതിനെല്ലാം മാറ്റം വരുത്താൻ നമുക്കു കഴിയുമെന്നതാണു സദ്വാർത്ത.

*കരുണ ഏറ്റവും നല്ലതു വിശ്വസിക്കുന്നു*

സ്നേഹം എപ്പോഴും ഓരോരുത്തരുടെയും ഏറ്റവും നല്ലതാണു വിശ്വസിക്കുന്നത്, കരുണ സ്നേഹത്തിന്റെ ഒരു ഗുണവുമാണ്. നന്നായി വിചാരണ ചെയ്യാതെ കരുണ ഒരു വിധി പ്രസ്താവിക്കുകയില്ല. കരുണ സത്യമറിയാനാണ് ആഗ്രഹിക്കുന്നത്, വെറും കേട്ടുകേഴ്വിയല്ല. ആരെയങ്കിലുമൊക്കെപ്പറ്റി മോശമായ കാര്യം ആളുകളെന്നോടു പറയുന്നത് എനിക്കു വെറുപ്പാണ്. പ്രത്യേകിച്ച് അതു തെളിവില്ലാത്ത അപഖ്യാതിയാകുമ്പോൾ. ഏറ്റവും ഹീനമായ കാര്യം കേട്ടശേഷം ഏറ്റവും നല്ലതു വിശ്വസിക്കുന്നതിനു ഞാൻ കഠിനാദ്ധ്വാനം ചെയ്യണം. ഒരാൾക്കെതിരായുള്ള ആരോപണം തെളിയുന്നതുവരെ ഏറ്റവും നല്ലതു വേണം നാം വിശ്വസിക്കേണ്ടത്.

ഞാൻ ചെയ്യാത്ത കാര്യങ്ങളെപ്പറ്റി പരസ്യമായി എന്നെ കുറ്റപ്പെടുത്തുന്നുവെന്ന് എനിക്കറിയാം. “ജോയ്സ് അതു ചെയ്യുമെന്നു എനിക്കു വിശ്വാസമില്ല” എന്നു പറയുന്നവരെ ഞാൻ ഹൃദ്യമായി അഭിനന്ദിക്കുന്നു. കേൾക്കുന്നതെല്ലാം ഏറ്റെടുത്ത്, അതിനു പൊടിപ്പും തൊങ്ങലും വെച്ച്, വൃത്തികെട്ട കേട്ടുകേൾവി പരത്തുന്നവരെ എനിക്കു താത്പര്യമില്ല.

സംശയിക്കുന്നതിനും മറ്റുള്ളയാളിനെക്കുറിച്ചു നാം കേൾക്കുന്ന മോശമായ കാര്യങ്ങളൊക്കൊ ക്ഷണത്തിൽ വിശ്വസിക്കുന്നതിനും പകരം, ഏറ്റവും നല്ല കാര്യം വിശ്വസിച്ചാൽ നമുക്ക് അതിയായ സന്തോഷമുണ്ടാകും.

*കരുണ ഓരോരുത്തർക്കുമുള്ളതാണ്*

എനിക്കു സ്നേഹമുള്ളവരോടും നല്ല ബന്ധത്തിലുള്ളവരോടും കരുണ കാട്ടുന്നത് എന്നെ സംബന്ധിച്ചിടത്തോളം എളുപ്പമാണെന്നു ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഞാൻ പ്രത്യേകമായി ശ്രദ്ധിക്കാത്ത ഒരാളോടു കരുമ തോന്നുന്നതു വളരെ ബുദ്ധിമുട്ടുമാണ്. എന്നാലും, യഥാർത്ഥത്തിലുള്ള കരുണ ഓരോരുത്തരോടും കരുണ നിറഞ്ഞതാണ്. കരുണ നിറഞ്ഞ മനോഭാവമെ

ന്നതു തെളിയുകയും അണയുകയും ചെയ്യുന്ന ഒന്നല്ല; അതു നമ്മുടെ സ്വഭാവത്തിന്റെ ഒരു ഭാഗമാണ്.....അതാണു നമ്മൾ. ഞാൻ കരുണ ചെയ്യുന്നു എന്നു നമ്മൾ ഒരിക്കലും പറയാറില്ല. 'എനിക്കു കരുണയുണ്ട്' എന്നാണുപറയുക.

തുല്യത ദൈവത്തിനു പ്രധാനപ്പെട്ടതാണ്. ദൈവം ആളുകളുടെ മുഖം നോക്കുന്നില്ല, നമ്മൾ അങ്ങനെയായിരിക്കാനും അവൻ ആഗ്രഹിക്കുന്നില്ല. എല്ലാവരും ദൈവത്തിനു തുല്യപ്രാധാന്യമുള്ളവരാണ്. അവരെല്ലാവരും അവന്റെ മക്കളാണ്, അവൻ എല്ലാവർക്കും കരുണ പകരുന്നു. ഈ ഭൂമിയിൽ അവന്റെ പ്രതിനിധികളായിരിക്കുമ്പോൾ, അതേ കാര്യം ചെയ്യാൻ നാം ശ്രമിക്കണം. നിങ്ങളുടെ 'തോന്നൽ' അനുസരിച്ച് ഒരു വ്യക്തിയോടു പെരുമാറരുത്, മറിച്ചു കരുണ കാട്ടുക, അതു നിങ്ങളുടെ ജീവിതത്തെ ത്തന്നെ സമ്പന്നമാക്കും.

*നല്ല ശമര്യാക്കാരന*െന്നു പൊതുവെ പറയുന്ന കഥ നാം ദൈവവചനത്തിൽ കാണുന്നു. മുറിവേറ്റ വഴിയിരികിൽക്കിടന്ന ഒരാളെ സഹായിക്കാൻ നിന്ന ഒരാളിന്റെ കഥയാണിത്. ഇയാളെ അയാൾക്ക് അറിയുകയേ ഇല്ലായിരുന്നു. പക്ഷേ ആ അപരിചിതനെ സഹായിക്കാൻ ഈ മനുഷ്യൻ തന്റെ സമയവും പണവും ചെലവിട്ടു (ലൂക്കോസ് 20:27–37). സത്യമാണ്, കരുണയുള്ളവൻ എല്ലാവരോടും കരുണ കാട്ടും—അറിയുന്നവർക്കും ഇഷ്ടമുള്ളവർക്കുമല്ല, പേരുണ്ടാക്കാനുമല്ല അങ്ങനെ ചെയ്യുന്നത്. ദൈവത്തിന്റെ ദൃഷ്ടിയിൽ ഈ 'നല്ല ശമര്യക്കാരൻ' ശ്രേഷ്ഠനാണ്. കാരണം അവൻ ശ്രദ്ധിച്ചു, നിന്നു, ഒരിക്കലും കണ്ടിട്ടില്ലാത്ത, ഒരു പക്ഷേ ഇനിയൊരിക്കലും കാണാനിടയില്ലാത്ത ഒരു മനുഷ്യനോട് അവൻ കരുണ കാട്ടി. പരുക്കേറ്റ ഈ മനുഷ്യനെ സഹായിച്ചതു മൂലം അയാൾക്കു സമയനഷ്ടവും പണനഷ്ടവുമുണ്ടായി. യാതൊരു ലാഭവും അയാൾക്ക് ഈ പ്രവൃത്തിമൂലം ഉണ്ടായില്ല. എന്നിട്ടും അയാൾ ശരിയായ കാര്യം ചെയ്തു. എപ്പോഴൊക്കെ നാം ശരിയായ കാര്യം ചെയ്യുമോ, അതു നമുക്ക് ആന്തരികസമാധാനം നൽകുന്നു, തക്കസമയത്തു നാം അതിന്റെ പ്രതിഫലം കൊയ്യുകയും ചെയ്യും. കൂടുതൽ പേരെ സഹായിക്കാൻ ശ്രമിക്കുക. കരുണയും ദൈവത്തിന്റെ അനർഹമായ ദയയും അവർക്കു കാട്ടുക. ലോകത്തിന് അധികമധികമായി 'നല്ല ശമര്യക്കാരെ' വേണമെന്നതിൽ നമുക്കു തർക്കമില്ല, അതു നമ്മിൽ തുടങ്ങട്ടെ.

## അദ്ധ്യായം

# 14

# *നിങ്ങളുടെ ചുമടു ലഘൂകരിക്കുക*

ഒരു രഹസ്യം സൂക്ഷിക്കുന്നയാളിനെക്കുറിച്ചുള്ള ഒരു സിനിമ ഞാൻ അടുത്തിടെ കണ്ടു. അയാളതു പറഞ്ഞാൽ, ചെയ്യാത്ത കുറ്റത്തിനു ജീവപര്യന്തം തടവുശിക്ഷയനുഭവിക്കുന്ന മറ്റൊരാൾ ജയിലിൽ നിന്നു മോചിതനാകും. എന്നാലും, ആ രഹസ്യം പറഞ്ഞാൽ, അയാളെ അറസ്റ്റ് ചെയ്തു ജയിലിലടയ്ക്കാനുള്ള കുറ്റപത്രമുണ്ട്. അത് അയാൾക്കു പ്രശ്നമാകും. തനിക്കാരുമല്ലാത്ത ഒരാളെ സ്വതന്ത്രനാക്കാൻ താനെന്തിനാണു കെണിയിലാകുന്നതെന്ന് അയാൾ സ്വയം ചോദിച്ചു. സത്യം പറയാൻ അയാളെ പ്രേരിപ്പിച്ച വക്കീൽ പറഞ്ഞു, "നിങ്ങൾ സത്യം പറഞ്ഞാൽ, നിങ്ങൾക്കു നിങ്ങളുടെ ചുമടൊഴിക്കാം, പിന്നെ തീരെക്കുറച്ചു ചുമടേ ജീവിതത്തിൽ ചുമക്കേണ്ടതുള്ളൂ." അടിസ്ഥാനപരമായി ആ വക്കീൽ പറഞ്ഞത്, 'നിങ്ങൾക്കു തന്നെ ഒരു ഉപകാരം ചെയ്യുക, ശരിയായ കാര്യം ചെയ്യുക' എന്നായിരുന്നു.

ജീവിതസാഹചര്യങ്ങളോടു നാം എങ്ങനെ പ്രതികരിക്കുന്നു എന്നതിനെപ്പറ്റി തുടർമാനമായ തിരഞ്ഞെടുപ്പുകൾ നാം നടത്താറുണ്ട്. ശരിയായ കാര്യങ്ങൾ തിരഞ്ഞെടുക്കാൻ ദൈവം ദൈവവചനത്തിലൂടെ നമ്മോടൊപ്പം അപേക്ഷിക്കുന്നു. അപ്പോഴും അവൻ തിരഞ്ഞെടുപ്പു നമുക്കു വിട്ടു തരുന്നു. നമ്മുടെ 'ശത്രുക്കളായി' നാം ഗണിക്കുന്നവരോടു ക്ഷമിക്കണോ വേണ്ടയോ എന്നതാണു നാം കൂടെക്കൂടെ നേരിടുന്ന ഒരു തിരഞ്ഞെടുപ്പ്. നാം ഗണിക്കുന്നവരോടു നാം ശരിയായ കാര്യം തിരഞ്ഞെടുത്താൽ, നമ്മുടെ ചുമടു

നമ്മൾ ലഘൂകരിക്കുകയാണ് തെറ്റായ തിരഞ്ഞെടുപ്പാണു നമ്മൾ നടത്തുന്നതെങ്കിൽ, നമുക്കു ഭാരവും ദണ്ഡനവുമായിരിക്കും ഉണ്ടാവുക.

> യജമാനൻ അവനെ വിളിച്ചു: ദുഷ്ടദാസനേ, നീ എന്നോട് അപേക്ഷിക്കുകയാൽ ഞാൻ ആ കടമെല്ലാം ഇളച്ചു തന്നുവല്ലോ. എനിക്കു നിന്നോടു കരുണ തോന്നിയതു പോലെ നിനക്കും കൂട്ടുദാസനോടു കരുണ തോന്നേണ്ടതല്ലയോ എന്നു പറഞ്ഞു. അങ്ങനെ യജമാനൻ കോപിച്ചു. അവൻ കടമൊക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കൈയ്യിൽ ഏല്പിച്ചു. നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടു ചെയ്യും.
>
> *മത്തായി 18:32-35*

സഹോദരൻ പത്രോസിനോടു തെറ്റു ചെയ്തപ്പോൾ, എത്ര പ്രാവശ്യം ക്ഷമിക്കണമെന്നു പത്രോസ് യേശുവിനോടു ചോദിച്ചത് ഈ അദ്ധ്യായത്തിലാണ്. ഇന്നത്തെ നിരക്കിൽ ആറു ലക്ഷത്തിലധികം രൂപ ഒരു രാജാവിനോടു കടപ്പെട്ടയാളിന്റെ കഥയാണ് യേശു പത്രോസിനോടു പറഞ്ഞത്. കണക്കു തീർക്കാൻ രാജാവു പറഞ്ഞപ്പോൾ, അതു കൊടുക്കാൻ കഴിയാതിരുന്ന ഈ മനുഷ്യൻ കരുണയ്ക്കായി അപേക്ഷിച്ചു. മനസ്സലിഞ്ഞ രാജാവു ക്ഷമിക്കുകയും കടം ഇളച്ചുകൊടുക്കുകയും ചെയ്തു. കടബാദ്ധ്യത നീങ്ങിക്കിട്ടിയ ഈ മനുഷ്യൻ അവിടെ നിന്നു പോയ വഴിക്ക്, അയാൾക്ക് ആയിരത്തി ഇരുന്നൂറു രൂപ കൊടുക്കാനുള്ള ഒരാളെക്കണ്ടു. 'വയ്ക്കെടാ എന്റെ പണ' മെന്നു പറഞ്ഞ് അയാൾ കടക്കാരന്റെ തൊണ്ടയ്ക്കു പിടിച്ചു ഞെക്കി.

കടപ്പെട്ടയാൾ താണുവീണു കരുണയ്ക്കായി കെഞ്ചി. എന്നാൽ തനിക്കു ക്ഷമ കിട്ടിയതുപോലെ അയാളോടു ക്ഷമിക്കുന്നതിനു പകരം, രാജാവിൽനിന്നു ക്ഷമ കിട്ടിയ ആ മനുഷ്യൻ ആ കടക്കാരനെ ജയിലിലടപ്പിച്ചു. ഇത് അറിഞ്ഞ രാജാവ്, അവനെ വരുത്തി അവനു ലഭിച്ച കരുണ ഓർമ്മിപ്പിക്കുകയും ക്ഷമിക്കാൻ മനസ്സു കാണിക്കാഞ്ഞ അവനെ ദണ്ഡിപ്പിക്കാൻ പറയുകയും ചെയ്തു.

കർത്താവു പറഞ്ഞ ഈ കഥ നാം ഗഹനമായി പഠിക്കേണ്ടതാവശ്യമാണ്. ഈ പുസ്തകത്തിൽ ഞാൻ പറയാൻ ശ്രമിക്കുന്നതിന്റെയെല്ലാം

ആകെത്തുകയാണിത്. നാം കടപ്പെട്ടിരിക്കുന്ന ആരെക്കാളുമധികായി ദൈവം നമ്മോടു ക്ഷമിക്കുന്നു. അവൻ കരുണ കാട്ടുന്നതുപോലെയും ക്ഷമിക്കുന്നതുപോലെയും കരുണ കാണിക്കാനും ക്ഷമിക്കാനും നാം പഠിക്കേണ്ടതുണ്ട്. നമ്മെ വേദനിപ്പിച്ച ആരോടും പകരം വീട്ടാൻ നാം ശ്രമിക്കരുത്. കർത്താവു നമ്മുടെ കടം വീട്ടി, നമ്മോടു സൗജന്യമായി ക്ഷമിക്കുന്നു. മറ്റുള്ളവരോടും അതു തന്നെ നാം ചെയ്യണമെന്നാണ് അവൻ പ്രതീക്ഷിക്കുന്നത്. ഇല്ലെങ്കിൽ, മത്തായി 18 ൽ പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ ആത്മാവിൽ നാം ദണ്ഡനമനുഭവിക്കും.

റാൾഫ് വാൾഡോ എമേഴ്സൺ പറഞ്ഞു, "കോപിക്കുന്ന ഓരോ നിമിഷവും സന്തോഷത്തിന്റെ അറുപതു സെക്കൻഡ് നിങ്ങൾക്കു നഷ്ടപ്പെടുന്നു." നമ്മുടെ സന്തോഷത്തെ കോപത്തിൽ തൂക്കിയിട്ടു നാം ദണ്ഡിപ്പിക്കുകയാണെന്നത് ഒരു വസ്തുതയാണ്. എന്റെ അനുഭവത്തിൽ നിന്നു തന്നെ എനിക്കു പറയാൻ കഴിയും, അതുകൊണ്ടു യാതൊരു ഗുണവുമില്ല. മാർക്കസ് ഔറേലിയസ് പറഞ്ഞു, "കോപത്തിന്റെ കാരണത്തെക്കാൾ അതിന്റെ പരിണിതഫലങ്ങളാണു ദുഖിപ്പിക്കുന്നത്." ചെറിയ ഒരു സംഭവത്തിലായിരിക്കാം നമുക്കു കോപമുണ്ടാകുന്നത്. എന്നാൽ നമ്മളെ കോപിപ്പിച്ച ആളിനെക്കുറിച്ചുള്ള നിഷേധ ചിന്തകൊണ്ട് ആ കോപത്തിന്റെ തീപ്പൊരി നമ്മൾ ഊതിക്കത്തിച്ചാൽ, അതിന്റെ പരിണിതഫലങ്ങൾ കോപത്തിന്റെ കാരണത്തെക്കാൾ വേദനാജനകമായിരിക്കും. "കോപത്തിന്റെ ഒരു നിമിഷം നിങ്ങൾ സഹിഷ്ണുത കാണിച്ചാൽ, ദുഃഖത്തിന്റെ നൂറു വർഷങ്ങളിൽനിന്നു നിങ്ങൾക്കു രക്ഷപ്പെടാം" എന്ന ചൈനീസ് പഴമൊഴി നമുക്കു ജീവിക്കാൻ സഹായകമായേക്കും. ശ്രേഷ്ഠരായ സ്ത്രീപുരുഷന്മാർ, കഴിഞ്ഞ നൂറ്റാണ്ടുകളിലായി, ക്ഷമിക്കാതിരിക്കുന്നതു നിമിത്തമുള്ള ദണ്ഡനവും ക്ഷമിക്കുന്നതുമൂലമുള്ള ആനന്ദവും അനുഭവിച്ചിട്ടുണ്ട്.

> "കോപിക്കുന്ന ഒരാളും അയാളുടെ കോപം അന്യായമാണെന്ന് ഒരിക്കലും ചിന്തിച്ചിട്ടില്ല" – സെന്റ് ഫ്രാൻസീസ് ഡി സേൽസ്

> "നിങ്ങളെ കോപിപ്പിച്ചതും ദുഃഖിപ്പിച്ചതുമായ കാര്യങ്ങളെക്കാൾ എത്രയോ അധികമാണു നിങ്ങളുടെ കോപത്തിൽനിന്നും ദുഃഖത്തിൽനിന്നും നിങ്ങൾക്കുണ്ടാകുന്ന കഷ്ടതയെന്നു കണക്കാക്കുക"
> – മാർക്കസ് അന്റോണിയസ്

"കോപത്തെ അടക്കിയില്ലെങ്കിൽ, കോപിക്കുന്നതിനെക്കാളേറെ നൊമ്പരമായിരിക്കും അതുകൊണ്ട് അടിക്കടിയുണ്ടാവുക" – സെനെക്ക

"കോപത്തിൽ ആരംഭിക്കുന്നതെന്തും ലജ്ജയിലേ അവസാനിക്കൂ" – ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

"രോഷത്തിലേക്കു പന്നയരുന്നവർക്ക് എപ്പോഴും മോശമായേ നിലം തൊടാനാവൂ" – വിൽ വിൽ റോജേഴ്സ്.

"ക്ഷമിക്കുന്നതു ഭൂതകാലത്തെ മാറ്റുന്നില്ല, എന്നാലതു ഭാവികാലത്തെ വലുതാക്കുന്നു" – പോൾ ബോസെ

"ദാമ്പത്യം മൂന്നു ഭാഗം സ്നേഹവും ഏഴു ഭാഗം ക്ഷമയുമാണ്" – ലാവോത്സെ

"ക്ഷമിക്കുന്നത് ഉന്നതവും സ്നേഹത്തിന്റെ ഏറ്റവും മനോഹരമായ രൂപവുമാണ്. പകരമായി നിങ്ങൾക്കു ലഭിക്കുന്നത് അവാച്യമായ സമാധാനവും സന്തോഷവുമാണ്." – റോബർട്ട് മ്യൂളർ

"നിങ്ങളെ വേദനിപ്പിച്ചവരെ നിങ്ങൾ വീണ്ടും വിളിച്ച്, അവർക്കു ശുഭാശംസ നേരാൻ നിങ്ങൾക്കു തോന്നുമ്പോൾ ക്ഷമ തുടങ്ങിക്കഴിഞ്ഞു." – ലൂയിസ് ബി.സ്മീഡ്സ്

## കോപം എഴുന്നേൽക്കുകയാണ്

നമുക്കു ചുറ്റുമായി ഒരുപാടു കോപമുണ്ടെന്നാണ് അതിനെപ്പറ്റിയുള്ള കണക്കെടുപ്പു നമ്മെ ഓർമ്മിപ്പിക്കുന്നത്. ഏകദേശം മൂന്നിലൊന്നു പേർ (32%) പറയുന്നത്, അവരുടെ ഉറ്റസുഹൃത്ത് അല്ലെങ്കിൽ കുടുംബാംഗം കോപം നിയന്ത്രിക്കാൻ ബുദ്ധിമുട്ടുന്നുണ്ടെന്നാണ്. അഞ്ചിലൊരാൾ (20%) പറയുന്നത് ആരോടെങ്കിലുമുള്ള ബന്ധം അല്ലെങ്കിൽ സൗഹൃദം അവസാനിപ്പിക്കേണ്ടിവന്നതിന്റെ കാരണം, കോപിക്കുമ്പോഴുള്ള അവരുടെ പെരുമാറ്റം നിമിത്തമാണെന്നാണ്. നിങ്ങൾ കോപിക്കുന്നയാളാണെങ്കിൽ, നിങ്ങൾ സ്നേഹിക്കുന്ന വ്യക്തികൾക്കു നിങ്ങളുമായി സദാ ഇടപഴകാൻ താത്പര്യമില്ലെന്നു ഗ്രഹിക്കുന്നതാവും ബുദ്ധി. ദുഃഖമെന്നു പറയട്ടെ, നിങ്ങൾ അങ്ങേയറ്റം സ്നേഹിക്കുന്നവരാകും നിങ്ങളുടെ മോശമായ ഇടപെടലിന്റെ ഇരകൾ. അവർ തുടർന്നും ക്ഷമിക്കും, കാര്യങ്ങൾ മനസ്സിലാക്കുമെന്നു നമ്മ

ളങ്ങു തെറ്റിദ്ധരിക്കുന്നതാണ് ഇതിനു കാരണമെന്നു ഞാൻ കരുതുന്നു. പക്ഷേ അതു നീണ്ടു നിൽക്കുകയില്ല. ഓരോരുത്തർക്കും അവരവരുടേതായ പരിധിയുണ്ട്. അതു കഴിഞ്ഞാലുണ്ടാകുന്ന കുഴപ്പങ്ങൾ പലപ്പോഴും പരിഹരിക്കാനാവാത്തതായിരിക്കും.

കോപിക്കുന്ന ഇന്നത്തെ ആളുകളെക്കുറിച്ചു പറയാവുന്ന ചില കാര്യങ്ങൾ ആക്ഷേപാർഹമാണ്. മൊബൈൽ ഫോൺ ശരിയായി പ്രവർത്തിക്കാത്തപ്പോൾ അവർ അതു തറയിലേക്കും വെള്ളത്തിലേക്കുമൊക്കെ വലിച്ചെറിയാറുണ്ട്. വാഹനമോടിച്ചു പോകുമ്പോൾ ഫോൺ വിളിക്കണമെങ്കിൽ, ഏതെങ്കിലും റ്റെലിഫോൺ ബൂത്തിനടുത്തു നിർത്തേണ്ടിവന്നിരുന്ന കാലം ഞാനോർക്കുന്നു. വണ്ടി നിർത്തി, അതിൽ നിന്നിറങ്ങി, കൃത്യമായ നാണയമിട്ടുവേണം വിളിക്കാൻ. കാലാവസ്ഥ ചൂടോ തണുപ്പോ ആണെങ്കിൽ, അതിന്റെ ബുദ്ധിമുട്ടും നമ്മൾ സഹിക്കണം. യാത്ര ചെയ്യുമ്പോൾ ഫോൺ വിളിക്കണമെങ്കിൽ ഇതൊക്കെ വേണമായിരുന്നതുകൊണ്ട്, അതിനെക്കുറിച്ചൊന്നും നമ്മൾ ചിന്തിച്ചില്ല. ഇപ്പോൾ മൊബൈൽ റ്റവറില്ലാത്തിടത്തുകൂടി യാത്ര ചെയ്യുമ്പോൾ, രണ്ടു മിനിറ്റു കാത്തിരുന്നാൽ റ്റവർ ലൊക്കേഷനിലെത്തുന്ന സാഹചര്യത്തിൽ നാം കോപിക്കുന്നു.

ഇപ്പോൾ നമുക്കു 'റോഡിലെ രോഷവും' 'ഇന്റർനെറ്റ് രോഷ' വും 'ഓഫീസ് രോഷ' വുമുണ്ട്. ദൈവഭക്തിയില്ലാത്ത പെരുമാറ്റമെന്നു കർത്താവു വിളിച്ചതിനെ ഇപ്പോൾ നാം വിളിക്കുന്നതു വൈകാരികമായ രോഗമെന്നാണ്, അതിനു കൗൺസലിങ് ആവശ്യമുണ്ടെന്നും പറയുന്നു. ആത്മനിയന്ത്രണമില്ലാത്തതിനു വെറുതെ മുടന്തൻ ന്യായങ്ങളാണോ നാം പറയുന്നത്? ജീവിതത്തിലെ എല്ലാ കാര്യങ്ങളും നമ്മുടെ ഇഷ്ടംപോലെ എപ്പോഴം നടക്കണമന്നു കരുതുന്ന സ്വാർത്ഥരായിപ്പോയോ നമ്മൾ?

മിക്കവരും കോപിക്കുന്നതു സന്തോഷമില്ലാത്തതിനാലാണ്. അവർക്കു സന്തോഷമില്ലാത്തതു കോപിക്കുന്നതു മൂലമാണ്. കൂടുതൽ കൂടുതൽ കോപിക്കുന്ന ഒരു ചക്രമായി അതു മാറുന്നു. ഒരു ശരിയായ (വചനാനുസൃതമായ) മാനസികനിലയും നമുക്ക് അസന്തുഷ്ടിയുണ്ടാക്കുന്ന കാര്യങ്ങളോടും ആളുകളോടും ക്ഷമിക്കാനുള്ള സന്നദ്ധതയുമാണ് അതിനുള്ള ഏക ഉത്തരം.

ജൂലൈ 16, 2006 ലെ *സൺഡേ റ്റൈംസ് മാഗസിൻ* പറയുന്നതനുസരിച്ച്, ജോലി ചെയ്യുന്ന 45 ശതമാനം പേർക്ക് അവരുടെ സമനില നഷ്ടപ്പെടുന്നുണ്ട്. അവർ ആളുകളോടു കോപിക്കുന്നു. ഒപ്പം ജോലി ചെയ്യു

ന്നവരോടും തൊഴിലുടമസ്ഥരോടും മേലധികാരികളോടും അവർ കോപിക്കുകയാണ്. നിങ്ങളൊരു കോപിക്കുന്ന വ്യക്തിയാണെങ്കിൽ, എന്തിനോടെങ്കിലും അല്ലെങ്കിൽ ആരോടെങ്കിലുമൊക്കെ കോപിക്കുന്നതിനു നിങ്ങൾക്കു ബുദ്ധിമുട്ടൊന്നുമില്ലെന്നു കാണാം.

ഓഫീസ് ജോലി ചെയ്യുന്ന ബ്രിട്ടീഷുകാരിൽ ഏകദേശം 64 ശതമാനം പേർക്ക് 'ഓഫീസ് രോഷ' മുണ്ട്. സമ്പന്നരാഷ്ട്രങ്ങളിലാണ് ഇത് ഏറെയും കാണപ്പെടുന്നതെന്നു തോന്നുന്നു. ഇൻഡ്യയിലെയും ആഫ്രിക്കയിലെയും ദരിദ്രമേഖലകളിൽ ഞാൻ പലതവണ പോയിട്ടുണ്ട്. ഇൻഡ്യയിൽ ജോലിയുള്ള ഒരു ഭാഗ്യവാനു പലപ്പോഴും കിട്ടുന്നത് ദിവസവും അറുപതു രൂപയാണ്. നല്ല ചൂടിൽ കച്ചവടക്കാർക്കുവേണ്ടി ദിവസവും ശാന്തമായി തെരുവ് അടിച്ചുവാരുന്ന സ്ത്രീക്കു പക്ഷേ 'തൂപ്പുകാരുടെ രോഷം' കാണുന്നില്ല. നമുക്കു കൂടുതലുള്ളപ്പോൾ, കൂടുതൽ കോപമുണ്ടാകുന്നുവെന്നാണ് എനിക്കു തോന്നുന്നത്. നാല്പതു വർഷം മുമ്പു മൊബൈൽ ഫോണിനെക്കുറിച്ചോ കമ്പ്യൂട്ടറിനെപ്പറ്റിയോ എനിക്കു ദേഷ്യമില്ലായിരുന്നു. കാരണം എനിക്കതൊന്നും ഇല്ലായിരുന്നു. ജീവിതം അത്ര സംഘർഷഭരിതമല്ലായിരുന്നു, അക്കാലത്തെ ആളുകൾ അത്രത്തോളം കോപിച്ചിരുന്നുമില്ല. യഥാർത്ഥത്തിൽ നമുക്കു പുരോഗതി കൈവന്നിട്ടുണ്ടോ? ചില നിലകളിലുണ്ടെന്നു ഞാനൂഹിക്കുന്നു. എന്നാൽ മറ്റു നിലകളിൽ നമ്മൾ ദയനീയമായി വഴി തെറ്റിപ്പോയിട്ടുണ്ട്.

ഇപ്പോൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരിൽ 71 ശതമാനം പേരും 'നെറ്റ് രോഷം' സഹിച്ചിട്ടുണ്ടെന്നും സമ്മതിക്കുന്നുണ്ട്. നമ്മളിൽ അമ്പതു ശതമാനം പേർ കമ്പ്യൂട്ടർ പ്രശ്നങ്ങളോടു പ്രതികരിച്ചതു കമ്പ്യൂട്ടറിൽ ഇടിച്ചും അതിന്റെ ഭാഗങ്ങൾ വലിച്ചെറിഞ്ഞും അലറിയും സഹപ്രവർത്തകരെ പുലഭ്യം പറഞ്ഞുംകൊണ്ടാണ്. അതത്ര ദുഃഖകരമല്ലെങ്കിൽ, രസകരമായ തമാശയാകാമായിരുന്നു. ബ്രിട്ടീഷുകാരിൽ 33 ശതമാനം പേരെങ്കിലും അയൽക്കാരുമായി സംസാരിക്കുന്നവരല്ല. അമേരിക്കയിലും ലോകത്തിലെ സംസ്ക്കാരസമ്പന്നമായ മറ്റു ഭാഗങ്ങളിലും അത്ര തന്നെ കാണുമെന്ന് എനിക്കുറപ്പുണ്ട്.

ഡ്രൈവർമാരിൽ 80 ശതമാനത്തിലധികം പേർ പറയുന്നത് റോഡിലെ രോഷം മൂലമുള്ള സംഭവങ്ങളിൽ അവർക്കും പങ്കുണ്ടെന്നാണ്, 25 ശതമാനം പേർ രോഷാകുലരായി എന്തെങ്കിലും പ്രവർത്തിച്ചിട്ടുമുണ്ട്. വണ്ടിയോടിക്കുമ്പോൾ വരി മാറുന്നതിന്റെയോ മറ്റൊരു വരിയിലേക്കു കയ

റുന്ന സിഗ്നൽ കൊടുക്കാതിരിക്കുന്നതോപോലെയുള്ള അബദ്ധങ്ങൾ കാണിക്കാൻ ആരും ധൈര്യപ്പെടില്ല. മോശമായി വണ്ടിയോടിക്കുന്നതു മൂല മുള്ള അസൗകര്യം കൊണ്ടാണു ചിലരൊക്കെ രോഷാകുലരാകുന്നത്.

ലോകവും അതിലെ കാര്യങ്ങളും പോകുന്നത് അതിന്റെ രീതിയിലാണ്. മികവിനുവേണ്ടി അതു മാറാനിടയില്ല. എന്നാൽ നാം നേരിടുന്ന പ്രശ്ന ങ്ങൾക്കു മറുപടിയില്ലാതെ നമ്മളെ വിട്ടിട്ടില്ല. ലോകം മാറിയെങ്കിലും നമുക്കു മാറാൻ കഴിയും. ബാഹ്യമായ പ്രേരണയോടു നമ്മൾ എങ്ങനെ പ്രതികരി ക്കുന്നുവെന്നതിന്റെ ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കുമെടുക്കാനാ വും. സമാധാനവും ഒത്തൊരുമയുമുള്ള ഒരു ജീവിതവും നമുക്കു തിരഞ്ഞെ ടുക്കാൻ കഴിയും. ദിവസം ആറു പ്രാവശ്യം നമുക്കു ക്ഷമിക്കേണ്ടിവരും. എന്നാലും കോപം കൊണ്ടു തിളയ്ക്കുകയും, നമ്മെ അലോസരപ്പെടുത്തു ന്നതുപോലെ അതു പ്രകടിപ്പിക്കുകയും ചെയ്യുന്നതിനെക്കാൾ എത്രയോ നല്ലതാണത്.

## അവിടെപ്പോകരുത്

> ഇടുക്കു വാതിലിലൂടെ അകത്തു കടക്കുവിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽക്കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവനിലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്ന വർ ചുരുക്കമത്രേ.
>
> *മത്തായി 7:13-14*

ഈ വേദഭാഗത്തുനിന്ന് നമുക്കൊരു കാര്യം മനസ്സിലാക്കാം, ജീവിത ത്തിൽ നമുക്കു രണ്ടു വഴികളെടുക്കാം. ഒന്നു വിശാലമായതും ലാഘവ മായി നടക്കാവുന്നതുമാണ്. നമ്മുടെ വികാരങ്ങൾക്കെല്ലാം അതിൽ ഇഷ്ടം പോലെ സ്ഥലമുണ്ട്. മിക്കവരും നടക്കുന്ന വഴി ഇതായതുകൊണ്ട് ഏകാ ന്തത നമുക്ക് അനുഭവപ്പെടുകയില്ല. ഈ വിശാലപാതയിൽ കോപിക്കാനും വെറുക്കാനും വൈരാഗ്യം പുലർത്താനും ക്ഷമിക്കാതിരിക്കാനുമെല്ലാം നമുക്ക് ഇടമുണ്ട്. പക്ഷേ അതു നാശത്തിലേക്കാണു നയിക്കുന്നത്. മുന്നോട്ടു പോകുക....ആ വേദഭാഗം വീണ്ടും വായിക്കുക....അതേ, അതു നാശത്തി ലേക്കാണു നയിക്കുന്നത്. നമുക്കു തിരഞ്ഞെടുക്കാവുന്ന മറ്റൊരു പാതയുണ്ട്. യേശു സഞ്ചരിച്ച പാതയാണത്.

ഇടുക്കു വഴി തിരഞ്ഞെടുത്ത സ്ത്രീപുരുഷന്മാർ ചരിത്രത്തിൽ അങ്ങിങ്ങായി ഉണ്ട്. അവരെയാണു നാം സാധാരണമായി ഓർക്കുന്നതും മാതൃകയാക്കാൻ ആഗ്രഹിക്കുന്നതും. നിങ്ങളെക്കുറിച്ച് എനിക്കറിയില്ല. പക്ഷേ ഹിറ്റ്ലറെപ്പോലെയോ ബോസ്റ്റൺ സ്ട്രാങ്ഗ്ളറെപ്പോലെയോ ആകാൻ ഒരിക്കലും ഞാനാഗ്രഹിച്ചിട്ടില്ല. കോപത്താൽ ദണ്ഡിപ്പിക്കപ്പെട്ട അവർ മറ്റുള്ളവരെ ദണ്ഡിപ്പിക്കുന്നതിൽ തത്പരരായിത്തീർന്നു. അവരുടെ ജീവിതാവസാനം നാശത്തിലായിരുന്നുവെന്നു നമുക്കു കാണാം. കാരണം, തെറ്റായ പാതയായിരുന്നു അവരുടേത്. അവരെപ്പോലെയാകാൻ ഒരിക്കലും ഞാൻ ആഗ്രഹിച്ചിട്ടില്ല. എന്നാൽ രൂത്ത്, എസ്ഥേർ, യോസേഫ്, പൗലോസ് എന്നിവരെപ്പോലെയാകാൻ ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. യോസേഫിന്റെ ചരിത്രം നിരവധി തവണ ഞാൻ വായിച്ചിട്ടുണ്ട്. യോസേഫ് പ്രദർശിപ്പിച്ച ക്ഷമിക്കുന്ന മനോഭാവത്തെപ്പറ്റി ഞാൻ പഠിച്ചിട്ടുണ്ട്. യോസേഫിന്റെ ജീവിതകാലത്ത് അവനെയും പിന്നീട് അവന്റെ പിൻഗാമികളെയും ദൈവം ധാരാളമായി അനുഗ്രഹിച്ചു. കാരണം, അവൻ ഇടുക്കമുള്ള പാതയാണു തിരഞ്ഞെടുത്തത്. ഇന്നു നാം ആസ്വദിക്കുന്ന അനുഗ്രഹങ്ങളെല്ലാം ആരുടെയെങ്കിലും ത്യാഗവും വേദനയും കൊടുത്തു വാങ്ങിയതാണ്. എന്റെ മക്കളും കൊച്ചുമക്കളും ചെറുമക്കളുമെല്ലാം നന്നായി ജീവിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്. കാരണം, എന്നെ മാനഭംഗപ്പെടുത്തിയ എന്റെ പിതാവിനോടു ക്ഷമിക്കാനുള്ള ദൈവകൃപ ഞാൻ പ്രാപിച്ചു. വിശാലമായ വഴി എനിക്കെടുക്കാമായിരുന്നു. എന്റെ മുഖത്തു തുറിച്ചു നോക്കിക്കൊണ്ട് ആ പാത അവിടെയുണ്ടായിരുന്നു, "എന്നിലൂടെ സഞ്ചരിക്കൂ, ഇതുവരെ നീ പോയ പാതയ്ക്കുശേഷം നീ അർഹിക്കുന്നത് ഇതാണ്" എന്ന് അത് അലറി. പക്ഷേ ആ വഴി വഞ്ചനയുടേതായിരുന്നു. പ്രത്യക്ഷത്തിൽ അത് എളുപ്പമാണെന്നു കാണാം. എന്നാൽ അതിന്റെയൊടുക്കം കഷ്ടത്തിൽ നിന്നു കഷ്ടത്തിലേക്കായിരിക്കും പോവുക.

ഈ പുസ്തകത്തിന്റെ ഒടുവിലത്തെ അദ്ധ്യായത്തിൽ, എന്റെ പിതാവിനോടു ക്ഷമിക്കാൻ എന്നെ ദൈവം നയിച്ചതും പഠിപ്പിച്ചതും എങ്ങനെയെന്നുള്ളതിന്റെ മുഴുവൻ കാര്യവും ഞാൻ പറയാം. എന്നാൽ ഇപ്പോഴത്തേക്കു ഞാനൊന്നു പറയട്ടെ, ജീവനിലേക്കു നയിക്കുന്ന ഇടുക്കു വഴി ഞാൻ തിരഞ്ഞെടുത്തു. പലപ്പോഴും അതൊരു ഏകാന്തപാതയായിരുന്നു, അധികം പേർ അതിൽ യാത്ര ചെയ്തിട്ടില്ല. ഇനിയൊരു മൈൽപോലും പോകാനെനിക്കു കഴിയില്ലെന്നു ഞാൻ കരുതിയപ്പോൾ, "എന്നെ അനുഗമിക്കൂ, നിന്നെ ഞാനൊരു സമാധാനത്തിന്റെ സ്ഥലത്തേക്കു നയിക്കുകയാണ്" എന്ന് യേശു മുന്നിൽ നിന്നുകൊണ്ടു പറയുന്നതു ഞാൻ കാണും.

കോപിച്ചും വെറുത്തും ജീവിക്കാനുള്ള പ്രലോഭനം ഇപ്പോൾ എനിക്കുണ്ടാകുമ്പോൾ, ഞാൻ എന്നോടു തന്നെ (പലപ്പോഴും ഉച്ചത്തിൽ) പറയും, "ജോയ്സ്, അവിടെപ്പോകരുത്." വെറുപ്പിന്റെ ഇരുണ്ട വെള്ളത്തിലേക്കു താഴുന്നതു നമുക്കു തന്നെ മനസ്സിലാകും. മതിയായ ആഴത്തിലേക്കു നാം പോയാൽ, ആ ഇരുണ്ട വെള്ളം നമ്മുടെ തലയ്ക്കു മീതെ കവിഞ്ഞു നമ്മെ താഴേക്ക്, താഴേക്ക്, താഴേക്ക് അമർത്തുന്നതു നമുക്ക് അനുഭവിച്ചറിയാം. മാനസികസംഘർഷം, സ്വയം സഹതപിക്കൽ, കൂറെയേറെ മോശമായ വികാരങ്ങൾ എന്നിവ നമ്മുടെ കൂട്ടുകാരായിത്തീരും.

## "അവിടെ" എന്നൊരു സ്ഥലമുണ്ട്

"അവിടെ" എന്നു വിളിക്കുന്ന ഒരു സ്ഥലമുണ്ട്, നമ്മളെല്ലാം അവിടെയായിരുന്നു. നിങ്ങളിൽ ചിലർ ഇപ്പോഴും അവിടെയായിരിക്കാം ജീവിക്കുന്നത്. അതൊരു വലിയ സ്ഥലമാണ്. എന്നാൽ എങ്ങനെയോ നിങ്ങളുടെ ജീവിതം വളരെ ചെറുതും മൂടിക്കെട്ടിയതുമായിത്തോന്നുന്നു. "അവിടെ" വലിയൊരു പർവ്വതമുണ്ട്, സ്ഥലത്തിന്റെ ഭൂരിഭാഗവും അതാണ്. പർവ്വതത്തിനു ചുറ്റും നിങ്ങൾ ഒരുപാടു തവണ കറങ്ങിയിട്ടും, നിങ്ങൾക്കൊരിക്കലും യാത്രയിൽ പുരോഗതിയുണ്ടാകുന്നില്ല. "അവിടെ" ജീവിക്കുന്നതിനു നിങ്ങൾ ആകെ ചെയ്യേണ്ടതു നിങ്ങളുടെ വികാരങ്ങൾ പിന്തുടരുകയെന്നതാണ്. നിങ്ങളുടെ ഇഷ്ടംപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ അവരോടു ക്ഷമിക്കാതിരിക്കുക. കരുണ കാണിക്കരുത്, "അവിടെ" നിങ്ങൾക്കു കണ്ണായ ഒരു സ്ഥലം ലഭിക്കും.

യിസ്രായേല്യർ "അവിടെ" നാല്പതു വർഷം ജീവിച്ചു. അവർ അതിനെ വിളിച്ചതു മരുഭൂമിയെന്നാണ്, പക്ഷേ ഞാൻ വിളിക്കുന്നത് "അവിടെ" എന്നാണ്. "അവിടെ" എവിടെയുമുണ്ട്. നമ്മെ കഷ്ടത്തിലാക്കുന്നതിനും, നമുക്കുണ്ടായിരിക്കണമെന്നു കർത്താവ് ആഗ്രഹിക്കുന്ന ഗുണഗണങ്ങൾ അപഹരിക്കുന്നതുമായ സ്ഥലമാണത്. മുമ്പ് നാം അവിടെയായിരുന്നു. അതു സ്വയം സഹതപിക്കൽ, സ്വാർത്ഥത, അത്യാഗ്രഹം, കോപം, വൈരാഗ്യം, വെറുപ്പ്, പ്രതികാരം, അസൂയ എന്നിവയൊക്കെയാകാം. "അവിടെ" എന്നതിനു നൽകാൻ അസംഖ്യം പേരുകളുണ്ട്. പക്ഷേ "അവിടെ" ജീവിക്കുന്നതിന്റെ ഫലങ്ങളെല്ലാം ഒന്നു തന്നെ. കഷ്ടം, ദണ്ഡനം, സംഘർഷം, ശൂന്യത എന്നിവയെല്ലാം ഈ വിശാലമായ സ്ഥലത്തെ അന്തരീക്ഷം നിറയ്ക്കുന്നതാണ്, അതു പോകുന്നതു നാശത്തിലേക്കാണ്.

"അവിടെ" നിന്നു പുറത്തു വരുന്നതിനും 'അവിടെ' നിന്നുമാറി താമസിക്കുന്നതിനും മുമ്പു വളരെയേറെക്കാലം ഞാൻ "അവിടെ"യായിരുന്നുവെന്നു പറഞ്ഞുവല്ലോ. എന്റെ വികാരങ്ങൾ എന്നെ മടക്കി വരുത്താൻ ശ്രമിക്കുമ്പോൾ, ദൈവത്തോടു കൃപയ്ക്കായും ശക്തിക്കായും വിളിച്ചപേക്ഷിച്ചുകൊണ്ടു ഞാനതിനെ ചെറുക്കേണ്ടതുണ്ട്. എന്നാൽ എന്റെ ജീവിതത്തിലെ മറ്റൊരു ദിവസം "അവിടെ" പാഴാക്കാൻ എനിക്കു കഴിയില്ല.

## "അവരെ" വേണം പറയാൻ!

യിസ്രായേല്യർ അവരുടെ ശത്രുക്കളുടെ കുറ്റം പറഞ്ഞു. അവരുടെ അസന്തുഷ്ടിക്കും കഷ്ടത്തിനുമെല്ലാം പിന്നിൽ എപ്പോഴും ഏതെങ്കിലും ശത്രുവിന്റെ കുഴപ്പമുണ്ടായിരുന്നു. അവരുടെ ഒരേയൊരു ശത്രു അവരുടെ മോശമായ മനോഭാവമായിരുന്നു. അവർ അവിശ്വാസികളും പരാതിപ്പെടുന്നവരും അത്യാഗ്രഹികളും അസൂയാലുക്കളും നന്ദികെട്ടവരും പേടിക്കുന്നവരും സ്വയം സഹതപിക്കുന്നവരും സഹിഷ്ണുതയില്ലാത്തവരുമായിരുന്നു. നമ്മുടെ പ്രശ്നങ്ങൾക്കു മറ്റുള്ളവരെ കുറ്റം പറയുന്നതു നമുക്ക് ആശ്വാസമാണ്. "അവർ" പ്രശ്നമായിരിക്കുന്നിടത്തോളം കാലം, നമ്മിലേക്കുതന്നെ ഒന്നു നോക്കി നമ്മുടെ പ്രവൃത്തികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഒരിക്കലും നമുക്കാവശ്യമില്ല.

എന്റെ പിതാവു ചെയ്തതിനോടു പ്രതികരിക്കുന്നതിനു പകരം പിതാവ് എന്നോടു ചെയ്ത പ്രവൃത്തിയിലായിരുന്നു വർഷങ്ങളോളം ഞാൻ ശ്രദ്ധിച്ചത്. ദൈവം എനിക്കൊരു മറുപടി വാഗ്ദാനം ചെയ്തു. എന്നാൽ ഞാൻ "അവിടെ" നിന്നു പുറത്തു കടന്ന് "അവരാ"ണ് എന്റെ പ്രശ്നമെന്നു ചിന്ത അവസാനിപ്പിക്കണമെന്നായിരുന്നു ദൈവത്തിന്റെ വഴിയുടെ അർത്ഥം. എന്റെ അപ്പൻ എന്റെ ഭയങ്കരമായി വേദനിപ്പിച്ചുവെന്നതു സത്യമാണ്. എന്നാൽ ദൈവം എനിക്കു സൗഖ്യവും യഥാസ്ഥാപനവും വാഗ്ദാനം ചെയ്തു. തിരഞ്ഞെടുപ്പ് എന്റേതായിരുന്നു! ഇപ്പോൾ നിങ്ങളുടെ ജീവിതവും ഇതേ പ്രതിസന്ധിയിലാണോ? ആണെങ്കിൽ, നാശത്തിലേക്കു നയിക്കുന്ന വിശാലപാതയിൽ നിന്നിറങ്ങി ജീവനിലേക്കുള്ള ഇടുക്കവഴിയിലേക്കു കയറാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ പ്രശ്നങ്ങൾക്കെല്ലാം നാം പഴി ചാരുന്ന ഈ "അവർ" ആരാണ്? നിങ്ങളുടെയും മറ്റുള്ളവരുടെയും സംഭാഷണം ശ്രദ്ധിച്ചാൽ, 'അവർ' നമ്മുടെ ജീവിതം താറുമാറാക്കിയവരാണ്, "അവർ" വേണം അതു നന്നാക്കാൻ.

“അവർ” ചെയ്തു, “അവർ” പറഞ്ഞു, ‘അവർ’ ഇതും ചെയ്യും അല്ലെങ്കിൽ ചെയ്യുകയില്ലായെന്നു നാം ഭയപ്പെടുന്നുമുണ്ട്. പക്ഷേ “അവർ” ആരാണ്? ഓ, “അവർ” ആരുമാകാം, എവിടെയുമാകാം ഏതു നേരത്തുമാകാം. നാം ശരിയായ പാതയിൽ യേശുവിനെ അനുഗമിച്ചാൽ നമ്മെ ആത്യന്തികമായി ഉപദ്രവിക്കാൻ “അവർ”ക്കൊരു ശക്തിയുമില്ല. അവാച്യമായ സന്തോഷത്തിലേക്കും സകല ബുദ്ധിക്കും അതീതമായ സമാധാനത്തിലേക്കും, വിശദീകരിക്കാനാവാത്തതും വിസ്മയിപ്പിക്കുന്നതുമായ ജീവനിലേക്കുമുള്ള വഴി യേശുവാണ്. എന്റെ കഷ്ടപ്പാടുകൾക്കെല്ലാം “അവരെ” പഴി പറഞ്ഞുകൊണ്ട് “അവിടെ” ജീവിച്ച വർഷങ്ങൾ ഞാനോർക്കുന്നു. യേശുക്രിസ്തുവിലൂടെ ദൈവം വാഗ്ദാനം ചെയ്യുന്ന കാര്യത്തെക്കുറിച്ച് ഒന്നിനു പുറകെ ഒന്നായി പുസ്തകങ്ങളെഴുതാൻ എനിക്ക് അതിടയാക്കി. നിങ്ങൾ സത്യം അറിയണമെന്നും, അങ്ങനെ നിങ്ങൾ സ്വതന്ത്രരാകണമെന്നും ഞാൻ ആഗ്രഹിക്കുന്നു. സത്യമെന്നാൽ: നിങ്ങളെ ആരെങ്കിലും വേദനിപ്പിക്കുമ്പോൾ കോപിക്കുകയോ വെറുപ്പും വൈരാഗ്യവും കൊണ്ടു നിറയുകയോ വേണ്ടായെന്നതാണ്... നിങ്ങൾക്കു ക്ഷമിക്കാൻ കഴിയും! അടുത്ത തവണ നിങ്ങളുടെ വികാരങ്ങൾ ജ്വലിക്കുമ്പോൾ, ക്ഷമയില്ലാത്ത നാട്ടിലേക്കു നിങ്ങളെ ക്ഷണിക്കുമ്പോൾ, “അവിടെ” പ്പോവുകയില്ലെന്ന തീരുമാനമെടുക്കുക.

നിങ്ങളുട ജീവിതത്തിൽ എന്തു സംഭവിച്ചാലും നല്ല മനോഭാവത്തോടെയിരിക്കുക. സമൃദ്ധിയിലും ദാരിദ്ര്യത്തിലുമിരിക്കാൻ പഠിച്ചിട്ടുണ്ടെന്നും പൗലോസ് പറയുന്നു (ഫിലി. 4:11) നമ്മളെപ്പോലെതന്നെയാണു പൗലോസും പഠിച്ചതെന്ന് എനിക്കു പൂർണ്ണ ബോദ്ധ്യമുണ്ട്. ശരിയായ കാര്യങ്ങൾ തിരഞ്ഞെടുക്കാൻ അവൻ പഠിക്കുന്നതുവരെ, തെറ്റായ തിരഞ്ഞെടുപ്പുകൾ നടത്തിയാലുണ്ടാകുന്ന കഷ്ടങ്ങൾ പൗലോസ് അനുഭവിച്ചു. ശരിയായ തിരഞ്ഞെടുപ്പുകൾ നടത്തിയപ്പോൾ പൗലോസിന് അതു സംതൃപ്തി നൽകി.

## ജീവിതം നൽകുന്ന അതിക്രമം

നമ്മുടെ ജീവിതത്തിലെ ആളുകളും സാഹചര്യങ്ങളുമെല്ലാം നമ്മളോട് അതിക്രമം കാട്ടുന്നതിനുള്ള അവസരമുണ്ട്. എന്നാൽ നാം “അവിടെ”പ്പോകേണ്ടതില്ല. എങ്ങനെയാണു നിങ്ങൾ പ്രതികരിക്കുക? നിങ്ങൾ “അവരെ” പഴി പറയുമോ, അതോ നിങ്ങളുടെ മനോഭാവത്തിന്റെ ഉത്തരവാദിത്വം നിങ്ങൾ ഏറ്റെടുക്കുമോ? സകലജാഗ്രതയോടും കൂടെ നമ്മുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കാൻ ദൈവവചനം നമ്മോടു പറയുന്നു (സദൃ. 4:23). ദൈവത്തോടും

മനുഷ്യരോടുമുള്ള വിദ്വേഷത്തിൽനിന്നു നമ്മുടെ ഹൃദയത്തെ മുക്തമാക്കി സൂക്ഷിക്കാൻ പരിശുദ്ധാത്മാവിനോടു ചേർന്നു പ്രവർത്തിക്കേണ്ടതും നമ്മുടെ കടമയാണ്. ദാവീദു രാജാവിനെപ്പോലെയുള്ള വീരന്മാർ അതിക്രമങ്ങളിൽനിന്നു പലപ്പോഴും ഒഴിഞ്ഞിരുന്നവരാണ്. "അവിടെ" ജീവിച്ചു ജീവിതം പാഴാക്കിയതെന്തിന് എന്ന ചോദ്യത്തിനു ദൈവമുമ്പാകെ ഉത്തരം നൽകാൻ നിങ്ങൾ തയ്യാറാണോ? "അവർ" എന്നെക്കൊണ്ട് അതു ചെയ്യിച്ചുവെന്നു മറുപടി പറയുമ്പോൾ ദൈവം അതു സ്വീകരിക്കുമെന്നാണോ നിങ്ങൾ കരുതുന്നത്? അതിനെക്കാളൊക്കെ നന്നായി നമുക്കെല്ലാവർക്കും അറിയാമെന്നാണു ഞാൻ കരുതുന്നത്. നാം ഓരോരുത്തരും ജീവിതത്തിൽ പ്രവർത്തിക്കേണ്ടുന്ന, കോപിച്ചും വെറുത്തും ജീവിക്കുകയില്ലെന്നു തീരുമാനിക്കേണ്ടുന്ന സമയം ആസന്നമായിരിക്കുന്നു.

"അവിടേക്കു" നയിക്കുന്ന പാത വീതിയുള്ളതാണ്. വീതിയുള്ളതാണെങ്കിലും ഒരുപാടാളുകൾ സഞ്ചരിക്കുന്നതാണെങ്കിലും ഈ വഴി വളരെ ചെറിയ സ്ഥലമായാണു കാണപ്പെടുന്നത്. അതിലൊരു വലിയ പർവ്വതമുണ്ട്. "അവിടെ" നമുക്കു ചെയ്യാവുന്ന ഒരേയൊരു കാര്യം കഷ്ടപ്പെടുക മാത്രമാണ്.

നിങ്ങൾ എപ്പോഴെങ്കിലും "അവിടെ" യായിരുന്നിട്ടുണ്ടെങ്കിൽ, അഥവാ ഇപ്പോൾ നിങ്ങൾ 'അവിടെയാണെങ്കിൽ, അതു നിങ്ങളെ എത്രമാത്രം കഷ്ടത്തിലാക്കുമെന്നു നിങ്ങൾക്കറിയാം. അതിനാൽ "അവിടെ" നിന്നു പുറത്തു വരിക. പോകുമ്പോൾ, "ഞാൻ മടങ്ങി വരില്ല" എന്നു പറയുക.

# അദ്ധ്യായം
# 15
# *ദൈവത്തിന്റെ പ്രതിഫലം*

വിശ്വാസമില്ലാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയില്ലെന്നും, ദൈവത്തിന്റെ അടുക്കൽ വരുന്നവർ ദൈവമുണ്ടെന്നും ദൈവത്തെ ജാഗ്രതയായി അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നുവെന്നും വിശ്വസിക്കണമെന്നും ദൈവവചനം പറയുന്നു (എബ്രായർ 11:6).

ദൈവം പ്രതിഫലം നൽകുന്നവനാണ്! ആ ചിന്ത എനിക്ക് ഇഷ്ടമാണ്, നിങ്ങൾക്കോ? നമ്മുടെ കഠിനാദ്ധ്വാനത്തിനു പ്രതിഫലം കിട്ടണമെന്നു നമുക്കെല്ലാവർക്കും ആഗ്രഹമുണ്ട്. ക്ഷമിക്കുന്ന ജീവിത രീതി കഠിനമായ ഒരു ജോലിയാണെന്നു ഞാൻ സമ്മതിക്കുന്നു. കൂറെ പ്രാവശ്യം ശരി ചെയ്തിട്ട്, പിന്നെ അതിനപ്പുറത്തേക്കു പോകുന്ന ഒന്നല്ല അത്. നമ്മുടെ ജീവിതകാലം മുഴുവനും നമ്മുടെ ഇഷ്ടത്തെക്കാൾ അധികമായി കൂടെക്കൂടെ നാം പതിവായി ചെയ്യേണ്ടുന്ന ഒന്നാണത്. കഠിനമായത് എന്തെങ്കിലും ഞാൻ ചെയ്യുമ്പോൾ, വേദനയ്ക്കപ്പുറത്തായി പ്രതിഫലമുണ്ടെന്ന് ഓർക്കാൻ എന്നെ അതു സദാ സഹായിക്കുന്നു.

ജിംനേഷ്യത്തിൽ ആഴ്ചയിൽ മൂന്നു തവണ വ്യായാമം ചെയ്യുന്നയാൾക്ക് അതു കഠിനാദ്ധ്വാനമാണെങ്കിലും വേദനാജനകമാണെങ്കിലും, ഉറപ്പില്ലാത്ത ശരീരത്തിനു പകരമായി നല്ല ആരോഗ്യവും ഉറച്ച ശരീരവും പ്രതിഫലമായി ലഭിക്കുന്നതിനാൽ അതിലേക്കാണു നോക്കുന്നത്.

നാം ജോലി ചെയ്യുന്നതു പ്രതിഫലമായി ശമ്പളം കിട്ടുമെന്ന ആവശ്യത്തിനുവേണ്ടിയാണ്. വീട്ടിരുന്നു കഴിക്കാമെന്ന പ്രതിഫലത്തിനുവേണ്ടി

യാണു പലചരക്കുകടയിലേക്കു നാം പോകുന്നത്. പ്രതിഫലം കിട്ടുമെന്ന വാഗ്ദാനമില്ലെങ്കിൽ നാം ഏറെക്കാര്യങ്ങൾ ചെയ്യുമോയെന്ന് എനിക്കു സംശയമുണ്ട്. ജീവിതത്തിൽ ഓരോരുത്തരും ചെയ്ത നല്ല കാര്യത്തിനും ചീത്തക്കാര്യത്തിനും പ്രതിഫലം പ്രാപിക്കുമെന്നു ദൈവം പറയുന്നു (വെളിപ്പാട് 22:12). ദൈവം അബ്രാഹാമിനെ വിളിച്ചിട്ട്, കുടുംബത്തെയെല്ലാം വിട്ട് അവനെ പിന്നെ കാണിക്കാമെന്നു പറഞ്ഞ സ്ഥലത്തേക്കു പോകാൻ ആവശ്യപ്പെട്ടു. അനുസരണത്തിനു പ്രതിഫലമുണ്ടെന്ന് അബ്രാഹാമിനു ദൈവം വാക്കു കൊടുത്തു (ഉല്പത്തി 12:1–1; 15:1).

സ്കൂളിൽ ഓരോ പരീക്ഷയും വിജയിക്കുമ്പോൾ, ക്ലാസ് കയറ്റം കിട്ടുന്നതാണു കുട്ടിയുടെ പ്രതിഫലം. നമ്മളും ജീവിതത്തിൽ പരീക്ഷകൾ വിജയിക്കേണ്ടതുണ്ട്. ക്ഷമിക്കുന്ന പരീക്ഷ അവയിലൊന്നാണ്. പക്ഷേ അതു പ്രധാനപ്പെട്ടതാണ്. അതിൽ നാം വിജയിക്കുമ്പോൾ, ദൈവത്തിന്റെ പ്രതിഫലം നമുക്കു ലഭിക്കുന്നു. പല നിലകളിൽ ആ പ്രതിഫലം വെളിപ്പെടാം. സമാധാനം, സന്തോഷം എന്നീ രൂപങ്ങളിൽ അതു വരാം, ജീവിതത്തിലെ ഏതെങ്കിലും ഉയർച്ചയായിട്ടും അതു വന്നക്കാം. ഈജിപ്റ്റിലെ അധികാരിയായി ഉയരുന്നതിനുമുമ്പ്, ക്ഷമയുടെ പരീക്ഷ യോസേഫ് വിജയിക്കേണ്ടിയിരുന്നു. ജീവിതത്തിൽ നിങ്ങൾ ഉയർച്ച ആഗ്രഹിക്കുന്നുണ്ടോ, അപ്പോൾത്തന്നെ കോപിക്കുകയും ചെയ്യാറുണ്ടോ, അങ്ങനെയാണെങ്കിൽ, നിങ്ങളുടെ പ്രതിഫലം നഷ്ടമാകും.

നമുക്കെല്ലാവർക്കും നമ്മുടേതായ കഥയുണ്ട്, എന്നാൽ ഈ പുസ്തകമെഴുതുന്നയാളെന്ന നിലയിൽ, എന്റെ കഥ ഞാൻ നിങ്ങളോടു പറയാം. അതു നിങ്ങളെ സഹായിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുകയാണ്.

* * *

ഞാൻ ജനിച്ചത് 1943 ജൂൺ 3-ാം തീയതിയായിരുന്നു. ഞാൻ ജനിച്ച ദിവസം, രണ്ടാം ലോകമഹായുദ്ധത്തിൽ ഒരു പട്ടാളക്കാരനായി എന്റെ പിതാവു വിദേശത്തേക്കു കപ്പൽ കയറി. എനിക്കു മൂന്നു വയസ്സാകുന്നതുവരെ അദ്ദേഹത്തെ ഞാൻ കണ്ടിട്ടില്ലെന്നാണു പറയുന്നത്. എപ്പോഴും പിതാവിനെ ഭയന്നു കഴിയുന്നതാണ് എന്റെ ഓർമ്മ. ഒന്നല്ലെങ്കിൽ മറ്റൊന്നിനെക്കുറിച്ച് അദ്ദേഹം സദാ ഒച്ച വെയ്ക്കുകയും ദേഷ്യപ്പെടുകയും ചെയ്തുപോന്നു. ഞാനും അമ്മയും എന്തെങ്കിലും ചെയ്തതുകൊണ്ടായിരിക്കും അതെന്നു ഞങ്ങൾ കരുതി. പിന്നെ ഞങ്ങൾക്കു മനസ്സിലായി, ഞങ്ങൾ എന്തു

ചെയ്താലും അപ്പനു കോപിക്കാനൊരു കാരണം കാണും. എനിക്ക് ഒമ്പതു വയസ്സാകുന്നതു വരെ ഞാനും അമ്മയും പ്രിയപ്പെട്ട അപ്പനുമായിരുന്നു വീട്ടിലുണ്ടായിരുന്നത്. പിന്നെ എന്റെ സഹോദരൻ ജനിച്ചു.

അപ്പോഴേക്കും എന്റെ അപ്പൻ എന്നെ തുടർച്ചയായി ഉപദ്രവിച്ചു തുടങ്ങിയിരുന്നു. എന്റെ അമ്മ പ്രസവിക്കുന്നത് ഒരു പെൺകുഞ്ഞായിരിക്കണമേയെന്ന് അതിയായി ഞാൻ ആഗ്രഹിച്ചുപോയി. പെൺകുഞ്ഞാണെങ്കിൽ, എന്നെക്കാളധികമായി അതിനെ സ്നേഹിക്കുമെന്നും എനിക്ക് അറപ്പും വെറുപ്പുമുളവാക്കുന്ന കാര്യങ്ങൾ ചെയ്യുന്നതു നിർത്തുമെന്നും ഞാൻ വിചാരിച്ചു. എന്റെ ബാലിശമായ വിഡ്ഢിത്തമായിരുന്നു ആ ചിന്ത.

കുട്ടി ആൺകുഞ്ഞായിരുന്നു, പെൺകുഞ്ഞല്ലായിരുന്നു. കുറെക്കാലത്തേക്ക് എനിക്കവനെ ഇഷ്ടമല്ലായിരുന്നു. പിന്നെ ഞങ്ങൾ സ്നേഹത്തിലായി. ഡേവിഡ് എന്നു പേരായ അവനായിരുന്നു വീട്ടിലെ എന്റെ ഒരേയൊരു കൂട്ട്. അപ്പൻ എന്നെ എന്താണു ചെയ്തിരുന്നതെന്ന് അവന് അറിഞ്ഞുകൂടായിരുന്നു. പക്ഷേ അവന് അവന്റേതായ പോരാട്ടങ്ങളുണ്ടായിരുന്നു. അപ്പന്റെ കോപത്തിന്റെ തിക്തഫലങ്ങൾ അവൻ അനുഭവിച്ചിരുന്നു. തീരെച്ചെറുപ്പത്തിൽത്തന്നെ അവൻ മദ്യപിക്കാനും മയക്കുമരുന്ന് ഉപയോഗിക്കാനും തുടങ്ങി. പതിനേഴാമത്തെ വയസ്സിൽ, മറീൻ കോറിൽ അവൻ ചേർന്നു, വിയറ്റ്നാം യുദ്ധത്തിൽ പങ്കെടുക്കുന്നതിന് അവൻ പോയി. പിന്നെയൊരിക്കലും അവൻ പഴയതു പോലെ ആയിട്ടില്ല (ദുഃഖത്തോടെ ഞാൻ പറയട്ടെ, ഈ പുസ്തകം ഞാൻ എഴുതിക്കൊണ്ടിരുന്നപ്പോൾ, എന്റെ സഹോദരനെ അവന്റെ അമ്പത്തേഴാമത്തെ വയസ്സിൽ, കാലിഫോർണിയയിലെ ഭവനരഹിതർക്കുള്ള ഒരു അഭയകേന്ദ്രത്തിൽ മരിച്ചു കിടക്കുന്നതായി കണ്ടു).

“ലോകമെമ്പാടുമുള്ള ആളുകളെ ജോയ്സ് മേയറിന്റെ സംഘടന സഹായിക്കുന്നുണ്ടല്ലോ. എന്നിട്ട് അവരുടെ സ്വന്തസഹോദരൻ അഭയകേന്ദ്രത്തിൽ കഴിഞ്ഞുവെന്നോ? ഇങ്ങനെ ചിലർ ചിന്തിക്കുമെന്ന് ഉറപ്പുണ്ട്. ജീവനിലേക്കു നയിക്കുന്ന ഇടുക്കുവഴിയിലൂടെ നടക്കാൻ മനസ്സിലാത്തതുകൊണ്ടാണ് എന്റെ സഹോദരൻ അഭയകേന്ദ്രത്തിൽ കഴിയേണ്ടിവന്നത്. ജീവിതത്തിന്റെ വിവിധ സന്ദർഭങ്ങളിൽ ഞങ്ങൾ ഡേവിഡിനെ സഹായിച്ചു. ചില വർഷങ്ങൾ അവനെ ഞങ്ങളൊടൊപ്പം താമസിപ്പിച്ചു. പക്ഷേ അതിന്റെ ഒടുവിലത്തെ ഫലം എപ്പോഴും ഒന്നുതന്നെയായിരുന്നു. ഒരിക്കൽ അവൻ എന്നോടു പറഞ്ഞു. “ചേച്ചീ, എനിക്കു കഴിവൊന്നുമില്ല, ഞാൻ വെറുമൊരു മണ്ടനാണ്.”

അവന്റെ തിരഞ്ഞെടുപ്പുകൾ മോശമായിരുന്നു. പക്ഷേ അതേ കാരണത്താൽത്തന്നെ, അവൻ തുടർന്നും അവ ചെയ്തു പോന്നതാണെന്ന് എനിക്കു പൂർണ്ണമായി മനസ്സിലാകുന്നില്ല. എന്റെയും എന്റെ സഹോദരന്റെയും ജീവിതം രസകരമായ സമാന്തകളുള്ളതാണെന്നു തോന്നുന്നു. ദൈവകൃപയാൽ ഞാൻ ഇടുക്കുവഴി തിരഞ്ഞെടുത്തു. എന്റെ ജീവിതം മുഴുവൻ ദൈവത്തിന്റെ പ്രതിഫലങ്ങളാണ്. ഞാൻ സന്തുഷ്ടയാണ് സംതൃപ്തയാണ്, അനുഗൃഹീതയാണ്, ദൈവത്തിൽ നിന്നുള്ള പാപക്ഷമയും ദൈവസ്നേഹവും ദൈവത്തിന്റെ പ്രതിഫലവും എന്താണെന്നറിയാൻ വരുന്നവരെ സഹായിക്കുകയെന്ന പദവിയും എനിക്കുണ്ട്. നാശത്തിലേക്കു നയിക്കുന്ന വീതിയുള്ള വഴിയാണ് എന്റെ സഹോദരൻ തിരഞ്ഞെടുത്തത്. ഒരിക്കൽപ്പോലും ദൈവത്തിന്റെ പ്രതിഫലം പൂർണ്ണമായി അനുഭവിക്കാതെ, അമ്പത്തേഴാം വയസ്സിൽ അവൻ മരിച്ചു. അവന്റെ ജീവിതം അവൻ പാഴാക്കി, ആർക്കും അവനെ തടയാനായില്ലയെന്നേ എനിക്കു പറയാൻ കഴിയൂ. ഞങ്ങളൊടൊപ്പം ജീവിച്ച കുറച്ചു വർഷങ്ങൾ അവന്റെ നല്ല കാലമായിരുന്നു. പക്ഷേ, സ്വന്തം വഴിയേ പോയ ഉടൻ തന്നെ, അവൻ മോശമായ കാര്യങ്ങളിലേക്കു മടങ്ങിപ്പോയി, അതിന്റെ ഫലങ്ങളും മോശമായിരുന്നു.

കുട്ടികളായ ഞങ്ങൾ ഒരുപോലെ വേദനിച്ചവരാണ്. ദൈവം ഞങ്ങൾക്കു രണ്ടു പേർക്കും യഥാസ്ഥാപനം വാഗ്ദാനം ചെയ്തു. രണ്ടു പേരുടെയും തിരഞ്ഞെടുപ്പുകൾ വ്യത്യസ്തമായ ജീവിത സ്ഥാനങ്ങളിലാണു ഞങ്ങളെ എത്തിച്ചത്. ഞങ്ങളെ രണ്ടു പേരെയും ദൈവം സ്നേഹിച്ചു, ഇപ്പോഴും സ്നേഹിക്കുന്നു. പക്ഷേ എന്റെ സഹോദരൻ ഒരുപാടു തെറ്റിപ്പോയതുകൊണ്ടു ദൈവം ദുഃഖിക്കുന്നുവെന്ന് എനിക്കറിയാം. അതിലെനിക്കു ദുഃഖമുണ്ടെന്നുമറിയാം. എന്നാൽ ഈ സത്യം അധികമധികമായി പങ്കുവെയ്ക്കുന്നതിന് അതെന്നെ കൂടുതലായി നിർണ്ണയമെടുപ്പിക്കുന്നു. ഞങ്ങൾ നന്മകൊണ്ടും തിന്മയെ ജയിക്കുകയാണ് (റോമർ 12:21). "മുമ്പിലത്തെക്കാൾ അധികമായി കഴിയുന്നത്ര ആളുകളെ സഹായിക്കാൻ ഞാൻ മുന്നോട്ടോടും" – എന്റെ സഹോദരന്റെ മരണത്തോടുള്ള എന്റെ പ്രതികരണം ഇതു മാത്രമായിരിക്കും. നിങ്ങളെ വലിച്ചു താഴ്ത്തി, നിരുത്സാഹപ്പെടുത്തി നിഷ്ക്രിയമാക്കുന്ന നിരാശത ജീവിതത്തിലുണ്ടെങ്കിൽ, അതിനെ ചെറുത്തു നിന്ന്, മുമ്പിലത്തേതിനെക്കാൾ കരുത്തോടെ നിങ്ങളുടെ ഹൃദയവേദനയിൽനിന്നു പുറത്തു വരാൻ തീരുമാനിക്കുക. നിങ്ങളുടെ നിരാശത നിങ്ങളിൽ വെറുപ്പുണ്ടാക്കാനിടവരുത്തരുത്. പകരം, അതു നിങ്ങളെ മെച്ചപ്പെടുത്തട്ടെ.

എനിക്ക് ഓർമ്മവെച്ചകാലം മുതൽ, പതിനെട്ടാമത്തെ വയസ്സിൽ വീടു വിട്ടു പോകുന്നതു വരെ എന്റെ പിതാവ് എന്നെ മാനഭംഗപ്പെടുത്തി. പതിമൂന്നിനം പതിനെട്ടിനും ഇടയ്ക്കു പ്രായത്തിനുള്ളിൽ, ഇരുന്നൂറു തവണയെങ്കിലും അപ്പൻ എന്നെ ബലാത്സംഗം ചെയ്തു കാണും. അതിനുമുന്പ് എന്നെ ഉപദ്രവിച്ചിരുന്നു. അപ്പൻ എന്നെ ശാരീരികമായി ബലം പ്രയോഗിച്ചില്ല, എന്നാൽ ഭീഷണിപ്പെടുത്തുകയും പേടിപ്പിക്കുകയും ചെയ്തു. അതിന്റെ പ്രത്യാഘാതം വളരെ ക്രൂരമായിരുന്നു.

ഞാൻ അമ്മയുടെ സഹായം തേടി. പക്ഷേ അക്കാര്യത്തിൽ എന്തു ചെയ്യണമെന്ന് അമ്മയ്ക്കറിയില്ലായിരുന്നു. എന്നെ അമ്മ അവിശ്വസിച്ചു, ഒന്നും ചെയ്തുമില്ല. പിന്നെ അമ്മ ക്ഷമാപണം നടത്തി, പക്ഷേ അതിനു മുപ്പതു വർഷം വേണ്ടിവന്നു. അപ്പോഴേക്കും ദൈവസഹായത്താൽ ഞാൻ അതിൽ നിന്നു മോചിതയായിക്കഴിഞ്ഞിരുന്നു. എന്നെ മാനഭംഗപ്പെടുത്തിയ പിതാവും എന്നെ കൈവെടിഞ്ഞ മാതാവുമായിരുന്നു എനിക്കുണ്ടായിരുന്നത്. അവരോടു രണ്ടു പേരോടും ക്ഷമിക്കണമെന്നാണ് എന്റെ ദൈവം എനിക്കു കാണിച്ചുതന്നത്. കഥയുടെ ബാക്കി ഭാഗം കേൾക്കാൻ തിരക്കു കൂട്ടുന്നതിനുമുമ്പ്, അല്പനേരമൊന്നു ചിന്തിക്കണേയെന്നു ഞാൻ ആഗ്രഹിക്കുകയാണ്.

## ദൈവം ആഗ്രഹിക്കുന്നത് അനുസരണമാണ്, യാഗമല്ല

“എന്റെ ശത്രുക്കളോടു ഞാൻ ക്ഷമിക്കുന്നു” എന്ന പ്രാർത്ഥന ഞാൻ പ്രാർത്ഥിച്ചു. ഒരു പരിധി വരെ ഞാൻ ക്ഷമിക്കുകയും ചെയ്തു. ‘വേദനിപ്പിക്കുന്നവർ വേദനിച്ചവരാണ്’ എന്ന പാഠം ദൈവം എന്നെ പഠിപ്പിച്ചു. ഒരു പാടു കഷ്ടപ്പെട്ട, സാധാരണമായ രീതിയിലധികം വേദനയനുഭവിച്ചവനായിരന്നു പിതാവ്. അങ്ങനെ രക്തബന്ധത്തിലുള്ളവരിൽ കാമപൂരണം നടത്തുന്ന ആത്മാവിന് അപ്പൻ അടിപ്പെട്ടു. ഞാൻ എന്നോടു തന്നെ ഒരുപാടു സംസാരിച്ചു, ഒരുപാടു പ്രാർത്ഥിച്ചു. അപ്പനെ വെറുക്കാതിരിക്കാൻ നിർത്താൻ എനിക്കു കഴിഞ്ഞു. വർഷങ്ങൾ പിന്നെയും കഴിയുന്നതു വരെ ഞാനറിഞ്ഞില്ല, എനിക്കിനിയും ഏറെ ദൂരം പോകേണ്ടതുണ്ടെന്ന്. ഞാൻ ദൈവത്തിനു യാഗമർപ്പിച്ചു, പക്ഷേ ദൈവം ആഗ്രഹിച്ചതു സമ്പൂർണ്ണമായ അനുസരണമാണ്.

വീടു വീട്ടു പോകാൻ പ്രായമായപ്പോൾ, മാതാപിതാക്കളൊടൊപ്പം ചെല വഴിക്കേണ്ടുന്ന അല്പസമയമേ ഞാൻ ചെലവഴിച്ചുള്ളൂ. അവർക്കു പ്രായ മായി ആരോഗ്യം ക്ഷയിച്ചു തുടങ്ങിയപ്പോൾ, ഇടയ്ക്കിടെ ഞാൻ അവർക്കു പണമയച്ചു. അവധി ദിവസങ്ങളിൽ ചുരുക്കമായി അവരെ സന്ദർശിച്ചു. സെന്റ് ലൂയിസിൽ നിന്ന്, അവരുടെ നാടായ തെക്കൻ മിസോറിയിലേക്ക് അവർ താമസം മാറ്റി, ഞാനങ്ങ് ആഹ്ളാദിച്ചു പോയി ഇരുന്നൂറു മൈൽ ദൂരത്ത് അവർ കഴിയുന്നതുകൊണ്ട്, ഒരുപാടു പ്രാവശ്യം അവരെ ചുറ്റിപ്പറ്റിക്കഴി യാത്തതിന് ഒഴികഴിവുണ്ടാകുമല്ലോ.

അതിനിടെ ഞങ്ങളുടെ പ്രവർത്തനം വളരാൻ തുടങ്ങി ആളുകളെ സഹാ യിക്കുന്നതിൽ ഞങ്ങൾക്കു ന്തോഷമുണ്ടായി. റ്റെലിവിഷൻ പരിപാടിയി ലേക്കു ദൈവം ഞങ്ങളെ നയിച്ചു. മറ്റുള്ളവരെ സഹായിക്കുന്നതിനുവേണ്ടി എന്റെ അനുഭവം റ്റെലിവിഷനിൽ പറയുമെന്നു മാതാപിതാക്കളെ അറിയി ക്കണം. അതിന് അവരുമായി സംസാരിച്ച് അവരെ ബോധവത്ക്കരിക്കണ മെന്ന് എനിക്കു മനസ്സിലായി. എങ്ങനെയായിരിക്കും അതു നീങ്ങുകയെന്ന് എനിക്ക് അറിയില്ലായിരുന്നു. എന്തായാലും അതു നന്നായിപ്പോകുമെന്ന് എനിക്കത്ര പ്രതീക്ഷയില്ലായിരുന്നു. ആവശ്യമുള്ളതൊക്കെ ചെയ്തുകൊള്ളാൻ അപ്പൻ എന്നോടു പറഞ്ഞപ്പോൾ ഞാൻ ആശ്ചര്യഭരി തയായി. അപ്പന്റെ പ്രവൃത്തി എന്നെ എങ്ങനെ വേദനിപ്പിക്കുമെന്നതിനെ ക്കുറിച്ച് അപ്പനു യാതൊരു ധാരണയുമില്ലെന്ന് അപ്പൻ സൂചിപ്പിച്ചു. അപ്പോഴും അദ്ദേഹം ക്ഷമാപണം നടത്തിയില്ല, പശ്ചാത്തപിക്കാനുള്ള ആഗ്ര ഹമുള്ളതായോ ദൈവുമായി ബന്ധം പുലർത്താൻ താത്പര്യമുള്ളതായോ തോന്നിയുമില്ല.

വർഷങ്ങൾ കുറെക്കൂടി മുന്നോട്ടു പോയി, ഞങ്ങളുടെ പ്രവർത്തനം വളരാൻ തുടങ്ങി. ഞാനും മാതാപിതാക്കളും തമ്മിലുള്ള കാര്യങ്ങൾ അപ്പോഴും പഴയതുപോലെയായിരുന്നു. അവർ വൃദ്ധരായിക്കൊണ്ടിരുന്നു; അവരുടെ ആരോഗ്യം കൂടുതൽ മോശമായിക്കൊണ്ടിരുന്നു. വേണ്ട രീതി യിൽ ജീവിക്കാൻ അവർക്കു പണമില്ലാതിരിക്കെ, ഞങ്ങൾ തുടർച്ചയായി അവർക്കു നിശ്ചിത തുക അയച്ചു തുടങ്ങി. അതു തന്നെ എന്റെ ഔദാര്യമാ യിരുന്നെന്നായിരുന്നു ഞാൻ കരുതിയത്. എന്നാൽ അതിലധികമായി ഞാൻ ചെയ്യണമെന്നു ദൈവം ആവശ്യപ്പെട്ടപ്പോൾ, ഞാൻ ഞെട്ടിപ്പോയി.

# നിങ്ങളുടെ ശത്രുക്കളെ അനുഗ്രഹിക്കുന്നതിന്റെ ശരിയായ അർത്ഥം

നിങ്ങളോ ശത്രുക്കളെ സ്നേഹിക്കുവിൻ; അവർക്കു നന്മ ചെയ്യുവിൻ; ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുക്കുവിൻ; എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെയാകും (സമ്പന്നമായ, ബലവത്തായ, തീവ്രമായ, സമൃദ്ധിയായ); നിങ്ങൾ അത്യുന്നതന്റെ മക്കളാകും; അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ.

*ലൂക്കോസ് 6:35*

നമ്മൾ സാധാരണമായി ചെയ്യുന്നതുപോലെ ഈ വചനം വായിച്ചു വിടാതെ, അത് എന്താണു പറയുന്നതെന്ന് ഒന്നുകൂടി ശ്രദ്ധിക്കുക. നമ്മുടെ പ്രതിഫലം ലഭിക്കുന്നത് എപ്പോഴാണ്? നല്ല മനോഭാവത്തോടെ നമ്മുടെ ശത്രുക്കൾക്കുവേണ്ടി നല്ല കാര്യങ്ങൾ ചെയ്തുകഴിയുമ്പോഴാണ് അതു ലഭിക്കുന്നത്.

ഒരു ദിവസം രാവിലെ ഞാൻ പ്രാർത്ഥിക്കുകയായിരുന്നു, ദൈവം എന്റെ ഹൃദയത്തിൽ മന്ത്രിക്കുന്നത് എനിക്ക് അനുഭവപ്പെട്ടു. എന്റെ മാതാപിതാക്കളെ സെന്റ് ലൂയിസിലേക്കു മടക്കിക്കൊണ്ടുവരണമെന്നും, ഞങ്ങളുടെയടുത്തായി അവർക്കൊരു വീടു വാങ്ങി, അവർ മരിക്കുന്നതുവരെ അവരെ കരുതണമെന്നുമായിരുന്നു അത്. എന്നെ ഉപദ്രവിക്കാനുള്ള പിശാചിന്റെ ആഗ്രഹമാണ് അതെന്നായിരുന്നു പെട്ടെന്നു ഞാനൂഹിച്ചത്. ഞാനതിനെ ശക്തമായി എതിർത്ത്, അതു മറക്കാൻ ശ്രമിച്ചു. എന്നാലും, ദൈവം നമ്മോടു സംസാരിക്കുന്നതിനു ശ്രമിക്കുമ്പോൾ, ഒടുവിൽ നാം ശ്രദ്ധിക്കുന്നതുവരെ ദൈവം അത് ആവർത്തിച്ചുകൊണ്ടിരിക്കും. ഈ ആശയം പിന്നെയും എന്റെ മനസ്സിലേക്കു വന്നു, പ്രത്യേകിച്ചു ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ. ഞാൻ പ്രാർത്ഥിക്കുമ്പോൾ ദൈവം എന്നോടു സംസാരിക്കാൻ ശ്രമിക്കുന്നതു ഭാവന കണ്ടു നോക്കുക! എന്റെയാഗ്രഹങ്ങളും ആവശ്യങ്ങളുമെല്ലാം ഞാൻ തിരക്കിട്ട് അവനോടു പറയുകയായിരുന്നു. അവൻ അവന്റെയാഗ്രഹം എന്നോടു പറയാൻ സമയമെടുത്തുകൊണ്ടു ശ്രമിക്കുകയായിരുന്നു.

ഇക്കാര്യം എന്റെ ഭർത്താവിനോടു പറയാൻ ഞാൻ ഒടുവിൽ തീരുമാനിച്ചു. അതു ഭോഷത്തമാണെന്നും അതോടെ എല്ലാം തീരുമെന്നും അദ്ദേഹം പറയുമെന്നായിരുന്നു ഞാൻ കരുതിയത്. അന്നാണ് എന്റെ ഭർത്താവിനു പൂർണ്ണ

മായി സമർപ്പിക്കുന്നതിനു ഞാനൊരുങ്ങിയത്! വേണ്ടായെന്ന് അദ്ദേഹം പറയണമെന്നായിരുന്നു എന്റെയാഗ്രഹം, പക്ഷേ അദ്ദേഹമതു പറഞ്ഞില്ല. അദ്ദേഹം ലാഘവമായിപ്പറഞ്ഞു, അതു ചെയ്യാനാണു ദൈവം നിന്നെ നയിക്കുന്നതെന്നു നീ കരുതുന്നെങ്കിൽ, ദൈവത്തെ അനുസരിക്കുകന്നതാണു നമുക്കു നല്ലത്

എനിക്കും ഭർത്താവിനും അധികം സമ്പാദ്യമൊന്നുമില്ലായിരുന്നു. കൈയിലുള്ളതു മിക്കവാറും അതിനു ചെലവഴിക്കേണ്ടിവരും. എല്ലാമില്ലെങ്കിലും ദൈവം പറയുന്നതു ചെയ്യുക. എന്റെ മാതാപിതാക്കൾക്കു വീടു മാത്രം പോരായിരുന്നു, കാറും വീട്ടുപകരണങ്ങളും വേണമായിരുന്നു. കാരണം, അവരുടെ സാധനങ്ങളെല്ലാം പഴഞ്ചനായിരുന്നു. അവരെ “നന്നായി” കരുതണമെന്നും ലോകത്തിലെ ഏറ്റവും നല്ല മാതാപിതാക്കളായി അവരോട് ഇടപെടണമെന്നും ദൈവം എനിക്കു വ്യക്തമാക്കിത്തന്നു.

എന്റെ ജഡം (flesh) അലറിവിളിക്കുകയായിരുന്നു! ഞാൻ ഇതു ചെയ്യണമെന്നു പറയാൻ ദൈവത്തിന് എങ്ങനെ കഴിഞ്ഞു? അവർ എനിക്കുവേണ്ടിയാതൊന്നും ചെയ്തിട്ടില്ലെന്നത് അവൻ മറന്നുപോയോ? അവരെന്നെ ഭയങ്കരമായി വേദനിപ്പിച്ചതും, എനിക്ക് അവരെ ആവശ്യമായിരുന്നപ്പോൾ എന്നെ തിരിഞ്ഞു നോക്കാത്തതുമൊന്നും ദൈവം ശ്രദ്ധിക്കുന്നില്ലേ? എന്റെ വികാരം ദൈവം അറിയാത്തതാണോ അതോ ശ്രദ്ധിക്കാത്തതാണോ? യാതൊരു ചിന്തയും എന്നിൽ സ്വാധീനം ചെലുത്താതെ, ദൈവം എന്നോടാവശ്യപ്പെട്ടതെല്ലാം ഞാൻ ചെയ്തു. എന്റെ മാതാപിതാക്കൾ സെന്റ് ലൂയിസിലേക്കു മടങ്ങി വന്നു. ഞങ്ങളുടെ വീട്ടിൽനിന്ന് എട്ടു മിനിറ്റ് നേരത്തെ വഴി ദൂരമായിരുന്നു അവരുടെ താമസസ്ഥലം. അവരുടെ ഓരോ ആവശ്യവും ഞങ്ങൾ ചെയ്തു കൊടുത്തു. പ്രായമേറുന്തോറും ആവശ്യങ്ങളും ഏറിവന്നു. ചില നല്ല വാക്കൊക്കെ അപ്പൻ പറഞ്ഞുവെങ്കിലും, അപ്പോഴും അദ്ദേഹം പഴയ രീതിയിൽ, പരുക്കനായിത്തന്നെ തുടർന്നുപോന്നു.

അവരെ ഞങ്ങൾ സംരക്ഷിക്കാൻ തുടങ്ങിയിട്ടു മൂന്നു വർഷമായി. ഒരു നന്ദിയർപ്പണദിവസം രാവിലെ അമ്മ എന്നെ ഫോൺ വിളിച്ചു പറഞ്ഞു, ഈയാഴ്ച മുഴുവൻ അപ്പൻ കരയുകയാണ്, ഞാൻ അവിടേക്കു ചെന്ന് ഒന്നു സംസാരിക്കുമോ എന്നു ചോദിച്ചു. ഞാനും ഭർത്താവും അവിടേക്കു പോയി. ഞാൻ കുട്ടിയായിരുന്നപ്പോൾ എന്നോടു ചെയ്തതു ക്ഷമിക്കണമേയെന്ന് അപ്പൻ എന്നോട് അപേക്ഷിച്ചു. പിന്നെയും പിന്നെയും അദ്ദേഹം കരഞ്ഞു. എന്റെ ഭർത്താവിനോടും ക്ഷമിക്കാൻ അദ്ദേഹം അപേക്ഷിച്ചു. “ഭൂരിപക്ഷം

പേരും എന്നെ വെറുക്കുമായിരുന്നു, എന്നാൽ ഡേവ്, നീ എന്നെ സ്നേഹിച്ചതല്ലാതെ ഒന്നും ചെയ്തില്ല" - അപ്പൻ പറഞ്ഞു. ഞങ്ങൾ അപ്പനോടു ക്ഷമിച്ചെന്ന് ഉറപ്പു കൊടുത്തു. ദൈവത്തോടു ക്ഷമ ചോദിക്കണമെന്നുണ്ടോ, യേശു ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കണമെന്നുണ്ടോ എന്നും ഞങ്ങൾ അപ്പനോടു ചോദിച്ചു. ഉണ്ടെന്ന് അപ്പൻ ഉറപ്പു നൽകി. അങ്ങനെ ഞങ്ങൾ പ്രാർത്ഥിച്ചു, അവിടെ വെച്ചു തന്നെ എന്റെ അപ്പൻ പ്രാർത്ഥിച്ചു, അവിടെ വെച്ചു തന്നെ എന്റെ അപ്പൻ വീണ്ടും ജനിച്ചു. അദ്ദേഹത്തിനു ഞാൻ സ്നാനം നൽകാമോയെന്ന് അപ്പൻ ചോദിച്ചു, സെന്റ് ലൂയിസ് പട്ടണത്തിലെ ഞങ്ങളുടെ സഭയിൽ വെച്ചു ഞങ്ങൾ അദ്ദേഹത്തെ സ്നാനപ്പെടുത്തി. അടുത്ത നാലു വർഷക്കാലം യഥാർത്ഥത്തിലുള്ള മാറ്റം ഞാൻ എന്റെ അപ്പനിൽ കണ്ടു. എൺപത്താറാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു, എനിക്കറിയാം അദ്ദേഹം കർത്തൃസന്നിധിയിലുണ്ട്.

അവർക്കുവേണ്ടി ഒരു വീടു വാങ്ങാൻ ദൈവം എന്നോടാവശ്യപ്പെട്ടപ്പോൾ, ക്രമേണ ഞാൻ കാണാൻ പോകുന്ന ഫലത്തെക്കുറിച്ചു ഞാൻ ബോധവതിയായിരുന്നില്ല. ദൈവകൃപയാൽ ഞങ്ങളിലൂടെ അദ്ദേഹം കണ്ട സ്നേഹം അദ്ദേഹത്തിന്റെ കഠിനഹൃദയത്തെ അലിയിച്ചു, വെളിച്ചം കാണാൻ അദ്ദേഹത്തിനു വഴി തുറന്നു. ഇതെഴുതുമ്പോഴും എന്റെ അമ്മ ജീവിച്ചിരിപ്പുണ്ട്. എൺപത്തേഴു വയസ്സുള്ള അമ്മയെ സംരക്ഷിക്കുന്നതിനും ഞങ്ങൾ ചെലവു ചെയ്യുന്നു. നല്ല ആരോഗ്യമില്ലെങ്കിലും അമ്മയൊരു ദൈവമകളാണ്. ഓരോ ദിവസവും അമ്മ ആസ്വദിക്കുന്നു. എന്റെ സഹോദരന്റെ മരണവാർത്ത അമ്മ സഹിക്കണമല്ലോ എന്നോർത്തു ഞാൻ ദുഃഖിച്ചു. എന്നാൽ അമ്മയ്ക്കു ധാരാളമായി ദൈവകൃപ ലഭിച്ചതിനാൽ ആ വാർത്ത സമചിത്തതയോടെ കേട്ടു.

ശത്രുക്കൾക്ക് ഉപകാരം ചെയ്യാനും അവരോടു ദയ കാണിക്കാനുമാണു മുകളിലുള്ള വാക്യം പറയുന്നത്. *അപ്പോൾ* നമ്മുടെ പ്രതിഫലം വലുതായിരിക്കും! ദൈവത്തിനു യാഗം അർപ്പിച്ച് ഒരുപാടു വർഷങ്ങൾ ഞാൻ ചെലവഴിച്ചെങ്കിലും, യഥാർത്ഥത്തിൽ ഞാൻ ദൈവത്തെ അനുസരിച്ചില്ല. മാതാപിതാക്കൾക്കുവേണ്ടി ഞാൻ ചെയ്യേണ്ടതെല്ലാംതന്നെ ചെയ്തു, അതും അല്പം വൈരാഗ്യത്തോടെയായിരുന്നു. എന്നാൽ ദൈവത്തിന്റെ മനസ്സിൽ അതിലധികം കാര്യങ്ങളുണ്ടായിരുന്നു. ഞാൻ ചെയ്യേണ്ടുന്ന അധികം കാര്യങ്ങൾ, ഞാൻ സ്വീകരിക്കേണ്ടുന്ന ഏറെക്കാര്യങ്ങൾ. എന്റെ അന്തരംഗത്തിൽ ഒരു വലിയ വിടുതൽ എനിക്കു കിട്ടി, ദൈവത്തെ ഞാൻ പൂർണ്ണമായി അനുസരിച്ചുവെന്നു ഞാനറിഞ്ഞു. ഇരുന്നൂറിലധികം പ്രാവശ്യം എന്നെ ബലാത്സംഗം ചെയ്ത എന്റെ പിതാവിനെ കർത്താവിലേക്കു നയിക്കാനും പിന്നീടു

സ്നാനം കഴിപ്പിക്കാനും കഴിഞ്ഞതിലുള്ള ആനന്ദം എനിക്കു ലഭിച്ചു. ദൈവത്തെ പൂർണ്ണമായി അനുസരിച്ചതിനുശേഷം, ദശലക്ഷക്കണക്കിലധികം പേരെ സഹായിക്കാൻ ദൈവം ഞങ്ങൾക്കു വാതിൽ തുറന്നു വെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഞങ്ങളുടെ റ്റെലിവിഷൻ പരിപാടികൾ വിദേശഭാഷകളിലേക്കു മൊഴിമാറ്റം ചെയ്യാൻ തുടങ്ങി. ലോകത്തിലെ മൂന്നിൽ രണ്ടു ഭാഗങ്ങളിൽ, നാല്പതിലധികം ഭാഷകളിൽ ഇപ്പോൾ അവ സംപ്രേഷണം ചെയ്യുന്നു. ഞങ്ങളുടെ പ്രവർത്തനത്തിലൂടെ പതിനായിരങ്ങൾ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുകയും ദൈവവചനം പഠിക്കുകയും ചെയ്യുന്നു.

ദൈവം വാസ്തവത്തിൽ വിസ്മയിപ്പിക്കുന്നവനാണ്! പ്രവർത്തിക്കുന്നതറിഞ്ഞു കൃപ അവൻ നമുക്കു നൽകുന്നു, നാം ചെയ്യുന്നില്ല, ഒരിക്കലും ചെയ്യാൻ കഴിയുന്നുമില്ല. എന്നെ പീഡിപ്പിച്ചയാളെ എങ്ങനെയാണ് എനിക്കു സ്നേഹിക്കാൻ കഴിഞ്ഞത്? ആ സാഹചര്യത്തിൽ എന്നെ കൈവിട്ട ഞാൻ അപേക്ഷിച്ചപ്പോൾ എന്നെ സഹായിക്കാതിരുന്ന എന്റെ അമ്മയെ സ്നേഹിക്കാൻ എനിക്കു കഴിഞ്ഞതെങ്ങനെയാണ്? കാരണം, നമ്മുടേതിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു പദ്ധതിയായിരുന്നു ദൈവത്തിന്റേത്. നമുക്കു ചെയ്യാൻ കഴിയുമന്നു സങ്കല്പിക്കാൻ പോലുമാകാത്ത കാര്യങ്ങൾ ചെയ്യാൻ അവൻ നമ്മെ സഹായിക്കുന്നു – നമ്മെ ദുരുപയോഗപ്പെടുത്തിയവരോടും അപമാനിച്ചവരോടും ക്ഷമിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ. ദൈവം നല്ലവനാണ്, നമ്മൾ അനുവദിച്ചാൽ. ദൈവത്തിന്റെ നന്മ നമ്മിലൂടെ മറ്റുള്ളവരിലേക്കു പകരാൻ അവൻ ആഗ്രഹിക്കുന്നു.

എന്റെ കഥയുടെ ഒരു അതിവേഗപ്പതിപ്പാണു നിങ്ങൾ കേട്ടത്. നിങ്ങളിൽ മിക്കവർക്കും ഓരോ കഥയുണ്ടെന്ന് എനിക്കറിയാം, ഒരുപക്ഷേ നിങ്ങളുടെ കഥ എന്റെ കഥയെക്കാൾ ഞെട്ടിക്കുന്നതാകാം. നിങ്ങളുടെ കഴിഞ്ഞ കാലകുഴപ്പത്തിൽനിന്ന് നിങ്ങളെ ഇരട്ടിയായി അനുഗ്രഹിക്കാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ സമൃദ്ധിയായ പ്രതിഫലത്തിന്റെ മദ്ധ്യത്തിൽ നിങ്ങൾ ജീവിക്കണമെന്നാണ് അന്റെയാഗ്രഹം. ഒന്നും നിങ്ങളെ തടയാൻ അനുവദിക്കരുത്. നിങ്ങൾ നിങ്ങൾക്കു തന്നെ ഒരു ഉപകാരം ചെയ്യുക... ക്ഷമിക്കുക!!!

# ഗ്രന്ഥകർത്രിയെപ്പറ്റി

ജോയ്സ് മേയർ, ലോകത്തിലെ മുൻനിരയിൽ നിൽക്കുന്ന പ്രായോഗികവേദാദ്ധ്യാപകരിൽ ഒരാളാണ്. *ന്യൂയോർക്ക് റ്റൈംസ്* ഏറ്റവുമധികം വിറ്റഴിയുന്ന പുസ്തക രചിയിതാക്കളിൽ പ്രമുഖസ്ഥാനമുള്ള ഇവർ *നിങ്ങളുടെ വികാരങ്ങൾക്കപ്പുറത്തു ജീവിക്കുക, ശക്തി ചിന്തകൾ, മനസ്സിന്റെ യുദ്ധക്കളം* എന്ന പുസ്തകപരമ്പര, *ചില്ലിക്കാശ്, ഏതെങ്കിലും നിമിഷം* എന്നീ രണ്ടു നോവലുകൾ ഉൾപ്പെടെ തൊണ്ണൂറിലധികം കൃതികൾ രചിച്ചിട്ടുണ്ട്. ആയിരക്കണക്കിന് ഓഡിയോ പഠനങ്ങളും ഒരു സമ്പൂർണ്ണ വീഡിയോ ലൈബ്രറിയും പുറത്തിറക്കിയിട്ടുണ്ട്. ജോയ്സിന്റെ *ദിവസം തോറുമുള്ള ജീവിതം ആസ്വദിക്കുക* എന്ന റേഡിയോ, റ്റെലിവിഷൻ പരിപാടി ലോകമെമ്പാടും പ്രക്ഷേപണം ചെയ്യുന്നു, വ്യാപകമായി യാത്ര ചെയ്തു സമ്മേളനങ്ങൾ നടത്തുന്നു. ജോയ്സിനും ഭർത്താവു ഡേവിനുമായി നാലു മുതിർന്ന മക്കളുണ്ട്. അമേരിക്കയിൽ മിസോറിയിലെ സെന്റ് ലൂയിസിലാണ് അവർ താമസിക്കുന്നത്.

# രക്ഷിക്കപ്പെടുവാനുള്ള പ്രാർത്ഥന

ദൈവം താങ്കളെ സ്നേഹിക്കുന്നു, മാത്രമല്ല താങ്കളുമായി വ്യക്തിപരമായ ഒരു ബന്ധം ആഗ്രഹിക്കുന്നു. താങ്കൾ ക്രിസ്തുവിനെ സ്വന്ത രക്ഷിതവായി ഇതുവരെയും സ്വീകരിച്ചിട്ടില്ലെങ്കിൽ നിങ്ങൾക്ക് അത് ഇപ്പോൾ ചെയ്യുവാൻ കഴിയും. ദൈവത്തോട് ഹൃദയം തുറന്ന് ഈ പ്രാർത്ഥന ചൊല്ലുക.

"പിതാവേ, അങ്ങേക്ക് വിരോധമായി പാപം ചെയ്തു എന്നു ഞാൻ അറിയുന്നു. ദയവായി ക്ഷമിക്കണമേ. എന്നെ കഴുകി ശുദ്ധികരിക്കണമേ. അങ്ങയുടെ പുത്രനായ യേശുവിൽ ആശ്രയിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. യേശു എനിക്കു വേണ്ടി മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. യേശു എന്റെ പാപങ്ങൾ വഹിച്ചു കൊണ്ട്, ക്രൂശിൽ മരിക്കുകയും, മൂന്നാം ദിവസം മരണത്തിൽ നിന്നും ഉയിർത്തു എന്നും ഞാൻ വിശ്വസിക്കുന്നു. പ്രിയ പിതാവേ, അങ്ങ് തന്ന പാപക്ഷമക്കായും നിത്യജീവനുമായി അങ്ങേക്ക് നന്ദി പറയുന്നു. അങ്ങേക്ക് വേണ്ടി ജീവിക്കുവാൻ എന്നെ സഹായിക്കണമേ.. യേശുവിന്റെ നാമത്തിൽ അമേൻ."

ഈ പ്രാർത്ഥന ഹൃദയംഗമമായി നിങ്ങൾ പ്രാർത്ഥിച്ചതിനാൽ ദൈവം നിങ്ങളെ സ്വീകരിച്ച്, ശുദ്ധീകരിച്ച് ആത്മീയ മര

ണത്തിന്റെ ശക്തിയിൽ നിന്നും നിങ്ങൾ്   പൂർണ്ണ സ്വാതന്ത്ര്യം വരുത്തിയിരിുന്നു.   താങ്കളുു പുതിയ ജീവിതത്തിൽ, യേശുവിനോു കൂുയുള്ള യാത്രയിൽ ദൈവം താങ്കളോു സംസാരിുണ്ടതിനായി ഈ വേദ ഭാഗങ്ങൾ വായിുവാനും, പഠിുവാനും പ്രാർത്ഥിുവാനും സമയമെുുക.

| | |
|---|---|
| യോഹന്നാൻ 3:16 | 1 കൊരിന്ത്യർ 15:3-4 |
| എഫസ്യേർ 1:4 | എഫേസ്യർ 2:8-9 |
| 1 യോഹന്നാൻ 1:9 | 1 യോഹന്നാൻ 4:14-15 |
| 1 യോഹന്നാൻ 5:1 | 1 യോഹന്നാൻ 5:12-13 |

യേശുവിനോടുള്ള ബന്ധത്തിൽ ആത്മീയമായി വളരുന്നതിന് ബൈബിൾ വിശ്വസിക്കുന്ന ഒരു ആത്മീയ കൂട്ടായ്മ കണ്ടെത്തുന്നതിന് പ്രാർത്ഥിക്കുക. ദൈവം താങ്കളോടു കൂടെയുണ്ട്. ദൈവം താങ്കൾക്കു നല്കിയിരിക്കുന്ന സമൃദ്ധിയായ ജീവനിൽ നടക്കുവാൻ ദൈവം സഹായിക്കും.

To contact the author in the United States, please write:
Joyce Meyer Ministries
P.O. Box 655,
Fenton, Missouri 63026
or call: (636) 349-0303
or log on to: www.joycemeyer.org

To contact the author in India, please write:
Joyce Meyer Ministries
Nanakramguda,
Hyderabad - 500 008
or call: 2300 6777
or log on to: www.jmmindia.org